# വാർദ്ധക്യാവിഷ്കാരം മലയാളനോവലിലും കഥയിലും

കാലിക്കറ്റ് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

**ജയശ്രീ കെ.എ.**

**മലയാള വിഭാഗം**
**ശ്രീ നീലകണ്ഠ ഗവ: സംസ്കൃത കോളേജ്, പട്ടാമ്പി**
**കോഴിക്കോട് സർവ്വകലാശാല**
ജനുവരി 2016

## സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനു വേണ്ടി ജയശ്രീ കെ.എ. സമർപ്പിക്കുന്ന *വാർദ്ധക്യാവിഷ്കാരം മലയാള നോവലിലും കഥയിലും* എന്ന ഗവേഷണ പ്രബന്ധം എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവഹിച്ചതാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പട്ടാമ്പി
01-01-2016

**ഡോ. പി. ഗീത.**
മാർഗ്ഗനിർദ്ദേശിനി
എസ്.എൻ.ജി.എസ്. കോളേജ്
പട്ടാമ്പി

# സാക്ഷ്യപത്രം

*വാർദ്ധക്യാവിഷ്കാരം മലയാളനോവലിലും കഥയിലും* എന്ന ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും പരീക്ഷയ്ക്കോ ബിരുദത്തിനോവേണ്ടി എഴുതിയിട്ടുള്ളതല്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പട്ടാമ്പി
01-01-2016

**ജയശ്രീ. കെ.എ.**
ഗവേഷക
മലയാള വിഭാഗം
എസ്.എൻ.ജി.എസ്. കോളേജ്
പട്ടാമ്പി

## കൃതജ്ഞത

ഈ ഗവേഷണപ്രബന്ധത്തിന്റെ രചനയിൽ യഥാസമയം എനിക്ക് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകുകയും എന്റെ അന്വേഷണത്തെ ഫലപ്രാപ്തിയിലെത്തിക്കുകയും ചെയ്ത മാർഗ്ഗനിർദ്ദേശക ഡോ. പി. ഗീതയ്ക്ക് അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ഗവേഷണത്തിന്റെ വിവിധഘട്ടങ്ങളിൽ പലതരത്തിൽ സഹായിച്ച പട്ടാമ്പി കോളേജ്, മലയാള വിഭാഗം തലവൻ എച്ച്.കെ. സന്തോഷ്, മറ്റദ്ധ്യാപകർ, മുൻ എച്ച്.ഒ.ഡി. ജയപ്രകാശ് മാഷ്, വാസുദേവൻ മാഷ്, പവിത്രൻ മാഷ്, എന്റെ സഹോദരന്മാരായ വിജയകുമാർ കെ.എ., കൃഷ്ണകുമാർ കെ.എ., സുഹൃത്തുക്കളായ ഡോ. കൃഷ്ണദാസ്, ഡോ. ആർ.ഐ. പ്രശാന്ത്, പ്രോത്സാഹനം തന്ന അമ്മ, ദത്തങ്ങൾ ശേഖരിക്കുന്നതിന് ഏറെ സഹായിച്ച കേരള സാഹിത്യ അക്കാദമി റിസർച്ച് ലൈബ്രറി, അവിടത്തെ ജീവനക്കാർ എന്നിവരോടുള്ള കടപ്പാടും സീമാതീതമാണ്. ഗീത ടീച്ചറുടെയും പവിത്രൻ മാഷുടെയും സ്വകാര്യ ലൈബ്രറി, പബ്ലിക് ലൈബ്രറി, തൃശൂർ, അപ്പൻ തമ്പുരാൻ സ്മാരക ലൈബ്രറി, അയ്യന്തോൾ, വിദ്യാപോഷിണി വായനശാല എഴുമങ്ങാട്, എസ്. എൻ.ജി.എസ്. കോളേജ് പട്ടാമ്പി ജനറൽ ലൈബ്രറി, വള്ളത്തോൾ വിദ്യാപീഠം ലൈബ്രറി എടപ്പാൾ, ശ്രീ. ശങ്കര സർവ്വകലാശാല കാലടി ലൈബ്രറി എന്നിവയോടും സഹായിച്ച ജീവനക്കാർ, വിദ്യാർത്ഥികൾ, എനിക്കു പലതരത്തിലും സഹായവും പ്രോത്സാഹനവുമായ ഇതര സുഹൃത്തുക്കൾ, ഡി.ടി.പി. ചെയ്തുതന്ന തൃശൂർ മൗസ് ആന്റ് മൈൻഡ്സ് സ്ഥാപനത്തിലെ ജീവനക്കാർ എന്നിവരോടും ഞാൻ ഏറെ നന്ദിയുള്ളവളാണ്.

**ജയശ്രീ. കെ.എ.**

# ഉള്ളടക്കം


| | | |
|---|---|---|
| | | പുറം |
| | ആമുഖം | 1-13 |
| 1. | വാർദ്ധക്യം-സങ്കല്പനവും യാഥാർത്ഥ്യവും ആവിഷ്കാരവും | 14-63 |
| 2. | നവോത്ഥാന-പുരോഗമനകാലഘട്ടവും വാർദ്ധക്യാവിഷ്കാരവും | 64-175 |
| 3. | വാർദ്ധക്യപ്രമേയം നവോത്ഥാനത്തിനുശേഷമുള്ള കൃതികളിൽ | 176-251 |
| 4. | ആധുനികരും വാർദ്ധക്യാവിഷ്കാരവും | 252-326 |
| 5. | വാർദ്ധക്യപ്രമേയം ആധുനികാനന്തര നോവലിലും കഥയിലും | 327-397 |
| 6. | ഉപസംഹാരം | 398-438 |
| | ഗ്രന്ഥസൂചി | 439-462 |

## ചുരുക്കെഴുത്തു സൂചിക

| | |
|---|---|
| ഈ.എം. കോവൂർ | കോവൂർ |
| എസ്.കെ. പൊറ്റെക്കാട്ട് | പൊറ്റെക്കാട്ട് |
| എം.ടി. വാസുദേവൻ നായർ | എം.ടി. |
| എൻ.പി. ചെല്ലപ്പൻ നായർ | എൻ.പി. |
| എം. മുകുന്ദൻ | മുകുന്ദൻ |
| കാരൂർ നീലകണ്ഠപിള്ള | കാരൂർ |
| കേശവദേവ് | ദേവ് |
| ജോർജ്ജ് ഓണക്കൂർ | ഓണക്കൂർ |
| ടി. പത്മനാഭൻ | പത്മനാഭൻ |
| ടി.വി. കൊച്ചുബാവ | കൊച്ചുബാവ |
| തകഴി ശിവശങ്കരപ്പിള്ള | തകഴി |
| നാഗവള്ളി ആർ.എസ്. കുറുപ്പ് | നാഗവള്ളി |
| പി.സി. കുട്ടിക്കൃഷ്ണൻ | ഉറൂബ് |
| പി. വത്സല | വത്സല |
| പെരുമ്പടവം ശ്രീധരൻ | പെരുമ്പടവം |
| പൊൻകുന്നം വർക്കി | വർക്കി |
| മലയാറ്റൂർ രാമകൃഷ്ണൻ | മലയാറ്റൂർ |
| ലളിതാംബിക അന്തർജ്ജനം | അന്തർജ്ജനം |
| വെട്ടൂർ രാമൻനായർ | വെട്ടൂർ |

# ആമുഖം

ബാല്യ-കൗമാര-യൗവ്വനാവസ്ഥകളുടെ തുടർച്ചയായ വാർദ്ധക്യം ജീവിതത്തിന്റെ അവസാനഘട്ടമായി കരുതപ്പെടുന്നു. വാർദ്ധക്യമെന്നത് വ്യക്തിപരമായ ശാരീരികാവസ്ഥയാണെങ്കിലും സമൂഹത്തിൽ ഓരോരോ കാലത്ത് സംഭവിക്കുന്ന മാറ്റങ്ങൾ വൃദ്ധരുടെ മനോഭാവത്തിലും ജീവിതത്തിലും വൃദ്ധരെക്കുറിച്ചു മറ്റുള്ളവരുടെ സങ്കൽപ്പനങ്ങളിലും കാര്യമായ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. മരുമക്കത്തായ-കൂട്ടുകുടുംബവ്യവസ്ഥയിൽ വന്ന മാറ്റം, വിദ്യാഭ്യാസത്തിന്റെ സാർവ്വത്രികപ്രചാരം, തൊഴിൽ തേടി മറുനാടുകളിലേയ്ക്കുള്ള മലയാളികളുടെ പ്രവാഹം, പ്രവാസികളുടെ വർദ്ധനവ് എന്നിവ വൃദ്ധരായ മാതാപിതാക്കളെ ബാധിച്ച കേരളീയ സാമൂഹിക -സാംസ്കാരിക വ്യതിയാനങ്ങളാണ്. ആരുമില്ലാത്തവരുടെ വാർദ്ധക്യം പലപ്പോഴും പരിതാപകരമായിട്ടാണ് കാണുന്നത് എന്ന വസ്തുതയും ശ്രദ്ധേയമാണ്.

സമൂഹജീവിതത്തിന്റെ അനുകരണങ്ങളും പ്രതികരണങ്ങളും പ്രതിഫലനങ്ങളുമാണ് സാഹിത്യകൃതികൾ. വൃദ്ധരനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾ വിവിധ സാഹിത്യരൂപങ്ങൾക്ക് വിഷയമായതായി കാണാം. രണ്ടുതരം ഗദ്യാഖ്യാനങ്ങളായ നോവലും കഥയും ഏറെ വായിക്കപ്പെടുന്ന സാഹിത്യരൂപങ്ങൾ കൂടിയാണ്. ജീവിതാനുഭവങ്ങളിലൂടെ പക്വതയാർജ്ജിച്ച സവിശേഷമായ വൃദ്ധാവസ്ഥ മലയാളനോവലിലും കഥയിലും ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നതെങ്ങനെ എന്നു കണ്ടെത്താനാണ് ഈ പഠനത്തിലൂടെ ശ്രമി

ക്കുന്നത്. അതുകൊണ്ടു തന്നെ കേവലം ശാരീരികമായ അകാലവാർദ്ധക്യം വിഷയമാക്കുന്നില്ല.

സാമൂഹിക-സാംസ്കാരിക-സാമ്പത്തിക-രാഷ്ട്രീയ-വിദ്യാഭ്യാ-ആരോഗ്യരംഗങ്ങളിലെ കാലികമായ മാറ്റം മനുഷ്യബന്ധങ്ങളെയും മൂല്യങ്ങളെയും മാറ്റി മറിച്ചിട്ടുണ്ട്. ഇത് കേരളത്തിന്റെ മാത്രം അവസ്ഥയല്ലെന്നു കാണാം. ആഗോളാടിസ്ഥാനത്തിൽ ജനങ്ങൾ നേരിട്ടു കൊണ്ടിരിക്കുന്ന അനിവാര്യമായ മാറ്റമാണിത്. ശാരീരികവും മാനസികവുമായ വാർദ്ധക്യാവസ്ഥയെ ഇവയെല്ലാം നേരിട്ടോ അല്ലാതെയോ ബാധിച്ചിട്ടുണ്ട്. ഈ അവസ്ഥാവിശേഷങ്ങൾ മലയാളത്തിലെ കഥാസാഹിത്യം എങ്ങനെ സ്വീകരിച്ചു എന്നു നോക്കിക്കാണാനുള്ള ഒരു ശ്രമമാണ് ഇവിടെ നടത്തുന്നത്. കഥാസാഹിത്യം എന്നു പറയുമ്പോൾ വ്യത്യസ്ത ഗദ്യാഖ്യാനങ്ങളായ നോവലും കഥയുമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

**പഠനത്തിന്റെ പ്രസക്തി**

വൃദ്ധരുടെ പ്രശ്നങ്ങളെ ലോകം ശ്രദ്ധാപൂർവ്വം നോക്കിക്കാണുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ സമൂഹജീവിതം അസംസ്കൃതവസ്തുവായിക്കാണുന്ന എഴുത്തുകാർ ഈ വിഷയത്തെ എങ്ങനെ സമീപിച്ചു എന്ന് അപഗ്രഥിക്കുന്ന ഇത്തരമൊരു പഠനത്തിനു പ്രസക്തിയുണ്ട്. വാർദ്ധക്യവിജ്ഞാനം വൃദ്ധരുടെ ശാരീരിക-മാനസികതലങ്ങളെ ഗൗരവപൂർവ്വം നോക്കിക്കാണുന്ന ഒരു ശാസ്ത്രശാഖയായി വികസിച്ചത് അതുകൊണ്ടുതന്നെ ഈ പഠനത്തിൽ ഉപയോഗപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. സവിശേഷമായ മാനസികവ്യാപാരങ്ങളെപ്പറ്റി പരാമർശിക്കേണ്ടിവരുന്നിടത്ത് മനഃശാസ്ത്രപരമായ സമീപനവും വേണ്ടി വന്നിട്ടുണ്ട്. ലോകമെമ്പാടും സാഹിത്യത്തിലെ വാർദ്ധക്യത്തെപ്പറ്റി ഗൗരവതരമായ ചർച്ചകളും പഠനങ്ങളും വർദ്ധിച്ചു വരുന്നു. അതിനാൽ മലയാള സാഹിത്യത്തിലെ

നോവലിലും കഥയിലും കടന്നുവന്നിട്ടുള്ള വാർദ്ധക്യാവിഷ്കാരത്തെപ്പറ്റിയുള്ള ഇത്തരം ഒരു പഠനത്തിന് പ്രസക്തിയുണ്ട്.

സാമൂഹികവും സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ ഇടപെടലുകൾ വൃദ്ധരുടെ ജീവിതത്തെ ബാധിച്ച വിധം നോവലിലും കഥയിലും ഉണ്ടോ എന്നുള്ള അന്വേഷണം സ്വാഭാവികമായും സംഭവിക്കുന്നുണ്ട്. ഈ രംഗങ്ങളിലെല്ലാം അവരുടെ സ്ഥാനത്തിനു മാറ്റം സംഭവിച്ചിട്ടുണ്ടോ എന്ന വസ്തുത കൃതികളിൽ പ്രതിഫലിക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കുന്നു. വാർദ്ധക്യം വ്യക്തിയുടെ ശരീരത്തിന്റെയും മനസ്സിന്റെയും മാറ്റത്തെ സൂചിപ്പിക്കുന്ന ഒരു പ്രക്രിയ എന്ന രീതിയിൽത്തന്നെയാണ് നോക്കിക്കാണാൻ ശ്രമിക്കുന്നത്. അതോടൊപ്പം വാർദ്ധക്യമെന്നത് സാമൂഹികമായ ഒരു സങ്കല്പനവുമാണ്. ഇത് ഇത്തരമൊരു അന്വേഷണത്തിൽ പരിഗണനീയമാണ്. മറ്റെല്ലാ സങ്കല്പനത്തിലും എന്നപോലെ വാർദ്ധക്യസങ്കല്പനത്തിലും മാറ്റം സംഭവിച്ചതിനാൽ വാർദ്ധക്യത്തെ അനുഭവം എന്ന രീതിയിലും സങ്കല്പനം എന്ന രീതിയിലും സ്വീകരിക്കുന്നു. കേരളീയാന്തരീക്ഷത്തിലുള്ള കഥകൾക്കാണ് ഊന്നൽ കൊടുക്കുന്നത്. അതുകൊണ്ടുതന്നെ കേരളീയ സാമൂഹികാവസ്ഥകൾക്ക് പലപ്പോഴും പ്രാധാന്യം കൈവരാനിടയുണ്ട്. നവോത്ഥാനകാലത്തെ കഥകളിൽ പ്രത്യേകിച്ചും. അതിനാൽത്തന്നെ വൃദ്ധരുടെ സാമൂഹികമായ വാർദ്ധക്യത്തിന് പഠനത്തിൽ കാര്യമായ സ്ഥാനം ലഭിക്കാൻ സാദ്ധ്യത കൂടും.

**ലക്ഷ്യങ്ങൾ**

കേരളീയസമൂഹത്തിൽ വൃദ്ധർ അനുഭവിക്കുന്ന ശാരീരിക-മാനസിക-സാമ്പത്തിക സംഘർഷങ്ങൾ എഴുത്തുകാർ എത്രത്തോളം പ്രയോജനപ്പെടുത്തിയിരിക്കുന്നു എന്നുള്ളത് പഠനത്തിന്റെ മുഖ്യലക്ഷ്യങ്ങളിൽ ഒന്നാണ്.

കേരളം വിവിധകാലഘട്ടങ്ങളിൽ അഭിമുഖീകരിച്ച സവിശേഷസാഹചര്യങ്ങൾ (ജന്മിസമ്പ്രദായം, കൂട്ടുകുടുംബം, മരുമക്കത്തായം, പാരമ്പര്യത്തിന്റെ തകർച്ച, സാർവ്വത്രികമാകുന്ന വിദ്യാഭ്യാസം, അണുകുടുംബ, ഭാഷയിലും സംസ്കാരത്തിലും പ്രത്യക്ഷപ്പെടുന്ന പാശ്ചാത്യാഭിനിവേശം, വിദേശത്തുള്ള തൊഴിലിടങ്ങൾ, ശാസ്ത്ര-സാങ്കേതികരംഗത്തെ പുരോഗതി, ഉപഭോഗസംസ്കാരം തുടങ്ങിയവ) വയോജനങ്ങളെ ബാധിച്ചതായി കഥകളും നോവലുകളും രേഖപ്പെടുത്തിയിട്ടുണ്ടോ എന്നത് ഈ പഠനത്തിന്റെ അന്വേഷണപരിധിയിൽ വരുന്നു. ഈ പശ്ചാത്തലത്തിൽ വാർദ്ധക്യം നേരിടുന്ന ഒറ്റപ്പെടൽ എഴുത്തുകാർ സ്വാംശീകരിച്ചിട്ടുണ്ടോ എന്നും അന്വേഷിക്കുന്നു.

സ്ത്രീകളുടേയും പുരുഷന്മാരുടേയും വാർദ്ധക്യാനുഭവങ്ങളുടെ വ്യത്യസ്തത എത്രത്തോളം രചനകളിൽ കടന്നുവന്നിട്ടുണ്ടോ എന്ന് പരിശോധിക്കൽ മറ്റൊരു ഉദ്ദേശ്യമാണ്. സാമൂഹിക മാറ്റങ്ങൾക്കനുസരിച്ച് ഈ വ്യത്യസ്ത അനുഭവങ്ങൾക്ക് മാറ്റം വന്നിട്ടുണ്ടോ എന്നതും ഇതിൽപ്പെടുന്നു.

വയസ്സായവർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ രചനകളിൽ പ്രതിബിംബിക്കുന്നുണ്ടോ എന്നതും അന്വേഷണപരിധിയിൽ പെടും.

**പഠനമേഖല**

ഈ അന്വേഷണത്തിൽ എല്ലാ സാഹിത്യരൂപങ്ങളേയും പരിഗണിക്കുക ശ്രമകരമായതിനാൽ കഥ, നോവൽ ഇവയുടെ മണ്ഡലം മാത്രമേ സ്വീകരിക്കുന്നുള്ളൂ. അതും വിപുലമായ മേഖലയായതിനാൽ വാർദ്ധക്യം കേന്ദ്രപ്രമേയമായി വരുന്ന പ്രാതിനിധ്യസ്വഭാവമുള്ള കൃതികളെയാണ് മുഖ്യമായും പരിഗണിക്കുന്നത്. മലയാളിത്ത പശ്ചാത്തലമുള്ള കൃതികളെയാണ് അവലംബിക്കുന്നത്. സാമ്പത്തിക-ജാതി-മതാടിസ്ഥാനത്തിലുള്ള വർഗ്ഗീകരണം സാന്ദർഭികമായി കടന്നുവരുന്നുണ്ട്. വിവർത്തനകൃതികൾ

അന്യസംസ്കാരപശ്ചാത്തലമുള്ളവയായതിനാൽ സ്വീകരിച്ചിട്ടില്ല. വിഷയം ബൃഹത്തായതിനാൽ എഴുത്തുകാരും കൃതികളും തെരഞ്ഞെടുപ്പിന് വിധേയമായിട്ടുണ്ട്. മലയാളസാഹിത്യചരിത്രങ്ങൾ മുഖ്യമായും പിന്തുടരുന്ന മുഖ്യധാരാ എഴുത്തുകാരെയാണ് പ്രധാനമായും സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ അപ്രധാനമോ പാർശ്വവത്കൃതമോ ആയ പ്രമേയമായി വാർദ്ധക്യം വരുന്ന കൃതികൾക്ക് പ്രാമുഖ്യം നല്കിയിട്ടില്ല. എഴുത്തുകാരുടെ പ്രാധാന്യം സ്വാഭാവികമായും കൃതികളുടെ തെരഞ്ഞെടുപ്പിനേയും ബാധിച്ചിട്ടുണ്ട്. മലയാള സാഹിത്യത്തിലെ നവോത്ഥാനകാലഘട്ടം മുതൽ ഉത്തരാധുനികതവരെയാണ് പ്രബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പൊതുസമൂഹം ഗൗരവതരമായി സമീപിക്കുന്ന ഒന്ന് എന്ന നിലയിൽ വാർദ്ധക്യസങ്കല്പനത്തെ പ്രശ്നവത്കരിക്കാനുള്ള ശ്രമമാണ് നടത്തുന്നത്.

**പഠനരീതി**

വാർദ്ധക്യം വിഷയമായി വരുന്ന ഈ പഠനത്തിൽ വാർദ്ധക്യവിജ്ഞാന (Gerontology)ത്തെയാണ് മുഖ്യമായി ആശ്രയിക്കുന്നത്. വൃദ്ധരുടെ കാലാനുസൃതവും ജീവശാസ്ത്രപരവും മന:ശാസ്ത്രപരവും സാമൂഹികവുമായ പ്രായത്തെപ്പറ്റി മനസ്സിലാക്കാൻ അതാവശ്യമാണ്. വാർദ്ധക്യത്തിന്റെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയതലങ്ങൾ സംസ്കാരപഠനത്തിന്റ മേഖലയിലാണ് വരുന്നത്. അതുകൊണ്ടുതന്നെ ഈ പഠനം സാമൂഹിക വിമർശനം കൂടിയാകുന്നു. ബോധധാരാകൃതികളുടെ വിശകലനത്തിനു മാനസികാപഗ്രഥനം സ്വീകരിക്കുന്നു. മാനസികലോകത്തിനു പ്രാധാന്യം ലഭിക്കുന്ന രചനകളിൽ മനഃശാസ്ത്രസിദ്ധാന്തങ്ങൾ ഉപയോഗിക്കുന്നുണ്ട്. രചനകളുടെ ഉള്ളടക്കവും പരിചരണരീതിയും അപഗ്രഥിക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. പത്രമാധ്യമങ്ങളിലെ വാർത്തകളും, വിവരശേഖരത്തിന്റെ സമകാലികമേഖലയായ ഇന്റർനെറ്റും പഠന

പുരോഗതിയ്ക്ക് ആവശ്യമായി വന്നിട്ടുണ്ട്.

**പൂർവ്വപഠനങ്ങൾ:**

വാർദ്ധക്യം കേന്ദ്രപ്രമേയമായ കൃതികളെ സമഗ്രതയിൽ കാണുന്ന പഠനങ്ങൾ മലയാളത്തിൽ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2012-ലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'പറവകൾ ഒഴിഞ്ഞുപോയ മരച്ചില്ലകൾ' എന്ന പേരിലുള്ള വി. രാജകൃഷ്ണന്റെ ലേഖനത്തിൽ വിശ്വസാഹിത്യത്തിലെ ഒരു കഥയും മലയാളത്തിലെ മൂന്നു കഥകളും താരതമ്യം ചെയ്യുന്നുണ്ട്. പി.പത്മരാജന്റെ 'ചൂണ്ടൽ', സി.വി.ബാലകൃഷ്ണന്റെ 'ഉറങ്ങാൻ വയ്യ', എം.ടി.വാസുദേവൻ നായരുടെ 'ശാന്തിപർവ്വം', അമേരിക്കൻ എഴുത്തുകാരിയായ യൂഡോറ വെൽറ്റിയുടെ 'ഒരു പഴകിത്തേഞ്ഞ വഴി' (A Worn Path) എന്നിവയാണവ. ലിയോ ടോൾസ്റ്റോയിയുടെ 'ദ ഡെത്ത് ഓഫ് ഐവൻ ഇല്ലിച്ച്' എന്ന നീണ്ട കഥ. സിമോൺ ദി ബുവ്വെയുടെ 'ഓൾഡ് ഏജ്', എന്നിവയും ഈ ലേഖനത്തിൽ കടന്നു വരുന്നുണ്ട്. വൃദ്ധകേന്ദ്രീകൃതമായ കഥകളുടെ പഠനത്തിനുള്ള സമകാലികപ്രസക്തിയെ ഈ ലേഖനത്തിന്റെ വരവ് ശക്തിപ്പെടുത്തുന്നു.

സർവ്വകലാശാലതലത്തിൽ വാർദ്ധക്യം കേന്ദ്രപ്രമേയമായ കഥകളെ ആസ്പദമാക്കി ഗവേഷണങ്ങൾ നടന്നിട്ടുണ്ട്. കേരള സർവ്വകലാശാല 'വാർദ്ധക്യത്തിന്റെ പ്രതിഫലനം മലയാള ചെറുകഥയിൽ' എന്ന പേരിലുള്ള ഗവേഷണപ്രബന്ധത്തിന് അന്നമ്മ, എ.യ്ക്ക് 2011-ൽ പി.എച്ച്.ഡി. ബിരുദം നൽകിയിട്ടുണ്ട്. വാർദ്ധക്യം എന്ന ജീവിതാവസ്ഥ, വാർദ്ധക്യത്തിന്റെ പ്രതിഫലനം കാൽപനിക പൂർവ്വകഥകളിൽ, വാർദ്ധക്യത്തിന്റെ പ്രതിഫലനം കാൽപനികകഥകളിൽ, വാർദ്ധക്യം ആധുനികകഥകളിൽ, ഉപസംഹാരം എന്നിങ്ങനെ അഞ്ചദ്ധ്യായങ്ങളാണ് ഈ പ്രബന്ധത്തിലുള്ളത്. തെരഞ്ഞെടുക്കപ്പെട്ട എഴുത്തുകാരുടെ കൃതികളിലെ വാർദ്ധക്യപ്രമേയമാണ് ചർച്ച ചെയ്തിട്ടുള്ളത്. വാർദ്ധക്യ

ത്തിന്റെ ശാരീരിക-മാനസിക-സാമൂഹികപരമായ വശങ്ങൾ കഥകളിൽ പ്രതിഫലിക്കുന്നത് കണ്ടെത്തുകയാണ് ചെയ്തിട്ടുള്ളത് (എൻ.സാം, 2014: 267,68).

കേരള സർവ്വകലാശാലയിൽത്തന്നെ 'വാർദ്ധക്യവും ആധുനികാനന്തര കേരളീയ സമൂഹവും 1980 മുതലുള്ള മലയാള ചെറുകഥയിൽ' എന്ന പേരിൽ ഡോ.എൻ.രാജേന്ദ്രന്റെ കീഴിൽ വിജയലത ആർ ഗവേഷണ പ്രബന്ധം പൂർത്തിയാക്കിയിട്ടുണ്ട്. പ്രമേയപരമായ പഠനമാണ് നടത്തിയിട്ടുള്ളത്. വാർദ്ധക്യപ്രമേയം ആദ്യമായി ആവിഷ്കരിച്ചതെന്നു കണ്ടെത്തിയ തകഴിയുടെ 'തഹസിൽദാരുടെ അച്ഛൻ' മുതൽ 1979 വരെയുള്ള കഥകളുടെ അവലോകനം നടത്തിയിട്ടുണ്ട്. ഉത്തരാധുനിക കഥകളിലെ വൃദ്ധരുമായി ബന്ധപ്പെട്ട സാമൂഹിക-സാമ്പത്തിക പ്രശ്നം, മനഃശാസ്ത്ര പരിസരം, ശാരീരികപ്രശ്നം എന്നിങ്ങനെ തിരിച്ചാണ് വാർദ്ധക്യത്തെ നിരീക്ഷിക്കുന്നത്.

ഒറ്റപ്പെട്ട പഠനങ്ങളെയും മേൽപ്പറഞ്ഞ ഗവേഷണ പ്രബന്ധങ്ങളെയും ഒഴിച്ചുനിർത്തിയാൽ വാർദ്ധക്യത്തെ ഒന്നിച്ചെടുത്തുള്ള പഠനങ്ങൾ മലയാളത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ രണ്ടു പഠനങ്ങളെയും അപേക്ഷിച്ച് വാർദ്ധക്യാനുഭവങ്ങൾ മനസ്സിലാക്കാൻ വിശകലനാത്മകമായ ഒരു സമഗ്രപഠനമാണ് സർവ്വകലാശാലാതലത്തിൽത്തന്നെയുള്ള ഈ പ്രബന്ധം കൊണ്ട് ഉദ്ദേശിക്കുന്നത്. അതിനാലാണ് വ്യത്യസ്ത കാലഘട്ടങ്ങളിലുണ്ടായ കൃതികൾ ഉൾപ്പെടുത്തിയിരിക്കുന്നത്. വ്യത്യസ്ത കാലഘട്ടങ്ങളിലെ വാർദ്ധക്യാനുഭവത്തിന്റെ വ്യത്യസ്തതലങ്ങൾ രേഖപ്പെടുത്താൻ സാധ്യമാകുമെന്നു കരുതുന്നു.

### പരിമിതി

വാർദ്ധക്യം കേന്ദ്രീകൃതമായ കഥകളും നോവലുകളും ആധാരമാക്കി അന്വേഷണം നടത്തുന്ന ഈ പ്രബന്ധത്തിൽ മുഖ്യധാരാ എഴുത്തുകാരിൽ ചിലരെ വിട്ടു പോയിട്ടുണ്ട്. വൃദ്ധകഥാപാത്രങ്ങളുള്ള മുഴുവൻ കഥകളും നോവലുകളും മുൻനിർത്തിയുള്ള

പഠനം അസാധ്യമാണെന്നത് ഈ പഠനത്തിന്റെ പരിമിതിയാണ്. വൃദ്ധർ കേന്ദ്രസ്ഥാനത്തു വരുന്നവയല്ലാത്ത കൃതികൾ വിശകലനം ചെയ്യാനായിട്ടില്ല. നാടകം, കവിത എന്നിവ പഠനപരിധിയിൽ വരുന്നില്ല. മലയാളിയുടെ ജീവിതപരിസരങ്ങൾ ഉൾക്കൊള്ളുന്ന രചനകളാണ് സ്വീകരിച്ചിട്ടുള്ളത്. വൃദ്ധലോകത്തിനു പ്രാമുഖ്യം നൽകിയ എഴുത്തുകാരിൽ നിന്ന് കൂടുതൽ മാതൃകകൾ എടുത്തിട്ടുണ്ട്.

### പ്രബന്ധസ്വരൂപം

ഉപസംഹാരമടക്കം ആറദ്ധ്യായങ്ങളാണ് ഈ പഠനത്തിൽ ഉള്ളത്. ഒന്നാമദ്ധ്യായത്തിൽ വാർദ്ധക്യം എന്ന സങ്കല്പനത്തെയും അതിന്റെ യാഥാർത്ഥ്യത്തെയും ആവിഷ്കാരത്തെയും ചർച്ച ചെയ്യുന്നു. വിവിധതലങ്ങളായി തിരിച്ചാണ് ഇതു നിർവ്വഹിക്കുന്നത്. രണ്ടാമദ്ധ്യായത്തിൽ നവോത്ഥാന–പുരോഗമനകാലഘട്ടത്തിലെ നോവലുകളെയും ചെറുകഥകളെയും അപഗ്രഥിക്കുന്നു. മൂന്നാമദ്ധ്യായത്തിൽ നവോത്ഥാനത്തിനു ശേഷവും ആധുനികതക്ക് മുമ്പുമുള്ള എഴുത്തുകാരുടെ നോവലുകളും കഥകളുമാണ് സ്വീകരിച്ചിട്ടുള്ളത്. നാലാമദ്ധ്യായത്തിൽ ആധുനികരുടെ കൃതികളിലെ വാർദ്ധക്യമാണ് അപഗ്രഥിക്കുന്നത്. അഞ്ചാമദ്ധ്യായം ആധുനികോത്തരരുടെ നോവലുകളിലെയും കഥകളിലെയും വാർദ്ധക്യപ്രമേയം വിശകലനം ചെയ്യുന്നതാണ്. അഞ്ചദ്ധ്യായങ്ങളിലെ കണ്ടെത്തലുകൾ വിശദീകരിക്കുന്ന ആറാമദ്ധ്യായമായ ഉപസംഹാരത്തിൽ നിഗമനങ്ങളും നിരീക്ഷണങ്ങളും ക്രോഡീകരിക്കുന്നു. ഈ വിഷയത്തോടനുബന്ധിച്ചു നിർവ്വഹിക്കാവുന്ന പഠനങ്ങളുടെ സാദ്ധ്യതയും ഇവിടെ പറയുന്നു.

സാഹിത്യത്തിലെ പ്രസ്ഥാനങ്ങളെ അടിസ്ഥാനമാക്കിയുള്ള പേരുകളാണ് രണ്ടുമുതൽ അഞ്ചുവരെയുള്ള അദ്ധ്യായങ്ങൾക്ക് ശീർഷകമായി സ്വീകരിച്ചിട്ടുള്ളത്. അതിനാൽ നവോത്ഥാന–പുരോഗമനം, ആധുനികം, ആധുനികോത്തരം എന്നീ സംജ്ഞ

കൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. സാഹിത്യത്തിൽ ഇത്തരം വിഭജനങ്ങൾക്ക് പ്രസക്തിയില്ല എന്ന വാദമുണ്ടെങ്കിലും അദ്ധ്യായവിഭജനത്തിന്റെ സൗകര്യത്തിനും അവ തമ്മിലുള്ള ജൈവബന്ധം നിലനിർത്താനും വേണ്ടിയാണ് ഈ മാർഗ്ഗം സ്വീകരിച്ചത്. നവോത്ഥാനത്തിനും ആധുനികതയ്ക്കും ഇടയിലുള്ള അന്തരാളഘട്ടത്തിലെ എഴുത്തുകാരെ ആധുനികപൂർവ്വരായി പ്രത്യേകം കണക്കാക്കിയാണ് അദ്ധ്യായവിഭജനം നടത്തുന്നത്. അവരും ആധുനിക പ്രവണതകൾ പ്രകടിപ്പിക്കുന്നുണ്ട് എന്നും ആധുനികർ എന്നു വിളിക്കപ്പെടുന്നുണ്ടെന്നും ഉള്ള വസ്തുത മറക്കുന്നില്ല.

എല്ലാ അദ്ധ്യായത്തിലും സ്ത്രീകളുടേയും പുരുഷന്മാരുടെയും വാർദ്ധക്യകഥകൾ വെവ്വേറെ നോക്കിക്കാണാനും താരതമ്യപ്പെടുത്താനും ശ്രമിക്കുന്നുണ്ട്. സമൂഹത്തിൽ പുരുഷനെ അപേക്ഷിച്ച് സ്ത്രീയ്ക്ക് പിന്നാക്കാവസ്ഥയും തന്നിമിത്തമുള്ള വ്യത്യസ്തതയും ഉണ്ട് എന്ന യാഥാർത്ഥ്യമാണ് ഈ തരംതിരിവിനു കാരണമായിട്ടെടുക്കുന്നത്. മാത്രമല്ല ഓരോരോ കാലഘട്ടങ്ങളിലെയും സ്ത്രീ–പുരുഷ വീക്ഷണങ്ങളിലുള്ള വ്യത്യാസം മനസ്സിലാക്കാനും ഇതു സഹായിക്കുമെന്ന പ്രതീക്ഷയുണ്ട്.

**1. വാർദ്ധക്യം–സങ്കല്പനവും യാഥാർത്ഥ്യവും ആവിഷ്കാരവും**

വാർദ്ധക്യം എന്നാൽ എന്താണ്, സങ്കല്പനം, യാഥാർത്ഥ്യം എന്നിങ്ങനെ വാർദ്ധക്യത്തെ നോക്കിക്കാണാനുള്ള ശ്രമം. സാഹിത്യത്തിൽ വാർദ്ധക്യത്തിന്റെ ആവിഷ്കാരം എങ്ങനെയാണ്, സാഹിത്യത്തിലെ വാർദ്ധക്യത്തെ മുൻനിർത്തിയുള്ള ഇതര ഭാഷാപഠനങ്ങളെപ്പറ്റിയുള്ള സാമാന്യധാരണ തുടങ്ങിയ കാര്യങ്ങൾ പറയാനാണ് ഈ അദ്ധ്യായത്തിൽ ശ്രമിച്ചത്.

വാർദ്ധക്യശാസ്ത്രമനുസരിച്ചുള്ള വാർദ്ധക്യവിഭജനവും ഭാരതീയപാരമ്പര്യത്തിലധിഷ്ഠിതമായ വയോവിഭജനവും ഈ ഭാഗത്ത് നടത്തുന്നുണ്ട്. ഭാരതീയമായ കാഴ്ച

പ്പാടിലുള്ള ബാല്യ-കൗമാര-യൗവ്വന-വാർദ്ധക്യാവസ്ഥകൾ കേരളത്തിൽ സ്വീകരിക്കപ്പെട്ടവിധം വിവരിക്കുന്നതിൽ നിന്നും വാർദ്ധക്യാവസ്ഥയ്ക്കു സംഭവിച്ച മാറ്റം മനസ്സിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. സമൂഹത്തിന്റെ പരിണാമചരിത്രവും വാർദ്ധക്യത്തോടുള്ള വീക്ഷണത്തിൽ വന്ന മാറ്റവും വ്യക്തമാക്കാൻ സാമൂഹിക-സാംസ്കാരിക-സാമ്പത്തികതലം എന്നിങ്ങനെ വിവിധതലങ്ങളായി തിരിച്ച് വിശകലനം ചെയ്യാൻ ശ്രമിക്കുന്നുണ്ട്. കേരളത്തിലെ സാമൂഹിക ക്രമങ്ങളിൽ വരുന്ന മാറ്റവും അവ വൃദ്ധരെ ബാധിച്ച വിധവും സമകാലികമായ അവസ്ഥയും വിലയിരുത്തുന്നു. വാർദ്ധക്യത്തെ കേന്ദ്രീകരിച്ച ഇതരഭാഷകളിലുള്ള പഠനങ്ങളെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്. കാരൻ ചെയ്സിന്റെ 'ദ വിക്റ്റോറിയൻസ് ആൻഡ് ഓൾഡ് ഏജ്', കൊറീന തോമന്റെ 'ഓൾഡ് വുമൻ ഇൻ കനേഡിയൻ ലിറ്ററേച്ചർ: മാർഗരറ്റ് ലോറൻസ് "ദ സ്റ്റോൺ ഏഞ്ചൽ", ജോയൻ ബർഫൂട്ട്സ്, 'ഡ്യൂയറ്റ് ഫോർ ത്രീ", ആൻഡ് സൂസെറ്റ മേയർസ് "ദ വിഡോസ്" തുടങ്ങിയവ ഉദാഹരണം.

സാമൂഹികമാറ്റങ്ങൾക്കനുസരിച്ച് വാർദ്ധക്യത്തിലും വാർദ്ധക്യസങ്കല്പനത്തിലും മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. ശാസ്ത്ര പുരോഗതി ജീവിതസൗകര്യങ്ങളുടെ വർദ്ധനവ് തുടങ്ങിയവ ഇതിനു പ്രധാനപ്പെട്ട ചില കാരണങ്ങളാണ്. അതോടൊപ്പം തന്നെ പ്രധാനമാണ് സ്ത്രീയുടെയും പുരുഷന്റെയും വാർദ്ധക്യാനുഭവങ്ങൾ തമ്മിലുള്ള വ്യത്യാസം. സ്ത്രീ-പുരുഷന്മാരെ വിവേചനത്തോടെ നോക്കിക്കാണുന്ന സമൂഹത്തിന്റെ മനോഭാവം ഇതിനു പിന്നിലുണ്ട്. പെണ്ണിന്റെ സ്ഥാനം പ്രാന്തവത്കൃതമായിരിക്കുന്ന പതിവ് തുടരുന്നു. സ്ത്രീയ്ക്ക് സംഭവിച്ച ഈ അപചയം വയസ്സായ കഥാപാത്രങ്ങളിൽ എത്രത്തോളം ആവിഷ്കൃതമായിട്ടുണ്ട് എന്നന്വേഷിക്കുന്നത് ഇതു കൊണ്ടാണ്. ഇത്തരമൊരു ഭൂമികയിലും പരികൽപനയിലും നിന്നാണ് ഈ അന്വേഷണം ആരംഭിക്കുന്നത്.

**2. നവോത്ഥാന-പുരോഗമനകാലഘട്ടവും വാർദ്ധക്യാവിഷ്കാരവും**

നോവലിലെ വാർദ്ധക്യാവിഷ്കാരം കണ്ടെത്താൻ ഇന്ദുലേഖയും രാമരാജബഹദൂറും പ്രാതിനിധ്യകൃതികളായി പരിഗണിക്കുന്നുണ്ട്. തകഴി, ചെറുകാട്, ലളിതാംബിക അന്തർജ്ജനം എന്നിവരുടെ നോവലുകളാണ് നോവൽ വിഭാഗത്തിൽ സ്വീകരിച്ചിട്ടുള്ളത്. മലയാളത്തിലെ ആദ്യകാലകഥകൾ പൊതുവെ പരിശോധിച്ച് വൃദ്ധരെ കേന്ദ്രീകരിച്ച കഥകളുണ്ടോ എന്നു നിരീക്ഷിക്കുന്നു. നവോത്ഥാന-പുരോഗമന കാഥികരെന്നറിയപ്പെടുന്ന ചില മുഖ്യധാരാ എഴുത്തുകാരുടെ തെരഞ്ഞെടുത്ത കഥകളാണ് ഈ അദ്ധ്യായത്തിൽ പഠനത്തിനായി എടുത്തിട്ടുള്ളത്.

എഴുത്തുകാരുടെ പ്രസിദ്ധിയും കഥകളിലെ കേന്ദ്രസ്ഥാനീയരായ വൃദ്ധകഥാപാത്രങ്ങളുമാണ് തെരഞ്ഞെടുപ്പിന് ആധാരം. ഈ അദ്ധ്യായത്തിൽ സ്വീകരിച്ചിട്ടുള്ള എഴുത്തുകാരാണ് തകഴി, കേശവദേവ്, പൊൻകുന്നം വർക്കി, വൈക്കം മുഹമ്മദ് ബഷീർ, കാരൂർ നീലകണ്ഠപിള്ള, ലളിതാംബിക അന്തർജ്ജനം, ഉറൂബ്, എസ്.കെ.പൊറ്റെക്കാട്ട്, ചെറുകാട്, എൻ.പി.ചെല്ലപ്പൻ നായർ, ഈ.എം.കോവൂർ, നാഗവള്ളി ആർ.എസ്.കുറുപ്പ്, വെട്ടൂർ രാമൻനായർ തുടങ്ങിയവർ. ഇവരുടെ കഥകളാണ് പ്രയോജനപ്പെടുത്തിയിട്ടുള്ളത്. പുരുഷപ്രധാനം, സ്ത്രീപ്രധാനം എന്നു തരംതിരിച്ച് താരതമ്യത്തിനു പ്രസക്തിയുള്ള രീതിയിൽ ക്രമപ്പെടുത്തിയാണ് വിശകലനത്തിനു ശ്രമിക്കുന്നത്.

**3. വാർദ്ധക്യപ്രമേയം നവോത്ഥാനത്തിനുശേഷമുള്ള കൃതികളിൽ**

ആധുനികപൂർവ്വരിൽ പ്രധാനികളായ ടി.പത്മനാഭൻ, എം.ടി.വാസുദേവൻ നായർ, മാധവിക്കുട്ടി, കോവിലൻ, പാറപ്പുറത്ത്, എൻ.പി.മുഹമ്മദ്, എൻ.മോഹനൻ, ജി.വിവേകാനന്ദൻ, മലയാറ്റൂർ രാമകൃഷ്ണൻ തുടങ്ങിയവുരെട കഥകളാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ എഴുത്തുകാർ ആധുനിക പ്രവണതകൾ പ്രകടി

പ്പിക്കുന്നവരായതുകൊണ്ട് ആധുനികപൂർവ്വർ എന്ന നിലയിലാണ് ഇവരെ സമീപിക്കുന്നത്. കെ.സുരേന്ദ്രൻ, കോവിലൻ, പാറപ്പുറത്ത്, മലയാറ്റൂർ രാമകൃഷ്ണൻ എന്നിവരുടെ വാർദ്ധക്യകേന്ദ്രീകൃത നോവലുകളാണ് സ്വീകരിച്ചത്. മേൽപ്പറഞ്ഞവരിൽ കെ. സുരേന്ദ്രനൊഴികെയുള്ളവരുടെ കഥകളാണ് ഈ അദ്ധ്യായത്തിൽ നിരീക്ഷണവിധേയമാക്കുന്നത്. വിവിധ വാർദ്ധക്യ സങ്കൽപ്പനങ്ങൾ കണ്ടെത്താനുള്ള ഒരു ശ്രമം നടത്തുന്നുണ്ട്. ഇവിടെയും സ്ത്രീ–പുരുഷ വീക്ഷണത്തിലുള്ള കഥകളെ താരതമ്യപ്പെടുത്തുന്നുണ്ട്.

**4. ആധുനികരും വാർദ്ധക്യാവിഷ്കാരവും**

സവിശേഷമായ അർത്ഥത്തിൽ ആധുനികർ എന്നും ആധുനികതാപ്രസ്ഥാനത്തിന്റെ സമകാലികരെന്നും വിളിക്കപ്പെടുന്ന കാക്കനാടൻ, ഒ.വി.വിജയൻ, എം.പി.നാരായണ പിള്ള, സക്കറിയ, എം.മുകുന്ദൻ, സേതു സി.രാധാകൃഷ്ണൻ, എം.സുകുമാരൻ, യു. എ.ഖാദർ, പെരുമ്പടവം ശ്രീധരൻ, കെ.എൽ.മോഹനവർമ്മ, മുണ്ടൂർ കൃഷ്ണൻകുട്ടി, മുണ്ടൂർ സേതുമാധവൻ, വൈശാഖൻ, ജോർജ്ജ് ഓണക്കൂർ, പി.വത്സല, സാറാതോമാസ് തുടങ്ങിയ എഴുത്തുകാരുടെ കൃതികളാണ് അപഗ്രഥന വിധേയമാക്കുന്നത്. കാക്കനാടന്റെ 'അടർന്നുവീണടിയുന്ന നക്ഷത്രങ്ങൾ' എന്ന നോവൽ വിശകലനം ചെയ്യുന്നു.

**5. വാർദ്ധക്യപ്രമേയം ആധുനികാനന്തരനോവലിലും കഥയിലും**

ആധുനികതയക്കുശേഷം കടന്നു വരുന്ന പ്രവണതയാണ് ആധുനികാനന്തരത. പ്രസ്ഥാനപരമായ ആധുനികതയുടെ പ്രവണതകൾ അവസാനിച്ചതിനുശേഷം വരുന്നത് എന്ന അർത്ഥത്തിലാണ് ഈ പ്രയോഗം. ആധുനികമായ പ്രവണതയുടെ തുടർച്ചയായി കഥകളെഴുതുന്ന സി.വി.ശ്രീരാമൻ മുതലാണ് ഈ അദ്ധ്യായത്തിലെ എഴുത്തു

കാരെ തെരഞ്ഞെടുത്തിട്ടുള്ളത്. അദ്ധ്യായവിഭജന സൗകര്യാർത്ഥം കൂടിയാണ് ഈ തെരഞ്ഞെടുപ്പ്.

ടി.വി.കൊച്ചുബാവയുടെ 'വൃദ്ധസദന'മെന്ന നോവലിനെ ഈ അദ്ധ്യായം അപഗ്രഥിക്കുന്നു. സാറാജോസഫിന്റെ 'മാറ്റാത്തി' എന്ന നോവൽ സ്ത്രീ പ്രാതിനിധ്യമുള്ള നോവലായി വിശകലത്തിനു സ്വീകരിച്ചിട്ടുണ്ട്. പുറമേ സി.വി.ശ്രീരാമൻ, സി.വി.ബാലകൃഷ്ണൻ, യു.കെ.കുമാരൻ, ചന്ദ്രമതി, ഗീതാഹിരണ്യൻ, അഷിത, കെ.ആർ.മീര എന്നിവരെഴുതിയ കഥകളാണ് നിരീക്ഷണവിധേയമാക്കുന്നത്.

**6. ഉപസംഹാരം**

ആറാമദ്ധ്യായമായ ഉപസംഹാരത്തിൽ അഞ്ചദ്ധ്യായങ്ങളിലെ പഠനത്തിൽ നിന്നും ലഭിച്ച നിഗമനങ്ങളും നിരീക്ഷണങ്ങളും ഉൾക്കൊള്ളിക്കുന്നു. തുടർപഠനത്തിനുള്ള സാധ്യതയും സൂചിപ്പിക്കുന്നുണ്ട്.

1.

# വാർദ്ധക്യം - സങ്കല്പനവും യാഥാർത്ഥ്യവും ആവിഷ്കാരവും

അപക്വമായ കുട്ടിക്കാലം പിന്നിട്ട് പ്രസരിപ്പുള്ള കൗമാരത്തിലൂടെ ഊർജ്ജസ്വലമായ യൗവ്വനത്തിൽ പ്രവേശിക്കുന്ന മനുഷ്യർ ജീവിതാനുഭവങ്ങളിലൂടെ പക്വതയാർജ്ജിച്ച് മധ്യവയസ്സിലെത്തുന്നു. തുടർന്ന് തിരക്കേറിയ ജീവിതത്തിൽനിന്നും വിരമിച്ച് വിശ്രമാവസ്ഥയായ വാർദ്ധക്യത്തിലും, പൊതുവായി പറയുമ്പോൾ ശരീരത്തിന്റെയും മനസ്സിന്റെയും ക്രമാനുഗതമായ ഈ വളർച്ചയും തളർച്ചയുമാണ് വാർദ്ധക്യം. ഇതിനെ ആസ്പദമാക്കി വികസിച്ച ശാസ്ത്രശാഖയാണ് വാർദ്ധക്യവിജ്ഞാനം (Gerontology). പൊതുവായ വാർദ്ധക്യത്തെ മാത്രമല്ല സവിശേഷമായ വാർദ്ധക്യചിഹ്നങ്ങളെക്കൂടി അതുൾക്കൊള്ളുന്നു. വാർദ്ധക്യത്തെപ്പറ്റിയുള്ള പഠനമാണ് 'ജെറോന്റോളജി' എന്നു പറയുമ്പോൾ ആ വാക്ക് രൂപപ്പെട്ടത് എങ്ങനെ എന്നറിയേണ്ടതുണ്ട്. ഗ്രീക്ക് വാക്കുകളായ 'ജെറാസ്' (geras), 'ലോഗോസ്' (logos) എന്നിവയിൽനിന്നാണ് 'ജെറന്റോളജി (Gerontology) എന്ന വാക്കുണ്ടായത്. ജെറാസിനു 'വാർദ്ധക്യം' എന്നും ലോഗോസിനു പഠനം എന്നും അർത്ഥം പറയാം. (അർവിന്ദ് കെ.ജോഷി 2006:7)[1] പ്രായമായവരുടെ അസുഖങ്ങളെപ്പറ്റി പഠിക്കുന്ന ശാസ്ത്രശാഖയായ ജെറിയാട്രിക്സിൽ (geriyatrics) നിന്നും വിഭിന്നമാണിത്. വാർദ്ധക്യവിജ്ഞാനം സാമൂഹിക-മാനസിക-ശാരീരികമായ കാര്യങ്ങളെ വിശദമായ അർത്ഥത്തിൽ ഉൾകൊള്ളുന്നു. (കൃഷ്ണാനന്ദ് സൻവാൾ, 2008:vii)[2]

### 1.1. വാർദ്ധക്യം – സങ്കൽപ്പനവും യാഥാർത്ഥ്യവും:

വയസ്സാവൽ എന്ന പ്രക്രിയ പലതരത്തിൽ സമീപിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. അതുകൊണ്ടുതന്നെ വാർദ്ധക്യം എന്ന സങ്കൽപ്പനത്തെയും യാഥാർത്ഥ്യത്തെയും പ്രത്യേകം വിലയിരുത്തേണ്ടതുണ്ട്. ശാരീരികം എന്നതുപോലെ മാനസികം കൂടിയായ ഒന്നാണ് ഈ പ്രക്രിയ ഭാരതീയരുടെ വിശ്വാസമനുസരിച്ച് ഒരു മനുഷ്യായുസ്സ് നൂറ്റിയിരുപത് വർഷമെന്നാണ് കണക്കാക്കപ്പെട്ടിരുന്നത്.

ആയിരം പൂർണ്ണചന്ദ്രന്മാരെ കാണുന്നത് ഇന്നും ഒരു ബഹുമതിയായി കണക്കാക്കുന്നു. എൺപത്തിമൂന്നു വയസ്സും അഞ്ചുമാസവുമായാൽ ആ ഭാഗ്യം ലഭിക്കും എന്നാണ് പഴമക്കാരുടെ വിശ്വാസം. ഇപ്പോൾ എൺപതാവുമ്പോൾത്തന്നെ 'അശീതി' എന്ന പേരിൽ അതാഘോഷിക്കപ്പെടുന്നു. പ്രാചീനഭാരതത്തിലെ ചതുരാശ്രമപാരമ്പര്യം പ്രായത്തിന്റെ അടിസ്ഥാനത്തിൽ നിബന്ധിക്കപ്പെട്ടതാണ്. ജീവിതകാലം നൂറുവർഷമായി സങ്കൽപ്പിച്ച് ഓരോ ഇരുപത്തഞ്ച് വർഷവും ഓരോ ജീവിതാവസ്ഥയായി കണക്കാക്കുകയാണ് അവർ ചെയ്തിരുന്നത്. ആദ്യത്തെ അവസ്ഥയായ ബ്രഹ്മചര്യം വിദ്യാഭ്യാസകാലമായി കണക്കാക്കപ്പെട്ടിരുന്നു. വ്യക്തിത്വവികാസവും ജീവിതത്തിൽ പ്രവേശിക്കാനുള്ള പ്രാപ്തിയും മൂല്യങ്ങളും ഒരു വ്യക്തി ഇക്കാലത്ത് നേടിയിരുന്നു. ബൗദ്ധികമായും ശാരീരികമായും സദാചാരപരമായും സമ്പൂർണ്ണത നേടാനും ഇക്കാലം ഉപയോഗപ്പെടുത്തുന്നു. ബ്രഹ്മചാര്യാശ്രമത്തിനുശേഷം വീടും സമൂഹവുമായുള്ള ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് ജീവിതത്തിലേക്കു പ്രവേശിക്കുന്ന രണ്ടാമത്തെ അവസ്ഥയാണ് ഗൃഹസ്ഥാശ്രമം. വിവാഹം കഴിച്ചു കുടുംബമായി കഴിയുന്ന കാലമാണിത്. കുടുംബവുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളിൽ നിന്നും വിടുതൽ നേടുന്ന കാലമാണ് മൂന്നാമത്തെ അവസ്ഥയയാ വാനപ്രസ്ഥം. നാലാമത്തെയും അവസാനത്തെയും അവസ്ഥയായ സന്ന്യാസാശ്രമത്തിൽ വീടുവിട്ടിറങ്ങി ഭിക്ഷാംദേഹിയാകുന്നു. തന്റെ

കഴിഞ്ഞ കാലത്തിലെ ജയാപജയങ്ങൾ നോക്കിക്കാണുകയും ജീവിതത്തെപ്പറ്റിയുള്ള തത്ത്വശാസ്ത്രങ്ങൾ വികസിപ്പിക്കുകയും ചെയ്യുന്നത് ഇക്കാലത്താണ്. പഠനത്തിനായി സമയം വിനിയോഗിക്കുന്ന സന്ന്യാസി മാനുഷികമായ അറിവിന്റെ പ്രത്യക്ഷരൂപമായി നിലകൊള്ളുന്നു. ഒരു ഭാഗത്ത് ആത്മീയതയും മറുഭാഗത്ത് അദ്ധ്യാപനവും പ്രഭാഷണവും ജീവിതത്തിന്റെ ഭാഗമാക്കുന്നു സന്ന്യാസി (എച്ച്.എസ്.ശ്രീവാസ്തവ, 1999:20,21)[3]. ജ്ഞാനം കൊണ്ടും പ്രായംകൊണ്ടും വൃദ്ധരായവർക്കേ വാനപ്രസ്ഥരാകാനുള്ള യോഗ്യതയുണ്ടാകൂ എന്നു വി.കെ.നാരായണ ഭട്ടതിരി തന്റെ 'ആശ്രമധർമ്മങ്ങൾ' എന്ന ലേഖനത്തിൽ പറയുന്നു (1105:165) വർണ്ണാശ്രമം പാലിച്ചിരുന്ന ഒരുകാലത്ത് സമൂഹത്തിന്റെ ഉന്നതപദവികളിലും ജാതി ശ്രേണിയിലും ഉൾപ്പെട്ടവർ മാത്രമായിരുന്നു ഈ ചതുരാശ്രമങ്ങൾ ദീക്ഷിച്ചിരുന്നത്. സമൂഹത്തിലെ ഒരു ന്യൂനപക്ഷം പാലിച്ചിരുന്ന ഈ ദൃശ നിയമങ്ങൾ ഭൂരിപക്ഷത്തിന് ബാധകമായിരുന്നില്ല. ജീവിതക്രമം മാറിയപ്പോൾ ആശ്രമങ്ങളെല്ലാം വീടിനകത്തുതന്നെ ഒതുങ്ങുന്നതാണ് കാണുന്നത്. അണുകുടുംബ സങ്കല്പം വരുന്നതുവരെ അച്ഛനും അമ്മയും കുട്ടികളും മുത്തച്ഛനും മുത്തശ്ശിയും ഒരു വീട്ടിൽത്തന്നെ കഴിഞ്ഞുകൂടുന്നതാണ് കാണുന്നത്. വയസ്സായവർക്കുവേണ്ട പരിഗണനയും പ്രാധാന്യവും കൊടുക്കാൻ കൂട്ടുകുടുംബത്തിന് കഴിഞ്ഞിരുന്നു.

ലോകാരോഗ്യസംഘടന പ്രകാരം 45–59 വയസ്സുവരെയുള്ളവർ മധ്യ വയസ്കർ, 60–74 വയസ്സുവരെയുള്ളവർ പ്രായമായവർ, 75നു മുകളിലുള്ളവർ വൃദ്ധർ എന്നിങ്ങനെയാണ് പ്രായത്തിന്റെ ക്രമം (കൃഷ്ണാനന്ദ് സൻവാൾ, 2008:1)[4]. വികസിതരാജ്യങ്ങളിൽ കാലാനുസൃത പ്രായമായ 50–70 വരെ വാർദ്ധക്യത്തിന്റെ തുടക്കമായി പറയപ്പെടുന്നു. പല സന്ദർഭങ്ങളിലും വയസ്സിന്റെ ഈ നിർവ്വചനം അവ്യവസ്ഥിതമാണെങ്കിലും ഗവൺമെന്റിൽനിന്നുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി നിർവ്വചിക്കപ്പെട്ടിട്ടുള്ളതാകുന്നു. 1875–ലെ ഫ്രണ്ട്ലി സൊസൈറ്റീസ് ആക്ടി(Friendly Societies Act)ലാണ്

വാർദ്ധക്യത്തെ 50-നു മുകളിലുള്ള ഏതു വയസ്സും എന്ന് ആദ്യമായി നിർവ്വചിച്ചത് എന്ന് ക്രിസ്റ്റീന ആർ.വിക്ടർ ഉദ്ധരിക്കുന്നുണ്ട് (2010:7)[5]. എന്നാൽ സമീപകാലത്ത് പ്രായത്തിന്റെ അടിസ്ഥാനത്തിൽ 50-60 പ്രായക്കാരെ നവവൃദ്ധർ, 70നു മുകളിൽ പടു വൃദ്ധന്മാർ എന്ന് തിരിച്ചിട്ടുള്ളതായി ജേക്കബ്ബ് റോയ് 'വാർദ്ധക്യത്തെ വരവേൽക്കാം' എന്ന തന്റെ ലേഖനത്തിൽ പരാമർശിക്കുന്നുണ്ട് (2008:69) ദേശം, കാലാവസ്ഥ, വിഭിന്ന സാമൂഹിക-സാംസ്കാരികാവസ്ഥകൾ എന്നിവയ്ക്ക്നുസരിച്ച് പ്രായമാകലിന്റെ കണക്ക് വ്യത്യസ്തമായിരിക്കുന്നു. ഇപ്രകാരം കൃത്യതയില്ലാത്തതും അവ്യവസ്ഥിതമായതും ആയ ഒന്നായതുകൊണ്ടാണ് വാർദ്ധക്യം ഒരു സങ്കല്പനമാണെന്ന് ഇവിടെ പറയുന്ന ത്. മാത്രമല്ല ശരീരത്തെയും മനസ്സിനെയും ആശ്രയിച്ചും പ്രായം വ്യത്യസ്തമാകുന്നു. ഈ ആപേക്ഷികത്വം വ്യക്തികൾ ജീവിക്കുന്ന കാലം, സ്ഥലം എന്നിവയ്ക്കനുസരിച്ച് സംഭവിക്കുന്നതാകയാൽ വാർദ്ധക്യമെന്നത് സാമൂഹികമെന്നപോലെ സാംസ്കാരിക വുമായ സങ്കല്പനമാണെന്നു കരുതേണ്ടിയിരിക്കുന്നു.

പ്രായമാകൽ ശരീരത്തെയും മനസ്സിനെയും ബാധിക്കുന്ന സ്വാഭാവിക യാഥാർത്ഥ്യ മാണ്. അങ്ങനെ നോക്കുമ്പോൾ വാർദ്ധക്യം നാലുതരത്തിൽ അനുഭവപ്പെടുന്നതായി കാണാം. കാലാനുസൃതമായ വാർദ്ധക്യം (Chronological Ageing), ജീവശാസ്ത്രപരമായ വാർദ്ധക്യം (Biological Ageing), മനഃശാസ്ത്രപരമായ വാർദ്ധക്യം (Psychological Ageing), സാമൂഹികമായ വാർദ്ധക്യം (Sociological Ageing) എന്നിവയാണവ. 'സോഷ്യൽ ജെറന്റോളജി എ മൾട്ടിഡിസിപ്ലിനറി പെർസ്പെക്റ്റീവ്' എന്ന ഗ്രന്ഥത്തിൽ നാൻസി ആർ ഹൂയ്മാനും എച്ച്. ആസുമാൻ കിയാക്കും ഇക്കാര്യം പറയുന്നുണ്ട്. (2011:5) ഇതിന്റെ വിശദീകരണം താഴെ കൊടുക്കുന്നു:

***ക. കാലാനുസൃതമായ വാർദ്ധക്യം*** (Chronological Ageing): ഒരു വ്യക്തി ജനിച്ചതു മുതലുള്ള വർഷങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. അതായത് 75 വയസ്സുള്ള വ്യക്തി

കാലാനുസൃതമായി (chronologically) 45 വയസ്സുള്ള വ്യക്തിയേക്കാൾ പ്രായമുള്ളവനാണ്. ഇതു ഒരു വ്യക്തിയുടെ ജീവശാസ്ത്രപരമോ ശാരീരികമോ മനഃശാസ്ത്രപരമോ സാമൂഹികമോ ആയ പ്രായവുമായി ബന്ധപ്പെട്ടിരിക്കണമെന്ന് നിർബന്ധമില്ല.

***ഖ. ജീവശാസ്ത്രപരമായ വാർദ്ധക്യം*** (Biological Ageing): ഇത് ലക്ഷ്യമാക്കുന്നത് ശാരീരികമായ മാറ്റങ്ങൾ, അതായത് ശാരീരികാവയവങ്ങളുടെ പ്രവർത്തനക്ഷമതയിലുണ്ടാകുന്ന കുറവുമൂലം ശരീരത്തിനുണ്ടാകുന്ന വ്യത്യാസങ്ങളാണ്. ശ്വാസകോശം, ഹൃദയം, രക്തക്കുഴൽ മുതലായ അവയവങ്ങളുടെ പ്രവർത്തനക്ഷമതക്കുറവിനെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ശരീരത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനം പരിശോധിച്ച് ഈ വാർദ്ധക്യത്തെ മനസ്സിലാക്കാവുന്നതാണ്.

***ഗ. മനഃശാസ്ത്രപരമായ വാർദ്ധക്യം*** (Psychological Ageing): ഇന്ദ്രിയങ്ങളിലും ഗ്രഹണശേഷിയിലും ബുദ്ധിവൈഭവത്തിലും വ്യക്തിത്വത്തിലും ഉണ്ടാവുന്ന മാറ്റങ്ങളാണ് മനഃശാസ്ത്രപരമായ വാർദ്ധക്യം. ഓർമ്മ, പഠിക്കാനുള്ള ശേഷി മുതലായവ ഇതിലാണ് വരുന്നത്.

***ഘ. സാമൂഹികമായ വാർദ്ധക്യം*** (Sociological Ageing): ഒരു വ്യക്തിക്ക് കുടുംബത്തോടും സുഹൃദ്ബന്ധത്തോടും, സാമ്പത്തികവും അല്ലാത്തതുമായ ബന്ധങ്ങളോടുമുള്ള അടുപ്പത്തിലും പങ്കിലുമുള്ള വ്യതിയാനങ്ങളെ കുറിക്കുന്നു. മതം, രാഷ്ട്രീയം മുതലായ സംഘടനാപ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങളും ഇതിൽപ്പെടുന്നു. (നാൻസി. ആർ ഹൂയ്മാൻ, എച്ച്. അസുമാൻ കിയാക്, 2011:5.)[6]

ഈ നാലവസ്ഥകളിലൂടെയുള്ള മുന്നേറ്റമാണ് വാർദ്ധക്യം. പ്രത്യക്ഷത്തിൽ കാണുന്ന ജരാനരകളും റിട്ടയർമെന്റ് പ്രായവുമാണ് വാർദ്ധക്യത്തെ വിലയിരുത്തുന്നതിനായി സമൂഹം പെട്ടെന്നുപയോഗിക്കുന്നത്. ശരീരം കൊണ്ട് പ്രായമായ ഒരാൾക്ക് മാനസികമായി യുവാവായിരിക്കാൻ ബുദ്ധിമുട്ടില്ല. അതേസമയം ശരീരം കൊണ്ട് ചെറുപ്പമായവർ

മാനസികമായി വൃദ്ധരാകാനും മതി. അതുപോലെ മാനസികമായി വൃദ്ധരായവരുടെ ശരീരത്തെ ഈ മാനസികാവസ്ഥ ബാധിക്കാനും സാദ്ധ്യതയുണ്ട്. ഇത്തരം അവസ്ഥ കളിലൂടെ കടന്നുപോകുന്നതുകൊണ്ട് വാർദ്ധക്യം ഒരു സങ്കൽപനമാകുന്നു.

മനഃശാസ്ത്രപരമായ അന്വേഷണം കൂടി ഉൾപ്പെടുന്നതുകൊണ്ട് സാമൂഹിക വാർദ്ധ ക്യവിജ്ഞാന(Social Gerontology)ത്തിനാണ് ഈ പഠനത്തിൽ പ്രാമുഖ്യം കൊടുക്കു ന്നത്. അതായത് ആളുകൾക്ക് വയസ്സാവുമ്പോൾ അവരുടെ സ്വഭാവം മാറുന്നു. സാമൂ ഹികമായ ഇടപെടലുകൾ മാറുന്നു. കൂടാതെ അവർ ചെയ്യുന്ന പ്രവൃത്തികളിലും മാറ്റം വരുന്നു.(http://www.angelfire.com.)[7] വൃദ്ധരുടെ മാനസികാവസ്ഥ സവിശേഷമാണ്. ചുറ്റു പാടുകളെ അവർ നിരീക്ഷിക്കുന്നത് അവരുടെ നിലനിൽപിന്റെ കൂടി ഭാഗമായിട്ടാണ്. വയസ്സാകുന്നതോടെ കുടുംബാംഗങ്ങളും സമൂഹവുമായും ഉള്ള ബന്ധത്തിന് ഉലച്ചിൽ വരാം. വരാതിരിക്കാം.

1954-ൽ എഡ്വേർഡ് ജെ സ്റ്റീഗ്ലിട്സ് (Edwerd J Stieglits) തന്റെ പുസ്തകമായ ജെറി യാട്രിക് മെഡിസിനിൽ (Geriyatric Medizin) ആദ്യമായി സോഷ്യൽ ജെറന്റോളജി (Social Geronotology) എന്ന പദം ഉപയോഗിച്ചു. അദ്ദേഹം ജെന്റോളജിയെ മൂന്നായി തിരി ച്ചു. ജെറിയാട്രിക് മെഡിസിൻ (Geriyatric Medizin), ബയോളജി ഓഫ് സിനിസെൻസ് (Biology of Sinescence), സോഷ്യൽ ജെന്റോളജി (Social Gerentolgoy) (അർവിന്ദ് കെ. ജോഷി 2006:7)[8]. 1954-ൽത്തന്നെ വാർദ്ധക്യശാസ്ത്രത്തിന്റെ മേഖലകളെ വിവരിക്കു മ്പോൾ ക്ലാർക്ക് ടിബ്ബിട്സ് (Clerk Tibbits) സോഷ്യൽ ജെറന്റോളജി (സാമൂഹിക വാർദ്ധ ക്യവിജ്ഞാനം) എന്ന പദം ഉപയോഗിക്കുകയുണ്ടായി. ഇതുകൊണ്ട് അദ്ദേഹം അർത്ഥ മാക്കിയത് സാമൂഹികവും സാംസ്കാരികവുമായ സാഹചര്യങ്ങളും അതിന്റെ ഫല ങ്ങളും എങ്ങനെ വാർദ്ധക്യം എന്ന പ്രക്രിയയെ സ്വാധീനിച്ചിരിക്കുന്നു എന്നാണ്. ഈ ശാസ്ത്രശാഖ വ്യത്യസ്ത സംസ്കാരങ്ങളിൽ വാർദ്ധക്യം എങ്ങനെയാണെന്നും ചരി

ത്രപരമായി അവഗണിക്കപ്പെട്ടതും പരിഗണിക്കപ്പെട്ടതുമായ സമൂഹങ്ങളിൽ എങ്ങനെയാണെന്നും പഠിക്കാൻതക്കവണ്ണം വികസിച്ചിരിക്കുന്നു (നാൻസി ആർ ഹൂയ്മാൻ, എച്ച് ആസുമാൻ കിയാക്, 2011:5)[9]

സോഷ്യൽ ജെറന്റോളജി സാമൂഹിക-സാംസ്കാരിക കാഴ്ചപ്പാടിലൂന്നി വാർദ്ധക്യത്തെ നോക്കിക്കാണാൻ തുടങ്ങിയിരിക്കുന്നു. (അർവിന്ദ് കെ. ജോഷി)[10]. ശാരീരിക, മാനസിക, സാമൂഹിക പ്രക്രിയകളുടെ ഉപോത്പന്നമാണ് വാർദ്ധക്യം എന്ന് അതേ ലേഖനത്തിൽ തുടർന്നു പറയുന്നുണ്ട്. (ടി.,പു. 23)

സാമൂഹികവാർദ്ധക്യവിജ്ഞാനവുമായി ബന്ധപ്പെട്ട ചില സിദ്ധാന്തങ്ങൾ കൃഷ്ണാനന്ദ സൻവാൾ രേഖപ്പെടുത്തിയിട്ടുണ്ട്. (2008:18,19) അവയിൽ ചിലത് താഴെ കൊടുക്കുന്നു:

*1. പ്രവർത്തനസിദ്ധാന്തം (Activity Theory)*

കൂടുതൽ ഊർജ്ജസ്വലരായ വ്യക്തികൾ ജീവിതത്തിൽ കൂടുതൽ സംതൃപ്തരായിരിക്കുന്നു.

*2. തുടർച്ചാസിദ്ധാന്തം (Continueity Theory)*

വൃദ്ധരാകുന്നവർ അവരുടെ ചെറുപ്പകാലത്ത് പഠിച്ച സ്വഭാവങ്ങളും വ്യക്തിത്വവും വാർദ്ധക്യത്തിലും തുടരുന്നതായിരിക്കും എന്ന കാഴ്ചപ്പാട്.

*3. കൊഗ്നിറ്റീവ് തിയറി (Cognitive Theory)*

വാർദ്ധക്യം വ്യക്തികളുടെ കാഴ്ചപ്പാടനുസരിച്ച് വ്യത്യസ്ഥമായിരിക്കും. അതായത് യഥാർത്ഥവയസ്സും മാനസികവുമായ വയസ്സും തമ്മിൽ പൊരുത്തമുണ്ടാവില്ല എന്ന കാഴ്ചപ്പാട്.

*4. ആധുനികീകരണ സിദ്ധാന്തം (Modernization Theory)*

വ്യവസായവൽക്കരണത്തിനു ശേഷവും യന്ത്രവൽക്കരണത്തിന്റെ വ്യാപനത്തിനു

ശേഷവും വൃദ്ധരുടെ പദവിക്ക് കുറവു വന്നു.

*5. രാഷ്ട്രീയ–സാമ്പത്തിക സിദ്ധാന്തം (Politicial-Economic Theory)*

വൃദ്ധരുടെ പദവിയും ധനാഗമമാർഗ്ഗങ്ങളും അവരെങ്ങനെ വൃദ്ധരാകുന്നു എന്നതും ഒരു സമൂഹഘടനയിൽ അവർക്കുള്ള സ്ഥാനത്തെ അടിസ്ഥാനമാക്കിയും കൂടാതെ അവരിരിക്കുന്ന സാമൂഹിക–രാഷ്ട്രീയ പരിസരത്തെ സ്വാധീനിക്കുന്ന സാമ്പത്തിക–രാഷ്ട്രീയ ശക്തികളെ ആസ്പദമാക്കിയും ആയിരിക്കും.

ഇതിൽനിന്നുതന്നെ സാമൂഹിക വാർദ്ധക്യവിജ്ഞാനം വൃദ്ധരെ സംബന്ധിച്ച് ഏറെ മുന്നോട്ടുപോയതായി മനസ്സിലാക്കാം. (കൃഷ്ണാനന്ദ് സൻവാൾ, 2008:18,19)[11]

ആക്ടിവിറ്റി സിദ്ധാന്തം (പ്രവർത്തന സിദ്ധാന്തം) അനുസരിച്ച് ഒരു വ്യക്തിയുടെ സാമൂഹിക കർത്തവ്യങ്ങൾ അയാളുടെ സ്വഭാവവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന് ഒരാൾ റിട്ടയർമെന്റു സമയത്ത് മറ്റു സാമൂഹിക കർത്തവ്യങ്ങൾ നിർവ്വഹിക്കുകയാണെങ്കിൽ റിട്ടയർമെന്റ് വലിയ പ്രശ്നം ഉണ്ടാക്കില്ല. (http://www.angelfire.com)

വൃദ്ധർ സാധാരണജീവിത സാഹചര്യങ്ങളെ നേരിടാൻ മുൻപ് ഉപയോഗിച്ചു ശീലിച്ച വിദ്യകൾ പ്രയോഗിക്കുന്നതാണ് കണ്ടിന്യൂവിറ്റി സിദ്ധാന്തം (തുടർച്ചാസിദ്ധാന്തം). ജനങ്ങൾ ജീവിതമാറ്റങ്ങളോട് എങ്ങനെ പ്രതികരിക്കുന്നു എന്നത് ഇവിടെ പ്രധാനമാണ്. ഭൂതകാലസംഭവങ്ങളെ അടിസ്ഥാനമാക്കി അവർ ഭാവി ആസൂത്രണം ചെയ്യുന്നു.(ടി).

വൃദ്ധജനങ്ങളുടെ വർദ്ധനവിൽ ഇന്ത്യ ലോകത്ത് രണ്ടാം സ്ഥാനത്തെത്തിയിരിക്കുന്നു. അറുപതിന്മേൽ പ്രായമുള്ളവരെ വൃദ്ധർ അഥവാ സീനിയർ സിറ്റിസൺ ആയി ഇവിടെ കണക്കാക്കുന്നു. അക്കാദമിക ഗവേഷണത്തിൽ റിട്ടയർമെന്റ് പ്രായമാണ് വാർദ്ധക്യാവസ്ഥയുടെ സൂചകമായിട്ടുള്ളത് (അർവിന്ദ് കെ.ജോഷി 2006:26). വാർദ്ധക്യ സങ്കല്പനത്തെ അനുഭവപരമായ വ്യത്യസ്തതലങ്ങളിൽ നോക്കിക്കാണാനാണ് ഇനി

ശ്രമിക്കുന്നത്.

## 1.2 വാർദ്ധക്യസങ്കല്പനം വിവിധ തലങ്ങളിൽ:

സമൂഹത്തിൽ വൃദ്ധജനങ്ങൾ പലതരം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. ഉദാഹരണത്തിന് വേണ്ടപ്പെട്ടവരിൽ നിന്നുള്ള അവഗണന, ഏകാന്തത, രോഗങ്ങൾ തുടങ്ങിയവ. ഇത്തരം അവസ്ഥകൾ വിശദീകരിക്കാനുള്ള ശ്രമമാണ് ഈ ഭാഗത്ത് നടത്തുന്നത്. വാർദ്ധക്യം ശരീരവും മനസ്സുമായി ബന്ധപ്പെട്ട ഒന്നായതുകൊണ്ട് അതേപ്പറ്റിയാണ് ആദ്യം പരാമർശിക്കുന്നത്.

### 1.2.1. ശാരീരികതലം:

വാർദ്ധക്യം ഒരു യാഥാർത്ഥ്യമായി അംഗീകരിക്കപ്പെടുന്നത് ബാഹ്യമായ ജരാനരകളും കാലാനുസൃതവയസ്സും കൊണ്ടാണ്. വാർദ്ധക്യം എന്ന യാഥാർത്ഥ്യം മനുഷ്യരിൽ പൊതുവെ ഭയം ജനിപ്പിക്കുന്നു. അറുപതുവയസ്സ് മനുഷ്യജീവിതത്തിലെ നാഴികക്കല്ലായിട്ടാണ് കേരളീയർ കണക്കാക്കുന്നത്. ഷഷ്ടിപൂർത്തി കൂടുതലും ആഘോഷിക്കുന്നത് അതുകൊണ്ടാണ്. ഒരു വൃദ്ധനു നൽകുന്ന പരിഗണന അതോടെ കിട്ടിത്തുടങ്ങുകയോ അതുവരെയില്ലാത്തവിധം അവഗണിക്കപ്പെടുകയോ ചെയ്യുന്നു. അതിനാൽ താൻ ഒരു വയസ്സനായെന്ന് അറുപതുകാരന് തോന്നുന്നു. അശീതിയും നവതിയും ആഘോഷിക്കുന്നവരും ശതാഭിഷിക്തരാവുന്നവരും ഉണ്ട്. വാർദ്ധക്യത്തെ എടുത്തുകാട്ടുന്ന ഇത്തരം ചടങ്ങുകൾ വൃദ്ധരുടെയുള്ളിൽ ഭയം വളർത്തുന്നുണ്ട്. പ്രവർത്തനശേഷിയും ഉത്സാഹവും നശിച്ച് ഏതാണ്ട് പരാശ്രയാവസ്ഥയിലാകുന്ന ഈ സ്ഥിതിവിശേഷം സാധാരണഗതിയിൽ ഒരു ജീവിക്കും ഒഴിവാക്കാനാവില്ല. ഇഷ്ടമല്ലെങ്കിലും എല്ലാവരും ഈ അവസ്ഥയിലേക്ക് നീങ്ങുന്നു (കെ. രാജു 1970:83)

ബാഹ്യമായ ശാരീരികമാറ്റങ്ങൾ വയസ്സാകുന്തോറും കൂടിവരുന്നതായി കാണാം. സൗന്ദര്യം കുറയുകയും ജരാനരകളും കഷണ്ടിയും ശരീരത്തെ വിരൂപമാക്കുകയും ആത്മവിശ്വാസക്കുറവ് സംഭവിക്കുകയും ചെയ്യുന്നു. ആർത്തവവിരാമം സ്ത്രീകളിൽ പല ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നു. ഈ ആരോഗ്യപ്രശ്നങ്ങൾ പലതും മാനസിക പ്രശ്നങ്ങളായി മാറുന്നുണ്ട്. ഇത്തരം ശാരീരിക-മാനസിക വ്യത്യാസങ്ങൾ പുരുഷന്മാരിൽ കാണാറില്ലെങ്കിലും ലൈംഗികമാറ്റങ്ങൾ അവരിലും കാണാറുണ്ട്. (മുരളീധരൻ മുല്ലമറ്റ, 2003:44) വാർദ്ധക്യത്തെ മറയ്ക്കാനുള്ള ശ്രമങ്ങൾ മനഃപൂർവ്വം തന്നെ നടത്താൻ സ്ത്രീ-പുരുഷന്മാർ തയ്യാറാവുന്നത് കാണാം വാർദ്ധക്യത്തിന്റെ ബാഹ്യചിഹ്നങ്ങൾ മൂടി വെയ്ക്കാൻ ബ്യൂട്ടി പാർലറുകൾ, ക്ലിനിക്കുകൾ, ഹെയർഫിറ്റിംഗ് സെന്ററുകൾ, കോസ്മെറ്റിക് സർജറികൾ തുടങ്ങിയവയെല്ലാം പരീക്ഷിക്കപ്പെടുന്നു.

വാർദ്ധക്യജന്യരോഗങ്ങളെ ആളുകൾ ഭയപ്പെടുന്നു. ക്രമേണയായി നഷ്ടപ്പെടുന്ന ആരോഗ്യവും ശരീരനിയന്ത്രണശേഷിയുടെ കുറവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ശാരീരികവും മാനസികവുമായ പല അസുഖങ്ങളും വന്നു ചേരുന്നു. എല്ലുകളുടെ ആരോഗ്യക്ഷയവും കാഴ്ചക്കുറവും കേൾവിക്കുറവും രുചിക്കുറവും വയസ്സായവരെ ഏറെ അലട്ടുന്നുണ്ട്. ആന്തരാവയവങ്ങളും വേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ല. ഞരമ്പുകളുടെ ജീർണ്ണതയും ചലന വൈകല്യങ്ങളും അപസ്മാര രോഗങ്ങളും മറവിരോഗവും വന്നു ചേരുന്നു. (കൃഷ്ണൻ ഇളയത്, 2007:13-19) പ്രഷർ, പ്രമേഹം, ആസ്ത്മ, നടുവേദന എന്നീ രോഗങ്ങൾക്കു പുറമേ ഭക്ഷണത്തോടുള്ള ആർത്തിയും അമിതഭക്ഷണവും ഉറക്കക്കൂടുതലും കോപത്തിന്റെ വർദ്ധനവും ചില വൃദ്ധരിൽ ഉണ്ടാകുന്ന ശാരീരിക മാറ്റങ്ങളാണ്. സ്ത്രീപുരുഷഭേദമെന്യേ ഇത്തരം രോഗങ്ങൾ പിടിപെടുന്നു. ഇത് വാർദ്ധക്യം എന്ന അവസ്ഥയുടെ യാഥാർത്ഥ്യത്തെയാണ് വെളിപ്പെടുത്തുന്നത്.

**1.2.2. വൈകാരികതലം**

ചലനാത്മകവും കടപ്പാടുനിറഞ്ഞതുമായ ഒരു ലോകത്തിൽനിന്നും നിഷ്ക്രിയത്വത്തിലേക്കുള്ള മാറ്റം മാനസികമായ പല പ്രശ്നങ്ങളും വൃദ്ധരിൽ ഉണ്ടാക്കുന്നുണ്ട്. തിരക്കേറിയ ജീവിതം നഷ്ടപ്പെടുന്നതോടെ പെൻഷൻ പറ്റിയ പലരും മാനസിക സംഘർഷങ്ങൾക്ക് അടിപ്പെടുന്നു. മറ്റുചിലർ വിഷാദരോഗികളാകുന്നു. ഇനിയൊന്നും ചെയ്യാനില്ലെന്ന തോന്നൽ അപകടകരമായ വിധം മനസ്സിനെയും ശരീരത്തെയും ബാധിക്കുന്നു. ഇത്തരക്കാർ വളരെ വേഗം വാർദ്ധക്യത്തിനു കീഴടങ്ങാനുള്ള സാധ്യത കൂടുതലാണ്. വീട്ടിലെ കാര്യങ്ങളെല്ലാം നോക്കി നടന്നിരുന്നവരെ ആർക്കും വിലയില്ലെന്ന ചിന്ത കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എല്ലാവരാലും വെറുക്കപ്പെടുന്നു എന്ന ചിന്ത തന്നെ സമ്മർദ്ദങ്ങൾക്ക് കാരണമാകുന്നു. ഇതെല്ലാം രോഗാവസ്ഥയിലെത്തിക്കുന്നു.

**1.2.2.1. മാനസികരോഗങ്ങൾ:**

വൃദ്ധരിൽ കാണുന്ന മാനസികരോഗങ്ങളെ ഞരമ്പുരോഗങ്ങൾ (Neuroses), ഉന്മാദരോഗങ്ങൾ (Phychoses) എന്നു രണ്ടായിത്തിരിക്കാം. ഉത്കണ്ഠ, ഹിസ്റ്റീരിയ, യുക്തിസഹജമല്ലാത്ത ഭയം (Phobia), വൈകാരിക വിക്ഷോഭങ്ങൾ, ലൈംഗികത്തകരാറുകൾ, വിവിധ മനോരോഗങ്ങൾ എന്നിവ ഞരമ്പുരോഗങ്ങളാണ്. ഉന്മാദ രോഗങ്ങളെ വൈകാരികോന്മാദങ്ങൾ, സ്കിസോഫ്രീനിയ (Schisophrenia) എന്നു രണ്ടായി വിഭജിക്കുന്നു. വൈകാരികോന്മാദത്തിൽ പ്രധാനം വിഷാദരോഗമാണ്. ഏകാന്തത, ഇണയുടേയും വേണ്ടപ്പെട്ടവരുടേയും മരണം, രോഗങ്ങൾ, അംഗവൈകല്യങ്ങൾ ഇവയെല്ലാം വിഷാദരോഗങ്ങൾക്ക് കാരണമാകുന്നു. അവശതയുമായി പൊരുത്തപ്പെടാനാകാതെ അസൂയയും അസംതൃപ്തിയുമായിക്കഴിയുന്നവരുണ്ട്. ആത്മനിന്ദ, അപകർഷതാബോധം,

മരണഭയം തുടങ്ങിയവയും വിഷാദത്തെ ഉറപ്പിക്കാൻ സഹായിക്കുന്നു. മറവിരോഗത്തെ അനുസ്മരിപ്പിക്കുന്ന സ്കിസോഫ്രീനിയ ബാധിച്ചവർ മിഥ്യാധാരണകളും ദർശനങ്ങളും മൂലം മറ്റുള്ളവരുടെ വെറുപ്പും വിദ്വേഷവും പിടിച്ചുപറ്റുന്നു എന്ന് കൃഷ്ണൻ ഇളയത് രേഖപ്പെടുത്തുന്നു. (2007:25-31)

**1.2.2.2. ആത്മഹത്യയും വൃദ്ധരും:**

വൃദ്ധരിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യാപ്രവണത ശ്രദ്ധേയമാണ്. മാനസികപ്രശ്നങ്ങളാണ് വൃദ്ധരെ ആത്മഹത്യയിലേക്ക് നയിക്കുന്നത്. കുടുംബനാഥൻ/കുടുംബനാഥ എന്ന പദവി നഷ്ടപ്പെടുന്നതും കുടുംബാംഗങ്ങളിൽ നിന്നുള്ള ശാരീരികവും മാനസികവുമായ പീഡനങ്ങളും വൃദ്ധരുടെ ആത്മഹത്യയ്ക്കുള്ള കാരണങ്ങളാണ്. 2007-ലെ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടേയും പോസ്റ്റുമോർട്ടങ്ങളുടെയും കണക്കനുസരിച്ച് സംസ്ഥാനത്ത് മൊത്തം നടക്കുന്ന ആത്മഹത്യയിൽ 20-30 ശതമാനം വയോജനങ്ങളാണെന്ന് മാതൃഭൂമി പത്രത്തിലെ ബീനാ ഗോവിന്ദ് റിപ്പോർട്ട് ചെയ്തിരുന്നു (ഒക്ടോബർ 11, 2007)

വൃദ്ധരുടെ ആത്മഹത്യ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. ഏകാകിത (Lonliness/Social Isolation) പ്രായത്തിന്റെ പ്രത്യേകതകൾ, രോഗങ്ങൾ, പരാശ്രയബോധം (Dependancy), വേണ്ടപ്പെട്ടവരുടെ വേർപാട്, സാമ്പത്തികഭാരം, അപകർഷതാബോധം, ആത്മനിന്ദ, മരണഭയം, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വികലമായ വ്യക്തിവളർച്ച തുടങ്ങിയവയാണ് പ്രധാനമായും വൃദ്ധജനങ്ങളെ ആത്മഹത്യക്ക് പ്രേരിപ്പിക്കുന്നതെന്നും ഇവയെ വാർദ്ധക്യത്തിന്റെ പ്രത്യേകതകളായി കണക്കാക്കണമെന്നും ചില മനഃശാസ്ത്രജ്ഞർ കരുതുന്നതായി കൃഷ്ണൻ ഇളയത് പരാമർശിക്കുന്നുണ്ട്. (2007: 43-46). സാമൂഹികവും വ്യക്തിപരവുമായ ഒറ്റപ്പെടലും വൃദ്ധരെ ആത്മഹത്യയി

ലേക്ക് നയിക്കുന്നു.

വിഷാദരോഗം മൂലം വൃദ്ധർ ആത്മഹത്യ ചെയ്യാനുള്ള സാദ്ധ്യത കൂടുതലാണ്. ആത്മഹത്യ ചെയ്യുന്നവരിൽ 17-20 ശതമാനം വൃദ്ധരും 65 വയസ്സിനു മുകളിലുള്ളവരാണ്. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളും സ്വയംപര്യാപ്തതയില്ലായ്മയും ജീവിതത്തോടുള്ള വിരക്തിയും സ്വത്ത് പെട്ടെന്ന് കൈമാറുന്നതുമൂലമുള്ള സങ്കടവും മേൽപ്പറഞ്ഞ കാരണങ്ങളെ കൂടാതെ വൃദ്ധരെ ആത്മഹത്യയിലേയ്ക്കു നയിക്കുന്നവയാണ് (നാൻസി ആർ.ഹൂയ്മാൻ, എച്ച്. ആസുമാൻ കിയാക് 2011:238)[12]

ബീനാ ഗേവിന്ദിന്റെ റിപ്പോർട്ട് കേരളത്തെ ആസ്പദമാക്കിയുള്ളതും നാൻസി ആർ. ഹൂയ്മാന്റെ അമേരിക്കയെ ആസ്പദമാക്കിയുള്ളതുമാണ്. വ്യത്യസ്തമായ രണ്ടു നാടുകളായിട്ടുപോലും വൃദ്ധരെ ആത്മഹത്യയിലേയ്ക്കു നയിക്കുന്ന കാരണങ്ങളിൽ കാണുന്ന സാദൃശ്യം ശ്രദ്ധേയമാണ്.

**1.2.2.3. മാനസികമായ വ്യത്യാസങ്ങൾ:**

വൃദ്ധരുടെ പ്രായോഗിക മനഃശാസ്ത്രത്തെപ്പറ്റി ചിന്തിക്കുന്ന അവസരത്തിൽ അവരുടെ പരിതാപകരമായ അവസ്ഥയ്ക്കു കാരണം അവരുടെ പ്രവൃത്തികൾ തന്നെയാണെന്ന് സുഗതൻ ചിറക്കര അഭിപ്രായപ്പെട്ടു കാണുന്നു (2011:55) വൃദ്ധരിൽ സ്വാർത്ഥതയും ത്യാഗമനോഭാവത്തിന്റെ അഭാവവും വർദ്ധിച്ചിട്ടുണ്ട്. വർദ്ധിച്ച ആഗ്രഹങ്ങൾ, മരണഭീതി, സുഖലോലുപത്വം, അസൂയ, പരദൂഷണം, പൊങ്ങച്ചം, സാമൂഹികപദവികൾ ഉപേക്ഷിക്കാനുള്ള മടി, മറ്റുള്ളവരുടെ ജീവിതത്തിലുള്ള കൈകടത്തലുകൾ എന്നിവയെല്ലാം വൃദ്ധവിഭാഗത്തിന്റെ മനോഗതികളും പ്രവൃത്തികളും അതിന്റെ ഫലങ്ങളുമാണെന്ന് അദ്ദേഹം തുടർന്നു പറയുന്നുണ്ട് (ടി. 55-59) സമകാലികലോകത്തിലെ വൃദ്ധരെപ്പറ്റിയുള്ള പരാമർശമാണിത്. ഞരമ്പുരോഗങ്ങളും ലൈംഗികമായ താൽപര്യവും

താൽപര്യക്കുറവും മാനസികലോകവുമായി ബന്ധപ്പെട്ടതാണ്. ഇത്തരം അവസ്ഥകൾ വിശകലനം ചെയ്യാൻ മനഃശാസ്ത്രപരമായ സമീപനം ആവശ്യമാണ്.

**1.2.2.4. വാർദ്ധക്യ ലൈംഗികത:**

വൃദ്ധരുടെ ലൈംഗികജീവിതം ശ്രദ്ധേയമായ ഒന്നാണ്. വൃദ്ധരെപ്പറ്റി പഠിക്കുന്നവരെല്ലാം സവിശേഷമായി നിരീക്ഷിച്ചിട്ടുള്ള ഒന്നാണത്. വേഴ്ച(sex)യും ലൈംഗികത(sexuality)യും വ്യത്യസ്തമാണന്ന് നാൻസി ആർ. ഹൂയ്മാനും എച്ച്. ആസുമാൻകിയാക്കും അഭിപ്രായപ്പെടുന്നു. (2011:277) ഒരു വ്യക്തിയുടെ സംസാരം, ചലനം, പ്രസരിപ്പ്, ജീവിതം ആസ്വദിക്കനുള്ള കഴിവ് എന്നിവ ലൈംഗികതയിൽ ഉൾപ്പെടുന്നതായിട്ടാണ് ഈ കൃതിയിൽ രേഖപ്പെടുത്തുന്നത്. ലൈംഗികതയിൽ ശാരീരിക, വൈകാരിക ബൗദ്ധിക, ആത്മീയ, സ്വഭാവ, സാമൂഹിക, സാംസ്കാരികമായിട്ടുള്ള ഘടകങ്ങളും അടങ്ങിയതായി ഇവിടെ അവകാശപ്പെട്ടുകാണുന്നു. അതുകൊണ്ടുതന്നെ വിശാലമായ ഒരു മാനം ലൈംഗികതയ്ക്ക് ഉണ്ടെന്ന് പറയാം. വാർദ്ധക്യത്തിലെ ലൈംഗികസ്വഭാവത്തെ ചില കാര്യങ്ങൾ സ്വാധീനിക്കുന്നതായി 'സോഷ്യൽ ജെറന്റോളജി'യിൽ രേഖപ്പെടുത്തിയിട്ടുള്ളത് താഴെ പറയുന്നു.

1. വാർദ്ധക്യത്തോടനുബന്ധിച്ചുള്ള ശാരീരികമായ മാറ്റങ്ങൾ
2. ഒരു വ്യക്തിയുടെ വ്യക്തിപരമായ ലൈംഗികചരിത്രം, അഹംബോധം (self concept) ആത്മാഭിമാനം (self esteem)
3. ഒരു വ്യക്തിയുടെ ലൈംഗിക ആഭിമുഖ്യം
4. ലൈംഗികാനുഭവത്തെ ഒരാൾ മാനസികമായി എങ്ങനെ എടുക്കുന്നു എന്നത്.
5. വിട്ടു മാറാത്ത രോഗം, ശാരീരികക്ഷമത, പ്രവർത്തിക്കാനുള്ള കഴിവ്.
6. ശാരീരികവും സാമൂഹികവുമായിട്ടുള്ള പരിതഃസ്ഥിതി. ജീവിക്കുന്ന ചുറ്റുപാട്,

ലൈംഗികപങ്കാളിയുടെ ലഭ്യത, കൂടാതെ ഇടപഴകാനുള്ള സാഹചര്യം.

7. മറ്റുള്ളവരുടെ മനോഭാവവും നിലവിലുള്ള രീതികളും (ഉദാ: കുടുംബം, ആരോഗ്യപരിരക്ഷ നൽകുന്നവർ, ദീർഘകാലം സംരക്ഷിക്കുന്ന ജോലിക്കാർ) (നാൻസി ആർ ഹൂയ്മാൻ 2011:276, 277)[13]

മേൽ വിവരിച്ചതിൽ നിന്ന് വളരെ സങ്കീർണ്ണവും സൂക്ഷ്മവുമായ ഒന്നാണ് വാർദ്ധക്യലൈംഗികത എന്നു വ്യക്തമാകുന്നു. ഓരോ വ്യക്തിയും വ്യത്യസ്തലൈംഗികതയുടെ ഉടമയായിരിക്കും. ഈ വ്യക്തിവ്യത്യാസം അവരുടെ വാർദ്ധക്യകാല സ്വഭാവത്തിൽ സ്വാധീനം ചെലുത്തുകയും ചെയ്യും എന്ന വസ്തുതയാണ് ഇവിടെ തെളിയുന്നത്.

**1.2.2.5. ഏകാന്തത:**

വൃദ്ധർ അനുഭവിക്കുന്ന വേദനാജനകമായ ഒരു അവസ്ഥാവിശേഷമാണ് ഏകാന്തത. പൊതുവിൽ തന്റെ പ്രായത്തിലുള്ള സുഹൃത്തുക്കളും കുടുംബാംഗങ്ങളും ഇല്ലാതെയാകുന്ന വൃദ്ധരിലാണ് കൂടുതൽ ഏകാന്തത (Lonliness) കാണുന്നത്. എന്നിരുന്നാലും എല്ലാ വൃദ്ധർക്കും ഏകാന്തത അനുഭവപ്പെടണമെന്നില്ല. ശാരീരികമായി പ്രവർത്തനനിരതരായിട്ടുള്ളവരും തങ്ങളുടെ സാമൂഹികബന്ധങ്ങൾ വലുതാക്കാൻ ശ്രമിക്കുന്നവരും ആയ വൃദ്ധർക്ക് ഏകാന്തത അനുഭവപ്പെട്ടേയ്ക്കില്ല. അതുപോലെത്തന്നെ സമൂഹത്തിൽ പുതിയ സ്ഥാനമാനങ്ങൾ (role) ഏറ്റെടുക്കുന്നവർക്കും അല്ലെങ്കിൽ പുതിയ സ്ഥാനമാനങ്ങളിൽ വ്യാപൃതരായവർക്കും ഏകാന്തത അനുഭവപ്പെടില്ലെന്നു കാണുന്നു. (എസ്. ശിവ രാജു 2014:190)[14]

**1.2.2.6. വൃദ്ധരുടെ മാനസികാരോഗ്യം:**

വൃദ്ധരുടെ മാനസികാരോഗ്യം പ്രധാനഘടകമാണ്. സാധാരണയായി വയസ്സായ

വർ മാനസികവിഷമങ്ങളിൽ നിന്ന് സ്വതന്ത്രമായിരിക്കേണ്ടതാണെന്നാണു കരുതപ്പെടുന്നത് എന്ന് പ്രായമായവരെപ്പറ്റിയുള്ള പഠനങ്ങൾ മുൻനിർത്തി എസ്.ശിവരാജു അഭിപ്രായപ്പെട്ടു കാണുന്നു. എന്തുകൊണ്ടെന്നാൽ ജീവിതത്തിൽ ചെയ്യാനുള്ള കാര്യങ്ങളെല്ലാം ചെയ്തുകഴിഞ്ഞു. എന്നാൽ പൂർത്തീകരിക്കപ്പെടാത്ത കുടുംബച്ചുമതലകളായ കുട്ടികളുടെ വിദ്യാഭ്യാസം, പെൺമക്കളുടെ വിവാഹം മുതലായ കാര്യങ്ങൾ മാനസികവിഷമതകൾക്ക് കാരണമാകുന്നു. സാധാരണയായി ദരിദ്രർക്ക് സാമ്പത്തികമായ താങ്ങ് ആവശ്യത്തിനില്ലായ്മ, അനാരോഗ്യം, അസൗകര്യങ്ങളോടുകൂടിയ ജീവിതപരിസരം, ബഹുമാനക്കുറവ്, പൂർത്തിയാക്കാത്ത കുടുംബച്ചുമതലകൾ, വിനോദത്തിനുള്ള സൗകര്യക്കുറവ്, സമയം ചെലവഴിക്കാനുള്ള ബുദ്ധിമുട്ട് എന്നിവയാണ് കാണുന്നത് എന്ന് അദ്ദേഹം തുടർന്നു പറയുന്നു (ടി.:197, 198)[15] ദരിദ്രരുടെ വാർദ്ധക്യാനുഭവം താരതമ്യേന വർദ്ധിച്ച ക്ലേശത്തോടുകൂടിയതായിരിക്കുമെന്ന് ഈ പഠനം വ്യക്തമാക്കുന്നു.

**1.2.3. സാമൂഹികതലം:**

വൃദ്ധരുടെ സ്ഥാനത്തിനു സംഭവിച്ച വ്യതിയാനങ്ങൾ മനസ്സിലാക്കാൻ കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക മേഖലകളിൽ കാലാകാലങ്ങളിൽ സംഭവിച്ച മാറ്റങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. നൂറുവരെ ആയുസ്സുണ്ടായിരുന്നെന്നു വിശ്വസിക്കപ്പെട്ടിരുന്ന ഒരു കാലത്ത് വാർദ്ധകൃത്തിനു വലിയ സ്ഥാനം ലഭിച്ചിരിക്കാം. ഇന്ന് അത് പ്രായോഗികമല്ല.

എട്ടാം നൂറ്റാണ്ടിൽ കേരളത്തിൽ കുടിയേറിയതെന്നു കരുതുന്ന നമ്പൂതിരിമാരാണ് ചാതുർവർണ്ണ്യവ്യവസ്ഥിതിയുടെ സമ്പ്രദായത്തിൽ ഇവിടുത്തെ അയഞ്ഞ ജാതിസമ്പ്രദായം പരിഷ്കരിച്ചത് എന്നും അതോടെ സമൂഹത്തിനു സമഭാവന നഷ്ടപ്പെട്ടു എന്നും 'ജാതി വ്യവസ്ഥ കേരളത്തിൽ' എന്ന ലേഖനത്തിൽ പി.കെ.ഗോപാലകൃഷ്ണൻ

അഭിപ്രായപ്പെട്ടു കാണുന്നു (ശ്രീകുമാർ എ.വി., എഡി., 1997: 32-33) അടിസ്ഥാന സമ്പദ്കേന്ദ്രങ്ങളായ കൃഷിയിടങ്ങളിലുള്ള അവകാശം അവരെ സാമ്പത്തികശക്തികളാക്കി മാറ്റി. ജന്മിസമ്പ്രദായം ഉടലെടുത്തു. (പി.കെ.ബാലകൃഷ്ണൻ, 2008:239) വാർദ്ധക്യസങ്കല്പനത്തെക്കുറിച്ച് പഠിക്കുമ്പോഴും ജന്മി സമ്പ്രദായം കേരളത്തിന്റെ ചരിത്രഗതിയിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

**1.2.3.1. ജന്മിസമ്പ്രദായം:**

ഭൂമിയുടെ ഉടമസ്ഥതയെ ആധാരമാക്കി കാർഷികസമ്പദ് വ്യവസ്ഥയിൽ നിലനിന്നിരുന്ന സമൂഹഘടനയാണ് ജന്മിത്തം. ഈ ഭൂമിയിൽ പണിയെടുക്കുന്നവർ ഉത്പാദിപ്പിക്കുന്ന വിളവിന്റെ നിശ്ചിത അംശം ജന്മിക്കു കൊടുക്കേണ്ടതുണ്ട്. ഇതാണ് ജന്മിസമ്പ്രദായം എന്ന് എസ്.കെ.വസന്തൻ രേഖപ്പെടുത്തുന്നു. (2006:82, 83)[16] നമ്പൂതിരിജന്മം, ദേവസ്വംജന്മം, നാടുവാഴി മാടമ്പിമാരുടേതായ ചേരിക്കൽ ജന്മം ഇങ്ങനെയാണ് കേരളത്തിലെ ഭൂമിയത്രയും വിഭജിക്കപ്പെട്ടിരുന്നത് (പി.കെ.ബാലകൃഷ്ണൻ, 1997: 34)[17] ഈ ഭൂമികളിൽ സാധാരണക്കാർ അടിയാനോ കുടിയാനോ ആയി പണിയെടുത്തു എല്ലാ ജനവിഭാഗങ്ങളിലും മുതിർന്ന പുരുഷനായിരുന്നു കാരണവർ. ജന്മി കുടുംബങ്ങളിലെ കാരണവരുടെ അധികാരം സ്വാഭാവികമായും കൃഷിസ്ഥലത്തേക്കും വ്യാപിച്ചിരുന്നു. ജന്മിസമ്പ്രദായത്തിനെതിരെ നിരവധി സമരങ്ങൾ നടന്നു. കാലാകാലങ്ങളിൽ വന്ന ഭൂപരിഷ്കാരങ്ങൾ മാറ്റങ്ങൾ കൊണ്ടുവന്നു. 1963ലെ പരിഷ്കാരത്തോടെ ജന്മിസമ്പ്രദായം ഇല്ലാതായി. 1957, 1959, 1963, 1969 കാലഘട്ടങ്ങളിൽ മാറ്റങ്ങളോടെ കേരളഭൂപരിഷ്കരണനിയമം നടപ്പിൽ വരുകയുണ്ടായി എന്ന് പി.കെ.ഗോപാലകൃഷ്ണൻ അഭിപ്രായപ്പെടുന്നു. (2000:568)

**1.2.3.2. മരുമക്കത്തായവും കൂട്ടുകുടുംബ വ്യവസ്ഥിതിയും:**

ആൺകോയ്മയിലധിഷ്ഠിതമായ സവർണ്ണരുടെ ആധിപത്യമാണ് ആദികാലം മുതലേ ഇന്ത്യയിൽ നിലനിന്നിരുന്നതെന്ന് ഗീത അഭിപ്രായപ്പെടുന്നു (2006:87).[18] കുടുംബജീവിതത്തെ സംബന്ധിക്കുന്ന പൊതുവായ ഇന്ത്യൻ അവസ്ഥ തന്നെയാണ് കേരളവും പങ്കിടുന്നതെന്നും അവർ തുടർന്നു പറയുന്നുണ്ട്(ടി). മലയാളിയുടെ സാമൂഹിക ജീവിതത്തിൽ മാറിവന്ന ദായക്രമങ്ങളെപ്പറ്റിയുള്ള ഗീതയുടെ അടയാളപ്പെടുത്താൻ ശ്രദ്ധേയമാണ്.

*ദായക്രമങ്ങൾ മാറിവന്ന കേരളത്തിലെ കുടുംബജീവിതത്തിന്റെ ഒരു സവിശേഷതയാണ്. മലനാട്ടിലെ ഗിരിവർഗ്ഗക്കാർക്കിടയിൽ മാതൃപാരമ്പര്യവും ദേവീപൂജയും നിലനിൽക്കുന്നതായി പറയപ്പെടുന്നു. ഇവിടത്തെ ഗോത്രസമൂഹത്തിൽ ഭൂരിഭാഗവും പെൺവഴി അവകാശക്രമം നില നിന്നിരുന്നുവെന്ന അഭിപ്രായം ഇതിനുപോൽ(?)ബലകമാണ്. മക്കത്തായികളും മരുമക്കത്തായികളും കൂട്ടുകുടുംബ വ്യവയസ്ഥകളിൽ ജീവിച്ചുപോന്ന സമ്പ്രദായമായിരുന്നു കേരളത്തിന്റേത്. മക്കത്തായത്തിൽ അച്ഛനും ആൺമക്കളും ഒന്നിച്ചൊരു വീട്ടിൽ പാർത്തു. മരുമക്കത്തായത്തിൽ അമ്മയും മക്കളും ഒന്നിച്ചു പാർത്തു. അച്ഛന് അവിടെ വലിയ സ്ഥാനമില്ല. (ടി:89)*

ഏതു ക്രമത്തിലായാലും കുടുംബത്തിലെ പരമാധികാരി പുരുഷനായിരുന്നു.

മരുമക്കത്തായം എന്നു തുടങ്ങി എവിടെത്തുടങ്ങി എന്നതിനെപ്പറ്റി കൃത്യമായ അറിവില്ല. പരിഷ്കൃതസമൂഹം ഉപേക്ഷിക്കാത്ത ഒരു ഗോത്രാചാരമാണ് മരുമക്കത്തായമെന്നും അതിന് ചരിത്രാതീതപാരമ്പര്യമുണ്ടെന്ന അഭിപ്രായത്തെ താൻ പിന്തുണയ്ക്കുന്നുണ്ടെന്നും കെ.ടി.രവിവർമ്മ അഭിപ്രായപ്പെടുന്നു. (2004:x). മരുമക്കത്തായത്തിൽ അമ്മാവൻ കുടുംബനാഥനും കാരണവരുമാണ്. അയാൾ സ്വന്തം മക്കളേക്കാൾ സഹോ

ദരീഭാഗിനേയിമാരെയും അവരുടെ മക്കളേയും പരിപാലിക്കുന്നു. മക്കത്തായത്തിൽ അച്ഛന്റെ സ്വത്തിനവകാശം മക്കൾക്കാണ്. സംബന്ധസമ്പ്രദായത്തിൽ ജനിച്ച മരുമക്കത്തായത്തിലെ കുട്ടികൾക്ക് അച്ഛന്റെ സ്വത്തിൽ അവകാശമുണ്ടായിരുന്നില്ല എന്നാൽ സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക പരിഗണനയും അവകാശവും സ്വാതന്ത്ര്യവും ലഭിച്ചിരുന്നു എന്നത് ശ്രദ്ധേയമാണ്. ഇതേപ്പറ്റി സ്ത്രീവാദപരമായ പുനർവിചിന്തനങ്ങൾ പലതും നടന്നിട്ടുണ്ട്.

കേരളത്തിൽ ക്ഷത്രിയ-അന്തരാളജാതിക്കാരും നായർസമുദായവും മരുമക്കത്തായികളാണ്. മറ്റു ചില സമുദായങ്ങൾ മക്കത്തായവും മരുമക്കത്തായവും മാറിമാറി സ്വീകരിച്ചു കാണുന്നുണ്ട്. മരുമക്കത്തായികൾ കൂട്ടുകുടുംബമായി നിലകൊണ്ടു. എല്ലാ അംഗങ്ങളുടെയും വരുമാനം തറവാട്ടിൽ ചേരുന്ന സമ്പ്രദായമായിരുന്നു ആദ്യമുണ്ടായിരുന്നത്. കുടുംബാംഗങ്ങളുടെ വിവാഹം, തറവാട്ടിലെ അവകാശം തുടങ്ങിയവയിൽ കാരണവരുടെ തന്നിഷ്ടം മാത്രം മാനദണ്ഡമായിരുന്നു എന്ന് ജോർജ്ജ് ഇരുമ്പയം അഭിപ്രായപ്പെട്ടു കാണുന്നു (1984:232) അതേസമയം കുടുംബസ്വത്ത് പൊതുസ്വത്തായി കണ്ട് എല്ലാവരും അതു വർദ്ധിപ്പിക്കാൻ നോക്കുകയും തറവാട്ടുകാരണവർ വേണ്ടതുപോലെ അതു സൂക്ഷിച്ച് കുടുംബത്തിന്റെ സുഖത്തിനും അഭിവൃദ്ധിക്കും വേണ്ടി വിനിയോഗിക്കുകയും ചെയ്യുന്ന സമ്പ്രദായം കൂടിയായിരുന്നു മരുമക്കത്തായം (തോട്ടക്കാട്ട് ഭാരതിയമ്മ, കൊ.വ.1106:192)

കാലക്രമത്തിൽ കാരണവർ സ്വന്തം ഭാര്യയേയും മക്കളേയും കൂടുതലായി സ്നേഹിക്കാനും തറവാട്ടിലെ സ്വത്ത് അവർക്കായി നൽകാനും തുടങ്ങിയത് കൂട്ടുകുടംബത്തിലെ കെട്ടുറപ്പില്ലാതാക്കി. ഈ യാഥാർത്ഥ്യം പല എഴുത്തുകാരെയും സ്വാധീനിച്ചിട്ടുണ്ട്. ബ്രിട്ടീഷാധിപത്യത്തിന്റേയും പാശ്ചാത്യ വിദ്യാഭ്യാസത്തിന്റേയും ഫലമായിട്ട് സമൂഹത്തിലുണ്ടായ മാറ്റമാണ് മരുമക്കത്തായത്തിന്റെ തകർച്ചക്കു പിന്നിലെന്ന് പി.വി.കൃഷ്ണ

വാരിയർ അഭിപ്രായപ്പെടുന്നു. (1985:174-76)[19] ഇതു ശരിവയ്ക്കുന്ന കൃതിയാണ് ഒ.ച ന്തുമേനോന്റെ 'ഇന്ദുലേഖ' (1889). 1925ലെ നായർ ആക്ട് മൂലം മരുമക്കത്തായം ഇല്ലാ തായി. തുടർന്നുവന്ന നിയമങ്ങൾ ആളോഹരിഭാഗത്തെ അംഗീകരിക്കുകയും സ്വാർജ്ജി തസ്വത്തിൽ ഭാര്യയ്ക്കും മക്കൾക്കും അവകാശം വ്യവസ്ഥപ്പെടുകയും ചെയ്തതായി എസ്.കെ.വസന്തൻ തന്റെ കേരള സംസ്കാര ചരിത്രനിഘണ്ടുവിൽ രേഖപ്പെടുത്തുന്നു (2005:280)[20]

കൂട്ടുകുടുംബസമ്പ്രദായം മക്കത്തായികൾക്കിടയിലുണ്ടായിരുന്നത് മരുമക്കത്തായി കൾക്കിടയിലുണ്ടായിരുന്നതുപോലെ ശക്തമായിരുന്നില്ല. സമൂഹത്തിന്റെ മേലെത്തട്ടിൽ കാരണവർ ഉമ്മറത്തിരുന്ന് കുടുംബഭരണം നടത്തിയപ്പോൾ, താഴെത്തട്ടിൽ കാരണവ സ്ഥാനീയന് ഉപജീവനാർത്ഥം പണിക്കു പോകേണ്ടിയിരുന്നു. അവർക്കിടയിലും കാര ണവരായ പ്രായമേറിയവർ ബഹുമാനിക്കപ്പെട്ടു. നാഗവള്ളി ആർ എസ് കുറുപ്പിന്റെ കഥകളിൽ ദളിതരായ വൃദ്ധകഥാപാത്രങ്ങൾ ചിത്രീകരിക്കപ്പെട്ടിരിക്കുന്നത് ഇതിനുദാ ഹരണമാണ്.

ആദിവാസി ഗോത്രസമൂഹങ്ങളിൽ പ്രായം കൂടിയ ആൾ ഊരുമൂപ്പനാണ്. ഗോത്രാ ചാരങ്ങളിൽ മൂപ്പിളമക്ക് അർഹമായ സ്ഥാനം ലഭിക്കുന്നുണ്ടെങ്കിലും മറ്റു ജാതി-മത വിഭാഗങ്ങളിൽ കാലക്രമേണ ഈ ആദരണീയസ്ഥാനത്തിന് ഇടിവു തട്ടുന്നതായാണ് കാണുന്നത്. കുടുംബവ്യവസ്ഥിതിയിൽ വന്ന മാറ്റം ഇതിനുള്ള പ്രബലമായ കാരണ മായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

**1.2.3.3. അണുകുടുംബ വ്യവസ്ഥ:**

പിന്തുടർച്ചാവകാശം ഉറപ്പാക്കിക്കൊണ്ടുള്ള നിയമങ്ങൾ മലയാളിയുടെ ചരിത്രത്തിന്റെ ഭാഗമാണ്. അണുകുടുംബത്തിന്റെ വരവ് ഈ നിയമങ്ങൾ ശക്തിപ്പെടുത്തി.

*1912ലെ തിരുവിതാംകൂർ നായർ ആക്ട് നായർ തറവാടുകൾ താവഴി തിരിച്ച് ഭാഗംവെയ്ക്കാൻ അനുവാദം നൽകുന്നതായിരുന്നു. 1925ൽ പാസ്സാക്കിയ രണ്ടാം നായർ ആക്ടാണ് ആളോഹരി വീതംവെപ്പിന് വ്യവസ്ഥ ചെയ്തത്. മരുമക്കൾക്ക് മാതുലന്മാരുടെ സ്വത്തിന്മേലുണ്ടായിരുന്ന അവകാശം ഇല്ലാതാക്കി... 1925ലെ ഈഴവ ആക്ടും 1926ലെ നാഞ്ചിനാട് വെള്ളാ ആക്ടും നായർ ആക്ടിലെ നിയമങ്ങളുൾക്കൊണ്ട് ദായക്രമത്തിൽ... പരിഷ്കാരങ്ങൾ വരുത്തി... 1920-21ലെ കൊച്ചി നായർ റഗുലേഷൻ കൊച്ചി രാജ്യത്തെ നായർ തറവാടുകളിലെ കാരണവരുടെ അധികാരങ്ങൾ നിയന്ത്രിക്കുകയും കൂട്ടുകുടുംബങ്ങൾ ഭാഗം വെയ്ക്കുന്നതിന് വ്യവസ്ഥകൾ ഏർപ്പെടുത്തുകയും ചെയ്തു... 1937-38ലെ കൊച്ചിൻ നായർ ആക്ട് മരുമക്കത്തായ സമ്പ്രദായത്തെ പൂർണ്ണമായും ഇല്ലാതാക്കി. തറവാടുസ്വത്തിൽ ആളോഹരി വിഹിതത്തിന് വ്യവസ്ഥ ചെയ്തു... 1933ലെ മദിരാശി മരുമക്കത്തായ ആക്ടാണ് മലബാറിൽ മക്കത്തായത്തിനും തറവാടുസ്വത്ത് ഭാഗം വെയ്ക്കുന്നതിനും നിയമസാധുത നൽകിയത്.... (എം.എൻ.വിജയൻ എഡി. 2000: 736,737)*

1958ലെ മദിരാശി മരുമക്കത്തായ നിയമഭേദഗതി വ്യക്തിക്ക് ഭാഗാവകാശം ഉറപ്പാക്കി. ആളോഹരി ഭാഗം വെച്ച് തറവാട് പിരിഞ്ഞ് അച്ഛനും അമ്മയും മക്കളും മാത്രമടങ്ങുന്ന കുടുംബങ്ങൾ രൂപപ്പെട്ടു. തറവാടിന്റെയും കാരണവരുടേയും നിശ്ചിതനിയന്ത്രണത്തിൽനിന്ന് വിട്ടുമാറി സ്വയംപര്യാപ്തതയിലേക്കും സാമ്പത്തികസ്വാതന്ത്ര്യത്തിലേക്കും അണുകുടുംബം നീങ്ങി.

കൂട്ടുകുടുംബതറവാട്ടു വ്യവസ്ഥിതിയിൽ പ്രായമായവർ മാത്രമല്ല, എല്ലാ അംഗങ്ങളും സംരക്ഷിക്കപ്പെട്ടിരുന്നു. കാരണവരുടെ അധികാരം വകവച്ചു കൊടുത്തിരുന്നു. അണു

കുടുംബത്തിൽ പ്രായമായ കാരണവർ എന്ന സങ്കല്പം തന്നെ ഇല്ലാതാവുന്നതാണ് കാണുന്നത്. അച്ഛനും അമ്മയും മക്കളും മാത്രമടങ്ങുന്ന ഒരു കുടുംബത്തിൽ പ്രായമായ അച്ഛനെയും അമ്മയെയും പരിചരിക്കൽ പല കാരണങ്ങളാൽ മക്കൾക്കു ബാധ്യതയാകുന്നു. കൂട്ടുകുടുംബത്തിൽ സുരക്ഷിതസ്ഥാനത്തിരുന്ന് കുടുംബം ഭരിച്ചവർ ഭരിക്കപ്പെടുന്ന അവസ്ഥയായി. ഈ ഘട്ടത്തിൽ അധികാരം, സുരക്ഷിതത്ത്വബോധം സാമ്പത്തിക സ്വാതന്ത്ര്യം ഇവയെല്ലാം വൃദ്ധജനങ്ങൾക്ക് നഷ്ടപ്പെടുന്നുണ്ട്.

കായികവും സാമ്പത്തികവുമായി പരാശ്രയം ആവശ്യമായി വരുന്ന ഘട്ടമാണ് വാർദ്ധക്യം. വയസ്സായവരുടെ പെരുമാറ്റം പലപ്പോഴും വീട്ടുകാർക്ക് ദുഃസഹമായി അനുഭവപ്പെടാറുണ്ട്. ബഹുഭൂരിപക്ഷം വൃദ്ധരും കുടുംബത്തിന്റെ സംരക്ഷണം ആഗ്രഹിക്കുന്നവരാണ്. കൂട്ടുകുടുംബവ്യവസ്ഥിതിയിൽ വേണ്ടത്ര പരിഗണന ലഭിച്ചിരുന്നവർക്ക് അണുകുടുംബവ്യവസ്ഥിതിയിൽ അതു ലഭിക്കാതായി.

### 1.2.3.4. സ്ത്രീകളുടെ സ്ഥാനം:

മരുമക്കത്തായത്തിൽ സ്ത്രീക്കുണ്ടെന്നവകാശപ്പെടുന്ന സ്ഥാനം ഒരു തെറ്റിദ്ധാരണയാണ് എന്നാണ് ഗീതയുടെ അഭിപ്രായം (2006:90)[21] മരുമക്കത്തായത്തിലും സ്ത്രീക്ക് വലിയ സ്ഥാനം ഉണ്ടായിരുന്നില്ല. പുതിയ തലമുറയെ ഉത്പാദിപ്പിക്കുക, സംരക്ഷിക്കുക, ഭക്ഷണം വച്ചുവിളമ്പുക, വീടും കുടുംബവും വേണ്ട രീതിയിൽ നോക്കി നടത്തുക തുടങ്ങിയ ചുമതലകളിൽ സ്ത്രീകൾ ഒതുങ്ങി. സ്വത്വത്തിന്റെ ഇടം എന്നു തിരിച്ചറിഞ്ഞിടത്തുനിന്ന് സ്ത്രീകൾ വിട്ടുനിൽക്കാൻ ആഗ്രഹിക്കുന്നില്ല എന്നതാണ് ഇതിനു കാരണം. സ്ത്രീക്ക് ബഹുമാന്യമായ സ്ഥാനമുണ്ടായിരുന്ന പഴയ ഭാരതീയ അവസ്ഥയിൽനിന്നു വിഭിന്നമാണിത്. വൃദ്ധകളാകുന്നതോടെ അവർ വൃദ്ധൻമാരേക്കാൾ അവഗണിക്കപ്പെടുന്നതാണ് കാണുന്നത്. പുരുഷനു താഴെയാണ് സ്ത്രീ എന്ന പരമ്പരാ

ഗത വിശ്വാസവും വൃദ്ധകൾക്ക് മാന്യമായ സ്ഥാനം കിട്ടാതാക്കി.

ലോകവ്യാപകമായി നോക്കുമ്പോൾ പുരുഷനേക്കാൾ കൂടുതൽ ആയുസ്സ് സ്ത്രീയ്ക്കാണ്. എണ്ണത്തിൽ കൂടുതൽ വൃദ്ധകളാണ് എന്ന അവസ്ഥയിൽ ഇതെത്തി നിൽക്കുന്നു. അതുകൊണ്ടുതന്നെ പ്രായം കൂടിയ സ്ത്രീകളാണ് കൂടുതൽ വിധവകളാകാനുള്ള സാദ്ധ്യത. കുറഞ്ഞ സാമ്പത്തികസുരക്ഷ, കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത, തൊഴിൽ വൈദഗ്ദ്ധ്യക്കുറവ്, മറ്റുള്ളവരെ കൂടുതൽ പരിരക്ഷിക്കേണ്ട ഉത്തരവാദിത്വം തുടങ്ങിയവ പുരുഷനെ അപേക്ഷിച്ച് സ്ത്രീയ്ക്കു കൂടുതലാണ്. (എസ്. ശിവ രാജു 2014:202)[22]

ജനസംഖ്യാടിസ്ഥാനത്തിലും സാംസ്കാരികമായും വരുമാനാടിസ്ഥാനത്തിലും സ്ത്രീ പുരുഷന്മാർക്ക് വ്യത്യാസമുള്ളതുകൊണ്ട് പ്രായമാകൽ സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ കൂടുതൽ വെല്ലുവിളിയാകുന്നു. കുടുംബത്തിനു പരിചരണം നൽകേണ്ട ചുമതലാഭാരം ഉള്ളതുകൊണ്ട് വാർദ്ധക്യം ആരോഗ്യപരമായും മാനസികമായും ക്ഷീണത്തിനു കാരണമാകുന്നു. സമകാലികലോകത്ത് ആയുസ്സു കൂടിയതു കാരണം വൃദ്ധകൾക്ക് അവരുടെ വൃദ്ധരായ മാതാക്കളെക്കൂടി സംരക്ഷിക്കേണ്ട ചുമതല വരുന്നു. (ടി:203)[23]

**1.2.3.4.1. വിധവകൾ:**

*"വീട്ടിൽ മക്കളോടോ മരുമക്കളോടോ മറ്റു ബന്ധുക്കളോടോ ഒപ്പം താമസിക്കുന്നവരും ഒന്നും ചെയ്യാനാകാത്തവരും സാമ്പത്തികമായി ഒന്നുമില്ലാത്തവരും ഏകരും വളരെ പ്രായമുള്ളവരുമായ വിധവകളാണ് ഉപദ്രവങ്ങൾക്ക് കൂടുതലും ഇരയാവുന്നത്"* എന്ന് ഇന്ത്യയിലെ വൃദ്ധരെപ്പറ്റിയുള്ള പഠനത്തിൽ എസ്.ശിവ രാജു ഉദ്ധരിക്കുന്നു (ടി:198)[24] പുരുഷന്മാരെ അപേക്ഷിച്ച് കൂടുതൽ സ്ത്രീകൾ ശാരീരികവും വാക്കുകൾ

കൊണ്ടുള്ളതുമായ ഉപദ്രവം സഹിക്കുന്നു. ശാരീരികവും മാനസികവുമായി അവശരായിട്ടുള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. സമ്പത്തുള്ളവർക്കും ഇല്ലാത്തവർക്കും ഇത്തരം അവഹേളനങ്ങൾ ഒരു പോലെ അനുഭവപ്പെടാറുണ്ട്.(ടി)

**1.2.3.5. വിരമിക്കൽ പ്രായവും വാർദ്ധക്യ സങ്കല്പനവും:**

ജോലിയിൽ നിന്നും പിരിഞ്ഞവരുടെ വാർദ്ധക്യം പ്രാധാന്യമർഹിക്കുന്നു. സാമൂഹികപദവിയും വാർദ്ധക്യാവസ്ഥയും തമ്മിലുള്ള ബന്ധമാണ് ഇതിനു കാരണം. വിദ്യാഭ്യാസം, തൊഴിൽ കൂട്ടായ്മ ഇവയ്ക്ക്നുസരിച്ച് വാർദ്ധക്യത്തെ നേരിടുന്ന രീതിയിലും വ്യത്യാസം വരുന്നുണ്ട്. ഉദ്യോഗസ്ഥരായി ജീവിതം നയിച്ച കൂടുതൽപേർക്കും റിട്ടയർമെന്റ് പുതിയ ജീവിതാരംഭമാണ്.

റിട്ടയർ ചെയ്യാനുള്ള പ്രായം പല നാടുകളിലും പലവിധമാണ്. ഇന്ത്യയിൽത്തന്നെ കേന്ദ്രസർവ്വീസിലുള്ളവരുടെയും സംസ്ഥാനസർവ്വീസിലുള്ളവരുടേയും റിട്ടയർമെന്റ് പ്രായം വ്യത്യസ്തമാണ്. കുറേക്കാലം വരെ 55 വയസ്സായിരുന്നു കേരളത്തിൽ പെൻഷനാകാനുള്ള പ്രായപരിധി. ജീവിതസാഹചര്യങ്ങളുടെ ഏറ്റക്കുറച്ചിലനുസരിച്ച് ഈ പരിധിയിൽ വ്യത്യാസം വരുന്നുണ്ട്. അമേരിക്കയിലെ ജോലിക്കാർ എല്ലാ സാമൂഹിക സുരക്ഷാപദ്ധതികളോടും കൂടി റിട്ടയറാകുന്നത് 65 വയസ്സിലായതുകൊണ്ട് ഭൂരിപക്ഷം അമേരിക്കക്കാരെ സംബന്ധിച്ചും വാർദ്ധക്യം ആരംഭിക്കുന്നത് അറുപത്തഞ്ചാം വയസ്സിലാണ്. 65ഉം അതിനു മുകളിലും പ്രായമുള്ളവരാണ് അവിടെ മുതിർന്ന പൗരന്മാർ (കൃഷ്ണാനന്ദ് സൻവാൾ, 2008:26)[25]

റിട്ടയർ ചെയ്തവരുടെ പ്രധാനപ്രശ്നങ്ങൾ പണത്തിന്റെ അലഭ്യത, സമയം പോക്കൽ, വൈധവ്യം, ശാരീരികമായ അവശത, മരണഭയം, മാനസികസമ്മർദ്ദം, സമൂഹത്തിൽ നിന്നുമുള്ള അവഗണനാബോധം, കുടുംബത്തിലും സുഹൃത്തുക്കൾക്കിട

യിലും അവഗണിക്കപ്പെടുന്നു എന്ന തോന്നൽ എന്നിവയാണന്ന രാഘണി, സിംഘി എന്നിവരുടെ കണ്ടത്തൽ എസ്.ശിവ രാജു തന്റെ പ്രബന്ധത്തിൽ ഉദ്ധരിക്കുന്നുണ്ട്. (2014:191)[26]

കേരളത്തിലെ ഏതു വിഭാഗത്തിൽപ്പെട്ട മുതിർന്ന പൗരന്മാർക്കും ബസ്, ട്രെയിൻ, ആശുപത്രി - ഇവിടങ്ങളിലെല്ലാം പ്രത്യേക പരിഗണനയുണ്ട്. ഇന്ത്യയിൽ അറുപതിനു മുകളിലുള്ളവരാണ് മുതിർന്ന പൗരന്മാർ എന്ന വിഭാഗത്തിൽപ്പെടുന്നവർ. കൂലിപ്പണിക്കാരായ സാധാരണക്കാർക്കു റിട്ടയർമെന്റ് പരിധിയില്ല. പെൻഷൻ പറ്റുന്നവരിൽ ഭൂരിപക്ഷവും അനുഭവിക്കുന്ന മാനസികസമ്മർദ്ദം അവർക്ക് അനുഭവിക്കേണ്ടതില്ല. റിട്ടയറാകുന്നവരെ സംബന്ധിച്ച് അധികാരം, ആൾത്തിരക്ക് എന്നിവയിൽനിന്നും പെട്ടെന്നൊരു മാറ്റം ബുദ്ധിമുട്ടുള്ളതാവുമ്പോൾ കൂലിത്തൊഴിലാളികൾക്ക് അതനുഭവപ്പെടുന്നില്ല. റിട്ടയർമെന്റ്, തിരക്കുപിടിച്ച ജീവിതത്തിൽ നിന്നുള്ള മാറ്റമായി ചിലർ കാണുമ്പോൾ മറ്റു ചിലർ ജീവിതം മുഴുവൻ ക്രിയാത്മകമായ തിരക്കുകളുമായി മുന്നോട്ടു പോകുന്നു. ഉദാഹരണത്തിന് രാഷ്ട്രീയം, സിനിമ, ബിസിനസ് മുതലായ മേഖലകൾക്ക് റിട്ടയർമെന്റ് ബാധകമായിക്കാണുന്നില്ല. റിട്ടയർമെന്റ് പ്രായത്തിന്റെ അവ്യവസ്ഥിതത്വം നോക്കുമ്പോഴും വാർദ്ധക്യം ഒരു സങ്കല്പനമാണെന്നു കാണാവുന്നതാണ്.

### 1.2.3.5. വൃദ്ധർക്കായി ഒരു ദിനം:

1992-ലെ ഐക്യരാഷ്ട്രസംഘടനയുടെ പൊതുസഭ 1999 അന്താരാഷ്ട്ര വൃദ്ധവർഷമായി ആചരിക്കാൻ തീരുമാനിച്ചു. അതേത്തുടർന്നാണ് ഒക്റ്റോബർ 1 വൃദ്ധദിനമായിത്തീരുന്നത് (www.awd.kerala.gov.in)[27] വൃദ്ധർക്കായി ഒരു ദിനം ആചരിക്കേണ്ട അവസ്ഥയിലേക്ക് ലോകം എത്തിയിട്ടുണ്ടെന്നത് വാർദ്ധക്യത്തിന്റെ യഥാർത്ഥ അവസ്ഥയെയാണ് മുന്നോട്ടുവയ്ക്കുന്നത്. 1999-ലെ വാർഷിക സന്ദേശത്തിൽ ഐക്യരാഷ്ട്ര

സംഘടനാ സെക്രട്ടറി ജനറൽ ഗ്രോ ഹാർലെം ബ്രൂട്ട്ലാന്റ് വൃദ്ധരുടെ സംഖ്യയിലു ണ്ടാകുന്ന വർദ്ധനവാകും ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ഏറ്റവും വലിയ വെല്ലുവിളി എന്നു മുന്നറിയിപ്പ് നൽകിയതായി അഷ്റഫ് കാവിൽ തന്റെ ലേഖനത്തിൽ പരാമർശി ക്കുന്നു (2010:41).[28] 2020 ആകുമ്പോഴേയ്ക്കും ലോകജനസംഖ്യയിൽ വൃദ്ധരുടെ എണ്ണം 100 കോടിയാകും എന്നാണ് മറ്റൊരു റിപ്പോർട്ട്. ഇന്ത്യയിലെ ജനസംഖ്യയുടെ പത്തു ശതമാനം 60-നു മുകളിൽ പ്രായമുള്ളവരാണെന്നും അതിൽ പറയുന്നു. (ജേക്കബ്ബ് റോയ്, 2008:69).[29] 65 വയസ്സിനു മുകളിൽ പ്രായമുള്ളവരുടെ എണ്ണം 2040-ഓടെ 130 കോടിയിലെത്തുമെന്നു അമേരിക്കയിലെ ഗവേഷകർ കണ്ടെത്തിയിരിക്കുന്നു. മൊത്ത ജനസംഖ്യയുടെ 74 ശതമാനം വരുമ്പോൾ വയോജനങ്ങളുടെ എണ്ണം കുട്ടികളുടെ എണ്ണത്തെ മറികടക്കും എന്ന് മാതൃഭൂമി പത്രത്തിലെ എഡിറ്റോറിയലിൽ അഭിപ്രായ പ്പെട്ടുകാണുന്നു. (ജൂലൈ 21, 2009).[30] ഇന്ത്യയിൽ കേരളത്തിലാണ് ഏറ്റവും കൂടുതൽ വൃദ്ധരുള്ളത്. വിധവകളാണ് അധികം (എഡിറ്റോറിയൽ, മാതൃഭൂമി, മെയ് 27, 2009).[31] വാർദ്ധക്യവും വൃദ്ധരുടെ വർദ്ധനവും ലോകമാസകലം പഠനങ്ങൾക്ക് വിധേയ മായിക്കൊണ്ടിരിക്കുന്നത് വാർദ്ധക്യത്തിന്റെ യഥാർത്ഥസ്ഥിതിയെയാണ് വെളിപ്പെടു ത്തുന്നത്. ആനുകാലികങ്ങളും ദൃശ്യമാധ്യമങ്ങളും വാർദ്ധക്യാവസ്ഥയ്ക്ക് വലിയ വാർത്താപ്രാധാന്യം നൽകുന്നുണ്ട്. ഈ അവസ്ഥയുടെ എല്ലാ വശവും കൈകാര്യം ചെയ്യുന്ന ശാസ്ത്രശാഖയായി വാർദ്ധക്യവിജ്ഞാനവും വികസിച്ചു കഴിഞ്ഞിരിക്കുന്നു. ഈ വസ്തുതകൾ വാർദ്ധക്യം എന്ന യാഥാർത്ഥ്യത്തെയാണ് അഭിസംബോധന ചെയ്യു ന്നതെന്നു കാണാം.

വൃദ്ധരുടെ സാമൂഹികക്ഷേമം കണക്കാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവി ഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന വിവിധതരം പദ്ധതികൾ, നികുതിയിളവ്, യാത്രാസൗജന്യം, വാഹനങ്ങളിലെ സീറ്റു സംവരണം എന്നിവയെല്ലാം വാർദ്ധക്യാവ

സ്ഥയെ ഒരു യാഥാർത്ഥ്യമായി അംഗീകരിച്ചു കൊണ്ടുള്ളതാണ്. 2007 ഡിസംബർ 29ന് പാർലമെന്റ് പാസ്സാക്കിയ വയോജനസംരക്ഷണനയം വൃദ്ധരുടെ സംരക്ഷണം സമൂഹത്തിന്റെ ബാധ്യതയാണെന്ന് തിരിച്ചറിഞ്ഞതിന്റെ പശ്ചാത്തലത്തിലാണ് ഉണ്ടായിട്ടുള്ളതെന്ന് മാതൃഭൂമി പത്രത്തിൽ എഎം. (2008:70) അഭിപ്രായപ്പെടുന്നു. സാമൂഹിക-സന്നദ്ധസംഘടനകളും വൃദ്ധരുടെ സംരക്ഷണത്തിനു വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതെല്ലാം വാർദ്ധക്യം ഒരു യാഥാർത്ഥ്യമാണെന്ന് തെളിയിക്കുന്നു.

### 1.2.4. സാംസ്കാരികതലം:

സാമൂഹിക-സാംസ്കാരികതലങ്ങളിൽ സംഭവിക്കുന്ന മാറ്റങ്ങൾ വൃദ്ധരുടെ ജീവിതത്തിൽ പ്രതിഫലിക്കുന്നുണ്ട്. മരുമക്കത്തായത്തിന്റെയും കൂട്ടുകുടുംബവ്യവസ്ഥിതിയുടേയും തകർച്ചയും അണുകുടുംബത്തിന്റെ കടന്നുവരവും വൃദ്ധരെ കാര്യമായി ബാധിച്ചു. സ്വകാര്യസ്വത്ത് സമ്പാദിക്കാനും കൈകാര്യം ചെയ്യാനുമുള്ള സ്വാതന്ത്ര്യവും അധികാരവും കുടുംബച്ചുമതലയുള്ള യുവാക്കൾക്കും മധ്യവയസ്കർക്കും ലഭിച്ചത് ശ്രദ്ധേയമായ മാറ്റമാണ്. സമ്പത്ത് കൈകാര്യം ചെയ്യാനോ പേരക്കുട്ടികളെ നേർവഴി നടത്താനോ പ്രായമായവർ വേണ്ടാത്ത ഒരു സ്ഥിതിയിലേക്ക് കേരളസമൂഹം പുരോഗമിക്കുന്നുണ്ട്. വൃദ്ധരായ മാതാപിതാക്കളുടെ സഹായമില്ലാതെതന്നെ കുടുംബം സ്വയം പര്യാപ്തമാവുകയാണ്. ഈ മാറ്റങ്ങൾക്കു പിന്നിലുള്ള പ്രമുഖകാരണങ്ങൾ പരിശോധിക്കുകയാണ് ഇനി.

#### 1.2.4.1. വിദ്യാഭ്യാസത്തിന്റെ പ്രചാരം:

1835-ലെ മെക്കാളെയുടെ മിനുട്സ് ആധുനിക വിദ്യാഭ്യാസത്തിനു കാരണമായി. ജാതിമതഭേദമെന്യേ എല്ലാവർക്കും വിദ്യാഭ്യാസം ലഭിച്ചുതുടങ്ങി. (മാത്യുഎം കുഴി

വേലി 1956:1) അതിനുമുമ്പ് കേരളത്തിൽ എല്ലാ ജാതിക്കാർക്കും എല്ലാ ലിംഗക്കാർക്കും ഒരു പോലെ വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. കാരണവരുടെ ഇച്ഛാനുസരണം അനുവദിച്ചിരുന്ന വിദ്യാഭ്യാസമേ പുരുഷന്മാർക്കുതന്നെ കിട്ടിയിരുന്നുള്ളൂ. ബ്രിട്ടീഷുകാർ ഇന്ത്യക്കാർക്ക് പരിചയപ്പെടുത്തിയ ഇംഗ്ലീഷ് വിദ്യാഭ്യാസം ദൂരവ്യാപകമായ ഫലമുണ്ടാക്കി. ഒരു രാജ്യത്തിന്റെ സാമൂഹിക രാഷ്ട്രീയ, സാംസ്കാരിക രംഗങ്ങളെ രൂപപ്പെടുത്താൻ വിദ്യാഭ്യാസത്തിനാകം. (എ.ആർ.കാമത്ത്, 1985:2).[32]

### 1.2.4.1.1. സ്ത്രീവിദ്യാഭ്യാസം:

വേദകാലത്ത് പുരുഷനൊപ്പം വിദ്യാഭ്യാസം നേടാനുള്ള അവകാശം സ്ത്രീക്കുണ്ടായിരുന്നു. സ്മൃതിപുരാണങ്ങളുടെ കാലമായപ്പോഴേക്കും സമൂഹത്തിൽ സ്ത്രീകളുടെ പദവി താണു. ക്രിസ്ത്വാബ്ദത്തോടെ അവർക്ക് പാണ്ഡിത്യം ഇല്ലാതായി. ബുദ്ധമതത്തിന്റെ കാലത്താണ് പിന്നീട് സ്ത്രീയുടെ പദവിക്ക് അൽപ്പമെങ്കിലും ഉയർച്ചയുണ്ടായത് എന്നിങ്ങനെ രാജ്കുമാർ പൃഥ്വി, രാമേശ്വരി ദേവി എന്നിവർ രേഖപ്പെടുത്തുന്നു. (2004:16,17).[33] ബ്രിട്ടീഷ് ഭരണകാലത്തും വിദ്യാസമ്പന്നരായ സ്ത്രീകളുടെ എണ്ണം കുറവായിരുന്നു. ക്രിസ്ത്യൻ മിഷണറിമാർ സ്ഥാപിച്ച സ്കൂളുകൾ വഴിയാണ് ആധുനിക വിദ്യാഭ്യാസം സ്ത്രീകൾക്ക് കിട്ടിത്തുടങ്ങിയത്. 1854 വരെയും സ്ത്രീ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ബ്രിട്ടീഷ് ഗവൺമെന്റ് വലിയ താൽപ്പര്യം കാട്ടിയില്ല. എന്നാൽ കേരളത്തിൽ തിരുവിതാംകൂറിലും കൊച്ചിയിലും സ്ത്രീവിദ്യാഭ്യാസത്തിന്റെ നില വളരെ ഭേദമായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് ഇന്ത്യയിൽ സ്ത്രീ വിദ്യാഭ്യാസം ആരംഭിച്ചത്. (എ.ആർ.കാമത്ത് 1985: 205,206). സ്ത്രീകൾ ജോലിക്ക് പോയിത്തുടങ്ങുന്നത് വിപ്ലവാത്മകമായ മാറ്റമാണ്. ഇതോടെ വൃദ്ധരുടെ കാര്യം കഷ്ടത്തിലായി. അവർക്ക് പ്രത്യേക ശ്രദ്ധയോ ശുശ്രൂഷയോ അലഭ്യമായി. വീടുകളിൽ കുട്ടി

കളും വയസ്സായവരും കൂടുതൽ ഒറ്റപ്പെട്ടു.

സമൂഹത്തിൽ താണവരായി ഗണിക്കപ്പെടുന്നവരും വിദ്യാഭ്യാസം നേടി. തങ്ങളുടെ കാരണവസ്ഥാനത്തുള്ളവരെ ഉദ്ധരിക്കാനുള്ള അവരുടെ ശ്രമത്തിന്റെ ഭാഗം കൂടിയായി ഇതു ക്രമേണ മാറുന്നുണ്ട്. നാഗവള്ളി ആർ എസ് കുറുപ്പിന്റെ ചില കഥകളിൽ ഇത്തരം പ്രമേയം കടന്നുവരുന്നുണ്ട്. (ഉദാ:- 'ഏൻ ചത്തുപോം ഈ പാടത്തുന്നു പോയാൽ' എന്ന കഥ)

**1.2.4.2. ഉദ്യോഗസ്ഥരുടെ വർദ്ധനവ്:**

സ്വാതന്ത്ര്യം നേടിയ ഇന്ത്യൻ സമൂഹം ഉപജീവനത്തിനും ധനാഗമനത്തിനുമുള്ള മാർഗ്ഗമായി വിദ്യാഭ്യാസത്തെ കണ്ടു. 1947-ഓടെ രാജ്യത്തിന്റെ സർവ്വതോമുഖമായ മാറ്റത്തിന് വഴി തെളിക്കാൻ വിദ്യാഭ്യസത്തിനു കഴിഞ്ഞു. വിദ്യാഭ്യാസവും ജോലിയുമുള്ളവർക്കു സമൂഹത്തിൽ വിലയുണ്ടായി. മാതാപിതാക്കളിൽ നിന്നുള്ള അകൽച്ചയും ആരംഭിച്ചു.

**1.2.4.3. വിസ്മൃതരാകുന്ന വൃദ്ധർ:**

മരുമക്കത്തായവും കൂട്ടുകുടുംബവും ഇല്ലാതായതോടെ തന്നെ തറവാട്ടുകാരണവരുടെ അധികാരത്തിനു ഇടിവു തട്ടി. അണുകുടുംബവ്യവസ്ഥയിലും ഈ അവസ്ഥ തുടരുന്നുണ്ട്. കാരണവസ്ഥാനത്തിനു നേരിടേണ്ടി വന്ന അപചയമാണ് ഇതു കാണിക്കുന്നത്. വിദ്യാഭ്യാസവും തൊഴിലും ഉള്ളവർക്ക് സമൂഹത്തിൽ ലഭിച്ച വില വൃദ്ധരെ പിന്നിലാക്കി. വൃദ്ധരെ ധിക്കരിക്കാനുള്ള പ്രവണത ചെറുപ്പക്കാരിൽ വർദ്ധിച്ചു തുടങ്ങി. സ്ത്രീകൾ ജോലിക്കു പോയിത്തുടങ്ങിയതും മക്കൾ തൊഴിൽതേടി മറുനാട്ടിലേക്കും മറ്റു സംസ്ഥാനങ്ങളിലേക്കും ആകർഷിക്കപ്പെട്ടതും വൃദ്ധരുടെ ഏകാന്തതയെ

വർദ്ധിപ്പിച്ചു. വാർദ്ധക്യത്തിൽ സഹജമായ രോഗഭീതിയും അവരെ ഏറെ അലട്ടി ത്തുടങ്ങി.

കൂട്ടുകുടുംബത്തിൽ നിന്നും അണുകുടുംബത്തിലേക്കുള്ള മാറ്റം, സാമ്പത്തിക സദാ ചാരത്തിൽ വന്ന ഇടിവ്, മൂല്യവ്യവസ്ഥിതിയിൽ വന്നിട്ടുള്ള മാറ്റങ്ങൾ, യുവാക്കളുടെ നഗരത്തിലേക്കുള്ള കുടിയേറ്റം, ജോലിക്കു പോകുന്ന സ്ത്രീകളുടെ എണ്ണം കൂടി വരു ന്നത് എന്നിവയെല്ലാം ഗ്രാമീണ ഇന്ത്യയിൽ വൃദ്ധർ പ്രാന്തവത്ക്കരിക്കപ്പെടുന്നതിനു കാരണമാണ് എന്ന് ഇന്ത്യൻ വൃദ്ധരെപ്പറ്റിയുള്ള പഠനത്തിൽ എസ്. ശിവ രാജു അഭി പ്രായപ്പെടുന്നു (2008:181)

#### 1.2.4.4. വൃദ്ധസദനങ്ങൾ:

വൃദ്ധസദനങ്ങളുടെ രംഗപ്രവേശം സാംസ്കാരികമായി സംഭവിച്ചിട്ടുള്ള വലിയ മാറ്റ മാണ്. ദരിദ്രരും അനാഥരുമായ വൃദ്ധരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ പ്രാധാന്യം യാഥാർത്ഥ്യമായിട്ടുണ്ട്. ഇക്കാലത്ത് വൃദ്ധസദനങ്ങളുടെ രൂപത്തിൽ ഇത്തരം സ്ഥാപ നങ്ങൾ സ്വതന്ത്രമായ സംഘടനകൾ നടത്തുന്നുണ്ട്. ഇന്ത്യയിൽ (2006-ൽ) 1018 വൃദ്ധ സദനങ്ങൾ ഉണ്ടായിരുന്നു. അതിൽ 118 എണ്ണം സ്ത്രീകൾക്കു വേണ്ടി മാത്രമുള്ളതാ ണ്. 2004ലെ ഹെൽപ്പേജ് ഇന്ത്യയുടെ കണക്കനുസരിച്ച് ഏറ്റവും കൂടുതൽ വൃദ്ധസദ നങ്ങൾ ഉള്ളത് കേരളത്തിലാണ്. 186 എണ്ണം. വൃദ്ധരുടെ മാനസികാവശ്യങ്ങൾ നിറ വേറ്റുന്നതിനുള്ള പകൽവീടുകളും ഇത്തരം സ്വതന്ത്രസംഘടനകൾ നടത്തിവരുന്നു. അവ പ്രയോജനപ്രദമാണെങ്കിലും എണ്ണത്തിൽ കുറവാണ് (അർവിന്ദ് കെ.ജോഷി 2006:xx)[34]

1995-നു ശേഷമാണ് കേരളത്തിൽ വൃദ്ധസദനങ്ങളുടെ ആവശ്യം ഉയർന്നത് എന്ന് സുഗതൻ ചിറക്കര രേഖപ്പെടുത്തുന്നുണ്ട്. കുടുംബങ്ങളുടേയും ബന്ധങ്ങളുടേയും

സംസ്കാരത്തിൽവന്ന മാറ്റമാണ് ഇവയുടെ വ്യാപനത്തിനു കാരണം എന്നും അദ്ദേഹം പറയുന്നു. (2011:111) വൃദ്ധസദനങ്ങൾ കേരളസർക്കാർ നേരിട്ടു നടത്തുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ 153 അനാഥാലയങ്ങളും ഉണ്ട്. (ടി.113.114).

*പരിശീലനം ലഭിച്ച ജീവനക്കാരുടെ കുറവ്, അടിസ്ഥാനാവശ്യങ്ങളുടെ അഭാവം, മെഡിക്കൽ സേവനത്തിന്റെ ലഭ്യതയില്ലായ്മ, ജീവനക്കാരുടെ വികലമായ സമീപനരീതി തുടങ്ങിയ കാരണങ്ങളാൽ പല വൃദ്ധസദനങ്ങളുടേയും പ്രവർത്തനങ്ങൾ സമൂഹം പ്രതീക്ഷിക്കുന്ന നിലവാരത്തിലെത്തുന്നില്ല"*

എന്ന് വയോജന സംരക്ഷണനിയമം അനിവാര്യതയോ ഔദാര്യമോ? എന്ന ലേഖനത്തിൽ അഷ്റഫ് കാവിൽ നിരീക്ഷിക്കുന്നു. (2010:43)

വൃദ്ധസദനങ്ങളും സാഹിത്യത്തിൽ ഇടംപിടിച്ചിരിക്കുന്നു. ആഗോളമായി സംഭവിക്കുന്ന ഒരു സാംസ്കാരികപരിണാമത്തിന്റെ ഫലമായ വൃദ്ധസദനങ്ങൾ കേരളസംസ്കാരത്തിന്റെയും ഭാഗമായിത്തീർന്നിരിക്കുന്നു. ഇതിനുപുറമേ ഫ്ളാറ്റുകൾ ജീവിതത്തിന്റെ ഭാഗമാകുന്നത്, ഹോം നേഴ്സിംഗിന്റെ വ്യാപനം എന്നീ കാലത്തിനനുസരിച്ചു വരുന്ന മാറ്റങ്ങൾ വയസ്സായവരിൽ ഒരു വിഭാഗത്തെ ബാധിക്കുന്നുമുണ്ട്.

മക്കളുമൊത്ത് അന്ത്യകാലം കഴിച്ചുകൂട്ടാനാഗ്രഹിക്കുന്നവരാണ് ഭൂരിഭാഗം രക്ഷിതാക്കളും. വിദേശത്ത് സ്ഥിരവാസമായവർ പ്രായമായ രക്ഷിതാക്കളെ നാട്ടിലാക്കി കുടുംബത്തെ ജോലിസ്ഥലത്തേക്ക് കൊണ്ടുപോകുന്ന പ്രവണത വർദ്ധിക്കുന്നുണ്ട്. രക്ഷിതാക്കൾ കുടുംബത്തിനു പുറത്താകുന്ന ഒരവസ്ഥയാണ് ഇതു മൂലം വന്നുചേരുന്നത്. നാട്ടിലെ അണുകുടുംബത്തിലും രക്ഷിതാക്കൾ പലപ്പോഴും പുറത്താകുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന പലരുടേയും മാതാപിതാക്കളുടെ അവസ്ഥ ഇതാണ്. അനിവാര്യമായ ഒരു മാറ്റമായി ഈ അവസ്ഥയെ മലയാളികൾ സ്വീകരിച്ചു

തുടങ്ങിയിട്ടുണ്ട്. നഗരത്തിലെ ഫ്ളാറ്റു സംസ്കാരവുമായി യോജിച്ചു പോകാൻ പലപ്പോഴും വൃദ്ധർക്കാവുന്നില്ല. ഹോം നഴ്സിംഗ് ഗ്രാമ-നഗരഭേദമെന്യേ വ്യാപകമായിരിക്കുന്നു. പുതിയ കാലത്ത് ഒഴിവാക്കാനാവാത്ത ഒന്നായി വൃദ്ധസദനങ്ങൾ മാറിയിരിക്കുന്നു. അവയെ ഒരു ന്യൂനപക്ഷം മാത്രമേ ആശ്രയിക്കുന്നുള്ളൂ. സാമ്പത്തികസ്ഥിതി മെച്ചമായ വൃദ്ധർക്ക് എല്ലാവിധ സൗകര്യങ്ങളോടും കൂടിയ വൃദ്ധസദനങ്ങൾ ലഭ്യമാണ്. അല്ലാത്തവർക്ക് സർക്കാർ നടത്തുന്ന അനാഥമന്ദിരങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. അതുമല്ലെങ്കിൽ തെരുവിലേയ്ക്കിറങ്ങേണ്ട ദുഃസ്ഥിതിയാണ്. അമേരിക്ക പോലുള്ള വികസിതരാജ്യങ്ങളിലെപ്പോലെ കേരളത്തിലും വൃദ്ധസദനങ്ങൾ സംസ്കാരത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. വൃദ്ധസദനങ്ങളും ഡേ-കെയർ സെന്ററുകളും വർദ്ധിച്ചു വരുന്നത് മാറിയ ഒരു വാർദ്ധക്യ സങ്കൽപ്പത്തെയാണ് കാണിക്കുന്നത്.

**1.2.4.5. ശാസ്ത്ര-സാങ്കേതിക പുരോഗതി:**

വാർദ്ധക്യത്തെ അതിജീവിക്കാനുള്ള ശ്രമങ്ങൾ മനുഷ്യർ എന്നും നടത്തിയിരുന്നു. ഇന്ത്യൻ പുരാണത്തിൽ അത്തരം കഥകളുണ്ട്. പുത്രന്റെ യൗവ്വനം കടം വാങ്ങിയ മഹാഭാരതകഥാപാത്രമായ യയാതി തൊട്ട് പുത്രന്റെ ഉത്കർഷത്തിൽ അസൂയാലുവായ പെരുന്തച്ചന്റെ നാടോടി പാരമ്പര്യം വരെയുള്ള കഥകൾ വാർദ്ധക്യത്തിന് പ്രാധാന്യം കൊടുക്കുന്നവയാണ്. യൗവ്വനം നിലനിർത്താനുള്ള രസായനങ്ങൾക്ക് പ്രസിദ്ധമാണ് ആയുസ്സിന്റെ വേദമായ ആയുർവ്വേദം. കായകല്പചികിത്സ അതിൽ പ്രധാനമാണ്. യൗവ്വനം നിലനിർത്തുന്നത് എന്നവകാശപ്പെട്ടു കാണുന്ന ച്യവനപ്രാശം ആയുർവ്വേദത്തിന്റെ സംഭാവനയാണ് (കെ.ആർ രാമൻ നമ്പൂതിരി, 2008:35) ജരാനരകളിൽ നിന്നു മോചനം നേടാനാണ് ദേവാസുരന്മാർ അമൃതിനു വേണ്ടി ശ്രമിച്ചത് (കെ ആർ രാമൻ നമ്പൂതിരി 2012:21-23). ബാഹ്യവാർദ്ധക്യത്തെ ഇല്ലാതാക്കാനുള്ള പദ്ധതികൾ ശാസ്ത്ര

പുരോഗതിയുടെ ഫലമായി സൗന്ദര്യ സംവർദ്ധകവസ്തുക്കളുടെ രൂപത്തിൽ ലോകമെങ്ങും വ്യാപിച്ചിരിക്കുന്നു. ഇതെല്ലാം വാർദ്ധക്യത്തെ അതിജീവിക്കാനുള്ള മനുഷ്യരുടെ ശ്രമത്തിന്റെ ഭാഗമാണ്.

നവവാർത്താ മാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും കമ്പ്യൂട്ടറും ഇന്റർനെറ്റും നിലവിൽ വന്നു കഴിഞ്ഞു. സാംസ്കാരികമായ ഈ മുന്നേറ്റം വൃദ്ധർ വേണ്ടവിധം ഉപയോഗിക്കുന്നില്ല. എന്നാൽ ഒറ്റപ്പെട്ട പല വൃദ്ധരും നെറ്റ് ബാങ്കിങ് സംവിധാനം ഉപയോഗപ്പെടുത്തുന്നത് ശ്രദ്ധേയമാണ്. നവമാധ്യമങ്ങൾ പരിചയമുള്ള വൃദ്ധർക്ക് അത്ര ഒറ്റപ്പെടൽ അനുഭവപ്പെടില്ല. വൃദ്ധർക്ക് കമ്പ്യൂട്ടർ സാക്ഷരത നൽകിയിട്ടുള്ള നാടാണ് കേരളം. കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും പ്രചാരം വയസ്സായവരെ സഹായിക്കുന്നുണ്ട്. പുറംനാടുകളിൽ ജോലിയുള്ളവരുടെ രക്ഷിതാക്കൾക്കും പ്രായമായവർക്കും ആധുനികസാങ്കേതികവിദ്യയുടെ സഹായം അത്യന്താപേക്ഷിതമാണ്.

### 1.2.5. സാമ്പത്തികതലം:

കൃഷികൊണ്ടു മാത്രം ഉപജീവനം സാധ്യമല്ലാത്ത ഒരു സ്ഥിതി കേരളത്തിൽ ഉണ്ടാകുന്നുണ്ട്. 1929–32 കാലത്തെ ആഗോളസാമ്പത്തികക്കുഴപ്പം വിലക്കയറ്റത്തിനും തൊഴിലില്ലായ്മയ്ക്കും കാരണമായി. കടക്കാരായ കർഷകർ അന്യരാജ്യങ്ങളിലേയ്ക്ക് തൊഴിലന്വേഷകരായി ചെന്നു. ബർമ്മ, മലയ, സിലോൺ എന്നിവിടങ്ങളിൽ അവർ എത്തിച്ചേർന്നു. രണ്ടാം ലോകമഹായുദ്ധസമയത്ത് ഒട്ടേറെപ്പേർ സൈന്യത്തിൽ ചേർന്നു. കോയമ്പത്തൂർ, മദ്രാസ്, ബോംബെ, കൽക്കത്ത തുടങ്ങിയ ഇന്ത്യൻ നഗരങ്ങളിൽ മലയാളികൾ തൊഴിലാളികളായി ആധുനിക വിദ്യാഭ്യാസത്തിലൂടെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം മുതൽ കേരളത്തിൽ വളർന്നുവന്ന ഇടത്തരക്കാരുടെ വർഗ്ഗം ഇരു

പതാം നൂറ്റാണ്ടിന്റെ മൂന്നാംദശകമായപ്പോഴേയ്ക്കും ഒരു പ്രബല സാമൂഹിക ശക്തിയായി മാറുന്നുണ്ട് (എം.പി. ബാലറാം. 2000:150,151)

സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലുമുള്ള ഉദ്യോഗങ്ങളിലേക്ക് വിദ്യാസമ്പന്നരായ യുവതീയുവാക്കൾ ആകർഷിക്കപ്പെട്ടു. ഗൾഫ് മേഖലയിലെ എണ്ണപ്പാടങ്ങളിൽ തൊഴിൽ തേടിയവരും ഏറെ. ക്രമേണ കേരളത്തിൽ ഇടത്തരക്കാരുടെ ജീവിതനിലവാരം ഉയരുന്നുണ്ട്. മുസ്ലിം, ക്രിസ്ത്യൻ മതവിഭാഗങ്ങളിൽപ്പെട്ടവർ പുതിയ സമ്പന്നവർഗ്ഗമായി. കമ്പോളസമ്പദ് വ്യവസ്ഥ കേരളത്തിൽ പുതിയൊരു സമ്പന്ന വർഗ്ഗത്തെ സൃഷ്ടിക്കുന്നുണ്ട്. (ടി.150). 1991-ലെ ഇന്ത്യയിലെ പുതിയ വ്യവസായനയം ദാരിദ്ര്യവും തൊഴിലില്ലായ്മയും നീക്കി സാമൂഹിക-സാമ്പത്തികനീതി ഉറപ്പുവരുത്താൻ ലക്ഷ്യമിട്ടുള്ളതായിരുന്നു. സ്വകാര്യവത്കരണനയത്തെ പ്രോത്സാഹിപ്പിക്കുന്ന പൊതുജന പങ്കാളിത്തം പ്രവൃദ്ധമാക്കപ്പെട്ടു. ഈ സാമ്പത്തികനയം ആഗോളീകരണപ്രക്രിയയ്ക്ക് ആക്കം കൂട്ടി. 1980-കളുടെ ആദ്യം തന്നെ ആഗോളീകരണത്തിന്റെ സാധ്യതകൾ തെളിഞ്ഞു തുടങ്ങിയിരുന്നു. ഇതുവഴി ലോകം തുറന്ന വിപണിയായി രൂപാന്തരപ്പെട്ടു.

വിദ്യാസമ്പന്നരായ യുവതീയുവാക്കൾ കേരളം വിട്ട് പുറംനാടുകളിൽ തൊഴിൽ സാധ്യതകൾ തേടി. 1990-91ലെ ഉദാരീകരണ-സ്വകാര്യവത്കരണ-ആഗോളീകരണ നയങ്ങൾ ഉപഭോഗസംസ്കാരത്തിന് പ്രാധാന്യം കൊടുത്തു. ഭാഗ്യാന്വേഷികളായി വിദേശങ്ങളിൽ എത്തിപ്പെട്ടവരും ഉപരിപഠനാർത്ഥം പോയവരും അവിടെ സ്ഥിരതാമസമാക്കുന്ന സ്ഥിതിവിശേഷം നാട്ടിലെ വൃദ്ധരായ രക്ഷിതാക്കളെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥയാണ് സൃഷ്ടിച്ചത്. സാമ്പത്തികാഭിവൃദ്ധി ലക്ഷ്യമാക്കിയുള്ള മലയാളിയുടെ പലായനങ്ങൾക്ക് ഗൾഫും പാശ്ചാത്യരാജ്യങ്ങളും ലക്ഷ്യങ്ങളായി.

മദ്ധ്യവർഗ്ഗങ്ങൾക്കിടയിൽ സാമ്പത്തിക സുരക്ഷയുണ്ടായപ്പോൾ മുതിർന്ന പൗരന്മാർക്ക് പണിക്കുപോകാതെ വീട്ടിലിരിക്കാൻ കഴിഞ്ഞു. മാതാപിതാക്കൾ പണിയെടുത്ത്

മക്കളെ പോറ്റിയിരുന്ന സ്ഥാനത്ത് മക്കൾ മാതാപിതാക്കളെ സംരക്ഷിക്കുന്ന അവസ്ഥ സംജാതമായി. അതായത് ഒരു കാലത്ത് പണിയെടുത്തിരുന്ന രക്ഷിതാക്കളെയാണ് മക്കൾ പിന്നീട് സംരക്ഷിച്ചത്. മാതാപിതാക്കൾ കൂലിപ്പണിക്കു പോകുന്നത് ഉദ്യോഗ സ്ഥരായ പല മക്കളും ഇഷ്ടപ്പെട്ടില്ല. വൃദ്ധർക്ക് സാമ്പത്തികസ്വാതന്ത്ര്യം നഷ്ടപ്പെടു ന്നത് ഗൗരവപൂർണ്ണമായ ഒരു സ്ഥിതിവിശേഷമാണ്. വൃദ്ധരെ ഏറെ ബാധിക്കുന്ന ഒന്നാണ് സാമ്പത്തിക സുരക്ഷിതത്വം ഇല്ലായ്മ. ഇതവരെ കടുത്ത വിഷാദത്തിലും നിസ്സഹായതയിലും എത്തിക്കുന്നു. ഇതു മുൻകൂട്ടിക്കണ്ടുകൊണ്ടുതന്നെയാണ് വൃദ്ധ രെക്കരുതിയുള്ള പലയിനം പോളിസികൾ സർക്കാർ തലത്തിൽ നിലവിലുള്ളത്.

വൃദ്ധരെ സംബന്ധിച്ചിടത്തോളം കുടുംബത്തിലെ പ്രധാനസ്ഥാനം നഷ്ടപ്പെടുന്നത് ഏറെ വേദനാജനകമാണ്. കൂട്ടുകുടുംബത്തിൽ കാരണവസ്ഥാനം ഉണ്ടായിരുന്ന പുരു ഷനും സ്ത്രീയ്ക്കും അണുകുടുംബത്തിലെ നാമമാത്രായ സ്ഥാനം ഉൾക്കൊള്ളാൻ ബുദ്ധിമുട്ടുണ്ട്. കുടുംബത്തിന്റെ മേൽക്കോയ്മ നഷ്ടപ്പെടൽ, സാമ്പത്തികമായ അര ക്ഷിതാവസ്ഥ എന്നിവ വൃദ്ധരെ മാനസികമായി തളർത്തുന്നുണ്ട്. അതേസമയം ശാരീ രിക-മാനസികതലങ്ങളെ വാർദ്ധക്യം ബാധിക്കാതിരിക്കാൻ അവരുടെ പ്രവർത്തന ശേഷി ഉതകുന്നുണ്ട്.

മാനസികമായും ശാരീരികമായും സാമ്പത്തികമായുമുള്ള അവഹേളനങ്ങൾ (Abuse) ചിലപ്പോഴെല്ലാം വയസ്സായവർക്ക് നേരിടേണ്ടി വരാറുണ്ട്. മക്കൾ, മരുമക്കൾ, പേരക്കു ട്ടികൾ, വീട്ടുവേലക്കാർ, ഹോം നേഴ്സ്, പരിചാരകർ തുടങ്ങിയവരിൽനിന്നും ഉപദ്രവം നേരിടുന്നവർ കുറവല്ല (എസ് ശിവ രാജു. 2008:199).[35] മാത്രമല്ല, വൃദ്ധർക്കെതിരായുള്ള കുറ്റകൃത്യങ്ങൾ കൂടിക്കൊണ്ടിരിക്കുന്നു. ഇവയിൽ ഉപദ്രവം, മോഷണം, കൊലപാതകം, ലൈംഗികപീഡനം മുതലായവ ഉൾപ്പെടുന്നു. സ്ത്രീകളാണ് കൂടുതലും ഇരകളാകു ന്നത് എന്നും ഇന്ത്യയിലെ വൃദ്ധരെപ്പറ്റിയുള്ള പഠനത്തിൽ എസ്. ശിവ രാജു ഉദ്ധരി

ക്കുന്നുണ്ട് (ടി.200)[36] കേരളത്തിലെ വൃദ്ധജനങ്ങൾക്കും ഇതു ബാധകമാണെന്നു കാണാം.

### 1.3. വാർദ്ധക്യത്തിന്റെ ആവിഷ്കാരം:

കേരളജനത അഭിമുഖീകരിച്ച വാർദ്ധക്യസംബന്ധിയായ പ്രശ്നങ്ങളും അനുഭവങ്ങളും നോവലിലൂടെയും കഥയിലൂടെയും പ്രത്യക്ഷീകരിക്കുന്നതിനെ സൂചിപ്പിക്കാനാണ് ഈ പ്രബന്ധത്തിൽ വാർദ്ധക്യത്തിന്റെ ആവിഷ്കാരം എന്നു പ്രയോഗിച്ചിട്ടുള്ളത്. വിവിധ കാലഘട്ടങ്ങളിലൂടെ കടന്നു പോകുന്ന കേരളസമൂഹത്തിന്റെ സവിശേഷവും പൊതുവായതുമായ തലങ്ങളാണ് മേൽഭാഗങ്ങളിൽ മുഖ്യമായും പ്രതിപാദിച്ചത്. ഒപ്പം വാർദ്ധക്യസങ്കല്പനത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും വിവിധവശങ്ങളും പരിശോധിക്കുകയുണ്ടായി.

എഴുത്തിനുള്ള ഊർജ്ജം സമൂഹത്തിൽനിന്നുകൂടിയാണ് ലഭിക്കുന്നത്. വാർദ്ധക്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാകട്ടെ വിശാലമായ ഭൂമികയിൽ വ്യാപിച്ചു കിടക്കുകയാണ്.

#### 1.3.1. വാർദ്ധക്യകേന്ദ്രീകൃതമായ കൃതികളെക്കുറിച്ചുള്ള പഠനങ്ങൾ:

വാർദ്ധക്യത്തെ മുൻനിർത്തി രചിക്കപ്പെട്ട കൃതികളെപ്പറ്റി ഇതരഭാഷകളിൽ ധാരാളം പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. വാർദ്ധക്യം ശ്രദ്ധേയമായ ഒരു പഠനവിഷയമായി മാറിക്കഴിഞ്ഞിട്ടുണ്ടെന്നു അത്തരം പഠനങ്ങൾ തെളിയിക്കുന്നു. ചില പഠനങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

കാരൻ ചെയ്സിന്റെ 'ദ വിക്റ്റോറിയൻസ് ആൻഡ് ഓൾഡ് ഏജ്', തോമസ് ഫൽക്കറും ജൂഡിത്ത് ഡിലാൻസും എഡിറ്റു ചെയ്ത 'വാർദ്ധക്യം ഗ്രീക്ക് ലാറ്റിൻ സാഹി

ത്യത്തിൽ' കൊറീന തോമ്മന്റെ 'വൃദ്ധകഥകൾ കാനഡ സാഹിത്യത്തിൽ: മാർഗരറ്റ് ലോറൻസിന്റെ "ദ സ്റ്റോൺ ഏയ്ഞ്ചൽ", ജേവൻ ബർഫ്യൂട്ടിന്റെ "ഡ്യൂയറ്റ് ഫോർ ത്രീ" സൂസറ്റ് മേയറുടെ "ദ വിഡോസ്", ആൻജൂലിയ സെവർലെയിൻ തുടങ്ങിയവരുടെ "ഇന്റർഡിസിപ്ലിനറി പെർസ്പെക്ടീവ്സ് ഓൺ എയ്ജിംഗ് ഇൻ നയന്റീൻത്-സെഞ്ചുറി കൾച്ചർ' തുടങ്ങിയ പഠനങ്ങളെ പറ്റിയുള്ള വിവരങ്ങൾ സാഹിത്യത്തിലെ വാർദ്ധക്യം മുൻനിർത്തിയുള്ള പഠനത്തിന്റെ ആവശ്യകത മുന്നോട്ടു വയ്ക്കുന്നതാണ്. സാഹിത്യത്തെ വിവിധ വിഭാഗങ്ങളായി തിരിച്ച് ഗ്രന്ഥങ്ങളും പഠനങ്ങളും പുറത്തിറങ്ങുന്ന ഇക്കാലത്ത് വാർദ്ധക്യകേന്ദ്രീകൃതമായ കൃതികളുടെ പഠനത്തിനുള്ള പ്രസക്തി കൂടി മനസ്സിലാക്കാൻ ഇവ സഹായിക്കുന്നു.

**1.3.1.1.** കാരെൻ ചെയ്സിന്റെ (Karen Chase) 'വിക്ടോറിയൻ കാലത്തുള്ളവരും വാർദ്ധക്യവും' (The Victorians and Old Age) എന്ന പുസ്തകത്തിൽ ഡിക്കൻസ്, ട്രോലോപ്, ഗാസ്കെൽ, ഒലിഫാന്റ്, വൈൽഡ് കരോൾ, മോറീസ് എന്നിവരുടെ കൃതികളിലുള്ള വാർദ്ധക്യത്തെക്കുറിച്ച് പഠനം നടത്തിയിരിക്കുന്നു. വൃദ്ധരുടെ പ്രായം മുതൽ എഴുത്തുരീതി, സമൂഹനിയമങ്ങൾ, സാംസ്കാരിക കാഴ്ചപ്പാടുകൾ എന്നിവയും കാരെൻ ചെയ്സ് പഠനവിഷയമാക്കിയിരിക്കുന്നു. ഈ പുസ്തകത്തിൽ സാമൂഹികസ്ഥാപനങ്ങൾ (Institutions). തലമുറയിൽ ഉണ്ടാകുന്ന വ്യത്യാസങ്ങൾ, പ്രായം കൂടുംതോറും അധികാരത്തിലും അധികാരമില്ലായ്മയിലുമുണ്ടാകുന്ന അന്തരങ്ങൾ, പ്രായത്തിനനുസരിച്ച് കഥാപാത്രങ്ങളുടെ സ്വഭാവങ്ങളിൽ പ്രകടമാവുന്ന തീവ്രവികാരങ്ങൾ തുടങ്ങിയവ എഴുത്തുകാർ വിഷയമാക്കിയതായി കണ്ടെത്തിയിട്ടുണ്ട്. (https://global.oup.com/acadamic)

തോമസ് എം ഫൾക്കറും (Thomas M falker) ജൂഡിത്ത് ഡി ലാൻസും (Judith De Lance) എഡിറ്റു ചെയ്ത 'വാർദ്ധക്യം ഗ്രീക്ക്-ലാറ്റിൻ സാഹിത്യത്തിൽ' (Old Age in

Greek Latin Literature) എന്ന പുസ്തകത്തിൽ ഹോമർ അരിസ്റ്റോഫിനിസ്, യൂറിപ്പിഡീസ്, സോഫോക്ലീസ്, ഹോരേസ്, വെർജിൻ, ഓവിഡ് തുടങ്ങിയവരുടെ ക്ലാസ്സിക്കൽ സാഹിത്യസൃഷ്ടികളെ വിശകലനം ചെയ്യുന്നു. ഇതിൽ സ്ഥിതിവിവരഗണിതമായും പൗരാണികമായും ഏകദേശം അറുപതോ അറുപത്തഞ്ചോ വയസ്സിനെ വാർദ്ധക്യത്തിലേക്കു കടക്കുന്ന രേഖയാക്കി സങ്കല്പിച്ചിരിക്കുന്നു. ഉദാഹരണത്തിന് ഇംഗ്ലണ്ടിൽ സ്ത്രീ 60 വയസ്സിലും പുരുഷൻ 65 വയസ്സിലും പെൻഷന് അർഹരായിത്തീരുന്നു. പക്ഷെ പുരാതന ഗ്രീസിലോ റോമിലോ ആ കാലഘട്ടത്തിൽ പെൻഷനോ പോളിസികളോ ഇല്ലാതിരുന്നതിനാൽ മുകളിൽ പറഞ്ഞ മാർഗ്ഗരേഖകളെ വയസ്സിനുള്ള മാനദണ്ഡമായി സ്വീകരിച്ചിരുന്നില്ല. എന്നിരുന്നാലും സൈന്യങ്ങളിൽ സാധാരണഭടന്മാരുടെ ജോലി ചെയ്യുവാനുള്ള പ്രായത്തെ 60 ആയി നിജപ്പെടുത്തിയിരുന്നു. ഈ പ്രായനിബന്ധന 'ജനറൽ' തസ്തികയിൽ ഇരിക്കുന്നവർക്ക് ഉണ്ടായിരുന്നില്ല. ഇതിനൊരുദാഹരണമാണ് പെരിക്ലസ് അറുപത്താറാം വയസ്സിലും യുദ്ധമുന്നണിയിൽ ഉണ്ടായിരുന്നു എന്ന് ഈ പഠനത്തിൽ കണ്ടെത്തുന്നത്. ഗ്രീക്ക്-റോമൻ പൗരാണിക സമൂഹത്തിൽ വൃദ്ധർക്ക് മതിയായ സ്ഥാനമുണ്ടായിരുന്നു എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. (http://www.amazon.com)

ആൻ ജൂലിയ സ്വെർലെയിൻ (Ann Julia Zweirlein) തുടങ്ങിയവരുടെ 'പത്തൊമ്പതാം നൂറ്റാണ്ടിലെ വാർദ്ധക്യത്തെപ്പറ്റിയുള്ള അന്തർവൈജ്ഞാനികവീക്ഷണം' (Interdisciplinary Perspectives on Ageing in Nineteenth-Century Culture) എന്ന ലേഖനസമാഹാരത്തിൽ ഉൾപ്പെടുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലെ സാഹിത്യ-നിയമ-ശാസ്ത്ര-പത്രമാസികകളിൽ കാണപെടുന്ന വാർദ്ധക്യത്തെക്കുറിച്ച് ഉടലെടുക്കുന്ന കാഴ്ചപ്പാടാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ സാഹിത്യത്തിലെ വാർദ്ധക്യത്തെപ്പറ്റി ഗവേഷണം ചെയ്ത ഗവേഷകരെ സാമൂഹിക-സാംസ്കാരിക-നിയമ മേഖലയിലെ വിദഗ്ദ്ധരുമായി ബന്ധിപ്പിച്ച്

നടത്തിയ പഠനമാണിത്. ഇതിലുൾപ്പെടുത്തിയിട്ടുള്ളത് ചാൾസ് ഡിക്കൻസ്, എലിസബത്ത് ഗാസ്കൽ, ആന്റണി ട്രോലോപ്, തോമസ് ഹാർഡി, ഹെന്റി ജെയിംസ് എന്നിവരുടെ കൃതികളാണ് (http://www.amazon.com).

കൊറീന തോമന്റെ 'വൃദ്ധകൾ കാനഡ സാഹിത്യത്തിൽ' (Old Women in Canadian Literature: Margaret Laurence's "The Stone Angel', Joan Barfoot's "Duet for Three" and Suzette Mayr's "The Widows") എന്ന സെമിനാർ പ്രബന്ധത്തിൽ കാനഡയിലെ സ്ത്രീ എഴുത്തുകാർ വൃദ്ധകളായ കഥാപാത്രങ്ങളെ എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു എന്നു പഠിക്കുന്നു. ഈ കൃതിയിൽ മാർഗരെറ്റ് ലോറൻസിന്റെ 'ദ സ്റ്റോൺ ഏയ്ഞ്ചൽ' (1964). ജോവാൻ ബർഫ്യൂട്ടിന്റെ 'ഡ്യൂയറ്റ് ഫോർ ത്രീ" (1985), സുസറ്റ് മേയറിന്റെ 'ദി വിഡോസ്' എന്നീ നോവലുകളാണ് എടുത്തിട്ടുള്ളത്. കൊറീന തോമ്മൻ ഈ കൃതിയിലെ കഥാപാത്ര ചിത്രീകരണത്തിന്റെ അപഗ്രഥനത്തിലൂടെ വാർദ്ധക്യത്തിന്റെ വിവിധപ്രശ്നങ്ങളെ കാണിക്കുന്നു. വയസ്സ് ഓരോ സ്ത്രീകഥാപാത്രങ്ങളെയും എങ്ങനെ ബാധിച്ചിരിക്കുന്നു, മുത്തശ്ശിമാരും മറ്റു ചെറുപ്രായത്തിലെ പെൺകുട്ടികളും തമ്മിലുള്ള ബന്ധം, വൃദ്ധരുടെ നഴ്സിംഗ്ഹോമുകളെക്കുറിച്ചുള്ള തെറ്റായ (Negative) ചിത്രീകരണം, വൃദ്ധരുടെ ലൈംഗികത (Sexuality) എന്നിവ എങ്ങനെ ഈ നോവലുകളിൽ കാണിച്ചിരിക്കുന്നു എന്നു പറയുന്നു (ടി). ഇത്തരം പഠനങ്ങളിൽനിന്ന് തെളിയുന്നത് വാർദ്ധക്യകേന്ദ്രീകൃത കൃതികളെപ്പറ്റിയുള്ള പഠനങ്ങൾ ലോകമാസകലം നടക്കുന്നുണ്ടെന്നാണ്.

സമൂഹത്തിന്റെ പ്രത്യേകശ്രദ്ധ പിടിച്ചുപറ്റിയ വാർദ്ധക്യപ്രശ്നങ്ങൾ സാഹിത്യകൃതികൾക്ക് വിഷയമായിട്ടുണ്ട്. ഇതു സംബന്ധിച്ച് സംസ്കൃതഭാഷയിൽ എ.ഡി. ആറാം നൂറ്റാണ്ടിൽത്തന്നെ എഴുതപ്പെട്ട കൃതിയാണ് ഭർത്തൃഹരിയുടെ 'വൈരാഗ്യശതകം' നൂറു ശ്ലോകങ്ങളിലായി വാർദ്ധക്യത്തിന്റെ പരാധീനതകൾ അതിലെഴുതപ്പെട്ടിരിക്കുന്നു. ഈ വിഷയം എഴുത്തുകാർക്ക് സമീപസ്ഥമായിരുന്നു എന്നാണ് ഇതിൽ നിന്നും മനസ്സി

ലാവുന്നത്.

വാർദ്ധക്യപ്രമേയം തെരഞ്ഞെടുത്ത മലയാളനോവലുകളും കഥകളും എപ്രകാരം ആവിഷ്കരിച്ചിരിക്കുന്നു എന്ന് കണ്ടെത്താനുള്ള ശ്രമമാണ് തുടർന്നുള്ള അദ്ധ്യായങ്ങളിൽ നടത്തുന്നത്.

## കുറിപ്പുകൾ:

1. The term gerontology is derived from the Greek word "geras" meaning" old age" and "logos" refering to the study of the subject. Dr. Arvind K. Joshi, Older Persons in India (Serials Publications, New Delhi, 2006), p.7

2. It is (Gerontology) destinguished from geriatrics, which is the branch of medicine that studies the diseases of the elderly. In broad perspective, Gerontology covers the social, pshychological and biological aspects of ageing.

   Krishanand Sanwal, Perface, Fundamentals of Geronotology (Akshaya Publishing House, New Delhi, 2008), p.vii.

3. According to the ancient Indian philosophy there are four phases of human life, each of a span of 25 years. The first one is BRAHAMACHARYA, the stage for building up the personality through the acquisition of knowledge, competencies and values as a preparation for entering life, as a complete compendium of fully grown intellect physique and morality. The second stage, GRAHASTHA, is for entering life, shouldering responsibilities of the home and the society, this is also the period for married life and for raising a family. The third stage is VANAPRASTHA, which is taken to be a period of detachment ;when one lives with the family, but keeps himself away from all bondages and family responsibilities. The forth is the last span of life which is called SANYASTHA. In this period the individual is supposed to levave his home and live the life of a mendicant dependent mainly on aims and charities. This is also the period when he relfects over his own past successes and failures and evelves his own philosophies of life and living. He thus makes concrete contributions to the existing store of human knowledge. He devotes his time on study and spirituality on the one hand and to teaching and preaching on the other. H.S. Sreevasthava, Managing Age (Ocean Books, New Delhi,

1999 p. 20,21.

4. Geriatric is defined by disctionaries as 'pertaining to old people' and the world health organization (1963) has defined 'middle age' as being 45-59 years, 'elderly' as being 60-74 years and the 'aged' as over 75 years of age.

   Krishnannad Sanwal, Fundamentals of Geronotololgy (Akshaya Publishing House, New Delhi, 2008), p.1.

5. Across the development world, a range of chronological ages, from 50 to 70, is used to determine the onset of 'old age' In many cases this is an 'arbirray' definition linked to the age at which individuals attain eligibility for a range of state/privately fundeel pension benefits and entitlements (....) the 1875 Friendly Societies Act which defined old age as 'any age after 50' (Roebuck, 1979)

   Christina R. Victor, Ageing,Healt and Care ( The Policy press, UK, 2010) P.7,

6. Gerontologists veiw aging in terms of four distinct processes that are examinedd through out this book:

   Chronological aging is the definition of aging based on a person's years lived from brith. Thus, a 75 - year - old is chronologically older than a 45- year - old. chronological age is not necessorily related to a person's biological, physical, pshychological, or social age, as we will emphasize throught this book.

   Biological aging refers to the physical changes that reduce the efficiency of orgam systems, such as the lungs, heart and circulating systems. This type of aging can be determined by measuring the efficiency and functional abilities of an individuals organ systems, as well as physical activity levels.

   Phychological aging includes the changes that occur in sensory and perceptual process, cognitive abilities (e.g. memory, learning, and intelligence), adaptive capacity, and personality. Thus, an indi-

vidual in her 70s who is intellectually active and adapts well to new situations can be considered Psychologically young.

Social aging refers to an individuals's changing rolls and relationships with family, friends, and other informal supports, both paid and unpaid productive roles, and withing organizaitons such as religious and political groups.

Nancy R Hooyman, H asuman Kizak, Social Gerontology A Multidisciplinary Perspective (Allyn & Bacon, Boston, Phychological aging includes the changes that occur in sensory and percpectual processes, cognitive 2011), P.5.

7. (.....) As people grow older, their behaviour changes, their social interactions change, and the activities in which they engage change. http://www.angelfire.com 10/24/2015, 07.35PM

8. Edward J Stieglits in his work on 'Geriatric Medicine' (1954) used the express; on of social gerontology. He divided gerontology in to three major areas, namely, (i) Geriatric medicine, (ii) Biology of senescence, and (iii) social gerontolgoy. Dr. Arvind K Joshi Older Persons in India (Serials Publication, new Delhi, 2006)., P.7

9. This term (Social gerontology) was first used by Clark Tibbitts in 1954 to describe the are of gerontology that is concerned with the impact of social and sociocultural conditions on the process of aging and its social consequences. This field has grown as the extent to whcih aging differs across cultures, historically underseveral group, and societies has been recognised. Nancy R Hooyman, H Asuman Kiyak, Social Gerontology A Multidisciplinary perspective (Allyn & Bacon, Boston, 2011)P.5

10. (....) Social gerontology, a branch of Gerontology, has started to focus on ageins form the Socio-Cultural aspects.

Adhitya Keshari Mishra & Bikram Keshari Mishra, 'Sociology of ageing in India, Perspective and

policy Optious' Older Persons in India, Dr. Arvind K Joshi (Serials publications, New Delhi 2006), P.22

11. Activity theory, Aveiw holding that the more active people are, the more likely they are to be satisfied with life.

Continuity Theory. The view that in aging people are inclined to maintain, as much as they can, the same habits, personalities, and atyles of life that they have developed in earlier years.

Cognitive theory. A view of ageing that emphasizes individual subjective perception, rather than actual objective change itself, as the factor that determines behaviour associated with advanced age.

Demografic Transition Theory. The idea that population ageing can be explained by a declaine in both birthrates and death rates following industrialization.

Disengagement Theory. This is the idea that separation of older people from active roles in society is normal and appropriate, and benefits both society and older individulas.

Exchange Theory. The idea that interaction in social groups is based on the reciprocal balancing of rewards depending on actions performed.

Modernization Theory. This is the view that the status of the elderly has declined since industriyalization and the spread of technology.

Political Economic Theory: A societal perspective on the ageing process that explains that the status and resources of the elderly, as well as how people age, shaped by each person's place in the social structure and the economic and political forces that impact their sociopolitical location. (Krishnanand Sanwal, 2008:18.19)

12. Older people are at greater risk of suicide than any other age group, often because of depression. It has been estimated that 17 to 20 percent of all completed suicides occur in persons ages 65 and older. (....)

RISK FACTORS FOR SUICIDE IN OLDER ADULTS

- a serious physical illness with severe pain.
- the sudden death of a loved one.
- a major loss of autonmay
- financial instability

(........) Social Gerontology A Multidisciplinary Perspective (Nancy R. Hooyman, H. Asuman Kiyak, Allyn & Bacon, Boston, 2011), p.238.

13. A person's speech and movement, vitality and ability to enjoy life are involved in sexuality. As with other aspects of aging discussed throught this text, sexuality encompasses physiological, emotional, intellectual, spiritual, behavioral, and sociocultural components. Patterns of sexual expression vary widely among older populations, just as they do at all ages....... p. 276. 277.

- physiological changes often associated with aging
- the individual's personal sexual history, self-concept, and self-esteem
- the person's sexual orientation
- the physiological meaning attached to one's sexual experiences
- chronic illness; the degree of physical fitness and functional ability
- the physical and social environment, such as living arrangements, the availability of sexual partners and opportunities for intimacy
- other's attitude and practive (e.g. family, health care providers, long-term care staff) Social Gerontology A Multidisciplinary Perspective (Nancy R. Hooyman, H. Asuman Kiyak, Allyn & Bacon, Boston, 2011), p 276. 277.

14. Older persons, who are generally at a risk for experiencing loss and a shrinking network of family and

friends as they age, are at a high risk of experiencing loneliness. However, not all elderly become to nely. Those who continued tobe physically active and made efforts to expand their social network reported lesser levels of loneliness. Similaryly, individuals who were able to engage in newly emerging social roles were found to be less lonely. Population Aging in India (S. Siva Raju, G.Giridhar, Cambridge University Press, Delhi, 2014), p. 190.

15. (Mental Health) is generally expected that the elderly should be free from mental worries since they have already completed their share of taskers and should lead a peaceful life. But often the unfinished faimilial taskes like education of children, marriage of daughter(s) and so on become a source of worry over a period of time. It is noticed (Siva Raju, 2002a) taht the worries among the poor are usually about inadequate economic support, poor health, indadequate living space, loss of respect, unfinished familial taskes, lack of recreational facilities and the problem of spending time.... p.197. 198.

16. ഭൂമിയുടെ ഉടമസ്ഥതയെ ആധാരമാക്കി കാർഷിക സമ്പദ് വ്യവസ്ഥിതിയിൽ നിലനിന്നിരുന്ന സമൂഹഘടനയാണ് ജന്മിത്തം. കുറെ ഭൂമി ഇത് വയലാവാം, വനമാവാം, ഒരാൾ തന്റേതാണ് എന്ന നിലയിൽ കൈവശം വെക്കുക, അങ്ങിനെ കൈവവശം ഭൂമി ഇല്ലാത്തവർക്ക് അതിൽ ഒരു നിശ്ചിതകാലത്തേക്ക് പണിയെടുക്കാൻ അവസരം നൽകുക. അതിനുപകരമായി അവർ ഉത്പാദിപ്പിക്കുന്ന വിളവിന്റെ നിശ്ചിത അംശം വാങ്ങിച്ചെടുക്കുക. ഇതാണ് ജന്മിസമ്പ്രദായം. നമ്മൾ നടന്ന വഴികൾ (എസ്.കെ.വസന്തൻ, മലയാള പഠന ഗവേഷണകേന്ദ്രം, തൃശ്ശൂർ, 2006) പു. 82. 83

17. പി.കെ. ബാലകൃഷ്ണൻ, 'നമ്പൂതിരി ജന്മം സ്വത്തിന്റെ അടിസ്ഥാനമെന്ത്? വി.ടി.ശ്രീകുമാർ, എ.വി. എഡി. (വി.ടി. ജന്മശാതാബ്ദി ആഘോഷക്കമ്മിറ്റി, മേഴത്തൂർ, 1997), പു.34.

18. 'മലയാളിയുടെ കുടുംബഘടനം സാഹിത്യത്തിൽ' എന്ന പേരിലെഴുതിയ ലേഖനം (ആ

ര്യമാകിലുമാനാര്യമാകിലും, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം, 2006), പു. 87

19. പി.വി.കൃഷ്ണ വാരിയരുടെ 'പ്രബന്ധങ്ങൾ' എന്ന ലേഖന സമാഹാരത്തിലെ 'മരുമക്കത്തായം' എന്ന പേരിലുള്ള ലേഖനം (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 1985) പു. 174, 175,

20. 1925ലെ നായർ ആക്ട് മരുമക്കത്തായം പൂർണ്ണമായും ഇല്ലാതാക്കി. 1933-ലെയും 1958ലെയും മദിരാശി മരുമക്കത്തായ ആക്ടുകൾ ആളോഹരി ഭാഗത്തെ അംഗീകരിക്കുകയും സ്വാർജ്ജിതസ്വത്തിൽ ഭാര്യക്കും മക്കൾക്കും അവകാശം വ്യവസ്ഥപ്പെടുത്തുകയും ചെയ്തു... 1 മരുമക്കത്തായം, കേരള സംസ്കാരചരിത്ര നിഘണ്ടു, വാല്യം 2. (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2005) പു. 280

21. ... മരുമക്കത്തായ വ്യവസ്ഥിതിയിലെ നായർ സ്ത്രീയുടെ സ്വാതന്ത്ര്യം ഒരു തെറ്റിദ്ധാരണ മാത്രമാണ്. സ്വന്തം ഇഷ്ടപ്രകാരം ഇണയെ സ്വീകരിക്കാനോ ജീവിക്കാനോ അവൾക്ക് അവകാശമുണ്ടായിരുന്നില്ല. കാരണവർക്ക് (അമ്മാവനോ ഏട്ടനോ ആകാം) സമ്മതനായ ഒരു സംബന്ധക്കാരനെ വരിക്കാനും കാരണവർക്ക് വിസമ്മതം തോന്നുമ്പോൾ അയാളെ ഉപേക്ഷിക്കാനും അവൾ നിർബന്ധയായിരുന്നു. കാരണവർ അളന്നുകൊടുത്ത നെല്ലെടുത്ത് അടുപ്പത്ത് വെക്കാനും അദ്ദേഹം നിർദ്ദേശിക്കുന്നവർക്ക് വിളമ്പിക്കൊടുക്കാനും മാത്രമാണവൾക്കധികാരമുണ്ടായിരുന്നത്. സ്വന്തം കുഞ്ഞിന് ഭക്ഷണം കൊടുക്കേണ്ടെന്ന് കാരണവർ വിധിച്ചാൽ അതും അവൾ അനുസരിക്കേണ്ടിയിരുന്നു. പേരിനവകാശം പെണ്ണിനായിരുന്നുവെങ്കിലും അനുഭവഭാഗ്യം ആണിന് തന്നെയായിരുന്നു.

കാരണവർ ഭാര്യവീട്ടിലേക്ക് സ്വത്ത് കടത്തുന്നവരായി മാറുന്നതോടെ തറവാട്ടിലെ കാര്യം ദയനീയമായിത്തീർന്നു. ഗീത, ആര്യമാകിലുമനാര്യമാകിലും, മലയാളികളുടെ കുടുംബഘടന സാഹിത്യത്തിൽ (പ്രഭാത് ബുക് ഹൗസ്, തിരുവനന്തപുരം. 2006) പു.90

22. Gender- related difference show that woman worldwide typically live longer than man, leading to a

process called 'feminization of late lfe'. The female elderly are more ligely to be wedowed, have law economic security, lower educational attainment, less labour force experience and more care-giving responsibilities than their male couterparts. S. Siva Raju, 'Studies on Ageing in India: A Review', Population Ageing in India, G.Giridhar etc (Cambridge University Press, Delhi, 2014), p. 202.

23. Considering the demographic, cultural and income differences between genders, ageing means more challenges for women than for men. As most women outlive their male counter parts, they are more likely to be taking care of their husbands in their later years. The buden of care-living often leads to deteriorating health and mental stress among older women, Nowadays, with the increase in longevity, the older woman also takes care of her very old parents or in-laws (ടി.പു.203)

24. A review of the few studies that focussed on elder abuse indicates that the most likely victim of elder abuse is a widowed female of very advaned age, role-less, functionally impaired, with no financial assets, lonely and living at home with someone primarily their adult child, spous or other relatives (Shah et. al, 1995; Devi Prasad, 1999; Devi Prasad and Vijaya Lakshmi, 2008; American psycological Association, 2012; Chokkanathan and Lee, 2005). (ടി.പു.198)

25. As popular Americans belief 65 year is considered the beginning of old age because United States workers become eligible to retire with full Social Security benafits at age 65. People in the 65- and over age group are often called senior citizens. Krishnanand Sanwal, Fundamentals of Gerontoloty (Akansha Publishing House, new Delhi, 2008). p. 26.

26. The problems of retirees mainly include shortage of money, passing time, widowhood, feeling of being physically weak, fear of death, mental tension, feeling of social neglect by family as well a by friends (Raghani and Singhi, 1970) S Sivaraju. 2014: p. 191.

27. (.........) Where as in 1992, The United Nation General Assembly adopted a resolution to observe the

year 1999 as the International year of Older Persons and to Promot the term, "a society for all ages' the international Day of Older Persons (IDOP) is observed every year, worldwide, on 1st October. This day provided an opportunity to ackonowledge the contribution, wisdom, dignity, and needs of our senior citizens and to rededicate our efforts to ensure their welf-being. Vayosreshta Samman - A Scheme of national Award for Senior Citizens, www.swd.kerala.gov.in, 09/7/15, 7.08pm

28. 'വയോജനസംരക്ഷണനിയമം അനിവാര്യതയോ ഔദാര്യമോ?' എന്ന പേരിലുള്ള ലേഖനം. ജനപഥം. 42, 6 പു. 41

29. ഡോ. ജേക്കബ്ബ് റോയ്, 'വാർദ്ധക്യത്തെ വരവേൽക്കാം' എന്ന പേരില് മാതൃഭൂമി ആരോഗ്യമാസിക വാർഷികപ്പതിപ്പിൽ എഴുതിയത്. 12, 3, പു. 69.

30. 'വയോജനങ്ങൾ ചെറുപ്പക്കാരെ മറികടക്കാനൊരുങ്ങുന്നു' എന്ന വാർത്ത മാതൃഭൂമി, ജൂലൈ 21, 2009.

31. 'വയോജനങ്ങളെ വലയ്ക്കരുത്' എന്ന മാതൃഭൂമി എഡിറ്റോറിയൽ, മേയ് 27, 2009

32. (.....) educatio was seen as the master key that would open the way to the socio-economic political and cultural transformation of the country. A.R.Kamath, 'Introduction', education and social change in India (Somaiya publications, 1985). P.2

33. In the early vedic age boys and girls had equal rights to education.

In the smruthi- purana period, the status of women in society fall around the beginning of the christian era, vedic knowledge was closed to them,

Although Budhism brought a little improvement to the women's status....'

Rajkumar Pruthi, Rameswary devi, 'The position of women in society', Indian society (mangaldeep publications, jaypur, 2004), p.16, 17.

34. The importance of the institutional care is realised especially for the poor and destitute aged. At

present, most of the institutional care in the form of Old Age Homes is run by voluntary organizations. There are 1018 Old Age Homes (OAH) in India today; 118 homes are exclusively for women. The maximum numbers of OAH is in Kerala - a total of 186 in numbers (obtained from helpage India, India New Delhi 2004); voluntary organizations are also running Day Care Centres (DCC) to fulfill the psychological needs.... of the aged. These Day Care centres ae very useful but limited in number. Dr. Aravind K.Joshi, Preface, Older persons in India, (Serials Publications, New Delhi, 2006) p.xx

35. The profile of the abuser shows that they were mostly the adult children, sons and doaughters in law together, daughter in law and spouse, were mentioned by the elderly respondets (Kumar, 1991; Rao, Benkoba 1995). Spouses were also found to be the most likely abusers. In some studies, daughters, grand children and other relatives were identified as perpetrators of abuse. S. Sivaraju, Giridar G., etc. Population Aging in India (Cambridge University Press, Delhi, 2014). p. 199.

39. Incidences of crime against the elderly have been increasing over the years. These crimes range from hurt, robbery, murder and even sexual assault. A recent study (Patel, 2010) based on content analysis of reports published in two leading newspapers between 2004 and 2008 shows that most of the crimes against the elderly remain unreported. S Siva Raju, 2014, p.200.

# 2.

# നവോത്ഥാന–പുരോഗമന കാലഘട്ടവും വാർദ്ധക്യാവിഷ്കാരവും

നവോത്ഥാന–പുരോഗമന കാലഘട്ടത്തിലെ നോവലും കഥയും എപ്രകാരം വാർദ്ധക്യത്തെ നോക്കിക്കണ്ടു എന്നു വിലയിരുത്താനാണ് ഈ അദ്ധ്യായത്തിൽ ശ്രമിക്കുന്നത്. നോവലിലെ വാർദ്ധക്യാവിഷ്കാരമാണ് ആദ്യഭാഗത്ത് അപഗ്രഥിക്കുന്നത്. *"മനുഷ്യജീവിതം സമസ്തശക്തിചൈതന്യങ്ങളോടും കൂടി ആവിഷ്കരിക്കാൻ കഴിയുന്ന സാഹിത്യമാധ്യമമാണ് നോവൽ - എല്ലാ വിഭാഗം ജനങ്ങളെയും ആകർഷിക്കുന്ന സാഹിത്യപ്രസ്ഥാനം"* എന്ന് എരുമേലി പരമേശ്വരൻ പിള്ള അഭിപ്രായപ്പെടുന്നു (2003:307). മലയാള നോവലിന്റെ ആരംഭം മുതൽ 1930 വരെയുള്ള കാലഘട്ടത്തിൽ രാജാവിന്റെയോ ബ്രിട്ടീഷ് ഭരണാധികാരിയുടെയോ കീഴിൽ സമൂഹം പലതട്ടുകളിലായി വിന്യസിക്കപ്പെട്ടു. ഇതരസമൂഹങ്ങളിൽ പാരമ്പര്യത്തിനും കുടുംബത്തിന്റെ സാമ്പത്തികനിലയ്ക്കും പ്രാധാന്യം കൽപ്പിക്കപ്പെട്ടപ്പോൾ ഹിന്ദുസമൂഹം വർണ്ണക്രമത്തിന് പ്രാധാന്യം കൊടുത്തു. അവയെ നിലനിർത്തിക്കൊണ്ടുള്ള ഒരു പരിഷ്കാരത്തെപ്പറ്റി മാത്രമേ സാമൂഹികപരിഷ്കർത്താക്കൾ ചിന്തിച്ചുള്ളൂ. സമൂഹത്തെ വിപ്ലവാത്മകമായ രീതിയിൽ പരിവർത്തിപ്പിക്കാനുള്ള ഗൗരവപൂർണ്ണമായ ചിന്തകൾ ഉണ്ടായില്ല. ഈ പശ്ചാത്തലത്തിലുള്ള സാഹിത്യകൃതികളുടെ ജീവൻ ഭദ്രമായ പ്ലോട്ടായിരുന്നു. ആദ്യകാല

നോവലുകളിൽ ഇതാണു കാണാൻ കഴിയുന്നത് എന്ന് മലയാള നോവലിന്റെ ആദ്യ കാലപശ്ചാത്തലത്തെപ്പറ്റി കെ.എം.തരകൻ നിരീക്ഷിക്കുന്നു. (2005:75) ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരം സാംസ്കാരികമാറ്റത്തിന് വഴി തെളിച്ചു. അതിന്റെ ഫലമായി കൂട്ടുകുടുംബവ്യവസ്ഥിതിയുടെയും മരുമക്കത്തായത്തിന്റേയും അടിത്തറ ഇളകി. അനാചാരങ്ങളും മാമൂലുകളും തിരസ്കൃതമായി. അവർണ്ണർ സവർണ്ണർക്കൊപ്പം മുന്നേറി(ടി). ശ്രദ്ധേയമായ സാമൂഹികമാറ്റങ്ങളാണിവ.

ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളും അവയുടെ പരിണതഫലമായ സാമൂഹിക-രാഷ്ട്രീയപ്രശ്നങ്ങളും മൂല്യത്തകർച്ചയും സാഹിത്യത്തെ സ്വാധീനിച്ചു. പാശ്ചാത്യ സാഹിത്യം, വിശേഷിച്ച് ഫ്രഞ്ചുസാഹിത്യം മലയാള എഴുത്തുകാരിൽ ശക്തമായ സ്വാധീനം സൃഷ്ടിക്കാൻ കാരണം കേസരി ബാലകൃഷ്ണപിള്ളയുടെ പ്രബോധനങ്ങളാണ്. അദ്ദേഹം പാശ്ചാത്യസാഹിത്യത്തിലെ നൂതനപ്രവണതകൾ അവർക്ക് വിശദീകരിച്ചു കൊടുക്കുകയും പുതിയ കൃതികൾ പരിചയപ്പെടുത്തിക്കൊടുക്കുകയും അതനുസരിച്ചുള്ള കൃതികൾ രചിക്കാൻ പ്രോത്സാഹനം നൽകുകയും ചെയ്തു. ഭാവനാലോകത്തിനപ്പുറമുള്ള യഥാർത്ഥജീവിതവും എഴുത്തുകാർക്ക് വിഷയമായി. അങ്ങനെ മലയാളത്തിൽ റിയലിസ്റ്റിക് കൃതികൾ ഉണ്ടായിത്തുടങ്ങി. ബൽസാക്ക്, ഇബ്സൻ, മോപ്പസാങ്, ചെഖോവ്, വിക്ടർ യൂഗോ, ടോൾസ്റ്റോയ് തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ അവർ പരിചയപ്പെട്ടു. മനുഷ്യന്റെ പ്രശ്നങ്ങളും പ്രതീക്ഷകളും വേദനകളും കൈകാര്യം ചെയ്തപ്പോൾ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ എല്ലാ മണ്ഡലങ്ങളെപ്പറ്റിയും കൃതികൾ രചിക്കപ്പെട്ടു. നാടുവാഴിത്തം തകരാൻ തുടങ്ങിയിരുന്നു. ജന്മിത്തത്തിന്റെ കെടുതികളിൽനിന്നു മോചനം നേടാൻ ജനങ്ങൾ സംഘടിച്ചു. സാമ്രാജ്യത്വം അതിനനുസരണമായി വളർന്നുമിരുന്നു. ഇന്ത്യൻസ്വാതന്ത്ര്യ സമരവും ജനങ്ങളെ ആകർഷിച്ചു. റഷ്യൻവിപ്ലവത്തിന്റെ വിജയം സാമൂഹികസമത്വവാദി

കളായ ഇന്ത്യക്കാരെ ആവേശം കൊള്ളിച്ചു. 1930കളായപ്പോഴേയ്ക്കും കമ്യൂണിസ്റ്റ് ആശയത്തിന്റെ പ്രചാരം ഇന്ത്യയിൽ ആരംഭിച്ചു. പുരോഗമനവാദികളിൽ പ്രബലവിഭാഗം സോഷ്യലിസത്തിന്റെ വക്താക്കളായി മാറി. ഗാന്ധിയൻ ദർശനവും സ്വാതന്ത്ര്യസമരവും മറ്റു ചില എഴുത്തുകാരെ ആകർഷിച്ചു. ഇതിന്റെയെല്ലാം അനുകൂലഫലങ്ങൾ നോവലിലും ചെറുകഥയിലും പ്രതിഫലിച്ചു. (എരുമേലി പരമേശ്വരൻ പിള്ള 2003:314) ഫ്രോയിഡിന്റെ മനോവിജ്ഞാനീയവും എഴുത്തുകാരെ പ്രചോദിപ്പിച്ചു.

> *"... ഇന്നത്തെ ലോകം രോഗാതുരമാണെന്നും ഇന്നത്തെ സംസ്കാരം കപടമാണെന്നും ഫ്രോയിഡ് യുക്തിപൂർവ്വം സ്ഥാപിച്ചു.... മാർക്സിസ്റ്റ് ഫ്രോയിഡിയൻ ദർശനങ്ങളുടെ വെളിച്ചത്തിൽ സാമൂഹികവിമർശനം നടത്തിയവർ മലയാള സാഹിത്യത്തിൽ ജീവൽസാഹിത്യകാരന്മാരെന്ന് വിശേഷണം സ്വയം ഏറ്റെടുത്തു." (കെ.എം.തരകൻ, 81)*

1937ലാണ് മലയാളത്തിൽ ജീവൽ സാഹിത്യപ്രസ്ഥാനം ആരംഭിച്ചത്. 1944ൽ അത് പുരോഗമന സാഹിത്യമായി രൂപാന്തരപ്പെട്ടു.

കല ബഹുജനങ്ങളിലേയ്ക്ക് ഇറങ്ങിവരണമെന്നും ജീവിതത്തിനുവേണ്ടിയാണ് കല നിലനിൽക്കുന്നതെന്നും സാമൂഹ്യപുരോഗതിയെ ലക്ഷ്യമാക്കിയാണ് എഴുതേണ്ടതെന്നും പറഞ്ഞ് എഴുത്തുകാരന്റെ സ്വാതന്ത്ര്യത്തിലൂന്നിക്കൊണ്ട് പുരോഗമന സാഹിത്യപ്രസ്ഥാനം മുന്നോട്ടു പോയി (എം.അച്യുതൻ, 1987: 81) രാഷ്ട്രീയ അടിമത്തം, മർദ്ദനം, മുതലാളിത്തം, സ്വാതന്ത്ര്യസമരം, ഇന്ത്യാ വിഭജനം, തൊഴിലാളി വർഗ്ഗത്തിന്റെ ഉത്ഥാനം, ലോകമഹായുദ്ധം, ക്ഷാമം ഇവയ്ക്കു പുറമേ കേരളത്തിലെ കിരാതമായ ഭരണവാഴ്ചകൾ, കോൺഗ്രസ്സ്-കമ്മ്യൂണിസ്റ്റ് സംഘർഷങ്ങൾ, നായർ റെഗുലേഷൻ ആക്ട്, ആളോഹരി ഭാഗവ്യവസ്ഥ എന്നിവ കേരളത്തിലെ രാഷ്ട്രീയ-സാമുദായിക ജീവിതമേഖലകളിലുണ്ടാക്കിയ മാറ്റം നവോത്ഥാന കാഥികരുടെ രചനകളിൽ പ്രതി

ഫലിച്ചു. (ടി.പു.81,82)

## 2.1. നോവലുകളിലെ വാർദ്ധക്യം:

പത്തൊമ്പതാം നൂറ്റാണ്ടിലുണ്ടായ ആദ്യകാലമലയാളനോവലുകളെല്ലാം തർജ്ജമകളായിരുന്നു. 1887ൽ രചിക്കപ്പെട്ട സ്വതന്ത്രകൃതിയായ 'കുന്ദലത'യ്ക്കുശേഷം 1889ൽ പുറത്തുവന്ന 'ഇന്ദുലേഖ'യാണ് മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവലായി അറിയപ്പെടുന്നത്. (എരുമേലി പരമേശ്വരൻ പിള്ള, 2003: 312) ഒ. ചന്തുമേനോൻ എഴുതിയ ഈ സാമുദായികനോവലിലെ പഞ്ചുമേനോനിലൂടെ വൃദ്ധനും അപ്രതിരോധ്യനുമായ ഒരു കാരണവരുടെ സാന്നിദ്ധ്യം കൊണ്ടുവരാൻ തത്കർത്താവിന് കഴിഞ്ഞിട്ടുണ്ട്. കൂട്ടുകുടുംബവും മരുമക്കത്തായവും ശക്തമായി നിലനിന്നിരുന്ന പത്തൊമ്പതാം നൂറ്റാണ്ടിൽ അതിന്റെ പ്രതിനിധിയായിട്ടാണ് പഞ്ചുമേനോൻ പ്രത്യക്ഷപ്പെടുന്നത്. എന്നാൽ മേൽപ്പറഞ്ഞ വ്യവസ്ഥിതികൾക്ക് ചാഞ്ചല്യം സംഭവിക്കുന്നതിന്റെ തുടക്കവും 'ഇന്ദുലേഖ'യിലുണ്ട്. അധികാരവും ആജ്ഞാശക്തിയും പുതുതലമുറയിൽ പ്രയോഗിക്കാൻ പലപ്പോഴും കാരണവർക്ക് കഴിയുന്നില്ല. പഠിപ്പുള്ള മാധവനും പഠിപ്പില്ലാത്ത ചിന്നനും ഒരുപോലെ തന്നെ ധിക്കരിക്കുന്നത് കാരണവരെ അദ്ഭുതപ്പെടുത്തുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരത്തിനുപുറമെ, ചിന്തിക്കുന്ന പുതിയ തലമുറയും അണുകുടുംബത്തിലേയ്ക്കുള്ള ചായ്വും സ്ത്രീവിദ്യാഭ്യാസവും സംബന്ധസമ്പ്രദായത്തോടുള്ള എതിർപ്പും കാരണവരായ പഞ്ചുമേനോനെതിരെ കുടുംബത്തിലെ ചെറുപ്പക്കാർ തിരിയുന്നതിനു കാരണമായിത്തീരുന്നു.

മഹാരാജാവുമായുള്ള സംബന്ധം മേന്മയായി കരുതുന്നവരാണ് പഞ്ചുമേനോന്റെ ഭാര്യം ലക്ഷ്മിക്കുട്ടിയമ്മ. ഇന്ദുലേഖയ്ക്കു പകരം കല്യാണിക്കുട്ടിയെ സൂരി നമ്പൂരിപ്പാടിനു കൊടുക്കുന്നതിൽ അവർക്കു വിരോധമില്ല. തറവാട്ടിലേക്കുള്ള സ്വത്ത് വർദ്ധി

പ്പിക്കുന്നത് പെണ്ണുങ്ങളുടെ മിടുക്കുപോലിരിക്കുമെന്ന് ഇന്ദുലേഖയെ പ്രബോധനം ചെയ്യുന്ന ലക്ഷ്മിക്കുട്ടിയമ്മ പഴയ മരുമക്കത്തായത്തിന്റെ പ്രതിനിധിയായ വൃദ്ധയാണ്. പെൺകുട്ടിയെ ആരു സംബന്ധം ചെയ്യണമെന്ന് തീരുമാനിച്ചിരുന്നത് കാരണവരായിരുന്നു. അതിന്റെ ഇരയാണ് കല്യാണിക്കുട്ടി.

സി.വി.രാമൻപിള്ളയുടെ 'രാമരാജാബഹദൂർ' ചരിത്രനോവലായിട്ടാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ 'ധർമ്മരാജാ' എന്ന നോവലിലെ ചിലമ്പിനേത്ത് കാളിയുടയാൻ ചന്ത്രക്കാറൻ എന്ന കഥാപാത്രത്തിന്റെ തുടർച്ചയും വളർച്ചയുമാണ് 'രാമരാജബഹദൂറി'ലെ കാളിപ്രഭാവഭട്ടനെന്ന മാണിക്യഗൗണ്ഡൻ. പാരമ്പര്യത്തിലുള്ള അമിതവിശ്വാസവും ധനമോഹവും ബുദ്ധികൂർമ്മതയും ഒത്തിണങ്ങിയ ഒരു വൃദ്ധനായിട്ടാണ് സി.വി.രാമൻപിള്ള മാണിക്യഗൗണ്ഡനെ അവതരിപ്പിച്ചിരിക്കുന്നത്. ടിപ്പുവിന്റെ പാളയത്തിൽ തടവുകാരനായിക്കഴിഞ്ഞ വൃദ്ധൻ തന്റെ വാത്സല്യഭാജനമായ മീനാക്ഷിയുടെ മകൾ സാവിത്രിയെ അവിടെ നിന്നും രക്ഷിക്കുന്നത് അതിസാഹസികമായിട്ടാണ്. പെരുകിയ പെരിയാറിലെ അയാളുടെ പോരാട്ടം ഒരു പടുവൃദ്ധന് അസാധ്യമാണ്. കഴക്കൂട്ടത്തെ നിധിയന്വേഷണവും ജലശ്വാക്കൾക്കിരയായും സാവിത്രിയെ രക്ഷിക്കാൻ കാണിച്ച തന്റേടവും ആർജ്ജവവും യൗവ്വനത്തിനു ചേർന്നതാണ്. രാജാവിനോടും കേശവപിള്ള ദിവാൻജിയോടുമുള്ള പ്രതികാരമനോഭാവമാണ് ചന്ത്രക്കാറന്റെ വാർദ്ധക്യത്തെ തീക്ഷ്ണമാക്കുന്നത്. അമാനുഷികമായ പരിവേഷമാണ് ഈ കഥാപാത്രത്തിനു സി.വി. കൊടുത്തിട്ടുള്ളത്. നായർ സമുദായത്തിന്റെ പോരാട്ടവീര്യം സി.വി.യെ പ്രചോദിപ്പിച്ചിരിക്കണം. കായികബലത്തിനും ബുദ്ധിശക്തിക്കും ഊന്നം തട്ടാതെയാണ് വൃദ്ധനായ ചന്ത്രക്കാറനെ അവതരിപ്പിച്ചിരിക്കുന്നത്. വാർദ്ധക്യം അയാൾക്ക് ഒരു ബാധയല്ല. അതുപയോഗിച്ച് അദ്ഭുതങ്ങൾ സൃഷ്ടിക്കുകയാണ് സി.വി.രാമൻപിള്ള. 'വൃദ്ധി പ്രാപിച്ചവൻ വൃദ്ധൻ' എന്ന പഴയകാല കാഴ്ചപ്പാടിന്റെ സൃഷ്ടികൂടിയാണ്

ചന്ത്രക്കാറൻ. മരുമക്കത്തായക്കാരണവരുടെ കരുത്തും പരിഗണനയും ഈ വൃദ്ധനുണ്ട്.

ആദ്യകാലമലയാളനോവലുകൾ പരിശോധിക്കുമ്പോൾ വാർദ്ധക്യം മുഖ്യപ്രമേയമായി കാണുന്നില്ല. അതേസമയം കഥാഗതി നിയന്ത്രിക്കുന്നതിന് വൃദ്ധകഥാപാത്രങ്ങൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടുതാനും. കൊച്ചുതൊമ്മൻ അപ്പോത്തിക്കരിയുടെ 'പരിഷ്കാരപ്പാതി' (1892) എന്ന നോവലിലും കഥാഗതി മുന്നോട്ടുകൊണ്ടുപോകുന്നത് കാരണവരായ പൂന്തോട്ടത്തിൽ മൂപ്പീന്നിന്റെ ശക്തമായ ഇടപെടലാണ്. ഇങ്ങനെ മുഖ്യകഥയെ പോഷിപ്പിച്ചു കൊണ്ടിരുന്ന ഈ ഉപകഥാപാത്രങ്ങൾ മലയാളനോവലിന്റെ മുൻനിരയിലേയ്ക്ക് കടന്നുവരുന്നത് നവോത്ഥാനഘട്ടത്തിലാണ്. കഥയിലും വാർദ്ധക്യം അംഗീകൃത വിഷയമാകുന്നത് ഈ കാലഘട്ടത്തിലാണ്.

ഇരുപതാം നൂറ്റാണ്ടോടെ മലയാളനോവലിൽ പ്രമേയവൈപുല്യമുണ്ടായി. സാമൂഹികപരിഷ്കരണത്തെ ലക്ഷ്യമാക്കി കൃതികൾ രൂപം കൊണ്ടു. സാഹിത്യത്തിൽ നിലവിൽവന്ന നവോത്ഥാനത്തിന്റെ വക്താക്കളിൽ പ്രമുഖരാണ് തകഴി ശിവശങ്കരപ്പിള്ളയും ചെറുകാടും ലളിതാംബിക അന്തർജ്ജനവും. അവരുടെ വാർദ്ധക്യ കേന്ദ്രീകൃത നോവലുകളാണ് ഈ ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### 2.1.1. തകഴിയുടെ നോവലുകൾ

തകഴിയുടെ 'കോടിപ്പോയ മുഖങ്ങൾ ഒരു എരിഞ്ഞടങ്ങൽ' എന്നീ നോവലികളിലെ കേന്ദ്ര കഥാപാത്രങ്ങൾ വൃദ്ധന്മാരാണ്. വിഭിന്നജീവിതാനുഭവങ്ങളുള്ളവർ. കേരളം അഭിമുഖീകരിച്ച ഏതൊക്കെ മാറ്റങ്ങളിലൂടെ അവർ കടന്നുപോയിട്ടുണ്ട്, വാർദ്ധക്യത്തിന്റെ ഏതവസ്ഥകൾ അനുഭവിച്ചിട്ടുണ്ട് തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

**2.1.1.1. 'കോടിപ്പോയ മുഖങ്ങൾ:**

പാമ്പുകാട്ടുമലയിൽ നാലായിരത്തിലധികം ഏക്കർ വളച്ചുകെട്ടി തേയിലത്തോട്ടം തുടങ്ങിയ പരമേശ്വരൻപിള്ള എന്ന പരമമ്മാവന്റെ മാനസികലോകത്തിനും വർത്തമാനകാലത്തിനും പ്രാധാന്യം നൽകി രചിച്ചിരിക്കുന്ന നോവലാണിത്. ഒരു സാധാരണമനുഷ്യന്റെ അസാധാരണമായ ജീവിതവിജയമായി ഇതു കണക്കാക്കാം. മരുമക്കത്തായക്കാരനായ പരമമ്മാവൻ ഭൂസ്വത്തു സ്വന്തമാക്കുന്നത് നേരായ മാർഗ്ഗത്തിലൂടെയല്ല. ഇക്കാര്യം അയാളെ അസ്വസ്ഥനാക്കുന്നത് നോവലിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. പെങ്ങളുടെ ആഭരണങ്ങൾ തേയിലത്തോട്ടത്തിന്റെ മൂലധനമാണ്. തറവാട്ടിൽ ശേഷിച്ച നിലം വിറ്റ തുകയും തോട്ടത്തിൽമുടക്കിയ കാര്യം അനന്തരവനോടു പറയുന്നുണ്ട്. മരുമക്കത്തായ വ്യവസ്ഥിതിയിൽ അത് തറവാട്ടിൽ ചേരും. എന്നാൽ അതംഗീകരിക്കാൻ പരമമ്മാവൻ തയ്യാറല്ല. മന്നത്തു പത്മനാഭന്റെ സ്വാധീനത്തെപ്പറ്റി നോവലിൽ സൂചനയുണ്ട്. മക്കത്തായവഴിക്ക് ചിന്തിക്കാൻ പ്രേരണയായത് ആ പ്രസംഗമാണ്. ഈ പരാമർശം ശക്തമായ സാമൂഹികമാറ്റത്തെപ്പറ്റിയുള്ളതുകൂടിയാണ്. അനന്തരവനായ മാധവനോടുപറയുന്നതിൽ ഈ ദിശാമാറ്റം കാണാം:

> *... പഴയ തറവാടുകൾ തകർന്നുപോയപ്പോൾ ഈ കാലത്തിനൊത്ത പുതിയ കുടുംബങ്ങളുണ്ടായി. പെങ്ങളും പെങ്ങളുടെ മക്കളുമടങ്ങുന്ന തറവാട്ടിൽ നിന്നും ഭാര്യയും മക്കളുമടങ്ങുന്ന കുടുംബം ഉടലെടുത്തു. അത്രതന്നെ! അനന്തരവനിൽ നിന്നും സ്നേഹം മക്കളിലേക്കും മാറി. ഐശ്വര്യത്തിനു കാരണം അതാണെന്നു തോന്നി. അനന്തരവനെ സ്നേഹിച്ചിരുന്നപ്പോഴും ഐശ്വര്യമുണ്ടായിരുന്നു. അതൊരു മുറ... (1990, 100.9)*

മന്നത്ത് പത്മനാഭന്റെ പ്രസംഗത്തിന്റെ സ്വാധീനശക്തിയെപ്പറ്റിയും മാധവനോടു പറയുന്നുണ്ട് (2007:54,55)[1] അന്നാണ് പെങ്ങളെ ചതിച്ചത്. ഇങ്ങനെ പറയുമ്പോഴും

മകൻ പ്രഭ അന്യതറവാട്ടുകാരനാണെന്നു വിശ്വസിക്കുന്നത് മരുമക്കത്തായത്തിന്റെ ഉറപ്പ് കാണിക്കുകയും ചെയ്യുന്നു. തറവാട് സമുദ്ധരിക്കേണ്ടത് പ്രഭയല്ല, മാധവനാണെന്നു കരുതുമ്പോഴാണ് ഈ മനസ്സിലിരിപ്പ് പുറത്തുവരുന്നത്. മകനറിയാതെ ഇരുന്നൂറേക്കർ അനന്തരവനു കൊടുക്കാൻ നിശ്ചയിക്കുന്നത് ഇതുകൊണ്ടു മാത്രമല്ല, കുറ്റബോധം നീക്കാൻ കൂടിയാണ്. എന്നാൽ മകന്റെ താത്പര്യത്തിനു വഴങ്ങി മരണസന്നദ്ധനാകുന്ന പരമമ്മാവൻ യഥാർത്ഥത്തിൽ സ്വത്തു കൈമാറ്റം ആഗ്രഹിക്കുന്നില്ല എന്നു തന്നെയാണ് വ്യക്തമാക്കുന്നത്. വയസ്സായവർ അവരുടെ ചെറുപ്പക്കാലത്തെ സ്വഭാവം തുടരും എന്ന വാർദ്ധക്യസിദ്ധാന്തം (Continuity Theory) പരമമ്മാവന്റെ കാര്യത്തിൽ ശരിയായി വരുന്നുണ്ട്. വയസ്സായവർ അവരുടെ ചെറുപ്പകാലത്ത് പഠിച്ച സ്വഭാവങ്ങളും വ്യക്തിത്വവും വാർദ്ധക്യത്തിലും തുടരും എന്ന കാഴ്ചപ്പാടാണ് ഇത്. മാത്രമല്ല ഭൂതകാലസംഭവങ്ങളെ ആസ്പദമാക്കിയാണ് ഭാവി ആസൂത്രണം ചെയ്യുന്നത്. മന്നത്തിന്റെ പ്രസംഗം പരമമ്മാവന്റെ ഭാവിജീവിതത്തിന് പ്രചോദനമായിത്തീരുന്നത് ഇതിനു ലക്ഷ്യമാണ് (http://angelfire.com)[2]. ഇവിടെ പരമമ്മാവൻ ഉള്ളുകൊണ്ട് മരുമക്കത്തായിയായി ഇരിക്കുമ്പോഴും അതിനെ അതിജീവിച്ച് മക്കത്തായിയുടെ സ്വഭാവം പ്രകടമാക്കുന്നു. ചെറുപ്പക്കാലത്ത് നേടിയ അനുഭവസമ്പത്താണ് അയാളെ അപ്രകാരം ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നത്. ഇത് വൃദ്ധരുടെ സ്വഭാവമാണെന്ന് ഒന്നാമദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഇവിടെ സാധുവാകുന്നു.

മരുമക്കത്തായത്തിൽനിന്നും മക്കത്തായത്തിലേയ്ക്കുള്ള ചാഞ്ചാട്ടം പരമമ്മാവനിലുണ്ട്. അതേസമയം പ്രഭ മക്കത്തായ പ്രതിനിധിയായിട്ടാണ് നിലകൊള്ളുന്നത്.

ജുഗുപ്സ ജനിപ്പിക്കുന്ന ഒരു കുഷ്ഠരോഗിയാണ് പരമേശ്വരൻ പിള്ള. തറവാട്ടിലെ നാഗങ്ങളുടെ ശാപമാണ് അതിനു കാരണം എന്നു കരുതുന്നു. കുഷ്ഠരോഗിയുടെ മകനും പേരക്കുട്ടിയുമാണ് പ്രഭയും ഗൗരിക്കുട്ടിയുമെന്ന ചിന്ത പരമമ്മാവനെ അലട്ടു

ന്നുണ്ട്. അയാൾ വേറെ താമസമാക്കുന്നതു തന്നെ രോഗം മൂലമാണ്. തന്റെ ഭാര്യ യായ കോമളം ഉണ്ണുന്നത് ഒരു കുഷ്ഠരോഗിയുടെ ചോറാണെന്ന് അവളെ ഓർമ്മിപ്പി ക്കുന്ന പ്രഭ അച്ഛനെ വാസ്തവത്തിൽ സ്നേഹിക്കുന്നത് സ്വത്തിനുവേണ്ടിയാണ്. ഇരു ന്നൂറേക്കർ മാധവന് പോകുന്നത് അയാൾക്ക് അസഹ്യമാണ്. മകനുമായി സംസാരി ക്കുമ്പോൾ തറവാട്ടുമുതൽ കൊണ്ടാണ് തോട്ടം ഉണ്ടായതെന്നും അത് തറവാട്ടുവക യാണെന്നും പരമമ്മാവൻ പറയുന്നത് ശ്രദ്ധേയമാണ്. ഇവിടെ അയാൾ ഒരു മരുമക്ക ത്തായക്കാരണവരെപ്പോലെയാണ് സംസാരിക്കുന്നത്. മകൻ പെട്ടെന്ന് അപരിചിതനായ പോലെ അനുഭവപ്പെടുന്നു. തറവാടുമായുള്ള കടപ്പാട് മാധവനു കൊടുക്കുന്ന തോട്ടം കൊണ്ടു തീരുമെന്നാണ് പരമമ്മാവന്റെ വിശ്വാസം. ധീരതയുള്ളവരാണ് ആത്മഹത്യം ചെയ്യുക എന്ന പ്രഭയുടെ അഭിപ്രായത്തിൽ അയാൾ യുക്തി കണ്ടെത്തുന്നുണ്ട്. ജീവി തനൈരാശ്യം നിമിത്തമല്ല, കടപ്പാട് നിറവേറ്റി മകന്റെ ജീവിതത്തിനു ബാധ്യതയാകാ തിരിക്കാനാണ് പരമമ്മാവൻ ഡോക്ടർ മുകുന്ദന്റെ സഹായത്തോടെ ആത്മഹത്യ ചെയ്യു ന്നത്.

ഈ നോവലിലെ നായകനായ പരമമ്മാവൻ അപ്രതിരോധ്യമായ ആജ്ഞാശക്തി യുള്ളവനായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. വൃദ്ധർക്ക് ശാപമായ സാമ്പത്തികക്ലേശം അയാളെ അലട്ടുന്നില്ല. അധികാരം കൈയാളുന്ന മരുമക്കത്തായ കാരണവരായി നില കൊള്ളുന്ന സമയം തന്നെ മക്കത്തായത്തിനോടുള്ള ചായ്‌വ് പ്രകടിപ്പിക്കുന്നുമുണ്ട്. ഈ ചാഞ്ചാട്ടം അയാളിൽ ഉളവാകുന്നത് ആ കാലത്തിന്റെ പ്രവണത മൂലമാണ്. സ്വന്തം ഭാര്യ, മക്കൾ എന്നിവരോട് ആഭിമുഖ്യം പുലർത്തുന്ന സാമൂഹികപരിഷ്കർത്താക്ക ളുടെ ആഹ്വാനങ്ങൾ ഉൾക്കൊള്ളുന്ന കഥാപാത്രമാണ് പരമമ്മാവൻ.

ജീവിതത്തിനോടു മടുപ്പുതോന്നാത്ത അയാൾക്ക് എല്ലാം പുതുമയുള്ള കാഴ്ചക ളാണ്. അതുകൊണ്ടാണ് സമ്പത്തിനിടയ്ക്കുള്ള മാർഗ്ഗതടസ്സമൊഴിവാക്കാൻ അച്ഛന്റെ

കൊലപാതകത്തെപ്പറ്റി പ്രഭയും കോമളവും ചിന്തിക്കുന്നതും ഡോക്ടർ മുകുന്ദനെ ഏർപ്പാടാക്കുന്നതും. വാസ്തവത്തിൽ ഡോക്ടറുടെ സഹായത്തോടെ ആത്മഹത്യം ചെയ്യാനുള്ള പരമമ്മാവന്റെ നിശ്ചയം അവരെ പരാജയപ്പെടുത്തുകയാണ്. കുഷ്ഠം ശരീരത്തെയല്ലാതെ വൃദ്ധന്റെ മനസ്സിനെ ബാധിക്കുന്നില്ല. പ്രകൃതിയിൽ എന്നും പുതുമ കാണുന്ന ജീവിതത്തെ സ്നേഹിക്കുന്ന അയാൾ ബാഹ്യമായ വാർദ്ധക്യത്തെ പരാജയപ്പെടുത്തുകയാണ്. അതേസമയം തന്റെ മനുഷ്യരൂപം നഷ്ടപ്പെടുത്തി തന്നെ ആൾക്കുരങ്ങാക്കി മാറ്റുന്ന രോഗം ശരീരത്തിന്റെ അവസ്ഥ മാത്രമല്ല മനസ്സിന്റേതു കൂടിയാണ്.

വയസ്സായവരിലെ ആത്മഹത്യാപ്രവണത വാർദ്ധക്യവിജ്ഞാനത്തിൽ പ്രത്യേക പഠനവിഷയമാണ്. കുടുംബനാഥൻ എന്ന പദവിയുടെ നഷ്ടവും കുടുംബാംഗങ്ങളിൽനിന്നുള്ള ശാരീരികവും മാനസികവുമായ പീഡനങ്ങളും പരമമ്മാവനെ ആത്മഹത്യയിലേയ്ക്കു നയിക്കുന്നില്ല എന്നു കാണാം. ഇവിടെ അച്ഛനെ ആത്മഹത്യ ചെയ്യാൻ പ്രേരിപ്പിക്കുന്നത് മകനാണ്. എന്നാൽ പ്രഭയിൽ ആത്മഹത്യാപ്രേരണക്കുറ്റം ചുമത്താതിരിക്കാൻ വൃദ്ധനു കഴിയുന്നതായാണ് കാണുന്നത്. പ്രഭയുടെ പ്രേരണ തന്റെ തീരുമാനമാക്കിയെടുക്കുന്ന സ്ഥിതപ്രജ്ഞതയാണ് പരമമ്മാവനിലുള്ളത്. സമ്പാദ്യം മരുമകനു പോകുമെന്ന പ്രഭയുടെ ദുഃഖകാരണം ഇല്ലാതാക്കാനും അതുകൊണ്ടു കഴിയും എന്ന പ്രത്യാശ കൂടിയാണ് പരമമ്മാവനെ ആത്മഹത്യയിലേയ്ക്കു നയിക്കുന്നതെന്നു കാണാം. ഇവിടെ ആത്മഹത്യമൂലം ഒരു പ്രതിരോധം സൃഷ്ടിക്കാൻ പരമമ്മാവനു കഴിയുന്നുണ്ടെന്നു കാണാം.

### 2.1.1.2. ഒരു എരിഞ്ഞടങ്ങൽ:

ഈ നോവലിന്റെ ആമുഖത്തിൽ അതിലെ പ്രതിപാദ്യവിഷയത്തെപ്പറ്റി തകഴി വ്യക്തമായി പറയുന്നുണ്ട്:

*ഈ നോവലിലെ ആഖ്യാനശൈലിക്ക് ഒരു പ്രത്യേകത വന്നുപോയി. ഒരു പടുവൃദ്ധന്റെ മനസ്സു പോലെ മങ്ങലും ആവർത്തനവും എല്ലാം ഇതിലുണ്ട്. വിജയകരമായ ഒരു ജീവിതം കാലത്തിന്റെ വ്യത്യാസം കൊണ്ട് സ്വപ്നങ്ങളെല്ലാം തകർന്ന് ഇരുൾ വ്യാപിച്ച അവസ്ഥയാണ് ഈ നോവലിന്റെ പ്രതിപാദ്യവിഷയം (1990:?)*

കൃഷിക്കാരന്റെ പ്രശ്നങ്ങൾ എന്നും തന്നെ ആകർഷിച്ചിരുന്നതായി പറയുന്ന തകഴിക്ക് കൃഷിക്കാരനെ മറക്കുന്ന സാഹിത്യകാരന്മാരെപ്പറ്റി പരാതിയുണ്ട് (ടി.) ഈ നോവലിൽ ഒരു കൃഷിക്കാരനെയാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. കഥാനായകനായ വൃദ്ധന്റെ ചിന്തയിലൂടെ ഭൂത-വർത്തമാന-ഭാവികൾ പ്രത്യക്ഷീകരിക്കുകയാണ് ചെയ്യുന്നത്. സാമ്പത്തികമായ ഉയർച്ചയ്ക്ക് നേരായ മാർഗ്ഗങ്ങളല്ല ശിവരാമപിള്ള അവലംബിച്ചത് എന്നു കാണാം. സ്വന്തം കുടുംബത്തിന്റെ ശ്രേയസ്സാണ് അയാൾക്കു മുഖ്യം. മരുമക്കത്തായം മാറി മക്കത്തായം വന്നു കഴിഞ്ഞിരിക്കുന്നു. ആ വ്യത്യാസം പ്രകടമാണ്. കൃഷിക്കാരന്റെ മക്കൾ കൃഷിയിറക്കുന്നില്ല. കൃഷിഭൂമി പണത്തിനുവേണ്ടി വിൽക്കുന്ന തലമുറയാണ് അവരുടേത്. അച്ഛന് കൃഷിയോടും ഭൂമിയോടുമുള്ള ആത്മാർത്ഥതയും ആർത്തിയോളമെത്തുന്ന സ്നേഹവും തിരിച്ചറിയാൻ അതുകൊണ്ടുതന്നെ മക്കൾക്കാകുന്നില്ല.

മൂന്നു മക്കളുടേയും പേരിലുള്ള വസ്തുക്കളിൽനിന്നും ലഭിക്കുന്ന ആദായം അവരുടെ പേരിൽ ബാങ്കിൽ നിക്ഷേപിക്കുന്ന ശിവരാമപിള്ള മക്കളുടേയും തുടർപരമ്പരയുടേയും ജീവിതം ആസൂത്രണം ചെയ്യുകയാണ്. ഓരോ കാലഘട്ടത്തിലെയും വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങൾ തമ്മിലുള്ള വ്യത്യാസം അയാൾ മറന്നുപോകുകയാണ്. മക്കൾ തന്റെ വരുതിക്കു പുറത്താണെന്നറിയുമ്പോൾ മാനസികസമ്മർദ്ദമുണ്ടാകുന്നത് അതുകൊണ്ടാണ്. അഞ്ചു തലമുറയ്ക്കു കഴിയാനുള്ള കണക്കുണ്ടാക്കുന്നത് വ്യർത്ഥ

മായിത്തീരുന്നു.

മരണചിന്തകൾ അലട്ടുന്ന ശിവരാമപിള്ളയുടെ മനസ്സ് സുഹൃത്തായ പുറ്റേൽ രാഘവൻപിള്ളയുടെ മരണത്തിനു സാക്ഷ്യം വഹിച്ചതു മുതൽ കൂടുതൽ മരണാഭിമുഖ്യമുള്ളതായിത്തീരുന്നു. വൃദ്ധരെ വിഷാദത്തിനടിപ്പെടുത്തുന്ന ഒന്നാണ് വേണ്ടപ്പെട്ടവരുടെ മരണം എന്ന കൃഷ്ണൻ ഇളയതിന്റെ അഭിപ്രായം ശരിയാണെന്ന് ഇവിടെ കാണാം. ഇതേത്തുടർന്ന് ശിവരാമപിള്ളയുടെ മനസ്സിൽ മരിച്ചുപോയ ബന്ധുക്കളും കുടുംബക്കാരും കടന്നു വരുന്നുണ്ട്. കേരളീയരുടെ വിശ്വാസപ്രകാരം മരിച്ചുപോയവരെ കാണുന്നത് മരണാസന്നരാണ്. ഈ ചിന്തയും വൃദ്ധനെ അസ്വസ്ഥനാക്കുന്നുണ്ട്. വാർദ്ധക്യത്തിന്റെ ഒരു പ്രത്യേകതയാണ് കഴിഞ്ഞുപോയ കാലത്തെ വിലയിരുത്തൽ. നേട്ടങ്ങളുടേതായ ജീവിതം ശിവരാമപിള്ളയ്ക്ക് സംതൃപ്തി നൽകുന്നുണ്ട്. ലാഭം മാത്രം നോക്കിയുള്ള ജീവിതത്തിൽ നഷ്ടപ്പെടുത്തിയ ഒന്നു രണ്ടു പറമ്പുകൾ വാർദ്ധക്യത്തിലും വേവലാതി സൃഷ്ടിക്കുന്നത് സൂക്ഷ്മമായിത്തന്നെ ചിത്രീകരിച്ചിരിക്കുന്നു.

ശിവരാമപിള്ള വാർദ്ധക്യത്തിന്റേതായ ശാരീരികവും മാനസികവുമായ അസ്വാസ്ഥ്യങ്ങൾ പ്രകടിപ്പിക്കുമ്പോൾ കൃഷിയും വീട്ടുകാര്യങ്ങളും ഏറ്റെടുക്കുന്ന ഭാര്യ കുഞ്ഞുലക്ഷ്മിയമ്മ പ്രത്യേകം പ്രസ്താവ്യയാണ്. കൃഷിഭൂമി കർഷകന് എന്ന വ്യവസ്ഥപ്രകാരം ഭൂമി നഷ്ടപ്പെടാതെ നോക്കുന്നത് ഷഷ്ടിപൂർത്തി കഴിഞ്ഞ അവരാണ്. കൃഷി നടത്തിപ്പിനെപ്പറ്റി മിഥ്യാധാരണയുണ്ടാക്കി ഭർത്താവിന്റെ മനസ്സിനെ തൃപ്തിപ്പെടുത്തുന്ന അവർ കടുത്ത മാനസികസംഘർഷം അനുഭവിക്കുന്നുണ്ട്. പാട്ടക്കാരെ ഒഴിപ്പിക്കാനും കാര്യങ്ങൾ ഗ്രഹിപ്പിച്ചു മക്കളെ എഴുത്തയച്ച് വരുത്താനുമുള്ള തന്റേടം കുഞ്ഞുലക്ഷ്മിയമ്മയ്ക്കുണ്ട്.

ലോകം മുഴുവൻ വ്യാപിച്ച മലയാളിയുടെ വളർച്ചയാണ് നാട്ടിൽ വൃദ്ധരായ രക്ഷിതാക്കളെ ഒറ്റപ്പെടുത്തുന്നത് എന്ന യാഥാർത്ഥ്യം നോവലിലുണ്ട്. ശിവരാമപിള്ളയുടെ

മരണശേഷം വീടും പറമ്പും കൃഷിഭൂമിയും വിറ്റ് അമ്മയെ കൂടെ കൊണ്ടുപോകാൻ ഉത്സാഹിക്കുന്ന മക്കൾ ഇതാണു അനുഭവപ്പെടുത്തുന്നത്. ഓരോ കാലത്തും ഓരോന്നിനാണ് പ്രാധാന്യം എന്നു ഈ നോവലിൽ കാണാം. കൃഷിയും പണവും അതിന്റെ പ്രതിനിധികളാണ്. അതു തിരിച്ചറിയാൻ കഴിയാതെ പോകുന്ന വൃദ്ധനാണ് ശിവരാമ പിള്ള.

ഈ നോവലിലും ആത്മഹത്യാചിന്ത കടന്നുവരുന്നുണ്ട്. വളപ്പിലുള്ള ഇരുവശത്തേയ്ക്കും കൊമ്പുകൾനീട്ടി നിൽക്കുന്ന മാവ് ശിവരാമപിള്ളയുടെ മരണത്തിന്റ പ്രതീകമായി മാറുന്നുണ്ട്. നിരാലംബത അനുഭവപ്പെടുമ്പോൾ ശിവരാമപിള്ള ആത്മഹത്യയെപ്പറ്റി ചിന്തിക്കുന്നു. പാമ്പിൻപൊത്ത് കണ്ടെത്തുന്നത് ഇതുമായി ബന്ധപ്പെടുത്തിയാണ് കാണേണ്ടത്. ചലനാത്മകവും കടപ്പാടു നിറഞ്ഞതുമായ ലോകത്തിൽ നിന്നും നിഷ്ക്രിയത്വത്തിലേയ്ക്കുള്ള മാറ്റം മാനസികമായി വൃദ്ധനെ തളർത്തുന്നുണ്ട്. തന്നെ ഭാര്യയടക്കം ആർക്കും വിലയില്ലെന്ന ചിന്ത കൂടുതൽ മാനസിക പ്രശ്നം ഉണ്ടാക്കുന്നു. ഇനിയൊന്നും ചെയ്യാനില്ലെന്ന തോന്നൽ വയസ്സായവരുടെ ശരീരത്തെയും മനസ്സിനെയും അപകടകരമാം വിധം ബാധിക്കുമെന്ന് ഒന്നാമദ്ധ്യായത്തിൽ രേഖപ്പെടുത്തിയത് ഈ നോവലിൽ പ്രകടമായി കാണാൻ കഴിയും. എല്ലാവരും അവഗണിക്കുന്നു, താൻ വീട്ടിൽ ആരുമല്ല, തന്റെ ആവശ്യം കഴിഞ്ഞു തുടങ്ങിയ ചിന്തകൾ മരണമാണ് അഭികാമ്യമെന്ന മാനസികാവസ്ഥയിലേക്ക് ശിവരാമപിള്ളയെ എത്തിക്കുന്നത് അതുകൊണ്ടാണ്.

**2.1.2. ചെറുകാടിന്റെ 'മുത്തശ്ശി':**

'മുത്തശ്ശി' എന്ന നോവൽ ഒരു രാഷ്ട്രീയ നോവലാണ്. നാണി എന്ന അദ്ധ്യാപികയുടെ ജീവിതത്തിലൂടെയാണ് മുത്തശ്ശിയുടെ വളർച്ച ഗ്രഹിക്കാൻ കഴിയുക. യാഥാ

സ്ഥിതികയായ അവർ കമ്മ്യൂണിസ്റ്റായി പരിവർത്തനം പ്രാപിക്കുന്നതാണ് മുഖ്യപ്രമേയം. ഈ പരിണാമത്തിന്റെ കഥ പറഞ്ഞു പോകാനുള്ള മാർഗ്ഗം കൂടിയാണ് നാണി.

നാടിന്റെ സാമൂഹികവും രാഷ്ട്രീയവുമായ ചരിത്രം വ്യക്തിയുടെ കൂടിയായി മാറുന്നതാണ് 'മുത്തശ്ശി'യിൽ കാണാനാവുക. നോവൽ രണ്ടു ഭാഗമായി തിരിക്കാം. മരുമക്കത്തായവ്യവസ്ഥിതിയുടെ ശക്തമായ പ്രതിനിധിയായിട്ടാണ് മുത്തശ്ശി നോവലിന്റെ ഒന്നാം ഭാഗത്തിന്റെ തുടക്കത്തിൽ പ്രത്യക്ഷപ്പെടുന്നത്. രണ്ടാം ഭാഗത്താകട്ടെ മാനസികമായി മാറുകയും കമ്മ്യൂണിസ്റ്റ് സഹയാത്രികയാകുയും ചെയ്യുന്നു. കടുത്ത മരുമക്കത്തായിയായ മുത്തശ്ശി സ്വന്തം മകനെയും മകളെയും പക്ഷം തിരിച്ചാണു കാണുന്നത്. ഈ വേർതിരിവ് മകളുടെ മക്കളോടും ഉണ്ട്. പേരക്കുട്ടികളിൽ പെണ്ണായ നാണിയെ 'നാരകത്തെ കൂമ്പ്' ആയി കാണുമ്പോൾ അവളുടെ സഹോദരനായ ബാലനെ തറവാട് നോക്കി നടത്താനുള്ള ഒരു വേലക്കാരൻ മാത്രമായിട്ടാണ് അവർ കാണുന്നത്. മകന് സ്വത്തോ ഭൂമിയോ കൊടുക്കാത്തതിന് അവർ കാണുന്ന കാരണം. *"ആണുങ്ങൾക്ക് തോന്നിയത് കാട്ടാനുള്ളതല്ല നാരകത്തെ തറവാട്ടിലെ മുതല്. പെണ്ണുങ്ങൾക്കും കുട്ടികൾക്കും കഞ്ഞി കുടിച്ചു കിടക്കാനാണ്" എന്നതാണ് (1998:25).*

അവരുടെ സ്നേഹം മുഴുവൻ നാണിക്കാണ്. സ്വന്തം മകളായ അമ്മാളുവമ്മയോടു പോലും ഇത്ര സ്നേഹം ഇല്ല. *"എല്ലാം എല്ലാം നാണിക്ക്"* എന്നാണവരുടെ മുദ്രാവാക്യം (1998:99). എന്നിട്ടും പാട്ടബാക്കി തീർക്കാൻ വേണ്ടി ജന്മിയുടെ കാര്യസ്ഥനു വഴങ്ങാൻ മുത്തശ്ശി നാണിയെ പ്രേരിപ്പിക്കുന്നു. തന്റെ ഇച്ഛയ്ക്കു വിരുദ്ധമായ സന്ദർഭത്തിൽ നാണിയുടെ നേരെ കറിക്കത്തി കൊണ്ട് കൊത്താൻ പോലും മടിക്കാത്തത്ര പാരമ്പര്യവാദിയാണവർ.

ജാതിചിന്ത കർക്കശമായി പാലിക്കുന്ന മുത്തശ്ശിയെ നോവലിൽ കാണാം. കൊള്ളാവുന്നവർ സ്വജാതിക്കാരാണോ എന്നവർ തിരക്കുന്നത് നാണിയെ സംബന്ധം ചെയ്തു

കാണാനാണ്. അതേസമയം അവൾക്ക് ലഭിക്കുന്ന സ്കൂൾ സർട്ടിഫിക്കറ്റിന്റെ മഹത്വം അവർ തിരിച്ചറിയുന്നില്ല. നാണിയുടെ ജോലിയുമായി ബന്ധപ്പെട്ട് തികഞ്ഞ കച്ചവട ക്കാരിയായി മാറാനും മടിക്കുന്നില്ല. ബാലന്റെയും നാണിയുടെയും പ്രവൃത്തികൾ സൂക്ഷ്മമായി നിരീക്ഷിക്കുന്ന അവർ നിർണ്ണായക നിമിഷത്തിൽ വീട്ടുഭരണം ഒഴി ഞ്ഞുകൊടുക്കുന്നതു കാണാം.

മുത്തശ്ശിയിലെ പാരമ്പര്യത്തെ വെളിപ്പെടുത്തുന്ന ഒന്നാണ് നാണിക്ക് അവർ ആലോ ചിക്കുന്ന സംബന്ധം. സംബന്ധത്തിന്റെ മഹിമയെപ്പറ്റി അവർക്ക് ധാരാളം സംഭവകഥ കൾ പറയാറുണ്ട്. അച്ഛനോളം പ്രായമുള്ള സംബന്ധക്കാരനെ ഉപേക്ഷിക്കുന്ന അവ ളോട് കറുത്ത മുഖം കാട്ടാൻ മടിക്കുന്നില്ല അവർ. മുത്തശ്ശിയുടെ ഇത്തരം പ്രവൃത്തി കൾ *"സമുദായനീതിയുടെ പിന്നിലുള്ള കരാളരൂപ"*മായിട്ടാണ് നാണിക്ക് അനുഭവ പ്പെടുന്നത് (1998:77). അവരിൽ മനുഷ്യത്വം കാണാൻ അവർക്ക് കഴിയുന്നില്ല. കാരണം *"അവരിൽ പാരമ്പര്യം അടിമത്തത്തിന്റെ ആൽത്തൈയാണ് വെച്ചുപിടിപ്പിച്ചിട്ടുള്ളത്"* (1998:95). എത്രമാത്രം വേരോടിയതാണ് മുത്തശ്ശിയുടെ ഉള്ളിലെ യാഥാസ്ഥിതികത്വം എന്ന് ഈ ഭാഗം വ്യക്തമാക്കുന്നു. ജന്മിയായ നമ്പൂതിരിയോടും അടിമത്തമനോഭാവ മാണ് അവർക്കുള്ളത്. പരുത്തിക്കാട്ടുമനയിലെ 'വൈക്കോൽ' തിന്നുന്നത് അന്തസ്സായി കാണുന്നത് അതുകൊണ്ടാണ്. എന്നാൽ നാരകത്തുകാർ കൃഷി നടത്തിയിരുന്ന അത്തി ക്കുഴി അയമ്മുവിന്റെ പേരിലായപ്പോൾ തിരുമേനിയോടുള്ള ആദരവൊക്കെ പോകു ന്നുണ്ട്. മാത്രമല്ല, കാര്യസ്ഥൻ നിലമൊഴിയാൻ കേസു കൊടുത്തതും പരുത്തിക്കാട്ടു മനയിലെ തിരുമേനി പാട്ടം തീർക്കാൻ സഹായിക്കുമെന്നു കരുതിയത് വൃഥാവിലാ യതും അവരെ ഇരുത്തിച്ചിന്തിപ്പിക്കുന്നു. അതുവരെ നാണിയെയും ബാലനെയും അവ രുടെ സംഘടനാപ്രവർത്തനങ്ങളെയും എതിർത്തിരുന്ന മുത്തശ്ശി അവർക്കനുകൂലമായ നിലപാട് കൈക്കൊള്ളുകയാണ്.

തന്റെ വീട് കമ്മ്യൂണിസ്റ്റുകാരായ ഗോപാലനും കിടാവിനും ഒളിത്താവളമാക്കുന്നതിൽ അവർ എതിർപ്പു കാട്ടുന്നില്ല. പോലീസുകാർ അറസ്റ്റ് ചെയ്യുമ്പോൾ പതറാതെ നിൽക്കാനുള്ള സ്ഥൈര്യം മുത്തശ്ശിക്കുണ്ട്. ജയിൽമോചിതയായ നാണിയോട് സാധാരണമട്ടിൽ സംസാരിക്കാനും കുഞ്ഞിമാളുവിനെച്ചൊല്ലി ദുഃഖിക്കുന്ന മകനെ ഉപദേശിക്കാനും തക്ക ചങ്കൂറ്റം മുത്തശ്ശി നേടുന്നു. മകളുടെ മരണം പോലും കുലുക്കമില്ലാതെ നേരിടാൻ അവർക്കാകുന്നുണ്ട്. ജയിലിൽ നിന്നു കിട്ടിയ കമ്മ്യൂണിസ്റ്റു പാഠങ്ങളാണ് മുത്തശ്ശിയെ സഖാവാക്കി മാറ്റുന്നത്. അഹങ്കാരവും താൻപോരിമയുമെല്ലാം അവർ അവസാനിപ്പിക്കുകയാണ്. കഥാമദ്ധ്യത്തിലെത്തുമ്പോൾ മുത്തശ്ശിയിൽ വന്ന മാറ്റം നാണിയിലൂടെയാണ് പുറത്തു വരുന്നത്. *"അവരുടെ സ്വഭാവം പട്ടുപോലെ മൃദുലമായിരിക്കുന്നു. അവർക്ക് കർഷകസംഘത്തെ വലിയ ബഹുമാനമാണ്."* (1998:195) ബാലനെ അന്വേഷിച്ചുവന്ന പോലീസുകാരെ ശക്തമായി നേരിടുന്നുണ്ട് മുത്തശ്ശി. പരുത്തിക്കാട്ടുമനയ്ക്കലെ കുട്ടിത്തമ്പുരാന്റെയും തമ്പുരാട്ടിയുടെയും കൂടെ ആശങ്കയില്ലാതെ വേദി പങ്കിടുന്നുമുണ്ട്.

ജയിലിൽ നിന്നും വന്ന ശേഷം പത്രവാർത്തകളിൽ താത്പര്യം പ്രദർശിപ്പിക്കുന്ന മുത്തശ്ശിയിൽ മാറ്റ പ്രകടമാണ്. ഭരണയന്ത്രത്തിനെതിരെ തിരിയത്തക്ക മനോനില അവർക്ക് കൈവന്നിട്ടുണ്ട്. ആരെയും ഒറ്റിക്കൊടുക്കാതിരുന്നതിനാൽ കമ്മ്യൂണിസ്റ്റുകാരുടെ ബഹുമാനം ആർജ്ജിക്കാനും അവർക്കാവുന്നു.

നോവലിന്റെ തുടക്കത്തിൽ പുരോഗമനത്തെ തടഞ്ഞു നിന്നിരുന്ന മുത്തശ്ശി അവസാനമാകുമ്പോഴേയ്ക്കും തികഞ്ഞ പുരോഗമനാശയക്കാരിയായി മാറുന്നുണ്ട്. 'നാരകത്തൊരു കൂമ്പ്' എന്ന വ്യക്തിപരമായ ലക്ഷ്യത്തിൽ നിന്നും സമഷ്ടിയിലേയ്ക്ക് മുന്നേറാൻ മുത്തശ്ശിയ്ക്കു കഴിയുന്നുണ്ട്. സാമൂഹികവും സാമുദായികവും രാഷ്ട്രീയവുമായ മാറ്റങ്ങളാണ് അതിനവരെ പ്രചോദിപ്പിക്കുന്നത്. നാണിയിലൂടെ മുന്നേറുന്ന

മുത്തശ്ശി അവളെ അപ്രസക്തയാക്കിക്കൊണ്ട് വളർന്ന് മുന്നേറുന്നതു കൂടിയാണ് 'മുത്തശ്ശി'യുടെ അവസാനഭാഗം. കമ്മ്യൂണിസം ഗ്രാമീണയായ ഒരു വൃദ്ധയിൽ വരുത്തിയ മാനസികപരിവർത്തനമാണ് 'മുത്തശ്ശി' എന്ന നോവലിൽ കാണാൻ കഴിയുന്നത്.

**2.1.3. ലളിതാംബിക അന്തർജ്ജനത്തിന്റെ 'അഗ്നിസാക്ഷി':**

നവോത്ഥാന സ്വഭാവമുള്ള നോവൽ എന്ന നിലയിലും സ്ത്രീയെ മുഖ്യകഥാപാത്രമാക്കി സ്ത്രീ എഴുതിയ കൃതി എന്ന നിലയിലും 'അഗ്നിസാക്ഷി' ശ്രദ്ധേയമാണ്. നവോത്ഥാനകാലഘട്ടത്തിലെ അപൂർവ്വം എഴുത്തുകാരികളിൽ ഒരാളാണ് ലളിതാംബിക അന്തർജ്ജനം. സമകാലീനയായ കെ. സരസ്വതിയമ്മ വാർദ്ധക്യത്തെ കേന്ദ്രീകരിച്ച് ഒന്നും എഴുതിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 'അഗ്നിസാക്ഷി'യുടെ ആമുഖത്തിൽ ആ നോവൽ എഴുതാനിടയായ സാഹചര്യം അന്തർജ്ജനം വിവരിക്കുന്നുണ്ട്. അവർ പറയുന്നു:

> *... ഞാൻ വിധിയിൽ വിശ്വസിച്ചിരുന്നില്ല. ബുദ്ധികൊണ്ടും ശക്തികൊണ്ടും മനുഷ്യനു നേടാൻ കഴിയാത്തത് ഒന്നുമില്ല എന്നും കരുതിയിരുന്നു. പക്ഷേ ഈ ഗ്രന്ഥം രചിച്ചത് എന്റെ മാത്രം കഴിവുകൊണ്ടല്ല... ഇതിലെ കഥ മുഴുവൻ സങ്കല്പസൃഷ്ടവുമല്ല. കണ്ടുംകേട്ടും അറിഞ്ഞും അനുഭവിച്ചും ഉള്ളിൽത്തട്ടിയ കഥകൾ മാത്രമേ സാധാരണ ഞാൻ എഴുതാറുള്ളൂ. സത്യം സങ്കൽപ്പത്തേക്കാളേറെ അദ്ഭുതകരമാവുന്ന പലേ സംഭവങ്ങളും ശ്രദ്ധിച്ചിട്ടുണ്ട്. പക്ഷേ ഇത്രമാത്രം സഹാനുഭൂതിയോടെ ഹൃദയത്തിൽത്തട്ടുകയും എത്ര നിഷേധിച്ചിട്ടും പോവാതെ ഭാവനയിൽ കുതിർന്നു ചേർന്നു ഒട്ടുനാൾ കഴിഞ്ഞു പൊട്ടിയൊഴുകുകയും ചെയ്ത കഥാബന്ധം വേറെയില്ല. (1972:?)*

ഈ ആത്മകഥനത്തിൽ നിന്നുതന്നെ കൃതിയുമായുള്ള നോവലിസ്റ്റിന്റെ ആത്മബന്ധം മനസ്സിലാക്കാവുന്നതാണ്. അവർക്കു പരിചയമുള്ള സമുദായ പരിഷ്കാരിണിയായിരുന്ന ഒരു സന്ന്യാസിനി ഗ്രന്ഥരചനയ്ക്ക് പ്രേരണയായിട്ടുണ്ട്. ഒരിക്കലും എഴുതുകയില്ല എന്നു നിശ്ചയിച്ചിരുന്ന വിഷയമായിരുന്നു 'അഗ്നിസാക്ഷിയിലേതെന്ന് അഗ്നിസാക്ഷിയുടെ ആമുഖത്തിൽ ലളിതാംബിക അന്തർജ്ജനം പറയുന്നതിൽ നിന്നുതന്നെ നോവലിലെ വിഷയത്തിന്റെ യാഥാർത്ഥ്യ പ്രതീതി മനസ്സിലാക്കാം. (1972:ടി.)

നമ്പൂതിരി സമുദായത്തിലെ പരിഷ്കരണങ്ങൾ ചിത്രീകരിക്കുന്ന നോവലാണിത്. ആചാരബദ്ധമായ ഈ സമുദായത്തിലെ സ്ത്രീകൾ, വിജാതീയ സന്തതികൾ, ഗൃഹസ്ഥന്മാർ എന്നിവരിലൂടെ ഒരു മാറ്റത്തിന്റെ കഥ പറയുന്നു. ലക്ഷ്മി എന്ന തങ്കം എന്ന മിസിസ്സ് നായരിലൂടെയാണ് കഥ മുന്നോട്ടുപോകുന്നത്. മാനമ്പിള്ളി മനയ്ക്കലെ അപ്ഫന്റെ മകളായതിനാൽ നമ്പൂതിരിമാരുടെ ആചാരങ്ങൾ അകന്നു നിന്നു കാണാനും വിവരിക്കാനുമുള്ള സ്വാതന്ത്ര്യം ഈ കഥാപാത്രത്തിനുണ്ട്. അറുപതു പിന്നിട്ട തങ്കത്തിന്റെ ഓർമ്മകളിലൂടെയാണ് ദേവകി എന്ന തേതിക്കുട്ടി ദേവീബഹൻ ആകുന്നതും സുമിത്രാനന്ദയാകുന്നതും ചിത്രീകരിച്ചിരിക്കുന്നത്. വാർദ്ധക്യത്തിന്റെ നിറവിൽ, ആചാരനിഷ്ഠമായ മാനമ്പിള്ളിയില്ലത്ത് കൂടി കയറിയ തേതിക്കുട്ടിയുടെ ജീവിതത്തെ മനസ്സിലാക്കാൻ തങ്കത്തിനു കഴിയുന്നു.

സ്വാതന്ത്ര്യകാക്ഷിയായ ദേവകിക്ക് ഭർത്താവിൽനിന്നും വേണ്ട പരിഗണനയോ വായിക്കാൻവേണ്ട പുസ്തകങ്ങളോ ലഭിക്കുന്നില്ല. ചിന്താശേഷിയുള്ള അവൾ അവിടം വിട്ടു സമുദായപരിഷ്കരണത്തിനിറങ്ങി. അതിന്റെ ചൂടാറിയപ്പോൾ രാഷ്ട്രസ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിച്ചു. സ്വാതന്ത്ര്യം കിട്ടിയതിനു ശേഷം തന്റെ ആദർശപാലനത്തിനുവേണ്ടി സന്ന്യാസിനിയായി. എല്ലാവർക്കും മടങ്ങിപ്പോകാൻ ഇടമുണ്ടായിരുന്നു. സ്വന്തം ഹിതത്തേക്കാൾ മറ്റുള്ളവരുടേതിനു പ്രാധാന്യം കൊടുക്കുന്ന ഭർത്താവിനടുത്തേയ്ക്കു

മടങ്ങാൻ അവർ തയ്യാറായില്ല.

ഘോഷാ ബഹിഷ്കരണം, കുടുമ മുറിക്കൽ, ജയിൽവാസം, ആയിത്തമാചരിക്കായ്ക, സ്ത്രീകളുടെ സഭ, പൊതുപ്രവർത്തനം, പ്രസംഗം തുടങ്ങിയ നമ്പൂതിരി നവോത്ഥാനവുമായി ബന്ധപ്പെട്ട പരിഷ്കരണങ്ങൾ നോവലിൽ പ്രതിപാദിച്ചിട്ടുണ്ട്. ഭർത്താവ് അന്വേഷിച്ചിരുന്ന മോക്ഷമാർഗ്ഗം തന്നെയാണ് ഒടുവിൽ ഭാര്യയും അഭയത്തിനായി കണ്ടെത്തുന്നത്.

അതേ കാലഘട്ടത്തിലെ മറ്റൊരുതരം ജീവിതത്തിന്റെ വക്താവും പ്രയോക്താവുമാണ് മിസിസ്സ് നായർ. വിജാതീയ സന്തതിയായതുകൊണ്ട് അവൾക്കു പഠിക്കാനൊത്തു പുറംലോകത്തിന്റെ വെളിച്ചംകിട്ടി. പക്ഷേ അച്ഛന്റെ ലാളനയോ സ്പർശമോ അസാദ്ധ്യമായിരുന്നു. അച്ഛന്റെ മരണത്തോടെ നായരു വീട്ടിലേയ്ക്ക് അമ്മയ്ക്കും മകൾക്കും മടങ്ങേണ്ടതായി വരുന്നത് സംബന്ധസമ്പ്രദായത്തിന്റെ അവ്യവസ്ഥ കാണിച്ചുതരുന്നു. നമ്പൂതിരിമാരുടെ വിജാതീയരായ മക്കളുടെ വേദന കാണിക്കാൻകൂടി എഴുതപ്പെട്ടതാണ് 'അഗ്നിസാക്ഷി'. നമ്പൂതിരിയായ ഉണ്ണിയുടെ അസ്ഥികലശം നദിയിലൊഴുക്കുന്നത് നായരായ തങ്കത്തിന്റെ മകന്റെ മകളാണ് എന്ന വിപ്ലവാത്മകമായ സമീപനം കൊണ്ടുവന്നിട്ടുണ്ട്. അത്തരം ഒരു സാമൂഹികാവസ്ഥയിലേ അതിന് വിപ്ലവാത്മകമായ പരിവേഷം ലഭിക്കൂ എന്നു മാത്രം.

കേരളത്തിലെ നമ്പൂതിരിസമുദായത്തിൽ നടന്ന സാമൂഹികപരിഷ്കരണങ്ങൾ രണ്ടു സ്ത്രീകളെ ബാധിച്ചതിന്റെ നേർക്കാഴ്ചയായിട്ടുണ്ട്. 'അഗ്നിസാക്ഷി'. വാർദ്ധക്യത്തിൽ ഒരു പ്രത്യേക ദശാസന്ധിയിലാണ് അത് ഓർക്കപ്പെടുന്നത്. സ്വന്തം വാശിയിലുറച്ചു നിൽക്കുന്ന തേതിക്കുട്ടി സുമിത്രാനന്ദയായപ്പോഴും പൂർവ്വാശ്രമത്തിന്റെ ഓർമ്മ അവരെ അലട്ടുന്നതായി കാണുന്നു. വാസ്തവത്തിൽ അവർക്ക് അതിൽനിന്നും മോചനമില്ല. എങ്കിലും സ്വന്തം തീരുമാനത്തിൽ ഉറച്ചു നിൽക്കാനുള്ള തന്റേടം അവസാനം വരെ

അവർ പ്രദർശിപ്പിക്കുന്നുണ്ട്.

## 2.2. ചെറുകഥകളും വാർദ്ധക്യപ്രമേയവും:

വാർദ്ധക്യം എന്ന വിഷയം മലയാളത്തിലെ ചെറുകഥകൾക്ക് പ്രമേയമായോ എന്നു കണ്ടെത്താനുള്ള ശ്രമമാണ് ഈ ഭാഗത്ത് നടത്തുന്നത്. നവോത്ഥാന-പുരോഗമനകാലഘട്ടത്തിലെ എഴുത്തുകാർ ഈ പ്രമേയം പരിഗണിച്ചത് പരിശോധിക്കുന്നു. അതിനു മുന്നോടിയായി മലയാളത്തിലെ ആദ്യകാലകഥകളിൽ വാർദ്ധക്യം വന്നിട്ടുണ്ടോ എന്നു നോക്കിക്കാണുകയാണ്.

19-ാം നൂറ്റാണ്ടിലാണ് മലയാളത്തിൽ ചെറുകഥകളുണ്ടാകാൻ തുടങ്ങിയത്. ലോകമാകെ സംഭവിച്ച നിരവധി പരിവർത്തനങ്ങൾ കേരളത്തിലും പ്രതിഫലിച്ചതിന്റെ ഫലമായാണ് ചെറുകഥ ഇവിടെ രൂപം കൊണ്ടത്. വിദ്യാഭ്യാസത്തിന്റെ പ്രചാരം, അച്ചടി, പത്രമാസികകളുടെ ആവിർഭാവം എന്നിവ അവയിൽ പ്രധാനപ്പെട്ടവയാണ്. വിദ്യാവിനോദിനി, ഭാഷാപോഷിണി, രസികരഞ്ജിനി എന്നീ പ്രസിദ്ധീകരണങ്ങൾ ചെറുകഥയുടെ വരവിനു വഴിയൊരുക്കി. (എൻ.കൃഷ്ണപിള്ള, 1958: 368) ആദ്യകാല കഥാകാരന്മാർ ഇതിവൃത്തത്തിലുള്ള രസകരമായ സംഭവവികാസങ്ങൾ മാത്രം ശ്രദ്ധിച്ചു. വ്യംഗത്തേക്കാൾ വാച്യത്തിനായിരുന്നു അവർ പ്രാധാന്യം കൊടുത്തത്. (ഇ.സർദാർകുട്ടി, 2006:13)[3] ജീവിത വിമർശനവും പ്രബോധനവുമല്ല വിനോദമാണ് പഴയ കഥാകാരന്മാരുടെ മുഖ്യലക്ഷ്യമെന്ന് എം.അച്യുതൻ വിലയിരുത്തുന്നു. (2007:71) വാർദ്ധക്യപ്രമേയം ആദ്യകാലകാഥികർക്ക് വിഷയമായ കാര്യം പരിശോധിക്കുമ്പോൾ മേൽപറഞ്ഞ അഭിപ്രായങ്ങൾ ചിന്തനീയമാണ്. ഗൗരവപൂർണ്ണമായി രചിക്കപ്പെട്ട കഥകളിൽക്കൂടി യഥാർത്ഥ ജീവിതപ്രശ്നങ്ങൾ കുറവായാണ് കാണപ്പെട്ടത്.

വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, സി.എസ്.

ഗോപാലപ്പണിക്കർ, അമ്പാടി നാരായണപ്പൊതുവാൾ, എം.ആർ.കെ.സി. (ചെങ്കുളത്ത് കുഞ്ഞിരാമമേനോൻ), മൂർക്കോത്ത് കുമാരൻ എന്നിവരാണ് ആദ്യകാല മലയാള ചെറുകഥാകാരന്മാരായി അറിയപ്പെടുന്നത്. കെ.സുകുമാരനും, ഈ.വി.കൃഷ്ണപിള്ളയും ചെറുകഥയ്ക്ക് ഭദ്രമായൊരു അടിത്തറയുണ്ടാക്കി. (എൻ.കൃഷ്ണപിള്ള, 1958:368) അമ്പാടി നാരായണ പൊതുവാളിന്റെ ഉളി പിടിച്ച കയ്യ്, എം.ആർ.കെ.സി.യുടെ കണ്ണിപറമ്പിലെ കൊലപാതകൻ, കാലം പോയ പോക്ക്, കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ 'കിഴവൻ ശങ്കരന്റെ കഥ', മൂർക്കോത്തു കുമാരന്റെ 'അവളുടെ മകൾ' എന്നീ കഥകളിൽ വൃദ്ധർ കേന്ദ്രകഥാപാത്രമായി വരുന്നുണ്ട്. ഉളി പിടിച്ച കയ്യ്, കണ്ണിപറമ്പിലെ കൊലപാതകൻ, എന്നീ കഥകൾക്ക് കുറ്റന്വേഷണ സ്വഭാവമുണ്ട്. 'ഉളിപിടിച്ച കയ്യി'ൽ കൊലപാതകിയെ കണ്ടുപിടിക്കാൻ നിയുക്തനാവുന്ന ഉക്കണ്ടക്കുറുപ്പുകാര്യക്കാർക്കു എൺപത്തിയൊൻപതു വയസ്സായിരുന്നു. അദ്ദേഹത്തിനു വാർദ്ധക്യം ശരീരത്തിനേ ഉള്ളൂ. മൂത്താശാരി പറങ്ങോടനെ കൊന്നു എന്ന് കെട്ടിച്ചമച്ച കേസിൽ തുമ്പുണ്ടാക്കി നിരപരാധിയായ കോമനെ പിടിക്കുന്നത് കുറുപ്പിന്റെ ബുദ്ധിവൈഭവമാണ്. കഥയിൽ സമർത്ഥിച്ചിരിക്കുന്നത്. മാത്രമല്ല, ചെറുപ്പക്കാരനും ധൃതിക്കാരനുമായ കൊത്ത്വാളിന്റെ യുക്തിരഹിതമായ ചെയ്തികൾക്ക് ഒരു താക്കീതുകൂടിയായി കുറുപ്പിന്റെ വിവേകം മാറുന്നു. എം.ആർ.കെ.സി.യുടെ 'കണ്ണിപ്പറമ്പിലെ കൊലപാതകൻ' ചരിത്രകഥയായി കണക്കാക്കുന്ന ഒന്നാണ്. തന്റെ കുടുംബത്തിന് നഷ്ടപ്പെട്ട കണ്ണിയാറമ്പ് വീടും കളപ്പുരയും മറ്റൊരാളുടെ അധീനത്തിലാകാതിരിക്കാൻ പൂർവ്വ അവകാശിയായ താച്ചു നായർ എന്ന എൺപതിലധികം പ്രായമുള്ള വയസ്സൻ നടത്തുന്ന പ്രതികാര നടപടിയാണ് അവിടുത്തെ കൊലപാതക പരമ്പരകൾ എന്ന് അവസാനം തെളിയുന്നു. എം.ആർ.കെ.സിയുടെത്തന്നെ 'കാലം പോയപോക്ക്' എന്ന കഥയിൽ ഒരു മരുമക്കത്തായത്തറവാട്ടിലെ പാശ്ചാത്യവാദിയായ സംബന്ധക്കാരനെ കേരളനാ

ട്ടിലെ നല്ല കാര്യങ്ങൾ ബോധ്യപ്പെടുത്തിക്കൊടുക്കാൻ ശയ്യാവലംബിയും വൃദ്ധനുമായ കാരണവരെയാണ് നിയോഗിക്കുന്നത്. ദീർഘമായ പ്രഭാഷണമാണ് വൃദ്ധനെക്കൊണ്ട് ചെയ്യിക്കുന്നത്. പലേ കാര്യങ്ങളും വായനക്കാരെ ധരിപ്പിക്കാനുള്ള സൂത്രധാരനായി ട്ടാണ് കാരണവർ രാമൻനായർ പ്രത്യക്ഷപ്പെടുന്നത്. പരിഷ്കാരം എന്നു പറയുന്നത് സ്വന്തം നാടിനെ പുച്ഛിക്കലല്ലെന്ന് അദ്ദേഹം പറയുന്നു. പാശ്ചാത്യരുടെ ബാഹ്യപരി ഷ്കാരമല്ലാതെ ആന്തര പരിഷ്കാരം ചെറുപ്പക്കാർക്ക് കിട്ടിയിട്ടില്ല. നമ്മുടെ പൂർവ്വിക രുടെ പരിഷ്കാരമൊന്നും പാശ്ചാത്യർക്കില്ല എന്ന് ബോധ്യപ്പെടുത്തി കൃഷ്ണമേന വന്റെ കണ്ണു തുറപ്പിക്കുന്നു. (എം.ആർ.കെ.സി. 2005:172)

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ 'കിഴവൻ ശങ്കരന്റെ കഥ' വാർദ്ധക്യം പരി ഹസിക്കപ്പെടേണ്ടതല്ല എന്ന സന്ദേശം കുട്ടികൾക്കു നൽകുന്ന ഗുണപാഠകഥയാണ് (വിജയൻ കോടഞ്ചേരി, എഡി 2006: 36, 39) മൂർക്കോത്തു കുമാരന്റെ 'അവളുടെ മകൾ' ഒരു സ്ത്രീയുടെ വാർദ്ധക്യത്തെ മുൻനിർത്തി രചിച്ചതാണ്. സമ്പത്തും സൗഭാഗ്യവും കൈവന്നപ്പോൾ അതിനു കാരണക്കാരിയും നിർധനയും വിധവയുമായ അമ്മയെ തള്ളി പ്പറയാൻ മകൾ മടിക്കുന്നില്ല. 'മലബാറിലെ ഒരു കുടുംബത്തെ സംബന്ധിക്കുന്ന ഒരു ചെറുകഥ' എന്ന് കഥാകാരൻ അവകാശപ്പെട്ടു കാണുന്നു. (വിജയൻ കോടഞ്ചേരി, എഡി 2006:283-289). ഈ കഥ മാത്രമാണ് മേൽപറഞ്ഞ ആദ്യകാലകഥകളിൽ വാർദ്ധ ക്യത്തെ ശക്തമായി കേന്ദ്രീകരിച്ചിട്ടുള്ളത്.

ചരിത്രകഥകളും പ്രണയകഥകളും രചിച്ചുകൊണ്ടിരുന്ന ആദ്യകാല കഥാകാരന്മാർക്ക് വാർദ്ധക്യം ഒരു സാമൂഹികവിഷയമായി അനുഭവപ്പെട്ടിരുന്നില്ല. വിനോദത്തിൽ നിന്നും ഗൗരവതരമായി കൈകാര്യം ചെയ്യുന്ന ഒരവസ്ഥയിലേയ്ക്ക് ക്രമേണ എഴുത്ത് മാറു ന്നുണ്ട്. സാഹിത്യചരിത്രകാരന്മാർ നവോത്ഥാനകാലഘട്ടം എന്ന് വ്യവഹരിക്കുന്ന ഈ കാലത്ത് വാർദ്ധക്യം പൊതുപ്രശ്നമായി വരുന്ന നിരവധി കഥകൾ മലയാളത്തിലു

ണ്ടായി. 1930 മുതലുള്ള കാൽദശാബ്ദക്കാലം മലയാള ചെറുകഥയിൽ വമ്പിച്ച പരിവർത്തനങ്ങളുണ്ടായി. ജീവിതയാഥാർത്ഥ്യങ്ങളിലൂന്നിയുള്ള സോദ്ദേശ്യകഥാരചന ഇക്കാലത്താണ് ഉണ്ടായത്. (എം.അച്യുതൻ, 2007:109)

**2.2.1. നവോത്ഥാനകഥകളിലെ വാർദ്ധക്യം:**

തകഴി ശിവശങ്കരപ്പിള്ള, കേശവദേവ്, പൊൻകുന്നം വർക്കി, വൈക്കം മുഹമ്മദ് ബഷീർ, പി.സി.കുട്ടികൃഷ്ണൻ, എസ്.കെ.പൊറ്റെക്കാട്ട്, കാരൂർ നീലകണ്ഠപ്പിള്ള എന്നിവരെയാണ് നവോത്ഥാനകാഥികർ എന്നു പറയുന്നത്. ഇക്കൂട്ടത്തിലെ പ്രസിദ്ധകഥാകാരിയാണ് ലളിതാംബികാ അന്തർജ്ജനം. ഇവരുടെ പിൻതുടർച്ചക്കാരായി കഥാരംഗത്തേക്കു വന്നവരാണ് എൻ.പി.ചെല്ലപ്പൻ നായർ,. ഈ.എം.കോവൂർ, നാഗവള്ളി ആർ. എസ്.കുറുപ്പ്, ചെറുകാട്, വെട്ടൂർ രാമൻ നായർ എന്നിവർ. ഈ എഴുത്തുകാർ മലയാള ചെറുകഥാരംഗത്ത് മുഖ്യധാരയിൽ വരുന്നവരാണ്. കേരളത്തിലെ സാമൂഹിക പരിസരങ്ങളിൽ വന്ന മാറ്റങ്ങൾ വൃദ്ധ കഥാപാത്രങ്ങളെ രൂപപ്പെടുത്തുന്നതിൽ എത്രത്തോളം പങ്കുവഹിച്ചു എന്ന് അവരുടെ തിരഞ്ഞെടുത്ത കഥകൾ ഉപയോഗിച്ച് വിശകലനം ചെയ്യുകയാണ് ഈ ഭാഗത്ത്. വൃദ്ധകഥാപാത്രങ്ങൾ കേന്ദ്രസ്ഥാനത്തുവരുന്ന, കേരളീയ പരിസരത്തിൽ എഴുതപ്പെട്ട കഥകളെയാണ് മുഖ്യമായും സ്വീകരിക്കുന്നത്.

പാരമ്പര്യം, തഹസീൽദാരുടെ അച്ഛൻ, കൃഷിക്കാരൻ, ബസ്റ്റാന്റു വരെ, ഒരു ജീവിതം, ഒരു സാധാരണ ത്യാഗം, അറുപതാം വയസ്സിൽ, എൺപതാം വയസ്സിൽ (തകഴി), എന്നെപ്പോലെ വളരണം അവൻ, അവൻ വലിയ ഉദ്യോഗസ്ഥനാ, അച്ഛനും ഭാര്യയും, രാഘവന്റെ അമ്മ (കേശവദേവ്) പത്രറിപ്പോർട്ട് (ബഷീർ), ഈശാ പോശാ, ദുഷ്ടൻ, ആ വാഴവെട്ട്, അവരുടെ ഭ്രാന്തൻ, കർത്താവേ ഇതെന്തൊരു മനുഷേൻ (പൊൻകുന്നം വർക്കി), ഏഴിലംപാല, പ്രൊഫസറുടെ പ്രണയം, അന്തകന്റെ തോട്ടി, പഴയകോട്ട് (എസ്.

കെ.പൊറ്റെക്കാട്ട്), മാലപ്പടക്കം, സാറിനും പട്ടിക്കും, പെൻഷൻ, അമ്മൂമ്മ പറഞ്ഞത്, ചുടലത്തെങ്ങ്, മനുഷ്യരാ വലുത്, കിഴവന്റെ മറുപടി, വൃദ്ധൻ, അനന്തിരവൻ, ചിറ്റപ്പൻ, ഒടുവിലത്തെ മകൻ, മോതിരം, ലോകം നന്നാക്കാൻ, ഭദ്രക്കാളിക്കാവ്, കയ്പ്, പശ്ചാത്താപം, നേരുകാരൻ, ഉതുപ്പാന്റെ കിണർ, കിഴവന്റെ വിവാഹം, സൗജന്യം (കാര്യർ), ഓണം കഴിഞ്ഞു, കുഞ്ചു ആശാരി, എന്റെ മകൻ, വൃദ്ധന്റെ യൗവ്വനം, ഒരു പറ കണ്ണീർ (ഉറൂബ്) മിന്നൽപ്പിണർ, ചങ്കരൻ പ്ലാവ്, ഒടുവിലത്തെ കണ്ണി (എൻ.പി.ചെല്ലപ്പൻ നായർ), മരണം കാത്തുകിടക്കുന്ന മനുഷ്യൻ, പഴയ കുടത്തിൽ പുതിയ വീഞ്ഞ്, ചുവപ്പുനാട, ജീവിപ്പാൻ, കാൽപ്പെട്ടി, താക്കോൽ, (ഈ.എം.കോവൂർ), ചതിച്ചോ തമ്രാ, പുലയന്റെ സമ്പാദ്യം, ഏൻ ചത്തു പോം ഈ പാടത്തുന്നു പോയാൽ, നെല്ലിന്റെ നാട്ടിൽ, പഴംകത്തിയും കത്രികയും, അമ്മാച്ചൻ, അത്താഴപ്പട്ടിണിക്കാരൻ, ഗുരുർദേവോ ഭവ, താരുണ്യത്തിന്റെ ചുടുകാട്, വ്യവസായശാലയിൽ, വാടകവീട്, മതിയായടിയന്, ഷഷ്ടിപൂർത്തി ദിനത്തിൽ, വിധവ, നാടക റാണി, (നാഗവള്ളി ആർ.എസ്.കുറുപ്പ്), വൃദ്ധന്റെ വിധി, അവകാശി, പരിണാമഗുപ്തി, ശവദാഹം, ഭൂദാനം, ഉപഹാരം, കാലഗതി, പാച്ചുപണിക്കർ, അമ്മ (വെട്ടൂർ രാമൻ നായർ), ശിഷ്യ സമ്പത്ത്, ചാക്കു സഞ്ചി (ചെറുകാട്), വിധിബലം, സ്നേഹയാചകി, പാതയുടെ അവസാനം, മരത്തൊട്ടിൽ, മനുഷ്യപുത്രി, വിശ്വരൂപം, ഭാഗ്യം, ആദിമാതാവിനു കിട്ടിയ ശാപം, വ്യാകുലസങ്കേതം, പവിത്രമോതിരം, അച്ഛന്റെ മകൻ, അച്ഛൻ, ഇരുപതാം നൂറ്റാണ്ടിലെ വൃദ്ധൻ, മരുമകന്റെ കൊട്ടാരം (ലളിതാംബിക അന്തർജ്ജനം) എന്നീ കഥകൾ വൃദ്ധരെ കേന്ദ്രീകരിച്ചുള്ളവയാണ്. ഈ കഥകളെ കേന്ദ്രീകരിച്ചുള്ള പഠനമാണ് ഈ അദ്ധ്യായത്തിൽ നടത്തുന്നത്.

കൂട്ടുകുടുംബവും തറവാടുകളും നിലനിന്നിരുന്ന കേരളത്തിലെ സാമൂഹികവ്യവസ്ഥയിൽ വൃദ്ധർക്ക് വലിയ പ്രാധാന്യം നൽകിയിരുന്നു. ആളോഹരി ഭാഗംവെപ്പും മരുമ

ക്കത്തായത്തിന്റെ തകർച്ചയും തറവാടുകളെയും അതിനെ ആശ്രയിച്ചു നിന്നിരുന്ന കൂട്ടുകുടുംബ വ്യവസ്ഥിതിയെയും ഇല്ലാതാക്കി. തറവാടുകളുടെ ഭരണം നടത്തിയിരുന്ന വൃദ്ധരായ കാരണവൻമാർക്ക് അധികാരം നഷ്ടമായി. അണുകുടുംബങ്ങളുടെ വളർച്ചയിൽ കാരണവൻമാരും കാരണവത്തിമാരും പുറത്തായി. കാലക്രമേണ തൊഴിലന്വേഷിച്ചു പുറംനാടുകളിലേക്കുള്ള ചെറുപ്പക്കാരുടെ യാത്രകളും സ്ത്രീകൾ തൊഴിലന്വേഷകരായതും വൃദ്ധകളെയും വൃദ്ധൻമാരെയും കാര്യമായി ബാധിച്ചു. ഈ ചുറ്റുപാടിൽ സമൂഹത്തിലും കൂട്ടുകുടുംബത്തിനകത്തും പ്രായമായവർക്കനുഭവിക്കേണ്ടിവന്ന അവഗണനകൾ എന്തൊക്കെയാണെന്നാണ് ഈ ഭാഗത്ത് പരിശോധിക്കുന്നത്. പൊതുവെ ഇടത്തരക്കാരുടെ ജീവിതമാണ് നവോത്ഥാന കാഥികർ വിഷയമാക്കിയതെന്നു കാണാം. സ്ത്രീകളുടെ വാർദ്ധക്യവും പുരുഷന്മാരുടെ വാർദ്ധക്യവും വെവ്വേറെയായാണ് പഠനവിധേയമാക്കുന്നത്. സമൂഹത്തിന്റെ വീക്ഷണ വ്യത്യാസമാണ് ഈ തരം തിരിവിന് കാരണം.

**2.2.1.1. വൃദ്ധരുടെ ഏകാന്തത:**

വൃദ്ധജനങ്ങളെ ഏറ്റവും അലട്ടുന്ന ഒന്നാണ് ഏകാന്തത. സമപ്രായക്കാരുടെ വേർപാട്, പ്രിയന്റെ/പ്രിയയുടെ വേർപാട്, പരിസ്ഥിതിയിൽ അനുദിനം വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ എല്ലാം തന്നെ വൃദ്ധജനങ്ങളെ കൂടുതൽ കൂടുതൽ ഒറ്റപ്പെടുത്തുന്നു. സമൂഹത്തിൽനിന്ന് ഒറ്റപ്പെടുന്ന ഇക്കൂട്ടർ അവരുടേതായ ചെറിയ ചെറിയ തുരുത്തുകളിൽ അഭയവും ആശ്വാസവും കണ്ടെത്താൻ ശ്രമിക്കുന്നത് ഒന്നാമദ്ധ്യായത്തിൽ സൂചിപ്പിക്കുന്നുണ്ട്. ഏകാന്തതയ്ക്കു വിധേയമാക്കപ്പെടുന്നവരും ഏകാന്തതയെ പ്രതിരോധിക്കുന്നവരും ഉണ്ട്. പ്രണയത്തിന്റെ രൂപത്തിലും ആത്മഹത്യയുടെ രൂപത്തിലും പ്രതിരോധം പ്രത്യക്ഷപ്പെടുന്നു. നവോത്ഥാന കാഥികരുടെ കഥകളിൽ ശ്രദ്ധേയമായ ഒരു

വിഭാഗം ഏകാന്തത പ്രമേയമാക്കിയവയാണ്. പാരമ്പര്യം (തകഴി), ഏഴിലംപാല, പ്രൊഫസറുടെ പ്രണയം, (എസ്.കെ.പൊറ്റെക്കാട്ട്) മനുഷ്യരാ വലുത്, കിഴവന്റെ മറുപടി, വൃദ്ധൻ, അനന്തരാവകാശി, മോതിരം (കാരൂർ) ഓണം കഴിഞ്ഞു, കുഞ്ചു ആശാരി, (ഉറൂബ്), മിന്നൽപ്പിണർ (എൻ.പി.ചെല്ലപ്പൻ നായർ) വാടകവീട്, (നാഗവള്ളി ആർ.എസ്.കുറുപ്പ്) എന്നീ പുരുഷവാർദ്ധക്യ പ്രധാനമായ കഥകളാണ് വിശകലന വിധേയമാക്കുന്നത്. ഒറ്റപ്പെടുന്നവരും ഒറ്റപ്പെടുത്തുന്നവരും ഇക്കൂട്ടത്തിലുണ്ട്.

**2.2.1.1.1 ഒറ്റപ്പെടുന്ന വൃദ്ധർ:**

ഒറ്റപ്പെടുന്ന വൃദ്ധന്മാർ, ഒറ്റപ്പെടുന്ന വൃദ്ധകൾ എന്നിങ്ങനെ തിരിച്ച് പരിശോധിക്കുന്നു.

**2.2.1.1.1.1. ഒറ്റപ്പെടുന്ന വൃദ്ധന്മാർ:**

പല കാരണങ്ങൾ കൊണ്ടും ഒറ്റപ്പെടുന്നവരെ ഈ കഥകളിൽ കാണാം. തകഴിയുടെ പാരമ്പര്യം, എസ്.കെ.യുടെ ഏഴിലം പാല, പ്രൊഫസറുടെ പ്രണയം, കാരൂരിന്റെ മനുഷ്യരാ വലുത്, മോതിരം. എൻ.പി.ചെല്ലപ്പൻ നായരുടെ മിന്നൽപ്പിണർ, നാഗവള്ളിയുടെ വാടകവീട് എന്നിവയിൽ ഒറ്റപ്പെട്ടവർ കഥാപാത്രങ്ങളാണ്.

**2.2.1.1.1.1.1. തകഴിയുടെ പാരമ്പര്യം:**

'പാരമ്പര്യം' എന്ന കഥയിലെ 'കുഞ്ഞ്' എന്ന് നാട്ടുകാരാൽ ബഹുമാനപൂർവ്വം വിളിക്കപ്പെട്ടിരുന്ന വൃദ്ധൻ തകർന്നുപോയ തറവാടിത്തത്തിന്റെയും പാരമ്പര്യത്തിന്റെയും പ്രത്യക്ഷപ്രതീകമായി മാറുന്നു. തുരുമ്പെടുത്തവാളും ചെമ്പുപട്ടയവും പാരമ്പര്യത്തിന്റെ മുദ്രകളാണ്. അവയ്ക്ക് അയാളുടെ വിശപ്പ് മാറ്റി കൊടുക്കാനാകുന്നില്ല. സ്വന്തമോ ബന്ധമോ ഇല്ലാതെ തെരുവുപട്ടിയെ പോലെ ഊരു ചുറ്റുന്ന അയാളുടെ ഒറ്റപ്പെടൽ അസഹ്യമാണ്. കത്തിന്റെ രൂപത്തിലുള്ള കഥാകഥനം മരുമക്കത്തായവും തറവാടും

തകർന്നത് വ്യക്തികളെ എങ്ങനെ ഒറ്റപ്പെടുത്തി എന്ന് കാണിക്കാൻ പര്യാപ്തമാണ്. ജാതീയമായി ഉച്ചനിചത്വങ്ങൾ പാലിച്ചിരുന്ന ഒരു കാലം കൂടി കഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മാനസികമായി ഈ മാറ്റങ്ങളോട് പൊരുത്തപ്പെടുമ്പോഴും അതിനനുസരിച്ച് മാറാൻ അയാളിലെ യാഥാസ്ഥിതികനു കഴിയുന്നില്ല. ഈ വസ്തുത കുഞ്ഞിന്റെ അധഃപതനത്തിനു ആക്കം കൂട്ടുന്നുണ്ട്.

**2.2.1.1.1.1.2. എസ്.കെ.പൊറ്റെക്കാട്ടിന്റെ കഥകൾ:**

എസ്.കെ.യുടെ 'ഏഴിലം പാല' 'പ്രൊഫസറുടെ പ്രണയം' എന്നീ കഥകളിൽ വാർദ്ധക്യത്തിന്റെ ഏകാന്തതയിൽ ഓർമ്മിക്കപ്പെടുന്ന പ്രണയമാണ് വൃദ്ധന്മാരെ മുന്നോട്ടു നയിക്കുന്നത്. രണ്ടുപേരെയും അലട്ടുന്നത് മാനസികപ്രശ്നമാണ്. 'ഏഴിലം പാല'യിലെ വലിയമ്മാവന് അത് പങ്കുവെക്കാൻ വിമുഖതയുണ്ട്. നാലുഭാഗങ്ങളായി വികസിച്ചു കിടക്കുന്ന ഇതര കഥയിലെ വൃദ്ധനായ പ്രൊഫസർ തീവണ്ടിയിലെ യാത്രികനുമായി തന്റെ ഏകാന്തജീവിതവും പ്രണയവും പങ്കുവെക്കുന്നുണ്ട്.

ഏഴിലംപാല പ്രണയത്തിന്റെ ചിഹ്നമാകുന്നത് വലിയമ്മാവന്റെ കാമുകി ആത്മഹത്യം ചെയ്യാൻ തിരഞ്ഞെടുത്ത മരമായതുകൊണ്ടാണ്. പാതയുടെ വികസനത്തെ അമ്മാവൻ എതിർക്കുന്നില്ല. അതിനു തടസ്സമാകുന്ന പാല മുറിക്കാൻ അനുമതി നൽകി അമ്മാവൻ ആത്മഹത്യ ചെയ്യുകയാണ്. അമ്മാവന്റെ മാനസികവ്യഥ തീവ്രമാക്കാൻ മരുമകനെഴുതിയ തുറന്നകത്തിനു കഴിയുന്നുണ്ട്. വൃദ്ധരുടെ ആത്മഹത്യ മനഃശാസ്ത്രജ്ഞന്മാരുടെ പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റിയ ഒന്നാണ്. അവഗണനയോ ഒറ്റപ്പെടുത്തലോ ഭീരുത്വമോ അല്ല അമ്മാവന്റെ ആത്മഹത്യയ്ക്കു കാരണമാകുന്നത് എന്ന വസ്തുത ശ്രദ്ധേയമാണ്. മാനസികമായി താലോലിക്കുന്ന ലോലവികാരത്തിന്റെ വിനഷ്ടമാണ് അമ്മാവനെ ആത്മാഹൂതിയിലേക്ക് നയിക്കുന്നത്. *'ആത്മാർത്ഥതയും നിഷ്കളങ്കതയും*

*കൈമുതലായുള്ള വികാരജീവിയെ സംബന്ധിച്ച് പ്രേമപരാജയം അഗാധമായി ദുഃഖത്തി ലാഴ്ത്തും. അന്തർമുഖരും ചഞ്ചലചിത്തരുമായവർ കൂടുതൽ പരവശരായിത്തീരാറുണ്ട്'* എന്ന മുരളീധരൻ മുല്ലമറ്റത്തിന്റെ അഭിപ്രായം ഇവിടെ പ്രസക്തമാണ്. (2010.75) ആത്മ ഹത്യയിലൂടെ താനനുഭവിക്കുന്ന ഏകാന്തതയെ പ്രതിരോധിക്കുകയാണ് അമ്മാവൻ.

നഷ്ടപ്രണയത്തിന്റെ ഓർമ്മയിൽ മുഴുകി ജീവിതം ആനന്ദകരമാക്കാൻ ശ്രമിക്കുന്ന ഒരാളാണ് 'പ്രൊഫസറുടെ പ്രണയം' എന്ന കഥയിലെ ഏകാകിയായ പ്രൊഫസർ. തികച്ചും വിഭിന്നനായ അയാൾ കാല്പനികപ്രണയമാണ് വാർദ്ധക്യത്തിലും അന്വേ ഷിക്കുന്നത്. അതാണ് അയാളുടെ പ്രണയപരാജയത്തിന്റെ കാരണവും. ഭാര്യയെയും കാമുകിയെയും നഷ്ടപ്പെടുത്തുന്ന അയാൾ ഏകാന്തത സ്വയം വരുത്തിവെയ്ക്കുക യാണ്. അയാളുടെ പ്രണയചേഷ്ടകൾ കാഴ്ചക്കാർക്കുമുമ്പിൽ കോമാളിയാകാനേ സഹായിക്കുന്നുള്ളൂ.

**2.2.1.1.1.1.3. കാരൂരിന്റെ കഥകൾ:**

മനുഷ്യരാ വലുത്, കിഴവന്റെ മറുപടി, വൃദ്ധൻ, അനന്തരാവകാശി, മോതിരം എന്നീ കഥകളിലെ വൃദ്ധന്മാർ ഒറ്റപ്പെടൽ അനുഭവിക്കുന്നു. കിഴവന്റെ മറുപടി, അനന്തിരവൻ എന്നീ കഥകളിലെ വൃദ്ധർ ഏകാന്തത സ്വയം സ്വീകരിച്ചവരാണ്. ഒരു കത്തിന്റെ രൂപ ത്തിലുള്ള 'കിഴവന്റെ മറുപടി' എന്ന കഥയിൽ വൃദ്ധൻ ആത്മവിശകലനം ചെയ്യുക യാണ്. വാർദ്ധക്യം നൽകിയ പക്വതയുടെ വെളിച്ചത്തിൽ ഭൂതകാലം പരിശോധിക്കുക യാണയാൾ. ഒരെഴുപതുകാരന്റെ പശ്ചാത്താപഭരിതമായ മനസ്സ് സ്വന്തം സ്വഭാവദൂഷ്യ ങ്ങളെ വിലയിരുത്തുന്നു. മൂന്നു വിവാഹം കഴിച്ച അയാൾക്കു ഒരു ബന്ധവും നിലനിർത്താ നാകുന്നില്ല. മൂന്നാം ഭാര്യയുടെ കത്തിനുള്ള മറുപടിയിൽ അയാൾ അവരോടൊപ്പം അവ സാനകാലം കഴിച്ചുകൂട്ടാനുള്ള ആഗ്രഹം പ്രകടിപ്പിക്കുന്നുണ്ട്. യുവത്വവും വാർദ്ധ

ക്യവും രണ്ടാണെന്നു അയാളറിയുന്നുണ്ട്. ചെറുപ്പക്കാർക്കിടയിൽ താൻ എത്രമാത്രം ഒറ്റപ്പെടുന്നവനാണെന്ന തിരിച്ചറിവാണ് ഭാര്യയെ വീണ്ടെടുക്കാൻ വൃദ്ധനെ പ്രേരിപ്പിക്കുന്നത്. ദാമ്പത്യത്തിൽ പങ്കാളികൾക്കുള്ള പ്രാധാന്യവും പരസ്പരപ്രേമവും തിരിച്ചറിഞ്ഞാൽത്തന്നെ പരസ്പരം അംഗീകരിക്കാനും സ്വീകരിക്കാനും കഴിയും എന്ന മുരളീധരൻ മുല്ലമറ്റത്തിന്റെ നിരീക്ഷണം കഥയിലെ കിഴവനിൽ പ്രവർത്തിക്കുന്നത് സുവ്യക്തമാണ്. (2010:76)

മനുഷ്യലോകവുമായി അകന്നു കഴിയുന്ന ഒരു വൃദ്ധനും അയാളുടെ വളർത്തുനായ 'ബാലി'യും അകന്ന ബന്ധുവായ ശങ്കുമാണ് 'അനന്തരാവകാശി'യിലെ കഥാപാത്രങ്ങൾ. മനുഷ്യന് ഏറ്റവും അസഹ്യമായത് ഏകാന്തതയാണ്. അതൊഴിവാക്കാൻ കൂടെ കൂട്ടിയ അകന്ന ബന്ധു ശങ്കു, വൃദ്ധൻ മാങ്ങ വിറ്റുണ്ടാക്കിയ സമ്പാദ്യം മോഷ്ടിക്കാനാണു ശ്രമിക്കുന്നത്. തൊണ്ടിയോടെ ശങ്കുവിനെ പിടികൂടിയ ബാലിയാണ് അവനേക്കാൾ ഭേദം എന്ന് വൃദ്ധനു തോന്നുന്നു. ബാലിക്കു കൊടുത്ത സ്ഥാനമാണ് ശങ്കുവിനും അയാൾ നൽകിയത്. അതു സ്വയം മനസ്സിലാക്കിയ വൃദ്ധൻ സമ്പാദ്യം ശങ്കുവിനു നൽകുകയാണ്.

കുഞ്ഞു ശങ്കരപ്പിള്ള എന്ന മൂത്തപ്പിള്ളയുടെ ഒറ്റപ്പെടൽ വ്യക്തിപരമായ കാര്യമാണ്. 'മനുഷ്യരാ വലുത്' എന്ന കഥയിലെ മൂത്തപിള്ളക്ക് സ്വത്ത്, വീട്, പദവി എല്ലാമുണ്ട്. പ്രാപ്തിയാകാത്ത മക്കൾ അയാൾക്കൊരു ബാധ്യതയാണ്. എങ്കിലും വയസ്സുകാലത്ത് ഏകാന്തത അലട്ടുന്നു. അയാളുടെ വീട് കുന്നുംപുറത്താണ്. മനുഷ്യരുമായുള്ള അകലം കാണിക്കാൻ ഇതു സഹായിക്കുന്നു. ഏകാന്തത ഒഴിവാക്കാൻ മൂത്തപിള്ള കണ്ടെത്തുന്ന മാർഗ്ഗങ്ങളിലൊന്ന് ശ്രദ്ധേയമാണ്. വീട്ടിൽ ആൾത്തിരക്ക് സൃഷ്ടിക്കാൻ റോഡു പണിക്കാർക്ക് ഉച്ചയൂണു കൊടുക്കുന്നതാണത്. റോഡിനുവേണ്ടി തന്റെ 7 സെന്റ് സ്ഥലം വിട്ടുകൊടുക്കുന്നതും താഴെ റോഡിനടുത്ത് ആൾവാസമുള്ളിടത്ത് ചെറിയ വീട് പണി

യാൻ തീരുമാനിക്കുന്നതും മനുഷ്യരിലുള്ള വിശ്വാസത്തെ ഉറപ്പിക്കുന്നതാണ്. 'പണ മല്ല, മനുഷ്യരാ വലുത്' എന്നയാൾ കണ്ടെത്തുന്നു. (കാരൂർ നീലകണ്ഠപിള്ള, 2008:719) സമൂഹജീവിയാകാനാഗ്രഹിക്കുന്ന മനുഷ്യനാണയാൾ. വാർദ്ധക്യത്തിലാണ് അയാൾക്ക് അതാവശ്യമായി വരുന്നത്. ശാരീരികമായി പ്രവർത്തനനിരതരായ, സാമൂഹിക ബന്ധ ങ്ങളെ വലുതാക്കാൻ ശ്രമിക്കുന്ന വയസ്സർക്ക് ഏകാന്തത അനുഭവപ്പെടില്ല എന്ന ഒന്നാ മദ്ധ്യായത്തിലെ നിരീക്ഷണം ഇവിടെ പ്രസക്തമാണ്. ഇത് അക്കാലത്തെ പുരോഗമ നാശയങ്ങളുടെ കൂടി ഫലമായി കടന്നുവരുന്ന ചിന്തയാണ്.

**2.2.1.1.1.1.4. എൻ.പി.ചെല്ലപ്പൻ നായരുടെ 'മിന്നൽപ്പിണർ':**

സ്വയം വരിച്ച ഏകാന്തതയുടെ തടവുകാരനായാണ് റിട്ടയേഡ് ജഡ്ജി മധുസൂദന ക്കുറുപ്പ് പ്രത്യക്ഷപ്പെടുന്നത്. ജോലിയിൽ മാത്രമല്ല ജീവിതത്തിലും ജഡ്ജിയായതാണ് അയാളുടെ പരാജയം. വൈകിയാണെങ്കിലും ഇത് തിരിച്ചറിയപ്പെടുന്നു. മറ്റുള്ളവരോ ടുള്ള അകൽച്ചയും കുടുംബബന്ധങ്ങളിലെ ഔപചാരികതയും മനസിന്റെ നിർവ്വികാ രതയും കുടുംബാംഗങ്ങളിൽ നിന്നുപോലും വ്യക്തിയെ അകറ്റിനിർത്തുന്നു. കുറുപ്പിന്റെ കർക്കശമായ മനസ്സിൽ മാറ്റങ്ങളുണ്ടാക്കിയ മകന്റെ മകൾ കുറുപ്പിന്റെ എൺപത്തി നാലാം പിറന്നാൾ ദിനം മരിക്കുന്നത് കഥയിലെ വഴിത്തിരിവാണ്. സ്വയം വിലയിരു ത്തുവാനും മറ്റുള്ളവരെ തിരിച്ചറിയാനും ഈ സംഭവം മൂലമുള്ള അനുഭവങ്ങൾ കുറു പ്പിനെ സഹായിക്കുന്നുണ്ട്. സ്നേഹിക്കപ്പെടാനുള്ള ആഗ്രഹം വാർദ്ധക്യത്തിലാണു ണ്ടാവുന്നത്. എല്ലാവരുടേയും സ്നേഹം അഭിനയമാണെന്ന് കണ്ടെത്താൻ കുറുപ്പ് നട ത്തുന്ന ചില പരീക്ഷണങ്ങൾ സഹായിക്കുന്നുണ്ട്. വേലക്കാരന്റെയും പേരക്കുട്ടിയു ടെയും തന്റെ സഹായം പറ്റിയവരുടേയും നിന്ദയും പരിഹാസവും അറിയാൻ കഴിയു ന്നത് മറ്റൊരു വഴിത്തിരിവാണ്. താൻ കുടുംബത്തിലും സമൂഹത്തിലും അധികപ്പറ്റാ

ണെന്ന ബോധ്യം ഗൗരവക്കാരനായ മധുസൂദനക്കുറുപ്പിനെ ആത്മഹത്യയിലേക്കെത്തിക്കുകയാണ്.

'മിന്നൽപ്പിണർ' പ്രധാനമായും രണ്ടു പ്രശ്നങ്ങൾ മുന്നോട്ടുവയ്ക്കുന്നു. ഒന്ന് റിട്ടയേഡ് ജഡ്ജി മധുസൂദനക്കുറുപ്പിന്റെ ഒറ്റപ്പെടലിനു കാരണം ഔദ്യോഗികകാലത്തും അതിനുശേഷവുമുള്ള അദ്ദേഹത്തിന്റെ സ്വഭാവരീതിയുടെ പ്രത്യേകതയാണ്. ബന്ധങ്ങൾക്കു വിലകല്പിക്കാത്ത സ്വഭാവം അദ്ദേഹത്തെ വിപരീതമായി ബാധിക്കുന്നു. തന്നെയുമല്ല, തന്റെ പദവിയെയാണ് മറ്റുള്ളവർ മാനിച്ചിരുന്നത് എന്നും മനസ്സിലാക്കാൻ റിട്ടയർമെന്റു ജീവിതം സഹായിക്കുന്നുമുണ്ട്. എന്തിനുവേണ്ടി ജീവിച്ചുവോ അവയൊന്നും സമാധാനവും സ്നേഹവും നൽകാത്ത അവസ്ഥ ഈ കഥാപാത്രത്തിന്റെ സൃഷ്ടിയിൽ കണ്ടെത്താം. (സെബിൻ എസ് കൊട്ടാരം, ജോബിൻ എസ് കൊട്ടാരം, 2011: 116, 117) രണ്ടാമത്തെ പ്രശ്നം പെട്ടെന്നു കടന്നുവരുന്ന ആത്മഹത്യാചിന്തയാണ്. ജീവിതത്തിൽ ഒറ്റപ്പെട്ടെന്ന തോന്നൽ നീതിപീഠത്തിൽ ഇരുന്നയാളെപ്പോലും ആത്മഹത്യാമുനമ്പിലെത്തിക്കുന്നു.

**2.2.1.1.1.1.5. നാഗവള്ളി ആർ.എസ്.കുറുപ്പിന്റെ 'വാടകവീട്'**

ഈ കഥയിലെ വൃദ്ധനെ മുന്നോട്ട് നയിക്കുന്നത് ഭാര്യയുടെ മരണം സൃഷ്ടിച്ച ഏകാന്തതയാണ്. ജീവിതകാലം മുഴുവൻ വാടകവീട്ടിൽ കഴിഞ്ഞ അയൾ മക്കളോടൊപ്പം കഴിയാൻ ഇഷ്ടപ്പെടുന്നില്ല. അവരുടെ ജീവിതത്തിൽ താനൊരു ശല്യമാവരുതെന്ന് വൃദ്ധനു നിർബന്ധമുണ്ട്. അണുകുടുംബവ്യവസ്ഥയെ അംഗീകരിക്കുന്ന ഒരു സ്വഭാവം ഇയാളിലുണ്ട്. ജീവിതം തന്നെ ഒരു വലിയ വാടകവീടായ അയാൾക്കു തോന്നുന്നു. ആദ്യത്തെ മകൻ കിടന്നുമരിച്ച വാടകവീടു തേടി പോകുന്ന അയാൾ അവിടെ വെച്ച് മരിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നു. വാർദ്ധക്യത്തിന്റെ തോന്നലുകൾ യൗവ്വ

നത്തിനു മനസിലാവുകയില്ല എന്നു പറഞ്ഞുവെക്കാനും നാഗവള്ളി ശ്രമിക്കുന്നുണ്ട്. വാടകവീടുകൾ ഗൃഹാതുരത്വമുണർത്തുന്ന ഒന്നു മാത്രമല്ല അയാളുടെ അസ്തിത്വം കൂടിയായി മാറുന്നു.

**2.2.21.1.1.2. ഒറ്റപ്പെടുന്ന വൃദ്ധകൾ:**

**2.2.1.1.1.2.1. കാരൂരിന്റെ കഥകൾ:**

കാരൂരിന്റെ ചുടലത്തെങ്ങ്, അമ്മൂമ്മ പറഞ്ഞത് എന്നീ കഥകളിൽ സ്ത്രീകളാണ് വരുന്നത്.

മനഃശാസ്ത്രസമീപനമുള്ള കഥയായിട്ടാണ് കാരൂരിന്റെ 'ചുടലത്തെങ്ങ്' അറിയപ്പെടുന്നത്. സ്വയം സൃഷ്ടിച്ച ഏകാന്തതയ്ക്കുള്ളിൽ ഒതുങ്ങിക്കഴിയുന്ന വൃദ്ധയാണ് പാപ്പിയമ്മൂമ്മ. ഭർത്താവിനേയും മക്കളേയും ഓരോരോ കാരണങ്ങൾ സൃഷ്ടിച്ച് അകറ്റി ഒറ്റപ്പെട്ടു കഴിയുന്നതിൽ സായുജ്യമടയുന്നുണ്ടവർ. ആത്മവിശ്വാസവും തന്റേടവുമാണ് അവരെ നിലനിർത്തുന്നത്. തന്റെ ഏകാന്തതയിലേക്ക് അവിചാരിതമായി കടന്നുവരുന്ന ഗോപാലനാണ് അവരിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നത്. അതിന്റെ ഫലമായി മകളെയും മരുമകനെയും വരുത്തി സാധാരണ കുടുംബാന്തരീക്ഷത്തിലേക്ക് പോകാൻ അവർക്കാകുന്നു.

ഉദ്യോഗസ്ഥനായ മകൻ അകലെയായതിനാൽ ഏകയായ അമ്മയാണ് 'അമ്മൂമ്മ പറഞ്ഞത്' എന്ന കഥയിലെ കഥാപാത്രം. വീട്ടിലൊറ്റപ്പെട്ട അവർ ഏകാന്തത നീക്കാൻ വഴിപോക്കരെയാണ് ആശ്രയിക്കുന്നത്. കഴിഞ്ഞു പോയ നല്ല കാലങ്ങളിൽ അവർ അഭിരമിക്കുന്നു. എഞ്ചിനീയറായ മകൻ അമ്മയുടെ അഭിമാനമാണ്. കാലത്തിന്റെ മാറ്റം ഉൾക്കൊള്ളാൻ മനഃപൂർവ്വം പരിശ്രമിക്കുന്ന അമ്മയാണവർ. വഴിയാത്രക്കാരനും അപരിചിതനുമായ ഒരു ഡോക്ടറോട് ജീവിതകഥ പങ്കുവെയ്ക്കുമ്പോൾ ഒറ്റപ്പെടലിൽ നിന്നും

ലഭിക്കുന്ന താത്കാലികശ്വാസം അവരനുഭവിക്കുന്നു.

**2.2.1.1.1.2.2. നാഗവള്ളിയുടെ കഥകൾ:**

നാഗവള്ളിയുടെ വിധവ, നാടകറാണി, ഷഷ്ടിപൂർത്തി ദിനത്തിൽ എന്നീ സ്ത്രീപ്രധാനമായ കഥകൾ പരിശോധിക്കുന്നു. മൂന്ന് ഭാഗങ്ങളായി തിരിച്ച കഥയാണ് 'വിധവ.' ഭർത്താവിന്റെ മരണം അമ്മയെ ഒറ്റപ്പെടുത്തുന്നു. എൺപതുവയസ്സിൽ മരിച്ച ഭർത്താവിനെ ഓർത്ത് ദുഃഖിക്കുന്ന അവർ മക്കൾക്കും മരുമക്കൾക്കും പരിഹാസമായിട്ടാണ് മാറുന്നത്. ഇണ നഷ്ടപ്പെടുന്ന വ്യക്തിയുടെ സ്വകാര്യജീവിതത്തിലെ ഏകാന്തത തിരച്ചറിയാൻ അവർക്കാർക്കും കഴിയുന്നില്ല. 'അമ്മയ്ക്കു മുമ്പേ മരിക്കേണ്ടതല്ലേ അച്ഛൻ' എന്ന് ഇളയമകൻ വേദാന്തം പറയുന്നുണ്ട് (നാഗവള്ളി 2001:100) അറുപതുവർഷത്തെ കൂട്ട് പെട്ടെന്നില്ലാതാകുന്നതോടെ അവരുടെ ഹൃദയം ശൂന്യവും നിസ്സഹായവുമാകുന്നത്, അവർ വിപദിധൈര്യം സമ്പാദിച്ച് ആത്മാഹൂതി ചെയ്യുന്നത്, എല്ലാം വൈകാരിക മുഹൂർത്തങ്ങളായിത്തീരുന്നു. ഭർത്താവിന്റെ നഷ്ടമാണ് ജീവിതം വിലയിരുത്താനുള്ള പശ്ചാത്തലമായിത്തീരുന്നത്.

നാഗവള്ളിയുടെ വാടകവീട്, വിധവ എന്നീ കഥകളിലാണ് ഇണയുടെ മരണം മൂലമുണ്ടാകുന്ന മാനസികദുഃഖം ശക്തമായി ആലേഖനം  ചെയ്തിരിക്കുന്നത്.

വാർദ്ധക്യത്തെ അകറ്റി നിർത്താനാഗ്രഹിക്കുന്നവർക്കുള്ള മറുപടിയായായാണ് 'നാടകറാണി' അനുഭവപ്പെടുക. വൃദ്ധയായ നാടകനടി കോമളാംഗിക്ക് മേക്കപ്പിലൂടെ തന്റെ കോമളരൂപം കാണിക്കാനാകുന്നു. യഥാർത്ഥരൂപത്തേയാണ് മേക്കപ്പിലൂടെ പ്രത്യക്ഷപ്പെടുന്ന മായാരൂപത്തെയല്ല ആരാധിക്കേണ്ടത് എന്ന് ആരാധകനെ പഠിപ്പിക്കുകയാണ് ഈ കലാസ്നേഹി. ആൾതിരക്കുകളില്ലാത്ത വിശ്രമജീവിതം ആസ്വദിക്കുകയാണവർ.

*... ബാഹ്യ ആവരണങ്ങളൊന്നും ജീവിതത്തിന്റെ ഊർജ്ജത്തെ ഉയർത്തുകയില്ല,*

*മറിച്ച് കൃത്രിമമായ ഒരു ആവരണം സൃഷ്ടിക്കുക മാത്രം ചെയ്യും."* എന്ന സെബിൻ എസ് കൊട്ടാരത്തിന്റെ നിരീക്ഷണം ഇവിടെ യോജിക്കുന്നുണ്ട്.(2011:38) വാർദ്ധക്യത്തെ മറച്ചുവെയ്ക്കാൻ കോമളാംഗി സൗന്ദര്യവർദ്ധക വസ്തുക്കളൊന്നും ഉപയോഗിക്കുന്നില്ല. അവർ തന്റെ യഥാർത്ഥ പ്രായത്തെ വെളിപ്പെടുത്തുകയും അതിൽ അഭിമാനിക്കുകയും ചെയ്യുന്നു. ഈ വസ്തുതയാണ് അവർ ആരാധകന് മനസ്സിലാക്കി കൊടുക്കുന്നത്.

നാഗവള്ളിയുടെ 'ഷഷ്ടിപൂർത്തിദിനത്തിൽ' എന്ന കഥ തകഴിയുടെ 'അറുപതാം വയസ്സിൽ', കാരൂരിന്റെ 'കിഴവന്റെ മറുപടി' എന്നീ കഥകളെ ഓർമ്മിപ്പിക്കുന്നു. ഈ കഥയിൽ ഒരു വൃദ്ധയുടെ മാനസികാപഗ്രഥനം നടത്തുകയാണ് നാഗവള്ളി. അവരെ വിവാഹമാലോചിച്ച കവി അവരുടെ സഹപാഠിനിയേയാണ് വിവാഹം കഴിച്ചത്. നാൽപ തുകൊല്ലം നീണ്ട അവിവാഹിത ജീവിതിതത്തിനൊടുവിൽ കവിയുടെ അറുപതാം പിറ ന്നാളിന് അവരെഴുതുന്ന കത്തിൽ താനനുഭവിച്ച സഹനങ്ങളെപ്പറ്റി എണ്ണിപ്പറയുന്നുണ്ട്. അനിവാര്യമായ വാർദ്ധക്യം, അനാഥത്വം, നിരാശ്രയത്വം, ആസന്നമായ മരണചിന്ത, അടിച്ചമർത്തിയ മാതൃത്വദാഹം എന്നിവയെല്ലാം കത്തിനു പിന്നിലുള്ള ശക്തമായ പ്രേര ണകളാണ്.

**2.2.1.1.1.2.3. ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകൾ:**

സ്നേഹയാചകി, വിശ്വരൂപം, ആദിമാതാവിനുകിട്ടിയ ശാപം, വ്യാകുല സങ്കേതം, പവിത്രമോതിരം, ഭാഗ്യം എന്നീ കഥകളാണ വിശകലനം ചെയ്യുന്നത്.

'സ്നേഹയാചകി'യിലെ യാചകിയായ വൃദ്ധ പ്രാന്തവത്ക്കരിക്കപ്പെട്ടവളാണ്. വൈരൂ പ്യവും പരുക്കൻ സ്വഭാവവും അവരെ നാട്ടുകാരിൽ നിന്നും അകറ്റുന്നുണ്ട്. ഏക പേര ക്കുട്ടിയുടെ മരണവും നാട്ടുകാരുടെ നിർദ്ദയത്വവും അവരുടെ മനുഷ്യത്വം ഇല്ലാതാ ക്കുന്നുണ്ട്. പേരക്കുട്ടിയുടെ പ്രായത്തിലുള്ള ഒരു കുട്ടിയാണ് അവരിലെ സ്നേഹഭാ

വത്തെ പുറത്തു കൊണ്ടുവരുന്നത്. സ്നേഹിക്കപ്പെട്ടപ്പോൾ ഭയങ്കരത്വവും അപ്രത്യക്ഷമാവുന്നതായി കാണുന്നു. തഹസീൽദാരുടെ കുട്ടിയുടെ മരണം അവരുടെയും മരണത്തിന് ഹേതുവായി കൽപ്പിക്കപ്പെട്ടിരിക്കുന്നു.

'വിശ്വരൂപ'ത്തിലെ മാഡം താലത്ത് എന്ന താഴത്തു കുഞ്ഞിക്കുട്ടിയമ്മ സ്വയം ശിക്ഷയായി ഏകാന്തജീവിതം നയിക്കുകയാണ്. മക്കളെ ആയയെ ഏൽപിച്ച് ബോർഡിംഗിലാക്കി വളർത്തിയ തനിക്ക് അവരുടെ ശുശ്രൂഷ ഏൽക്കാനുള്ള അർഹത ഇല്ലെന്ന് വാർദ്ധക്യത്തിൽ അവരറിയുന്നു. നാഗരികത്വം ഉപേക്ഷിച്ച് ഗ്രാമീണയായപ്പോളാണ് അവരിൽ ഈ തിരിച്ചറിവുണ്ടാവുന്നത്. വാർദ്ധക്യത്തിൽ സ്വയം തിരഞ്ഞെടുത്ത ഏകാന്തവാസത്തിൽ അവർ തൃപ്തയാണ്. കാരൂരിന്റെ 'ചുടലത്തെങ്ങി'ലെയും 'അമ്മൂമ്മ പറഞ്ഞ'തിലെയും വൃദ്ധ കഥാപാത്രങ്ങൾ ഇത്ര ആഴത്തിൽ ചിന്തിക്കുന്നതായി കാണുന്നില്ല.

'ആദിമാതാവിനു കിട്ടിയ ശാപ'ത്തിലെ റിട്ടയേഡായ അന്നമ്മടീച്ചറെ തന്റെ മകളെ ആറുവയസ്സു വരെ പോറ്റി വളർത്താനുള്ള ആയയായിട്ടാണ് മകൻ ജോർജ്ജുകുട്ടി കാണുന്നത്. തന്റെ ഏകാന്തതയിൽ കിട്ടിയ കുട്ടിനെ വേണ്ടും വിധം പരിഷ്കരിച്ചെടുത്ത് അമേരിക്കയിലുള്ള മാതാപിതാക്കളുടെ അടുത്തേക്കയക്കാൻ ടീച്ചറിനു കഴിയുന്നുണ്ട്. ആരും കൂട്ടിനില്ലാതെ ഒറ്റക്കാവുന്ന അവരെ മകൻ ഓർക്കാത്തതിൽ അവർക്ക് പരിഭ്രമമില്ല. അവരും മകനെ പ്രതി മാതാപിതാക്കളെ മറന്നതാണ് എന്ന് മകനെ ന്യായീകരിക്കുകയാണ് അന്നമ്മടീച്ചർ.

'വ്യാകുലസങ്കേത'ത്തിലെ മറിയാമ്മയെ ഒറ്റപ്പെടുത്തുന്നത് നഗരവാസികളായ മകനും കുടുംബവുമാണ്. വീടും പറമ്പും വിറ്റ പണം മാത്രമേ അവർക്ക് ആവശ്യമുള്ളൂ. മകന്റെ കൂടെ അല്പകാലം കഴിഞ്ഞപ്പോഴേക്കും മറിയാമ്മ നാട്ടിലേക്ക് തിരികെവന്നതിനു പിന്നിൽ ഇക്കാരണംകൂടിയുണ്ട്. 'ഭാഗ്യ'ത്തിലെ അമ്മ വിവാഹശേഷം അമേരിക്കയിൽ പോയ മകനെ കാണുന്നത് കുട്ടികളായി തിരിച്ചുവന്നപ്പോഴാണ്. സൗകര്യം പോരാഞ്ഞ്

നഗരത്തിലെ സഹോദരിയുടെ വീട്ടിലേക്ക് പോകുന്ന മകനെ അമ്മ തടയുന്നില്ല. അവൻ കഴിക്കാത്ത, അവനുവേണ്ടി വെച്ചുണ്ടാക്കിയ വിഭവങ്ങൾ പാവപ്പെട്ടവർക്കു നൽകി. എങ്കിലും മകനെ കാണാൻ കഴിഞ്ഞത് തന്റെ ഭാഗ്യം കൊണ്ടാണെന്ന് വിശ്വസിക്കാനാണ് അമ്മ ഇഷ്ടപ്പെടുന്നത്. മകൻ തന്റെയും കുടുംബത്തിന്റെയും സൗകര്യവും ക്ഷേമവുമല്ലാതെ അമ്മയെപ്പറ്റി ചിന്തിക്കുന്നുമില്ല.

'പവിത്രമോതിര'ത്തിലെ പത്തനാടിച്ചിറ്റശ്ശി അക്കിത്തർക്ക് ഭാര്യവേണം എന്നതു കൊണ്ട് മാത്രം മംഗല്യസൂത്രമണിയേണ്ടി വന്നവളാണ്. സ്നേഹിക്കപ്പെടാത്ത ജീവിതമാണ് അവരുടേത്. യാഗാഗ്നി കെടാതെ കാക്കാനൊരാളെയേ അക്കിത്തർക്കുവേണ്ടൂ. ഒരേയൊരു മകളും ഭർത്താവും സാമുദായിക പരിഷ്കരണത്തിന്റെ പേരിൽ ഭ്രഷ്ടരാകുന്നത് കഥയിൽ പറയുന്നുണ്ട്. അവരുടെ പരമ്പരകൾ വിദേശരാജ്യങ്ങളിൽ പാർപ്പുറപ്പിക്കുകയും മാമൂലുകൾ തിരസ്കരിക്കുകയും ചെയ്തവരാണ്. ജർമ്മൻകാർ നേതൃത്വം കൊടുത്ത പാഞ്ഞാളിലെ അതിരാത്രത്തെപ്പറ്റിയുള്ള പരാമർശം കഥയിലുണ്ട്. ജർമ്മൻ പൗരത്വം നേടിയ തന്റെ പാരമ്പര്യത്തിലെ കണ്ണി അക്കൂട്ടത്തിൽ ഉണ്ടാകുമെന്ന് അവർ വിശ്വസിക്കുന്നുണ്ട്. അയാളുടെ ഉണ്ണിക്ക് കൊടുക്കാനാണ് അവർ പവിത്രമോതിരം സൂക്ഷിച്ചിരിക്കുന്നത്. യഥാർത്ഥദാമ്പത്യം ലഭിക്കാത്ത പത്തനാടിച്ചിറ്റശ്ശി മതത്തിനും ജാതിക്കും അപ്പുറമെത്തി നിൽക്കുന്നു. അവരെ പുരോഗമനാശയക്കാരിയാക്കിയത് സ്വയം യജ്ഞപ്പശുവാകാൻ മടിക്കാത്ത അവരുടെ നമ്പൂരാർ കൊണ്ടുനടക്കുന്ന സമുദായാചാരങ്ങളാണ്.

**2.2.1.1.1.3. ഏകാന്തതയെ പ്രണയംകൊണ്ട് പ്രതിരോധിക്കുന്നവർ:**

**2.2.1.1.1.3.1. കാരൂരിന്റെ മോതിരം:**

കാരൂരിന്റെ പ്രഖ്യാതമായ കഥയാണ് 'മോതിരം' പ്രണയകഥയായിട്ടാണ് മോതിരം

വിലയിരുത്തപ്പെടുന്നത് (എ.പി.പി.നമ്പൂതിരി, 1984:?) വി.ആർ.സുധീഷ് തന്റെ 'ഒറ്റക്ക ഥാപഠന'ങ്ങളിൽ പുതിയൊരു ശാകുന്തളകഥയായി മോതിരത്തെ വിലയിരുത്തുന്നു (2006:77), കാരൂർ കഥകളെപ്പറ്റി പഠനം നടത്തിയ നവരംഗം നടരാജൻ *"പരിപൂർണ്ണ മായ ഒരു സ്മൃതിയെ ഭൂതത്തിൽ നിന്ന് വർത്തമാനത്തിലേക്ക് കടത്തി ഭാവിയിലേ ക്കെത്തിക്കുന്ന കലാപരമായ ഒരു ഇന്ദ്രജാല"*മായിട്ടാണ് 'മോതിര'ത്തെ കാണുന്നത് (1998:42) ഇവരെല്ലാം വാർദ്ധക്യവുമായി ബന്ധപ്പെടുത്തിത്തന്നെയാണ് വിധവയായ കുഞ്ഞിക്കാവമ്മയേയും ആനക്കാരനായിരുന്ന കുഞ്ചുനായരേയും കാണുന്നത്. ചെറു പ്പക്കാലത്തെ പരസ്പരാഭിലാഷം വാർദ്ധക്യത്തിലെ ഏകാന്തതയിൽ പ്രഫുല്ലമാവുക യാണ്. സാമീപ്യത്തിലും സംഭാഷണത്തിലും അതൊതുങ്ങുന്നു. കാല്പനികമായ പ്രണ യമല്ല അവരിരുവരും തേടുന്നത്. കുടുംബാംഗങ്ങൾക്കിടയിലായിട്ടും കിടപ്പിലായ കുഞ്ചു നായർ മാനസികമായ ഒരൊറ്റപ്പെടൽ അനുഭവിക്കുന്നുണ്ട്. കുഞ്ഞിക്കാവമ്മയുടെ ആഗ മനത്തോടെയാണ് അതിനു ശമനമുണ്ടാകുന്നത്. പരസ്പരം ആശ്വാസം തേടുന്നതിന് വാർദ്ധക്യം ശക്തമായ മറ സൃഷ്ടിക്കുന്നുണ്ട് ഇവിടെ. മാനസികമായ പ്രണയം പ്രായത്തെ ഭേദിച്ച് മുന്നേറുന്നതാണ് കഥയിൽ കാണുന്നത്.

**2.2.1.1.2. ഒറ്റപ്പെടുത്തപ്പെടുന്ന വൃദ്ധർ:**

വാർദ്ധക്യഘട്ടത്തിൽ സ്വാഭാവികമായി ഒറ്റപ്പെടുന്നവരെപ്പോലെ പല കാരണങ്ങളാൽ ഒറ്റപ്പെടുത്തപ്പെടുന്നവരും വൃദ്ധരിലുണ്ട്. ദൂഷടൻ (പൊൻകുന്നം വർക്കി), പശ്ചാത്താ പം, ലോകം നന്നാക്കാൻ, വൃദ്ധൻ (കാരൂർ), ഓണം കഴിഞ്ഞു, കുഞ്ചു ആശാരി (ഉറൂ ബ്), പഴയ കുടത്തിൽ പുതിയ വീഞ്ഞ് (കോവൂർ), ശവദാഹം (വെട്ടൂർ) എന്നീ കഥ കളെ അപഗ്രഥിക്കുന്നു.

**2.2.1.1.2.1. ഒറ്റപ്പെടുത്തപ്പെടുന്ന വൃദ്ധന്മാർ:**

**2.2.1.1.2.1.1. പൊൻകുന്നം വർക്കിയുടെ 'ദുഷ്ടൻ'**

അന്തോണിമാപ്പിള എന്ന പണക്കാരൻ സ്വന്തക്കാരുടെ യഥാർത്ഥസ്വഭാവം അറിയാൻ നടത്തുന്ന പരീക്ഷണമാണ് ഈ കഥയിലുള്ളത്. പണത്തിന് വ്യക്തിയേക്കാൾ സ്ഥാനം ലഭിക്കുന്ന ഒരു സമൂഹത്തിന്റെ ചിത്രം 'ദുഷ്ട'നിൽ ഉണ്ട്. അതുകൊണ്ടുതന്നെ സമ്പത്തിന് കഥയിൽ പ്രമുഖസ്ഥാനം ലഭിക്കുന്നുണ്ട്. അന്തോണിമാപ്പിളയുടെ മനസ്സിന്റെ ഗതിവിഗതികൾ തിരിച്ചറിയാൻ മറ്റുള്ളവർക്ക് കഴിയാതെ പോകുന്നത് പിശുക്കനായ സമ്പന്നനാണ് അയാൾ എന്ന തെറ്റിദ്ധാരണയാണ്. സ്വത്തിന്റെ പുറത്തു മാത്രമുള്ള സ്വന്തക്കാരുടെ സ്നേഹം തിരിച്ചറിയാൻ അന്തോണിമാപ്പിള ഒരു നാടകം കളിക്കുന്നുണ്ട്: താൻ മരിച്ചു എന്നുള്ള പ്രചാരണം. അയാളെ ഒരു ദുഷ്ടനായിട്ടേ ആളുകൾ കണക്കാക്കുന്നുള്ളൂ. ഭാര്യയും മക്കളുമില്ലാത്ത അയാളുടെ സമ്പത്ത് ആർക്കാണ് ലഭിക്കുക എന്ന ആകാംക്ഷ സഹോദരന്മാർക്കുണ്ട്. താൻ അവരെ ഏൽപിച്ചുപോന്ന വളർത്തു പട്ടി മാത്രം പട്ടിണികൊണ്ട് അവശമായിരുന്നെങ്കിലും പഴയ സ്നേഹം പ്രദർശിപ്പിക്കുന്നുണ്ട്. സ്വത്തിന്റെ പത്തു ശതമാനം തന്നെ സ്നേഹിച്ച പട്ടിക്ക് നീക്കി വച്ച അയാളുടെ ബാക്കി പണം സമൂഹോപകാരപ്രദമായ കാര്യങ്ങൾക്കാണ് മാറ്റി വയ്ക്കുന്നത്. മാനസികമായ തലമാണ് ഈ കഥയിൽ പരാമൃഷ്ടമാകുന്നത്. സ്വന്തക്കാരുടെയും ബന്ധുക്കളുടേയും യഥാർത്ഥസ്നേഹം പണത്തിനോടാണെന്നു തിരിച്ചറിയുന്ന അന്തോണിമാപ്പിള ദുഃഖിതനാണ് വളർത്തുപട്ടിയുടെ സ്നേഹം മനുഷ്യനേക്കാൾ മുന്നിട്ടു നിൽക്കുന്ന സ്ഥിതിവിശേഷം അയാളെ തകർക്കുന്നുണ്ട്. ത്യാഗിയായി മാറാൻ ഈ ചുറ്റുപാട് വയസ്സനെ സഹായിക്കുകയും ചെയ്യുന്നു. മാനസികമായ തകർച്ച അയാളുടെ അന്ത്യത്തിനു കാരണമാകുകയും ചെയ്യുന്നു.

**2.2.1.1.2.1.2. കാരൂരിന്റെ ലോകം നന്നാക്കൻ, പശ്ചാത്താപം, വൃദ്ധൻ**

'ലോകം നന്നാക്കാൻ' എന്ന കഥയിലെ വൃദ്ധൻ തന്റെ കയ്യിലുള്ള പണം ആറ്റം ബോംബ് ഉണ്ടാക്കാൻ വിനിയോഗിക്കണം എന്നു കരുതുന്നവനാണ്. ഗാന്ധിജിയുടെ അഹിംസാവാദത്തിനൊന്നും പ്രസക്തിയില്ലെന്ന് അയാൾക്കു തോന്നുന്നുണ്ട്. സംബന്ധസമ്പ്രദായത്തിന്റെ അവ്യവസ്ഥ, കൂട്ടുകുടുംബത്തിലെ അസമത്വം, ബന്ധുമിത്രാദികളുടെ സ്വാർത്ഥത തുടങ്ങിയവ അയാളുടെ വിദ്ധ്വംസക ചിന്താഗതിക്കു പിന്നിലുണ്ട്. എല്ലാ സമ്പത്തും ഭാര്യയ്ക്കും ഭാര്യവീട്ടുകാർക്കും സ്വന്തം വീട്ടുകാർക്കും വേണ്ടി ചെലവാക്കിയ അയാൾക്ക് കൃതഘ്നതയേ ലഭിക്കുന്നുള്ളൂ. ബാങ്കിലെ ശേഷിച്ച പണം കൈപറ്റാൻ പിന്നാലെ നടക്കുന്ന അനിയൻ അയാളുടെ വെറുപ്പിന്റെ ആഴം കൂട്ടുന്നു.

സ്വന്തം ചെയ്തികളുടെ ഫലമായി ഒറ്റപ്പെടുത്തപ്പെട്ട ഒരു പോലീസുകാരന്റെ പശ്ചാത്താപത്തിന്റെ കഥയാണ് 'പശ്ചാത്താപം.' നിയമപാലകരുടെ അഴിമതിയും അതുമൂലം ദുരിതമനുഭവിക്കുന്നവരും ഈ കഥയിലുണ്ട്. അനർഹമായി സമ്പാദിച്ചത് ഹെഡ്കോൺസ്റ്റബിൾ കിട്ടുപ്പിള്ളയ്ക്ക് നഷ്ടമാവുന്നു. അയാളുടെ ഭാര്യയും ജാരനായ പോലീസുകാരനും എല്ലാം കൈക്കലാക്കുന്നു. ജീവിതം നിരർത്ഥകമായി അനുഭവപ്പെടുന്ന കിട്ടുപിള്ള, രാമപ്പണിക്കർ എന്ന സാത്വികനെ താൻ ദ്രോഹിച്ചതിൽ പശ്ചാത്താപഭരിതനാണ്. അദ്ദേഹത്തിന്റെ മകനോട് മാപ്പ് ചോദിച്ചാണ് കിട്ടുപിള്ള പാപഭരിതമായ മനസ്സിന് ഉപശാന്തി ഉണ്ടാക്കുന്നത്.

'വൃദ്ധൻ' എന്ന കഥയിലെ വയസ്സന്റെ ഒറ്റപ്പെടൽ സമൂഹത്തിന്റെ സൃഷ്ടിയാണ്. യുവത്വവും ആരോഗ്യവും സമൂഹം ആവശ്യപ്പെടുന്നു. അതു നഷ്ടപ്പെട്ടാൽ പുതിയതു നേടുന്നു. അനാഥരാക്കപ്പെടുന്ന അശരണരായ ഭൃത്യരുടെ പ്രതിനിധിയാണ് വൃദ്ധൻ. വാർദ്ധക്യം ഒരു രോഗമല്ലെങ്കിലും രോഗങ്ങൾ അലട്ടുന്ന കാലമാണ്. വൃദ്ധനെ ബാധിച്ച ചുമ ക്ഷയമാണെന്ന് അയാൾ എടുത്തുവളർത്തിയ കൊച്ചമ്മ പറയുമ്പോൾ

വൃദ്ധന്റെ മനസ്സ് പ്രതിഷേധിക്കുന്നുണ്ട്. അറുപത്തഞ്ചു വയസ്സുവരെ യജമാനസേവ ചെയ്ത അയാൾക്ക് ഒരു കുടുംബമുണ്ടാക്കാൻ കഴിയാത്തതിൽ കുണ്ഠിതമുണ്ട്. പിരിച്ചയക്കുമ്പോൾ കിട്ടിയ അമ്പതുരൂപകൊണ്ട് വൃദ്ധൻ ഒരു പിടിവണ്ടി വാങ്ങി ജീവിതത്തോട് പോരാടാൻ തീരുമാനിക്കുകയാണ്. വൃദ്ധന്റെ സ്ഥാനത്ത് ജോലിക്കു കയറിയ ചെറുപ്പക്കാരൻ അയാളുടെ വൃദ്ധത്വത്തെ പരിഹസിക്കുന്നുണ്ട്. വൃദ്ധന്റെ കഥ കേട്ടിട്ടും അയാൾക്കു തിരിച്ചറിവുണ്ടാകുന്നില്ല. വാർദ്ധക്യത്തിലേ അയാളതു മനസ്സിലാക്കുകയുള്ളൂ എന്ന് ജീവിതപരിചയം കൊണ്ട് വൃദ്ധനറിയാം. ഈ കഥയിലെ വൃദ്ധൻ നിരാശനാകാതെ ജീവിത്തോട് പൊരുതാൻ നിശ്ചയിച്ചവനാണ് എന്ന കാര്യം അയാളുടെ ജവിതദർശനത്തെക്കൂടി കാണിക്കുന്നുണ്ട്.

**2.2.1.1.2.1.3. ഉറൂബിന്റെ വാർദ്ധക്യകഥകൾ:**

'ഓണം കഴിഞ്ഞു', 'കുഞ്ചു ആശാരി' എന്നീ കഥകളിലെ ഏകാന്തത അനാഥത്വത്തോളം അടുത്തതായി അനുഭവപ്പെടുന്നു.'ഓണം കഴിഞ്ഞു' എന്ന കഥയിലെ വൃദ്ധൻ പെൻഷനറാണ്. ഒന്നിലധികം വാർദ്ധക്യപ്രശ്നങ്ങൾ അയാളെ അലട്ടുന്നു. വിഭാര്യത്വം, പ്രവാസികളായ മക്കൾ, അച്ഛനെ നാട്ടിൽ തനിച്ചാക്കേണ്ടിവരുന്നതിലുള്ള മക്കളുടെ നിസ്സഹായത, ഫ്ളാറ്റു സംസ്കാരം, സ്നേഹവാത്സല്യങ്ങൾ മക്കളിലും പേരമക്കളിലും പകരാനാകാത്ത വിഷമം, തനിക്കാരുമില്ലെന്ന ചിന്ത, ആത്മഹത്യാപ്രവണത ഇവയിലൂടെയെല്ലാം കടന്നുപോകുന്ന വൃദ്ധനാണ് ഈ കഥയിലുള്ളത്. ഓണത്തിനൊത്തു കൂടുന്ന മക്കളും കുടുംബവും പിരിയുന്നതോടെ തന്റെ ജീവിതത്തിലെ ഓണവും കഴിഞ്ഞതായാണ് വൃദ്ധൻ മനസിലാക്കുന്നത്. മക്കളെക്കാൾ വേലക്കാരൻ വേലുവിന് വൃദ്ധനെ മനസ്സിലാക്കാനാകുന്നത് നിരന്തരസാമീപ്യം കൊണ്ടാണ്. ഭൗതികസുഖസൗകര്യങ്ങളിൽ അച്ഛൻ തൃപ്തനാകുമെന്ന് ധരിക്കുന്ന മക്കൾ. മക്കളുടെ കൂടെ

ശേഷിച്ച കാലം പങ്കുവെക്കാനുള്ള ആഗ്രഹം വേലുവുമായിട്ടേ വൃദ്ധനു പങ്കുവെക്കാനാകുന്നുള്ളൂ. റിട്ടയേർഡ് ഡിസ്ട്രിക്ട് രജിസ്ട്രാറായിരുന്നിട്ടുകൂടി സ്വകാര്യ സംഭാഷണങ്ങളിൽനിന്നും മനഃപൂർവ്വം വൃദ്ധനെ ഒഴിവാക്കുന്ന മക്കളും മരുമക്കളും അയാളിൽ വേദനയുണ്ടാക്കുന്നുണ്ട്. സ്വന്തം അച്ഛനമ്മമാരെ ഒപ്പം നിർത്തിയ വൃദ്ധന് തന്നെ കൂടെ കൂട്ടുന്നതിന് മക്കൾക്കെന്തു ബുദ്ധിമുട്ടാണുള്ളതെന്ന് മനസിലാകുന്നില്ല. ജനറേഷൻ ഗ്യാപ് എന്നു പറഞ്ഞ് തള്ളിക്കളയുന്ന മാനസികവ്യാപാരമാണിത്. പൂക്കൾ കൊഴിഞ്ഞ് ശൂന്യമായ പറമ്പ്, ആളൊഴിഞ്ഞ ഉമ്മറം, അസ്തമിക്കുന്ന സൂര്യൻ, തണുത്ത കാപ്പി എന്നിവയെല്ലാം ഒറ്റപ്പെടലിന്റെയും മരണത്തിന്റെയും സൂചന തരുന്നു (ഉറൂബ് 2011: 21, 22).[4] ആത്മഹത്യയിലൂടെ എല്ലാ പ്രശ്നങ്ങൾക്കും വിരാമമിടുകയാണയാൾ. ഏകാന്തതയും വിഷാദവും ഭാര്യയുടെ വേർപാടും ഇതിനു കാരണമാകുന്നുണ്ട്.

'ഓണം കഴിഞ്ഞു' എന്ന കഥയിലെ വൃദ്ധനേക്കാൾ നിരാലംബകത്വവും അവഗണനയും ഏകാന്തതയും അനുഭവിക്കുന്ന വൃദ്ധനാണ് 'കുഞ്ചു ആശാരി' എന്ന കഥയിലുള്ളത്. തലമുറകളുടെ വിടവ് കുഞ്ചു ആശാരിയുടെ ജീവിതത്തിലും വിഷമതകളുണ്ടാക്കുന്നു. തമ്പ്രാക്കൻമാർക്ക് നാലുകെട്ടും എട്ടുകെട്ടും പണിത കുഞ്ചു ആശാരിക്ക് സ്വന്തമായി കുടികിടപ്പോ കൂരയോ ഉണ്ടാക്കാനായില്ല എന്നത് സമൂഹഘടനയുടെ വൈജാത്യം കാണിക്കുന്നു. ഭാര്യയുടെ മരണവും അനപത്യതയും അയാളെ കൂടുതൽ ഒറ്റപ്പെടുത്തുന്നു. ദൈവവും തമ്പ്രാക്കളും ഭാവിജീവിതത്തിനുതകുമെന്നു കരുതിയ അയാൾക്ക് ആരും തുണയാകുന്നില്ല. വാർപ്പു കെട്ടിടങ്ങളുടെ വരവും കച്ചവടമനഃസ്ഥിതിയുള്ള മുതലാളിമാരും നാലുകെട്ടുകളുടെയും ഔദാര്യമുള്ള തമ്പ്രാക്കളുടെയും സ്ഥാനത്തു വരുന്നത് കാരൂർ എടുത്തു പറയുന്നുണ്ട്. നേത്യാരമ്മയുടെ മക്കൾ കോൺക്രീറ്റ് കൊണ്ട് വീടുപണിയുന്ന കാര്യം ഭാര്യ പറയുമ്പോൾ അംഗീകരിക്കാൻ കൂട്ടാക്കാത്തതു നേരിൽക്കണ്ട് ബോധ്യമാകുന്നതും തമ്പുരാന് കാർഷെഡ് ഉണ്ടാക്കാൻ മുൻതമ്പുരാ

ക്കന്മാർ തന്ന ഭൂമി ഒഴിഞ്ഞു കൊടുക്കേണ്ടി വന്നതും ഈ മാറ്റങ്ങളാണ് കാണിക്കുന്നത്. മുതലാളിത്തം കുഞ്ചു ആശാരിയുടെ കുടികിടപ്പ് തിരിച്ചെടുത്തു. പെരുവഴിയിലേക്കാണ് അയാൾ തള്ളപ്പെട്ടത്. കാലപരിവർത്തനങ്ങൾ തിരിച്ചറിഞ്ഞ് ജോലി ചെയ്യാനോ കിട പ്പാടം സ്വന്തമാക്കാനോ തയ്യാറാകാത്ത പാരമ്പര്യത്തൊഴിലാളിയുടെ ഒറ്റപ്പെടലിന്റേയും അനാഥത്വത്തിന്റേയും തീവ്രതയാണ് അയാളെ മരണത്തിലെത്തിക്കുന്നത്.

**2.2.1.1.2.1.4. കോവൂരിന്റെ 'പഴയ കുടത്തിൽ പുതിയ വീഞ്ഞ്':**

പെൻഷനായി കഴിഞ്ഞാൽ ലൈംഗികജീവിതവും നർമ്മബോധവും പാടില്ല എന്ന നുശാസിക്കുന്ന ഭാര്യയും മക്കളുമുള്ള രാമലിംഗം ശരിക്കും ഒറ്റപ്പെടുന്നു. മനസ്സിനോ ശരീരത്തിനോ വാർദ്ധക്യലക്ഷണമില്ലാത്ത അയാളെ ആത്മീയ ജീവിതത്തിലേക്ക് നിർബന്ധിച്ചാനയിക്കുന്ന അവർ അയാളെ സമ്മർദ്ദത്തിലാഴ്ത്തുന്നു. പുതിയൊരു വിവാഹം കഴിച്ചാണ് രാമലിംഗം പ്രതിഷേധിക്കുന്നത്. ആധുനികോത്തര നോവലായ 'വൃദ്ധസദന' (ടി.വി. കൊച്ചുബാവ) ത്തിലെ നായകനായ സിറിയക്കിന് കഴിയാത്ത പ്രതിരോധം നവോത്ഥാന കാലഘട്ടത്തിലുള്ള കഥയിലെ വൃദ്ധന് കഴിഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്.

**2.2.1.1.2.1.5. വെട്ടൂരിന്റെ 'ശവദാഹം':**

മരണമെന്ന ശാശ്വതസത്യത്തെ ഭയപ്പെടുന്ന വാർദ്ധക്യം, അതിനെ കളിയാക്കുന്ന യുവത്വം, ആശങ്ക നിറഞ്ഞ മനോവിചാരങ്ങൾ എന്നിവ ചേർന്ന് ഈ കഥയിലെ നാണു വാശാന്റ വാർദ്ധക്യം അസഹനീയമാണ്. അയൽവാസിയുടെ ശവദാഹത്തിനു പോയ നാണുവാശാൻ തന്റെ ശവദാഹം സങ്കൽപ്പിക്കുകയാണ്. യഥാവിധി നടക്കാത്ത ശവ ദാഹം അയാളെ ചിന്തിപ്പിക്കുന്നുണ്ട്. പുരോഗമനാശയക്കാരായ തന്റെ മക്കളിൽ നിന്നും

മറുത്തൊന്നും ഉണ്ടാകാനിടയില്ല. എന്നയാൾ മനസ്സിലാക്കുന്നു. ഭയവും ആശങ്കയു മാണ് നാണുവാശാനുണ്ടാകുന്നത്. എല്ലാവരും തന്നെ ഒറ്റപ്പെടുത്തുന്നതായി നാണു വാശാന് അനുഭവപ്പെടുന്നുണ്ട്. പ്രത്യേകിച്ചും ചെറുപ്പക്കാരുടെ പെരുമാറ്റം അതിലേ യ്ക്കാണ് നയിക്കുന്നത്.

**2.2.1.1.2.1.6. ലളിതാംബിക അന്തർജനത്തിന്റെ കഥകൾ:**

'ഇരുപതാം നൂറ്റാണ്ടില വൃദ്ധൻ', 'മരുമകന്റെ കൊട്ടാരം' എന്നീ കഥകളിലെ വൃദ്ധ ന്മാർ ഒറ്റപ്പെട്ടവരാണ്. എല്ലാവരുമുണ്ടായിട്ടും ഒറ്റയ്ക്കായ വൃദ്ധനാണ് ആദ്യകഥയിലേ ത്. മുഷിഞ്ഞതെങ്കിലം മാന്യമായ വസ്ത്രധാരണം, പൊതുജനങ്ങൾക്കിടയിൽ പണ ക്കാരനാണെന്ന ശ്രുതി പരക്കാൻ ഇടയാക്കുന്നുണ്ട്. തന്റെ ഏകാന്തത നാട്ടുകാരെ അറിയിക്കാതെ കഴിച്ചുകൂട്ടുകയാണയാൾ. മക്കളുടെ ഉയർച്ച മാതാപിതാക്കളുടെയും ആഗ്രഹമാണ്. സന്താനങ്ങൾ രക്ഷിതാക്കളുടെ മോഹം സഫലീകരിക്കുമ്പോൾത്തന്നെ അവരിൽനിന്നും അകലാനുള്ള സാധ്യതകളും കൂടുന്നുണ്ട്. ഈ വസ്തുതയാണ് ഇക്ക ഥയിലുള്ളത്. അയാൾ മക്കളെയോ പേരമക്കളെയോ കണ്ടിട്ട് വർഷങ്ങളായി. 'വല്യ പ്പച്ചാ' എന്ന വിളിയും പേരമക്കളുടെ മുഖവും വൃദ്ധൻ മറന്നുപോയി. അന്യനായ ഒരാൾ വേണ്ടി വന്നു അയാളെ വല്യപ്പച്ചാ എന്ന് വിളിക്കാൻ. വൃദ്ധന്റെ ആഭിജാത്യം പുറം പൂച്ചു മാത്രമാണെന്നറിയുന്ന അയാൾ വൃദ്ധനെപ്പറ്റി താനെഴുതുന്ന നോവലിൽ മാറ്റം വരുത്താൻ തയ്യാറാകുന്നു. മാത്രമല്ല മൂന്ന് കൊല്ലമായി കാണാത്ത അമ്മയെ പോയി കാണാനും വൃദ്ധൻ നിമിത്തമാകുന്നു.

ഈ വിഭാഗത്തിൽ വൃദ്ധകൾ കേന്ദ്രകഥാപാത്രമായ കഥകളൊന്നും ഇല്ല. ഏകാ ന്തത അനുഭവിക്കുന്ന വൃദ്ധരുടെ എണ്ണം വളരെ കൂടുതലാണ്.

**2.2.1.1.2.2. ഒറ്റപ്പെടുത്തപ്പെടുന്ന വൃദ്ധകൾ:**

ലളിതാംബിക അന്തർജ്ജനത്തിന്റെ രണ്ടു കഥകളല്ലാതെ ഈ വിഭാഗത്തിൽ മറ്റു കഥകളില്ല.

**2.2.1.1.2.2.1. ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകൾ:**

'ആദിമാതാവിന് കിട്ടിയ ശാപ'ത്തിൽ അന്നമ്മട്ടീച്ചറെ മകൻ ജോർജ്ജുകുട്ടി ഒറ്റപ്പെടുത്തുന്നതായി അനുഭവപ്പെടും. സ്വന്തം മകൾക്കു കൊടുക്കുന്ന പരിഗണനയുടെ ഒരംശം പോലും അയാൾ അമ്മയ്ക്ക് കൊടുക്കുന്നില്ല. മകളെ നോക്കാനുള്ള ആയ മാത്രമായി അമ്മ താഴുന്നു. അന്തർജ്ജനത്തിന്റെ 'ഭാഗം' എന്ന കഥയിലെ അമ്മയ്ക്ക് വർഷങ്ങൾക്കുശേഷമാണ് അമേരിക്കയിലെ മകനെ കാണാൻ കിട്ടുന്നത്. അമ്മയുടെ അടുത്ത് ഒരു ദിവസം പോലും അയാൾ തങ്ങുന്നില്ല.

ഏകാന്ത അനുഭവിക്കുന്ന വൃദ്ധരുടെ എണ്ണം വളരെ കൂടുതലാണ്.

**2.2.1.2. ഇരകളാകുന്ന വൃദ്ധർ:**

കുടുംബത്തിന്റെയും സമൂഹത്തിന്റെയും അവജ്ഞയേറ്റു വാങ്ങുന്ന ഒരു കൂട്ടം വൃദ്ധന്മാരെയാണ് ഈ ഭാഗത്തു പരിഗണിക്കുന്നത്. യുവത്വത്തിന്റെ പരിഹാസത്തിനും ഒറ്റുകൊടുക്കലിനും അവർ പാത്രമാകുന്നുണ്ട്.

**2.2.1.2.1. ഇരകളാകുന്ന വൃദ്ധന്മാർ:**

തഹസീൽദാരുടെ അച്ഛൻ, പാരമ്പര്യം, ഒരു ജീവിതം, ഒരു സാധാരണ ത്യാഗം, കൃഷിക്കാരൻ (തകഴി), അച്ഛനും ഭാര്യയും (കേശവദേവ്), പഴയ കോട്ട് (പൊറ്റെക്കാട്ട്), മാലപ്പടക്കം, സാറിനും പട്ടിക്കും, പെൻഷൻ, ഉതുപ്പാന്റെ കിണർ (കാരൂർ), അവരുടെ

ഭ്രാന്തൻ, കർത്താവേ ഇതെന്തൊരു മനുഷ്യൻ, ആ വാഴവെട്ട് (പൊൻകുന്നം വർക്കി) ചങ്കരൻ പ്ലാവ്, (എൻ.പി.ചെല്ലപ്പൻ നായർ) ചുവപ്പുനാട (ഈ.എം.കോവൂർ), പഴം കത്തിയും കത്രികയും, നെല്ലിന്റെ നാട്ടിൽ, അമ്മാച്ചൻ, അത്താഴപ്പട്ടിണിക്കാരൻ, താരുണ്യത്തിന്റെ ചുടുകാട് (നാഗവള്ളി ആർ.എസ്.കുറുപ്പ്), ഭൂദാനം, കാലഗതി (വെട്ടൂർ രാമൻ നായർ) എന്നീ കഥകളാണ് പരിഗണിക്കുന്നത്.

**2.2.1.2.1.1. ഇരകളാകുന്ന വൃദ്ധന്മാരുടെ കഥകൾ:**

സാമൂഹിക മാറ്റം, ദാരിദ്ര്യം എന്നിവയാണ് ഈ വിഭാഗത്തിൽ വരുന്നത്.

**2.2.1.2.1.1.1. സാമൂഹിക മാറ്റത്തിന്റെ കഥകൾ:**

തകഴിയുടെ തഹസീൽദാരുടെ അച്ഛൻ, പാരമ്പര്യം, ഒരു ജീവിതം, ഒരു സാധാരണ ത്യാഗം, കൃഷിക്കാരൻ, എസ്.കെ.യുടെ പഴയ കോട്ട്, പൊൻകുന്നം വർക്കിയുടെ ആ വാഴവെട്ട്, കാരൂരിന്റെ ഉതുപ്പാന്റെ കിണർ, കോവൂരിന്റെ ചുവപ്പുനാട, എൻ പി ചെല്ലപ്പൻ നായരുടെ ചങ്കരൻ പ്ലാവ്, നാഗവള്ളിയുടെ പഴംകത്തിയും കത്രികയും, നെല്ലിന്റെ നാട്ടിൽ, അത്താഴപ്പട്ടിണിക്കാരൻ, താരുണ്യത്തിന്റെ ചുടുകാട്, വെട്ടൂരിന്റെ ഭൂദാനം, കാലഗതി എന്നീ കഥകളാണ് വിശകലനം ചെയ്യുന്നത്.

**2.2.1.2.1.1.1.1. തകഴിയുടെ കഥകൾ:**

തഹസീൽദാരുടെ അച്ഛൻ, പാരമ്പര്യം, ഒരു ജീവിതം, ഒരു സാധാരണ ത്യാഗം, കൃഷിക്കാരൻ എന്നീ കഥകളാണ് തകഴിയുടേതായി സ്വീകരിക്കുന്നത്.

തഹസീൽദാരുടെ അച്ഛൻ, കൃഷിക്കാരൻ എന്നീ കഥകൾ വൃദ്ധരായ കൃഷിക്കാരുടെയാണ്. പാരമ്പര്യവഴിക്കാണെങ്കിൽ ഒരു കൃഷിക്കാരനാകേണ്ടിയിരുന്ന പ്രഭാകരനെ

തഹസീൽദാരാക്കുന്നത് അച്ഛനായ കേശവശ്ശാരുടെ ഇച്ഛാശക്തിയാണ്. എഴുപതു കഴിഞ്ഞ കിഴവൻ ചക്രപ്പാട്ടു പാടുന്നതും മുറുക്കുന്നതും കുട്ടിയെ ഓമനിക്കുന്നതും, മരുമകളും പരിഷ്കാരിണിയും പേഷ്ക്കാരുടെ മകളുമായ ഭാനുമതിക്ക് ഇഷ്ടപ്പെടാത്തതിൽ സ്വഭാവികതയുണ്ട്. വേലക്കാരനേക്കാൾ കഷ്ടസ്ഥിതിയിൽ മകന്റെ വീട്ടിൽ കഴിയേണ്ടിവന്നിട്ടും അവനെയെതിർക്കാത്ത പിതാവ്, മകന്റെ കൂടെ നാലുദിവസം താമസിക്കാൻ ആഗ്രഹിക്കുന്നവനാണ്. വിഭിന്ന ജീവിതസാഹചര്യങ്ങളുമായി പൊരുത്തപ്പെടാകാത്തത് കേശവശ്ശാർക്ക് വിനയാകുന്നു. തഹസീൽദാരുടെ ഉയർന്ന സാമൂഹിക പദവിയുമായി പൊരുത്തപ്പെട്ടു പോകാൻ ഗ്രാമീണനായ കേശവശ്ശാർക്കാവുന്നില്ല. മരുമകളുടെ കുറ്റങ്ങൾ കണ്ടെത്തുന്നത് ഗുണത്തേക്കാൾ ദോഷമാണുണ്ടാക്കുന്നത്. അച്ഛനെയും ഭാര്യയെയും തള്ളാനാകാതെ നിസ്സഹായനായി നിൽക്കുന്ന തഹസീൽദാർ അവസാനം ഉചിതമായ തീരുമാനത്തിലെത്തുന്നു. തന്നെ അവിടുന്ന് പറഞ്ഞയക്കാൻ പോകുന്നുവെന്നറിഞ്ഞ കേശവശ്ശാർ തന്നെ സ്വയം ഇറങ്ങിപ്പോയി മകനെ രക്ഷിക്കാൻ ശ്രമിക്കുകയാണ്. വൃദ്ധർക്ക് സഹജമായ പിടിവാശിയും മകനിലുള്ള അധികാര മനോഭാവവും മരുമകളിൽ വെറുപ്പുണ്ടാക്കാനും കാര്യങ്ങൾ കൈവിട്ടുപോകാനുമാണ് കാരണമാകുന്നത്.

കാർഷിക വ്യവസ്ഥിതിയുടെ മാറിയ സാഹചര്യം ഒരു കൃഷിക്കാരനെ ബുദ്ധിമുട്ടിക്കുന്നതാണ് 'കൃഷിക്കാരൻ' എന്ന കഥയിലൂടെ പറയുന്നത്. കാർഷിക മേഖലയിലെ വിപ്ലവത്തിന്റെ പൊരുളറിയാതെ മുതലാളിത്തത്തിന്റെ ചൂഷണത്തിന് അറിയാതെയാണെങ്കിലും വഴങ്ങിക്കൊടുക്കുന്ന വൃദ്ധനായ കേശവൻനായരാണ് ഈ കഥയിലുള്ളത്. കൃഷിയും കർഷകനും തമ്മിലുള്ള അടുപ്പം കുറയുന്നതും വ്യാവസായിക മുതലാളിത്തം നടപ്പിൽ വരുന്നതും കഥയിലുണ്ട്. അതിന്റെ ഇരയായി കേശവൻ നായർ മാറുകയാണ്. അയാളുടെ കൃഷിയിടത്തിൽ കൃഷി ഇറക്കാനാവാത്ത രീതിയിൽ ബുദ്ധി

മുട്ടിക്കാൻ ചുറ്റും പാട്ടത്തിനേറ്റ പുത്തൻ കൃഷിക്കാരൻ ഔതക്കാകുന്നുണ്ട്. ഔതയുടെ കൗശലം തിരിച്ചറിയാൻ കേശവൻനായർക്കാകുന്നുമില്ല. വരവുവളമിട്ട് മണ്ണിനെ നശിപ്പിക്കുന്ന രീതിയോട് അയാൾക്കെതിർപ്പുണ്ടെങ്കിലും അതിനെതിരെ പ്രതിഷേധിക്കാനുള്ള ആൾബലം സ്വന്തം പക്ഷത്തില്ല. സാമൂഹികരംഗത്തെ വലിയ മാറ്റങ്ങളിലൊന്നായി കൃഷിയില്ലാത്ത കൃഷിക്കാരനായി കേശവൻനായർ മാറുന്നതിനെ കാണാം. പാരമ്പര്യത്തിനു മുകളിൽ മുതലാളിത്തം ശക്തമായ അടിത്തറയിടുന്നത് 'കൃഷിക്കാര'നിലുണ്ട്.

മരുമക്കത്തായവും തറവാടുകളും കൊല്ലും കൊലയും അഭിമാന പ്രതീകങ്ങളായിരുന്ന ഒരു കാലഘട്ടത്തിന്റെ അധഃപതനത്തെയാണ് 'പാരമ്പര്യം' എന്ന കഥയിലൂടെ തകഴി പറഞ്ഞു വെയ്ക്കുന്നത്. ഈ കഥയിലെ 'കുഞ്ഞ്' എന്ന് നാട്ടുകാരാൽ ബഹുമാനപൂർവ്വം വിളിക്കപ്പെട്ടിരുന്ന വൃദ്ധൻ തകർന്നുപോയ തറവാടിത്തത്തിന്റെയും പാരമ്പര്യത്തിന്റെയും പ്രത്യക്ഷ പ്രതീകമായി മാറുന്നു. തുരുമ്പെടുത്തവാളും ചെമ്പുപട്ടയവും തറവാട്ടുവക ചുമടുതാങ്ങിയും സത്രവും പാരമ്പര്യത്തിന്റെ മുദ്രകളാണ്. അയാളുടെ വിശപ്പ് മാറ്റാൻ പാരമ്പര്യം കൊണ്ടാവുന്നില്ല. ചുമക്കാനരുതാത്ത പാരമ്പര്യത്തിന്റെ ഇരയായി മാറുന്നു കുഞ്ഞ്. സാമൂഹികമാറ്റത്തിനു പുറമേ ഒരു വ്യക്ത്യനുഭവം എന്ന നിലയിലും കുഞ്ഞിന്റെ അവസ്ഥ രേഖപ്പെടുത്താം.

**2.2.1.2.1.1.1.2. എസ്.കെ.പൊറ്റെക്കാട്ടിന്റെ 'പഴയ കോട്ട്':**

വ്യക്തിദുരന്തത്തിന്റെ ഇരയാണ് 'പഴയ കോട്ടി'ലെ വയസ്സനായ പിച്ചക്കാരൻ. സമൂഹം വെറുക്കുകയും അറപ്പോടെ അകറ്റി നിർത്തുകയും ചെയ്യുന്ന ഒരു പിച്ചക്കാരനെപ്പറ്റിയുള്ള ആഖ്യാനമാണ് 'പഴയകോട്ട്.' ദാരിദ്ര്യം, അനാഥത്വം, അശരണത്വം എന്നിവ അയാൾ അനുഭവിക്കുന്നുണ്ട്. പിച്ചക്കാരൻ എല്ലാവരെയും പോലെ ഒരു സാധാരണ

ജീവിതത്തിനുടമയായിരുന്നു. അപ്രതീക്ഷിത ജീവിതപരാണാമങ്ങൾ അയാളെ തെരുവുതെണ്ടിയാക്കിത്തീർക്കുയാണ്. പിച്ചക്കാരന്റെ കഥ പറയുന്ന ആളിനൊഴികെ ആർക്കും ഈ കഥാപാത്രത്തോട് സഹതാപമില്ല. പിച്ചക്കാരൻ പ്രാന്തവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തിന്റെ പ്രതിനിധിയായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. തണുപ്പിനെ ഉപരോധിക്കാൻ ആഖ്യാതാവ് നൽകിയ പഴയ കോട്ടിൽ നിന്ന് അയാളുടെ ദാരിദ്ര്യം മാറ്റാനുള്ള പണം ആകസ്മികമായി ലഭിച്ചിട്ടും അതുപയോഗിക്കൻ അയാൾക്കാകുന്നില്ല. രോഗം പിടിച്ച് അളിഞ്ഞുനാറി, പാറി നടക്കുന്ന പച്ചനോട്ടുകൾക്കരികെ മരിച്ചു കിടക്കുമ്പോഴും അറപ്പു മാത്രമാണ് പിച്ചക്കാരൻ അവശേഷിപ്പിക്കുന്നത്.

**2.2.1.2.1.1.1.3. കാരൂരിന്റെ 'ഉതുപ്പാന്റെ കിണർ':**

കാരൂരിന്റെ പ്രസിദ്ധമായ കഥകളിലൊന്നാണ് 'ഉതുപ്പാന്റെ കിണർ'. ഉതുപ്പാന്റെ വാർദ്ധക്യം സമൂഹത്തിന്റെ പരിഹാസത്തിലും നിന്ദയാലും സമ്പന്നമാണ്. നാട്ടുകാർക്കും മൃഗങ്ങൾക്കുംകൂടി വെള്ളത്തിനുവേണ്ടി ഉതുപ്പാൻ കുഴിച്ച കിണർ മൂടാനൊരുങ്ങുന്ന നഗരസഭക്കെതിരെ ഒരു വ്യക്തി എന്ന നിലയിൽ പല്ലുഞെരിക്കാനല്ലാതെ വൃദ്ധനെക്കൊണ്ട് ഒന്നിനും ആകുന്നില്ല. പൈപ്പുവെള്ളം കിട്ടിയപ്പോൾ കിണർവെള്ളം മറന്ന പൊതുസമൂഹവും സർക്കാർനയങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഉതുപ്പാനെ ഒറ്റപ്പെടുത്തുന്ന കാഴ്ചയാണ് കാണുന്നത്. *"തീരെ ഗതികെട്ടാൽ കുടിച്ചു ചാകാൻ അവനു വേറെ കിണറന്വേഷിക്കണ്ടല്ലോ."* (ടി.പു.22). *"ആ കിഴവന്റെ അവസാനം അതിലാണെന്നാ തോന്നുന്നത്."* (ടി.പു. 23). എന്നുള്ള ജനാഭിപ്രായം ഒരു സമൂഹത്തിന്റേതായി മാറുന്നുണ്ട്. ജനങ്ങൾ ഭ്രാന്തനെന്ന് മുദ്ര കുത്തുന്ന ഉതുപ്പാന്റെ കിണർ മൂടേണ്ട സ്ഥിതിവരും എന്ന അവസ്ഥയിൽ അതിൽചാടി ആത്മഹത്യ ചെയ്ത് പൊതുജനാഭിപ്രായത്തെ ശരിവയ്ക്കുകയാണ് ഉതുപ്പാൻ. കിണർ മൂടാതിരിക്കാൻ അങ്ങേയറ്റത്തെ

പ്രതിരോധത്തിന് ഉതുപ്പാൻ ശ്രമിക്കുന്നുണ്ട്. ഭരണകൂടത്തിന്റെ ദിശാബോധമില്ലാത്ത നിയമങ്ങൾ അയാളെ നിസ്സഹായനും എന്നന്നേയ്ക്കും നിശ്ശബ്ദനും ആക്കുകയാണ്. സമൂഹത്തെയാകെ ബാധിക്കുന്ന മാറ്റങ്ങൾ വരുമ്പോൾ അതിനെതിരെ പ്രതികരിക്കുന്ന വ്യക്തികളിലൊരാളായി ഉതുപ്പാൻ മാറുന്നു. *"പരിഷ്കാരത്തിന്റെ കുതിപ്പിൽ മക്കൾക്കു കുടിവെള്ളം മുട്ടിച്ച പാപികളാണു നാം. ഉതുപ്പാന്റെ സ്വകാര്യസ്വത്ത് സമൂഹത്തിന്റെ പൊതുസ്വത്താവുകയും സമൂഹമത് തിരസ്കരിച്ചപ്പോൾ സ്വകാര്യദുഃഖമാവുകയും ചെയ്തു."* എന്ന് സമൂഹത്തിന്റെ നന്ദികേടിലൂന്നിക്കൊണ്ടുള്ള ഗീതയുടെ പഠനം ശ്രദ്ധേയമാണ്. (2006:20.21)[5]

**2.2.1.2.1.1.1.4. പൊൻകുന്നം വർക്കിയുടെ കഥകൾ:**

"ആ വാഴ വെട്ട്" എന്ന കഥയിൽ സർക്കാർതലനയങ്ങൾ ഉദ്ദേശ്യത്തിനു വിപരീതമായി പ്രവർത്തിച്ച് ഒരു വാഴക്കർഷകന്റെ ജീവിതത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതാണ് വിഷയമാക്കുന്നത്. എവിടെയോ വാഴക്കോട് വന്നതിനു നാട്ടിലെ മുഴുവൻ വാഴകളും വെട്ടാനിറങ്ങുന്ന ഉദ്യോഗസ്ഥർക്ക് വൃദ്ധന്റെ വേദന മനസ്സിലാവുന്നില്ല. അവർക്ക് സർക്കാർനിർദ്ദേശം നടപ്പിലാക്കണമെന്നേയുള്ളൂ.

കാരൂരിന്റെ 'ഉതുപ്പാന്റെ കിണറി'ലെ ഉതുപ്പാനും ഈ കഥയിലെ വൃദ്ധനും ഒരുപോലെ അനുഭവിക്കുന്ന അവസ്ഥാവിശേഷമാണ് ഭരണകൂടത്തിന്റെ ഊദ്യേശ നിയമങ്ങൾ കൊണ്ടുള്ള ബുദ്ധിമുട്ട്. അതിനെതിരെ തങ്ങൾക്കാവും വിധം പൊരുതുന്നുണ്ടെങ്കിലും ആത്യന്തികമായി നിയമങ്ങൾ നടപ്പിലാക്കാനിറങ്ങുന്നവർ ജയിക്കുന്നതാണ് രണ്ടു കഥയിലും കാണുന്നത്. 'വ്യവസായവത്കരണവും യന്ത്രവത്കരണത്തിന്റെ വ്യാപനവും വൃദ്ധരുടെ സ്ഥാനത്തിനു കുറവു വരുത്തുന്നു' എന്ന ആധുനീകരണ സിദ്ധാന്തം (Modernization Theory) ഈ കഥകളിൽ പ്രവർത്തിക്കുന്നതായി കണ്ടെത്താൻ കഴിയും. ഈ

ഭാഗത്ത് സാമ്പത്തികഘടകങ്ങൾ ശക്തമാണെന്നു കാണാം. പണത്തിന്റെ അഭാവമാണ് ഇക്കഥകളിലെ വ്യക്തിദുരന്തങ്ങൾക്ക് കാരണമാകുന്നത്. സ്വാഭാവികമായും ഇത് സാമൂഹികപ്രശ്നം കൂടിയായി മാറുന്നു.

**2.2.1.2.1.1.1.5. ഇ.എം.കോവൂരിന്റെ 'ചുവപ്പുനാട':**

ജീവിച്ചിരുന്നപ്പോഴും മരണശേഷും ചുവപ്പുനാടയിൽ കുരുങ്ങി പെൻഷൻ നിഷേധിക്കപ്പെടുന്ന സർക്കാരുദ്യോഗസ്ഥന്റെ കഥയാണിത്. സർക്കാർ തലങ്ങളിലെ വ്യക്തി വൈരാഗ്യവും അഴിമതിയും ഇക്കഥയിൽ തെളിഞ്ഞു നിൽക്കുന്നുണ്ട്. അതിന്റെ ഇരയാണ് കറിയാച്ചൻ. സത്യസന്ധവും അഴിമതിരഹിതവുമായ ജീവിതം നയിച്ച കറിയാച്ചന് അർഹതപ്പെട്ട പെൻഷൻ ഒരിക്കലും ലഭിക്കുന്നില്ല. പതിനേഴു പ്രാവശ്യം റിമൈൻഡൽ അയച്ചിട്ടും പ്രതീക്ഷിച്ച മറുപടി മാത്രം കറിയാച്ചനു ലഭിക്കുന്നില്ല. ക്രൂരമായ ഫലിതത്തിന്റെ ഭാഷയാണ് ഈ കഥയിലുപയോഗപ്പെടുത്തിയിട്ടുള്ളത്. സാമൂഹകിക-സാമ്പത്തിതലത്തിലാണ് ഇവിടെ ഊന്നൽ ലഭിച്ചിട്ടുള്ളത്. ദാരിദ്ര്യം ഒരു സാമൂഹികവിപത്താണ്. ഈ കഥയിലാകട്ടെ അതു  സൃഷ്ടിക്കുന്നതിൽ മുന്നിട്ടുനിൽക്കുന്നത് ഉദ്യോഗസ്ഥഭരണമാണുതാനും. ഉദ്യോഗത്തിൽ നിന്നു പിരിഞ്ഞ ദരിദ്രനായ സാധാരണക്കാരന്റെ പെൻഷൻ കൂടി തടഞ്ഞു വെയ്ക്കപ്പെടുകയാണിവിടെ.

**2.2.1.2.1.1.1.6. എൻ.പി.ചെല്ലപ്പൻ നായരുടെ ചങ്കരൻ പ്ലാവ്:**

ഒരു പ്ലാവിലൂടെ ജീവിതത്തിന് ഭദ്രമായ അടിത്തറയുണ്ടാക്കിയ ശങ്കരപിള്ളയ്ക്ക് പരിഷ്കരണത്തോടും നഗരവൽക്കരണത്തോടും പിടിച്ചു നിൽക്കാനാവുന്നില്ല. അയാളുടെ വിവാഹജീവിതം പ്ലാവിനെ നോക്കാനായി ഒരാൾക്കൂടെ വേണമെന്നുള്ളതു കൊണ്ടുമാത്രം സംഭവിച്ചതാണ്. ചങ്കരൻ പ്ലാവിനെ കാരണവരായി കണക്കാക്കുന്ന

ശങ്കരപിള്ളയുടെ മനഃസ്ഥിതി അംഗീകരിക്കാൻ ഭാര്യക്കോ ഏകമകനോ മരുമകൾക്കോ കഴിയുന്നില്ല. ടെന്നീസ് കോർട്ടു പണിയാൻ തടസ്സമാകുന്ന പ്ലാവ് മകൻ വെട്ടിക്കുന്നുണ്ട. കാശിയിലേക്കു പോയ ശങ്കരപിള്ള തിരിച്ചുവരുമ്പോൾ കാണുന്നതിതാണ്. ഗ്രാമീണനായ അയാളുടെ വൃക്ഷാരാധന നിഷ്കരുണം തള്ളപ്പെടുന്നു. അയാൾ ഏറെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന പ്ലാവിന്റെ നഷ്ടമാണ് ശങ്കരപിള്ളയുടെ മരണത്തിനു കാരണമാകുന്നത്. അയാൾക്കു പിന്തുണ നൽകാൻ ഭാര്യ പോലുമില്ലെന്നത് അയാളുടെ വീഴ്ചയെ കൂടുതൽ ദാരുണമാക്കുന്നുണ്ട്. ശങ്കരപിള്ളയുടെ മാനസികതലത്തിനാണ് ഇവിടെ പ്രാമുഖ്യം ലഭിക്കുന്നത്. യാചകസ്ഥാനത്തുനിന്നു തന്നെ കരകയറ്റിയ ഒരു വ്യക്തി എന്ന സ്ഥാനമാണ് അയാൾ പ്ലാവിനു നൽകിയിരുന്നത്. കുടംബത്തിന് ഒരിക്കലും പ്ലാവിന്റെ സ്ഥാനം ശങ്കരപിള്ള നൽകിയില്ല. അതുകൊണ്ടു തന്നെ പ്ലാവിന്റെ നാശം അയാളുടെ അവസാനം കൂടിയായി മാറുന്നു. അയാളുടെ യൗവ്വന–വാർദ്ധക്യങ്ങളെ സമ്പന്നമാക്കിയത് ഈ വൃക്ഷാരാധനയാണ്. അതയാളുടെ മനസ്സുമായി ബന്ധപ്പെട്ടതാണുതാനും.

**2.2.1.2.1.1.1.7. നാഗവള്ളി ആർ.എസ്.കുറുപ്പിന്റെ കഥകൾ:**

പഴം കത്തിയും കത്രികയും, നെല്ലിന്റെ നാട്ടിൽ, അത്താഴപ്പട്ടിണിക്കാരൻ, താരുണ്യത്തിന്റെ ചുടുകാട്, അമ്മാച്ചൻ എന്നീ കഥകൾ പരിശോധനക്കെടുക്കുന്നു. ഓട്ട വീണ അലുമിനിയപാത്രവും പല്ലുപോയ ചീപ്പും കത്രികയുമായി ക്ഷൗരത്തിനു നടക്കുന്ന വേലുമൂപ്പർക്ക് പറ്റിയ അബദ്ധം കാലത്തിനു യോജിച്ച ബാർബർ വേലയിലേക്കു മാറാത്തതാണ്. ചെറുപ്പക്കാർ പുതിയ ഫാഷനുകൾ തേടിയപ്പോൾ നാട്ടുപ്രമാണിമാർ പഴയ ക്ഷുരകനെ തഴഞ്ഞ് പുതിയ ക്ഷുരകനെ തേടി. ഗ്രാമത്തിൽ നിന്നും തൊഴിൽ തേടി നഗരത്തിലേക്ക് പലായനം ചെയ്യുന്ന ചെറുപ്പക്കാരുടെ പ്രതിനിധികളായി വേലു

മൂപ്പരുടെ ആൺമക്കൾ മാറുന്നു. വേലുമൂപ്പരുടെ ജാതിചിന്തകളും അയിത്തവും അന്ധവിശ്വാസവും പാരമ്പര്യത്തൊഴിലിനു വിഘാതമാകുന്നു. അവിവാഹിതയായ മകളെ പോറ്റുന്ന ഭാരം ഏറ്റെടുക്കുന്ന വേലുമൂപ്പൻ മക്കളുടെ സഹായം നിഷേധിക്കുന്നതിൽ ആത്മസംതൃപ്തിയടയുന്നുണ്ട്. ഗ്രാമത്തനിമയിൽ ഒതുങ്ങിക്കൂടാൻ ആഗ്രഹിക്കുന്ന തനി ഗ്രാമീണനായതാണ് അയാളുടെ ദുരന്തത്തിന് കാരണം. ക്രമേണ നാട്ടുകാർക്കു മുന്നിൽ അയാളൊരു ഭിക്ഷക്കാരനായി. ജോലിക്കു കൂലി വാങ്ങുന്നത് വേലുമൂപ്പർക്ക് അചിന്ത്യമാണ്. അവകാശങ്ങളും കിട്ടാതെയായി. എല്ലായിടത്തു നിന്നും നിഷ്കാസിതനായ അയാൾക്ക് മരിക്കുകയേ ഗതിയുണ്ടായിരുന്നുള്ളൂ. പാരമ്പര്യത്തൊഴിലാളികളെ നാട്ടുകാർ പുലർത്തിയിരുന്ന കാലം കഴിഞ്ഞു പോയെന്ന് കഥ വ്യക്തമാക്കുന്നു.

പുതിയ സാമൂഹികവ്യവസ്ഥിതിയുടെ ഇരയാണ് 'നെല്ലിന്റെ നാട്ടിൽ' എന്ന കഥയിലെ കിട്ടശ്ശാർ. ജന്മിത്തമാണ് പാട്ടകൃഷിയിൽ നിന്നും കിട്ടശ്ശാരെ ഒഴിപ്പിക്കുന്നത്. യഥാർത്ഥ കൃഷിക്കാരനായ അയാൾക്ക് കൃഷിയിടം വിട്ട് മക്കളുടെ കൂടെപ്പോയി താമസിക്കാനാകുന്നില്ല. കൃഷിക്കാരും ജന്മികളും മറ്റു തൊഴിലുകൾ സ്വീകരിക്കുന്നതും പട്ടണത്തിലേക്കും പട്ടാളത്തിലേക്കും ജോലിക്കു വേണ്ടി ചേക്കേറുന്നതും ഇക്കഥയിൽ കടന്നുവരുന്നുണ്ട്. ഇത്തരം സാമൂഹികമാറ്റങ്ങളുടെ ഫലമായിട്ടാണ് കിട്ടശ്ശാർക്കും തന്റെ അടിയാൻമാരുടെ കൂടെ പാടത്തിറങ്ങി പണിയെടുക്കേണ്ടി വന്നത്. അവിടെ സമഭാവനയുണ്ട്. കിട്ടശ്ശാരുടെ അടിയാനായ അയ്യങ്കാളിയൊഴികെ മറ്റെല്ലാവരും നെല്ലിന്റെ നാട്ടിലെ ഒരു മാറ്റമായിട്ടേ കിട്ടശ്ശാരുടെ വേലയെ വ്യാഖ്യാനിക്കുന്നുള്ളൂ.

'അമ്മാച്ചൻ' എന്ന കഥയിലെ വൃദ്ധൻ നാട്ടിൽ ഒരു സ്കൂളുവരാൻ ആദ്യന്തം കഷ്ടപ്പെട്ടവനാണ്. അതു കോളേജാക്കി ഉയർത്തപ്പെട്ടപ്പോൾ അയാൾ വൃദ്ധനും രോഗിയുമായി അവശനിലയിലാണ്. എന്നിട്ടും ജോലി ചെയ്യാൻ ഉത്സാഹം കാട്ടിയ അയാൾ കിടപ്പിലായി. അമ്മാച്ചനെ കൂടാതെത്തന്നെ കോളേജുദ്ഘാടനം നടക്കുന്നുണ്ട്. ഉദ്ഘാ

ടനസമയത്തെ വെടിയൊച്ച കേട്ട് തന്നെയാരും ക്ഷണിച്ചില്ലല്ലോ എന്ന ഖേദത്തിൽ മരിക്കുകയാണ് അമ്മാച്ചൻ. മുതലാളിത്തത്തിന്റെ കൃതഘ്നത അമ്മാച്ചനും വീട്ടുകാരും അവസാനം തിരിച്ചറിയുന്നുണ്ട്. അദ്ധ്വാനശേഷി നശിച്ച അമ്മാച്ചനെ മുതലാളിമാർക്ക് ആവശ്യമില്ല. ഫലമിച്ഛിക്കാതെ പണിയെടുക്കുന്ന അയളെ ചൂഷണം ചെയ്യുന്ന നയമാണ് അവർ സ്വീകരിക്കുന്നത്. മുതലാളിമാർക്കും തൊഴിലാളിമാർക്കും ഇടയിലുള്ള ഈ രാഷ്ട്രീയമാണ് അമ്മാച്ചനെ തകർക്കുന്നത്.

കൃഷിഭൂമി കർഷകന് ലഭിച്ചപ്പോൾ ജന്മിമാർ നിരാധാരരായി. പണിയെടുത്തു ജീവിക്കാത്ത അവർക്ക് ഉപജീവനം പ്രശ്നമായിത്തീർന്നു. കേരളചരിത്രത്തിലെ ഈ യാഥാർത്ഥ്യമാണ് 'അത്താഴപ്പട്ടണിക്കാരൻ' എന്ന കഥയുടെ പിന്നിലുള്ളത്. കൃഷിഭൂമി കിട്ടിയ കർഷകൻ അത് വിറ്റ് മുതലാളിയായി മാറുന്നതും അയാളുടെ കനിവ് പഴയ ജന്മിക്ക് അനുഭവിക്കേണ്ടിവന്നതും സാമൂഹിക പരിവർത്തനത്തിന്റെ ഒരു ഭാഗമായി മാറുന്നത് ഇക്കഥയിലുണ്ട്. അത്താഴപ്പട്ടിണിക്കാരുടെ സംരക്ഷകരായിരുന്ന ആറ്റിൻകരയില്ലത്തെ വൃദ്ധനായ നമ്പൂരിക്ക് മുതലാളിയായി മാറിയ തങ്ങളുടെ കുടിയാൻ അയ്യപ്പൻ പിള്ളയുടെ വീട്ടിൽ അത്താഴപ്പട്ടിണിക്കാരനായി ചെല്ലേണ്ടിവന്നത് ഈ പരിഷ്കരണത്തിന്റെ ഭാഗമായിട്ടാണ് കാണേണ്ടത്. പാട്ടക്കാരന്റെ മകൻ അയ്യപ്പൻ പിള്ള കാലത്തിനൊത്തു മാറി കൃഷിഭൂമി വിറ്റ് എസ്റ്റേറ്റ് മുതലാളിയാകുമ്പോൾ തൊഴിലെടുക്കാത്ത നമ്പൂതിരിക്ക് യാചകവൃത്തിയിലേക്ക് താഴേണ്ടിവരികയാണ്. ജന്മിത്തം മുതലാളിത്തത്തിന് വഴി മാറുന്നത് ഇക്കഥയിലുണ്ട്. ലളിതാംബിക അന്തർജ്ജനത്തിന്റെ 'മനുഷ്യപുത്രിയുമായി' കൂട്ടിവായിക്കാവുന്നതാണ് 'അത്താഴപ്പട്ടിണിക്കാരൻ'. രണ്ടു കഥയിലും കാലത്തിനനുസരിച്ചുമാറാൻ കൂട്ടാക്കാത്തതാണ് പഴയ ജന്മിമാർക്ക് വിനയാകുന്നത്. 'മനുഷ്യപുത്രി'യിലെ കുഞ്ഞാത്താലമ്മയുടെ മകൻ ജോലിക്കു ശ്രമിക്കുന്നെങ്കിലുമുണ്ട്. 1930-കളിലാണ് ഭൂമി നമ്പൂതിരി സമുദായത്തിൽനിന്നും മറ്റു സമുദായങ്ങളിലേയ്ക്ക്

കൈമാറാൻ തുടങ്ങിയത്. ഭൂപരിഷ്കരണം വന്നതോടെ കൃഷിഭൂമി ഛിന്നഭിന്നമായി. (ഇ.ജെ.തോമസ്, 1997:130) ഈ സാമൂഹികാന്തരീക്ഷം 'അത്താഴപ്പട്ടിണിക്കാരൻ' എന്ന കഥയിലുണ്ട്.

റിട്ടയർമെന്റിനു മുമ്പും പിമ്പും ഒന്നും സമ്പാദിക്കാനാകാത്ത ഗോവിന്ദപിള്ള ദാരിദ്ര്യത്തിന്റെ രക്തസാക്ഷിയാണ്. ആറു പെൺമക്കളെ ജനിപ്പിച്ചു എന്ന കുറ്റബോധം അയാളെ വീർപ്പുമുട്ടിക്കുന്നുണ്ട്. പെൺമക്കളെ പോറ്റാനോ വിവാഹം കഴിപ്പിച്ചയക്കാനോ കഴിയാത്തതിലുള്ള ആത്മനിന്ദയാണയാൾക്ക്. മറ്റുള്ളവരുടെ സഹതാപം അയാളിഷ്ടപ്പെട്ടില്ല. പെൺമക്കൾക്കെതിരെ അപവാദ പ്രചാരണം ഉണ്ടായതുമൂലം നാടുമായുള്ള ബന്ധവും അവസാനിപ്പിച്ചു. രോഗിയായി, ഉന്മാദിയായി ഇഞ്ചിഞ്ചായി മരിക്കുന്ന അയാൾ മക്കളോടു മാപ്പു ചോദിക്കുന്ന ഭാഗം ഹൃദയംഗമമാണ്:

> *"നിങ്ങൾക്ക് ജന്മം തന്നതിന് ക്ഷമിക്ക്. പണമില്ലാത്തവന് പെൺമക്കളെ ജനിപ്പിക്കാൻ അവകാശമില്ല. അതു മനസ്സിലാക്കാത്തത് എന്റെ തെറ്റ്."*
>
> *(1962:369)*

മാനസികമായി തകർന്ന് അന്തർമുഖനായിത്തീർന്ന ഒരു വയസ്സനെ ഈ കഥയിൽ കാണാം. ഗോവിന്ദപിള്ളയ്ക്ക് പെൺമക്കളെ വിവാഹം ചെയ്തു കൊടുക്കാൻ കഴിയാത്തത് മാനസികവിഷമത്തിനു കാരണമാകുന്നുണ്ട്. ദാരിദ്ര്യത്തിനു പുറമേ സാമ്പത്തികമായി ആരും സഹായിക്കാനില്ലാത്തതും അയാളെ ബാധിക്കുന്നുണ്ട്. പെൺമക്കളെ വിവാഹം ചെയ്തയക്കാനാകാത്തതും സാമ്പത്തികമായി താങ്ങില്ലാത്തതും അസൗകര്യം നിറഞ്ഞ ജീവിതപരിസരവും വയസ്സായവരുടെ മാനസികാരോഗ്യം തകർക്കുന്ന ഘടകങ്ങളാണെന്ന് ശിവ രാജു പരാമർശിക്കുന്നത് ഈ കഥയിൽ പ്രത്യക്ഷമാണ്. ഇത്തരമൊരു ദുരവസ്ഥയാണ് ഗോവിന്ദപ്പിള്ള അഭിമുഖീകരിക്കുന്നത്.

**2.2.1.2.1.1.1.8. വെട്ടൂർ രാമൻനായരുടെ കഥകൾ:**

ഭൂദാനം, കാലഗതി എന്ന കഥകളിലെ വൃദ്ധന്മാർ സാമൂഹിക വ്യവസ്ഥിതിയുടെ ഇരകളാണ്. മാനസികമായി തൊഴിലാളി–മുതലാളി സംഘട്ടനത്തിന്റെ കഥകൂടിയാണിത്. അദ്ധ്വാനഫലം കൊണ്ട് സമ്പുഷ്ടമായ ഭൂമി കുടികിടപ്പുകാരന് നഷ്ടമാകുന്നതാണ് വിഷയം. തരിശായി കിടക്കുമ്പോൾ ശ്രദ്ധയിൽപ്പെടാത്ത കുടികിടപ്പ് കൈക്കലാക്കാൻ പള്ളിയെപ്പോലും കൂട്ടുപിടിക്കുന്ന മുതലാളിയാണ് അവിരാച്ചേട്ടന്റേത്. ഭൂമിയുടെ പേരിലുള്ള തൊഴിലാളികളുടെ അവകാശം നിഷേധിക്കപ്പെടുന്നു. പകരം വച്ചുനീട്ടുന്ന ഭൂമി ഒരു വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്. എത്തിപ്പെടാൻ പറ്റാത്തിടത്ത് ഭൂദാനം കിട്ടിയിട്ട് എന്തുപ്രയോജനം എന്ന് ചിന്തിക്കാൻ പൊതുസമൂഹം തയ്യാറാകുന്നില്ല. സമ്പന്നനായ മുതലാളിയുടെ പക്ഷത്തേ വികാരിയച്ചനും നിൽക്കാനാകൂ എന്ന് അവിരാച്ചേട്ടനും മനസ്സിലാകുന്നുണ്ട്. മുതലാളിത്തത്തിന്റെ കുതന്ത്രത്തിനു മുന്നിൽ അവിരാച്ചേട്ടന് കുടികിടപ്പ് നഷ്ടപ്പെടുകയാണ്. പഴയ തലമുറക്കാരനായ അവിരാച്ചേട്ടന്റെ താഴ്മയെ പുതു തലമുറക്കാരനായ മകൻ എതിർക്കുന്നത് പുതിയൊരു കാലഘട്ടത്തിന്റെ പ്രാരംഭമാണ്.

സ്വന്തം സ്ഥലവും സ്വത്തും കൊടുത്ത് നാട്ടിലെ സ്കൂൾ സ്ഥാപിച്ച കുറുപ്പമ്മാവന്റെ കുടുംബത്തിന് സ്കൂൾ അന്യമായിത്തീരുന്ന കഥയാണ് 'കാലഗതി'. കുറുപ്പമ്മാവന്റെ ഒരു ചിത്രത്തിലൊതുങ്ങുന്നു സ്കൂളിന് അദ്ദേഹവുമായുള്ള ബന്ധം. ഒന്നും നേടാതെ കുറുപ്പമ്മാവൻ മരിച്ചു. സ്വന്തമായി സ്കൂളുണ്ടായിട്ടും കാശില്ലാത്തതിനാൽ അവിടെ ജോലി കിട്ടാതെയലയുന്ന കുറുപ്പമ്മാവന്റെ പേരക്കുട്ടി. കുറുപ്പമ്മാവനെപ്പോലുള്ള രക്തസാക്ഷികൾ കാലത്തിന്റെ ഗതിക്കനുസരിച്ച് ഒന്നുമല്ലാത്തവരായിത്തീരുന്നത് കഥയിൽ കാണാം. സ്കൂൾ മാനേജ്മെന്റിൽ നടക്കുന്ന അഴിമതിയും സ്വജനപക്ഷപാതഭരണവും സ്കൂൾഭരണം കുറുപ്പമ്മാവന്റെ കുടുംബത്തിൽ നിന്നും

വിട്ടുകിട്ടാൻ വേണ്ടിയുള്ള കുതന്ത്രങ്ങളും സ്കൂൾ നടത്തിപ്പുകാരുടെ കച്ചവട മനഃസ്ഥിതിയെ കാണിക്കുന്നതാണ്.

**2.2.1.2.2. ഇരകളാകുന്ന വൃദ്ധകൾ:**

സ്ത്രീയും പുരുഷനും രണ്ടു തരത്തിൽ മാത്രം ഗണിക്കപ്പെടുന്ന സമൂഹമാണ് നമ്മുടേത്. അതുകൊണ്ടുതന്നെ സ്ത്രീയുടെ വാർദ്ധക്യം പുരുഷന്റേതിൽനിന്നും വ്യത്യസ്തമായിരിക്കും. ഈ പശ്ചാത്തലത്തിൽ നവോത്ഥാന കാഥികരുടെ കഥകളിലെ വൃദ്ധകളേയും വിലയിരുത്താൻ ഇവിടെ ശ്രമിക്കുന്നുണ്ട്. രാഘവന്റെ അമ്മ (കേശവദേവ്), അറുപതാം വയസ്സിൽ, എൺപതാം വയസ്സിൽ (തകഴി) അമ്മൂമ്മ പറഞ്ഞത്, ചുടലത്തെങ്ങ്, ഒടുവിലത്തെ മകൻ (കാരൂർ), ഒടുവിലത്തെ കണ്ണി (എൻ.പി.ചെല്ലപ്പൻ നായർ), വിധിബലം, സ്നേഹയാചകി, പാതയുടെ അവസാനം, മരത്തൊട്ടിൽ, മനുഷ്യപുത്രി, വിശ്വരൂപം, ഭാഗ്യം, ആദിമാതാവിനു കിട്ടിയ ശാപം, വ്യാകുല സങ്കേതം, പവിത്രമോതിരം (ലളിതാംബിക അന്തർജ്ജനം), മതിയായടിയന്, ഷഷ്ടിപൂർത്തി ദിനത്തിൽ, വിധവ, നാടകറാണി (നാഗവള്ളി ആർ.എസ്.കുറുപ്പ്) അമ്മ (വെട്ടൂർ) എന്നീ കഥകളാണ് ഈ വിഭാഗത്തിൽ വരുന്നത്.

**2.2.1.2.2.1. സാമൂഹികമാറ്റത്തിന്റെ കഥകൾ:**

ദേവിന്റെ രാഘവന്റെ അമ്മ, കാരൂരിന്റെ ഒടുവിലത്തെ മകൻ, കോവൂരിന്റെ ചുവപ്പുനാട, നാഗവള്ളിയുടെ മതിയായടിയന്, ലളിതാംബിക അന്തർജ്ജനത്തിന്റെ വിധിബലം, മനുഷ്യപുത്രി, മരത്തൊട്ടിൽ എന്നിവയാണ് വൃദ്ധകളെ കേന്ദ്രീകരിച്ച സാമൂഹിക മാറ്റത്തിന്റെ കഥകൾ.

**2.2.1.2.2.1.1. ദേവിന്റെ 'രാഘവന്റെ അമ്മ':**

ഈ കഥയിലെ അമ്മയ്ക്ക് രാഷ്ട്രീയക്കാരനായ മകൻ നഷ്ടപ്പെടുന്നു. മകൻ നഷ്ട പ്പെട്ട അമ്മയുടെ ദുഃഖം തീർക്കാൻ അവർക്ക് ഒരിക്കലും കഴിയുകയില്ല. അവരുടെ മകന്റെ രക്തസാക്ഷിത്വം മാത്രമേ രാഷ്ട്രീയക്കാർക്കു വേണ്ടൂ. രാഘവനെ മറന്ന നേതാക്കൾക്ക് അയാളുടെ അമ്മയെ ഓർമ്മിക്കുകയോ ആദരിക്കുകയോ ചെയ്യേണ്ട കാര്യമില്ല. പാർട്ടിയുടെ യോഗസ്ഥലത്തെത്തിയ അവരുടെ വേച്ചുവേച്ചെങ്കിലും ആവേശത്തോടെയുള്ള വരവും വർത്തമാനവും ഭ്രാന്തായിട്ടാണ് വ്യാഖ്യാനിക്കപ്പെടുന്നത്. രാഘവന്റെ അമ്മയെ തിരിച്ചറിയുന്ന ഒരേയൊരു ശബ്ദം തൊഴിലാളിസംഘടനാ പ്രവർത്തകനായിരുന്ന കഥാകൃത്തിന്റെ തന്നെയാണെന്ന് മനസ്സിലാക്കാം. പാലിക്കാത്ത വാഗ്ദാനങ്ങൾ മാത്രമേ അവർക്കുവേണ്ടി മന്ത്രിമാർക്കു നൽകാനുള്ളൂ. അധികാരവും ഭരണവും കയ്യിലെത്തുമ്പോൾ അതിനുവേണ്ടി നിലകൊണ്ടവരെ മറക്കുന്ന രാഷ്ട്രീയ നേതൃത്വമാണ് രാഘവന്റെ അമ്മയെ അപമാനിക്കുന്നത്.

**2.2.1.2.2.1.2. കാരൂരിന്റെ 'ഒടുവിലത്തെ മകൻ':**

കാരൂരിന്റെ 'ഒടുവിലത്തെ മകൻ' എന്ന കഥയിലെ വയറ്റാട്ടിയായ നങ്ങേലിയമ്മൂമ്മ ജാതി വ്യവസ്ഥയുടെ ഇരയാണ്. അധഃകൃതയായ തിരുമയുടെ പ്രസവമെടുത്ത അവരെ സമൂഹം ഭ്രഷ്ടയായിട്ടാണ് കരുതുന്നുത്. തിരുമയുടെ മകനായ രാമചന്ദ്രൻ ജോലി നേടി ഉയർന്ന ജാതിയിൽനിന്ന് വിവാഹം കഴിച്ച് പുതിയ സാമൂഹികവ്യവസ്ഥിതിയുടെ സ്രഷ്ടാവായി. അയാളും അവരെ മനഃപൂർവ്വം അകറ്റി നിർത്തുകയാണ്.

**2.2.1.2.2.1.3. എൻ.പി.ചെല്ലപ്പൻ നായരുടെ 'ഒടുവിലത്തെ കണ്ണി':**

ഇന്നലെയോട് ഇന്നിനുള്ള അവഗണന കഥാകൃത്തിനെ വേദനിപ്പിച്ചതായി എൻ.

പി.യുടെ തിരഞ്ഞെടുത്ത കഥകളുടെ അവതാരികാകാരൻ പറയുന്നുണ്ട് (എം.കെ. മാധവൻനായർ, 1970: 17). ഈ വിഭാഗത്തിൽപ്പെട്ട കഥയാണ് 'ഒടുവിലത്തെ കണ്ണി'. ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും വേവലാതിയില്ലാത്ത പഴയതലമുറയോടെതിർത്തു നിൽക്കുന്ന പഴമക്കാരിയായ ശ്രീദേവിക്കുഞ്ഞമ്മയുടെ കഥയാണിത്. വലിയപടവീട്ടിലെ കാരണവത്തിയായ കുഞ്ഞമ്മയെ കൊച്ചുമക്കൾ വിലവയ്ക്കുന്നില്ല. അന്ധവിശ്വാസമാണ് തറവാട്ടിലുള്ള അവരുടെ നിലനിൽപ്പിന്റെ പിന്നിലുള്ളത്. അവരുടെ കവിളിലെ മറുകും കുടുംബവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. തറവാടിത്തത്തിന്റെ പേരിൽ ജോലിയെടുക്കാത്ത കൊച്ചുമക്കൾ ആഘോഷത്തിന്റെ പേരിൽ കൊണ്ടാടുന്ന കുടുംബക്ഷേത്രത്തിലെ ഉത്സവം എല്ലാം നശിപ്പിക്കുന്നതായികാണിക്കുന്നു. ഗായികയുടെ അശുദ്ധി, പതിവിൽനിന്നു വിപരീതമായി ആളുകളെ രസിപ്പിക്കാനുദ്ദേശിച്ചുള്ള കലാപരിപാടികൾ- പാരമ്പര്യത്തിനു നിരക്കാത്ത കാര്യങ്ങളെല്ലാം അരങ്ങേറുന്നതിനുള്ള മൂലധനം ശ്രീദേവിക്കുഞ്ഞമ്മയുടെ ഏകസമ്പാദ്യമായ സ്വർണ്ണനൂലും സ്വർണ്ണം കെട്ടിയ രുദ്രാക്ഷവുമാണ്. പേരക്കുട്ടികളുടെ ആഗ്രഹപൂരണത്തിനിരയാവുകയാണ് താനെന്ന് അവർ മനസ്സിലാക്കുന്നത് ഉത്സവദിനമാണ്. പൂജ നടത്താത്ത ക്ഷേത്രത്തിൽ അവർ തെളിയിച്ച തിരിയും വെടിക്കെട്ടും ചേർന്ന് എല്ലാം കത്തിനശിക്കുന്നു.

**2.2.1.2.2.1.4. നാഗവള്ളിയുടെ 'മതിയായടിയന്':**

ഈ കഥയിൽ ഒരു വയസ്സായ വയറ്റാട്ടിയാണ് കേന്ദ്രകഥാപാത്രം. പാരമ്പര്യത്തൊഴിലാളിയായ ഒരു വയറ്റാട്ടിയെ സംബന്ധിച്ചിടത്തോളം ഡോക്ടറും നഴ്സും ഉപജീവനത്തിന് വിലങ്ങുതടിയാണ്. കുലത്തൊഴിൽ ചെയ്തു പോന്ന കുഞ്ഞിക്കണിയാട്ടി മാറിയ കാലത്തെ തിരിച്ചറിയുന്നില്ല. നാട്ടുകാർ അവസാനം വരെ പുലർത്തിക്കൊള്ളും എന്ന വിശ്വാസം അവരെ ചതിക്കുന്നു. വേലയ്ക്കു കൂലി എന്ന നിയമത്തിലേക്ക് അവ

കാശങ്ങൾ പറ്റി ശീലിച്ച കുഞ്ഞിക്കണിയാട്ടി വളരുന്നില്ല. നാഗവള്ളിയുടെ തന്നെ 'പഴം കത്തിയും കത്രികയും' എന്ന കഥയിലെ വേലുമൂപ്പരോളം നിരാശയല്ല അവർ. വയറ്റാട്ടിയായി സ്വീകരിക്കാൻ നാട്ടിലെ വലിയ വീട്ടുകാർ വിമുഖത കാണിച്ചപ്പോൾ സാധാരണക്കാരെ തേടി പോകുന്നു അവർ. ജീവിതം മുന്നോട്ടു നയിക്കാൻ കുഞ്ഞിക്കണിയാട്ടിയാർ പ്രാപ്തയാണ് എന്ന സൂചന നൽകിയാണ് കഥയവസാനിക്കുന്നത്.

**2.2.1.2.2.1.5. ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകൾ:**

അന്തർജ്ജനത്തിന്റെ വിധിബലം, മരത്തൊട്ടിൽ, മനുഷ്യപുത്രി എന്നീ കഥകളിലെ വൃദ്ധകൾ സാമുദായികവും സാമൂഹികവുമായ വ്യവസ്ഥിതികൾക്കിരയായവരാണ്. നമ്പൂതിരിസമുദായത്തിലെ അനാചാരങ്ങളായിരുന്ന സാപത്ന്യവും ഭ്രഷ്ടുമാണ് 'വിധിബല'ത്തിലെ അമ്മാത്തോലിന് നേരിടേണ്ടി വന്നിരുന്നത്. തന്മൂലം സമുദായത്തിൽ നിന്നും പ്രിയപുത്രനിൽ നിന്നും വേർപ്പെടേണ്ടിവന്നു. ജീവിക്കാനുള്ള ആഗ്രഹം കൊണ്ട് ഇസ്ലാംമതം സ്വീകരിക്കുകയും വിവാഹിതയാവുകയും രണ്ട് മക്കൾക്ക് ജന്മം കൊടുക്കുകയും ചെയ്തു. മരണകാലത്ത് നാട്ടിലെത്തിച്ചേർന്ന് അവർക്ക് മകന്റെ യഥാർത്ഥ സാമീപ്യം ലഭിക്കുന്നില്ല. തുളസീതീർത്ഥം വായിലൊഴിച്ചു കൊടുത്തു മരിപ്പിച്ചെങ്കിലും മകന് അമ്മ അന്യമതസ്ഥയാണ്. പുണ്യാഹത്തെപ്പറ്റി മകന് ചിന്തിക്കേണ്ടി വരുന്നത് സമുദായ ആചാരങ്ങളുടെ ഭീകരത വെളിവാക്കുന്നു.

കേരള ഭൂപരിഷ്കരണ നിയമം മൂലം നിരാധാരമാക്കപ്പെട്ട നിരവധി നമ്പൂതിരി കുടുംബങ്ങളുടെ പ്രതിനിധിയായി വരുന്നു 'മനുഷ്യപുത്രി' യിലെ കുഞ്ഞാത്തലമ്മ. അന്നപൂർണ്ണയായിരുന്ന അവർക്ക് കൊച്ചുമകന് ഒരു നേരത്തെ അന്നം കൊടുക്കാൻ കഴിയാതെയായി. ദാനധർമ്മങ്ങളും ഇല്ലത്തെ ക്ഷയിപ്പിച്ചു കളഞ്ഞു. സ്കൂളിൽ ഉച്ചക്കഞ്ഞി കിട്ടാൻ വേണ്ടി അയൽക്കാരനും താൻ ഊട്ടിവളർത്തിയവനുമായ രാഷ്ട്രീയനേതാവ്

ഗോവിന്ദൻകുട്ടിക്കുപോലും ഒന്നും ചെയ്യാനാകുന്നില്ല. ഇല്ലാത്തവർക്കുവേണ്ടിയുള്ള സമരത്തിനിടയിൽ ഉണ്ടായിരുന്നവന് എന്തുപറ്റി എന്നു ചിന്തിക്കാതിരുന്നതിൽ നേതാവിന് വിഷമമുണ്ട്. ഒരു നിമിഷം കൊണ്ട് എല്ലാം നഷ്ടപ്പെട്ടവരെപ്പറ്റി ചിന്തിച്ചതിന്റെ ഫലമാണ് 'മനുഷ്യപുത്രി'. കുഞ്ഞാത്തലമ്മക്കും മക്കൾക്കും കുടിയാനെ ആശ്രയിക്കേണ്ടിവരുന്നത് കാലത്തിന്റെ അനിഷേധ്യതതയാണ് കാണിക്കുന്നത്.

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറി നിൽക്കേണ്ടിവന്ന ഒരു ആയയാണ് 'മരത്തൊട്ടിലിലെ കേന്ദ്രകഥാപാത്രം. ആയയ്ക്ക് മരത്തൊട്ടിൽ എന്നൊരർത്ഥം കൂടിയുണ്ടെന്ന് നങ്ങേലിയമ്മൂമ്മ സ്വജീവിതത്തിൽ നിന്ന് അറിയുന്നു. ആട്ടും തുപ്പും പരിഹാസവുമല്ലാതെ സ്നേഹവും പരിഗണനയും ലഭിക്കാനില്ല. കുട്ടികൾ ജനിക്കുമ്പോൾ മാത്രം ഓർക്കപ്പെടുന്ന മരത്തൊട്ടിലായി അവർ മാറുന്നു. അവശയായപ്പോൾ സ്വന്തം വീട്ടിലെ ദാരിദ്ര്യത്തിൽ പങ്കുകാരിയാകുന്ന അവിവാഹിതയായ വൃദ്ധദാസിയോടുള്ള സഹതാപം മാത്രമായി മാറിപോകുന്നു കഥ. ജീവശാസ്ത്രപരമായ വാർദ്ധക്യം (Biological Ageing) എന്നു പറയുന്നത് ഈ കഥയിലെ നങ്ങേലിയമ്മൂമ്മയെ പ്രകടമായിത്തന്നെ അലട്ടുന്നുണ്ട് എന്നു കാണാം. അവരുടെ ശാരീരികാവയവങ്ങളുടെ പ്രവർത്തനക്ഷമത കുറഞ്ഞതുകൊണ്ടാണ് രോഗിയായി കിടക്കേണ്ടിവരുന്നത്.

**2.2.1.2.1.2. ദരിദ്രരായ വൃദ്ധർ:**

ദാരിദ്ര്യം നവോത്ഥാനകാഥികരുടെ പ്രിയപ്പെട്ട വിഷയമാണ്. ദാരിദ്ര്യത്തിന്റെ ഇരകളായ കഥാപാത്രങ്ങളാണ് ഈ വിഭാഗത്തിൽ വരുന്നത്.

**2.2.1.2.1.2.1. ദരിദ്രരായ വൃദ്ധന്മാർ:**

തകഴിയുടെ ഒരു ജീവിതം, ഒരു സാധാരണ ത്യാഗം, ദേവിന്റെ അച്ഛനും ഭാര്യയും,

ബഷീറിന്റെ പത്രറിപ്പോർട്ട്, കാരൂരിന്റെ മാലപ്പടക്കം, സാറിനും പട്ടിക്കും, പെൻഷൻ വർക്കിയുടെ അവരുടെ ഭ്രാന്തൻ, കർത്താവേ ഇതെന്തൊരു മനുഷ്യേൻ, ചെറുകാടിന്റെ ശിഷ്യസമ്പത്ത് എന്നീ കഥകളെയാണ് അപഗ്രഥിക്കുന്നത്.

**2.2.1.2.1.2.1.1. തകഴിയുടെ കഥകൾ:**

'ഒരു ജീവിത'ത്തിലും 'ഒരു സാധാരണത്യാഗ'ത്തിലും ദാരിദ്ര്യത്തിന്റെ ഇരകളാണ് വൃദ്ധർ. പണം ജീവിതത്തെ നിർണ്ണയിക്കുന്ന ഒരു വ്യവസ്ഥിതിയിലേക്കുള്ള മാറ്റം ഇക്കഥകളിലുണ്ട്. 'ഒരു ജീവിത'ത്തിലെ മീൻ കച്ചവടക്കാരനായ ഔസേപ്പിന് സാമ്പത്തികാസമത്വവും തൊഴിൽരംഗത്തെ മത്സരവും വെല്ലുവിളികളാണ്. അതിനെ അതിജീവിക്കാനുള്ള അയാളുടെ ശ്രമങ്ങളെല്ലാം പരാജയപ്പെടുന്നു. സമ്പന്നർക്കുവേണ്ടിമാത്രം നിലകൊള്ളുന്ന പള്ളിക്കെതിരെയും തകഴി സംസാരിക്കുന്നുണ്ട്. ഈ കഥയാണ് 'ഔസേപ്പിന്റെ മക്കൾ' എന്ന നോവലായി വികസിച്ചിട്ടുള്ളത്.

'ഒരു സാധാരണത്യാഗ'ത്തിലെ പപ്പുനായരും തേവിയമ്മയും സാമൂഹികവ്യവസ്ഥിതിയുടെ ഇരകളായി മാറുകയാണ്. മകൻ ഗോപാലൻ നായരെ പഠിപ്പിക്കാൻ കിടപ്പാടം പണയപ്പെടുത്തിയത് ഒരു സാധാരണത്യാഗം മാത്രമായി മാറുന്നു. മകന്റെ ഉയർച്ചയും ഉദ്യോഗവും പണവും സ്വപ്നം കണ്ടിരുന്ന വൃദ്ധദമ്പതികളെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടും വിപ്ലവപ്രസ്ഥാനത്തിനുവേണ്ടി ജീവിതം മാറ്റിവയ്ക്കാനാണ് ഗോപാലൻ നായർ തീരുമാനിക്കുന്നത്. അയാളുടെ അച്ഛനമ്മമാർക്ക് അഭയമാകുന്നത് അയാൾക്ക് അഭയം നൽകിയ ഒരു ഹോട്ടൽ നടത്തിപ്പുകാരിയാണ്. ഭഗവതി സ്വന്തം അമ്മയുടെ ഇച്ഛക്കെതിരായി സംരക്ഷിക്കുന്ന ഗോപാലന്റെ മാതാപിതാക്കൾ ആത്മനിന്ദ അനുഭവിക്കുന്നു. മകന്റെ ജീവിതത്തിലെ വിപരിണാമങ്ങൾ അവരറിയാതെ പോകുന്നു.

**2.2.1.2.1.2.1.2. കേശവദേവിന്റെ 'അച്ഛനും ഭാര്യയും':**

കുടുംബത്തിനകത്തെ ദാരിദ്ര്യം മാറ്റാൻ പട്ടാളക്കാരനായി മാറുന്ന മകനും ഭർത്താവിന്റെ പണം കൈകാര്യം ചെയ്യാനാഗ്രഹിക്കുന്ന മരുമകൾക്കും ഇടയിലകപ്പെട്ട ഒരു അച്ഛന്റെ കഥയാണ് 'അച്ഛനും ഭാര്യയും'.

പട്ടാളക്കാരനായ ഭർത്താവ് പണം തന്റെ പേർക്ക് അയക്കാതെ അച്ഛനായ നീലാണ്ടച്ചാർക്കയക്കുന്നതിൽ അതൃപ്തയായ പാറുവിന്റെ ക്രൂരവാക്കുകൾ വൃദ്ധന്റെ മരണത്തിനു ഹേതുവാകുന്നു. അച്ഛനെയെതിർത്ത് ഭാര്യയുടെ പിന്തുണയുമായി പട്ടാളത്തിൽ പോയ മാധവന്റെ പണം അച്ഛൻ കൈകാര്യം ചെയ്യുന്നതാണ് പാറുവിന്റെ ദേഷ്യത്തിനു കാരണമാകുന്നത്. പട്ടാളം മടുത്ത അയാൾ തന്റെ ധർമ്മസങ്കടം അച്ഛനുമായി പങ്കുവെയ്ക്കുമ്പോൾ അവളെ ഒഴിവാക്കുന്നുമുണ്ട്. പണത്തോട് വൃദ്ധന് ആർത്തിയായെന്നാണ് അവൾ തെറ്റിദ്ധരിക്കുന്നത്. കുടുംബവഴക്ക് വൃദ്ധന്റെ മരണത്തിലാണ് കലാശിക്കുന്നത്. മകന്റെ പണം കൈകാര്യം ചെയ്യുമ്പോഴുള്ള വൃദ്ധന്റെ അധികാരഭാവം ശ്രദ്ധേയമാണ്.

**2.2.1.2.1.2.1.3. ബഷീറിന്റെ 'പത്രറിപ്പോർട്ട്':**

നവോത്ഥാന കാഥികരുടെ പ്രിയപ്പെട്ട വിഷയമായ ദാരിദ്ര്യം തന്നെയാണ് 'പത്രറിപ്പോർട്ട്' എന്ന കഥയുടെ ഉള്ളടക്കം. ദാരിദ്ര്യം ഒരു മനുഷ്യനെ എത്രമാത്രം ഹതാശനാക്കുമെന്ന് ഇക്കഥയിലുണ്ട്. ദാരിദ്ര്യംമൂലം ആത്മഹത്യയ്ക്ക് ശ്രമിച്ച വൃദ്ധൻ, ആത്മഹത്യാശ്രമത്തിന് ജയിലിലായാലെങ്കിലും ഭക്ഷണം കിട്ടുമെന്നാശിക്കുന്നു. അതിനു നാളെടുക്കുമെന്നറിഞ്ഞപ്പോൾ ആശുപത്രിയിൽ ആത്മഹത്യ ചെയ്യുന്ന വൃദ്ധനെ പോലീസുകാരൻ തടയുന്നില്ല. വൃദ്ധന്റെ ജീവിതത്തോടുള്ള മടുപ്പും ദുരിത ജീവിതവും അങ്ങനെയൊരു നിലപാടെടുക്കാൻ അയാളെ പ്രേരിപ്പിക്കുകയാണ്. ജോലി ചെയ്യാനാവാ

തെ, ആശ്രയിക്കാനാരുമില്ലാതെ തെണ്ടാൻ താൽപര്യമില്ലാതെയുള്ള വൃദ്ധൻ വിശപ്പിന്റെ ഇരയായിത്തീരുന്നു. ആശുപത്രിയിലെ ബാർലിവെള്ളം വിശപ്പിനെ തടുക്കാൻ സമർത്ഥമല്ല. വൃദ്ധനെ ആറ്റിൽ നിന്നും രക്ഷിക്കുന്നവർ പ്രശസ്തി വർദ്ധിപ്പിക്കാനാണ് ഈ സംഭവം ഉപയോഗപ്പെടുത്തുന്നത്. ഗവൺമെന്റും രാഷ്ട്രീയ നേതാക്കളും മതങ്ങളും മനുഷ്യന്റെ വിശപ്പു മാറ്റാൻ കൂടി ഉതകുന്നതാകണമെന്നെ അഭിപ്രായം ഈ കഥയിലുണ്ട്. 'സാമൂഹികമായ വാർദ്ധക്യം' എന്ന അവസ്ഥ ഇവിടെ കാണാം. ഈ ആത്മഹത്യ വ്യക്തിദുരന്തം മാത്രമല്ല, സാമൂഹികദുരന്തം കൂടിയാണ്. സമൂഹത്തിലെ മറ്റുള്ളവരുമായി ശരിയായ ബന്ധം പുലർത്താൻ വൃദ്ധനു കഴിയുന്നില്ല. വയസ്സായവർ ആത്മഹത്യ ചെയ്യാനുള്ള പ്രബലകാരണങ്ങളിൽ ദാരിദ്ര്യത്തിനു വേണ്ട പ്രാധാന്യം കൊടുത്തുകാണുന്നില്ല. മാനസികപ്രശ്നങ്ങളും കുടുംബനാഥൻ/കുടുംബനാഥ എന്ന പദവി നഷ്ടപ്പെടുന്നതും ശാരീരിക-മാനസിക പീഡനങ്ങളുമാണ് വയസ്സായവരുടെ ആത്മഹത്യയ്ക്കു കാരണങ്ങളായി ചില പഠനങ്ങൾ കണ്ടെത്തിയിരിക്കുന്നതെന്ന് ഒന്നാമദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇവിടെ ശ്രദ്ധേയമാണ്.

**2.2.1.2.1.2.1.4. കാരൂർ നീലകണ്ഠപിള്ളയുടെ കഥകൾ:**

മാലപ്പടക്കം, സാറിനും പട്ടിക്കും, പെൻഷൻ എന്നീ കഥകളാണ് വിശകലനത്തിന് എടുക്കുന്നത്.

മാലപ്പടക്കം, സാറിനും പട്ടിക്കും, പെൻഷൻ എന്നീ കഥകൾ ദാരിദ്ര്യത്തിന്റെ ഇരകളായ അദ്ധ്യാപകരുടേതാണ്. മാനേജുമെന്റിനു കീഴിൽ ദുരിതമനുഭവിക്കുന്ന അധ്യാപകരുടെ ദുരവസ്ഥ കാരൂരിനെ അസ്വസ്ഥനാക്കിയിട്ടുണ്ട്. അധ്യാപകസംഘടനകളുടെ വരവിനു മുമ്പുള്ള ഒരു കാലം ഈ കഥകളിലുണ്ട്.

'മാലപ്പടക്കം' എന്ന കഥയിലെ കേശവക്കുറുപ്പു സാറ് പെൻഷൻ പറ്റിയെങ്കിലും

വിശ്രമജീവിതം ലഭിക്കുന്നില്ല. വലിയ കുടുംബത്തിന്റെ ഭാരം അദ്ദേഹത്തെ ഞെരുക്കുകയാണ്. ഒരു നേരത്തെ ഊണിനും മകന്റെ ഫീസിനും അത്യാവശ്യം യാത്രാക്കൂലി കൈവശപ്പെടുത്തുന്നതിനും ശിഷ്യനായ കൃഷ്ണപിള്ളയുടെ വീട്ടിൽ ഇടക്കിടെയെത്തുന്ന ഈ റിട്ടയേഡ് അധ്യാപകൻ ആ വീട്ടുകാരുടെ അതൃപ്തിക്കു പാത്രമാകുന്നതിൽ അദ്ഭുതമില്ല. ഗുരശിഷ്യബന്ധത്തിൽ വരുന്ന താളപ്പിഴ ഒരു മാലപ്പടക്കിന്റെ രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നത്. കേശവക്കുറുപ്പു സാറിന്റെ ചെവിക്കരികിൽ മാലപ്പടക്കം പൊട്ടിച്ച ശിഷ്യന്റെ മകൻ ബാലഗോപാലനോടു പൊറുക്കാൻ ആ നിമിഷത്തിൽ അദ്ദേഹത്തിനു കഴിയുന്നില്ല.

ട്യൂഷനെടുക്കാൻ ശിഷ്യന്റെ വീട്ടിലെത്തുന്ന ഗുരുവിനെയും വീട്ടിലെ നായയെയും തുല്യമായ രീതിയിൽ പരിഗണിക്കുന്ന ഒരു വീട്ടിലെ തന്റെ ശിഷ്യനെപ്പറ്റിയുള്ള ഗുരുവിന്റെ ഓർമ്മയാണ് 'സാറിനും പട്ടിക്കും' എന്ന കഥ. ശിഷ്യന്റെ മക്കൾക്കുവേണ്ടി ആ വീട്ടിൽത്തന്നെ ട്യൂഷനു നിയോഗിക്കപ്പെടുന്ന തന്റെ മകൻ ഗോപാലൻ ഈ അപമാനം അനുഭവിക്കരുതെന്നു കരുതി മകനുപകരം സാറുതന്നെ ശിഷ്യന്റെ വീട്ടിലേക്കു പോകാനൊരുങ്ങുകയാണ്. അദ്ധ്യാപകരുടെ വില അവരുടെ ശമ്പളം നിശ്ചയിക്കുന്ന അവസ്ഥ ഈ കഥയിൽ കാണാം.

പെൻഷനാകുന്നതോടുകൂടി വിലകെട്ടവനാകുന്ന ഒരു ഹെഡ്മാസ്റ്ററെ 'പെൻഷൻ' എന്ന കഥയിൽ കാണാം. സഹാദ്ധ്യാപകരും കടം തന്നവരും മാധവൻ പിള്ള സാറിനെ അവഹേളിക്കുന്നുണ്ട്. *"ഒരാഴ്ചകൊണ്ട് ആ അൻപത്തെട്ടാം വയസ്സുകാരൻ അറുപത്തെട്ടുകാരനെ പോലെയായി"* (കാരൂർ, 2008:205) എന്ന് പറഞ്ഞാണ് കഥ ആരംഭിക്കുന്നതുതന്നെ. മാധവൻ പിള്ളയെ സംബന്ധിച്ചിടത്തോളം അദ്ധ്യാപകർക്ക്,

> *... വിവാഹം കാൽമരണമാണ്; ഓരോ സന്താനലാഭവും മരണത്തിന്റെ അംശങ്ങളാണ്. പെൻഷൻ പറ്റുന്നതോടെ മുക്കാൽ മരണവുമായി. പിന്നെ*

*യുള്ള മരണം അസഹ്യമാണ്; അതു നാഴികതോറും നടന്നുകൊണ്ടിരിക്കും.*

*(ടി.പു.207)*

ഇൻ ചാർജ്ജായ അധ്യാപകന്റെ അഹംഭാവം നിറഞ്ഞ ഭാവമാറ്റം, അധ്യാപകർ പിരിച്ചെടുത്തു നൽകുന്ന തുച്ഛമായ തുക, ശമ്പളചീട്ടിനുവേണ്ടി കാത്തു നിൽക്കുന്ന കടക്കാരൻ എന്നിവരെല്ലാം അദ്ധ്യാപകരുടെ ദാരിദ്ര്യത്തെ എടുത്തുകാട്ടാൻ പ്രാപ്തരാണ്. സമൂഹത്തിന്റെ ബഹുമാനത്തിനർഹരാവേണ്ട അദ്ധ്യാപകരെ ദാരിദ്ര്യം അഭിമാനരഹിതരും കൊള്ളരുതാത്തവരുമാക്കുന്നത് ഇക്കഥകളിൽ കാണാം. സാമൂഹികമായ വാർദ്ധക്യമാണ് പ്രധാനമായും അദ്ധ്യാപക കഥകളിൽ കാണാൻ കഴിയുന്നത്. ജീവിതത്തിൽ ചെയ്യാനുള്ള കാര്യങ്ങൾ ചെയ്തു തീർക്കാത്തതിന്റെ മാനസികസമ്മർദ്ദമാണ് ഈ കഥാപാത്രങ്ങൾ അനുഭവിക്കുന്നതെന്നു കാണാം. കുടുംബച്ചുമതലകളായ കുട്ടികളുടെ വിദ്യാഭ്യാസം, പെൺമക്കളുടെ വിവാഹം മുതലായ കാര്യങ്ങൾ മാനസികവിഷമതകൾക്ക് കാരണമാകുന്നുണ്ട്. സാമ്പത്തികവിഷമതകളും അസൗകര്യം നിറഞ്ഞ ജീവിതപരിസരവും ബഹുമാനക്കുറവും ദരിദ്രർ അനുഭവിക്കുന്നതായി എസ്.ശിവരാജ് അഭിപ്രായപ്പെട്ടിട്ടുള്ളത് ഇക്കഥകളിൽ പ്രത്യക്ഷമാണ്.

**2.2.1.2.1.2.1.5. പൊൻകുന്നം വർക്കിയുടെ കഥകൾ:**

അവരുടെ ഭ്രാന്തൻ, കർത്താവേ ഇതെന്തൊരു മനുഷേൻ എന്നീ കഥകളിലെ വൃദ്ധൻമാരെ പരാധീനരാക്കുന്നത് ദാരിദ്ര്യമാണ്. പട്ടിണിയുടെ മുമ്പിൽ ആദർശവാദം പരാജയപ്പെടുന്നത് 'അവരുടെ ഭ്രാന്ത'നിലുണ്ട്. സ്വന്തമായ കിടപ്പാടം ഇല്ലായ്മയും, ദാരിദ്ര്യവും ഒമ്പതുമക്കളുള്ള ചെറിയാച്ചനെ അധർമ്മ ഭീരുവാക്കുന്നു. മനുഷ്യന് ആശ്വാസം നൽകേണ്ട മതം ഇവിടെ മടിച്ചുനിൽക്കുകയാണ്. ഭക്ഷണത്തിനു പകരം സമാശ്വാസവാക്കുകൾ മാത്രം നൽകുന്ന മതാധികാരികളുടെ പൊള്ളത്തരം കഥ തുറന്നു

കാട്ടുന്നുണ്ട്. ഒരാണും എട്ടു പെണ്ണുമടക്കം ഒമ്പതു മക്കളെടങ്ങുന്ന കുടുംബം പോറ്റാൻ കഴിയാത്ത ഗൃഹനാഥൻ. കെട്ടിക്കാത്ത പെൺമക്കളും സ്ത്രീധനബാക്കികളുടെ പേരിൽ വീട്ടിലെത്തിയ മക്കളും വഴിപിഴച്ച മറ്റൊരു മകളും വിശന്നു കരയുന്ന പുത്രനും മേയാത്ത കൂരയും ചെറിയാച്ചന്റെ സമനില തെറ്റിക്കുന്നുണ്ട്. ദാരിദ്ര്യം അയാളെ മോഷ്ടാവും ആത്മഹത്യാപ്രേരകനുമാക്കുന്നു. പുരയ്ക്കു തീവെച്ച അയാളെ ഭ്രാന്തനാക്കാൻ ഓടിക്കൂടുന്ന പൊതുസമൂഹം അതിന്റെ കാരണം അന്വേഷിക്കുന്നില്ല. ദാരിദ്ര്യത്തിന്റെ ശക്തി വ്യക്തിയെ നിസ്സഹായനും ഭ്രാന്തനുമാക്കി മാറ്റുന്നത് ഈ കഥയിലുണ്ട്.

ദാരിദ്ര്യത്തിലും അഭിമാനം സൂക്ഷിച്ചുവെക്കാൻ കാട്ടിയ വ്യഗ്രതയാണ് 'കർത്താവേ ഇതെന്തൊരു മനുഷേൻ' എന്ന കഥയിലെ ആശാന്റെ ദുരന്തത്തിനു കാരണമാകുന്നത്. നാട്ടുകാരുടെ എന്തുകാര്യത്തിലും മുൻപന്തിയിൽ നിൽക്കുന്ന ആശാന്റെ വീട്ടിലെ ബുദ്ധിമുട്ടുകൾ ആരും അറിയുന്നില്ല. പൊതുകാര്യത്തിനു വേണ്ടി സ്വന്തം പറമ്പുകൾ വിറ്റ് ആദർശധീരത കാണിക്കുന്നവരുടെ പ്രതീകമായി നിൽക്കാനാണ് ആശാൻ ഇഷ്ടപ്പെടുന്നത്. ഭാര്യ കഷ്ടപ്പെട്ടുണ്ടാക്കിയ അരിപോലും പ്രാരാബ്ധക്കാരിക്ക് കൊടുപ്പിക്കുന്ന ഉദാരമതിയാണയാൾ. പിടിച്ചു നിൽക്കാനാവാതെ ആത്മഹത്യ ചെയ്യുമ്പോൾ ഇത്തരം സത്കീർത്തിയെ അവശേഷിക്കുന്നുള്ളൂ. മനുഷ്യന്റെ ജീവൻ നിലനിർത്താൻ ആവശ്യമായ പണം സ്മാരകങ്ങൾ പണിയാൻ വിനിയോഗിക്കുന്നതിലെ അപഹാസ്യത നാട്ടുകാർ പിരിവെടുത്തു പണിത 'ആശാൻ മെമ്മോറിയൽ ഹാളി'ലൂടെ വർക്കി പുറത്തു കൊണ്ടുവരുന്നു.

**2.2.1.2.1.2.1.6. ചെറുകാടിന്റെ 'ശിഷ്യസമ്പത്ത്':**

ഈ കഥയിലും ദാരിദ്ര്യമാണ് കടന്നുവരുന്നത്. കുറിക്കല്ല്യാണമെന്ന സാമൂഹികാചാരമാണ് പണമുണ്ടാക്കാനുള്ള മാർഗ്ഗമായി നാണുമാസ്റ്റർ കണ്ടെത്തുന്നത്. പ്രഗൽഭ

രായ ശിഷ്യരുടെ ലിസ്റ്റുണ്ടാക്കി കുറിക്കല്യാണത്തിനു ക്ഷണിക്കുന്ന മാസ്റ്റർ പ്രതീക്ഷയിലാണ്. കടം കിട്ടാത്ത അരിയും ഇല്ലാത്ത മണ്ണെണ്ണയും ഒരേയൊരു തീപ്പെട്ടികൊള്ളിയും നിറച്ചുണ്ണാത്ത ഭാര്യയും എഴുതാൻ കടലാസില്ലാത്ത മകളുമാണ് മാസ്റ്ററുടെ യഥാർത്ഥ ജീവിത പ്രതിസന്ധികൾ. കുറിക്കല്യാണം പിരിയും എന്ന പ്രതീക്ഷയിൽ കടംവാങ്ങി വെച്ച ചോറ് പട്ടി തിന്നതിലും ഒരേയൊരു തീപ്പെട്ടിക്കൊള്ളിയുരച്ച് ഭർത്താവ് നഷ്ടപ്പെടുത്തിയതിലും വേവലാതി കൊള്ളുന്ന സാധാരണ വീട്ടമ്മ മാത്രമാണ് മാസ്റ്ററുടെ ഭാര്യ പാർവ്വതിയമ്മ. ഒരാൾ പോലും കുറിക്കല്യാണത്തിനു വന്നില്ല. പട്ടി ചോറുതിന്ന കാരണം വിഷു ദിവസം മാസ്റ്റർ പട്ടിണിയിലുമെത്തി. കാശു ചോദിച്ചു വരുന്നയാളോട് കള്ളം പറയേണ്ടിയും വന്നു. ദാരിദ്ര്യം മനുഷ്യനെ എത്രക്ക് അധഃപതിപ്പിക്കാമെന്ന് ചെറുകാട് വ്യക്തമാക്കുന്നു. പണക്കാർ നടത്തുന്ന കുറിക്കല്യാണം വിജയിക്കുമ്പോൾ പാവങ്ങളുടേത് പരാജയമടയുന്നത് നാണുമാസ്റ്റർ നടത്തുന്ന കുറിക്കല്യാണത്തിലൂടെ പുറത്തു വരുന്നു. സാമ്പത്തികാസമത്വത്തിന്റെ കഥ കൂടിയാണ് 'ശിഷ്യസമ്പത്ത്'. സാമ്പത്തികശേഷിയില്ലാത്ത വൃദ്ധർക്ക് ദാരിദ്ര്യം ഭാരമാണ് എന്ന ഗണപതി റാവു നിരീക്ഷിക്കുന്നത് ഈ കഥയിൽ പ്രത്യക്ഷമാണ് (2004:14)

**2.2.1.2.1.2.2. ദരിദ്രരായ വൃദ്ധകൾ:**

ഒരു കഥ മാത്രമേ ഈ വിഭാഗത്തിൽ ലഭിച്ചിട്ടുള്ളൂ.

**2.2.1.2.1.2.2.1. വെട്ടൂരിന്റെ 'അമ്മ':**

അമിതലാളനയാൽ വഷളായ പാച്ചുവിനെപ്രതി രോഗിയായ അമ്മ കുഞ്ചിയമ്മയ്ക്ക് ആത്മഹത്യം ചെയ്യേണ്ടിവരുന്ന കഥയാണിത്. മലബാറിലേക്കുള്ള കുടിയേറ്റം കൊണ്ട് പിടിപെട്ട മലേറിയയാണ് കുഞ്ചിയമ്മയെ രോഗിയാക്കുന്നത്. തിരിച്ചുവന്നപ്പോൾ മനയ്ക്കലെ കുടികിടപ്പ് കാരണവർ തിരിച്ചുകൊടുത്തു. ദാരിദ്ര്യമാണ് കുഞ്ചിയമ്മയെ ആത്മ

ഹത്യയിലേക്ക് നയിക്കുന്നത്. മകന്റെ വിശപ്പു മാറ്റാനാകാത്ത താൻ ജീവിക്കേണ്ടത് അവർ കരുതുന്നു. അമ്മയെ സംരക്ഷിക്കേണ്ട മകൻ സ്വന്തം കടമ ചെയ്യുന്നുമില്ല. അമ്മ യുടെ മരണം കൊണ്ട് പ്രത്യേകിച്ച് ഒരു മാനസാന്തരവും മകനിൽ സംഭവിക്കുന്നില്ല. അമ്മയുടെ അടിയന്തിരം മനയ്ക്കലെ കാരണവർ നടത്തിയാൽ ബലിയിടാമെന്നേ പാച്ചു കരുതുന്നുള്ളൂ.

### 2.2.1.3. പെൻഷൻ പറ്റിയവർ:

ജോലിയിൽ ഇരിക്കുന്ന ആളുകൾ പെൻഷൻ പറ്റുമ്പോൾ വരുന്ന മാറ്റങ്ങൾ നവോ ത്ഥാന കാഥികർ വിഷയമാക്കിയിട്ടുണ്ട്. പെൻഷനു മുമ്പും പിമ്പും രണ്ട് ജീവിതമാണ് അനുഭവിക്കപ്പെടുന്നത് എന്ന വസ്തുത ജോലിയിൽ നിന്നു വിരമിച്ചവരെ ബാധിക്കാറു ണ്ട്. പണത്തിന്റെ സാമൂഹിക മൂല്യം ഇവിടെ എടുത്ത് പറയേണ്ടതുണ്ട്. കാർഷിക വ്യവ സ്ഥിതി നിലനിന്നിരുന്ന സ്ഥാനത്ത് ഉദ്യോഗം കടന്നുവരുന്നു. കൃഷിക്കാരന് പെൻഷൻ പ്രായം ഇല്ല. ഉദ്യോഗസ്ഥന് അതുണ്ട്. ഈ വസ്തുത ജീവിതത്തെ രണ്ടായി വിഭജിക്കു ന്നതാണ്. ഉദ്യോഗത്തിലിരിക്കുന്ന ഒരാൾക്ക് ലഭിക്കുന്ന കൃത്യമായ പെൻഷൻ മറ്റുള്ള വർക്ക് ലഭിക്കുന്നില്ല. ആവശ്യത്തിന് പണമില്ലായ്മയും അത്യാവശത്തിന് പോലും മറ്റു ള്ളവരെ ആശ്രയിക്കേണ്ടി വരുന്നതും വൃദ്ധരെ വിഷമിപ്പിക്കുന്ന ഒന്നാണ്. യഥേഷ്ടം പണം കൈകാര്യം ചെയ്തിരുന്നവരും കിട്ടിയിരുന്ന ശമ്പളം കൊണ്ട് അരിഷ്ടിച്ചു കഴി ഞ്ഞിരുന്നവരും പെൻഷൻ പണത്തെ ആശ്രയിക്കേണ്ട അവസ്ഥ സംജാതമാകുന്നു. പല പ്പോഴും മാനസികസമ്മർദ്ദം കൂടി വിരമിച്ചവർ അനുഭവിക്കുന്നതായി കഥകളിൽ കാണാം.

#### 2.2.1.3.1. പെൻഷൻകാരായ വൃദ്ധന്മാർ:

മാലപ്പടക്കം, സാറിനും പട്ടിക്കും, പെൻഷൻ, സൗജന്യം, കിഴവന്റെ വിവാഹം

(കാരൂർ), ഓണം കഴിഞ്ഞു, വൃദ്ധന്റെ യൗവ്വനം (ഉറൂബ്), മിന്നൽപ്പിണർ (എൻ.പി. ചെല്ലപ്പൻ നായർ) മരണം കാത്തു കിടന്ന മനുഷ്യൻ, പഴയ കുടത്തിൽ പുതിയ വീഞ്ഞ്, ചുവപ്പു നാട, ജീവിപ്പാൻ (കോവൂർ), വ്യവസായശാലയിൽ (നാഗവള്ളി), ഉപഹാരം (വെട്ടൂർ) എന്നീ കഥകളാണ് ഈ വിഭാഗത്തിൽപ്പെടുന്നത്.

**2.2.1.3.1.1. പെൻഷൻ എന്ന അവസ്ഥയോടു പൊരുത്തപ്പെടുന്നവർ:**

ജോലി ശാശ്വതമല്ല എന്ന അവസ്ഥ തിരിച്ചറിയുന്നവരാണ് ഈ വിഭാഗത്തിലുള്ളത്. അവർ അതംഗീകരിക്കുന്നു. പെൻഷൻ പണം ഉപജീവനമായി സ്വീകരിക്കുന്നു.

**2.2.1.3.1.1.1. കാരൂരിന്റെ 'സൗജന്യം':**

അഴിമതിയുടെ വിജയത്തെ നേരിട്ടനുഭവിക്കുന്ന ഒരു റിട്ടയേർഡ് മജിസ്ട്രേറ്റിന്റെ കഥയാണ് 'സൗജന്യം'. അഴിമതിരഹിതനായി ഔദ്യോഗികജീവിതം അവസാനിപ്പിച്ച കുഞ്ഞുണ്ണിപ്പിള്ളക്ക് എൺപതാം വയസ്സിൽ കൈകൂലി അഭിമുഖീകരിക്കേണ്ടി വരികയാണ്. അരച്ചാക്ക് അരിയും ധർമ്മച്ചായയും അദ്ദേഹത്തിനുനേരം നീട്ടപ്പെട്ടു. പെൻഷനാവുന്നതോടെ പൊതുസമ്മതി ഇല്ലാതാവുന്നു. കൈക്കൂലിക്കാരനും റിട്ടയേർഡ് പ്യൂണുമായ രാമപ്പണിക്കരുടെ സഹായംകൊണ്ടാണ് പെൻഷൻതുക വേഗം കിട്ടുന്നത്. മോഷണത്തിന് കോടതി ശിക്ഷിക്കാതെ വിട്ട ഔതയെ പരിചയപ്പെടുത്തുന്നതും അരച്ചാക്ക് അരിയൊപ്പിക്കുന്നതും രാമപ്പണിക്കരാണ്. അരി തിരിച്ചയച്ച് ധാർമ്മികാധഃപതനത്തിൽ നിന്നും പിള്ള രക്ഷപ്പെടുകയാണ്. അഴിമതിക്കാരാണെങ്കിലും കാശുള്ളവന്റെ മക്കൾ നല്ല നിലയിലെത്തുന്നതും സത്യസന്ധരായ കുഞ്ഞുണ്ണിപ്പിള്ളയെ പോലുള്ളവരുടെ മക്കൾ ഒന്നുമാവാത്തതും സാമൂഹികമായ വിപരീതാവസ്ഥയെ കാണിക്കുന്നതാണ്. കൈക്കൂലിക്കാരൻ ആയിരുന്നെങ്കിൽ പേഷ്കാർ വരെ ഉയർന്ന് തനിക്ക്

പെൻഷൻ പറ്റാമായിരുന്നു എന്ന് കുഞ്ഞുണ്ണിപ്പിള്ള കരുതുന്നതിനു കാരണം ഈ സാമൂഹികാന്തരീക്ഷമാണ്.

**2.2.1.3.1.1.2. ഉറൂബിന്റെ കഥകൾ:**

ഓണം കഴിഞ്ഞു, വൃദ്ധന്റെ യൗവ്വനം എന്നീ കഥകളാണ് പെൻഷനുമായി ബന്ധപ്പെട്ട ഉറൂബിന്റെ വൃദ്ധകഥകൾ. തീക്ഷ്ണമായ ഒറ്റപ്പെടലാണ് 'ഓണം കഴിഞ്ഞു' എന്ന കഥയിലെ റിട്ടയേഡ് ഡിസ്ട്രിക്ട് റജിസ്ട്രാർക്ക് അനുഭവിക്കേണ്ടി വരുന്നത്. സ്വന്തം ജീവിതവുമായി മറുനാടുകളിൽ പാർപ്പുറപ്പിച്ച നാലു മക്കളാണ് അദ്ദേഹത്തിന്. ഭാര്യ മരിച്ചശേഷം നാട്ടിൽ തീർത്തും ഒറ്റപ്പെട്ട അച്ഛൻ മക്കളാരെങ്കിലും തന്നെ കൊണ്ടുപോകുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. അയാൾ മതാപിതാക്കളെ ഉപേക്ഷിച്ചവനല്ല. എന്നാൽ ഫ്ളാറ്റിന്റെ അസൗകര്യവും നഗരത്തിൽ താമസിക്കുന്നതിന്റെ ബുദ്ധിമുട്ടുകളും പറഞ്ഞ് അച്ഛന്റെ ആവശ്യം നിരസിക്കുന്ന മക്കൾ അച്ഛൻ നഗരവാസിയായിരുന്ന കാര്യം ഓർക്കുന്നുകൂടിയില്ല. കാലം മാറിയത് വൃദ്ധനറിയുന്നു. അയാൾ അച്ഛനോടു ചോദിച്ചേ എന്തും ചെയ്തിരുന്നുള്ളു. അയാളുടെ മക്കളാകട്ടെ അച്ഛനെ കാണുമ്പോൾ സംഭാഷണം പാതി നിർത്തി ഒഴിഞ്ഞു മാറുന്നു. താനൊരു അധികപ്പറ്റും ഭാരവുമായെന്നു തോന്നുമ്പോൾ വൃദ്ധൻ ആത്മഹത്യ ചെയ്യുകയാണ്. 'അച്ഛനു വേണ്ടത് ഇത്തിരി ജീവിതമാണ്; അത് ബാംഗ്ലൂർ അങ്ങാടിയിൽ വാങ്ങാൻ കിട്ടുമോ?... (ഉറൂബ് 2011:972) എന്ന അയാളുടെ ഉള്ളിലെ ചോദിക്കപ്പെടാത്ത ചോദ്യം പ്രവാസികളായ മക്കളുള്ള അച്ഛനമ്മമാർ അനുഭവിക്കുന്ന ഒന്നായി മാറിയിട്ടുണ്ട്. താൻ ജോലിസ്ഥലത്തെല്ലാം മാതാപിതാക്കളെ കൂടെ കൊണ്ടുനടന്നിരുന്നത് വൃദ്ധൻ ഓർക്കുന്നുണ്ട്. അതുപോലെ അയാളെ കൂടെക്കൂട്ടാൻ മക്കൾക്കാവുന്നില്ല എന്നുള്ളത് കാലത്തിന്റെ അനിവാര്യമായ മാറ്റമായിട്ടാണ് കാണാൻ കഴിയുന്നത്.

'വൃദ്ധന്റെ യൗവ്വനം' അറുപതുകാരനായ റിട്ടയേഡ് ഇൻസ്പെക്ടർ രാമപ്പണിക്കരുടെ കഥയാണ്. ഒറ്റപ്പെടലിൽ നിന്നും രക്ഷനേടാൻ ബന്ധുക്കളായ കുട്ടികളെ കൂടെ നിർത്തി പഠിപ്പിച്ചിരുന്ന രാമപ്പണിക്കരുടെ ജീവിതത്തിലെ ആഹ്ലാദനിമിഷങ്ങൾ പാട്ടു പാടുകയും പൊട്ടിച്ചിരിക്കുകയും ചെയ്തിരുന്ന വേലക്കാരിക്കുട്ടിയായിരുന്നു. അവളുടെ സാമീപ്യം കൊണ്ടാണ് അയാൾക്ക് യൗവ്വനം നിലനിർത്താനായത്. അവൾക്ക് വ്യക്തിത്വമുണ്ടെന്നും സ്വന്തമായ ജീവിതമുണ്ടെന്നും അയാൾ മറന്നുപോയി. പെൺകുട്ടി വീടുപേക്ഷിച്ചുപോയപ്പോൾ രാമപ്പണിക്കർക്ക് സമനില നഷ്ടപ്പെട്ടു. അവൾ എന്നും അവിടെയുണ്ടാകും എന്ന മൂഢവിശ്വാസമാണ് അയാളെ ഭ്രാന്താശുപത്രിയിലെത്തിക്കുന്നത്.

**2.2.1.3.1.1.3. എൻ.പി.ചെല്ലപ്പൻ നായരുടെ 'മിന്നൽപ്പിണർ':**

സ്വയം വളർത്തിയെടുത്ത ഗൗരവപ്രകൃതി മൂലം പരിചയക്കാർക്കിടയിലെല്ലാം ഒറ്റപ്പെട്ടു പോയ ഒരു റിട്ടയേർഡ് ജഡ്ജിയുടെ ദുരന്തത്തിന്റെ കഥയാണിത്. സ്വന്തം മകൻ മരിച്ച വാർത്ത നിർവ്വികാരനായി കേട്ടിരിക്കാൻ കഴിഞ്ഞ ജഡ്ജിക്ക് മനുഷ്യമനസ്സ് സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും വെമ്പുന്നതാണെന്നറിയാൻ റിട്ടയറാവുന്നതു വരെ കാത്തിരിക്കേണ്ടി വന്നു. അല്പമെങ്കിലും ആ മനസ്സിൽ ചലനമുണ്ടാക്കിയ പേരക്കുട്ടി അഞ്ചാം വയസ്സിൽ മരിച്ചുപോകുന്നു. ഇതോടുകൂടിയാണ് കുറുപ്പിൽ വാർദ്ധക്യത്തിന്റെ ആക്രമണം ശക്തമാകുന്നത്. എല്ലാവരും തന്നെ അകറ്റി നിർത്താൻ പണിപ്പെടുകയാണെന്നു തിരിച്ചറിഞ്ഞ മധുസൂദനക്കുറുപ്പ് കടപ്പുറത്തെത്തി അവിടുത്തെ നായ്ക്കൾക്ക് ഇരയായിത്തീരുകയാണ്. ഒരുതരം ആത്മാഹുതി തന്നെയാണ് കുറുപ്പ് തെരഞ്ഞെടുക്കുന്നത്. മധുസൂദനക്കുറുപ്പിന്റെ വാർദ്ധക്യം സ്നേഹനിരാസത്താൽ ദുഃഖിതമാകുന്നതിന് കാരണം വൈകാരികഭാവങ്ങളെ നിഷേധിച്ച അദ്ദേഹത്തിന്റെ സ്വഭാവം തന്നെയാണ്. പെൻഷൻ എന്ന അവസ്ഥയെ പ്രതിരോധിക്കുന്നതിൽ പരാജ

യപ്പെടുന്ന കഥാപാത്രമാണ് മധുസൂദനക്കുറുപ്പ് എന്നു കാണാം.

വൃദ്ധകളുടെ പെൻഷൻ കഥകൾ ഈ ഭാഗത്ത് വരുന്നില്ല.

**2.2.1.3.1.2. പെൻഷൻ എന്ന അവസ്ഥയോടു പൊരുത്തപ്പെടാത്തവർ:**

**2.2.1.3.1.2.1. വൃദ്ധന്മാരുടെ കഥകൾ:**

ജോലിയിൽ നിന്നും വിരമിക്കുന്ന അവസ്ഥ അംഗീകരിക്കാനാകാത്ത വ്യക്തികൾ പല കഥകളിലും ഉണ്ട്. അത്തരം കഥകളാണ് ഇവിടെ വിശകലനം ചെയ്യുന്നത്.

**2.2.1.3.1.2.1.1. കാരൂരിന്റെ പെൻഷൻ കഥകൾ:**

മാലപ്പടക്കം, സാറിനും പട്ടിക്കും, പെൻഷൻ എന്നീ കഥകൾ അദ്ധ്യാപകരുമായി ബന്ധപ്പെട്ടതാണ്. മക്കളെ നോക്കാനോ മകൾക്ക് സ്ത്രീധനം കൊടുക്കാനോ മകന്റെ പരീക്ഷാഫീസ് അടക്കാനോ പെൻഷൻ പണം തികയാത്ത ഒരു റിട്ടയേർഡ് അദ്ധ്യാപകന്റെ നിവൃത്തികേടാണ് 'മാലപ്പടക്കം' എന്ന കഥയിൽ കാരൂർ പറയുന്നത്. നിരന്തരാവശ്യങ്ങളുമായി കൃഷ്ണപിള്ളയുടെ വീട്ടിൽ വരുന്ന കേശവപിള്ളസാർ ക്രമേണ ആ വീട്ടുകാരുടെ അവജ്ഞക്ക് പാത്രമാവുകയാണ്.

നിത്യവൃത്തിക്ക് വഴിയില്ലാത്ത മറ്റൊരു അദ്ധ്യാപകന്റെ കഥയാണ് 'സാറിനും പട്ടിക്കും'. റിട്ട.യേർഡാകാനുള്ള പ്രായത്തെ ചൊല്ലി അദ്ദേഹം ഉള്ളിൽ തർക്കിക്കുന്നുണ്ട്. പഠിപ്പിക്കാൻ ആവതുള്ളവരെ അതിനനുവദിക്കണം എന്നഭിപ്രായക്കാരനാണ്. അദ്ദേഹത്തിന്റെ മകൻ ഗോപാലനെ ട്യൂഷൻ മാസ്റ്ററായി കിട്ടുവാൻ ശിഷ്യൻ ബസ്സുകൂലി പോലും അയച്ചുകൊടുക്കുന്നുണ്ട്. ഈ ശിഷ്യനു ട്യൂഷനെടുത്തിരുന്ന കാലത്ത് സാറിനും പട്ടിക്കും ഒരേ വിലയാണ് ഗൃഹനാഥൻ കൽപ്പിച്ചിരുന്നത്. തന്റെ മകനും തന്നെപ്പോലെ അപമാനിതനാകരുതെന്നു കരുതി സാറുതന്നെ ട്യൂഷന്റെ ബാധ്യത ഏറ്റെ

ടുക്കുകയാണ്. ദരിദ്രനായ അദ്ധ്യാപകനെ ബഹുമാനിക്കാത്ത പണക്കാരനെ ഈ ഗൃഹ നാഥനിൽ കാണാം.

ഹെഡ്മാസ്റ്റർ സ്ഥാനത്തുനിന്ന് റിട്ടയറാവുന്ന മാധവൻ പിള്ളസാറിന് ദനയീയമായ ഒരു യാത്രയയപ്പാണ് ലഭിക്കുന്നത്. ഇൻചാർജ്ജായ അദ്ധ്യാപകൻ അദ്ദേഹത്തെ വില വയ്ക്കുന്നില്ല. അദ്ധ്യാപകർ പിരിച്ചെടുത്ത അര രൂപ മാധവൻ പിള്ളസാർക്ക് കൊടുക്കുന്നു. അവരും അദ്ദേഹത്തെപ്പോലെ ദരിദ്രരാണ്. സാറു പണം തരുമെന്ന് വിശ്വാസമില്ലാത്ത പറ്റുപടിക്കാരൻ അദ്ദേഹത്തിന്റെ ശമ്പളരസീറ്റ് കൈക്കലാക്കുന്നു. പെൻഷൻ മുക്കാൽ മരണമാണെന്നു തിരിച്ചറിയുന്ന മാധവൻ പിള്ളസറിനെ 'പെൻഷൻ' എന്ന കഥയിൽ അവതരിപ്പിക്കുന്നു. മാനേജ്മെന്റിനു കീഴിൽ അദ്ധ്യാപകർ അനുഭവിക്കുന്ന ദരിദ്ര്യമാണ് കാരൂർ ഇക്കഥകളിൽ വിഷയമാക്കിയിട്ടുള്ളത്. ഇവർക്ക് ജോലിയിൽനിന്നു വിരമിക്കുന്ന അവസ്ഥ അചിന്ത്യമാണ്. അതിനു കാരണം അവരുടെ സാമൂഹികവും സാമ്പത്തികവുമായി താഴ്ന്ന ജീവിതപരിസരമാണെന്നു കാണാം.

**2.2.1.3.1.2.1.2. ഈ എം.കോവൂരിന്റെ കഥകൾ:**

മരണം കാത്തുകിടന്ന മനുഷ്യൻ, ചുവപ്പുനാട, ജീവിപ്പാൻ എന്നീ കഥകളിൽ കടന്നു വരുന്നത് പെൻഷൻകാരായ ഗവൺമെന്റ് ഉദ്യോഗസ്ഥരാണ്.

പെൻഷനായാൽ ജീവിതമവസാനിച്ചു എന്നു കരുതുന്നവരുടെ പ്രതിനിധിയാണ് 'മരണം കാത്തു കിടന്ന മനുഷ്യ'നിലെ കേശവക്കുറുപ്പ് ലോവർ ഗ്രേഡ് ക്ലാർക്കായിരുന്ന അയാൾക്ക് ഓഫീസിനപ്പുറം ലോകമുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ആ ലോകം നഷ്ടപ്പെടുമ്പോൾ ഇനിയെന്ത് എന്ന് ചിന്തിക്കുന്നുമില്ല. നിഷ്ക്രിയനായി മച്ചും നോക്കിക്കിടക്കുന്ന അയാളെ മാറ്റിയെടുക്കാൻ വിനോബാജിയുടെ ദർശനമാണ് സഹായിക്കുന്നത്. സാമൂഹികകാര്യങ്ങളിൽ പെട്ടെന്നുതന്നെ തത്പരനായ കേശവക്കുറുപ്പ്

തന്റെ ഔദ്യോഗിക ജീവിതം ജഡതുല്യമായിരുന്നുവെന്ന് തിരിച്ചറിയുന്നതോടെ സ്വയം വീണ്ടെടുക്കുന്നതിന്റെ കഥയായി 'മരണം കാത്തു കിടന്ന മനുഷ്യൻ' മാറുന്നു.

ഉദ്യോഗസ്ഥരുടെ നീതികേട് മൂലം പെൻഷൻ ലഭിക്കാതെ മരിച്ചുപോകുന്ന കറിയാച്ചന്റെ കഥയാണ് 'ചുവപ്പുനാട'യിൽ പറയുന്നത്. മുപ്പത്തിമൂന്ന് കൊല്ലത്തെ സർക്കാർ സേവനം നടത്തി അമ്പത്തിയഞ്ചിൽ പടിയിറങ്ങിയിട്ടും പെൻഷൻ ചുവപ്പുനാടയിൽ കുരുങ്ങിക്കിടക്കുകയാണ്. കറിയാച്ചന്റെ ശവമടക്കിന്റന്ന് കിട്ടിയ സർക്കാർ അറിയിപ്പിലും ഗവൺമെന്റിന്റെ സത്വര ശ്രദ്ധയെപ്പറ്റി പ്രത്യേകം പറഞ്ഞിരുന്നു. പതിനേഴ് പ്രാവശ്യത്തെ റിമൈൻഡർ കൊണ്ടും പ്രയോജനമുണ്ടാകുന്നില്ല. സർക്കാരിന്റെയും ഉദ്യോഗസ്ഥ ലോബിയുടെയും തണുത്ത സ്വഭാവമാണ് ദരിദ്രനായ കറിയാച്ചന്റെ ദുര്യോഗത്തിന് കാരണമാകുന്നതെന്ന് കാണാം.

സ്ത്രീകളുടെ കഥകളൊന്നും ഇവിടെ വരുന്നില്ല.

**2.2.1.3.1.3. പെൻഷൻ എന്ന അവസ്ഥയെ പ്രതിരോധിക്കുന്നവർ:**

ഈ ഭാഗത്തും സ്ത്രീകഥകൾ ഇല്ല. പെൻഷൻ പറ്റുന്നതിനോട് മാനസികമായി പൊരുത്തപ്പെടാത്തവരുണ്ട്. സാമ്പത്തികഭാരം ഇതിനൊരു പ്രധാനകാരണമായി കാണാം.

**2.2.1.3.1.3.1. വെട്ടൂർ രാമൻ നായരുടെ ഉപഹാരം:**

പെൻഷൻ പറ്റിയപ്പോൾ ഉപഹാരമായിക്കിട്ടിയ നിലവിളക്ക് പണയം വയ്ക്കാൻ സഹകരണ റബ്ബർ തൊഴിലാളിയെ പ്രേരിപ്പിക്കുന്നത് ജീവിതപ്രാരാബ്ധങ്ങളാണ്. അപര്യാപ്തമായ പി.എഫും ഗ്രാറ്റിവിറ്റിയും കൊണ്ട് വീട്ടുകാര്യങ്ങൾക്ക് പരിഹാരം കിട്ടുകയില്ല. അമ്പത്തെട്ടുവയസ്സിൽ ഒന്നിനും കൊള്ളാതാവുക അയാൾക്ക് അചിന്ത്യമാണ്. പണം കിട്ടുന്നൊരു തൊഴിലാണ് അയാൾക്കു വേണ്ടത്. കുടുംബത്തോടുള്ള ചുമതല

നിറവേറ്റാൻ അതാവശ്യമാണെന്ന് അയാൾക്കറിയാം. പെൻഷൻ നല്ല വേനലാണെന്നും മുൻകൂട്ടിയറിയാവുന്ന മരണമാണെന്നും കഥയിൽ പറയുന്നുണ്ട്. തൊഴിലാളികളായ പെൻഷൻകാരുടെ ജീവിത പ്രശ്നങ്ങൾക്ക് മുഖം തിരിഞ്ഞിരിക്കുന്ന സമൂഹത്തെയും അധികാരികളെയും കാണാൻ ഈ കഥ പര്യാപ്തമാണ്.

**2.2.1.3.1.4. പെൻഷൻ എന്ന അവസ്ഥയെ പ്രതിരോധിക്കുന്നതിൽ വിജയിച്ചവർ:**

പെൻഷനായാലും ആ അവസ്ഥയെ അതിജീവിക്കാൻ ശ്രമിക്കുന്നവർ ഇവിടെ വരുന്നു. ജീവിതത്തിൽ എങ്ങനെയും പിടിച്ചുനിൽക്കാൻ ഇക്കൂട്ടർക്കാകും എന്നു കഥകൾ തെളിയിക്കുന്നു. ഈ ഭാഗത്ത് പുരുഷന്മാർ കഥാപാത്രമായ കഥകൾ മാത്രമേ വരുന്നുള്ളൂ.

**2.2.1.3.1.4.1. കാരൂരിന്റെ 'കിഴവന്റെ വിവാഹം':**

'കിഴവന്റെ വിവാഹം' വ്യത്യസ്തമായ ഒരു പെൻഷൻകഥയാണ്. വാർദ്ധക്യത്തെ അകറ്റി നിർത്താനാഗ്രഹിക്കുന്ന നാണുമേനോൻ പെൻഷനാവുന്നതിനു രണ്ട് മാസം മുൻപ് അമ്പലത്തിലെ ചന്ത്രക്കാറ പദവി രാജിവെച്ചൊഴിയുകയാണ്. *പെൻഷൻ വാങ്ങുന്നതു മോശമാണ്. വൃദ്ധനായെന്നു വല്ലവരും പറയും...* എന്നാണയാൾ രാജി വച്ചതിനു കാരണം കണ്ടെത്തുന്നത് (കാരൂർ നീലകണ്ഠപിള്ള 2008:733) വാർദ്ധക്യത്തെയും അതോർമ്മിപ്പിക്കുന്നവരേയും അയാൾക്ക് വെറുപ്പാണ്. അറുപതാം വയസ്സിൽ പതിനെട്ടുകാരിയെ വിവാഹം കഴിച്ചാണ് നാട്ടുകാരുടെ പരിഹാസത്തിന് നാണുമേനോൻ മറുപടി പറയുന്നത്. കല്യാണത്തിന് ക്ഷണം കിട്ടിയ കൂട്ടുകാരന്റെ മനോവിചാരത്തിലൂടെ നാണുമേനോൻ പ്രത്യക്ഷപ്പെടുന്നുണ്ട്. ആശ്രയത്തിന് വേണ്ടി വയസ്സുകാലത്ത് നിർദ്ധനനായ മേനോൻ വിവാഹം കഴിക്കുന്നു എന്നാണ് അയാൾ കരുതുന്നുത്.

എന്നാൽ ഇച്ഛാശക്തിക്കു മുന്നിൽ വാർദ്ധക്യവും വഴിമാറും എന്ന് നാണുമേനോൻ തെളിയിച്ചിരിക്കുന്നു. റിട്ടയർമെന്റിനു നേരെ സമൂഹത്തിനുള്ള പൊതുധാരണയെ തിരുത്തുന്ന കഥയാണിത്.

**2.2.1.3.1.4.2. കോവൂരിന്റെ 'ജീവിപ്പാൻ':**

'ജീവിപ്പാൻ' എന്ന കഥയിൽ ജീവിക്കാൻ വേണ്ടി എന്തു വേഷവും കെട്ടിയാടാൻ മടിയില്ലാത്ത വൈദ്യലിംഗയ്യർ സ്വാമിയെയാണ് കോവൂർ അവതരിപ്പിക്കുന്നത്. എഴുപതോടടുത്തിട്ടും സർവ്വീസിൽ തുടരാൻ കഴിയുന്നത് അതിജീവനത്തിന്റെ കരുത്തു മൂലമാണ്. കമ്പനിയിൽ മാറിമാറി വരുന്ന മാനേജർ സായിപ്പന്മാരുടെ പ്രീതി സമ്പാദിക്കാനുള്ള വൈദഗ്ദ്ധ്യമാണ് ജോലിയിൽ സ്വാമിയെ നിലനിർത്തുന്നത്. ജീവിതത്തോടുള്ള ആസക്തി പ്രായത്തിന്റെ ശാരീരികാവശതകളിൽനിന്നും സ്വാമിയെ അകറ്റുന്നു.

**2.2.1.3.1.4.3. നാഗവള്ളിയുടെ കഥകൾ:**

'വ്യവസായശാലയിൽ', 'ഗുരുർദേവോഭവ' എന്നീ കഥകളെ പരിഗണിക്കുന്നു. ജോലി വ്യക്തികളുടെ ദിനചര്യയെ ചിട്ടപ്പെടുത്തുന്ന ഒന്നായി 'വ്യവസായശാല'യിലെ മത്തായിസാറിന് അനുഭവത്തിൽ നിന്നും മനസ്സിലാകുന്നു. പെൻഷൻ പറ്റിയ ശേഷം ദിനചര്യകളെല്ലാം തെറ്റുകയും ജീവിതം വിരസമാവുകയും ചെയ്ത മത്തായിസാർ താൻ ജോലി ചെയ്തിരുന്ന ഫാക്റ്ററിയിലേക്ക് തന്നെ തിരിച്ച് ചെല്ലുകയാണ്. എന്തെങ്കിലും ചെറിയ ജോലിയെങ്കിലും വ്യാപൃതനായി ശേഷിച്ച ജീവിതം ആഹ്ലാദകരമാക്കാനാണ് അയാളുടെ ശ്രമം. *"മാനേജരുദ്യോഗത്തിൽ നിന്ന് വിരമിച്ച ശേഷം വേല ചെയ്യാതെ ജീവിക്കുക ഭാരമായി തോന്നുകയാൽ ഏതു പണിയും ചെയ്യാനൊരുങ്ങി വ്യവസായശാലയിലേക്ക് തിരിച്ചു വരുന്ന മത്തായിസാർ"* അവിസ്മരണീയ കഥാപാത്രമാണെന്ന എം.

അച്യുതന്റെ അഭിപ്രായം ശ്രദ്ധേയമാണ് (2007:205). തന്റെ ഏകാന്തത ഒഴിവാക്കാൻ എന്തെങ്കിലും സ്ഥാനം ഏറ്റെടുക്കാനുള്ള സന്നദ്ധത പ്രത്യേകം ശ്രദ്ധിക്കേണ്ട ഒന്നാണ് റിട്ടയർമെന്റിനുശേഷമുള്ള സമയം പോക്കൽ ഒരു പ്രശ്നമായി അതേപ്പറ്റി പഠിച്ചിട്ടുള്ള രാഘണി, സിംഘി എന്നിവർ നിരീക്ഷിച്ചിട്ടുള്ളതായി ശിവ രാജു രേഖപ്പെടുത്തുന്നത് ഇവിടെ പ്രസക്തമാണ്.

റിട്ടയറായപ്പോൾ ജീവിക്കാൻ മാർഗ്ഗമില്ലാതായിപ്പോയ പണിക്കരുസാറിന്റെ കഥയാണ് 'ഗുരുർദേവോഭവ', ശിഷ്യ മറിയക്കുട്ടിയുടെ സഹായത്താൽ അവരുടെ ഭർത്താവായ മുൻസിഫിന്റെ മൊച്ചി (ശിപ്പായി)യാകാൻ സാറിനു കഴിയുന്നു അതിജീവനത്തിനുള്ള ശ്രമമാണ് ഈ കഥയിലെ വൃദ്ധകഥാപാത്രത്തെ മുന്നോട്ടു നയിക്കുന്നത്.

ഈ ഭാഗം പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത് സർക്കാർ ഉദ്യോഗങ്ങളിൽ സ്ത്രീകൾ ഉണ്ടാകാത്ത ഒരു കാലമാണ്. പുരുഷന്മാരുടെ ലോകം മാത്രമായി ജോലിയും പെൻഷനുമുള്ള ഒരു കാലത്തെയാണ് ഈ കഥകൾ അടയാളപ്പെടുത്തുന്നത്.

**2.2.1.4 ചൂഷണം ചെയ്യപ്പെടുന്നവർ:**

വൃദ്ധർ പല രീതിയിലും ചൂഷണം ചെയ്യപ്പെടുന്നുണ്ട്. സ്വന്തം സ്വാർത്ഥതയോ മറ്റുള്ളവരുടെ സ്വാർത്ഥതയോ അതിനു കാരണമാകാം. പലപ്പോഴും വൃദ്ധരുടെ ദൈന്യതയ്ക്കു കാരണം അവർതന്നെയാണെന്ന് വൃദ്ധരെപ്പറ്റി പഠനം നടത്തിയ സുഗതൻ ചിറക്കര നിരീക്ഷിക്കുന്നുണ്ട്. ഈ വസ്തുത ഈ കഥകളിൽ പ്രകടമാണ്. ബസ്റ്റാൻഡുവരെ (തകഴി), ഭദ്രകാളിക്കാവ് (കാരൂർ), എന്റെ മകൻ (ഉറൂബ്), ചതിച്ചോ തമ്പ്രാ, പുലയന്റെ സമ്പാദ്യം (നാഗവള്ളി), അവകാശി, ഭൂദാനം (വെട്ടൂർ) എന്നീ കഥകളാണ്. ഇവിടെ പരിശോധിക്കുന്നത്. ഇക്കഥകളെല്ലാം വൃദ്ധന്മാർ മുഖ്യകഥാപാത്രമായി വരുന്നവയാണ്.

**2.2.1.4.1. തകഴിയുടെ 'ബസ്റ്റാൻഡു വരെ':**

ഈ കഥയിലെ പിശുക്കനും പണക്കാരനുമായ വൃദ്ധന്റെ അന്ധത സമർത്ഥമായി ഉപയോഗിച്ച് ഒരു മിടുക്കൻ കാശുണ്ടാക്കുന്നു. അയാളെ ഉപയോഗിച്ച് ഭിക്ഷാടനം നടത്തുകയാണവൻ. ധനാഗമനത്തിനു വേണ്ടി വാർദ്ധക്യത്തിന്റെ അന്ധതയെയും നിസ്സഹായതയെയും മുതലെടുക്കുകയാണവൻ. ഇതു തിരിച്ചറിഞ്ഞ വൃദ്ധൻ കരുതുന്നത് തന്റെ മക്കൾക്ക്  ഈ ബുദ്ധി തോന്നിയില്ലല്ലോ എന്നാണ്. സ്വന്തം അന്ധത വിറ്റു കാശാക്കാനാണ് അയാളുടെ സ്വാർത്ഥബുദ്ധിക്ക് തോന്നുന്നത്.

**2.2.1.4.2. കാരൂരിന്റെ 'ഭദ്രകാളിക്കാവ്':**

മരുമക്കത്തായവ്യവസ്ഥിതിയുടെ അവശിഷ്ടമാണ് ഭദ്രകാളിക്കാവ്. അച്ഛന്റെ സ്വത്തിന് മക്കൾക്ക് അവകാശമില്ലാത്ത കാലത്ത് അവിടെ നിന്നും ഭാഗമായി നാണുനായർക്കും സഹോദരിക്കും ഭദ്രകാളിക്കാവ് ലഭിച്ചു. കാവിന്റെ ചുമതലയേൽക്കാൻ മടിയുള്ള അനന്തരവന്മാർ തന്ത്രപൂർവ്വം അത് കയ്യൊഴിഞ്ഞതാണ് ഭാഗംവെപ്പിനു പിന്നിലുള്ള സത്യം. കാവ് തറവാടിന്റെ അഭിമാനമാണെന്നു കരുതുന്ന നാണുനായരുടെ സഹോദരി. കാവു നടത്തിക്കൊണ്ടുപോകാനുള്ള സാമ്പത്തിക ശേഷിയില്ലായ്മമൂലം അത് ബാധ്യതയായി മാറുന്നു. നാട്ടുകാർക്ക് കാവ് കൈമാറാൻ നാണുനായർ തയ്യാറല്ല. കാവിന്റെ ബാധ്യത കാരണവരിൽ നിക്ഷിപ്തമാക്കാൻ കഴിഞ്ഞ അനന്തരവൻമാർ പാരമ്പര്യത്തെ ചൂഷണം ചെയ്യുകയാണ്. കാവിനോടുള്ള കാരണവരുടേയും സഹോദരിയുടേയും ഭക്തിയാണ് അനന്തരവന്മാർ ഉപയോഗപ്പെടുത്തുന്നത്. വയറിന്റെ വിശപ്പിനേക്കാളും കാവിനു പ്രാധാന്യം കൊടുത്ത നാണുനായർ രക്തസാക്ഷിയാവുകയാണ്.

**2.2.1.4.3. ഉറൂബിന്റെ 'എന്റെ മകൻ':**

അനപത്യതാദുഃഖമനുഭവിക്കുന്ന വൃദ്ധദമ്പതിമാരുടെ ജീവിതത്തിലെ ശൂന്യതയക

റ്റാനെത്തിയ രാജശേഖരനെ അവന്റെ മാതാവ് തിരിച്ചെടുക്കുമ്പോൾ അവരുടെ ജീവിതം പഴയതിന്റെ ആവർത്തനം മാത്രമായിത്തീരുകയാണ്. രാജശേഖരന്റെ അമ്മയെ സംബന്ധിച്ചിടത്തോളം പുതിയ ഭർത്താവിനോടൊപ്പമുള്ള ജീവിതത്തിൽ വിലങ്ങുതടിയായ മകനെ പന്ത്രണ്ട് കൊല്ലം സുഖമായി പാർപ്പിക്കാനൊരിടം മാത്രമേ ആവശ്യമുള്ളൂ. തലമുറകളിലൂടെ ജീവിക്കാനാഗ്രഹിക്കുന്ന വൃദ്ധദമ്പതികളെ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താൻ അവർക്കാകുന്നുണ്ട്. മകനെപ്പോലെ തന്നെ സ്നേഹിച്ചു വളർത്തിയവരെ ഉപേക്ഷിച്ച് സ്വന്തം അമ്മയുടെ കൂടെ പോകാൻ രാജശേഖരന് ഒരു മനഃസാക്ഷിക്കുത്തും ഉണ്ടാകുന്നില്ല. അവൻ നഷ്ടപ്പെടുമോ എന്നു കരുതിയുള്ള ശേഖരൻ നായരുടെയും ഭാര്യ മാധവിയമ്മയുടെയും മാനസികസംഘർഷം കഥയിൽ സ്പഷ്ടമാണ്.

**2.2.1.4.4. നാഗവള്ളിയുടെ 'ചതിച്ചോ തമ്പ്രാ', 'പുലയന്റെ സമ്പാദ്യം':**

ജന്മിമാർ അടിയാന്മാരെ ചൂഷണം ചെയ്യുന്ന ഒരു കാലഘട്ടമാണ് ഈ രണ്ട് കഥകളിലും ഉള്ളത്. തേവപ്പുലയന് ജന്മിയായ കേശവൻനായരുടെ ഭീഷണിമൂലം നെല്ലുകള്ളക്കടത്തിന് വിവാഹരാത്രിയിൽ തന്നെ മകനെ പറഞ്ഞയക്കേണ്ടി വരുന്നുണ്ട്. പോലീസ് പിടിച്ച അഴകനെ രക്ഷിക്കാൻ കേശവൻ നായർ ഒന്നും ചെയ്യുന്നില്ല. അടിയാനു നൽകുന്ന സഹായവാഗ്ദാനം കാര്യം നടത്താനുള്ള സൂത്രം മാത്രമായിത്തീരുന്നു. ഈ കഥ ജന്മിക്ക് കുടിയാനോടുള്ള ഭയം കൂടി പ്രതിഫലിപ്പിക്കുന്നുണ്ട്. മകനെ പോലീസു പിടിച്ച കാര്യം പറഞ്ഞ് പെട്ടെന്നു രംഗംവിടുന്ന ജന്മിയിൽ അത് കാണാം. പുതിയ ലോകക്രമത്തിൽ പഴയ സാമൂഹികവ്യവസ്ഥിതിയും മൂല്യബോധവും മാറിയതിനെപ്പറ്റി ജന്മി ബോധവാനാണ്. എന്നാൽ കാലത്തിന്റെ ഈ മാറ്റം തേവപ്പുലയനിൽ ദൃശ്യമല്ല. അയാൾ പഴയമട്ട് കുടിയാൻ തന്നെയായി നിലകൊള്ളുന്നു.

'പുലയന്റെ സമ്പാദ്യ'ത്തിലെ ജന്മി പുലയനുവേണ്ടി ഭൂമി വാങ്ങുന്നത് തന്റെ പേരി

ലാണ്. ചോതിപ്പുലയന്റെ മകൻ പട്ടാളത്തിൽ നിന്നയച്ചു കൊടുക്കുന്ന സമ്പാദ്യം ജന്മിയിൽ ചേരുകയാണ്. അടിയാളൻമാർക്ക് ഭൂമി പതിച്ചുകിട്ടുകയില്ല എന്ന് പറഞ്ഞു വിശ്വസിപ്പിച്ചാണ് സമ്പുഷ്ടമായ ചോതിപ്പുലയന്റെ കുടികിടപ്പ് ജന്മി സ്വന്തമാക്കുന്നത്. അയാളുടെ മകനും വിധിക്കു വഴങ്ങുന്നവനായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. നാടുതന്നെ വിട്ടു പോയിട്ടാണ് അവർ ജന്മിമാരോട് പ്രതിഷേധിക്കുന്നത്. ജാതിപരമായ കീഴാളത്തം പ്രത്യക്ഷമായ കഥകളാണിവ.

**2.2.1.4.5. വെട്ടൂരിന്റെ 'ഭൂദാനം, 'അവകാശി' എന്നീ കഥകൾ:**

കുടിയാന്റെ അധ്വാനഫലം കൊണ്ട് കുടികിടപ്പ് സമൃദ്ധമാകുമ്പോൾ അത് സ്വന്തമാക്കാനിച്ഛിക്കുന്ന മുതലാളി 'ഭൂദാന'ത്തിൽ കടന്നുവരുന്നു. ഇരിക്കുന്ന ഭൂമിയിൽ ഉടമസ്ഥൻ അവകാശമുന്നയിക്കുമ്പോഴാണ് അത് തന്റേതല്ല എന്ന ബോധം കുടികിടപ്പുകാരനുണ്ടാകുന്നത്. അതിനു പകരം ദാനത്തിന്റെ പേരിൽ നൽകുന്ന ഭൂമി ആരും ചെന്നെത്താത്ത ഇടത്താണ്. മുതലാളിയുടെ ഉദാരമനഃസ്ഥിതിയാണ് ശ്ലാഘിക്കപ്പെടുന്നത്. മുതലാളിത്തത്തിന്റെ കുതന്ത്രത്തിനു പള്ളിയിലെ വികാരിയും കൂട്ടുനിൽക്കുന്നുണ്ട്. സാധാരണക്കാരൻ ഒറ്റപ്പെട്ടു പോകുന്ന പരിതഃസ്ഥിതിയിൽ അവിരാച്ചേട്ടന് കുടികിടപ്പ് നഷ്ടപ്പെടുന്നു.

സ്വത്തു വേണ്ടരീതിയിൽ ഭാഗം വെച്ചു കൊടുത്തിട്ടും അച്ഛന്റെ പേരിലുള്ള വീടും പറമ്പും റബ്ബർ തോട്ടവും കൈക്കലാക്കാനുള്ള മക്കളുടെ ത്വരയാണ് 'അവകാശി'യിലെ വൈദ്യൻ രാമക്കൈമളെ അസ്വസ്ഥനാക്കുന്നത്. മക്കളുടെ ചൂഷണമനഃസ്ഥിതിയും സ്വത്തിനോടുള്ള ആർത്തിയും കൈമളിൽ വെറുപ്പ് സൃഷ്ടിക്കുന്നു. മക്കളുടെ സ്ഥാനത്തുനിന്ന് തന്നെ ശുശ്രൂഷിക്കുന്ന ധിക്കാരിയായ തങ്കപ്പനാണ് വൈദ്യർ തന്റെ ഭാഗത്തിന്റെ അവകാശം നൽകുന്നത്. വയസ്സായ അച്ഛനെ ശ്രദ്ധിക്കാതെ സമ്പത്തു മാത്രം

ലക്ഷ്യമാക്കിയുള്ള മക്കളുടെ പോക്കുവരവുകൾ വൈദ്യരുടെ തീരുമാനത്തിനു പിന്നി ലുണ്ട്.

ഈ വിഭാഗത്തിൽ സ്ത്രീ കഥാപാത്രങ്ങളുള്ള കഥകൾ ഇല്ലെന്ന് കാണാം.

### 2.2.1.5. സ്വാർത്ഥരായ വൃദ്ധർ:

വൃദ്ധരിൽ സ്വാർത്ഥത പ്രവർത്തിക്കുന്നത് ചില കഥകളിൽ ആവിഷ്കൃതമായിട്ടുണ്ട്. എന്നെപ്പോലെ വളരണം അവൻ (കേശവദേവ്), ബസ്റ്റാന്റുവരെ (തകഴി), ചിറ്റപ്പൻ, നേരുകാരൻ (കാരൂർ), ഒരു പറ കണ്ണീർ (ഉറൂബ്) എന്നീ കഥകൾ പരിഗണിക്കുന്നു.

### 2.2.1.5.1. സ്വാർത്ഥരായ വൃദ്ധന്മാർ:

### 2.2.1.5.1.1. കേശവദേവിന്റെ 'എന്നെപ്പോലെ വളരണം അവൻ':

ഒരു മുത്തച്ഛന്റെ സ്വാർത്ഥത പേരക്കുട്ടിയെ നഷ്ടപ്പെടുന്നിടത്തോളം വളരുന്നത് ഈ കഥയിലുണ്ട്. ധനികനായ മുല്ലത്തടത്തിൽ ഉണ്ണിപ്പിള്ളയ്ക്ക് മകളുടെ മകൻ തന്റെ ഇഷ്ടത്തിനനുസരിച്ച് ജീവിക്കണമെന്നാണ് മോഹം. അവന്റെ വ്യക്തിത്വത്തെയും സ്വാത ന്ത്ര്യത്തെയും അയാൾ കണക്കാക്കുന്നില്ല. എന്നാൽ താൻ വളരുന്നത് അപ്പൂപ്പനെപ്പോ ലെയല്ല, തന്നെപ്പോലെയാണെന്നു പ്രഖ്യാപിച്ച പേരക്കുട്ടിയെ മനസ്സിലാക്കാൻ ഉണ്ണി പ്പിള്ളയ്ക്ക് കഴിയുന്നില്ല. പേരക്കുട്ടിയെ തന്റെ പതിപ്പാക്കി മാറ്റാൻ ശ്രമിക്കുന്ന ഉണ്ണി പ്പിള്ള പറഞ്ഞതനുസരിക്കുന്ന ഒരു റോബോട്ടിനെയാണ് ആഗ്രഹിക്കുന്നത്.

### 2.2.1.5.1.2. തകഴിയുടെ 'ബസ്റ്റാന്റുവരെ' :

സ്വന്തം അന്ധതപോലും അനുഗ്രഹമായികാണുന്ന ഒരു വൃദ്ധൻ. ബസ്റ്റാന്റുവരെ യെത്താനുള്ള കൂലി റിക്ഷാക്കാർക്ക് കൊടുക്കാൻ തയ്യാറാവാത്ത വൃദ്ധനെ സമർത്ഥ

നായ ഒരു കുട്ടി പറ്റിക്കുന്നു. അവൻ അയാളെ ഭിക്ഷാടനത്തിനുപയോഗിക്കുന്നു. ഈ വസ്തുത തിരിച്ചറിഞ്ഞ വൃദ്ധന് നിരാശയാണുണ്ടായത്. ഈ ബുദ്ധി തന്റെ മക്കൾക്കില്ലാതെ പോയതിൽ ഖേദിക്കുകയാണയാൾ. വീട്ടിലേക്ക് ചേരേണ്ട പണം പുറത്ത് പോയതിൽ അയാൾക്ക് ആത്മാർത്ഥമായും ഖേദമുണ്ട്. പിശുക്കനും സമ്പന്നനുമായ വൃദ്ധന്റെ ധനതത്ത്വശാസ്ത്രത്തിന്റെ പരിണാമമാണ് 'ബസ്റ്റാന്റുവരെ' എന്ന കഥ.

**2.2.1.5.1.3. കാരൂരിന്റെ 'ചിറ്റപ്പൻ', 'നേരുകാണാൻ':**

മക്കത്തായത്തിന് പ്രാബല്യം കിട്ടിയ കാലമാണ് 'ചിറ്റപ്പനി'ലെ കാലപരിധി. മരുമക്കത്തായത്തറവാട്ടിലേക്ക് സ്വത്ത് സമ്പാദിച്ച ചിറ്റപ്പനും ജ്യേഷ്ഠനും. ജ്യേഷ്ഠന്റെ മരണശേഷം ഭാഗം നടന്നപ്പോൾ എല്ലാവർക്കും കിട്ടിയ കൂട്ടത്തിൽ ഒരോഹരിയേ ചിറ്റപ്പനും കിട്ടിയുള്ളൂ. ജ്യേഷ്ഠന്റെ മകൾക്ക് ചെല്ലേണ്ട സ്വത്ത് കൈക്കലാക്കിയ ചിറ്റപ്പന് അതു കെടുകാര്യസ്ഥതകൊണ്ട് നഷ്ടപ്പെടുകയാണ്. തറവാട് മാത്രമല്ല അന്തസ്സും അഭിമാനവും നഷ്ടപ്പെടുന്നവനാണ് അയ്യപ്പൻ നായർ എന്ന ചിറ്റപ്പൻ. ജ്യേഷ്ഠപുത്രിയായ ഭാരതിയോടു വിശ്വാസവഞ്ചന ചെയ്തതിൽ അയാൾക്ക് ദുഃഖമുണ്ടെങ്കിലും പാപപരിഹാരത്തിനു കഴിയുന്നില്ല.

'നേരുകാര'നിലെ വൃദ്ധൻ നിസ്വാർത്ഥമായ ജീവിതം കൊണ്ട് നേടിയ വിശ്വാസം മുഴുവൻ സ്വന്തം മകനു വേണ്ടി ഉപേക്ഷിക്കുകയാണ്. വേലക്കാരി വൃദ്ധനെ വിശ്വസിച്ചേൽപ്പിച്ച പണം മകൻ ജയിലിൽ പോകാതിരിക്കാൻ ഉപയോഗിക്കുകയാണ്. വേലക്കാരിയുടെ സൗഭാഗ്യത്തിനുവേണ്ടി ലോട്ടറി ടിക്കറ്റെടുത്തിരുന്ന വൃദ്ധൻ മകന്റെ കാര്യം വന്നപ്പോൾ സ്വാർത്ഥനായിത്തീരുകയാണ് ചെയ്തത്. പുറമേ നിന്നുള്ള ഒരു സാമൂഹിക ഇടപെടലും ഈ കഥയിൽ നടക്കുന്നില്ല.

**2.2.1.5.1.4. ഉറൂബിന്റെ 'ഒരു പറ കണ്ണീർ':**

അനാവശ്യമായി ചെലവാക്കുന്ന ഓരോ ചില്ലറയ്ക്കും ഒരു പറ കണ്ണീർ സ്വർഗ്ഗത്തിൽ ചൊരിയേണ്ടിവരും എന്ന വിശ്വാസക്കാരനാണ് ഈ കഥയിലെ ശങ്കുമ്മാവൻ. പണം വേണ്ട രീതിയിൽ ഉപയോഗിക്കാത്ത അയാൾ ഒരേയൊരവകാശിയായ ചിന്നമ്മുവെ പഠിപ്പിക്കുകയോ രോഗം വന്നപ്പോൾ ചികിത്സിക്കുകയോ ചെയ്തില്ല. അവൾ മരിച്ചിട്ടും ചെലവായ പണത്തെപ്പറ്റിയാണ് ശങ്കുമ്മാവന്റെ ചിന്ത. വിദ്യാർത്ഥിയായ ചിന്നമ്മുവിന്റെ ജ്യേഷ്ഠനും പണം കൊടുക്കുന്നില്ല. അവനവനും ഉപകാരപ്പെടുന്നില്ല. മരണശയ്യയിലും ശങ്കുമ്മാവന്റെ ചിന്ത പണത്തെപ്പറ്റിയാണ്. അന്യാദൃശമായ സ്വാർത്ഥമനോഭാവം കൊണ്ടും പിശുക്കു കൊണ്ടും ശങ്കുമ്മാവന് ഒന്നും നേടാനായില്ല.

**2.2.1.5.2. സ്വാർത്ഥരായ വൃദ്ധകൾ:**

ഈ വിഭാഗത്തിൽ ഒരു സ്ത്രീ കഥയെയുള്ളൂ. അന്തർജ്ജനത്തിന്റെ 'പാതയുടെ അവസാനം.'

**2.2.1.5.2.1. ലളിതാംബിക അന്തർജ്ജനത്തിന്റെ 'പാതയുടെ അവസാനം':**

ഈ കഥയിലെ മറിയാമ്മയെ ഒറ്റപ്പെടൽ സ്വീകരിക്കാൻ പ്രേരിപ്പിക്കുന്നത് അവരുടെ ഭൂതകാലമാണ്. അമ്മായിയമ്മയോട് താൻ ചെയ്ത ദ്രോഹം തിരിച്ചടിക്കുമെന്ന ഭയം കൊണ്ട് അവർ മക്കളുടെ കൂടെ താമസിക്കാൻ ഇഷ്ടപ്പെടുന്നില്ല. ഭർത്താവ് കെട്ടാനാഗ്രഹിച്ച അന്ന മരിച്ചപ്പോൾ തന്നേക്കാൾ മുമ്പേ അയാളുടെ അടുക്കൽ അവരെത്തുമല്ലോ എന്ന ചിന്ത മൂലം ഉടൻ തന്നെ മരിക്കാൻ തോന്നുന്നെങ്കിലും കൊഴിഞ്ഞ ഇലഞ്ഞിപ്പൂക്കൾ അവരെ ആകർഷിക്കുന്നു. ഇത് ജീവിതാകർഷണത്തെ സൂചിപ്പിക്കുന്നു.

### 2.2.1.6. വാശിക്കാരായ വൃദ്ധർ:

#### 2.2.1.6.1. വാശിക്കാരായ വൃദ്ധന്മാർ:

ചെറിയ കാര്യങ്ങൾക്കു പോലും പിടിവാശി പിടിക്കുന്ന വൃദ്ധരെയാണ് ഈ വിഭാഗത്തിൽ പെടുത്തിയിട്ടുള്ളത്. ചിലത് ദുർവാശിയാകും. അവനവന്റെയും മറ്റുള്ളവരുടെയും ജീവിതത്തിൽ അസ്വാരസ്യങ്ങളുണ്ടാക്കുന്ന വൃദ്ധരുടെ വാശിയെപ്പറ്റി കഥകൾ എഴുതപ്പെട്ടിട്ടുണ്ട്. കയ്പ് (കാരൂർ), താരുണ്യത്തിന്റെ ചുടുകാട് (നാഗവള്ളി), വൃദ്ധന്റെ വിധി, പരിണാമഗുപ്തി (വെട്ടൂർ), ചെറുകാടിന്റെ ചാക്കുസഞ്ചി എന്നീ കഥകളാണ് വിശകലനവിധേയമാക്കുന്നത്.

##### 2.2.1.6.1.1. കാരൂരിന്റെ 'കയ്പ്':

രണ്ടാദർശങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലാണ് 'കയ്പ്' എന്ന കഥയിലെ അച്ഛനും മകനും തമ്മിൽ വിടവ് സൃഷ്ടിക്കുന്നത്. ഇത് തലമുറകളുടെ വിടവല്ല. കേശവപിള്ളയുടെ മകൻ അച്യുതൻ പിള്ളയ്ക്ക് കൈക്കൂലി വാങ്ങേണ്ടി വരുന്നത് നിവൃത്തികേടു കൊണ്ടാണ്. തന്റെ സത്യസന്ധത മൂലം മകനു കിട്ടിയ ഗുമസ്തപ്പണിയിലിരുന്ന് മകൻ കൈക്കൂലി വാങ്ങുന്നത് കേശവപ്പിള്ളയ്ക്ക് അസഹ്യമാണ്. ഭാര്യയുടെ മരണമുണ്ടാക്കിയ ഏകാന്തതയും അയാൾക്ക് കൂട്ടിനുണ്ട്. മകനോടുള്ള കയ്പ് ഒരുതരം വാശിയായി ചിത്തക്ഷോഭത്തെ വർദ്ധിപ്പിക്കുകയാണ്.

കാരൂരിന്റെ 'ലോകം നന്നാകാൻ' എന്ന കഥയിലെ വൃദ്ധന് സ്വന്തക്കാരോടും ബന്ധുക്കാരോടുമുള്ള വെറുപ്പ് ഒരു തരം നശീകരണസ്വഭാവമുള്ള വാശിയായി പരിണമിക്കുകയാണ്. ആറ്റംബോംബുപോലെ നാശകാരിയായ ഒന്നിനു മാത്രമേ ലോകത്തെ ശുദ്ധീകരിക്കാനാവൂ എന്നു അയാൾ വിശ്വസിക്കുന്നുണ്ട്. തന്നെ തോൽപ്പിച്ച ബന്ധുമിത്രാദികളെ കൊതിപ്പിക്കാനുള്ള ആയുധമായിട്ടാണ് ബാങ്കിലിട്ട പണത്തെ അയാൾ കാണു

ന്നത്. അത് ആറ്റംബോംബ് ഉണ്ടാക്കുന്നവർക്ക് കൊടുക്കണമെന്ന് ചിന്തിക്കുന്നിട ത്തോളെ അയാൾ സ്വന്തക്കാരെ വെറുത്തു കഴിഞ്ഞിരിക്കുന്നു.

**2.2.1.6.1.2. വെട്ടൂരിന്റെ 'വൃദ്ധന്റെ വിധി', 'പരിണാമഗുപ്തി':**

ഈ രണ്ടു കഥകളിലും വൃദ്ധരുടെ സ്വഭാവം കുടുംബത്തിൽ സ്വൈരക്കേടുണ്ടാക്കു ന്നു. ഒരേ സമയം അനുകൂലിച്ചും പ്രതികൂലിച്ചും നിൽക്കുന്ന മനസ്സ് 'വൃദ്ധന്റെ വിധി' യിലെ വറീച്ചനെ പ്രശ്നകാരിയാക്കുന്നു. അയാൾ മോഹങ്ങളെല്ലാം സാധിച്ചവനാണ്. ജീവിതത്തിനു രസം കിട്ടാൻ ഒരു തരം വാശിയോടെയും പകയോടെയും മക്കളെയും മരുമക്കളെയും ബുദ്ധിമുട്ടിക്കാനാണയാൾ ശ്രമിക്കുന്നത്. അവരെ തമ്മിൽതല്ലിക്കുന്ന തിൽ ആത്മസുഖം കണ്ടെത്തുന്ന വൃദ്ധനെ വെറുക്കാതിരിക്കാൻ കഠിനപ്രയത്നം നട ത്തേണ്ടിവരുന്ന മക്കൾ, എല്ലാവരിലും കുറ്റം കണ്ടെത്താൻ ശ്രമിക്കുന്ന വറീച്ചൻ സംശ യരോഗിയുടെ ലക്ഷണം പ്രദർശിപ്പിക്കുന്നു. മൂത്തമകന്റെ കൂടെ കഴിയുന്ന വൃദ്ധൻ അവനിൽ തൃപ്തനല്ല. വീതംവച്ച സ്വത്ത് അയാൾക്ക് വിഷയമല്ല. ഇറക്കിവിട്ട ഇളയമ കന്റെ കൂടെ പോകുന്നതിൽ അവസാനം ആശ്വാസം കണ്ടെത്തുകയാണയാൾ.

ഏകമകന്റെ പേരിലെഴുതിക്കൊടുത്ത സ്വത്തുമൂലം മാനസിക വിഷമമനുഭവിക്കുന്ന ഗോപാലേട്ടനാണ് 'പരിണാമഗുപ്തി'യിലെ കഥാപാത്രം. സ്വത്തില്ലാത്തതിനാൽ അധി കാരമില്ല എന്ന ചിന്ത ഇതിനു പിന്നിലുണ്ട്. ഭാര്യയുടെ മരണവും വാർദ്ധക്യസഹജ മായ മറവിയും സംശയവും ഗോപാലേട്ടന്റെ കടുംപിടുത്തങ്ങൾക്ക് പിന്തുണ നൽകു ന്നു. ഈ രണ്ട് കഥകളിലും വൃദ്ധരുടെ സ്വൈരജീവിതത്തിന് ശല്യമാകാതെ പിൻതുണ നൽകുന്ന മക്കളെയാണ് വെട്ടൂർ അവതരിപ്പിക്കുന്നത്. വൃദ്ധരുടെ സന്തോഷത്തിനു വേണ്ടി എന്തും ചെയ്യാനുള്ള സന്നദ്ധത അവരുടെ ഭാഗത്തുണ്ട്. വൃദ്ധരുടെ കടുത്ത അപരാധങ്ങൾ പോലും ക്ഷമിച്ചുകളയാനുള്ള ഹൃദയവിശാലത അവർ പ്രകടിപ്പിക്കുന്നു.

രക്ഷിതാക്കളെ അവമതിക്കുന്ന മക്കളിൽനിന്നും വ്യത്യസ്തരാണിവർ.

**2.2.1.6.2. വാശിക്കാരായ വൃദ്ധകൾ:**

ഒരു കഥയെ ഈ വിഭാഗത്തിലുള്ളൂ.

**2.2.1.6.2.1. ചെറുകാടിന്റെ 'ചാക്കു സഞ്ചി':**

ഈ കഥയിലെ പാലക്കാവിൽ പെറോട്ടിയമ്മയുടെ അസംതൃപ്തി വാശികളുടെ രൂപത്തിലാണ് പുറത്തുവരുന്നത്. മരുമകളുടേയും മരുമകന്റെയും കുറ്റം മാത്രം കണ്ടെത്തുന്ന അവരെ പറഞ്ഞു ബോധ്യപ്പെടുത്താൻ ബന്ധുവായ വക്കീലിനുപോലും കഴിയുന്നില്ല. മക്കളുടെ കുടുംബകാര്യങ്ങളിൽ ഇടപെട്ട് വഴക്കുണ്ടാക്കുന്ന അമ്മയാണവർ. താൻ പോരിമക്കാരിയായ അവരെ വഴിയിലുപേക്ഷിക്കയല്ലാതെ മധ്യസ്ഥനായ വക്കീലിനും രക്ഷയുണ്ടാവുന്നില്ല. അവനവന്റെ മകളും മകനും കൊള്ളാത്തവരെ തൃപ്തിപ്പെടുത്താൻ ആർക്കും നിവൃത്തിയില്ലെന്ന് വക്കീലിനു ബോധ്യമാവുന്നു.

**2.2.1.7. ചൂഷകരായ വൃദ്ധർ:**

മറ്റുള്ളവർ വൃദ്ധരെ ചൂഷണം ചെയ്യുന്നതുപോലെ വൃദ്ധരും മറ്റുള്ളവരെ ചൂഷണം ചെയ്യുന്നുണ്ട്. ഈശോ പോശാ (വർക്കി). അന്തകന്റെ തോട്ടി (പൊറ്റക്കാട്ട്), കാൽപ്പെട്ടി (കോവൂർ), പാച്ചുപണിക്കർ (വെട്ടൂർ) എന്നീ കഥകളിലെ വൃദ്ധന്മാർ സമൂഹത്തെയൊ, കുടുംബത്തെയോ സമർത്ഥമായി ചൂഷണം ചെയ്യുന്നവരാണ്. സ്ത്രീകഥകൾ ഈ വിഭാഗത്തിൽ ഇല്ല.

**2.2.1.7.1. പൊൻകുന്നം വർക്കിയുടെ 'ഈശോ പോശാ':**

ഈ കഥയിലെ അറുപതോടടുത്ത മുതലാളി തന്നെ ആശ്രയിക്കുന്നവരെ വഞ്ചിക്കു

കയും ഉപയോഗിക്കുകയും ചെയ്യുന്നു. മതം, ഭക്തി, ആശ്രിതവാത്സല്യം എന്നിവയാണ് അയാളുടെ ചൂഷണോപാധികൾ. ഇതുപയോഗിച്ച് കള്ളക്കടത്ത് വരെ അയാൾ നടത്തുന്നുണ്ട്. പണം എറിഞ്ഞ് പണം കൊയ്യുകയാണ് അയാളുടെ തത്ത്വശാസ്ത്രം. പണമില്ലാത്തവനിൽനിന്ന് മറ്റു തരത്തിൽ അതീടാക്കാൻ അയാൾക്കറിയാം. *"ജന്മിമുതലാളിത്തത്തിന്റെ സ്വതന്ത്രതാത്പര്യങ്ങൾക്കും ദുർനയങ്ങൾക്കും ഇരയായിത്തീരുന്ന നിസ്വവർഗ്ഗത്തിന്റെ ചൂഷിതവും അവഗണിതവുമായ ജീവിതത്തെ ചിത്രീകരിക്കുന്ന കഥയാണ് 'ഈശോ പോശാ' "* എന്ന എം.അച്യുതന്റെ അഭിപ്രായത്തിൽ അദ്ദേഹം നിസ്വാർത്ഥത്തിനാണ് ഊന്നൽ കൊടുത്തിരിക്കുന്നത് (2007:155, 56) എന്നാൽ മുതലാളിയുടെ സ്വാർത്ഥത നിറഞ്ഞ പെരുമാറ്റവും ചൂഷകസ്വഭാവവുമാണ് മുന്നിട്ടുനിൽക്കുന്നത് എന്നു പറയേണ്ടിയിരിക്കുന്നു. കള്ളക്കടത്ത് മുതലാളിത്തത്തിന്റെ പുതിയ ആദായമാർഗ്ഗമായി മാറുന്നത്, അതു സുഗമമാക്കാൻ വേണ്ടി വികാരിയച്ചനെ വരുതിയിലാക്കാൻ കഴിഞ്ഞത് എല്ലാം ഈ കഥയിൽ കടന്നുവരുന്നു.

**2.2.1.7.2. പൊറ്റക്കാട്ടിന്റെ 'അന്തകന്റെ തോട്ടി':**

പ്രസിദ്ധമായ അന്തകന്റെ തോട്ടിയിലെ ഇക്കുണ്ണിനായർ മനഃസാക്ഷിയില്ലാത്തവനും കൊള്ളപ്പലിശക്കാരനുമായ ധനികനായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. മരുമക്കത്തായത്തറവാട്ടിലെ കാരണവരായ അയാളുടെ സമ്പാദ്യം കൊണ്ട് തറവാട്ടിലുള്ളവർക്കോ ഉക്കുണ്ണിനായർക്കോ പ്രയോജനമില്ല. സാമർത്ഥ്യവും സൂത്രവും വെളിവാക്കുന്ന പൊള്ളച്ചിരി ഉക്കുണ്ണിനായരുടെ വക്രസ്വഭാവത്തെ വെളിപ്പെടുത്തുന്നതാണ്. മറ്റുള്ളവരുടെ ജീവിതദുരിതങ്ങളാണ് അയാളെ ആനന്ദിപ്പിക്കുന്നത്. യുദ്ധം പണമുണ്ടാക്കാനുള്ള ഒരുപാധിയായിട്ടേ അയാൾക്കനുഭവപ്പെടുന്നുള്ളൂ. അന്നാട്ടുകാരി മാളുവമ്മ തൂങ്ങി മരിച്ച പ്ലാവു പോലും കൊള്ളലാഭത്തോടെ വിൽക്കാൻ അവളുടെ ആത്മഹത്യയെ സമർത്ഥമായി

അയാളുപയോഗിക്കുന്നു. മുറിച്ച പ്ലാവിനടിയിൽപ്പെട്ടു മരിക്കുന്ന അയാളോട് ആർക്കും സഹതാപം തോന്നുന്നില്ല.

**2.2.1.7.3. കോവൂരിന്റെ 'കാൽപ്പെട്ടി':**

ഒരവിവാഹിതൻ തന്റെ വാർദ്ധക്യകാലം സുഖകരമാക്കാൻ കണ്ടുപിടിച്ച ഉപായമാണ് ഫലിതരസത്തോടുകൂടി 'കാൽപ്പെട്ടി'യിൽ കോവൂർ പറയുന്നത്. പണക്കാരന് മാന്യമായ സ്ഥാനം സമൂഹത്തിലുണ്ട്. തന്റെ കാൽപ്പെട്ടി നിറയെ പണമാണെന്ന് ബന്ധുക്കളെ ധരിപ്പിക്കുന്നതിലാണ് പൗലോച്ചന്റെ വിജയം. അതിനുവേണ്ടി പെട്ടിമേൽ അമിതശ്രദ്ധ കൊടുക്കുന്നു. മരണാസന്നനായ പൗലോച്ചനെ മത്സരബുദ്ധിയോടെ ശുശ്രൂഷിക്കുന്ന വേണ്ടപ്പെട്ടവരുടെയെല്ലാം മനസ്സ് കാൽപ്പെട്ടിയിലാണ്. ക്രിസ്ത്യൻ പിൻതുടർച്ചാവകാശപ്രകാരം അവിവാഹിതന്റെ സ്വത്തിനവകാശിയായിത്തീർന്ന സഹോദരന്മാർ നിധിപ്പെട്ടി തുറന്നപ്പോൾ 40 റാത്തൽ കൊണ്ടുള്ള കരിങ്കല്ലു കണ്ടു. അതിന്റെ ഭാരമാണ് പൗലോച്ചന്റെ വാർദ്ധക്യത്തെ സുഖകരമാക്കിയത്. സംരക്ഷകരില്ലാത്ത ദയനീയമായ അന്ത്യം മുൻകൂട്ടികാണുന്ന പൗലോച്ചൻ സ്വന്തക്കാരെ മനഃപൂർവ്വം ചൂഷണം ചെയ്താണ് ഈ പ്രതിരോധം ഒരുക്കുന്നത്.

**2.2.1.7.4. വെട്ടൂരിന്റെ 'പാച്ചുപ്പണിക്കർ':**

പാച്ചുപ്പണിക്കർ തന്റെ വാർദ്ധക്യത്തെ ഉപജീവനത്തിനായിട്ടാണ് ഉപയോഗിക്കുന്നത്. വലിയ വീടുകളിൽനിന്നും വലിയ സംഖ്യകൾ കിട്ടുന്നതരത്തിലുള്ള ഭിക്ഷാടനമാണ് അയാളുടേത്. പണക്കാരനായിത്തീർന്ന അയാൾക്ക് മകളുടെ വിവാഹം ആർഭാടമായി നടത്താനും കഴിയുന്നുണ്ട്. അവസാനം കള്ളിപൊളിയുന്നുണ്ടെങ്കിലും വലിയതറവാട്ടുകാരുടെ മമതയെ ചൂഷണം ചെയ്ത് പണക്കാരനായിത്തീരാൻ അയാൾക്കാകുന്നുണ്ട്.

**2.2.1.7.5. ലളിതാംബികാ അന്തർജ്ജനത്തിന്റെ 'അച്ഛൻ':**

ഈ കഥയിലെ മംഗലത്ത് വിക്രമക്കുറുപ്പിന് അടിച്ചുതളിക്കാരിയിൽ ജനിച്ച മകനോടും അമ്മയോടും പ്രായശ്ചിത്തം ചെയ്യാൻ കാലമാകുന്നത് വാർദ്ധക്യത്തിലാണ്. തന്റെ മക്കളായ ഡോകട്റും, എഞ്ചിനീയറും വക്കീലും തന്നെയോ തറവാടിനെയോ നോക്കില്ലെന്ന് നിശ്ചയം വന്നപ്പോഴാണ് വിക്രമകുറുപ്പിന്റെ ശ്രദ്ധ നിരക്ഷരനായ കൃഷ്ണൻകുട്ടിയിൽ പതിഞ്ഞത്. എന്നാൽ മകൻ എന്ന നിലയിലുള്ള അംഗീകാരം മാത്രമാഗ്രഹിക്കുന്ന കൃഷ്ണൻകുട്ടി പ്രായശ്ചിത്തത്തിനുള്ള അവസരം അറിയാതെയാണെങ്കിലും അച്ഛന് നിഷേധിക്കുകയാണ്. തനിക്ക് വിദ്യാഭ്യാസം നൽകാതെ വളർത്തിയ പിതാവിനോട് അല്പം പോലും അമർഷം കൃഷ്ണൻകുട്ടിക്ക് തോന്നുന്നില്ല. രക്ഷിതാവിനോടുള്ള വിധേയത്വം മാത്രമേ അയാൾക്കുള്ളൂ. അവിഹിതസന്തതിയെ അംഗീകരിക്കാൻ പ്രേരണ നൽകുന്ന ഘട്ടമായിട്ടാണ് വാർദ്ധക്യം കഥാകാരി ചിത്രീകരിച്ചിരിക്കുന്നത്.

**2.2.1.8. കാലത്തെ പ്രതിരോധിക്കുന്നവർ:**

വാർദ്ധക്യത്തെ കൂസാത്ത വ്യക്തികളെയാണ് ഈ വിഭാഗത്തിൽ പെടുത്തിയിരിക്കുന്നത്. കോവൂരിന്റെ താക്കോൽ, ലളിതാംബികാ അന്തർജ്ജനത്തിന്റെ അച്ഛന്റെ മകൻ എന്നീ കഥകളാണ് പരിശോധിക്കുന്നത്. സ്ത്രീകഥകളുടെ പ്രാതിനിധ്യം ഇവിടെ കാണുന്നില്ല.

**2.2.1.8.1. കോവൂരിന്റെ 'താക്കോൽ':**

വാർദ്ധക്യം ക്ഷീണകാലമെന്ന് കരുതി ഒരുങ്ങിയിരിക്കാതെ അത് വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്ന കഥയാണ് കോവൂരിന്റെ 'താക്കോൽ' സ്വപ്രയത്നംകൊണ്ട്

നേടിയ സ്വത്ത് സ്വന്തമായിക്കിട്ടാൻ അച്ഛന്റെ മരണം വരെ കാത്തിരിക്കാതെ നിവൃത്തിയില്ലെന്നറിയുന്ന മക്കളാണ് അയാൾക്കുള്ളത്. എഴുപത്തെട്ടുകാരനായ വൃദ്ധനു സ്വത്തേൽപ്പിക്കത്തക്ക വിശ്വാസം മക്കളിലില്ലതാനും. അയാളുടെ വാർദ്ധക്യം ആനന്ദമടയുന്നത് സ്വത്ത് സമ്പാദിച്ചു കൂട്ടുന്നതിലാണ്. കഥയിലെ ആഖ്യാതാവായ വാടകക്കാരന്റെ ചിന്തയിലൂടെയാണ് കഥയാരംഭിക്കുന്നത്.

*വാർദ്ധക്യത്തെക്കുറിച്ച് ഞാൻ വാസ്തവത്തിൽ കാര്യമായി ആലോചിച്ചു തുടങ്ങിയത് ആ മനുഷ്യനെ അടുത്ത് പരിചയമായശേഷം മാത്രമായിരുന്നു. ഭാവിയിലെവിടെയോ തങ്ങിനിൽക്കുന്ന ഒരു അസുഖപരമാർത്ഥമായി മാത്രം വയസ്സുകാലത്തെക്കുറിച്ച് അവ്യക്തമായി ഓർത്തു കഴിയുന്നതും വേഗത്തിൽ അതു മറന്നുകളയുവാൻ ശ്രമിക്കയായിരുന്നു എന്റെ പതിവ്. എന്നാൽ ആ വൃദ്ധൻ - ആ കുബേരൻ - അതു സമ്മതിച്ചില്ല. (1965: 69)*

പണക്കാരനായ വൃദ്ധൻ ചെറുപ്പക്കാരനായ ആഖ്യാതാവിനെ സ്വാധീനിച്ചതു വഴിയാണ് അയാളുടെയും മക്കളുടെയും ഇടനിലക്കാരനാകാൻ വാടകക്കാരനു കഴിയുന്നത്. പണപ്പെട്ടിയുടെ താക്കോലിനുവേണ്ടി അച്ഛൻ മരിക്കുന്നതുവരെ കാത്തിരിക്കാൻ അയാൾ മക്കളെ പ്രേരിപ്പിക്കുന്നു. കെട്ടിടത്തിൽ മുതൽ മുടക്കുന്നതാണു ലാഭം എന്ന് ചിന്തിക്കുന്ന വൃദ്ധന്റെ കച്ചവടമനസ്ഥിതി മുതലാളിത്തത്തിന്റെ പ്രകടനപരതകൂടിയാണ്. കൂടുതൽ ഊർജ്ജസ്വലരായ വ്യക്തികൾ കൂടുതൽ സംതൃപ്തരായിരിക്കും എന്ന കാഴ്ചപ്പാട് (Activity Theory) ഈ വയസ്സന്റെ നേട്ടങ്ങൾക്ക് പിന്നിലുണ്ട്.

**2.2.1.8.2. ലളിതാംബിക അന്തർജ്ജനത്തിന്റെ 'അച്ഛന്റെ മകൻ':**

ഇത് ഒരു രാഷ്ട്രീയ കഥയായിട്ടാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. 1949ൽ എഴുതിയ ഈ കഥ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വളർച്ചയുടെ ഘട്ടത്തിൽ ഇവി

ടത്തെ ഒരു വിഭാഗം ജനങ്ങൾ അനുഭവിച്ച ദുരിതങ്ങളെക്കുറിച്ച് അന്തർജ്ജനം എഴുതിയതാണെന്ന് എം.എം. ബഷീർ അഭിപ്രായപ്പെട്ടു കാണുന്നു (2002: 234). സമത്വസുന്ദരമായ ഒരു രാജ്യത്തിനു വേണ്ടിയുള്ള അച്ഛന്റേയും മകന്റേയും പോരാട്ടം എന്ന നിലയിൽ ഇതിനോട് യോജിക്കേണ്ടിയിരിക്കുന്നു. എന്നാൽ നീതി ലഭിക്കാത്ത സാധാരണക്കാരൻ ജനാധിപത്യ ഭരണത്തിൻ കീഴിൽ വിഡ്ഢികളാക്കപ്പെടുകയാണുണ്ടായത്. ഭരണകൂടം കരിഞ്ചന്തക്കാരായ മുതലാളികളുടെ കൂടെയാണ്. മകനെ അച്ഛൻ ഒറ്റിക്കൊടുക്കുന്നില്ല. അധികാരികളെ അനുസരിക്കാൻ മാത്രം വിധിക്കപ്പെട്ട പോലീസിനോട് അച്ഛന് സഹതാപമേ ഉള്ളൂ. ഓരോ തലമുറയുടേയും മാർഗ്ഗം വ്യത്യസ്തമാണ് എന്ന് തിരിച്ചറിയാനും അംഗീകരിക്കാനും അച്ഛനാകുന്നു. ബ്രിട്ടീഷ് ചക്രവർത്തിയെ സേവിച്ച തന്റെ അച്ഛന് താൻ നഷ്ടപ്പെട്ടപോലെ സ്വാതന്ത്ര്യസമരസേനാനിയായിരുന്ന തനിക്ക് വിപ്ലവകാരിയായ മകൻ നഷ്ടപ്പെട്ടതായി അച്ഛൻ മനസ്സിലാക്കുന്നു. തടവറയൽകിടന്ന് മരിക്കാൻ പോലും തയ്യാറാകുന്ന ധീരദേശാഭിമാനിയാണയാൾ. രാഷ്ട്രീയപരിണാമത്തിൽ അനാഥമാക്കപ്പെട്ട സ്വാതന്ത്ര്യസമരഭടന്റെ വാർദ്ധക്യത്തെ വെളിപ്പെടുത്താൻ അന്തർജ്ജനം ഉപയോഗിച്ചത് ആവേശഭരിതമായ സംഭാഷണത്തിന്റെ രീതിയാണ്. ഉദാ:- അച്ഛൻ മകനോട് പറയുന്ന ഭാഗം. *"വീടു നശിച്ചെങ്കിലും നാടു നന്നാവട്ടെ മോനെ. മാനമുള്ള ജനതയാണിത്. മറ്റെല്ലാം മുടിച്ചാലും മാനം മുടിക്കല്ലേ"* (ലളിതാംബിക അന്തർജ്ജനം. 2009:209)

**2.2.1.9. ആശ്രിതരായ വൃദ്ധർ:**

ഒരു വൃദ്ധന്റെ കഥ മാത്രമേ ഈ വിഭാഗത്തിൽ ഉള്ളൂ.

മറ്റുള്ളവരെ ആശ്രയിച്ചുകഴിയേണ്ട ഒരവസ്ഥയാണ് വാർദ്ധക്യം. കേശവദേവിന്റെ 'അവൻ വലിയ ഉദ്യോഗസ്ഥനാ' എന്ന കഥയിലെ വൃദ്ധദമ്പതികൾക്ക് ഈ ആശ്രയം

ലഭിക്കുന്നില്ല. കൊച്ചുപുത്രനെ സർക്കാരുദ്യോഗസ്ഥനാക്കാൻ കഷ്ടപ്പെട്ട ശങ്കുനായർക്കും കുഞ്ഞുക്കുട്ടിയമ്മയ്ക്കും അതിനുവേണ്ടി പല ത്യാഗവും സഹിക്കേണ്ടി വന്നിട്ടുണ്ട്. മകനെ പിണക്കേണ്ടി വന്നു. വിൽക്കുകയും പണയം വയ്ക്കയും വേണ്ടി വന്നു. രാഘവന് സെക്രട്ടറിയേറ്റിൽ ക്ലാർക്കുദ്യോഗം കിട്ടിയപ്പോൾ കെട്ടിയ മനക്കോട്ടകളെല്ലാം അവന്റെ ദയനീയസ്ഥിതി നേരിൽ കണ്ടപ്പോൾ ഇല്ലാതാവുന്നു. മറ്റൊരാളുടെ ഔദാര്യംപറ്റി കഴിഞ്ഞുകൂടുന്ന രാഘവൻ അപ്പൂപ്പന് ഒരു നേരത്തെ ഭക്ഷണം വാങ്ങിക്കൊടുക്കാൻ പോലും ഗതിയില്ലാത്തവനാണ്.

**2.2.1.10. പ്രവാസികളായ മക്കളുള്ള വൃദ്ധർ:**

**2.2.1.10.1. പ്രവാസികളായ മക്കളുള്ള വൃദ്ധന്മാർ:**

**2.2.1.10.1.1. ലളിതാംബിക അന്തർജ്ജനത്തിന്റെ 'ഇരുപതാം നൂറ്റാണ്ടിലെ വൃദ്ധൻ':**

ഈ കഥ മാത്രമേ വൃദ്ധന്മാരെ കേന്ദ്രീകരിച്ചതായുള്ളൂ.

തൊഴിൽ തേടി മക്കൾ ദൂരദിക്കിലേക്ക് പോകുന്നത് നാട്ടിലെ പിതാവിനെ ബാധിക്കുന്ന ഒരു കഥ ലളിതാംബിക അന്തർജ്ജനത്തിന്റേതായുണ്ട്. 'ഇരുപതാം നൂറ്റാണ്ടിലെ വൃദ്ധൻ' എന്ന കഥയിലെ വൃദ്ധന്റെ മക്കളും പേരക്കുട്ടികളും വിദേശവാസികളാണ്. അടുത്തില്ലെങ്കിലും കുവൈറ്റിലും ജർമനിയിലും മൈസൂരിലുമുള്ള അവരെപ്പറ്റി അഭിമാനിക്കാനുള്ള ഭാഗ്യം താൻ തന്നെ ഉണ്ടാക്കിയതാണെന്ന ചിന്ത അയാൾക്കുണ്ട്. മക്കളുടെ ഉയർച്ചയെന്ന മോഹം സാഫല്യമടയുമ്പോൾ തന്നെ അവരുടെ അകൽച്ചയും മനസ്സിൽക്കാണണമെന്ന് വൃദ്ധൻ മനസ്സിലാക്കുന്നു. അയാൾ പണക്കാരനാണെന്ന പൊതുജനവിശ്വാസം, പൊട്ടിപ്പൊളിഞ്ഞ നിലവും കാലിളകിയ മരക്കട്ടിലും തെറ്റാണെന്നറിയിക്കുന്നു. കപ്പയാണ് അയാളുടെ ജീവൻ നിലനിർത്തുന്നത്. അയാളെ 'വല്യപ്പച്ചാ' എന്നു വിളിക്കാൻ അന്നാട്ടിൽ നോവലെഴുതാൻ വന്നയാളേ ഉണ്ടായുള്ളൂ. മുപ്പ

ത്തിമൂന്ന് പേരക്കുട്ടികളുള്ള വല്യപ്പച്ചന് ഒന്നിന്റെയും മുഖം ഓർമ്മ വരുന്നില്ല. പത്തു കൊല്ലം മുമ്പ് മരിച്ച ഭാര്യ, ശരിയായി ഭക്ഷണം കഴിക്കായ്ക, എല്ലാം വിറ്റ് കൂടെ ചെല്ലാൻ പറയുന്ന മകൻ, മുഖം കറുപ്പിക്കുന്ന മരുമകൾ - ഈ യാഥാർത്ഥ്യത്തോട് പൊരുത്ത പ്പെടാൻ വൃദ്ധന് ബുദ്ധിമുട്ടുണ്ട്. അയാൾ നോവലിസ്റ്റിനോട് പറയുന്നു.

*നമുക്ക് നമ്മുടെ നാടാ നല്ലത്. മോനേ. അപ്പനപ്പൂപ്പൻമാര് കിടന്ന് ചത്ത വീട്ടിക്കെടന്നു തന്നെ ഞാനും ചാവും. കുഞ്ഞ് വല്യപ്പച്ചാ എന്നു വിളിച്ചു കേട്ടപ്പോത്തന്നെ നിറഞ്ഞു. വയസ്സായവർക്ക് മക്കളെയൊന്നു കണ്ടാമതി കുഞ്ഞെ, വയറു നിറയും (2009:616)*

മക്കൾ മറുനാടുകളിലുള്ള വൃദ്ധമാതാപിതാക്കളുടെ മനസ്സു വ്യക്തമാക്കുന്നതാണ് വൃദ്ധന്റെ വാക്കുകൾ. ഈ കാലഘട്ടത്തിൽ പ്രവാസം ഒരെഴുത്തുകാരി മാത്രം കൈക്കാര്യം ചെയ്തുവെന്ന കാര്യം ശ്രദ്ധേയമാണ്.

**2.2.1.10.2. പ്രവാസികളായ മക്കളുള്ള വൃദ്ധകൾ:**

അന്തർജ്ജനത്തിന്റെ തന്നെ 'ആദിമാതാവിനു കിട്ടിയ ശാപം' 'വ്യാകുല സങ്കേതം, 'പവിത്രമോതിരം, 'ഭാഗ്യം' എന്നീ കഥകളിലെ അമ്മമാരുടെ മക്കൾ പ്രവാസികളാണ്. എന്നാൽ അവരെല്ലാം ആ അവസ്ഥയെ മനസ്സാ അംഗീകരിക്കുന്നവരായാണ് ചിത്രീക രിക്കപ്പെട്ടിരിക്കുന്നത്.

**2.2.1.11. അവഗണിക്കപ്പെടുന്ന വൃദ്ധർ:**

അവജ്ഞയും അവഗണനയും വീടുകളിൽ വൃദ്ധർ അനുഭവിക്കേണ്ടി വരുന്നുണ്ട്. മറ്റുള്ളവർ കണക്കാക്കാതിരിക്കുക. മാറ്റനിർത്തുക തുടങ്ങിയവയാണ് ഇവിടെ ഉദ്ദേശി ക്കുന്നത്. ലളിതാംബിക അന്തർജ്ജനത്തിന്റെ 'മരുമകന്റെ കൊട്ടാരം' എന്ന കഥയാണ്

പരിഗണിക്കുന്നത്. വൃദ്ധകളുടെ കഥകൾ ഇല്ല.

**2.2.1.11.1. അവഗണിക്കപ്പെടുന്ന വൃദ്ധന്മാർ:**

**2.2.1.11.1.1. ലളിതാംബിക അന്തർജ്ജനത്തിന്റെ 'മരുമകന്റെ കൊട്ടാരം':**

പണവും പദവിയുമുള്ളവർ അതില്ലാത്തവരെ കണ്ടില്ലെന്ന് നടിക്കുന്നത് ഈ കഥയിലുണ്ട്. സമ്പന്നനും അമേരിക്കൻ ഡോക്ടറുമായ മരുമകന്റെയും പ്രൊഫസറായ ഭാര്യയുടെയും കണ്ണിൽ കൃമിതുല്യനായ കേശുമ്മാവന്റെ കഥയാണ് 'മരുമകന്റെ കൊട്ടാരം'. നാട്ടുകാര്യത്തിനുവേണ്ടി കൂട്ടുകാർക്കൊപ്പം തലസ്ഥാനനഗരിയിലെത്തിയ കേശുമ്മാവന് മരുമകന്റെ സ്വീകരണമുറിക്കപ്പുറം കാണാൻ പോലും കഴിയുന്നില്ല. താൻ കൊണ്ടുവന്ന ഉപ്പേരിയും കൊണ്ടാട്ടവും മരുമകനും ഭാര്യയും കൂടി ഓടയിൽ എറിയുന്നതിന് കേശുമ്മാവൻ സാക്ഷിയായി. മരുമകനെപ്പറ്റി പൊങ്ങച്ചം പറഞ്ഞ നാവിന് അവനെ നിന്ദിക്കാനാകുന്നില്ല. വലിയ നിലയിലുള്ള മരുമക്കൾ തറവാടു നന്നാക്കാനോ അമ്മാവനെ നോക്കാനോ മുതിരുന്നില്ല. മരുമക്കത്തായത്തിന്റെ ശക്തി ക്ഷയിച്ചു വരുന്നത് കഥയിലെ മരുമകന്റെ പ്രതികരണത്തിൽ നിന്നും മനസ്സിലാക്കാം. മരുമകൻ സ്വീകരിച്ച പുതിയ ലോകക്രമം മനസ്സിലാക്കാൻ കേശുമ്മാവൻ തുനിയുന്നതുമില്ല.

**2.2.1.12. വാർദ്ധക്യ ലൈംഗികത:**

വയസ്സായവരുടെ ലൈംഗിക താത്പര്യം ചില കഥകളിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നത് ശ്രദ്ധേയമാണ്. തകഴിയുടെ 'അറുപതാം വയസ്സിൽ', എൺപതാം വയസ്സിൽ. കോവൂരിന്റെ 'പഴയ കുടത്തിൽ പുതിയ വീഞ്ഞ്', കാരൂരിന്റെ 'കിഴവന്റെ കല്യാണം' എന്നീ കഥകളാണ് പരാമർശിക്കുന്നത്.

### 2.2.1.12.1. വൃദ്ധന്മാരെ കേന്ദ്രീകരിച്ച കഥകൾ:

### 2.2.1.12.1.1. കാരൂരിന്റെ 'കിഴവന്റെ വിവാഹം':

ജീവിതം ആസ്വദിക്കാനുള്ള നാണുമേനോന്റെ കഴിവും വ്യക്തിപരമായ പ്രസരിപ്പും വിശാലമായ ലൈംഗികത(Sexuality)യുടെ ഫലമാണെന്നു കാണാവുന്നതാണ്. വൃദ്ധരെപ്പറ്റി പഠിച്ചിട്ടുള്ളവരെല്ലാം അവരുടെ ലൈംഗികതയെപ്പറ്റി പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. സവിശേഷമായി ജീവിതം ആസ്വദിക്കാനുള്ള നാണുമേനോന്റെ കഴിവും വ്യക്തിപരമായ പ്രസരിപ്പും വിശാലമായ ലൈംഗികത(Sexuality)യുടെ ഫലമാണെന്നു കാണാവുന്നതാണ് വൃദ്ധരുടെ ലൈംഗികജീവിതം സവിശേഷമായ ഒന്നാണ്. *ഒരു വ്യക്തിയുടെ സംസാരം, ചലനം, പ്രസരിപ്പ്, ജീവിതം ആസ്വദിക്കാനുള്ള കഴിവ് എന്നിവ ലൈംഗികതയിൽ ഉൾപ്പെടുന്നു*. (നാൻസി ആർ. ഹൂയ്മാൻ, എച്ച്. ആസുമാൻ കിയാക്ക്, 2011.276) *ശാരീരിക, വൈകാരിക ബൗദ്ധിക, ആത്മീയ, സ്വഭാവ, സാമൂഹിക, സാംസ്കാരികമയിട്ടുള്ള ഘടകങ്ങൾ* അടങ്ങിയതായതുകൊണ്ടാണ് ലൈംഗികതയ്ക്ക് വിശാലമായ മാനം ഉണ്ടെന്ന് ഈ കൃതിയിൽ അവകാശപ്പെട്ടു കാണുന്നത്. (ടി 276.277)

### 2.2.1.12.1.2. കോവൂരിന്റെ 'പഴയകുടത്തിൽ പുതിയ വീഞ്ഞ്':

പെൻഷനായ ഒരാളുടെ ലൈംഗിക ജീവിതത്തിൽ വന്ന മാറ്റങ്ങളെ ചിത്രീകരിക്കുന്ന കഥയാണ് 'പഴയ കുടത്തിൽ പുതിയ വീഞ്ഞ്', *'മനുഷ്യന്റെ വൈകാരിക വയസ്സും യഥാർത്ഥ വയസ്സും തമ്മിൽ എപ്പോഴും പൊരുത്തപ്പെട്ടിരിക്കണമെന്നില്ല'* (1965:298) എന്ന് കഥാകൃത്ത് പറയുന്നുണ്ട്. പെൻഷണർ ഒന്നിനും കൊള്ളാത്തവനാണന്ന വിശ്വാസം രാമലിംഗത്തിന്റെ ഭാര്യയ്ക്കും മക്കൾക്കുമുണ്ട്. രാമലിംഗത്തോടുള്ള പെരുമാറ്റത്തിൽ അത് നിഴലിക്കുന്നതായി കാണാം. പെൻഷണർക്ക് ആദ്ധ്യാത്മിക ജീവിതമാണ് യോജ്യം എന്ന ചിന്ത രാമലിംഗത്തിന്റെ ഭാര്യക്കുണ്ട്. നേരം പോകാൻ വേണ്ടി

അയാൾ പല മാർഗ്ഗങ്ങളും പരീക്ഷിക്കുന്നു. വൈകാരികജീവിതത്തിൽ നിന്ന് ഭാര്യയും ബിസിനസ്സ് കാര്യങ്ങളിൽ നിന്ന് മക്കളും അയാളെ മാറ്റി നിർത്തി. വേറെയാരെയെങ്കിലും കൂട്ടന്വേഷിക്കാൻ ഭാര്യയും അച്ഛനു വനവാസത്തിനു കാലമായെന്ന് മകനും അഭിപ്രായപ്പെട്ടു. തന്നെക്കാൾ മുപ്പതു വയസ്സു കുറവുള്ള ഒരു പെൺകുട്ടിയെ വിവാഹം കഴിച്ച് ഭാര്യും മക്കളും തന്നോട് കാണിച്ച അവഗണനയോട് പ്രതികരിക്കുകയാണ് രാമലിംഗം. കൂട്ടുകാരൻ വേദമുത്തു അയാളെ സഹായിക്കുന്നുമുണ്ട്. രാമലിംഗത്തിന്റെ ചെയ്തിയുടെ യഥാർത്ഥ കാരണം തിരിച്ചറിയാൻ ഭാര്യക്കും മക്കൾക്കും കഴിയുന്നില്ല. പെൻഷനാവൽ ഒരപരാധമാണ് എന്ന രീതിയിലുള്ള കുടുംബത്തിന്റെ ഇടപെടലാണ് ഉത്സാഹിയായ രാമലിംഗത്തിന്റെ ജീവിതത്തിൽ വഴിത്തിരിവാകുന്നത്. വൃദ്ധരെ സാധാരണ ജീവിതത്തിൽ നിന്ന് അകറ്റി നിർത്തേണ്ട ഒരു കാര്യവുമില്ലെന്ന് ഫലിതമായ ഭാഷയിൽ കോവൂർ പറയുന്നു. വ്യക്തിയുടെ വ്യക്തിപരമായ ലൈംഗിക ചരിത്രം അഹംബോധവും ആത്മാഭിമാനവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് നാൻസി ആർ ഹൂയ്മാൻ അഭിപ്രായപ്പെടുന്നത് ഇവിടെ ചേർന്നുപോകുന്നു. (2011 : 277) മാനസികമായ ചെറുപ്പമാണ് അയാളെ നിലനിർത്തുന്നത്. വീട്ടിൽ ഭാര്യാപുത്രാദികളുടെ പെരുമാറ്റം രാമലിംഗത്തിന്റെ ആത്മാഭിമാനത്തെ ഉണർത്താൻ പര്യാപ്തമായി.

**2.2.1.12.2. വൃദ്ധകളുടെ കഥകൾ:**

**2.2.1.12.2.1. തകഴിയുടെ കഥകൾ:**

അറുപതാം വയസ്സിൽ, എൺപതാം വയസ്സിൽ എന്നീ രണ്ടു കഥകളിലെയും വൃദ്ധകൾക്ക് കാര്യങ്ങൾ തുറന്നു പറയാനുള്ള ചങ്കൂറ്റമുണ്ടാവുന്നത് വയസ്സു കാലത്താണ്. മനുഷ്യമനസ്സിന്റെ വിചിത്രമായ ഗതികൾ 'അറുപതാം വയസ്സിൽ' ദൃശ്യമാണ്. അല്ലലില്ലാത്ത ജീവിതത്തിൽ മടുപ്പു തോന്നുന്ന വൃദ്ധയ്ക്ക് തന്നെ സാമർത്ഥ്യപൂർവ്വം ഉപേക്ഷിച്ച ആദ്യ ഭർത്താവിനോടുള്ള അനുരാഗം കുറഞ്ഞിട്ടില്ല. അയാളുടെ ഓർമ്മ അവ

രുടെ പുതിയ ജീവിതത്തിൽ അസംതൃപ്തിയുണ്ടാക്കുന്നു. ജീവശാസ്ത്രപരമായ ലൈംഗികചോദനയാൽ പ്രചോദിതയായിട്ടാണ് അവർ അയാൾക്ക് കത്തെഴുതുന്നത്. സ്നേഹിക്കുകമാത്രം ചെയ്യുന്ന ഭർത്താവിനോടടുത്തിരിക്കുമ്പോഴും കുതന്ത്രക്കാരനായ ഭർത്താവിൽ പറ്റിക്കൂടുന്ന ഈ സ്ത്രീ, അകന്നു പോകുന്നതിനോടുള്ള മനുഷ്യന്റെ അടങ്ങാത്ത ഭ്രമത്തെയാണ് പ്രതീകവൽക്കരിക്കുന്നത്.

മരുമക്കത്തായവ്യവസ്ഥ തകരുകയും തനിക്ക് സാമ്പത്തികാധികാരം ലഭിക്കുകയും ചെയ്യുമ്പോഴാണ് മാധവി എന്ന മായിയമ്മൂമ്മയ്ക്ക് പരമനമ്മാവനെ ലഭിക്കുന്നുള്ളൂ. അവരുടെ എൺപതാംവയസ്സിൽ അവർ വധുവായി ചമയുന്നു. മരിക്കുമ്പോൾ ഉടുക്കാൻ മാറ്റിവെച്ച പുടവയുടുക്കുന്നതോടെ മായിയമ്മൂമ്മ ജീവിതത്തെ സ്വീകരിക്കുകയാണ്. അമ്മൂമ്മയുടെ പ്രണയസാഫല്യത്തെ മക്കളും കൊച്ചുമക്കളും എതിർക്കാത്തത് സ്വത്ത് അമ്മൂമ്മയുടെ പേരിലായതു കൊണ്ടാണ്. 'എൺപതാം വയസ്സിൽ' എന്ന കഥയിലെ മായിയമ്മൂമ്മയുടെ ആഗ്രഹം നടക്കാതെ പോകുന്നത് മരുമക്കത്തായം എന്ന സാമൂഹികവ്യവസ്ഥിതിയുടെ നിലപാട് നിമിത്തമാണ്. ഇഷ്ടപ്പെട്ടയാളെ വിവാഹം കഴിക്കാൻ രണ്ടുപേർക്കും കഴിയുന്നില്ല. സമുദായനീതിയെ ധിക്കരിക്കാനുള്ള ചങ്കുറപ്പ് മായിയമ്മൂമ്മയ്ക്കോ പരമനമ്മാവനോ ഇല്ലാതെ പോയത് അതു കൊണ്ടാണ്. വാർദ്ധക്യ ലൈംഗികതയിൽ ശാരീരികവും വൈകാരികവുമായ ഘടകങ്ങൾ മാത്രമല്ല ഉള്ളത്. ആത്മീയവും സാമൂഹികവും സാംസ്കാരികവുമായ ഘടകങ്ങൾ കൂടി അതുൾക്കൊള്ളുന്നു എന്ന് നാൻസി ആർ ഹൂയ്മാൻ അഭിപ്രായപ്പെട്ടിട്ടുള്ളത് സാധൂകരിക്കുന്ന ഒന്നായിത്തീരുന്നു മായിയമ്മുമ്മയുടെ കാത്തിരിപ്പ്.

### 2.3. വാർദ്ധക്യാനുഭവം-സ്ത്രീ പുരുഷ വ്യത്യാസം:

സ്ത്രീക്കും പുരുഷനും വെവ്വേറെ സ്ഥാനം കൊടുക്കുന്ന ഒരു സമൂഹമാണ് നമ്മു

ടേത്. സമത്വത്തിനു വേണ്ടിയുള്ള മുന്നേറ്റങ്ങളും അതിനു വേണ്ടിയുള്ള സ്ത്രീ,സം ഘടനകളുടെ പ്രവർത്തനങ്ങളും നടക്കുന്നുണ്ടെങ്കിലും കേരളീയ സമൂഹത്തിൽ ഇന്നും സ്ത്രീയെ രണ്ടാം തരക്കാരിയായിട്ടാണ് കാണുന്നത്. ഈ പശ്ചാത്തലത്തിൽ നവോത്ഥാനകാഥികരുടെ വൃദ്ധ സ്ത്രീ കഥാപാത്രങ്ങൾ അടിച്ചമർത്തപ്പെട്ട ഒരു വിഭാഗമായിട്ടാണ് കാണുന്നത്. മറ്റൊന്ന് മുപ്പതുകഴിഞ്ഞാൽ സ്ത്രീകൾക്കു വാർദ്ധക്യമായി എന്ന രീതിയിലുള്ള സമീപനം ഈ കാലഘട്ടത്തിലുള്ളവർ സ്വീകരിച്ചു കണ്ടിട്ടുണ്ട്. സ്ത്രീകളുടെ ജീവിതരീതിയിലുള്ള വ്യത്യാസം അങ്ങനെയാണ് അടയളപ്പെടത്തപ്പെട്ടത്. ഓരോ കാലഘട്ടത്തിലും വാർദ്ധക്യത്തിന്റെ പരികല്പനകൾ മാറി വരുന്നത് ഇതിൽനിന്നും മനസ്സിലാക്കാം. അവ്യവസ്ഥിതമായ ഒരവസ്ഥ വാർദ്ധക്യത്തെ നോക്കിക്കാണുന്നതിൽ ഉണ്ടായിരുന്നു എന്ന വസ്തുതയാണ് ഇതു തെളിയിക്കുന്നത്.

പൊതുവെ സ്ത്രീകളുടെ വാർദ്ധക്യം ചിത്രീകരിക്കപ്പെട്ട കഥകൾ കുറവായാണ് കാണാൻ കഴിഞ്ഞത്. ഒറ്റപ്പെടലാണ് സ്ത്രീകളും പുരു,ഷന്മാരും നേരിടുന്ന വലിയ വിഷയം. അതിൽത്തന്നെ വൃദ്ധന്മാരുടെ കഥകളാണ് അധികം. കൂടുതൽ സ്ത്രീകഥകൾ എഴുതിയിട്ടുള്ളത് ലളിതാംബിക അന്തർജ്ജനമാണ്. പ്രവാസികളായ മക്കളുള്ളവരുടെ വാർദ്ധക്യം ശക്തമായ ഭാഷയിൽ ആവിഷ്കരിക്കാൻ അവർക്കായിട്ടുണ്ട്. അത്തരം കഥകൾ അവരാണ് എഴുതിയിട്ടുള്ളത്. വാർദ്ധക്യ ലൈംഗികതയിൽ ഇരുകൂട്ടരും കഥാപാത്രങ്ങളായി വരുന്നുണ്ട്. നവോത്ഥാനകാലത്തുതന്നെ ഈ പ്രമേയം കഥാവിഷയമായി വന്നിരുന്നു എന്നു മനസ്സിലാക്കാം.

ഇരകൾ എന്ന വിഭാഗത്തിൽ സാമൂഹികമാറ്റത്തിന്റെ ഇരകളെയാണ് ഏറെയും കാണാൻ കഴിഞ്ഞത്. ദാരിദ്ര്യം തൊട്ടടുത്തുതന്നെ നിൽക്കുന്നു. ഇവിടെയും വൃദ്ധന്മാരുടെ കഥകളാണ് കൂടുതൽ.

പെൻഷനുമായി ബന്ധപ്പെട്ട കഥകൾ എടുത്തുനോക്കിയാൽ സ്ത്രീകളുടെ പ്രാതി

നിധ്യം ഇല്ലെന്നു കാണാം. താരതമ്യേന വലിയ വിഭാഗമാണ് പെൻഷൻ പറ്റിയവരും ഒറ്റപ്പെട്ടവരും 'ഇരകൾ' എന്നുള്ള വിഭാഗത്തിലും ധാരാളം കഥകൾ വന്നിട്ടുണ്ട്. സാമൂഹികമാറ്റവും ദാരിദ്ര്യവും വൃദ്ധരെ അലട്ടിയിരുന്നു എന്ന് ഈ വിഭാഗത്തിന്റെ അപഗ്രഥനത്തിൽ നിന്ന് മനസ്സിലാക്കാം.

**2.4. നവോത്ഥാനകാലവും വാർദ്ധക്യവും:**

ഈ അദ്ധ്യായത്തിൽ അപഗ്രഥിച്ച നോവലുകളിലും കഥകളിലും നിന്ന് എത്തിച്ചേർന്ന കണ്ടെത്തലുകളാണ് ഈ ഖണ്ഡത്തിൽ ക്രോഡീകരിക്കുന്നത്. ആദ്യകാല മലയാള നോവലുകളായ ചന്തുമേനോന്റെ ഇന്ദുലേഖയും സി.വി.രാമൻപിള്ളയുടെ രാമരാജാബഹദൂറും പരിശോധിക്കുമ്പോൾ വാർദ്ധക്യം മുഖ്യപ്രമേയമായി കാണുന്നില്ല. അതേ സമയം കഥാഗതി നിയന്ത്രിക്കുന്നതിന് വൃദ്ധകഥാപാത്രങ്ങൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടുതാനും. കൊച്ചുതൊമ്മൻ അപ്പോത്തിക്കരിയുടെ 'പരിഷ്കാരപ്പാതി' എന്ന നോവലിലും കഥാഗതി മുന്നോട്ടു കൊണ്ടുപോകുന്നത് കാരണവരായ് പുന്തോട്ടിൽ മൂപ്പീന്നിന്റെ ശക്തമായ ഇടപെടലാണ്. ഇങ്ങനെ മുഖ്യകഥയെ പോഷിപ്പിച്ചു കൊണ്ടിരുന്ന ഈ ഉപകഥാപാത്രങ്ങൾ മലയാളനോവലിന്റെ മുൻനിരയിലേയ്ക്ക് കടന്നുവരുന്നത് നവോത്ഥാനഘട്ടത്തിലാണ്. കഥയിലും വാർദ്ധക്യം അംഗീകൃത വിഷയമാകുന്നത് ഈ കാലഘട്ടത്തിലാണ്.

രണ്ടാം അദ്ധ്യായത്തിൽ വാർദ്ധക്യകേന്ദ്രീകൃതമായ നാലു നോവലുകളാണ് ഉള്ളത്. തകഴിയുടെ 'കോടിപ്പോയ മുഖങ്ങൾ', 'ഒരു എരിഞ്ഞടങ്ങൽ', ചെറുകാടിന്റെ 'മുത്തശ്ശി', ലളിതാംബിക അന്തർജ്ജനത്തിന്റെ 'അഗ്നിസാക്ഷി' എന്നിവയാണവ. തകഴിയുടെ 'കോടിപ്പോയ മുഖ'ങ്ങളിലെ നായകനായ പരമമ്മാവൻ അപ്രതിരോധ്യമായ ആജ്ഞാശക്തിയുള്ളവനായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. വൃദ്ധർക്ക് ശാപമായ സാമ്പത്തികക്ലേശം

അയാളെ അലട്ടുന്നില്ല. അധികാരം കൈയാളുന്ന മരുമക്കത്തായക്കാരണവരായി നില കൊള്ളുന്ന സമയംതന്നെ മക്കത്തായത്തിനോടുള്ള ചായ്‌വ് പ്രകടിപ്പിക്കുന്നുമുണ്ട്. മക്ക ത്തായത്തിന്റേയും മരുമക്കത്തായത്തിന്റെയും ഇടയിൽ ചഞ്ചലമായ ഒരു മനസ്സിന്റെ ഉടമയാകാനേ പലപ്പോഴും പരമമ്മാവന് കഴിയുന്നുള്ളൂ. അയാൾക്ക് എല്ലാം പുതുമ യുള്ള കാഴ്ചകളാണ് എന്നു പറയുമ്പോൾ തന്നെ ജീവിതത്തിനോടുള്ള മടുപ്പില്ലായ്മ യാണ് പ്രകാശിതമാകുന്നത്. അതുകൊണ്ടാണ് സമ്പത്തിനിടയ്ക്കുള്ള മാർഗ്ഗതടസ്സ മൊഴിവാക്കാൻ അച്ഛന്റെ കൊലപാതകത്തെപ്പറ്റി പ്രഭയും കോമളവും ചിന്തിക്കുന്നതും ഡോക്ടർ മുകുന്ദനെ ഏർപ്പാടാക്കുന്നതും വാസ്തവത്തിൽ ഡോക്ടറുടെ സഹായ ത്തോടെ ആത്മഹത്യ ചെയ്യാനുള്ള പരമമ്മാവന്റെ നിശ്ചയം അവരെ പരാജയപ്പെടു ത്തുകയാണ്. കുഷ്ഠം അയാളുടെ ശരീരത്തെയല്ലാതെ മനസ്സിനെ ബാധിക്കുന്നില്ല. പ്രകൃതിയിൽ എന്നും പുതുമ കാണുന്ന, ജീവിതത്തെ സ്നേഹിക്കുന്ന അയാൾ ബാഹ്യ മായ വാർദ്ധക്യത്തെ പരാജയപ്പെടുത്തുകയാണ്. അതേസമയം തന്റെ മനുഷ്യരൂപം നഷ്ടപ്പെടുത്തി തന്നെ ആൾക്കുരങ്ങാക്കി മാറ്റുന്ന രോഗം ശരീരത്തിന്റെ അവസ്ഥ മാത്രമല്ല മനസ്സിന്റേതു കൂടിയാണ്.

'ഒരു എരിഞ്ഞടങ്ങൽ' എന്ന നോവലിൽ ഒരു കൃഷിക്കാരനെയാണ് തകഴി അവത രിപ്പിക്കുന്നത്. കഥാനായകനായ വൃദ്ധന്റെ ചിന്തയിലൂടെ ഭൂത–വർത്തമാന–ഭാവികൾ പ്രത്യക്ഷീകരിക്കുകയാണ് ചെയ്യുന്നത്. സാമ്പത്തികമായ ഉയർച്ചയ്ക്ക് നേരായ മാർഗ്ഗ ങ്ങളല്ല ശിവരാമപിള്ള അവലംബിച്ചത് എന്നു കാണാം. സ്വന്തം കുടുംബത്തിന്റെ ശ്രേയ സ്സാണ് അയാൾക്കു മുഖ്യം. മരുമക്കത്തായം മാറി മക്കത്തായം വന്നുകഴിഞ്ഞിരിക്കു ന്നു. ആ വ്യത്യാസം പ്രകടമാണ്. കൃഷിക്കാരന്റെ മക്കൾ കൃഷിയിറക്കുന്നില്ല. കൃഷി ഭൂമി പണത്തിനു വേണ്ടി വിൽക്കുന്ന തലമുറയാണ് അവരുടേത്. അച്ഛന് കൃഷിയോടും ഭൂമിയോടുമുള്ള ആത്മാർത്ഥതയും ആർത്തിയോളമെത്തുന്ന സ്നേഹവും തിരിച്ചറി

യാൻ അതുകൊണ്ടു തന്നെ മക്കൾക്കാവുന്നില്ല. ലോകം മുഴുവൻ തന്റേതായ മലയാളി യുടെ വളർച്ചയാണ് നാട്ടിൽ വൃദ്ധരായ രക്ഷിതാക്കളെ ഒറ്റപ്പെടുത്തുന്നത് എന്ന യാഥാർത്ഥ്യം നോവലിലുണ്ട്. ശിവരാമപിള്ളയുടെ മരണശേഷം വീടും പറമ്പും കൃഷി ഭൂമിയും വിറ്റ് അമ്മയെ കൂടെ കൊണ്ടുപോകാൻ ഉത്സാഹിക്കുന്ന മക്കൾ ഇതാണു സാക്ഷ്യപ്പെടുത്തുന്നത്. ഓരോ കാലത്തും ഓരോന്നിനാണ് പ്രാധാന്യം എന്നു ഈ നോവ ലിൽ കാണാം. കൃഷിയും പണവും അതിന്റെ പ്രതിനിധികളാണ്. അതു തിരിച്ചറിയാൻ കഴിയാതെ പോകുന്ന വൃദ്ധനാണ് ശിവരാമപിള്ള. ഇവിടെ വാർദ്ധക്യം സാമൂഹികവും ശാരീരികവും മാനസികവുമായ തലങ്ങളിൽ തൊട്ട് നിലകൊള്ളുന്നതു കാണാം.

ചെറുകാടിന്റെ 'മുത്തശ്ശി'യിൽ പാരമ്പര്യവാദിയായ ഒരു വൃദ്ധ കമ്മ്യൂണിസത്തിന്റെ സമ്പർക്കം കൊണ്ട് യാഥാസ്ഥിതികത്വം ഉപേക്ഷിച്ച് പുരോഗമനവാദിയാകുന്നത് ചിത്രീ കരിച്ചിരിക്കുന്നു. സാമൂഹികപരിവർത്തനത്തിന്റെ ഉപാധിയായി വയസ്സായവരെ ഉപ യോഗിക്കുകയാണ് ഇവിടെയെല്ലാം.

നവോത്ഥാനസ്വഭാവമുള്ള നോവൽ എന്ന നിലയിലും സ്ത്രീയെ മുഖ്യ കഥാപാത്ര മാക്കി സ്ത്രീ എഴുതിയ കൃതി എന്ന നിലയിലും 'അഗ്നിസാക്ഷി' ശ്രദ്ധേയമാണ്. നവോ ത്ഥാന കാലഘട്ടത്തിലെ അപൂർവ്വം എഴുത്തുകാരികളിൽ ഒരാളാണ് ലളിതാംബിക അന്തർജ്ജനം. നമ്പൂതിരി സമുദായത്തിലെ പരിഷ്കരണങ്ങൾ ചിത്രീകരിക്കുന്ന നോവ ലാണിത്. ആചാരബദ്ധമായ ഈ സമുദായത്തിലെ സ്ത്രീകൾ, വിജാതീയസന്തതികൾ എന്നിവരുടെ കഥ പറയുന്ന നോവലാണ് 'അഗ്നിസാക്ഷി'. അറുപതു പിന്നിട്ട തങ്ക ത്തിന്റെ ഓർമ്മകളിലൂടെയാണ് ദേവകി എന്ന തേതിക്കുട്ടി ദേവീബഹൻ ആകുന്നതും സുമിത്രാനന്ദയാകുന്നുതം ചിത്രീകരിച്ചിരിക്കുന്നത്. വാർദ്ധക്യത്തിന്റെ നിറവിൽ ആചാ രനിഷ്ഠമായ മാനമ്പിള്ളിയില്ലത്ത് കുടികയറിയ തേതിക്കുട്ടിയുടെ ജീവിതത്തെ മനസ്സി ലാക്കാൻ തങ്കത്തിനേ കഴിയുന്നുള്ളൂ. സ്വാതന്ത്ര്യകാംക്ഷിയായ ദേവകിക്ക് ഭർത്താവിൽ

നിന്നും വേണ്ട പരിഗണനയോ വായിക്കാൻ വേണ്ട പുസ്തകങ്ങളോ ലഭിക്കുന്നില്ല. ചിന്താശേഷിയുള്ള അവൾ അവിടം വിട്ടു സമുദായപരിഷ്കരണത്തിനിറങ്ങി അതിന്റെ ചൂടാറിയപ്പോൾ രാഷ്ട്രസ്വാതന്ത്ര്യത്തിനു വേണ്ടി പ്രവർത്തിച്ചു. സ്വാതന്ത്ര്യം കിട്ടിയതിനു ശേഷം തന്റെ ആദർശപാലനത്തിനുവേണ്ടി സന്ന്യാസിനിയായി. എല്ലാവർക്കും മടങ്ങിപ്പോകാൻ ഇടമുണ്ടായിരുന്നു. സ്വന്തം ഹിതത്തേക്കാൾ മറ്റുള്ളവരുടേതിനു പ്രാധാന്യം കൊടുക്കുന്ന ഭർത്താവിനടുത്തേയ്ക്കു മടങ്ങാൻ അവർ തയ്യാറായില്ല.

ഘോഷാ ബഹിഷ്കരണം, കുടുമ മുറിക്കൽ, ജയിൽവാസം, അയിത്തമാചരിക്കായ്ക, സ്ത്രീകളുടെ സഭ, പൊതുപ്രവർത്തനം, പ്രസംഗം തുടങ്ങിയ നമ്പൂതിരി സമുദായ പരിഷ്കരണങ്ങൾ നോവലിൽ പ്രിതപാദിച്ചിട്ടുണ്ട്. ഭർത്താവ് അന്വേഷിച്ചിരുന്ന മോക്ഷ മാർഗ്ഗം തന്നെയാണ് ഭാര്യയും അഭയത്തിനായി കണ്ടെത്തുന്നത്. നമ്പൂതിരിമാരുടെ വിജാതീയമായ മക്കളുടെ വേദന കാണിക്കാൻ കൂടി എഴുതപ്പെട്ടതാണ് 'അഗ്നിസാക്ഷി'. നമ്പൂതിരിയായ ഉണ്ണിയുടെ അസ്ഥികലശം നദിയിലൊഴുക്കുന്നത് നായരായ തങ്കത്തിന്റെ മകന്റെ മകളാണ് എന്ന വിപ്ലവാത്മകമായ സമീപനം കൊണ്ടുവന്നിട്ടുണ്ട്. അന്ധവിശ്വാസവും അനാചാരങ്ങളും നിലനിൽക്കുന്ന ഇത്തരം ഒരു സാമൂഹികാവസ്ഥയിലേ അതിന് വിപ്ലവാത്മകമായ പരിവേഷം ലഭിക്കൂ എന്നു മാത്രം.

ചരിത്രകഥകളും പ്രണയകഥകളും രചിച്ചുകൊണ്ടിരിക്കുന്ന ആദ്യകാലകഥാകാരൻമാർക്ക് വാർദ്ധക്യം ഗൗരവതരമായ ഒരു സാമൂഹികവിഷയമായി അനുഭവപ്പെട്ടിരുന്നില്ല. അമ്പാടി നാരായണപ്പുതുവാളിന്റെ 'ഉളി പിടിച്ച കയ്യ്', എം.ആർ.കെ.സി.യുടെ 'കണ്ണിപ്പറമ്പിലെ കൊലപാതകൻ' കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ 'കിഴവൻ ശങ്കരന്റെ കഥ', മൂർക്കോത്ത് കുമാരന്റെ 'അവളുടെ മകൾ' തുടങ്ങിയ കഥകളിൽ വാർദ്ധക്യം കടന്നു വരുന്നുണ്ട്. വിനോദത്തിനുവേണ്ടി എന്നതിൽനിന്നും ഗൗരവതരമായി കൈകാര്യം ചെയ്യുന്ന ഒന്ന് എന്ന അവസ്ഥയിലേക്ക് ക്രമേണ എഴുത്ത് മാറു

ന്നുണ്ട്. സാഹിത്യചരിത്രകാരന്മാർ നവോത്ഥാനകാലഘട്ടം എന്ന് വ്യവഹരിക്കുന്ന ഈ കാലത്ത് വാർദ്ധക്യം പൊതുപ്രശ്നമായി വരുന്ന നിരവധികഥകൾ മലയാളത്തിലുണ്ടായി. നവോത്ഥാന പുരോഗമന കാഥികരുടെ കഥകളിൽ വലിയൊരു ഭാഗം വൃദ്ധകഥകളാണെന്നു കാണാം. തകഴിയുടെ പാരമ്പര്യം, തഹസീൽദാരുടെ അച്ഛൻ, കൃഷിക്കാരൻ, ബസ്റ്റാന്റുവരെ, ഒരു ജീവിതം, ഒരു സാധാരണ ത്യാഗം, അറുപതാം വയസ്സിൽ, എൺപതാം വയസ്സിൽ, കേശവദേവിന്റെ എന്നെപ്പോലെ വളരണം അവൻ, അവൻ വലിയ ഉദ്യോഗസ്ഥനാ, അച്ഛനും ഭാര്യയും, രാഘവന്റെ അമ്മ, ബഷീറിന്റെ പത്രറിപ്പോർട്ട്, പൊൻകുന്നം വർക്കിയുടെ ഈശോ പോശാ, ദുഷ്ടൻ, ആ വാഴവെട്ട്, അവരുടെ ഭ്രാന്തൻ, കർത്താവേ ഇതെന്തൊരു മനുഷ്യൻ, എസ്.കെപൊറ്റെക്കാട്ടിന്റെ ഏഴിലംപാല, പ്രൊഫസറുടെ പ്രണയം, അന്തകന്റെ തോട്ടി, പഴയകോട്ട്, കാരൂരിന്റെ മാലപ്പടക്കം, സാറിനും പട്ടിക്കും, പെൻഷൻ, അമ്മൂമ്മ പറഞ്ഞത്, ചുടലത്തെങ്ങ്, മനുഷ്യരാവലുത്, കിഴവന്റെ മറുപടി, വൃദ്ധൻ, അനന്തിരവൻ, ചിറ്റപ്പൻ, ഒടുവിലത്തെ മകൻ, മോതിരം, ലോകം നന്നാക്കാൻ, ഭദ്രക്കാളിക്കാവ്, കയ്പ്, പശ്ചാത്താപം, നേരുകാരൻ, ഉതുപ്പാന്റെ കിണർ, കിഴവന്റെ വിവാഹം, സൗജന്യം, ഉറൂബിന്റെ ഓണം കഴിഞ്ഞു, കുഞ്ചു ആശാരി, എന്റെ മകൻ, വൃദ്ധന്റെ യൗവ്വനം, ഒരു പറ കണ്ണീർ, എൻ.പി.ചെല്ലപ്പൻ നായരുടെ മിന്നൽപ്പിണർ, ചങ്കരൻ പ്ലാവ്, ഒടുവിലത്തെ കണ്ണി, ഈ.എം.കോവൂരിന്റെ മരണം കാത്തു കിടന്ന മനുഷ്യൻ, പഴയകുടത്തിൽ പുതിയ വീഞ്ഞ്, ചുവപ്പുനാട, ജീവിപ്പാൻ, കാൽപ്പെട്ടി, താക്കോൽ, നാഗവള്ളി ആർ എസ് കുറുപ്പിന്റെ ചതിച്ചോതമ്രാ, പുലയന്റെ സമ്പാദ്യം, ഏൻ ചത്തു പോം ഈ പാടത്തുന്നു പോയാൽ, നെല്ലിന്റെ നാട്ടിൽ, പഴം കത്തിയും കത്രികയും, അമ്മാച്ചൻ, അത്താഴപ്പട്ടിണിക്കാരൻ, ഗുരുർദേവോഭവ, താരുണ്യത്തിന്റെ ചുടുകാട്, വ്യവസായശാലയിൽ, വാടകവീട്, മതിയായടിയന്, ഷഷ്ടിപൂർത്തി ദിനത്തിൽ, വിധവ, നാടകറാണി, വെട്ടൂർ രാമൻ നായരുടെ വൃദ്ധന്റെ

വിധി, അവകാശി, പരിണാമഗുപ്തി, ശവദാഹം, ഭൂദാനം, ഉപഹാരം, കാലഗതി, പാച്ചു പണിക്കർ, അമ്മ, ചെറുകാടിന്റെ ശിഷ്യ സമ്പത്ത്, ചാക്കുസഞ്ചി, ലളിതാംബിക അന്തർജ്ജനത്തിന്റെ വിധിബലം, സ്നേഹയാചകി, പാതയുടെ അവസാനം, മരത്തൊട്ടിൽ, മനുഷ്യപുത്രി, വിശ്വരൂപം, ഭാഗ്യം, ആദിമാതാവിനു കിട്ടിയ ശാപം, വ്യാകുലസങ്കേതം, പവിത്രമോതിരം, അച്ഛന്റെ മകൻ, അച്ഛൻ, ഇരുപതാം നൂറ്റാണ്ടിലെ വൃദ്ധൻ, മരുമകന്റെ കൊട്ടാരം, എന്നീ കഥകളെ കേന്ദ്രീകരിച്ചുള്ള പഠനമാണ് ഈ അദ്ധ്യായത്തിൽ നടത്തിയത്. പുരുഷകേന്ദ്രീകൃത കഥകളും സ്ത്രീകേന്ദ്രീകൃത കഥകളും എന്ന് കഥകളെ വിഭജിച്ചിട്ടുണ്ട്.

തകഴിയുടെ പാരമ്പര്യം, തഹസീൽദാരുടെ അച്ഛൻ, കൃഷിക്കാരൻ, ബസ്റ്റാന്റു വരെ, ഒരു ജീവിതം, കേശവദേവിന്റെ എന്നെപോലെ വളരണം അവൻ, അവൻ വലിയ ഉദ്യോഗസ്ഥനാ, അച്ഛനും ഭാര്യയും, ബഷീറിന്റെ പത്രറിപ്പോർട്ട്, പൊൻകുന്നം വർക്കിയുടെ ഈശോ പോശാ, ദുഷ്ടൻ, ആ വാഴവെട്, അവരുടെ ഭ്രാന്തൻ, കർത്താവെ ഇതെന്തൊരു മനുഷ്യേൻ എസ്.കെ.പൊറ്റെക്കാട്ടിന്റെ ഏഴിലം പാല, പ്രൊഫസറുടെ പ്രണയം, അന്തകന്റെ തോട്ടി, പഴയകോട്ട്, കാരൂരിന്റെ മാലപ്പടക്കം, സാറിനും പട്ടിക്കും, പെൻഷൻ, മനുഷ്യരാ വലുത്, കിഴവന്റെ മറുപടി, വൃദ്ധൻ, അനന്തരാവകാശി, ചിറ്റപ്പൻ, മോതിരം, ലോകം നന്നാക്കാൻ, ഭദ്രക്കാളിക്കാവ്, കയ്പ്, പശ്ചാത്താപം, നേരുകാരൻ, ഉതുപ്പാന്റെ കിണർ, കിഴവന്റെ വിവാഹം, സൗജന്യം, ഉറൂബിന്റെ ഓണം കഴിഞ്ഞു, കുഞ്ചു ആശാരി, എന്റെ മകൻ, വൃദ്ധന്റെ യൗവ്വനം, ഒരു പറ കണ്ണീർ, എൻ.പി.ചെല്ലപ്പൻ നായരുടെ മിന്നൽപ്പിണർ, ചങ്കരൻ പ്ലാവ്, ഇ.എം.കോവൂരിന്റെ മരണം കാത്തു കിടക്കുന്ന മനുഷ്യൻ, പഴയകുടത്തിൽ പുതിയ വീഞ്ഞ്, ചുവപ്പുനാട, ജീവിപ്പാൻ, കാൽപ്പെട്ടി, താക്കോൽ, നാഗവള്ളി ആർ എസ് കുറുപ്പിന്റെ ചതിച്ചോ തമ്രാ, പുലയന്റെ സമ്പാദ്യം, ഏൻ ചത്തു പോം ഈ പാടത്തുന്നു പോയാൽ, നെല്ലിന്റെ നാട്ടിൽ, പഴം കത്തിയും

കത്രികയും, അമ്മാച്ചൻ, അത്താഴപ്പട്ടിണിക്കാരൻ, ഗുരുർദേവോ ഭവ:, താരുണ്യത്തിന്റെ ചുടുകാട്, വ്യവസായശാലയിൽ, വാടകവീട്, വെട്ടൂർ രാമൻ നായരുടെ വൃദ്ധന്റെ വിധി, അവകാശി, പരിണാമഗുപ്തി, ശവദാഹം ഭൂദാനം, ഉപഹാരം, കാലഗതി, പാച്ചു പണിക്കർ, ചെറുകാടിന്റെ ശിഷ്യ സമ്പത്ത്, ലളിതാംബിക അന്തർജ്ജനത്തിന്റെ അച്ഛന്റെ മകൻ, അച്ഛൻ, ഇരുപതാം നൂറ്റാണ്ടിലെ വൃദ്ധൻ, മരുമകന്റെ കൊട്ടാരം എന്നീ കഥകൾ വൃദ്ധന്മാരെ കേന്ദ്രീകരിച്ചുള്ളവയാണ്.

കാരൂർ നീലകണ്ഠപിള്ള, പൊൻകുന്നം വർക്കി, നാഗവള്ളി ആർ എസ് കുറുപ്പ്, ലളിതാംബിക അന്തർജ്ജനം തുടങ്ങിയവർ കഥകളിൽ അവരവരുടെ ജീവിതകാലത്തെ അനുഭവങ്ങൾ, ജനിച്ച സമുദായം ഇവയിലൂന്നികൊണ്ടുള്ള കഥകളാണ് കൂടുതലും രചിച്ചത്. പരിചിതമായ ജീവിത പരിസരങ്ങളായതുകൊണ്ടുള്ള ആത്മാർത്ഥത നവോത്ഥാനകാഥികരുടെ കഥകളിലുണ്ട്.

മരുമക്കത്തായ തറവാടുകളുടെ തകർച്ച കേന്ദ്രീകരിച്ച കഥകളാണ് പാരമ്പര്യം, എൺപതാം വയസ്സിൽ (തകഴി), ഒരു പറ കണ്ണീർ (ഉറൂബ്), ഒടുവിലത്തെ കണ്ണി (എൻ. പി.ചെല്ലപ്പൻ നായർ), ചിറ്റപ്പൻ, ലോകം നന്നാക്കാൻ, ഭദ്രക്കാളിക്കാവ് (കാരൂർ) എന്നിവ. തറവാടിന്റെ ആശ്രയം നഷ്ടപ്പെട്ട് നിരാധാരരായവരാണ് 'പാരമ്പര്യ'ത്തിലെ കുഞ്ഞും 'ചിറ്റപ്പനിലെ' അയ്യപ്പൻ നായരും 'ലോകം നന്നാക്കാ'നിലെ വൃദ്ധനും. സ്വാർത്ഥത മൂലം അനന്തരാവകാശികളെ ഇല്ലാതാക്കിയ അമ്മാവനാണ് 'ഒരു പറ കണ്ണീരി'ലുള്ളത്. തറവാടിനെപ്പറ്റിയുള്ള മിഥ്യാഭിമാനത്തിന്റെ ഇരയാണ് 'ഭദ്രക്കാളിക്കാ'വിലെ കാരണവർ. പുത്തൻ തലമുറയുടെ അശ്രദ്ധയാണ് 'ഒടുവിലത്തെ കണ്ണി'യിലെ ശ്രീദേവിക്കുഞ്ഞമ്മയുടെ ദുരന്തത്തിന് കാരണമാകുന്നത്.

കാർഷികവ്യവസ്ഥിതിയിൽ വന്ന മാറ്റം വൃദ്ധരെ ബാധിക്കുന്ന കഥകളാണ് തഹസീൽദാരുടെ അച്ഛൻ, കൃഷിക്കാരൻ (തകഴി), ഏതൻ ചത്തുപോം ഈ പാടത്തുന്നു

പോയാൽ, നെല്ലിന്റെ നാട്ടിൽ (നാഗവള്ളി) എന്നിവ. പാരമ്പര്യമായ കൃഷിയിൽ നിന്നും മാറി ഉദ്യോഗ പ്രൗഢിയിലെത്തിച്ചേരുന്ന പുതുതലമുറയും പഴയ കൃഷിക്കാരനും തമ്മിലുള്ള ധാർമ്മിക സമരം 'തഹസീർദാരുടെ അച്ഛനി'ലുണ്ട്. പാടവും പാട്ടക്കാരനും അടിയാനും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന്റെ കഥകളാണ് നാഗവള്ളിയുടെ കുട്ടനാടൻ കഥകൾ.

പാരമ്പര്യ തൊഴിലാളികളുടെ ജീവിതത്തിൽ വരുന്ന മാറ്റം വൃദ്ധരെ ബാധിക്കുന്നത് കുഞ്ചു ആശാരി (ഉറൂബ്), പഴംകത്തിയും കത്രികയും, മതിയായടിയന് (നാഗവള്ളി) എന്നീ കഥകളിൽ കാണാം.

മറുനാടുകളിലേക്ക് തൊഴിലിനായി കുടിയേറുന്നവരുടെ വൃദ്ധമാതാപിതാക്കൾ അനുഭവിക്കുന്ന ഒറ്റപ്പെടലും വേദനയും ലളിതാംബിക അന്തർജ്ജനമാണ് വിഷയമാക്കിയിട്ടുള്ളത്. അവരുടെ ആദിമാതാവിനു കിട്ടിയ ശാപം, വ്യാകുല സങ്കേതം, വിശ്വരൂപം, പവിത്ര മോതിരം, ഭാഗ്യം, ഇരുപതാം നൂറ്റാണ്ടിലെ വൃദ്ധൻ എന്നീ കഥകൾ പ്രവാസം ഇതിവൃത്തമാക്കിയവയാണ്. ഉറൂബിന്റെ 'ഓണം കഴിഞ്ഞു' ആണ് മറ്റൊരു കഥ. പ്രവാസികളായവരുടെ വൃദ്ധരക്ഷിതാക്കൾ ഒരു പ്രധാനപ്രമേയമായി ഇക്കാലഘട്ടത്തിൽ കടന്നുവരുന്നില്ലെന്നാണ് ഇതു നൽകുന്ന സൂചന.

സാധാരണക്കാരും അതിസാധാരണക്കാരുമായ കഥാപാത്രങ്ങളാണ് ഭൂരിപക്ഷം കഥകളിലും കാണുന്നത്. നവോത്ഥാനകാഥികരെ സവിശേഷായി ആകർഷിച്ച ദാരിദ്ര്യം വൃദ്ധരെ ബാധിക്കുന്നതെങ്ങനെയെന്ന് മിക്ക കാഥികരും ശ്രദ്ധിച്ചിട്ടുണ്ട്. തകഴിയുടെ 'ഒരു ജിവിതം' ബഷീറിന്റെ 'പത്ര റിപ്പോർട്ട്' പൊൻകുന്നം വർക്കിയുടെ 'അവരുടെ ഭ്രാന്തൻ', എസ്.കെ.പൊറ്റെക്കാട്ടിന്റെ 'പഴയകോട്ട്', കാരൂരിന്റെ 'അദ്ധ്യാപക കഥകൾ', കോവൂരിന്റെ 'ചുവപ്പുനാട'. നാഗവള്ളിയുടെ 'പഴം കത്തിയും കത്രികയും' ചെറുകാടിന്റെ 'ശിഷ്യസമ്പത്ത്' എന്നീ കഥകളിൽ വൃദ്ധർ അനുഭവിക്കുന്ന ദാരിദ്ര്യം പ്രധാന

പ്രമേയമായി കടന്നു വരുന്നുണ്ട്. പെൻഷനും വാർദ്ധക്യവും സംബന്ധിച്ച കഥകളിൽ ശ്രദ്ധേയം കാരൂരിന്റെ മാലപ്പടക്കം, സാറിനും പട്ടിക്കും, പെൻഷൻ, എൻ.പി.ചെല്ലപ്പൻ നായരുടെ 'മിന്നൽപ്പിണർ' ഈ എം.കോവൂരിന്റെ മരണം കാത്തു കിടന്ന മനുഷ്യൻ, പഴയകുടത്തിൽ പുതിയ വീഞ്ഞ്, ചുവപ്പുനാട, നാഗവള്ളിയുടെ വ്യവസായശാലയിൽ, വെട്ടൂർ രാമൻ നായരുടെ 'ഉപഹാരം' എന്നിവയാണ്. പെൻഷൻ പറ്റുന്നവരുടെ വിവിധ പ്രശ്നങ്ങളിൽ എഴുത്തുകാർ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. കാരൂരും വെട്ടൂരും ദാരിദ്ര്യത്തിന് ഊന്നൽ കൊടുക്കുന്നു. വ്യവസായശാലയിലെ കഥാപാത്രം പ്രതിരോധത്തിനാണ് പ്രാധാന്യം നൽകുന്നത്. പ്രതിരോധവും വൈകാരിക ജീവിതവും ദാരിദ്ര്യവും കോവൂരിനു വിഷയമാകുന്നു.

കേശവദേവിന്റെയും പൊൻകുന്നം വർക്കിയുടേയും കഥകളിൽ സാമ്പത്തികാസമത്വം പ്രകടമാണ്. വാർദ്ധക്യത്തിന്റെ ശാരീരിക പരാധീനതകൾ കാരൂരിന്റെയും നാഗവള്ളിയുടേയും കഥകളിൽ കൂടുതലായുണ്ട്. സാഹചര്യങ്ങൾക്ക് കീഴടങ്ങുന്നവരും സാഹചര്യങ്ങൾ അനുകൂലമാകുന്നവരും കോവൂരിന്റെ കഥാലോകത്തുണ്ട്. പുലയരിലുണ്ടാകുന്ന സാമൂഹ്യമായ ഉണർച്ചയും വേലക്കു കൂലിയെന്ന സമ്പ്രദായവും വൃദ്ധരെ ബാധിക്കുന്നത് നാഗവള്ളി സൂക്ഷ്മമായി നിരീക്ഷിച്ചിട്ടുണ്ട്.

വാർദ്ധക്യത്തിലെ ഏകാന്തത വൃദ്ധർ അനുഭവിക്കുന്ന പ്രധാനപ്രശ്നമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഇണയുടെ മരണവും, സുഹൃത്തിന്റെ മരണവും, വൃദ്ധരിലുണ്ടാക്കുന്ന മാനസിക പരിവർത്തനങ്ങൾ ശ്രദ്ധേയമാണ്.

പുരുഷന്മാരായ എഴുത്തുകാരുടെ സ്ത്രീപക്ഷ രചനചകൾ കുറവായിട്ടാണ് കാണുന്നത്. അറുപതാം വയസ്സിൽ, എൺപതാം വയസ്സിൽ (തകഴി) അമ്മൂമ്മ പറഞ്ഞത്, ചുടലത്തെങ്ങ്, ഒടുവിലത്തെ മകൻ (കാരൂർ), രാഘവന്റെ അമ്മ (കേശവദേവ്), ഒടുവിലത്തെ കണ്ണി (എൻ.പി.ചെല്ലപ്പൻ നായർ), ചാക്കുസഞ്ചി (ചെറുകാട്), മതിയായടി

യന്, വിധവ, നാടകറാണി, ഷഷ്ടിപൂർത്തി ദിനത്തിൽ (നാഗവള്ളി), അമ്മ (വെട്ടൂർ), എന്നിവയാണ് വൃദ്ധകളെ കേന്ദ്രീകരിച്ച കഥകൾ. അതേസമയം ലളിതാംബിക അന്തർജ്ജനത്തിന്റേതായി കൂടുതൽ സ്ത്രീപക്ഷകഥകൾ ഉണ്ട്. വിധിബലം, സ്നേഹ യാചകി, പാതയുടെ അവസാനം, മരത്തൊട്ടിൽ, മനുഷ്യപുത്രി, വിശ്വരൂപം, ഭാഗ്യം, ആദി മാതാവിനു കിട്ടിയ ശാപം, വ്യാകുലസങ്കേതം, പവിത്രമോതിരം, എന്നിവയാണ് വൃദ്ധ കളെ കേന്ദ്രീകരിച്ച അന്തർജ്ജനത്തിന്റെ കഥകൾ. പൂർവ്വ ഭർത്താവിന് കത്തെഴുതാൻ അറുപതുവയസ്സുവരെ കാത്തിരുന്ന ഒരു സ്ത്രീയുടെ മനസ്സിനെ അപഗ്രഥിക്കാനാണ് 'അറുപതാം വയസ്സിൽ' എന്ന കഥയിലൂടെ തകഴി ശ്രമിക്കുന്നത്. സമാധാന പൂർണ്ണ മായ ജീവിതത്തോട് വിരക്തിയനുഭവിക്കുന്ന മനസ്സിൽനിന്നാണ് ഇത്തരമൊരു കത്ത് രൂപപ്പെട്ടു വരുന്നത്. സ്നേഹിച്ച പുരുഷനെ വിവാഹം കഴിക്കാൻ എൺപതു വയസ്സു വരെ കാത്തിരുന്ന ഒരു സ്ത്രീയുടെ കഥയാണ് 'എൺപതാം വയസ്സിൽ'. സാമ്പത്തി കാധികാരം അവർക്കു ശക്തി കൊടുക്കുന്നതായി കാണാം. പ്രിയപ്പെട്ടവരാരും കൂട്ടി നില്ലാതെ ഒറ്റക്കാവുന്ന വൃദ്ധ വഴിപോക്കരോട് കഥാകഥനം നടത്തുന്ന കാരൂരിന്റെ 'അമ്മൂമ്മ പറഞ്ഞത്', എന്ന കഥയിൽ സ്വാഭാവികത കണ്ടെത്താൻ കഴിയും. അതേസ മയം 'ചുടലത്തെങ്ങി'ലെ സ്വയം പര്യാപ്തയായ അമ്മൂമ്മയുടെ സ്വഭാവം പ്രത്യേകമാ ണ്. സ്വേച്ഛപ്രകാരമാണ് അവരുടെ ജീവിതം. ഒരു വൃദ്ധയായ വയറ്റാട്ടിയുടെ ജീവിത ത്തിലെ കയറ്റിറക്കങ്ങൾ ഭദ്രമായി പറയുന്ന കഥയാണ് 'ഒടുവിലത്തെ മകൻ'. രക്ത സാക്ഷിയായ മകനെ കണ്ണിൽ കാണുന്ന അനുഭവം ഉണ്ടാക്കാൻ കേശവദേവിന്റെ കഥയ്ക്ക് കഴിഞ്ഞിട്ടുണ്ട്. രാഘവന്റെ അമ്മയുടെ മാതൃഭാവവും രക്തസാക്ഷിയുടെ അമ്മയെന്ന ഭാവവും അവരുടെ ദായനീയതയും വാചാലമായ ഭാഷയിൽ ദേവ് അവത രിപ്പിച്ചിരിക്കുന്നു. തകർന്ന തറവാടിന്റെ പുനരുദ്ധാരണം ആഗ്രഹിക്കുന്ന ഒരമ്മൂമ്മയുടെ സ്വാഭാവിക ചെയ്തികൾ അതിശയോക്തിയോടെ വിവരിക്കുന്ന കഥയാണ് 'ഒടുവി

ലത്തെ കണ്ണി' മക്കളോടും മരുമക്കളോടുമുള്ള ഒരമ്മയുടെ വിവേചനം, തന്റെയഭിപ്രായം എല്ലാവരും അനുസരിക്കണമെന്ന അഭിമാനബോധം എല്ലാം 'ചാക്കുസഞ്ചി'യിൽ അനുഭവസ്ഥമാകും വണ്ണം പറഞ്ഞിരിക്കുന്നു. ചാക്കുസഞ്ചിയിൽ ജംഗമവസ്തുക്കളെല്ലാം കൂടെക്കൊണ്ടുനടക്കുന്ന ഈ വൃദ്ധയും പാരമ്പര്യവാദിയാണ്. വേലക്കു കൂലി, പതിച്ചിക്കു പകരം നഴ്സ്, കടന്നു വരുന്ന കാലഘട്ടമാണ് 'മതിയായടിയന്' എന്ന ദീർഘകഥയിലെ കാലപരിസരം. ദരിദ്രരുടെ ഭൂമി കൈക്കലാക്കുന്ന ധനികന്റെ തന്ത്രശാലിത്വവും വൃദ്ധയെ ബാധിക്കുന്നത് നാഗവള്ളി പറഞ്ഞുവെച്ചിരിക്കുന്നു. ദളിത് വൃദ്ധരുടെ കഥകൾ നാഗവള്ളിയുടെ കഥകളിലാണ് ഉള്ളത് എന്ന വസ്തുത പ്രത്യേകം പരാമർശിക്കേണ്ടതാണ്. വെട്ടൂരിന്റെ 'അമ്മ'യിലെ കുഞ്ചിയമ്മക്ക് രോഗിയായി ആത്മഹത്യം ചെയ്യേണ്ടി വന്നതിനു കാരണം അവരുടെ പുത്രസ്നേഹമാണ്. സ്വന്തം വിശപ്പിനെപ്പറ്റിയല്ലാതെ ഒന്നിനെപ്പറ്റിയും ആലോചനയില്ലാത്ത മകനിലൂടെ അമ്മയുടെ ദുരന്തം വലുതാക്കി കാണിക്കാൻ വെട്ടൂരിന്റെ കഥയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

നമ്പൂതിരി സമുദായത്തിന് അനുഭവിക്കേണ്ടി വന്ന അനാചാരങ്ങളും ഭൂപരിഷ്കരണനിയമം അവരുടെ അടിത്തറയില്ലാതാക്കിയും ലളിതാംബിക അന്തർജ്ജനത്തിന്റെ 'വിധിബല'ത്തിലും 'പവിത്രമോതിര'ത്തിലും 'മനുഷ്യപുത്രി'യിലുമുണ്ട്. വിധിബലത്തിലും സ്നേഹയാചകിലും വാചാലയായ അന്തർജ്ജനമല്ല മറ്റു കഥകളിലുള്ളത്. വൃദ്ധകളനുഭവിക്കേണ്ടി വരുന്ന സ്നേഹശൂന്യത, മക്കളെ ചൊല്ലിയുള്ള അഭിമാനം, ഒറ്റപ്പെടലിന്റെ രൂക്ഷത, എന്നിവയെല്ലാം അവയിൽ സുഭദ്രമാണ്. പണത്തിനോടുമാത്രം ആഗ്രഹമുള്ള ഒരു തലമുറയുടെ വരവ് 'വ്യാകുല സങ്കേത'ത്തിലുണ്ട്.

വൃദ്ധരുടെ ആത്മഹത്യ കേന്ദ്രീകരിച്ച് ചില കഥകൾ എഴുതപ്പെട്ടിട്ടുണ്ട്. അവയാണ് ഓണം കഴിഞ്ഞു (ഉറൂബ്), ഏഴിലംപാല (എസ്കെ.പൊറ്റെക്കാട്ട്) മിന്നൽപ്പിണർ (എൻപി ചെല്ലപ്പൻ നായർ) അമ്മ (വെട്ടൂർ രാമൻ നായർ) എന്നിവ. സമകാലിക സമു

ഹത്തിൽ പ്രത്യേക ശ്രദ്ധ നേടുന്ന ഒന്ന് എന്ന നിലയിൽ ഈ കഥകൾ ശ്രദ്ധേയമാണ്.

സ്വാനുഭവങ്ങളും കാലഘട്ടത്തിന്റെ സംഭാവനകളും കൈമുതലാക്കി എഴുതിയിട്ടുള്ള നവോത്ഥാനകാഥികരുടെ കഥകൾ മാനവികമൂല്യങ്ങൾക്ക് പ്രാധാന്യം കൽപ്പിച്ചിട്ടുണ്ട്. സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങളാണ് വൃദ്ധരെ ബാഹ്യമായി ബാധിച്ചിട്ടുള്ളത്. ആന്തരികമായ പ്രശ്നം മുഖ്യമായും ഏകാന്തതയാണ്. പരിചിതമായ ജീവിതപരിസരത്തിൽ നിന്നുള്ള ഒരാത്മാർത്ഥത ഈ വൃദ്ധകേന്ദ്രീകൃതകഥകളിൽ കണ്ടെത്താനാകും.

നവോത്ഥാന-പുരോഗമനകാലഘട്ടത്തിലെ വാർദ്ധക്യ കേന്ദ്രീകൃത കഥകൾ പരിശോധിച്ചപ്പോൾ പ്രധാനമായും ശ്രദ്ധയിൽപ്പെട്ടത് സാമൂഹിക-സാമ്പത്തിക അസമത്വങ്ങളാണ് വയസ്സായവരെ മുഖ്യമായും അലട്ടുന്നത് എന്ന വസ്തുതയാണ്. പ്രത്യേകിച്ച് സമൂഹത്തിൽ സംഭവിക്കുന്ന പരിണാമങ്ങളാണ് മിക്ക കഥകളിലെയും വൃദ്ധർക്ക് അനുഭവിക്കേണ്ടിവരുന്നത്. വാർദ്ധക്യത്തെ കാലാനുസൃതവാർദ്ധക്യം (Chronolgical Ageing), ജീവശാസ്ത്രപരമായ വാർദ്ധക്യം (Bioological Ageing) മനശാസ്ത്രപരമായ വാർദ്ധക്യം (Psycho logical Ageing), സാമൂഹികമായ വാർദ്ധക്യം (Sociological Ageing), എന്ന് നാലായി വിഭജിച്ചതിൽ സാമൂഹികമായ വാർദ്ധക്യം കൈകാര്യം ചെയ്യുന്ന കഥകളാണ് ഈ ഘട്ടത്തിൽ കൂടുതൽ ഉള്ളത് എന്ന് മേൽപ്പറഞ്ഞ കഥകളുടെ അപഗ്രഥനത്തിൽനിന്നും സ്പഷ്ടമാണ്. വാർദ്ധക്യാവസ്ഥയെ പ്രകടമായും പ്രത്യക്ഷീകരിക്കാൻ പ്രായത്തിന്റെ ബാഹ്യചിഹ്നങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. മാത്രമല്ല, വയസ്സായവർ അഭിമുഖീകരിക്കുന്ന ഏകാന്തത, ആത്മഹത്യാമനോഭാവം എന്നിവ അടയാളപ്പെടുത്തപ്പെട്ടിട്ടുണ്ട്.

നവോത്ഥാനകാഥികർ എഴുതിക്കൊണ്ടിരുന്ന കാലത്തുതന്നെ സാഹിത്യരംഗത്തു പ്രവേശിച്ചവർ വാർദ്ധക്യവിഷയത്തെ എങ്ങനെ നോക്കിക്കണ്ടു എന്നു പരിശോധിക്കുകയാണ് അടുത്ത അദ്ധ്യായത്തിൽ.

**കുറിപ്പുകൾ:**

1. (...) ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ളയുടെയും മന്നത്തു പത്മനാഭന്റെയും നേതൃത്വത്തിൽ ആളോഹരി ഭാഗത്തിനു പ്രക്ഷോഭണം നടക്കുകയാണ്. ഒരു പ്രക്ഷോഭണം സംഘടിപ്പിക്കുമ്പോൾ അതിന് ആക്കം കിട്ടുവാൻ വേണ്ടി വികാരങ്ങളുടെ ഏതു കമ്പിയിൽ തൊടണമെന്നു മന്നത്തിനെപ്പോലെ അറിയാവുന്ന മറ്റൊരാൾ ഇല്ല....... സദസ്സിൽ കൂടിയിരിക്കുന്ന അനന്തവര കൈയിലെടുത്തിട്ട് അദ്ദേഹം ചോദിച്ചു:

   "വല്ലവരുടെയും കുട്ടികളെ തീറ്റിപ്പോറ്റാൻ എന്തിനു നാം കഷ്ടപ്പെടുന്നു?"

   വല്ലവരുടെയും കുട്ടികളെന്നാൽ സ്വന്തം അനന്തരവരാണ്. .... ആ ചോദ്യം സഹോദരിയോടുള്ള സ്നേഹത്തെ, നൂറ്റാണ്ടുകളായി നായന്മാരിൽ ലയിച്ചു കിടന്ന അനന്തരവരോടുള്ള വാത്സല്യത്തെ ഒരു കാലത്തു ഭദ്രമായിരുന്ന ഒരു സാമൂഹ്യസംവിധാനത്തിന്റെ കീഴ ഘടകമായ കുടുംബത്തെക്കുറിച്ചുള്ള സങ്കല്പത്തെ – എല്ലാം തൂത്തെറിയുന്നു. സ്വന്തം രക്തത്തിൽ ജനിച്ച കുട്ടികളെ സ്നേഹിക്കണമെന്നില്ലെന്നു പഠിപ്പിച്ചില്ലെങ്കിലും അതിനു പ്രാധാന്യമില്ലാത്ത ആ സംവിധാനത്തോടുള്ള എതിർപ്പുണ്ടാകുന്നു. കുട്ടികളെ സ്നേഹിക്കാൻ തോന്നുന്നു. തകഴി. ആത്മകഥ. 'ബാല്യകാലം' (ഗ്രീൻബുക്സ്, തൃശ്ശൂർ, 2007) പു. 54, 55,

2. Continuity Theory

   States that odler adults try to preserve & maintain internal & external structures by using stratgies that maintain continuity. Meaning that older people may seek to use familiar areas of life (........)

3. (...) നമ്മുടെ ആദ്യകാലകാഥികന്മാർ... ഇതിവൃത്തത്തിലുള്ള രസകരമായ സംഭവവികാസത്തിലാണ്.... ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. വ്യംഗ്യഭംഗിയിൽ കഥാവിഷ്കാരം നടത്തുന്നതിനേക്കാൾ വാച്യമായിത്തന്നെ കഥ പറഞ്ഞവസാനിപ്പിക്കാനായിരുന്നു അവർക്കു തിടുക്കം. ഡോ. ഇ..സർദാർകുട്ടി, വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, കഥാപഠനങ്ങൾ,

എ.ഡി.പത്മന രാമചന്ദ്രൻ നായർ (കറന്റ് ബുക്സ്, കോട്ടയം, 2006:പു.13)

4. (...) പറമ്പിനതിർത്തിയിലുള്ള ഇലഞ്ഞിപ്ലാവിന്റെ നെറുകയിൽ വിടർന്ന പൂപോലെയുണ്ട് സൂര്യൻ. ഓർക്കാതെ പറഞ്ഞുപോയി: 'അസ്തമിക്കയാണ്.'

പറഞ്ഞ് കഴിഞ്ഞപ്പോൾ എന്തുകൊണ്ടോ പറയേണ്ടിയിരുന്നില്ലെന്നും തോന്നി.

കുറച്ചു ദിവസംമുമ്പ് ഈ പറമ്പിലാകെ പൂക്കളായിരുന്നു. മുക്കുറ്റിയും തുമ്പയും അലരിയും ചെമ്പരത്തിയും എല്ലാം പറിച്ചും കൊഴിഞ്ഞും പോയി. ഞെട്ടികൾ മാത്രം ബാക്കി നില്ക്കുന്നു. പറമ്പും തന്നെപോലെ ആയിരിക്കുന്നു.

..............................................

ജാലകത്തിനടുക്കൽനിന്നു മടങ്ങിയപ്പോൾ മേശമേലിരിക്കുന്ന കാപ്പി കണ്ടു. 'ഓ', ഇതു കുടിക്കാൻ മറന്നു!"

എടുത്ത് ചുണ്ടോടടുപ്പിച്ചു. അമ്പേ തണുത്തുപോയി! ഉറൂബ്, (ഉറൂബിന്റെ കൃതികൾ, ഡി. സി. ബുക്സ്, കോട്ടയം, 2011) പുറം 971-72.

4. ഗീത. 'കാരൂർ കഥകളുടെ വർത്തമാനം' എന്ന പേരിലുള്ള ലേഖനം. ആര്യമാകിലുമനാര്യമാകിലും. (പ്രഭാത് ബുക് ഹൗസ്, തിരുവനന്തപുരം, 2000), പു. 20-21)

3.

# വാർദ്ധക്യപ്രമേയം
# നവോത്ഥാനത്തിനു ശേഷമുള്ള കൃതികളിൽ

നവോത്ഥാനഘട്ടത്തിന്റെ പിന്തുടർച്ചക്കാരും ആധുനികരുടെ പൂർവ്വികരുമായ എഴുത്തുകാരുടെ വൃദ്ധകേന്ദ്രീകൃത നോവലുകളും കഥകളുമാണ് ഈ അദ്ധ്യായത്തിൽ അപഗ്രഥനവിധേയമാക്കുന്നത്. അവരും ആധുനിക പ്രവണതകൾ പ്രകടിപ്പിക്കുന്നുണ്ടെന്നും ആധുനികർ എന്നു വിളിക്കപ്പെടുന്നുണ്ടെന്നുള്ള വസ്തുത മറക്കുന്നില്ല. നവോത്ഥാനകാഥികരുടെ രചനകൾ യഥാതഥമായിരുന്നു. ബാഹ്യയഥാർത്ഥ്യങ്ങളേയും വസ്തുതകളേയും കണ്ടതുപോലെ വിസ്തരിക്കുന്ന രീതിയായിരുന്നു അവർ മിക്കവരും അവലംബിച്ചത്. അതിനു ശേഷം കഥാരംഗത്തേക്ക് വന്നവർ ബാഹ്യയാഥാർത്ഥ്യത്തേക്കാൾ ആന്തരലോകത്തിനു പ്രാധാന്യം കല്പിച്ചവരാണ്. 1950കളുടെ അവസാനത്തിലാണ് സാഹിത്യപ്രസ്ഥാനം എന്ന നിലയിൽ ആധുനികത കടന്നു വരുന്നത്. കവിതയിലാരംഭിച്ച് കഥയിലേക്കു വന്ന ഈ പ്രസ്ഥാനത്തിനു കാരണമായി ലോകത്തു സംഭവിച്ച പല മാറ്റങ്ങളും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. പ്രധാനമായും മാനവികതാബോധത്തിന് രണ്ടാം ലോകമഹായുദ്ധം ഏല്പിച്ച ക്ഷതങ്ങളും സ്വാതന്ത്ര്യാനന്തര വർഷങ്ങളിൽ ഭാരതത്തിലുണ്ടായ പ്രതീക്ഷാഭംഗവും ഇടതുപക്ഷ പ്രസ്ഥാനത്തിനു സംഭവിച്ച അപചയവുമാണ്. (കെ.എസ്.രവികുമാർ 2002:26) ആധുനികതയുടെ വര

വോടെ കഥയുടെ വിഷയസ്വീകാരത്തിന് വിഭിന്നമുഖങ്ങൾ കൈവന്നു. സമൂഹവും വ്യക്തിയും തമ്മിലുള്ള നിഷേധാത്മകസംഘർഷവും, കലാശോഷണവും, ഗ്രാമത്തിൽ നിന്നും നഗരത്തിലേക്കുള്ള പ്രയാണം, അരക്ഷിതത്വം, അന്യഥാബോധം എന്നിവയും കഥയുടെ ആന്തരികാനുഭവങ്ങളായി (കെ.എസ്.രവികുമാർ, 1999:32)

നവോത്ഥാനകാഥികർ കൈകാര്യം ചെയ്ത ദാരിദ്ര്യം, തൊഴിലില്ലായ്മ, ചൂഷണം ദുരാചാരങ്ങൾ തുടങ്ങിയവ പുതിയ രൂപവും അഭൂതപൂർവ്വമായ സംവേദകത്വവും നൽകി നവീകരിക്കാൻ ആധുനികർക്ക് കഴിഞ്ഞു (എം.അച്യുതൻ, 2007:256) അവരെ കൂടുത ലാകർഷിച്ചത് ഏകാന്തതയായിരുന്നു. വ്യക്തിപരമായ സുഖദുഃഖങ്ങൾ അവർ സ്വീക രിച്ചു. ആധുനികരുടെ കഥയെഴുത്തിന്റെ സ്വഭാവം എം.അച്യുതൻ ഇങ്ങനെ വിശദീക രിക്കുന്നു:

> *ആധുനിക യുവകലാകാരൻ മിക്കവാറും ഒരു സന്ദേഹിയാണ്, വിഭക്ത മനസ്സാണ്. സദാ അസ്വസ്ഥനും അസംതൃപ്തനുമാണയാൾ. പഴയമൂല്യ ങ്ങളിൽ അയാൾക്ക് ഉറച്ച വിശ്വാസമില്ല. അനുഭവപ്രകാശനമാണ് അയാളെ സംബന്ധിച്ചിടത്തോളം മുഖ്യം. മൂല്യത്തെ അന്വേഷിക്കാനല്ലാതെ മൂല്യത്തെ മുഴുമിപ്പിച്ചു കാണിക്കാനോ, പ്രതിഷ്ഠിക്കാനോ അയാൾ തുനിയുന്നില്ല. സ്വാനുഭവമെന്ന നിലയിലായാലും അന്യാനുഭവമെന്ന നിലയിലായാലും സംഭവങ്ങൾ മനസ്സിലുളവാക്കുന്ന സൂക്ഷ്മങ്ങളും സങ്കീർണ്ണങ്ങളുമായ മനോ ഭാവങ്ങളുടെ സ്പന്ദനമാനമായ അന്തരീക്ഷത്തെ ആവിഷ്കരിക്കുന്നതിലും വായനക്കാരെക്കൊണ്ട് അനുഭവിപ്പിക്കുന്നതിലുമാണ് അയാളുടെ ശ്രദ്ധ (ടി. പു.252)*

നോവൽസാഹിത്യത്തിൽ മനോവിജ്ഞാനീയകൃതികളുടെ ആധിക്യം ഈ കാല ഘട്ടത്തിലാണ്. ഏറ്റവും കൂടുതൽ ശ്രദ്ധിക്കപ്പെട്ട വൃദ്ധകേന്ദ്രീകൃതനോവലുകൾ ഈ

കാലഘട്ടത്തിൽ കഥയെഴുതിത്തുടങ്ങിയിരുന്ന എഴുത്തുകാരിൽ നിന്നാണ് ഉണ്ടായത്. കെ.സുരേന്ദ്രൻ, പാറപ്പുറത്ത്, മലയാറ്റൂർ രാമകൃഷ്ണൻ, കോവിലൻ, എന്നിവരുടെ വൃദ്ധകേന്ദ്രീകൃത നോവലുകൾ ഈ ഭാഗത്താണ് സ്വീകരിച്ചിരിക്കുന്നത്.

### 3.1. വാർദ്ധക്യാവിഷ്കാരം നോവലുകളിൽ:

മായ (കെ.സുരേന്ദ്രൻ), അരനാഴികനേരം, വഴിയമ്പലം (പാറപ്പുറത്ത്), അഞ്ചു സെന്റ്, ശിരസ്സിൽ വരച്ചത് (മലയാറ്റൂർ), തോറ്റങ്ങൾ (കോവിലൻ) എന്നീ നോവലുകളിൽ വാർദ്ധക്യം ആവിഷ്കൃതമായതെങ്ങിനെ എന്നപഗ്രഥിക്കാനാണ് ഈ ഭാഗത്തു ശ്രമിക്കുന്നത്.

#### 3.1.1. കെ. സുരേന്ദ്രന്റെ 'മായ':

ഡീസന്റ് ശങ്കരപിള്ള എന്ന വന്ദ്യവയോധികന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് മാധവൻകുട്ടി എന്ന പരിചയക്കാരന്റെ ഓർമ്മകളിലൂടെ സ്ഥലകാലബദ്ധമായ ഒരു കഥ വായനക്കാരനു മുമ്പിൽ അവതരിപ്പിക്കയാണ് സുരേന്ദ്രൻ. കുടുംബപ്രശ്നം മൂലമുള്ള സാധാരണ ആത്മഹത്യയായി തള്ളിപ്പോകുമായിരുന്നത് മാധവൻകുട്ടി എന്ന കഥാപാത്രത്തിന്റെ രംഗപ്രവേശത്തോടെ മിഴിവുറ്റ ഒരു ജീവിതമായി മാറുന്ന സാങ്കേതിക രീതിയാണ് നോവലിസ്റ്റ് ഉപയോഗിച്ചിട്ടുള്ളത്. ആഖ്യാതാവായ മാധവൻകുട്ടിയുടെ ഓർമ്മയിലൂടെയും അനുഭവത്തിലൂടെയും ആന്തരികമായി ശക്തനായ ഒരു വൃദ്ധൻ കടന്നുവരുന്നു. നോവലിസ്റ്റ് മാറിനിന്നു കൊണ്ട് കഥ പറയുന്ന ഈ സങ്കേതം ആധുനികർക്ക് പ്രിയപ്പെട്ട ഒന്നാണ്.

ആഖ്യാതാവിന്റെ അനുഭവപരിസരങ്ങളിലൂടെ സ്വന്തം ജീവിതം പടുത്തുയർത്തിയ ഒരു ശക്തനായ മനുഷ്യനെ അവതരിപ്പിക്കുകയാണ് കെ. സുരേന്ദ്രൻ. ഡീസന്റ് ശങ്കര

പ്പിള്ളയുടെ മാതൃകയായി ഒരു യഥാർത്ഥ പുരുഷൻ ഉണ്ടായിരുന്നതായി ആമുഖത്തിൽ സുരേന്ദ്രൻ വെളിപ്പെടുത്തുന്നുണ്ട് (2001:?) ശങ്കരപിള്ളയുടെ വ്യക്തിദുരന്തത്തെ ചുരുങ്ങിയ വാക്കുകളിൽ നോവലിസ്റ്റ് പകർത്തുന്നു.

> *ആനന്ദത്തിന്റെ അമൃതമെന്നു കരുതി കോരി നിറച്ചത് കാനൽജലമാണെന്നറിയുക, നിറഞ്ഞു തുളുമ്പുന്നുവെന്ന് കരുതിയിരുന്ന പാനപാത്രം അവസാനം നോക്കുമ്പോൾ യഥാർത്ഥത്തിൽ ശൂന്യമാണെന്നറിയുക. ആയുസ് മുഴുവൻ ആശ്ലേഷിക്കുവാൻ ശ്രമിച്ചത് അയഥാർത്ഥ്യത്തെയാണെന്നറിയുക. അങ്ങനെ ജീവിതം പാഴിൽകളഞ്ഞുവെന്ന പരിതാപത്തോടുകൂടി മരണത്തിനു കീഴടങ്ങുക. എന്തൊരു ദയനീയമായ ദുരന്തതയാണ് അത്! (ടി.?)*

ഗംഭീരമായ ഈ ജീവിതത്തെ നോവലിൽ ഒതുക്കാനുള്ള തന്റെ ശ്രമത്തിന്റെ ഭാഗമാണ് 'മായ'.

ഒരു ജന്മിഗൃഹത്തിലെ ദാസിക്ക് അവിടത്തെ തമ്പുരാനിൽനിന്ന് ലഭിച്ച അവിഹിത ഗർഭത്തിലൂടെയാണ് ശങ്കരപ്പിള്ളയുടെ ജനനം. ആ വീട്ടിൽത്തന്നെ വളരുന്നതിനോ പുലരുന്നതിനോ ശങ്കരപ്പിള്ളയ്ക്കോ അമ്മയ്ക്കോ തടസ്സങ്ങളുണ്ടാവാത്തതിനു കാരണം കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. അത്തരം സംഭവങ്ങൾ സാധാരണമായിരുന്നു. അച്ഛന്റെ മരണശേഷമാണ് അമ്മയും മകനും അവിടം വിടുന്നത്. അവിഹിത സന്തതിയായതുകൊണ്ട് അംഗീകരിക്കപ്പെടുന്നില്ല. ആന്തരമായ ശക്തിയും സ്വപ്രയത്നവും അയാളുടെ ജീവിതഭദ്രതയ്ക്ക് കാരണമായിട്ടുണ്ട്. ചെറിയ ജോലികളിലൂടെ ഒരു കച്ചവടക്കാരനായി വളരാനും നാട്ടുകാർക്കിടയിൽ ഡീസന്റ് എന്ന പേര് നേടിയെടുക്കാനും ശങ്കരപ്പിള്ളയ്ക്ക് കഴിയുന്നത് ഒരു സാധാരണക്കാരന്റെ ഉയർച്ചയെ കാണിക്കുന്നു. യുക്തിഭദ്രമായ ചിന്ത, അതനുസരിച്ച് ചിട്ടപ്പടിയുള്ള ജീവിതം. ചെറിയ കാര്യങ്ങൾകൂടി

കണക്കുകൂട്ടി മുന്നേറിയിരുന്ന ശങ്കരപ്പിള്ളയെ പരാജയപ്പെടുത്തുന്നത് ഭാര്യയും മകൾ ഗോമതിയുമാണ്.

അസംതൃപ്തമായ ദാമ്പത്യത്തിനിടയിലും സ്വത്താർജ്ജിക്കാൻ ശങ്കരപിള്ളയ്ക്കു കഴിയുന്നത് മേൽവിലാസമില്ലാത്ത സ്വന്തം ജീവിതാരംഭത്തെക്കുറിച്ചുള്ള നീറുന്ന ഓർമ്മ കൊണ്ടാണ്. അതിനാൽ മക്കൾക്ക് വേണ്ട ശ്രദ്ധ കൊടുക്കുന്നു. പണത്തിന്റെ പുറത്താണ് മാന്യത എന്ന വിശ്വാസം ഈ കഥാപാത്രത്തിലുണ്ടാകാൻ കാരണം തന്റെ കുട്ടിക്കാലത്തെ തിക്താനുഭവങ്ങളാണ്. മാധവൻകുട്ടിയ്ക്ക് കൊടുക്കാതെ ഗോമതിയെ വാസുപ്പിള്ളയ്ക്കു കൊടുക്കുന്നതിനു പിന്നിലെ ധനതത്ത്വശാസ്ത്രം തന്നെയാണ് മകൻ രഘുവിന്റെ വിവാഹകാര്യത്തിലും മുന്നിട്ടു നിൽക്കുന്നത്. തന്നെപ്പോലെത്തന്നെ മക്കൾക്കും അവരുടേതായ ജീവിതക്രമവും ചിട്ടകളും കൊണ്ടുനടക്കേണ്ടതുണ്ടെന്നു മറന്നതാണ് ശങ്കരപ്പിള്ളയുടെ ദുരന്തത്തിനു തുടക്കം കുറിക്കുന്നത്. പണത്തിനു കൽപ്പിക്കുന്ന മൂല്യം അയാൾക്ക് തിരിച്ചടിയാകുന്നു. ആദ്യഭാര്യയിലെ മകളായ ഓമനയ്ക്കു ഭാഗം കൊടുക്കാൻ രണ്ടാം ഭാര്യയായ ഈശ്വരിയമ്മ സമ്മതിക്കുന്നില്ല. ഭാഗം വെപ്പ് നേരത്തെയാക്കുന്നത് മരുമക്കത്തായപ്രകാരം സ്വത്ത് കൂടുതൽ മകൾക്കു ഭാഗിച്ചു പോകാതിരിക്കാനാണ്. കടുത്ത മരുമക്കത്തായിയായതുകൊണ്ട് ഇക്കാര്യത്തിൽ ഈശ്വരിയമ്മയ്ക്ക് പ്രതിഷേധമുണ്ട്. ഇതിനെത്തുടർന്നുള്ള മാനസികസംഘർഷം ഗോമതിയുടെ ഭാഗത്തുള്ള പലചരക്കുകടയിൽ നിന്നും അവൾ അച്ഛനെ ഒഴിപ്പിക്കുന്നിടത്തോളം വളരുന്നു. ഇത് അയാൾക്ക് ഒരിക്കലും അംഗീകരിക്കാനാവുന്നില്ല. *'പ്രവൃത്തിയില്ലാത്ത അവസ്ഥ മരണമാണ് എനിക്ക്'* എന്ന് മാധവൻകുട്ടിയോട് ഡീസന്റമ്മാവൻ പറയുന്നുണ്ട്. (2001:148) അനുഭവമാണ് ഏറ്റവും വലിയ നേട്ടം എന്ന മാധവൻകുട്ടിയുടെ അഭിപ്രായത്തെ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ അംഗീകരിക്കുകയും ചെയ്യുന്നു. മരണത്തിനും യുക്തി കണ്ടെത്താൻ അയാൾക്കാകുന്നു. ശങ്കരപ്പിള്ളയുടെ ജീവി

തതത്ത്വശാസ്ത്രത്തിന്റെ പരാജയം കൂടിയാണത്.

ജീവിതം നമ്മൾ കരുതുന്നതു പോലെ മാത്രമേ മുന്നോട്ടു പോകാവൂ എന്ന ചിന്തയുടെ മൂഢത ശങ്കപ്പിള്ളയുടെ ജീവിതപരാജയത്തിനു പിന്നിലുണ്ട്. സ്വന്തം ജീവിതം ചിട്ടപ്പെടുത്താം. മറ്റുള്ളവരുടെ ജീവിതത്തിൽ ഇടപെടുന്നതിനു പരിധിയുണ്ട്. ഭാര്യയായാലും മക്കളായാലും അവർ വ്യത്യസ്ത വ്യക്തികളാണ്. സ്വന്തം ജീവിതത്തിനനുസരിച്ച് മറ്റുള്ളവരുടേതു കെട്ടിപ്പൊക്കാൻ ശ്രമിച്ച ശങ്കരപ്പിള്ളയുടെ ദുരന്തത്തിനു കാരണം സ്വാർത്ഥചിന്തയാണ് എന്ന് മാധവൻകുട്ടി കണ്ടെത്തുന്നുണ്ട്. ഭാര്യയുടെ പിന്തുണ കിട്ടാത്ത ഭർത്താവ്, മകളുടെ പിന്തുണയില്ലാത്ത അച്ഛൻ എന്നീ നിലകളിലും അയാൾക്ക് പിടിച്ചുനിൽക്കാനാകുന്നില്ല. തന്നെ സംബന്ധിക്കുന്ന കാര്യങ്ങളെ എത്രമാത്രം നിയന്ത്രിക്കാം എന്ന വിശ്വാസം (Locus of control) ശങ്കരപ്പിള്ളയെ നയിച്ചിരുന്നു എന്നും അത് അയാളെ വഞ്ചിച്ചു എന്നും ഈ വസ്തുതയാണ് ആത്മഹത്യയിലേയ്ക്കെത്തിച്ചത് എന്നും കരുതാവുന്നതാണ്. വ്യക്തിത്വമനഃശാസ്ത്ര (Personality Phsychology)ത്തിൽ വരുന്നതാണ് ഇത്. ജൂലിയൻ ബി.റോട്ടർ ആവിഷ്ക്കരിച്ചതാണ് ഈ സിദ്ധാന്തം (http://psych.fullertone.edu/jmeans/rotter)[1]

### 3.1.2. പാറപ്പുറത്തിന്റെ രണ്ടു നോവലുകൾ:

പാറപ്പുറത്തിന്റെ അരനാഴികനേരവും വഴിയമ്പലവുമാണ് ഇവിടെ സ്വീകരിക്കുന്നത്.

#### 3.1.2.1. അരനാഴികനേരം

തന്റെ അപ്പൂപ്പനെത്തന്നെ മാതൃകയാക്കി പാറപ്പുറത്ത് സൃഷ്ടിച്ച നോവലാണ് 'അരനാഴികനേരം' (കെ.സുരേന്ദ്രൻ, 2006:100)[2]. ബോധധാരാരീതിയിലൂടെ കഴിഞ്ഞുപോയ കാലത്തെ ആവിഷ്ക്കരിക്കുന്നു. ഓർമ്മകളിൽ കൂടുതൽ മിഴിവോടെ ജീവിതം

തെളിയുന്നു. ഭൂതകാലാനുഭവങ്ങളിലും വർത്തമാനകാലത്തിലെ തിക്താനുഭവങ്ങളും കൂടിച്ചേർന്ന് ഭ്രമാത്മകമായ ഒരവസ്ഥ പ്രാപിക്കുന്നുണ്ട്. വാർദ്ധക്യചിത്രീകരണത്തിന്റെ എക്കാലത്തെയും ഒരു മാതൃകയായി മാറുന്നുണ്ട് 'അരനാഴികനേരം'.

തൊണ്ണൂറു കഴിഞ്ഞ മേലൊഴത്തിൽ കുഞ്ഞുനൈനാ എന്ന പനച്ചമൂട്ടിൽ കുഞ്ഞേനാച്ചൻ അതിസാധാരണമായ ജീവിതത്തിൽ നിന്നും ഉയർന്നുവന്നവനാണ്. തിരിഞ്ഞു നോക്കുമ്പോൾ താൻ വിജയിച്ചുവെന്ന അഭിമാനം ഉണ്ടാകുന്നു. ആർക്ക് മുമ്പിലും കീഴടങ്ങാത്ത പൗരുഷത്തിന്റെ പ്രതീകമായിട്ടാണ് കുഞ്ഞേനാച്ചന്റെ ഓർമ്മകളിൽ ചെറുപ്പകാലം തെളിയുന്നത്. നായന്മാരുമായി ഏറ്റുമുട്ടി കൃഷിഭൂമി നഷ്ടപ്പെടാതെ നോക്കിയെങ്കിലും കുഞ്ഞേനാച്ചന്റെ മക്കളാരും കൃഷി ചെയ്യുന്നതായി കാണുന്നില്ല. കോൺട്രാക്ടറും അദ്ധ്യാപികയും കള്ളക്കടത്തുകാരനും പട്ടാളക്കാരനും കുഞ്ഞേനാച്ചന്റെ കുടുംബത്തിലുണ്ട്. മദ്ധ്യതിരുവിതാംകൂറിലെ ക്രിസ്ത്യൻ സമുദായത്തിന്റെ ഗാർഹികവും സാമൂഹികവുമായ ജീവിതമാണ് അരനാഴികനേരം വെളിപ്പെടുത്തുന്നത് എന്ന് എരുമേലി പരമേശ്വരൻ പിള്ള പ്രസ്താവിച്ചിട്ടുണ്ട്. (2003:322) ഈ മാറ്റങ്ങൾ കുഞ്ഞേനാച്ചന്റെ വൃദ്ധജീവിതിത്തെ ബാധിച്ചിട്ടുണ്ട്. ക്രമേണയുള്ള വളർച്ചയാണ് നാട്ടിലെ പ്രബലകുടുംബാംഗമായിത്തീരാൻ അയാളെ സഹായിക്കുന്നത്. വാർദ്ധക്യത്തിലും തലയുയർത്തിപ്പിടിക്കുന്നത് താൻ കരുപ്പിടിച്ച കുടുംബത്തിന്റെ മേന്മയെ ഓർത്താണ്. വർത്തമാനകാലത്തിൽ പട്ടാളക്കാരന്റെയും കള്ളക്കടത്തുകാരന്റെയും പണം കൊണ്ട് സുഭിക്ഷത നേടുന്ന ഒരു ഗാർഹികാന്തരീക്ഷം രൂപപ്പെട്ടു വരുന്നുണ്ട്. അതേസമയം മക്കൾ നല്ല നിലയിലെത്തുന്നതിൽ നിന്നും ലഭിക്കുന്ന ആത്മനിർവൃതി അപ്പനെന്ന നിലയിൽ വൃദ്ധനു ലഭിക്കുന്നില്ല.

മക്കളെല്ലാം വെവ്വേറെ താമസിക്കുന്നുണ്ടെങ്കിലും കുടുംബപ്രശ്നങ്ങളിൽ അപ്പന്റെ അഭിപ്രായം ആരായുന്നുണ്ട്. ഓർമ്മകൾ പിടിയിലല്ലാതാവുമ്പോൾ മാത്രമേ അതിനു

മാറ്റം വരുന്നുള്ളൂ. കുഞ്ഞേനാച്ചനുണ്ടാകുന്ന സ്വപ്നാനുഭവങ്ങളിലെല്ലാം സീമാതീതമായ പുത്രസ്നേഹം കാണാവുന്നതാണ്.

ഒരുപാട് അംഗങ്ങളുള്ള വലിയ ഒരു വീട്ടിലെ കാരണവരായ കുഞ്ഞേനാച്ചന് ചെറുപ്പത്തിൽ താൻ ചെയ്ത അകൃത്യത്തിന്റെ ഫലം വാർദ്ധക്യത്തിലാണ് ലഭിക്കുന്നത്. മകൻ പീലിപ്പോച്ചനും അയാളുടെ മകൻ ജോണിക്കുട്ടിയും ഒരേ വേലക്കാരിക്കുവേണ്ടി വഴക്കിടുന്നത്, മറ്റൊരു പേരക്കുട്ടി ദാനിക്കുട്ടി കള്ളക്കടത്തുകാരനായി പോലീസ് പിടിയിലാവുന്നത്. പ്രിയപ്പെട്ട മരുമകളുടെ സദാചാരഭ്രംശത്തിനു കാരണക്കാരനായ പ്രിയപ്പെട്ട സുഹൃത്തിന്റെ വഞ്ചന എന്നിവയെല്ലാം അതിന്റെ ഫലമായിട്ടാണെന്ന സൂചന നോവലിലുണ്ട്. "തന്റെ അകൃത്യം തന്റെ മക്കൾക്കായി ദൈവം സംഗ്രഹിച്ചുവച്ചിരിക്കുന്ന" എന്ന ബൈബിൾവാക്യം സാർത്ഥകമാകുമാറാണ് ഈ പതനങ്ങൾ നോവലിൽ ഘടിപ്പിച്ചിട്ടുള്ളത്. (2012:144) മനസ്സിലെ കുറ്റബോധം പുരുഷരൂപമെടുത്ത് പറയുന്നുണ്ട്:

*'കടം എന്തായാലും വീട്ടണം താനല്ലെങ്കിൽ തന്റെ സന്തതി...*

*താൻ വാങ്ങിച്ചു മകൻ കൊടുത്തു - അല്ലിയോ? (ടി.195)*

ഈ ഭാഗങ്ങൾ കുഞ്ഞേനാച്ചന്റെ പൂർവ്വകാല ജീവിതത്തിലേയ്ക്കുള്ള പ്രവേശനമാർഗ്ഗങ്ങളാണ്. വയസ്സായവരിൽ ഉത്കണ്ഠ (anxiety) ഏറ്റവും കൂടുതൽ കാണുന്നതായി എസ്.ശിവ രാജു തന്റെ പഠനത്തിൽ അഭിപ്രായപ്പെടുന്നു. ബഹുഭൂരിപക്ഷം വൃദ്ധരും മതത്തിലൂടെയോ അല്ലെങ്കിൽ മതഗ്രന്ഥങ്ങൾ ജപിക്കുകയോ വായിക്കുകയോ ചെയ്തിട്ടോ ഈ ആകുലത ഇല്ലാതാക്കാൻ ശ്രമിക്കുന്നു. പടുവൃദ്ധനായ കുഞ്ഞേനാച്ചന്റെ ഭക്തിയും നിർണ്ണായകഘട്ടങ്ങളിലെ ബൈബിൾ സൂക്തങ്ങൾ ഉരുവിടലും ഇതിന്റെ ഭാഗമായി കാണാവുന്നത് (എസ്. ശിവ രാജു, 2014:190).

കാഴ്ചക്കുറവും കേൾവിക്കുറവും ഓർമ്മക്കുറവും ബലക്ഷയവും ഭക്ഷണത്തിനോ

ടുള്ള വിരക്തിയും വാർദ്ധക്യത്തിന്റെ പ്രത്യേക ചിഹ്നങ്ങളായിരിക്കുന്നു. ഈ മാറ്റങ്ങൾ മനഃശാസ്ത്രപരമായ വാർദ്ധക്യത്തിൽപ്പെടുന്നതാണ്. കുഞ്ഞേനാച്ചന്റെ മാനസികാവസ്ഥ കാണിക്കുന്ന ഒരു ഭാഗം.

*തന്നെ ആരും ഗൗനിക്കുന്നില്ല. കാര്യമാക്കുന്നില്ല. കാലഹരണപ്പെട്ടവൻ! പൊടിപ്പെണ്ണിനുപോലും ഇല്ല ഒരു വില. ഇങ്ങനെ കരിന്തിരി എരിയുന്നതിനേക്കാൾ എണ്ണ നിറഞ്ഞുനിൽക്കുമ്പോൾ അണഞ്ഞു പോകുന്നതു നല്ലത്. നരച്ച തല, കുടുംബത്തിൽ മൂപ്പൻ എന്നൊക്കെ പറയും. ഭംഗിവാക്ക്! ഓട്ടമാണല്ലോ. ഓടിത്തളർന്നു വഴിവക്കിൽ പറ്റിയിരുന്നു കിതയ്ക്കുന്നു. വീണുമയങ്ങുന്നു. വിറങ്ങലിക്കുന്നു. അവരേ നോക്കാൻ ആർക്കുനേരം?... (2012:186)*

മനുഷ്യന്റെ ക്ഷണികമായ ജീവിതാവസ്ഥ ഈ ആത്മകഥനത്തിലൂടെ വിലയിരുത്താൻ കഴിയും. ഭൂമയിൽ കണ്ടുമുട്ടുന്നവരെല്ലാം വഴിയമ്പലത്തിലിരുന്നു മുറുക്കി യാത്ര പറഞ്ഞു പിരിയുന്നവരാണെന്ന ജീവിതതത്ത്വശാസ്ത്രത്തിലേക്ക് കുഞ്ഞേനാച്ചനെ എത്തിക്കുന്നത് വാർദ്ധക്യം മൂലം നേടിയെടുത്ത പക്വതയാണ്. മാനസികമായും ശാരീരികമായും സമാധാനം നഷ്ടപ്പെട്ട വൃദ്ധനാണയാൾ. ഒരു പടുവൃദ്ധന്റെ മാനസിക ചലനങ്ങൾ സൂക്ഷ്മമായി ആവിഷ്ക്കരിക്കാൻ ബോധധാരാസങ്കേതം സമർത്ഥമായിത്തന്നെ ഉപയോഗപ്പെടുത്തിയിരിക്കുന്നു. ക്രമം തെറ്റിയഓർമ്മകളിലൂടെ കുടുംബത്തിന്റെ ചരിത്രവും പാരമ്പര്യവും ഒരു തൊണ്ണൂറുകാരനിലൂടെ അനാവൃതമാകുകയാണ്. കറുപ്പു വിറ്റു നടന്നിരുന്ന വ്യക്തിയിൽനിന്നും കച്ചവടക്കാരനും കൃഷിക്കാരനുമായി ഉയരാൻ കഴിഞ്ഞ ഭൂതകാലവും അതിൽനിന്നു വിമുക്തി നേടിയ വർത്തമാനകാലവും അതിൽ തെളിയുന്നു. അതിപ്രധാനമായി കണക്കാക്കാവുന്ന ഒരു വസ്തുത ക്രിസ്ത്യൻ മതവുമായി ബന്ധപ്പെട്ട പാപബോധം കുഞ്ഞേനാച്ചനിൽ ശക്തമായി പ്രവർത്തിക്കുന്നതാണ്.

നാലുതരത്തിൽ അനുഭവപ്പെടുന്ന വാർദ്ധക്യത്തിലൂടെയും കുഞ്ഞേനാച്ചൻ കടന്നു പോകുന്നതായി കാണാം. അയാൾ തൊണ്ണൂറു കഴിഞ്ഞ പടുവൃദ്ധനാണ്. ശാരീരികമായ മാറ്റങ്ങൾ അയാളിലുണ്ട്. നടക്കാനുള്ള ബുദ്ധിമുട്ടും കിടപ്പായതും ഇതിനു തെളിവാണ്. ഓർമ്മയിൽ വരുന്ന വിള്ളലുകൾ മനഃശാസ്ത്രപരമാണ്. സമൂഹം, കുടുംബം ഇവയുമായുള്ള ബന്ധം സാമൂഹികവും. ഒരു പക്ഷേ മലയാള നോവലിലെ ഏറ്റവും പ്രായം കൂടിയ കഥാപാത്രമായി കുഞ്ഞേനാച്ചനെ കണക്കാക്കാം.

**3.1.2.2. വഴിയമ്പലം:**

പാറപ്പുറത്തിന്റെ 'വഴിയമ്പല'ത്തിലെ നായകസ്ഥാനത്തുള്ള മാത്തുണ്ണിമുതലാളിയുടെ വളർച്ചയും പടിപടിയായിട്ടാണ്. മലബാറിലേക്കുള്ള ക്രിസ്ത്യൻ കുടിയേറ്റ ചരിത്രം മാത്തുണ്ണിയെ മുതലാളിയാക്കുന്നതിനു പിന്നിലുണ്ട്. മുതലാളിത്തത്തിന്റെ വളർച്ച, തൊഴിലാളിവർഗ്ഗത്തിന്റെ മുതലാളിത്തത്തിനു നേരെയുള്ള എതിർപ്പ് എന്നീ സാമൂഹികമാറ്റങ്ങൾ മാത്തുണ്ണിമുതലാളിയുടെ ജീവിതത്തെ സംഘർഷഭരിതമാക്കുന്നുണ്ട്. മനഃപൊരുത്തമില്ലാത്ത പേരക്കുട്ടികളാണ് അയാൾക്ക് എന്നതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

രാഘവന്റെ മാടക്കടയിലിരുന്ന് പകൽ കഴിക്കുന്ന വൃദ്ധൻ രാഘവനോടു പറയുന്നു:

> *.... നാലുപേരൊന്നിച്ച് ഒരു വഴിയമ്പലത്തിൽ കിടന്നുറങ്ങിയെന്നും കണ്ട് ഒന്നിച്ച് ജീവിച്ചെന്നു പറയാനൊക്കുമോ.... കാലഹരണപ്പെട്ടു പോയ പ്രമാണം പോലെ ഞാൻ കാലഹരണപ്പെട്ടു പോയ മനുഷ്യൻ. എന്റെ കരാറു തീർന്നു. (വഴിയമ്പലം. 2009:11)*

തന്റെ കാലം കഴിഞ്ഞു എന്ന ബോധം മുതലാളിക്ക് എപ്പോഴുമുണ്ട്. അതില്ലാത്ത ഭാര്യ കുഞ്ഞാണ്ടമ്മയോട് മുതലാളിക്ക് സഹതാപമാണ്. മുതലാളി അല്ലെന്ന് കാണി

ക്കാനുള്ള മനഃപൂർവ്വമായ ശ്രമമാണ് തന്റെ പണിക്കാരെ പോലെ ജീവിക്കണം എന്ന നിർബന്ധം. അവരുടെ അധ്വാനഫലമാണ് താനുണ്ണുന്നത് എന്ന ഓർമ്മയുള്ള മുതലാളിയാണയാൾ.

കർഷകത്തൊഴിലാളികൾ സംഘടിച്ച് മുതലാളിമാർക്കെതിരെ തിരിയുന്നുണ്ട്. അടിയാനും കുടിയാനുമായിരുന്നവരുടെ പിൻതലമുറക്കാർക്ക് മുതലാളിയെ ആദരവില്ല. ഈ പ്രക്ഷോഭവും അതിനെ എതിർക്കാനാകാത്തതും മുതലാളിമാർതന്നെ തൊഴിലാളിയൂണിയനുണ്ടാക്കുന്നതും രണ്ടു ഗ്രൂപ്പും തമ്മിലുള്ള വഴക്കും കാലവ്യത്യാസത്തെ കുറിക്കുന്നതാണ്. ഇതിലൊന്നും ഉൾപ്പെടാഞ്ഞിട്ടും മാത്തുണ്ണി മുതലാളിക്കും മകനുമെതിരെ തൊഴിലാളികൾ സംഘടിക്കുന്നതും ഇതു വ്യക്തമാക്കുന്നു. മകൻ അപ്പുക്കുട്ടന്റെ മരണം മുതലാളിയെ തകർക്കുന്നുണ്ട്. പേരക്കുട്ടികളാഗ്രഹിക്കുന്ന സ്വത്ത് അവരാരും നേടിയതല്ല എന്ന ബോധം വൃദ്ധനുണ്ട്. സ്വത്തിനു വേണ്ടി കേസു കൊടുക്കാനൊരുങ്ങുന്ന പേരക്കുട്ടികളും സ്വത്തു തള്ളിക്കളയുന്ന സുവിശേഷപ്രസംഗകനായ പേരക്കുട്ടിയും മാത്തുണ്ണിമുതലാളിയുടെ സ്വൈര്യം ഇല്ലാതാക്കുന്നു.

'അരനാഴികനേര'ത്തിലെ കുഞ്ഞേനാച്ചനോളം കരുത്തുള്ള കഥാപാത്രമല്ല 'വഴിയമ്പല'ത്തിലെ മാത്തുണ്ണിമുതലാളി. ക്രിസ്ത്യൻ കുടിയേറ്റത്തിന്റെ ഒരു ചിത്രം രണ്ടു നോവലിലുമുണ്ട്. തൊഴിലാളി ഉയർന്ന് സാമ്പത്തികരംഗം കീഴടക്കുന്നത് ക്രമേണയായി 'അരനാഴികനേര'ത്തിൽ കൊണ്ടുവന്നിരിക്കുന്നു. കൃഷി ആദായമില്ലാത്ത തൊഴിലാകുന്നതും കള്ളക്കടത്തിന്റെ കടന്നുവരവും കുഞ്ഞേനാച്ചനു ചുറ്റുമുള്ള സാമൂഹിക പരിണാമങ്ങളാണ്. സ്വന്തം യൗവ്വനത്തിലെ സദാചാരഭ്രംശം മരുമകളിലൂടെയും മകനിലൂടെയും പേരക്കുട്ടിയിലൂടെയും തുടരുന്നത് വാർദ്ധക്യത്തിന്റെ ദുരന്തതീവ്രത കൂടാൻ സഹായിക്കുന്നു. ഇടറി വീഴുന്ന ചിന്തകളും വർത്തമാനകാല യാഥാർത്ഥ്യവും ഇടകലർന്നു വരുന്നത് തൊണ്ണൂറു കഴിഞ്ഞ വൃദ്ധന്റെ മാനസികലോകം അനാവരണം

ചെയ്യാൻ സമർത്ഥമാണ്. വഴിയമ്പലത്തിലെ എഴുപത്തിരണ്ടുകാരനായ മുതലാളിയെ മുതലാളി–തൊഴിലാളി സംഘട്ടനം നേരിട്ടു തന്നെ ബാധിക്കുന്നുണ്ട്. അവസാനമടുക്കാറായെന്നറിഞ്ഞ വൃദ്ധൻ സമചിത്തതയോടും നിസ്സംഗതയോടും കൂടി ചുറ്റും നോക്കിക്കാണുന്നുണ്ട്. സമ്പത്തിനു വേണ്ടിയുള്ള കലഹം, മകന്റെ മരണം, അമ്മായിഅമ്മ - മരുമകൾ പോര് തുടങ്ങിയവ മാനസിക ശല്യങ്ങളായി മാറുന്നു. കാലാനുസൃതവും സാമൂഹികവുമായ വാർദ്ധക്യത്തിന് മുൻഗണന ലഭിക്കുന്നു. പ്രായത്തെപ്പറ്റിയുള്ള ബോധം മാത്തുണ്ണിമാപ്പിളയിലുണ്ട്. അതുകൊണ്ടാണ് മരുമകളുമായി മത്സരിക്കുകയും കലഹിക്കുകയും ചെയ്യുന്ന ഭാര്യയോട് സഹതാപം തോന്നുന്നത്. വീട്ടിലും നാട്ടിലുമുള്ളവർ മാത്തുണ്ണിമാപ്പിളയുടെ പ്രായത്തെപ്പറ്റി ബോധമുള്ളവരാണ്. സാമ്പത്തികമായ ചുമതലകൾ മകനെ ഏല്പിച്ച് വിശ്രമിക്കാനാണ് മുതലാളി ആഗ്രഹിക്കുന്നത്. പേരക്കുട്ടികളുമായി നല്ല ബന്ധം പുലർത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും പലപ്പോഴും അതു സാധിക്കുന്നില്ല. നാട്ടുകാരും ആശ്രിതരുമായി അടുപ്പത്തിലാകാൻ മനഃപൂർവ്വം ശ്രമ നടത്തുന്നതിന്റെ ഭാഗമാണ് രാഘവന്റെ മാടക്കടയിലെ ഇരിപ്പ്.

### 3.1.3. മലയാറ്റൂരിന്റെ രണ്ടു നോവലുകൾ:

മലയാറ്റൂരിന്റെ അഞ്ചു സെന്റ്, ശിരസ്സിൽ വരച്ചത് എന്നീ നോവലുകളാണ് പരിഗണിക്കുന്നത്.

#### 3.1.3.1. അഞ്ചു സെന്റ്:

സ്വാതന്ത്ര്യാനന്തരം ജനാധിപത്യം നിലവിൽ വന്നതോടെ സ്വാതന്ത്ര്യസമരനായകനായ മാധവൻപിള്ളയ്ക്കു തന്റെ ആദർശം പടിപടിയായി നഷ്ടപ്പെടുന്നത് ഈ നോവലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രാമേട്ടൻ എന്ന കഥാപാത്രത്തിന്റെ വീക്ഷണത്തിലൂടെ

മാധവൻപിള്ള എന്ന സ്വാതന്ത്ര്യഭടനെ അവതരിപ്പിക്കുകയാണ് മലയാറ്റൂർ. മാധവൻപിള്ള ആകെ ആഗ്രഹിക്കുന്നത് അമ്മയ്ക്കു താമസിക്കാൻ ഒരു വീട്. അതിനു സ്ഥലം വേണം. മാധവൻ പിള്ളയ്ക്ക് അമ്മയെ നേരിടാൻ മടിയാണ്. അമ്മയ്ക്കൊരു വീടുണ്ടാക്കിയാൽ വാടകയ്ക്കു കൊടുത്തെങ്കിലും അവർക്ക് ജീവിക്കാം എന്നയാൾ കരുതുന്നു. അഞ്ചു സെന്റിന് എഴുതിക്കൊടുക്കുന്ന മാധവൻപിള്ളയുടെ അപേക്ഷ തള്ളിപ്പോകുന്നു. മാധവൻപിള്ള അപേക്ഷിച്ച അഞ്ചുസെന്റ് ഹോട്ടലിന്റെ കാർപോർച്ചിനു വേണ്ടി വിട്ടുകൊടുക്കുകയാണ്. സ്വാധീനമുള്ളവർക്ക് വേണ്ടിയാണ് ഭരണയന്ത്രം തിരിയുന്നത്. കിടപ്പാടത്തിനുള്ള അപേക്ഷ വീണ്ടും കൊടുക്കേണ്ട സ്ഥിതിയാണ് മാധവൻപിള്ളയ്ക്ക്. എം.പി.യും ഗവർണ്ണർമാരും അയാളുടെ രാഷ്ട്രീയ ശിഷ്യരാണ്. എന്നാൽ ഗുരുവിനെ കയ്യൊഴിയാൻ അവർക്ക് ബുദ്ധിമുട്ടു തോന്നുന്നില്ല. മാധവൻപിള്ളയുടെ സ്വഭാവത്തിലെ ആദർശവും സദാചാരവും നീങ്ങിപ്പോകുന്നത് രാമേട്ടനെ ചിന്താധീനനാക്കുന്നു. അവസാനകാലത്ത് മദ്യത്തിനുവേണ്ടി ആൾക്കാരെ വഞ്ചിച്ച് കൈക്കൂലി വാങ്ങാൻ പോലും മടിക്കാത്ത മാധവൻപിള്ളയെയാണ് കാണുന്നത്.

അധികാരം മോഹിക്കാത്ത നേതാവും സ്വാതന്ത്ര്യം കൈവന്നപ്പോൾ മന്ത്രിക്കസേര തേടിനടക്കാത്ത ത്യാഗിയുമായിട്ടാണ് പിള്ളയെ രാമേട്ടൻ കാണുന്നത്. എന്നാൽ രാമേട്ടന്റെ സ്നേഹിതനായ ബാലുവിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. രാഷ്ട്രീയം ബിസിനസ്സാണെന്നും അതിൽ ആത്മാർത്ഥതയില്ലെന്നും ബാലു കണ്ടെത്തുന്നുണ്ട്. ബാലുവിന്റെ വിശ്വാസത്തിൽ മാധവൻപിള്ളയെന്ന ആദർശവാദിയുടെ മറ്റൊരു മുഖം കാണാനാവും.അയാൾ പറയുന്നു:

> *"മാധവൻപിള്ള ഒരു കള്ളനാണയമാണ്. സ്വാതന്ത്ര്യം വന്നപ്പോൾ അദ്ദേഹം കരുതി, ജനങ്ങൾ അദ്ദേഹത്തെ അധികാരത്തിൽ ഏറ്റുമെന്ന്. അതിനുവേണ്ടി മുറവിളി കൂട്ടുമെന്ന്. അങ്ങനെ വലിയ ഗമയിൽ ഇരുന്നു*

*കൊടുത്തു. ഒരു പോസ് ആയിരുന്നു അത്. ത്യാഗമൊന്നുമല്ല. ആ പോസ് പൊളിഞ്ഞു പോയി. അത്രതന്നെ." (2003:55)*

ചിന്തോദ്ദീപകമായ അഭിപ്രായമാണിത്. ഇതംഗീകരിച്ചാൽ തന്നെ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിച്ച നിസ്വനായ ഒരാളെ ഉപേക്ഷിക്കുന്നത് ജനാധിപത്യത്തിനു ദുഷ്കീർത്തിയുണ്ടാക്കും. അനാഥനും രോഗിയുമായ മാധവൻപിള്ള മരിച്ചപ്പോൾ ശവസംസ്കാരം ഉചിതമായ രീതിയിൽ നടത്താൻ സർക്കാർ മുന്നോട്ടു വരുന്നത് ഇവരുടെ ഇരട്ടത്താപ്പാണ് കാണിക്കുന്നത്. അതുവരെ ശുശ്രൂഷിച്ച രാമേട്ടൻ ആരുമല്ലാതാവുന്നു.

മനഃശക്തി ചോർന്ന് നിസ്സഹായനായി മദ്യത്തിലഭയം പ്രാപിക്കുന്ന മാധവൻപിള്ളയുടെ അധഃപതനം ഭീകരമാണ്. ആദർശങ്ങൾ ആദർശങ്ങൾക്ക് വേണ്ടി മാത്രമായി തീരുന്നു. വ്യക്തിജീവിതത്തിൽ അതിനു വലിയ സ്ഥാനമൊന്നും കിട്ടാനില്ലെന്നും അഞ്ചുസെന്റിനായുള്ള പോരാട്ടത്തിൽ കാണുന്നുണ്ട്. അവിവാഹിതനും തൊഴിൽരഹിതനുമായ മാധവൻപിള്ള മദ്യപനും സ്വവർഗ്ഗരതിക്കാരനുമായിത്തീരുമ്പോൾ സ്വാതന്ത്ര്യസമരധീരന്റെ അധഃപതനം പൂർത്തിയാവുകയാണ്. അദ്ദേഹത്തിന്റെ ഈയവസ്ഥയ്ക്കു കാരണം ഭരണകൂടത്തിന്റെ നിരുത്തരവാദപരമായ ഇടപെടലാണെന്ന് കാണാം. ഒരുതരം ചൂഷണം ഇവിടെയുണ്ട്. സ്വാതന്ത്ര്യഭടന്റെ അവകാശത്തെ നീതിരഹിതമായി നിഷേധിക്കുകയാണ് ഭരണരംഗത്തുള്ളവർ. പരിചയക്കാരുമായുള്ള ബന്ധത്തിൽ വരുന്ന വിള്ളലുകൾ മാധവൻപിള്ളയുടെ അവസ്ഥാന്തരത്തിനു പിന്നിലുണ്ട്. സാമൂഹികമായ വാർദ്ധക്യം (Social ageing) ഈ കഥാപാത്രത്തിൽ പ്രകടമായും കാണുന്നുണ്ട്. അയാളുമായി ബന്ധപ്പെട്ട വ്യക്തികളും അയാളുമായുള്ള ബന്ധത്തിൽ ഇതു കാണാം. ചെറുപ്പക്കാലത്തു കിട്ടിയിരുന്ന ആദരവ് മാധവൻപിള്ളയ്ക്ക് നഷ്ടപ്പെടുന്നു. അയാളുടെ കാഴ്ചപ്പാടിൽ വരുന്ന വ്യത്യാസം മനഃശാസ്ത്രപരമായ വാർദ്ധക്യ (psycho

logical ageing)വുമായി ബന്ധപ്പെട്ടതാണ്. ഇന്ദ്രിയങ്ങളിലും ഗ്രഹണശേഷിയിലും ബുദ്ധി വൈഭവത്തിലും വരുന്ന മാറ്റമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. അയാളുടെ ഓർമ്മകൾ കൊണ്ട് പ്രയോജനമുണ്ടാകുന്നില്ല. നിയന്ത്രണപരിധിക്കപ്പുറമുള്ള ഇന്ദ്രിയങ്ങൾ. മദ്യം തകർത്ത ആന്തരാവയവങ്ങളും ആരോഗ്യവും. വാർദ്ധക്യത്തിലെ സന്തോഷം തിരക്കുപിടിച്ച ജീവിതം, നല്ല ആരോഗ്യം. സമ്പത്തിന്റെ ലഭ്യത, ഇണ, സാമൂഹികമായ ബന്ധങ്ങൾ എന്നിവയെ ആസ്പദമാക്കിയാണെന്ന് ശിവ രാജു നിരീക്ഷിക്കുന്നുണ്ട്. (2014:190) മാധവൻ പിള്ളയ്ക്ക് ഇവയൊന്നും ഇല്ല. അയാളുടെ സാമൂഹികബന്ധം രാമേട്ടനിൽ ഒതുങ്ങുന്ന ഒന്നാണ്.

### 3.1.3.2. ശിരസ്സിൽ വരച്ചത്:

മലയാറ്റൂരിന്റെ അവസാന നോവലായ 'ശിരസ്സിൽ വരച്ചത്' അപൂർണ്ണമാണെന്നു കരുതപ്പെടുന്നു. ഗോപാലക്കുറുപ്പ് എന്ന ഗോപിയുടെ അനുക്രമമായ ചിന്തയിലൂടെയും വർത്തമാനകാല സംഭവങ്ങളിലൂടെയുമാണ് കഥ മുന്നോട്ടു പോകുന്നത്. വയസ്സ് എഴുപത്തഞ്ചായിട്ടും കമ്പനി ഗോപാലക്കുറുപ്പിനെ വിശ്രമിക്കാനനുവദിക്കുന്നില്ല. എന്നോ ഉപേക്ഷിച്ചു പോന്ന, സ്വന്തക്കാരാരുമില്ലാത്ത നാട്ടിലേക്കുള്ള ഒരു മടക്കം ഗോപി ആഗ്രഹിക്കുന്നുണ്ട്. എന്നാൽ വ്യക്തിയുടെ ബുദ്ധിശക്തിയെ പരമാവധി ചൂഷണം ചെയ്യുന്ന കമ്പനിക്ക് ഗോപിയെ ആവശ്യമുണ്ട്. മനഃശാസ്ത്രപരമായ വാർദ്ധക്യം ഗോപിയെ അലട്ടാത്തത് ഈ തിരുമാനത്തിന് പിന്നിലുണ്ട്. പുതിയ പദ്ധതികളുമായി അയാളെ സഹകരിപ്പിക്കാൻ കമ്പനിയുടെ കീഴിലുള്ള ബ്ലൂഐലൻഡിലെ ബംഗ്ലാവിൽ ഗോപിക്കായി വിശ്രമത്താവളം ഒരുക്കിയിരിക്കുന്നു. കമ്പനിയുടെ ആദ്യചെയർമാനും പ്രമോട്ടറുമായ ഗോപിക്ക് ക്ഷണം നിരസിക്കാൻ ബുദ്ധിമുട്ടുണ്ട്. ബംഗ്ലാവിലിരുന്ന് അയാൾ ജീവിതകഥ എഴുതാൻ തുടങ്ങുകയാണ്.

സാമൂഹികമായി ഉയർന്ന ശ്രേണിയിലുള്ളവരാണ് ഈ നോവലിലെ പ്രമുഖസ്ഥാനത്തുള്ള കഥാപാത്രങ്ങൾ. പാരമ്പര്യമായി സമ്പത്തുള്ള കുടുംബത്തിൽ പിറന്ന ഗോപാലക്കുറുപ്പ് തന്റെ ഉയർച്ചയ്ക്ക് അത് ആധാരമാക്കുന്നില്ല. പണവും പദവിയും മദ്യപാനവും നേരിട്ടും അല്ലാതെയും അയാളുടെ ജിവിതത്തെ ബാധിക്കുന്നു. നഗരജീവിതത്തിൽ ബന്ധങ്ങൾക്ക് പ്രസക്തി നഷ്ടപ്പെടുന്നത് ഗോപിയും മകൻ അശ്വിനും തമ്മിലുള്ള അകൽച്ചയിൽനിന്നും മനസ്സിലാക്കാം. കേരളമല്ല ബോംബെയാണ് ഗോപാലക്കുറുപ്പിന്റെ വളർച്ച ഉറപ്പു വരുത്തുന്നത്. നാട്ടിലെ ഓർമ്മകൾ നിരാശയുണർത്തുന്നതാണ്. അസ്വസ്ഥമായ ഗോപിയുടെ മാനസികനില വ്യക്തമാക്കാൻ നിരവധി സ്വപ്ന ദൃശ്യങ്ങൾ കൊണ്ടുവരുന്നു.

നഗരജീവിതത്തിന്റെയും ബിസിനസ്സിന്റെയും തിരക്കും സമ്മർദ്ദവും തന്നെ അലസനാക്കിയെന്ന് ഗോപിക്ക് തോന്നുന്നുണ്ട്. പത്രവും റേഡിയോയും ടിവിയുമില്ലാത്ത ഓയ്സ്റ്റർ ബംഗ്ലാവ് പഴയ ഗ്രാമജീവിതത്തിലേക്ക് മടങ്ങുന്ന സുഖം തരുന്നുണ്ട്. ശരീരത്തിനോടൊപ്പം മനസ്സിനും കൂടി ജരാനരകൾ ബാധിച്ചിരുന്നെങ്കിൽ കുറെക്കൂടി സമാധാനവും തൃപ്തിയും വയസ്സുകാലത്ത് ഉണ്ടാകുമായിരുന്നെന്ന് ഗോപാലക്കുറുപ്പ് ചിന്തിക്കുന്നു. വാർദ്ധക്യത്തെ അംഗീകരിക്കുന്ന ഒരു വ്യക്തിത്വം ഗോപിയിലുണ്ട്. വൃദ്ധനാണെന്നതിൽ അയാൾക്ക് ദുഃഖമില്ല. വാർദ്ധക്യത്തെ ഭയപ്പെടുന്നവരിൽനിന്നും വിഭിന്നനായിരിക്കാൻ അയാൾക്കാകുന്നുണ്ട്. കാലാനുസൃതമായ വയസ്സിന് അയാൾ പ്രാധാന്യം കൊടുക്കുന്നില്ല.

> *ഇന്ന് എന്റെ പ്രായം എഴുപത്തഞ്ച്. എങ്കിലം എന്റെ മനസ്സിന് ഇപ്പോഴും ചെറുപ്പമാണ്. ഇത് ഒരു യോഗ്യതയാണെന്നു പറയുകയല്ല. സത്യം പറഞ്ഞാൽ ഇതൊരു അയോഗ്യതയാണ് ഒരു മൈനസ് പോയിന്റ് (2010:8)*

വാർദ്ധക്യം ഓരോരുത്തരുടേയും വ്യക്തിപരമായ സമീപനമനുസരിച്ച് വ്യത്യസ്ത

രീതിയിൽ കാണപ്പെടുന്നു എന്ന വാർദ്ധക്യസിദ്ധാന്ത (congnitive theory)ത്തിന്റെ പ്രവർത്തനം ഇവിടെ സ്പഷ്ടമാണ്. സമൂഹത്തിൽ പുതിയ സ്ഥാനമാനങ്ങൾ ഏറ്റെടുക്കുന്നവർക്കും അല്ലെങ്കിൽ പുതിയ സ്ഥാനമാനങ്ങളിൽ വ്യാപൃതരായവർക്കും ഏകാന്തത അനുഭവപ്പെടില്ലെന്നു കാണുന്നു എന്ന ഇന്ത്യയിലെ വൃദ്ധരെപ്പറ്റിയുള്ള പഠനത്തിലെ കണ്ടെത്തൽ പൂർണ്ണമായും ശരിയല്ലെന്ന് ഗോപിയുടെ വാർദ്ധക്യാനുഭവം തെളിയിക്കുന്നുണ്ട്. (ശിവ രാജു. 2014:190)

ബംഗ്ലാവിലെ ബട്ട്ലർ കണാരന്റെയും ബോട്ടുഡ്രൈവർ സെയ്താലിയുടേയും സംതൃപ്തമായ ചെറിയ ജീവിതം അയാളിൽ അസൂയയുണർത്തുന്നു. അനുജത്തിയുടെ തകർന്ന കുടുംബബന്ധം ശരിയാക്കാൻ അയാൾക്കാകുന്നില്ല. ഈ തകർച്ചയും ഗോപിയുടെ ഔദ്യോഗികജീവിതത്തിലെ അവിശുദ്ധബന്ധങ്ങളും ഉപഭോഗസംസ്കാരത്തിന്റെയും മുതലാളിത്തത്തിന്റെയും ഫലമായിട്ടാണ് കടന്നുവരുന്നത്. ഗോപി കൊണ്ടുനടക്കുന്ന അസ്തിത്വവ്യഥയുടെ കാരണം അയാളുടെ പാപഭരിതമായ പാരമ്പര്യത്തിലാണ് എന്നത് 'ശിരസ്സിൽ വരച്ചത്' എന്ന ശീർഷകത്തെ സാർത്ഥകമാക്കുന്നു.

നിരവധി സ്വപ്നദൃശ്യങ്ങളിലൂടെയാണ് ഗോപാലക്കുറുപ്പിന്റെ പൂർവ്വികരെ അവതരിപ്പിക്കുന്നത്. മരിച്ചുപോയവും ജീവിച്ചിരിക്കുന്നവരും ക്രമമായി സ്വപ്നങ്ങളിൽ നിറയുന്നുണ്ട്. കഥയുടെ ഒഴുക്ക് പലപ്പോഴും നിയന്ത്രിക്കപ്പെടുന്നത് ഈ സ്വപ്നങ്ങളിലൂടെയാണ്. കേരളത്തിലേയ്ക്കുള്ള മടക്കം മുടങ്ങുന്നിടത്ത് നോവലും അവസാനിക്കുകയാണ്.

ഈ നോവലിലെ നായകനായ വൃദ്ധൻ വാർദ്ധക്യത്തെ തള്ളിക്കളയുന്നില്ല. തനിക്ക് ലഭിച്ച പത്തു ദിവസത്തെ വിശ്രമജീവിതം ക്രിയാത്കമായി ചെലവഴിക്കുമ്പോൾ തന്നെ വിഭിന്ന രീതിയിലുള്ള ജീവിതങ്ങളിലേക്കു ശ്രദ്ധതിരിക്കാനും കഴിഞ്ഞു പോയ ജീവിതത്തെ ക്രമാനുഗതമായി ഓർത്ത് ചിട്ടപ്പെടുത്തിയെടുക്കാനും കഴിയുന്നുണ്ട്. വലിയ

നഗരങ്ങളുടെ സ്വഭാവം ഉൾക്കൊണ്ടു കഴിയുമ്പോഴും ഗ്രാമീണമായ ഒരു മനസ്സ് സൂക്ഷിക്കാനും ഗ്രാമത്തിലേക്കുള്ള തിരിച്ചുവരവിനെപ്പറ്റി ചിന്തിക്കാനും ഗോപാലക്കുറുപ്പിന് കഴിയുന്നു. കൈമോശം വന്നതെല്ലാം തിരിച്ചുപിടിക്കാമെന്ന മിഥ്യാധാരണ അയാൾക്കില്ല. 1990കൾ ആഗോളീകരണത്തിന്റെയും ഉദാരീകരണത്തിന്റെയും സ്വകാര്യവത്കരണത്തിന്റെയും കാലമായിരുന്നു. അതിന്റെ ഉപോത്പന്നമായ ഉപഭോഗ സംസ്കാരത്തിന്റെ കടന്നുകയറ്റം വ്യക്തികളിലുണ്ടാക്കുന്ന മൂല്യത്തകർച്ച നോവലിലുടനീളമുണ്ട്. സാമൂഹികമായ വാർദ്ധക്യത്തിന് ഈ നോവലിൽ വളരെ പ്രാധാന്യം ലഭിക്കുന്നുണ്ട്.

### 3.1.4. കോവിലന്റെ തോറ്റങ്ങൾ:

അറുപത്തെട്ടു വയസ്സുകഴിഞ്ഞ ഉണ്ണിമോളുടെ കഥയാണ് തോറ്റങ്ങൾ. തന്റെ ഭാര്യയുടെ അമ്മയായ അമ്മുക്കുട്ടിയമ്മയാണ് കേന്ദ്രകഥാപാത്രമായ ഉണ്ണിമോളായി മാറുന്നത് (രാവുണ്ണി എഡി 2011:246)[3]. ബോധധാരാരീതിയവംലബിച്ച് ഉണ്ണിമോളുടെ അസംതൃപ്തമായ ദാമ്പത്യജീവിതത്തെ പഴയകാല ഓർമ്മകളുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ഒരു സ്ത്രീയുടെ ജീവിതം ഒരൊറ്റ രാത്രി മാത്രം ദൈർഘ്യമുള്ള ഓർമ്മകളെക്കൊണ്ട്, സ്വപ്നങ്ങളെക്കൊണ്ട് എങ്ങനെ ആവിഷ്ക്കരിക്കാം എന്ന വാശിയാണ് തോറ്റങ്ങൾക്ക് പിന്നിലുള്ളതെന്ന് കോവിലൻ ഒരഭിമുഖത്തിൽ പറയുന്നു (2011:41)[4] തോറ്റങ്ങളെക്കുറിച്ച് വിമർശകർ എഴുതിയപ്പോഴാണ് ബോധധാര (Stream of Conciousness)യെക്കുറിച്ചറിയുന്നത് എന്നും അദ്ദേഹം പറയുന്നുണ്ട് (ടി.)

ഉണ്ണിമോളുടെ ബാല്യ-കൗമാര-.യൗവ്വനങ്ങൾ അച്ഛൻ, മുത്തച്ഛൻ, തറവാട് എല്ലാം പ്രളയജലത്തിൽ തെളിയുന്നു. സാമാന്യം സമ്പത്തുണ്ടായിരുന്ന അവരുടേയും ഭർത്താവ് ചേന്നപ്പന്റെയും സാമ്പത്തിക പാരമ്പര്യം അടുത്ത തലമുറയിൽ തുടർന്നുവരുന്നില്ല.

ചേന്നപ്പന്റെ കാലമായപ്പോഴേയ്ക്കും കൃഷി ഇല്ലാതായി. ഏക വരുമാനമാർഗ്ഗമായ കടത്തും ക്രമേണ നിലയ്ക്കുകയാണ്. മക്കളിൽ ഗോപിക്കും മാളുവിനുമേ ചെറുതായി ജോലിയുള്ളൂ. ദിവാകരൻ കോമരമാണ്. നന്ദിനി തയ്ക്കും. ദേവയാനി പഠിക്കുന്നു. കടത്തില്ലാതായ ചേന്നപ്പന് ആദായം ലഭിക്കുന്നത് മക്കളിൽ നിന്നുമാണ്. അതിനേക്കാൾ ആദായം വെള്ളപ്പട്ടിയുടെ കുട്ടികളെ വിറ്റാൽ കിട്ടും. ഭർത്താവിൽ സുഖമോ സംതൃപ്തിയോ കണ്ടെത്താൻ ഉണ്ണിമോൾക്കാവുന്നില്ല. ഓടപ്പഴത്തിന്റെ നിറമുള്ള നാരായണനെ വിവാഹം കഴിക്കാനാഗ്രഹിച്ച അവർക്ക് അഞ്ജനക്കല്ലു പോലുള്ള ചേന്നപ്പനെയാണ് മുത്തച്ഛൻ കൊടുത്തത്. മക്കളിൽ നിന്നും അവർക്ക് സമാധാനം ലഭിക്കുന്നില്ല. നാരായണന്റെ മകൻ ബിജു എന്ന വിജയൻ തന്റെ മകൾ ദേവയാനിയെ വിവാഹം കഴിക്കുമെന്ന പ്രതീക്ഷയും അസ്ഥാനത്തായപ്പോൾ ഉന്മാദാവസ്ഥയിലായ ഉണ്ണിമോൾക്ക് മുറുക്കാനിടിക്കുന്ന ചെമ്പുലക്ക കൊണ്ട് തലക്കിടിച്ച് ജീവിതമവസാനിക്കാനേ ആകുന്നുള്ളൂ. ഈ മരണം പ്രത്യക്ഷത്തിൽ കീഴടങ്ങലാണെങ്കിലും നിലവിലുള്ള സാമൂഹികവ്യവസ്ഥയോടുള്ള കഠിനമായ പ്രതിഷേധമാണെന്ന് കെ.എം.തരകൻ അഭിപ്രായപ്പെടുന്നു. (തോറ്റങ്ങളെന്ന അമൃതധാര' എന്ന പേരിലുള്ള പഠനം, 1982: 17)[5]. ഡൽഹിയിൽ ജോലിയുള്ള ഗോപിക്കും സാമ്പത്തികമായി വീട്ടുകാരെ സഹായിക്കാനാകുന്നില്ല. സാമൂഹികവ്യവസ്ഥിതിയിൽ മാറ്റങ്ങൾ വന്നു കഴിഞ്ഞു. പുതിയ സമ്പദ് വർഗ്ഗത്തിന്റെ വരവ് ചേന്നാടൻ ശേഖരനെപ്പോലുള്ള പുതിയ മുതലാളിവർഗ്ഗത്തെ പഴയ ജന്മിമാരുടെ സ്ഥാനത്ത് ഉറപ്പിക്കുന്നു. ഉണ്ണിമോളെപ്പോലെയും ചേന്നപ്പനെപ്പോലെയും ഉള്ളവർ വ്യവസ്ഥിതിയോട് പരാജയപ്പെടുന്നു.

അടിച്ചമർത്തി ജീവിക്കുന്ന സ്ത്രീത്വത്തിന്റെ പ്രതീകമായി മാറുകയാണ് ഉണ്ണിമോൾ. സ്വന്തം അസ്തിത്വം ഓടപ്പഴത്തിന്റെ നിറമുള്ള നാരായണനിൽ കാണുന്നതാണ് ഉണ്ണിമോളുടെ ആത്യന്തികമായ ദുരന്തം. തന്നെപ്പറ്റി നാരായണന്റെ വീട്ടുകാർ പറഞ്ഞുണ്ടാ

ക്കിയ അപവാദം അവരുടെ ഉള്ളിലുണ്ടുതാനും. മക്കത്തായത്തറവാട്ടിലെ കാരണവരുടെ അധികാരപ്രകടനം ഉണ്ണിമോളുടെ മുത്തച്ഛനിൽ കാണാൻ കഴിയുന്നു. കാരണവരെ എതിർത്ത് അഭിപ്രായം പറയാൻ അച്ഛനു കഴിയാതിരുന്നതിനാലാണ് അഞ്ജനക്കല്ലു പോലെ കറുത്ത ചേന്നപ്പനെ ഭർത്താവാക്കി ഉണ്ണിമോൾക്ക് മുന്നോട്ടു പോകേണ്ടിവരുന്നത്. ഏതു ദായക്രമത്തിലായാലും കുടുംബത്തിലെ പരമാധികാരി പുരുഷനായിരുന്നു എന്ന വാസ്തവം ഉണ്ണിമോളുടേയും അച്ഛന്റെയും ജീവിതത്തെ പ്രതികൂലമായി ബാധിച്ചതിന്റെ പിന്നിലുണ്ടെന്നു വ്യക്തമാണ്. മക്കത്തായക്കാരണവരായ ഉണ്ണിമോളുടെ മുത്തച്ഛൻ പ്രകടമായും മകന്റെ മേൽ ആധിപത്യം സ്ഥാപിക്കുന്നുണ്ട്. അച്ഛനെ എതിർക്കാനോ മകളുടെ വിവാഹകാര്യത്തിൽ തീരുമാനം എടുക്കാനോ അയാൾക്ക് കഴിയാതിരുന്നത് അതുകൊണ്ടാണ്. സ്ത്രീയുടെ അഭിപ്രായസ്വാതന്ത്ര്യം തടയപ്പെട്ടിരുന്നതുകൊണ്ട് ഉണ്ണിമോൾക്കും സ്വന്തം ജീവിതത്തിൽ നിർണ്ണായകതീരുമാനം എടുക്കാനായില്ല. അവരെ ആദ്യം പെണ്ണുകാണാൻ വന്ന ശേഖരൻ പുത്തൻ മുതലാളിത്തത്തിന്റെ പ്രതിനിധിയായിരിക്കുമ്പോൾ കൃഷിയും തൊഴിലും നഷ്ടപ്പെട്ട് പഴയ തറവാട്ടുകാരനായി അധഃപതിക്കുന്നവരുടെ പ്രതീകമാണ് ഉണ്ണിമോളുടെ ഭർത്താവ് ചേന്നപ്പൻ. അവരുടെ സന്താനങ്ങൾക്കും മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ കണ്ടെത്താനാകുന്നില്ല. അറുപത്തെട്ടു വയസ്സുവരെ അടിച്ചമർത്തി, സ്വയം ഒതുങ്ങി ജീവിച്ച ഉണ്ണിമോൾക്ക് താൻ വെറും പട്ടി മാത്രമാണെന്ന ആത്മനിന്ദയുണ്ട്. താൻ പെറ്റ കുട്ടികളെ വിറ്റാൽ വില കിട്ടില്ലെന്ന ബോധ്യവും. എന്നിട്ടും ദേവയാനിയെ അവളുടെ അച്ഛൻ വിൽക്കാൻ ശ്രമിച്ചപ്പോൾ അമ്മയ്ക്ക് നിലതെറ്റിപ്പോയി. സമൂഹത്തിലെ മാറ്റങ്ങൾ ചുറ്റിനും പ്രകടമാവുമ്പോൾ അതിലൊന്നും പെടാതെ മാറിനിൽക്കുന്ന കുടുംബം ഉണ്ണിമോളുടെ ദുരന്തത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു.

ഒരു സ്ത്രീയുടെ വീക്ഷണത്തിലാണ് കോവിലൻ രചന നിർവ്വഹിക്കുന്നത്. സ്വന്തം

അഭീഷ്ടങ്ങൾ സാധിക്കാതെ ഞെരിഞ്ഞമരുന്ന ഒരു സ്ത്രീയുടെ ഭൂതകാലവും വർത്തമാനവും അവതരിപ്പിക്കുന്നു. മകളുടേയും മകന്റേയും ഭാവിയെപ്പറ്റിയുള്ള അവരുടെ ചിന്ത അസ്ഥാനത്താവുന്നുണ്ട്. സങ്കല്പയാഥാർത്ഥ്യങ്ങൾക്കു മുമ്പിൽ മനുഷ്യൻ എത്ര നിസ്സഹായനാവുന്നു എന്നു കാണച്ചു തരാൻ കോവിലനു കഴിയുന്നുണ്ട്. 1970കളിൽപ്പോലും സ്വന്തം ഇഷ്ടം പുലർത്താനുള്ള സ്ത്രീയുടെ പ്രായോഗിക ബുദ്ധിമുട്ട് നോവലിലുണ്ട്. കുടുംബത്തിനു പരിചരണം നൽകേണ്ട ചുമതലാഭാരം ഉള്ളതുകൊണ്ട് സ്ത്രീകളെ സംബന്ധിച്ച് വാർദ്ധക്യം ആരോഗ്യപരമായും മാനസികമായും ക്ഷീണത്തിനു കാരണമാകുന്നു എന്ന ശിവ രാജുവിന്റെ കണ്ടെത്തൽ ഉണ്ണിമോൾക്ക് ബാധകമാണ് (2014:203) വയസ്സാവുമ്പോൾ നിയന്ത്രണം വിട്ടു പുറത്തു ചാടുന്ന വികാരവിചാരങ്ങൾ ഒരു വൃദ്ധയെ വിപരീതമായി ബാധിക്കുന്നത് ഈ നോവലിൽ ചിത്രീകരിച്ചിരിക്കുന്നു. മനഃശാസ്ത്രപരവും സാമൂഹികവുമായ വാർദ്ധക്യങ്ങൾ ഇവിടെ മേൽക്കൈ നേടുന്നു. ബുദ്ധി പലപ്പോഴും അവരെ കൈവിട്ടു പോകുന്നുണ്ട്. മനസ്സുറപ്പ് നഷ്ടപ്പെടുന്നുണ്ട്. ഭർത്താവുമായി ആരോഗ്യകരമായ ഒരു മാനസികബന്ധം സൂക്ഷിക്കാൻ അവർക്കാവുന്നില്ല. മകൾക്കും മകനും അവരാഗ്രഹിച്ചതു പോലുള്ള ഒരു ജീവിതം ലഭിക്കാത്തത് അവരെ നിരാശയിലാഴ്ത്തുന്നുണ്ട്. തന്റെ ജീവിതത്തിന്റെ ആവർത്തനം അവരിലും ദർശിക്കാൻ ഉണ്ണിമോൾക്കാവുന്നുണ്ട്. ചെമ്പുലയ്ക്കയിൽ ജീവിതം അവസാനിപ്പിക്കുന്നതിന് ഇതും കാരണമാകുന്നു. ഇരുട്ടു നിറഞ്ഞ ഒരു ഭാവിയാണ് അവർ മുന്നിൽ കാണുന്നത്. അതുകൊണ്ടുതന്നെ ഈ ആത്മഹത്യം നിരാശയും ശുഭാപ്തി വിശ്വാസക്കുറവുമുള്ള ഒരു മനസ്സിന്റെ ക്ഷണികവികാരപ്രകടനമായിത്തീരുന്നു.

### 3.2 കഥകളിലെ വാർദ്ധക്യം:

ആധുനികപൂർവ്വരിൽ പ്രധാനികളായി കണക്കാക്കുന്ന ടി.പത്മനാഭൻ, എം.ടി.വാസു

ദേവൻനായർ, പാറപ്പുറത്ത്, ജി.വിവേകാനന്ദൻ, എൻ.മോഹനൻ, എൻ.പി.മുഹമ്മദ്, മലയാറ്റൂർ രാമകൃഷ്ണൻ, കോവിലൻ, മാധവിക്കുട്ടി എന്നിവരുടെ വൃദ്ധകേന്ദ്രീകൃ കഥ കളാണ് ഈ ഭാഗത്ത് അപഗ്രഥിക്കുന്നത്. വൃദ്ധന്മാരുടേയും വൃദ്ധകളുടേയും കഥകൾ വെവ്വേറെയാണ് പരിഗണിക്കുന്നത്.

നവോത്ഥാന കാഥികരുടെ സാമൂഹികപരിസരത്തിൽ നിന്നും വിഭിന്നമായ അവ സ്ഥകൾ ആധുനികരുടെ കാലമായപ്പോഴേയ്ക്കും സംജാതമായി. നഗരങ്ങൾ പശ്ചാ ത്തലമാകുന്ന കഥകളുടെ എണ്ണം വർദ്ധിക്കുന്നു. കൃഷികൊണ്ടു മാത്രം ഉപജീവനം നടത്താനാവാതെ ഒരു തലമുറ നഗരത്തിലേയ്ക്ക് കുടിയേറുന്നുണ്ട്. മറുനാടുകളും മലയാളികളുടെ ജീവിതാവശ്യം നിറവേറ്റുന്നതായി മാറുന്നു. ഗ്രാമം സൃഷ്ടിച്ച ഗൃഹാ തുരത്വം അവരിൽ അവശേഷിക്കുന്നു. തറവാടിന്റെ സുരക്ഷിതത്വം കേരളജനതക്ക് ഏറെക്കുറെ നഷ്ടമായിക്കഴിഞ്ഞിരുന്നു. ഈ അവസ്ഥാന്തരങ്ങളിലൂടെ കടന്നു പോകുന്ന ഒറ്റപ്പെട്ടവരും വിഷാദികളുമായ വൃദ്ധരെ കണ്ടെത്താനുള്ള ഒരു ശ്രമമാണ് ഇവിടെ നടത്തുന്നത്. തൊഴിൽ തേടിയുള്ള പലായനങ്ങൾ ഗ്രാമത്തിൽ നിന്നും നഗര ത്തിലേക്കും മറുനാടുകളിലേക്കും ആരംഭിച്ചു കഴിഞ്ഞിരുന്നു. അങ്ങനെ പോയവരുടെ വാർദ്ധക്യം നോക്കിക്കാണാനും തൊഴിലന്വേഷകരുടെ രക്ഷിതാക്കളുടെ വാർദ്ധക്യം അരക്ഷിതമായിത്തീർന്നുവോ എന്നന്വേഷിക്കാനും ഈ ഭാഗത്ത് ശ്രമിക്കുന്നു.

ടി.പത്മനാഭന്റെ അച്ഛൻ, നളിനകാന്തി, ബലി, മകൻ, അമ്മാവൻ, വൃദ്ധൻ, ശങ്ക രൻനായർ, ശിഥില ബന്ധങ്ങൾ, സുനന്ദയുടെ അച്ഛൻ, പാൽപ്പൊടി, അമ്മ, മനസ്സിന്റെ ഭാരം, വൈകുന്നേരത്തെ മഴക്കാറ്, എം.ടി.വാസുദേവൻനായരുടെ അവർ, ശാന്തിപർവ്വം, ഡാർ-എസ്-സലാം ജോക്കർ, സ്വർഗ്ഗം തുറക്കുന്ന സമയം, വാനപ്രസ്ഥം, കൽപ്പാന്തം, കോവിലന്റെ നിഴലുകൾ, മകൻ, പാറപ്പുറത്തിന്റെ ഞാൻ പൊക്കോട്ടെ, തെക്കേലമ്മ, ജി.വിവകാനന്ദന്റെ മോചനം, ശാസ്ത്രത്തിന്റെ പേക്കൂത്ത്, അധികാരിയേമാൻ, എൻ.

പി.മുഹമ്മദിന്റെ മഞ്ഞക്കിളിയുടെ പാട്ട്, എൻ.മോഹനന്റെ നിഷധരാജ്യത്തിലെ രാജാവ്, സുഖം, ശാന്തം, സ്വച്ഛന്ദം, മലയാറ്റൂർ രാമകൃഷ്ണന്റെ പത്തു സെന്റ്, സൂചിമുഖി, പോത്ത്, പ്രയത്നം, ശവിണ്ടിക്കൊത്തൻ, വക്കീൽ കുഞ്ഞൻപിള്ള, ലിസ്റ്റ്, ഫ്രഞ്ച് വിപ്ലവം. എന്നെ കുമാരൻ കൊല്ലും, സാക്ഷി, കോർണർ, അവസാനം, മല്ലോർക്ക, രാമ നാഥൻ ഐ.എ.എസ്. കഴുകൻ കുട്ടൻപിള്ള, വർക്കത്തുകെട്ട താറാവ്, ദൈവങ്ങളില്ല, മരണത്തിന്റെ മുഖം, നീലക്കുറിഞ്ഞി പൂത്തപ്പോൾ, തിരുമുടി പൊന്നമ്മാൾ, രാജ്ഞി, അമ്മ, മാധവിക്കുട്ടിയുടെ ഒരു ദിവസം രാവിലെ, മീനാക്ഷിയേടത്തി, മുത്തശ്ശി, രോമ ക്കുപ്പായം, സ്വയംവരം, കീറിപ്പൊളിഞ്ഞ ചകലാസ്, പാറുവമ്മയോടൊപ്പം ഒരു രാത്രി, തിമിരം, അന്ത്യകൂദാശ, മീനാക്ഷിയമ്മയുടെ മരണം, സുഭദ്രാമ്മ, പുതിയവീട്, ഡോക്ട റുടെ മരണം, ചുവന്ന സന്ധ്യ, മുത്തച്ഛൻ, സ്വാതന്ത്ര്യസമരസേനാനിയുടെ മകൾ, ഏകാ ന്തതയുടെ കവാടങ്ങൾ, ഗാന്ധിജിയുട പ്രസക്തി, മുത്തച്ഛനും പരിചാരികമാരും, ഒരു വിവാഹത്തിന്റെ അന്ത്യം, സപ്താഹം, മുത്തച്ഛന്റെ പ്രാർത്ഥന എന്നീ കഥകളാണ് ഈ അദ്ധ്യായത്തിൽ അപഗ്രഥനവിധേയമാക്കുന്നത്.

### 3.2.1. വൃദ്ധരുടെ ഏകാന്തത:

വൃദ്ധർ കുടുംബത്തിനകത്തും സമൂഹത്തിലും നേരിടുന്ന പ്രധാനവെല്ലുവിളികളാണ് അവഗണയും ഒറ്റപ്പെടലും. ഇത് പലരെയും അന്തർമുഖരാക്കുന്നു.

ഇന്ത്യയിലെ വൃദ്ധരിൽ 51% പേരും അവഗണ നേരിടുന്നവരാണെന്ന് ഹെൽപ്പേജ ഇന്ത്യ നടത്തിയ പഠനത്തിൽ പറയുന്നു. വൃദ്ധരിൽ 57% പേരും സാമ്പത്തികമായി മറ്റു ള്ളവരെ ആശ്രയിക്കുന്നവരാണ്. 35% പേർ സ്വത്തു തർക്കവുമായ ബന്ധപ്പെട്ട പ്രശ്ന ങ്ങളുള്ളവരാണ്. ഇതിൽ 92% പേരും പരാതിപ്പെടാറില്ലെന്നും പഠനത്തിൽ ചൂണ്ടിക്കാ ട്ടുന്നു. (സെബിൻ എസ്.കൊട്ടാരം, 2011:22)

ഈ വസ്തുത വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. വൃദ്ധന്മാരുമായി ബന്ധപ്പെട്ട ഇത്തരം പ്രശ്നങ്ങൾ സാഹിത്യകാരന്മാരുടെ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. ടി.പത്മനാഭന്റെ ബലി, വൃദ്ധൻ, അമ്മാമൻ, ശങ്കരൻനായർ, ശിഥില ബന്ധങ്ങൾ, മകൻ, സുനന്ദയുടെ അച്ഛൻ, എം.ടി.വാസുദേവൻനായരുടെ ശാന്തിപർവ്വം, സ്വർഗ്ഗം തുറക്കുന്ന സമയം, വാനപ്രസ്ഥം, എൻ.പി.മുഹമ്മദിന്റെ മഞ്ഞക്കിളിയുടെ പാട്ട്, മലയാറ്റൂർ രാമകൃഷ്ണന്റെ പോത്ത്, വക്കീൽ കുഞ്ഞൻപിള്ള, ലിസ്റ്റ്, ഫ്രഞ്ച് വിപ്ലവം, സൂചിമുഖി, എന്നെ കുമാരൻ കൊല്ലും, പത്തുസെന്റ്, മാധവിക്കുട്ടിയുടെ ഡോക്ടറുടെ മരണം, ചുവന്ന സന്ധ്യ, ഏകാന്തതയുടെ കവാടങ്ങൾ, മുത്തച്ഛനും പരിചാരികമാരും എന്നീ കഥകൾ ഈ വിഭാഗത്തിൽ വരുന്നു. അമ്മ, വൈകുന്നേരത്തെ മഴക്കാറ് (ടി.പത്മനാഭൻ), കല്പാന്തം (എം.ടി.), തെക്കേലമ്മ (പാറപ്പുറത്ത്), സുഖം ശാന്തം സ്വച്ഛന്ദം (എൻ.മോഹനൻ), അമ്മ (മലയാറ്റൂർ), മീനാക്ഷിയേടത്തി, രോമക്കുപ്പായം, കീറിപ്പൊളിഞ്ഞ ചകലാസ്, പാറുമ്മയോടൊപ്പം ഒരു രാത്രി (മാധവിക്കുട്ടി) എന്നീ കഥകളിലെ വൃദ്ധകൾ അനുഭവിക്കുന്ന ഒറ്റപ്പെടലും കൂടി ഈ ഭാഗത്ത് പരിശോധിക്കുന്നു.

**3.2.1.1. ഒറ്റപ്പെടുന്ന വൃദ്ധർ:**

**3.2.1.1.1. ഒറ്റപ്പെടുന്ന വൃദ്ധന്മാർ:**

**3.2.1.1.1.1. ടി. പത്മനാഭന്റെ കഥകൾ:**

ബലി, വൃദ്ധൻ, അമ്മാമൻ, ശങ്കരൻനായർ, ശിഥിലബന്ധങ്ങൾ, മകൻ, സുനന്ദയുടെ അച്ഛൻ എന്നീ കഥകൾ പരിഗണിക്കുന്നു.

'ബലി' എന്ന കഥയിലെ വൃദ്ധൻ വ്യക്തിജീവിതത്തിൽ സ്വകാര്യത ഇഷ്ടപ്പെടുന്നവനാണ്. അതു നഷ്ടപ്പെട്ടു എന്നു തോന്നുന്നതു കൊണ്ടാണ് തന്നെ ക്ഷണിക്കാൻ വീട്ടിൽ വരുന്നവരോട് അപമര്യാദയായി പെരുമാറുന്നത്. തങ്ങൾ മരിച്ചാൽ ശവമെടു

ക്കാൻ ആളുണ്ടാവില്ലെന്ന് ഭാര്യ ഭയപ്പെടുന്നു. അത്രത്തോളം തന്റെ ലോകത്തേക്ക് പുറമേ നിന്നാരും വരുന്നത് അയാളിഷ്ടപ്പെടുന്നില്ല.

'വൃദ്ധൻ' എന്ന കഥയിൽ സമൂഹജീവിയായിരിക്കാനാഗ്രഹിക്കുന്ന വൃദ്ധനെ നിർബന്ധിത ഏകാന്തതടവിനു പ്രേരിപ്പിക്കുന്നത് ഭാര്യയും മക്കളുമാണ്. വ്യവസായ മേഖലയിൽ വളർന്നു വരുന്ന മക്കൾ വൃദ്ധന്റെ ദുഃസ്ഥിതിക്ക് കാരണമാകുന്നുണ്ട്. വൃദ്ധന് സഹായമാകേണ്ട ഭാര്യ മക്കളോടൊപ്പമാണ്. വക്കീലും മക്കൾക്കെതിരെ കേസുകൊടുക്കാൻ അയാളെ സഹായിക്കുന്നില്ല. സ്വപ്രയത്നം കൊണ്ട് വളർന്ന വൃദ്ധനെ നിഷ്ക്രിയനാക്കാനുള്ള ശ്രമം മനക്കരുത്തു കൊണ്ട് തകർക്കാൻ അയാൾക്കു കഴിയുന്നു. താനൊരു അറവുമാടിനു തുല്യമാണെന്ന ചിന്ത അയാളെ അസ്വസ്ഥനാക്കുന്നുണ്ട്.

അനന്തരവന്റെ ഓർമ്മയിൽ പ്രത്യക്ഷമാകുന്ന സ്നേഹസ്വരൂപനായ അമ്മാമനാണ് 'അമ്മാമൻ' എന്ന കഥയിലുള്ളത്. തികഞ്ഞ മരുമക്കത്തായിയായ അമ്മാമന് ഭാര്യ വീട്ടിൽ താമസമായ അനുജൻ നിമിത്തം മനസ്സു വിഷമിച്ചു മരണമടയേണ്ടി വരികയാണ്. സ്വന്തം ഭാര്യയ്ക്കും മക്കൾക്കും വേണ്ടി ജീവിക്കുന്ന മരുമക്കത്തായികളുടെ പ്രതിനിധിയാണ് അനുജൻ. താൻ സമ്പാദിച്ച എല്ലാ ഭൂമിയും അയാൾ വിൽക്കുകയാണ്. അമ്മാമനാകട്ടെ കുടുംബം എന്നാൽ പെങ്ങളും മക്കളുമാണ്. അവിടെ ഭാര്യയും മക്കളുമില്ല. ഈ വീക്ഷണ വ്യത്യാസമാണ് അമ്മാമനെ അനുജനിൽ നിന്നും ഒറ്റപ്പെടുത്തുന്നത്. തൈപ്പറമ്പിന്റെ വില്പനയുമായി ബന്ധപ്പെട്ട് അമ്മാമനു മരിക്കേണ്ടി വരുന്നതും ഇതുകൊണ്ടാണ്.

പണത്തിനു മാത്രം പ്രാധാന്യം കൽപ്പിക്കുന്ന ബന്ധുക്കൾ മൂലം വീട്ടു വേലക്കാരനാവേണ്ടി വരുന്ന വൃദ്ധന്റെ കഥയാണ് 'ശങ്കരൻ നായർ'. സിലോണിൽ നിന്നു പണമയക്കുമ്പോൾ അയാൾക്ക് പ്രസക്തിയുണ്ട്. രോഗിയായി നാട്ടിലെത്തുമ്പോൾ ആരുമില്ല. ആശുപത്രിയിൽ അല്പമെങ്കിലും അയാൾക്ക് സഹായമെത്തിക്കുന്നത് യജമാനനാണ്.

ഭാര്യ കൂടെയുള്ളതു മാത്രമാണ് അയാൾക്കാശ്വാസം. കുടുംബമാണ് അയാളെ ഒറ്റപ്പെടുത്തുന്നത്. ശങ്കരൻ നായരുടെ വീട്ടുകാർക്ക് അയാളുടെ പണം മാത്രമേ ആവശ്യമുണ്ടായിരുന്നുള്ളൂ. അയാൾ നിർദ്ധനനും രോഗിയുമായപ്പോൾ അവർ അയാളെ ഉപേക്ഷിക്കുകയാണ്.

തലമുറകളുടെ വിടവും അഭിരുചിവ്യത്യാസങ്ങളും അച്ഛനും മകനും തമ്മിലുള്ള ബന്ധം ശിഥിലമാക്കുന്നതിന്റെ കഥയാണ് 'ശിഥിലബന്ധങ്ങൾ'. പ്രണയവിവാഹിതനായ അച്ഛൻ മകന്റെ പ്രണയവിവാഹത്തെ എതിർക്കുന്നത് വധു സുചരിതയല്ലാത്തതുകൊണ്ടാണ്. മകനും അമ്മയും മറുഭാഗം ചേരുന്നതോടെ വൃദ്ധൻ ഒറ്റപ്പെടുകയാണ്. ഭാര്യയുടെ പ്രവൃത്തിയും മകന്റെ തീരുമാനവും സൃഷ്ടിക്കുന്ന മാനസികാഘാതം മൂലം മരിക്കുന്ന വൃദ്ധനെയാണ് 'ശിഥിലബന്ധ'ങ്ങളിൽ ചിത്രീകരിക്കുന്നത്. പരസ്പരം താങ്ങാകേണ്ട ഭാര്യാഭർത്താക്കന്മാരിൽ ഒരാൾ മക്കളുടെ ഭാഗത്തേയ്ക്കു ചായുന്നത് മറ്റേയാളെ ഒറ്റപ്പെടുത്തുന്നു. 'വൃദ്ധൻ' എന്ന കഥയിലും ഈ ഒറ്റപ്പെടുത്തലുണ്ട്.

കൂടുതൽ ക്ഷേമം നൽകുന്ന ഭാര്യയുടെ മാതാപിതാക്കളെ സ്വീകരിക്കുന്ന മകൻ ജീവിത സൗകര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നവനാണ്. ഈ മകനാണ് 'മകൻ' എന്ന കഥയിലെ വൃദ്ധരായ മാതാപിതാക്കളെ ഒറ്റപ്പെടുത്തുന്നത്. വളർത്തി വലുതാക്കിയ മാതാപിതാക്കളെ അയാൾ മാറ്റി നിർത്തുകയാണ്. സ്വന്തം ക്ഷേമത്തിനുവേണ്ടി അങ്ങനെ ചെയ്യുന്ന അയാൾ അവരെ കാണാൻകൂടി ചെല്ലുന്നില്ല. മകന്റെ ഭാര്യയുടെ അനുജത്തിയുടെ കല്യാണത്തിനെന്ന വ്യാജേന അവനെ കാണാനെത്തുന്ന അച്ഛന് വേണ്ടത്ര പരിഗണന നൽകാൻ മകനാകുന്നില്ല. മരണാസന്നയായ അമ്മയെ കാണാൻ മകൻ വരില്ല എന്ന് അച്ഛൻ തിരിച്ചറിയുന്നു.

പ്രശസ്ത പത്രപ്രവർത്തകനായിരുന്നിട്ടു കൂടി പ്രമുഖപത്രത്തിന്റെ എഡിഷൻ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നത് കാണാൻ സുനന്ദയുടെ അച്ഛനെ അനുവദിക്കുന്നില്ല.

പുതിയ ലോകത്തിന് ഈ പത്രപ്രവർത്തകൻ അജ്ഞാതനാണ്. കീറിയ ഷർട്ടുമായി അപമാനിതനായി പാർക്കിലിരിക്കുന്ന അച്ഛനെ വീണ്ടെടുക്കാനുള്ള ശ്രമം അദ്ധ്യാപിക കൂടിയായ സുനന്ദ നടത്തുന്നുണ്ട്. മകളുടെ ദൈന്യത്തിനും ഭാര്യയുടെ രോഗത്തിനും കാരണം താനാണെന്ന ചിന്ത അദ്ദേഹത്തെ കൂടുതൽ ഒറ്റപ്പെടുത്തുന്നു. സുനന്ദയുടെ അച്ഛൻ എന്ന കഥയിൽ മാറി വരുന്ന കാലവും മൂല്യസങ്കല്പങ്ങളും പഴയകാലപത്ര പ്രവർത്തകനായ അദ്ദേഹത്തെ ബാധിക്കുന്നത് കാണിക്കുന്നുണ്ട്.

**3.2.1.1.1.2. എം.ടിയുടെ കഥകൾ:**

ശാന്തിപർവ്വം, അവർ, സ്വർഗ്ഗം തുറക്കുന്ന സമയം, വാനപ്രസ്ഥം എന്നീ കഥകളാണ് പരിശോധിക്കുന്നത്. ശാന്തിപർവ്വത്തിലെ അറുപത്തഞ്ചുകാരൻ അശാന്തമായ മനസ്സിനെ ശാന്തമാക്കാനുള്ള മാർഗ്ഗമായി കാണുന്നത് യാത്രകളെയാണ്. മറന്നുവെച്ച വിലപിടി ച്ചതെന്തോ തിരഞ്ഞുപിടിക്കാൻ നടത്തുന്ന ശ്രമങ്ങളാണ് തന്റെ യാത്രകൾ എന്ന യാൾക്കു തോന്നുന്നുണ്ട് (1960: 505). ഈ വൃദ്ധൻ അസ്വസ്ഥനും ഏകാകിയുമാണ്. നഗരത്തിരക്കിനിടയിൽ അയാൾ ശാന്തത തേടുകയാണ്. ആത്മാവില്ലാത്ത ജീവിത മാണു തന്റേതെന്നു അയാൾക്കു തോന്നുന്നുണ്ട്. ഗാർഹികജീവിതം ശാന്തി തരുന്ന താണെന്ന് കരുതുന്ന അവിവാഹിതനായ അയാൾ യാത്രയ്ക്കിടയിൽ മാറിക്കിട്ടിയ പെട്ടി യിലെ കുട്ടിയുടുപ്പ് ഒളിപ്പിച്ചു വയ്ക്കുമ്പോൾ അതാണനുഭവിക്കുന്നത്. മകന്റെ പ്രായ മുള്ള ചെറുപ്പക്കാരനെ വഴിയിൽ നിന്നും വീണ്ടെടുത്ത് ഹോട്ടലിലേക്ക് തിരികെ വരു മ്പോഴും അയാൾ ആനന്ദമനുഭവിക്കുന്നു. ഏകാന്തതയിൽനിന്നും രക്ഷ നേടാനുള്ള നാഗരികന്റെ ശ്രമങ്ങളാണിവ. സ്വന്തമായി കുടുംബമോ കുട്ടികളോ ഇല്ലാത്ത തന്നെ ഓർക്കാൻ ആരുമില്ല എന്ന ഈ ദുഃഖം ഉറൂബിന്റെ 'എന്റെ മകൻ' എന്ന കഥയെ ഓർമ്മി പ്പിക്കുന്നു. നവോത്ഥാനകാഥികനായ കാരൂരിന്റെ 'വൃദ്ധൻ' എന്ന കഥയിലും കുടുംബ

മില്ലാത്തതിനാൽ വേദനിക്കുന്ന വയസ്സനെ കാണാം.

അമ്പത്തൊമ്പതാമത്തെ വയസ്സിൽ ജീവിതത്തിന്റെ അർത്ഥം തേടുന്ന വൃദ്ധനാണ് 'അവർ' എന്ന കഥയിലുള്ളത്. യൗവ്വനം ചെലവഴിച്ച നഗരം തേടി വാർദ്ധക്യത്തിൽ കടന്നുവരുന്ന അയാളെ തള്ളിമാറ്റി എവിടെയും മുൻനിരയിൽ എത്തുന്ന ചെറുപ്പക്കാർ. ഹോട്ടൽ മുറിയിൽ നടന്ന ചെറുപ്പക്കാരന്റെ ആത്മഹത്യ തടയാനാകാതെ ദുഃഖിത നായി ഒഴിഞ്ഞു പോകുന്നത് ഒളിച്ചോട്ടത്തെ അനുസ്മരിപ്പിക്കുന്നു. പുതിയ തലമു റയെ ഉൾക്കൊള്ളുന്ന കാര്യത്തിൽ തനിക്കു സംഭവിച്ച വീഴ്ച അറിയുമ്പോൾ അയാൾ ദുഃഖിതനാകുന്നു.

'സ്വർഗ്ഗം തുറക്കുന്ന സമയം' എന്ന കഥയിലെ അച്ഛൻ ജീവിതത്തിനും മരണത്തിനും ഇടയിലാണ്. മരണക്കിടക്കയിലുള്ള മാധവൻ നായരുടെ സമീപത്തു നിൽക്കാനാകാത്ത വിധം ജോലിത്തിരക്കുള്ള മക്കൾ. താൻ മരിച്ചിട്ടുവേണം സ്വന്തം തിരക്കുകളിലേക്ക് ഉൾവലിയാൻ എന്നു കരുതുന്ന മക്കളെ അച്ഛനു മനസ്സിലാവുന്നുണ്ട്. അച്ഛന്റെ അഭി മാനം മക്കളുടെ ചെലവിൽ കഴിയാൻ അയാളെ അനുവദിക്കുന്നില്ല. അതുകൊണ്ടാണ് താൻ മരിച്ചു കഴിഞ്ഞേ മക്കളെ വിവരമറിയിക്കാവൂ എന്ന് പെങ്ങളെ ചട്ടം കെട്ടുന്നത്. അവരുടെ തിരക്കുകളിൽ താൻ ഭാരമാവരുതെന്ന ചിന്തയാണ് അച്ഛന്. ഗ്രാമമെന്നോ നഗരമെന്നോ ഭേദമില്ലാതെ ഈ കഥകളിലെ കഥാപാത്രങ്ങൾ ഏകാകികളാണ്. സമൃ ദ്ധിയും ഉദ്യോഗപ്രൗഢിയും ഏകാന്തതിൽ നിന്നും മോചനം നൽകുന്നില്ല. ഒരു തരം മാനസികമായ ദുഃഖം അച്ഛൻ അനുഭവിക്കുന്നു.

വാനപ്രസ്ഥത്തിലെ മാസ്റ്റർ മുപ്പത്താറ് കൊല്ലത്തിനുശേഷം ശിഷ്യയായ വിനോദി നിയെ മൂകാംബികയിൽ വച്ചു കാണുകയാണ്. വാസ്തവത്തിൽ അവരെ കാണാൻ വേണ്ടിയാണ് അറുപത്തൊന്നുകാരനായ മാസ്റ്റർ അവിടെയെത്തുന്നത് ഭാര്യയുടെയും മകളുടെയും നിയന്ത്രണത്തിൽ നിന്നും ഒരു രക്ഷപ്പെടൽ മാത്രമല്ല അത്. സ്നേഹിച്ചി

രുന്ന പെണ്ണിനെ കാണാനുള്ള മനസ്സിന്റെ ആഗ്രഹം കൂടി ഇവിടെയുണ്ട്. ശാരീരിക മായ അവശതകൾ അലട്ടുന്ന വയസ്സനായിട്ടാണ് മാസ്റ്ററെ അവതരിപ്പിക്കുന്നത്. വയസ്സായവർക്കുള്ള ബുദ്ധിമുട്ടിനെപ്പറ്റിയുള്ള സൂചനകൾ കഥയിൽ വ്യക്തമാണ്. കയറ്റം കയറാനും ഇറങ്ങാനും പ്രായമായവർക്കുള്ള വിഷമതകൾ പ്രകടമായിത്തന്നെ ആളുകൾ മാസ്റ്റെ ഓർമ്മിപ്പിക്കുന്നു. *പ്രായമായവർക്ക് കഷ്ടം ജാസ്തി* (2010:28), *കുട്ടികൾക്ക് എളുപ്പം. പ്രായമായവർക്ക് കഷ്ടം. വടി കുത്തി നടന്നാൽ കുറച്ച് സൗകര്യം* (ടി.30), '*ഇരുന്നാൽ പിന്നെ എഴുന്നേൽക്കാൻ കഷ്ടം* (ടി.31), *ഇറങ്ങാൻ നിങ്ങൾ വയസ്സായവർക്ക് കഷ്ടം* (ടി.34) ഇങ്ങനെ വാർദ്ധക്യത്തിന്റെ കഷ്ടതകൾ ഓർമ്മിപ്പിക്കുന്ന ഭാഗങ്ങൾ നിരവധിയാണ്.

**3.2.1.1.1.3 എൻ.പി.മുഹമ്മദിന്റെ 'മഞ്ഞക്കിളിയുടെ പാട്ട്:**

ഗ്രാമപ്രകൃതിയിൽ നിന്നുമുള്ള പറിച്ചുനടൽ, ഭാര്യയുടെ മരണം, രോഗങ്ങൾ ഇവയെല്ലാം വൃദ്ധന്റെ ഏകാന്തത വർദ്ധിപ്പിക്കുന്നവയാണ്. തന്റെ ഇഷ്ടങ്ങൾ തേടിക്കൊണ്ടിരിക്കുന്ന അയാൾ നഗരവത്ക്കരണത്തിന്റെ ഫലമായുള്ള കോൺക്രീറ്റുകെട്ടിടങ്ങൾക്കിടയിൽ പച്ചപ്പും കിളികളുടെ പാട്ടും തിരയുന്നവനാണ്. മരിച്ചുപോയ ഭാര്യയുടെ പ്രതിരൂപമായി പ്രത്യക്ഷപ്പെടുന്ന മഞ്ഞക്കിളി അയാളുടെ ഒറ്റപ്പെടലിന്റെ ആധിക്യത്തെ കാണിക്കുന്നു.

**3.2.1.1.1.4. മലയാറ്റൂരിന്റെ കഥകൾ:**

പോത്ത്, വക്കീൽ, കുഞ്ഞൻപിള്ള, ലിസ്റ്റ്, ഫ്രഞ്ച് വിപ്ലവം, സൂചിമഖി, എന്നെ കുമാരൻ കൊല്ലും, പത്ത് സെന്റ്, ദൈവങ്ങളില്ല എന്നീ കഥകൾ പരിഗണിക്കുന്നു.

കാലന്റെ വാഹനമാണ് പോത്ത് എന്നാണ് സങ്കല്പം. 'പോത്ത്' എന്ന കഥയിലെ

വൃദ്ധന്റെ ഏറ്റവും വലിയ പ്രശ്നം, അയാളെ വീട്ടുകാരോ വേലക്കാരോ വീട്ടിൽ ഇടയ്ക്കിടക്കു വരുന്ന പിച്ചക്കാരികൂടെയോ വിലവെക്കുന്നില്ല എന്നതാണ്. എല്ലാറ്റിൽ നിന്നും അയാൾ ഒഴിച്ചു നിർത്തപ്പെടുന്നു. അയാൾക്ക് വിലപ്പെട്ടതൊന്നും മക്കൾക്ക് വിലയുള്ളതല്ല. ഏകാന്തതയകറ്റാനുള്ള തീവ്രശ്രമങ്ങൾ പരാജയപ്പെടുകയാണ്. ക്ലബ്ബിലെ യുവാക്കൾ അയാളുടെ കൂട്ടുപേക്ഷിക്കുന്നത് അയാളെ അലട്ടുന്നുണ്ട്. വാർദ്ധക്യമാണ് മക്കളിൽ നിന്നും ചെറുപ്പക്കാരിൽ നിന്നും തന്നെയകറ്റുന്നതെന്ന ചിന്താഗതി അയാൾക്കുണ്ട്. ഈ ചുറ്റുപാടുകളാണ് അയാളിൽ മരണചിന്തയുണർത്തുന്നത്. പത്രങ്ങളിലെ മരണവാർത്തകളിലുള്ള ശ്രദ്ധയും ഗേറ്റിൽ നിൽക്കുന്ന പോത്തും അതിന്റെ ചിരിയും മരണമായി പ്രതീകവൽക്കരിക്കപ്പെടുന്നു. എല്ലാവരും അടുത്തുള്ളപ്പോഴും ഏകാന്തതയനുഭവിക്കുന്ന മനുഷ്യന്റെ മാനസികാവസ്ഥ 'പോത്തി'ൽ കാണാം.

ഭാര്യയും ഭർത്താവുമുപേക്ഷിച്ച മകളും വ്യഭിചരിക്കുന്ന വീട്ടിൽ വിശ്രമജീവിതം പോലും നിഷേധിക്കപ്പെടുന്ന എഴുപതുകാരനാണ് വക്കീൽ കുഞ്ഞൻപിള്ള. കഴിഞ്ഞുപോയ വക്കീൽ ജീവിതത്തിലും സങ്കൽപചിത്രങ്ങളിലും അഭിരമിക്കുന്നവനാണ് അയാൾ. മറ്റുള്ളവരുടെ നിന്ദയും പരിഹാസവും ഏറ്റുവാങ്ങുന്ന ഈ വൃദ്ധനാണ് 'വക്കീൽ കുഞ്ഞൻപിള്ള' എന്ന കഥയിലുള്ളത്.

ഭൂതവർത്തമാനഭാവികളിൽ ജീവിച്ചു മരിക്കുന്ന മോതിരംതൊടിയിൽ ശങ്കുണ്ണിപ്പിള്ള എന്ന ലിസ്റ്റ് ശങ്കുണ്ണിപ്പിള്ളയുടെ ഒറ്റപ്പെട്ട ജീവിതം ചിത്രീകരിക്കുന്ന കഥയാണ് 'ലിസ്റ്റ്'. എല്ലാത്തരം അടുക്കിനും ചിട്ടയ്ക്കും അയാൾ കൊടുത്തിരിക്കുന്ന പേരാണ് ലിസ്റ്റ്. ഭാര്യയുടെ മരണം, അടുത്തില്ലാത്ത മക്കൾ എന്നീ വസ്തുത ഒറ്റപ്പെടലിന്റെ ആഴത്തെ വർദ്ധിപ്പിക്കുന്നതാണ്. രോഗങ്ങളും മദ്യപാനവും കൂടുതൽ നാശത്തിലേയ്ക്ക് തള്ളിവിടുന്നേയുള്ളൂ.

ഒരു പെൻഷണറോടുള്ള ബഹുജനങ്ങളുടെ പെരുമാറ്റ വ്യത്യാസം 'ഫ്രഞ്ച് വിപ്ലവം'

എന്ന കഥയിലുണ്ട്. ജോലിയുണ്ടായിരുന്നപ്പോൾ അടുത്തു കൂടിയിരുന്നവർ പെൻഷനായപ്പോൾ അകലുന്നു. അനന്തരവന്മാർ കത്തിനു മറുപടി അയക്കുന്നതു പോയിട്ട് തിരുവനന്തപുരത്തെത്തിയാൽ അമ്മാവനെ കാണാൻ കൂടി വരികയില്ല. ഏകാന്തതയിൽ നിന്നു രക്ഷപ്പെടാൻ ചരിത്രത്തിൽ അഭയം പ്രാപിക്കുന്ന വൃദ്ധനാണയാൾ. ജീവിതത്തിൽ ആവശ്യം എന്ന് ചിലർ കരുതുന്നത് മറ്റുള്ളവർക്ക് അപ്രധാനമാണെന്നയാൾ തിരിച്ചറിയുന്നു. അയാളുടെ ഭാര്യയ്ക്കു പോലും അയാളെ മനസ്സിലാക്കാനാവുന്നില്ല. ജൂലൈ 14 വൃദ്ധന് ഫ്രഞ്ചു വിപ്ലവദിനമായിരിക്കുമ്പോൾ ലൗകികകാര്യങ്ങളിൽ ശ്രദ്ധിയ്ക്കുന്ന ഭാര്യയ്ക്ക് 35–ാം വിവാഹവാർഷികദിനം മാത്രമാണ്. ചരിത്രത്തിൽ മതിമറന്ന് ഏകാന്തതയെ മറികടക്കാൻ ശ്രമിക്കുന്ന അയാൾ ഭാര്യയെ നിസ്സാരീകരിക്കാനും ശ്രമിക്കുന്നുണ്ട്. റിട്ടയറായതോടെ സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടുപോയ വ്യക്തിയാണ് 'ഫ്രഞ്ചു വിപ്ലവ'ത്തിലുള്ളത്.

ജോലിയിലായിരിക്കുമ്പോൾ എല്ലാവരെയും അകറ്റി നിർത്തിതിനാൽ സ്വന്തം ഗ്രാമത്തിൽ പോലും സൗഹൃദമുഖങ്ങൾ നഷ്ടപ്പെട്ട റിട്ടയേർഡ് ഡപ്യൂട്ടി കളക്ടർ രാമൻനായരുടെ ഒറ്റപ്പെട്ട അവസ്ഥയാണ് 'സൂചിമുഖി' എന്ന കഥയിൽ പറയുന്നത്. ഭാര്യ അയാൾക്ക് നല്ല കൂട്ടാകുന്നില്ല. ഏകാന്തതയകറ്റാനുള്ള ശ്രമമായി പരീക്ഷിക്കപ്പെടുന്ന പക്ഷിനിരീക്ഷണം പരാജയപ്പെടുന്നു.

'എന്നെ കുമാരൻ കൊല്ലും' എന്ന കഥ ഒരു പെൻഷനറുടെ വിഭ്രാമകാവസ്ഥ വെളിപ്പെടുത്തുന്നു. മക്കൾക്ക് ശല്യമാകാതിരിക്കാൻ ഒരു സഹായിയെവെച്ച് താമസിക്കുന്ന പെൻഷണർ സഹായിയിൽ കൊലപാതകിയെ കാണുന്ന ഭീകരമായ മാനസികാവസ്ഥയിലാണ്. ഒറ്റപ്പെട്ട ജീവിതം വൃദ്ധർ സ്വയം തിരഞ്ഞെടുത്തതാണ് ഭാര്യയുടെ മരണവും മക്കളുടെ അന്യദേശവാസവും ഏകാന്തതയുടെ ആഴം കൂട്ടുന്നുണ്ട്. സഹായി കൊലപാതകിയായിമാറുമെന്ന സങ്കല്പവും അതിനുചേർന്ന യാദൃച്ഛിക സംഭവങ്ങളും

വൃദ്ധനെ മാനസികവിഭ്രാന്തിയുടെ അങ്ങേയറ്റത്തെത്തിക്കുന്നു. മലയാറ്റൂരിന്റെ അവസാനകാലത്തെ രോഗദശയിൽ അദ്ദേഹത്തിനുണ്ടായ സ്വപ്നദർശനങ്ങളുടെയും വിഭ്രാമകഭാവനകളുടേയും പ്രതിഫലനങ്ങളാണ് ഈ കഥയെന്ന് 'നീലക്കുറിഞ്ഞി പൂത്തപ്പോൾ' എന്ന കഥാസമാഹാരത്തിന്റെ അവതാരികയിൽ പി.ഗോവിന്ദപ്പിള്ള രേഖപ്പെടുത്തുന്നുണ്ട് (1999:?)

തലമുറകൾ തമ്മിലുള്ള അന്തരവും സാമൂഹികവ്യവസ്ഥയിൽ വരുന്ന മാറ്റവും അനന്തകൃഷ്ണൻ എന്ന നാഗരികന് ഗ്രാമത്തിൽ വീടുവെക്കാൻ പത്ത്സെന്റ് കിട്ടാതാക്കുന്നു. മരുമക്കത്തായിയായ അയാൾ തന്റെ അമ്പതുസെന്റ് മരുമക്കൾക്ക് ദാനമായി നൽകുമ്പോൾ ഭാവിയെക്കുറിച്ച് ചിന്തിക്കുന്നില്ല. മാറിവരുന്ന സാമ്പത്തികശാസ്ത്രം അയാളെ നാട്ടിൽനിന്ന് ഒറ്റപ്പെടുത്തുന്നു. 'പത്തുസെന്റ്' എന്ന കഥയിൽ ഈ സാമൂഹികമാറ്റമാണ് കാണുന്നത്.

മലയാറ്റൂരിന്റെ 'ദൈവങ്ങളില്ല' എന്ന കഥയിലെ വക്കീൽ അമൃത നാഥയ്യർ വാർദ്ധക്യത്തോടൊപ്പം അംഗവൈകല്യവും രോഗങ്ങളും പേറുന്നയാളാണ്. വളർത്തുപുത്രിയുടെ ആത്മഹത്യയാണ് മനുഷ്യലോകത്തുനിന്നു ഒറ്റപ്പെട്ടു ജീവിക്കാൻ അയാളെ പ്രേരിപ്പിക്കുന്നത്. വളർത്തുപുത്രി മാലയുടെ മരണത്തിനു കാരണക്കാരായ ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ മതവിഭാഗക്കാരെ വെറുക്കുന്നിടം വരെ വക്കീൽ മാറുന്നു. നിരീശ്വരവാദിയായിത്തീരുന്ന അയാൾ മാനസികമായി തളർന്ന് ഇച്ഛാശക്തിയും തന്റേടവും ചോർന്നവനായിത്തീരുന്നു.

#### 3.2.1.1.1.5. മാധവിക്കുട്ടിയുടെ കഥകൾ:

ചുവന്നസന്ധ്യ, ഡോക്ടറുടെ മരണം, ഏകാന്തതയുടെ കവാടങ്ങൾ, മുത്തച്ഛനും പരിചാരികമാരും എന്നീ കഥകളാണ് വിലയിരുത്തുന്നത്. ജീവിതാന്ത്യത്തിൽ ഒറ്റപ്പെ

ട്ടുപോയ ഒരാളുടെ കഥയാണ് 'ചുവന്ന സന്ധ്യ'. എപ്പോഴും കരഞ്ഞുകൊണ്ടാണ് വൃദ്ധൻ കാണപ്പെടുന്നത്. ചിത്രകാരനായ ഈ വൃദ്ധൻ ബഹളങ്ങളും ആരാധകരും നിറഞ്ഞ ഭൂതകാലത്തിൽ നിന്നും ആരവങ്ങളും കൂട്ടും ഇല്ലാത്ത വർത്തമാനകാല ത്തെത്തി നിൽക്കുകയാണ്. അയാളുടെ ഏകാന്തതയ്ക്കു കാരണം അയാളുടെ ഭൂത കാലജീവിതമാണ്. ലൂയി എന്ന വൃദ്ധൻ, മൂന്നു ഭാര്യമാരും ബോർഡിങ്ങിൽ വളർന്ന മകളുമുള്ളവനാണ്. മകൻ മരിച്ചുപോയി. പാപഭൂയിഷ്ഠമായ ജീവിതം നയിച്ച ലൂയിക്ക് തന്റെ ദുഃഖം പങ്കിട്ടെടുക്കുന്ന കൂട്ടുകാരിയായി തന്റെ പ്രഖ്യാതചിത്രമായ 'ചുവന്ന സന്ധ്യ' അനുഭവപ്പെടുന്നു. ഒരു ചൈനീസുകാരിയുടെ ഛായയയാണത്. തന്റെ കിടപ്പു മുറിയിൽ 'ചുവന്ന സന്ധ്യ'യുടെ സ്നേഹസാന്നിദ്ധ്യം അനുഭവിച്ചുകൊണ്ട് അയാൾ അതിൽ ലയിച്ചുചേരുകയാണ്. കുടുംബം നോക്കാതെ വാർദ്ധക്യത്തിൽ അതിന്റെ തണൽ ആഗ്രഹിച്ചതുകൊണ്ട് കാര്യമില്ലെന്ന് തിരിച്ചറിവുള്ളവനാണ് ലൂയി. അതുകൊ ണ്ടുതന്നെ മകൾ അയാളെ വെറുക്കുന്നതിൽ അദ്ഭുതമില്ല എന്നും അയാൾ തിരിച്ചറി യുന്നു.

തന്റെ ജോലിയിലുള്ള തൃപ്തിക്കുറവും ജീവിതപരാജവും രോഗവും എല്ലാം കൂടി അലട്ടുന്ന ഒരു ഡോക്ടറുടെ ആത്മകഥനമാണ് 'ഡോക്ടറുടെ മരണം' എന്ന കഥ. സ്വന്തമായി ജോലിസ്ഥലമില്ലാത്ത അയാൾ അതു നൽകുന്ന കമ്പോണ്ടറുടെ അഹ ങ്കാരം സഹിക്കണം. പണത്തിനു വേണ്ടിയുള്ള വിവാഹമായതുകൊണ്ട് ഭാര്യയെ വേണ്ട പോലെ സ്നേഹിക്കാൻ കഴിയാത്തതിൽ കുറ്റബോധമുണ്ടയാൾക്ക്. അവരുടെ ചെറിയ ആഗ്രഹം പോലും സാധിച്ചു കൊടുത്തിട്ടില്ല. മക്കളുമില്ല. എല്ലാം കൊണ്ടും അയാൾ ഏകനാണ്. അതിന്റെ സ്രഷ്ടാവും അയാൾതന്നെ.

പെൻഷൻ പറ്റിയ ന്യായാധിപൻ മുൻകാല ജീവിതത്തിലേയ്ക്ക് തിരിഞ്ഞു നോക്കു കയാണ് 'ഏകാന്തതയുടെ കവാടങ്ങൾ' എന്ന കഥയിൽ. നേട്ടങ്ങൾക്കു വേണ്ടിയുള്ള

ഓട്ടത്തിനിടയിൽ മനഃപൂർവ്വം മറന്നുപോയ മാതാപിതാക്കളേയും കുടുംബക്കാരേയും തറവാടിനേയും അയാൾ ഓർക്കുന്നു. വലിയ കുടുംബത്തിലെ അംഗമായ ഭാര്യ അയാളുടെ ഏകാന്തത വർദ്ധിപ്പിക്കുന്നു. അയാൾ ഏറെ സ്നേഹിച്ചിരുന്ന പട്ടിയുടെ മരണം ഏകാന്തത കൂട്ടുന്നു. തന്റെ ഒറ്റപ്പെടലിന്റെ ആഴത്തെപ്പറ്റി തിരിച്ചറിയാനും ചിന്തിക്കാനും പട്ടിയുടെ മരണത്തിനുശേഷമേ അയാൾക്കാകുന്നുള്ളൂ.

ചെറുപ്പകാലത്ത് ദുഷ്ടനായിരുന്നതുകൊണ്ടാണ് വാർദ്ധക്യത്തിൽ മുത്തച്ഛന് ഒറ്റപ്പെടൽ അനുഭവിക്കേണ്ടിവന്നതെന്ന് പരിചാരികമാർ കരുതുന്നു. അയാളുടെ മക്കളോ മരുമക്കളോ അയാളെ സന്ദർശിക്കാൻ വരുന്നില്ല. പരിചാരകമാരുടെ പരിചരണം മാത്രം അനുഭവിച്ചു മരിച്ചുപോകുന്ന മുത്തച്ഛന് ആഗ്രഹിച്ചപോലെ മക്കളുടെ സ്പർശനമോ സ്നേഹസാമീപ്യമോ ലഭിക്കുന്നില്ല. 'മുത്തച്ഛനും പരിചാരികമാരും' എന്ന കഥയിലെ അച്ഛന്റെ അനുഭവം ഇങ്ങനെയാണ്. അയാളുടെ ഒറ്റപ്പെടൽ സ്വയംകൃതമാണെന്ന സൂചന കഥയിലുണ്ട്.

**3.2.1.1.2. ഒറ്റപ്പെട്ട വൃദ്ധകൾ:**

ടി. പത്മനാഭന്റെ അമ്മ, വൈകുന്നേരത്തെ മഴക്കാറ്, എം.ടിയുടെ കല്പാന്തം, പാറപ്പുറത്തിന്റെ തെക്കേലമ്മ, എൻ. മോഹനന്റെ സുഖം ശാന്തം സ്വച്ഛന്ദം, മലയാറ്റൂരിന്റെ തിരുടി പൊന്നമ്മാൾ, അമ്മ, മാധവിക്കുട്ടിയുടെ മീനാക്ഷിയേടത്തി, പാറുവമ്മയോടൊപ്പം ഒരു രാത്രി എന്നീ കഥകളാണ് ഈ വിഭാഗത്തിൽപ്പെടുന്നത്.

**3.2.1.1.2.1. പത്മനാഭന്റെ കഥകൾ:**

കൂട്ടുകുടുംബസംസ്കാരത്തിൽ അടിയുറച്ച മനോഗതിയും മക്കൾ ഒരുമിച്ചുണ്ടാവണം എന്ന ചിന്തയുമാണ് 'അമ്മ' എന്ന കഥയിലെ ഒരു പാടു മുറികളുള്ള വലിയ വീടിന്റെ

പിന്നിലുള്ളത്. അച്ഛൻ പണികഴിപ്പിതാണിത്. അണുകുടുംബത്തിലേക്ക് മാറിയ മക്കൾ ദൂരസ്ഥലങ്ങളിലേക്ക് വീടുവെച്ചു താമസം മാറുമ്പോൾ കുടുംബവീട്ടിൽ അമ്മ തനിയെ ആവുന്നു. മക്കളുടെയോ പേരക്കുട്ടികളുടേയോ നിരന്തരസാമീപ്യമാഗ്രഹിക്കുന്ന അമ്മയ്ക്ക് അതു ലഭിക്കുന്നില്ല. വേലക്കാരന്റെ മുഷിഞ്ഞു നാറിയ കുട്ടികളിലും വിഷാദഗാനങ്ങളുള്ള ബാംസുരിയിലും അവർ ആശ്വാസം കണ്ടെത്തുന്നു. ഇതെല്ലാം അവരുടെ ഒറ്റപ്പെടലിനെ തീക്ഷ്ണമാക്കുന്നു.

'വൈകുന്നേരത്തെ മഴക്കാറ്' എന്ന കഥയിൽ ശരിയാവാത്ത പെൻഷൻ പേപ്പർ, വൈധവ്യം, രോഗിയായ മകൻ, വഴി തെറ്റിയ മകൾ എന്നിവ ആലീസ് ടീച്ചറെ അലട്ടുന്നു. മിശ്രവിവാഹിതയായതുകൊണ്ടുതന്നെ അത്തരക്കാരെ അംഗകരിക്കാൻ മടിച്ചു നിൽക്കുന്ന സമൂഹവും അവരെ അലട്ടുന്നുണ്ട്. ആശങ്കാകുലമായ ഭാവിയിൽ നിന്നും രക്ഷനേടാൻ മരണമാണു പോംവഴി എന്നിടത്താണ് ടീച്ചർ എത്തിച്ചേരുന്നത്. "തങ്ങൾ സമൂഹത്തിന് വേണ്ടാത്തവരാണ് എന്ന ചിന്ത തന്നെയാണ് വയോജനങ്ങൾക്കിടയിലെ ആത്മഹത്യാപ്രവണത വർധിക്കുന്നതിനു പോലും ഇടയാക്കുന്നത്." എന്ന മാതൃഭൂമി പത്രത്തിലെ 'വയോജനങ്ങളുടെ അന്തസ്സ് വ്രണപ്പെടുത്തരുത്' എന്ന എഡിറ്റോറിയൽ അത്തരക്കാരുടെ ഒറ്റപ്പെട്ട അവസ്ഥയാണ് വിശകലനം ചെയ്യുന്നത് (ഒക്ടോബർ 2015:4) കുടുംബത്തിലും സമൂഹത്തിലും ഒറ്റപ്പെട്ടു പോകുന്ന വൃദ്ധകളെയാണ് ഈ കഥകളിലൂടെ പത്മനാഭൻ അവതരിപ്പിക്കുന്നത്.

### 3.2.1.1.2.2.. എം.ടി.യുടെ 'കല്പാന്തം':

ഒരു വൃദ്ധയുടെ മാനസിക സമ്മർദ്ദം അവതരിപ്പിക്കുന്ന 'കല്പാന്തം' എന്ന കഥ മരിച്ചുപോയ അവരുടെ വീക്ഷണത്തിലാണ് ഘടിപ്പിച്ചിരിക്കുന്നത്. അവരനുഭവിച്ച വികാരങ്ങളുടെ തീവ്രത പകരാൻ ഈ മാർഗ്ഗം ഉപയുക്തമായിരിക്കുന്നു. ഭർത്താവിന്റെ

സ്നേഹം വഴിമാറിപ്പോവുന്നത് തിരിച്ചറിയുന്ന രുക്മിണിയുടെ മനസ്സ് ത്യാഗവും ദ്വേഷവും നിസ്സഹായതയും ഏകാന്തബോധവും കൂടിക്കലർന്ന് സംഘർഷഭരിതമാണ്. അറുപത്തേഴുകാരനായ ഭർത്താവ് ഭാസ്കരൻ ടൂറിലാവുന്നതും മക്കൾ അടുത്തില്ലാതിരിക്കുന്നതും രുഗ്മിണിയുടെ ഒറ്റപ്പെടലിനെ വർദ്ധിപ്പിക്കുന്നവയാണ്. കല്പാന്തത്തിൽ പെയ്യുന്ന പ്രളയം പോലുള്ള മഴയത്തുള്ള രുഗ്മിണിയുടെ മരണം ഒറ്റപ്പെടലിന്റേയും വേദനയുടേയും ആഴം വ്യക്തമാക്കാൻ സഹായിക്കുന്നുണ്ട്. മാനസികമായ ഒറ്റപ്പെടലിൽനിന്നുണ്ടാവുന്ന ഈ മരണം വാസ്തവത്തിൽ ആത്മഹത്യ തന്നെയാണ്.

**3.2.1.1.2.3. പാറപ്പുറത്തിന്റെ 'തെക്കേലമ്മ':**

കുടുംബബന്ധങ്ങളുടെ ഇഴയടുപ്പമില്ലായ്മ ഈ കഥയിലെ അന്തരീക്ഷമായിട്ടുണ്ട്. പണം പലിശയ്ക്കു കൊടുത്തു സമ്പന്നയായ ആച്ചിപെമ്പിള എന്ന തെക്കേലമ്മ അതുകൊണ്ട് സ്ഥലം വാങ്ങിക്കൂട്ടുന്നുണ്ട്. സ്ക്കൂളിലെ പ്യൂണായ ഭർത്താവ് കറിയാച്ചനാണ് വീട്ടിലെ ചുമതല മുഴുവൻ നിർവ്വഹിക്കുന്നത്. തന്റേടവും കാര്യപ്രാപ്തിയുമുള്ള തെക്കേലമ്മ മരുമകളുമായി വഴക്കിട്ട് സ്വന്തമായി താമസിക്കുകയാണ്. നിന്ദച്ചോറും നിന്ദവാക്കും അവർക്ക് സഹിക്കില്ല. ഒറ്റയ്ക്കു കഴിയുന്ന അവരുടെ വിശ്വാസമാർജ്ജിക്കുന്ന പേരക്കുട്ടി തന്നെ അവരുടെ കൊലയ്ക്കു കാരണമാകുന്നുണ്ട്. രക്തബന്ധമുള്ളവരെപ്പോലും വിശ്വസിക്കാനാകാത്ത ഒരു കാലത്തെപ്പറ്റിയുള്ള സങ്കൽപ്പം ഈ കഥയിലുണ്ട്.

**3.2..1.1.2.4. എൻ.മോഹനന്റെ 'സുഖം ശാന്തം സ്വച്ഛന്ദം':**

പല ദിക്കുകളിലായി നല്ല നിലയിൽ കഴിയുന്ന മക്കളുടെ കൂടെ കഴിയാനാഗ്രഹിക്കുന്ന അമ്മുക്കുട്ടിയമ്മയെ അതിൽനിന്നും വ്യതിചലിപ്പിക്കുന്നത് പ്രമേഹരോഗബാധയാണ്. കാൽ മുറിച്ചു മാറ്റേണ്ടിവന്നാൽ അമ്മയെ ഏറ്റെടുക്കാൻ മക്കൾക്ക് വിമുഖത

യുണ്ട്. അമ്മയെച്ചൊല്ലി വേവലാതിപ്പെടുകയും അമ്മ തങ്ങൾക്ക് അസൗകര്യമാവുമോ എന്നു ചിന്തിക്കുകയും ചെയ്യുന്ന മക്കളെ കാണാം. മരിച്ചുപോയ ഭർത്താവിന്റെ ഓർമ്മകൾ അമ്മയ്ക്ക് ആത്മബലം നൽകുന്നുണ്ട്. താൻ മക്കൾക്ക് ഭാരമാവാതിരിക്കാൻ അവർ ആത്മഹത്യ ചെയ്യുകയാണ്. കൂടെത്താമസിക്കാൻ നിർബന്ധിക്കുക മക്കളുടെ കടമയാണെന്നും മക്കൾക്കു ഭാരമാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടത് മാതാപിതാക്കളുടെ കടമയാണെന്നുമുള്ള ഭർത്താവിന്റെ വാക്കുകളാണ് അവർക്കു പിൻബലം.

**3.2.1.1.2.5. മലാറ്റൂരിന്റെ കഥകൾ:**

'തിരുടി പൊന്നമ്മാൾ' എന്ന കഥയിലെ വിധവയായ വൃദ്ധ ഒറ്റയ്ക്കാണ് ജീവിതത്തോട് പോരാടുന്നത്. മകന്റെ സഹായം ലഭിക്കാത്ത അവർ ആരെയും ആശ്രയിക്കാതെ ജീവിതം മുന്നോട്ടു കൊണ്ടുപോകുകയാണ്. സമൂഹത്തിനു കീഴൊതുങ്ങി നിൽക്കുന്ന ഒരു കഥാപാത്രമാണ് പൊന്നമ്മാൾ.

മരുമകൾക്ക് കുടുംബഭാരം വിട്ടുകൊടുക്കാതെ എല്ലാം കൊണ്ടു നടക്കുന്ന വൃദ്ധയായ അമ്മയ്ക്കു സംഭവിക്കുന്ന ദുര്യോഗമാണ് 'അമ്മ' എന്ന കഥയിൽ മലയാറ്റൂർ പറയുന്നത്. മക്കളുടെ വിലക്കും വേലക്കാരുടെ അവഗണനയും അവസാനം അവരെ ചിന്തിപ്പിക്കുന്നുണ്ട്. മക്കളുടെ കുറ്റപ്പെടുത്തലുകളാണ് അവരെ മരണത്തിലേയ്ക്കു നയിക്കുന്നത്. അതേസമയം സ്വന്തം അധികാരം വിട്ടുകൊടുക്കാനുള്ള മടിയാണ് അവരുടെ ഒറ്റപ്പെടലിനു കാരണമാകുന്നത്.

**3.2.1.1.2.6. മാധവിക്കുട്ടിയുടെ 'മീനാക്ഷിയേടത്തി', 'പാറുവമ്മയോടൊപ്പം ഒരു രാത്രി':**

മീനാക്ഷിയേടത്തി, പാറുവമ്മയോടൊപ്പം ഒരു രാത്രി എന്നീ കഥകളിലെ വൃദ്ധകളെ ഒറ്റപ്പെടുത്തുകയും നിസ്സഹായരാക്കുകയും ചെയ്യുന്നത് സാമൂഹികസാഹചര്യങ്ങളാ

ണ്. രണ്ടു കഥകളിലെയും വൃദ്ധകൾ വലിയ വീടുകളിലെ വേലക്കാരികളാണ്. താൻ വേലയ്ക്കു നിൽക്കുന്നത് അകന്ന ബന്ധുക്കളുടെ വീട്ടിലാണെങ്കിലും മീനാക്ഷിയേട ത്തിക്ക് കാൻസർ ബാധിച്ചപ്പോൾ വേണ്ട ശുശ്രൂഷ ലഭിക്കുന്നില്ല. തീർത്തും ഒറ്റപ്പെട്ട നിസ്സഹായജീവിയായിട്ടാണ് മീനാക്ഷിയേടത്തി പ്രത്യക്ഷപ്പെടുന്നത്. വൃദ്ധയായ പാറു വമ്മയ്ക്ക് വേലയ്ക്ക് നിൽക്കുന്ന വീട്ടിൽ നിന്നും പുറത്താകാതെ നോക്കേണ്ടതുണ്ട്. വാർദ്ധക്യം മൂലം പിരിച്ചു വിടാതിരിക്കാൻ വേണ്ടി ചെറിയ ജോലികളിൽ മുഴുകുകയാ ണവർ. ജോലിയ്ക്കു നിൽക്കുന്ന വീട്ടിലെ കല്യാണത്തിരക്കിൽ അവിടത്തെ ചെറിയ കുട്ടിയുടെ സംരക്ഷകസ്ഥാനം സ്വയം ഏറ്റെടുക്കുന്നു. അവർക്ക് തന്റെ സ്വകാ ര്യദുഃഖങ്ങൾ പങ്കുവെയ്ക്കാൻ അവനെ മാത്രമേ കിട്ടുന്നുള്ളൂ. പാറുവമ്മയിൽ ഒരു വിമലീകരണം സംഭവിക്കാൻ ആത്മകഥനം സഹായിക്കുന്നുണ്ട്.

### 3.2.2. ഇരകളാകുന്ന വൃദ്ധർ:

രോഗങ്ങൾ, വാർദ്ധക്യം എന്ന ജൈവാവസ്ഥ, സമ്പന്നരും വലിയപദവിയിലിരിക്കു ന്നവരുമായ മക്കൾ, സാമൂഹികവ്യവസ്ഥിതിയിൽ വരുന്ന മാറ്റം, ദാരിദ്ര്യം എന്നിവ മൂലം വിഷമതകൾ അനുഭവിക്കുന്ന വൃദ്ധരെയാണ് ഈ വിഭാഗത്തിൽ പെടുത്തിയിരിക്കു ന്നത്. ടി.പത്മനാഭൻരെ പാൽപ്പൊടി, എം.ടി.യുടെ സ്വർഗ്ഗം തുറക്കുന്ന സമയം, ഡാർ-എസ്-സലാം. എൻ.മോഹനന്റെ നിഷധരാജ്യത്തിലെ രാജാവ്, ജി.വിവേകാനന്ദന്റെ മോചനം, ശാസ്ത്രത്തിന്റെ പേക്കൂത്ത്, മലയാറ്റൂരിന്റെ കോർണർ, വർക്കത്തുകെട്ട താറാവ്, മരണത്തിന്റെ മുഖം, ശവിണ്ടിക്കൊത്തൻ, സാക്ഷി, വക്കീൽ കുട്ടൻപിള്ള, കോവിലന്റെ നിഴലുകൾ, മാധവിക്കുട്ടിയുടെ മീനാക്ഷിയമ്മയുടെ മരണം, അന്ത്യകൂദാശ എന്നീ കഥകളാണ് പരിഗണിച്ചിട്ടുള്ളത്.

**3.2.2.1. ഇരകളാകുന്ന വൃദ്ധന്മാർ:**

**3.2.2.1.1. സാമൂഹിക-സാംസ്കാരിക മാറ്റത്തിന്റെ കഥകൾ:**

സാമൂഹികമായ മാറ്റങ്ങൾ വൃദ്ധരെ ഒറ്റപ്പെടുത്തുന്നത് കഴിഞ്ഞ അദ്ധ്യായത്തിൽ സ്വീകരിച്ചിട്ടുണ്ട്. അതിനു പുറമേയുള്ള ഒന്നാണ് സാംസ്കാരികമായ മാറ്റങ്ങൾ പ്രായമായവരെ ബാധിക്കുന്നത് ചിത്രീകരിക്കുന്ന ഈ വിഭാഗം.

**3.2.2.1.1.1. വൃദ്ധന്മാരെ കേന്ദ്രീകരിച്ച കഥകൾ:**

**3.2.2.1.1.1.1. എം.ടി.യുടെ 'ഡാർ എസ് സലാം':**

വിഭിന്ന സംസ്കാരങ്ങൾ സൃഷ്ടിക്കുന്ന സംഘർഷങ്ങളുടെ ഇരയായ മേജർ ഫ്രെഡറിക് മുകുന്ദനെ 'ഡാർ എസ് സലാം' എന്ന കഥയിലും സാമൂഹികനീതിയുടെ ഇരയായ മാധവൻപിള്ള 'സ്വർഗ്ഗം തുറക്കുന്ന സമയ'ത്തിലും പ്രത്യക്ഷപ്പെടുന്നു. തന്നേക്കാൾ ഏറെ പ്രായ വ്യത്യാസമുള്ള, ഭാര്യ റീത്തയെ കൊല ചെയ്താണ് മാനസികപീഡനത്തിൽ നിന്നും മേജർ ഫ്രഡറിക് മുകുന്ദന് രക്ഷ നേടാനാവുന്നത്. തകരുന്ന കുടുംബബന്ധങ്ങൾ, വീട്ടിൽ വരാത്ത മകൻ, ആഫ്രിക്കൻ ഛായയിലുള്ള മകൾ - ഈ യാഥാർത്ഥ്യങ്ങൾക്കു മുമ്പിൽ മറ്റ് സൗഭാഗ്യങ്ങളെല്ലാം പുറംപൂച്ചുകൾ മാത്രമായിത്തീരുന്നെന്ന് ഈ കഥ വ്യക്തമാക്കുന്നു.

**3.2.2.1.1.1.2. കോവിലന്റെ 'നിഴലുകൾ':**

മാറിയ സാമൂഹികവ്യവസ്ഥിതിയുടെ ഇരയാണ് 'നിഴലുകളി'ലെ വൃദ്ധനായ അച്ഛൻ. കാർഷികവൃത്തിയിൽനിന്നും വ്യവസായികവ്യവസ്ഥയിലേക്കുള്ള മാറ്റവും പണത്തിന്റെ മൂല്യത്തകർച്ചയും വൃദ്ധനെ പ്രത്യക്ഷത്തിൽ ബാധിക്കുന്നുണ്ട്. പച്ചമുളകും ഇരുമ്പൻപുളിയും വിറ്റു നടന്ന കാലത്തിൽ നിന്ന് പറങ്കിമാവ് വെട്ടി വിറ്റു വീട്ടുചെലവ് നടത്തേണ്ട

അവസ്ഥയിലേക്ക് സമൂഹം മാറുന്നുണ്ട്. മക്കൾക്ക് ഭൂമി സംരക്ഷിച്ചു നിർത്താനാവാത്തതിൽ വൃദ്ധനു ദുഃഖമുണ്ട്. കാലക്കേട് നിമിത്തം നശിക്കുന്ന വിളകൾ, കടം വാങ്ങുന്ന മകൻ ഇതെല്ലാം കാണുമ്പോൾ ചത്തു പോകാൻ തോന്നുന്ന വിധത്തിലുള്ള മാനസികസ്ഥിതിയിലേക്ക് അച്ഛനെത്തുകയാണ്. അച്ഛന്റെയുള്ളിലെ കൃഷിക്കാരൻ പഴയകാലത്തേക്കൊരു തിരിച്ചു പോക്ക് ആഗ്രഹിക്കുന്നു. വാർദ്ധക്യത്തിന്റെ ചലനാത്മകചിത്രത്തിലൂടെ ആരംഭിക്കുന്ന ഈ കഥ ഒരു കൃഷിക്കാരന്റെ ജീവിതത്തിൽ കാലം വരുത്തിയ മാറ്റങ്ങൾ ക്രമാനുഗതമായി അനുഭവപ്പെടുത്തുന്നതാണ്.

**3.2.2.1.1.2. വൃദ്ധകളെ കേന്ദ്രീകരിച്ച കഥകൾ:**

മാധവിക്കുട്ടിയുടെ സ്വയംവരം, അന്ത്യകൂദാശ എന്നീ കഥകളാണ് സ്വീകരിക്കുന്നത്.

**3.2.2.1.1.2.1. മാധവിക്കുട്ടിയുടെ കഥകൾ:**

'സ്വയംവരം' എന്ന കഥയിലെ ഭ്രാന്തിയായ വൃദ്ധയുടെ അനുഭവം നിലവിൽ കണ്ടുവരുന്ന സംസ്കാരലോപത്തെ എടുത്തുകാട്ടുന്നതാണ്. അവന്തിരാജകുമാരിയാണെന്നു സ്വയം സങ്കൽപ്പിക്കുന്ന ഒരു വൃദ്ധ ക്രൂരമായ ബലാത്സംഗത്തിനിരയായി കൊലചെയ്യപ്പെടുന്നതാണ് പ്രമേയം. സ്വയംവരത്തിനൊരുങ്ങി നിന്ന അവർ യാഥാർത്ഥ്യത്തോടടുക്കുമ്പോൾ താൻ അവന്തിരാജകുമാരിയല്ലെന്നു തിരിച്ചറിയുന്നുണ്ട്. മെലിഞ്ഞു ശുഷ്കിച്ച കാലുകളും പല്ലു കൊഴിഞ്ഞ വായും ചുക്കിച്ചുളിഞ്ഞു തൂങ്ങിക്കിടക്കുന്ന മുലകളും സഹതാപത്തിനു പകരം മൂന്നു ചെറുപ്പക്കാരിലുണർത്തുന്ന കാമഭ്രാന്ത് ഒരു ജീവനെടുക്കുന്നത് തീക്ഷ്ണമായ സമകാലികജീവിതയാഥാർത്ഥ്യമായി അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നു. വൃദ്ധർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ കൂടിക്കൊണ്ടിരിക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നതായി ശിവ രാജു നിരീക്ഷിക്കുന്നുണ്ട്. (2014:200)

അവയിലൊന്നാണ് ലൈംഗികപീഡനം. ഇരകൾ കൂടുതലും സ്ത്രീകളാണ് (ടി.)

മക്കളുടെ സ്വാർത്ഥതയ്ക്കിരയായി മാറുന്ന ഒരു കഥാപാത്രമാണ് മാധവിക്കുട്ടിയുടെ 'അന്ത്യകൂദാശ' എന്ന കഥയിലെ വല്യമ്മച്ചി. ക്രിസ്ത്യൻ പശ്ചാത്തലത്തിലുള്ള കഥയാണിത്. മക്കൾ അവരുടെ സൗകര്യം മാത്രം നോക്കി ജീവിതത്തിൽ സജീവമായ അമ്മച്ചിക്ക് അന്ത്യകൂദാശ കൊടുത്ത് അവരെ പേടിപ്പിക്കുന്നതാണ് പ്രമേയം. എഴുപത്തിനാലു വയസ്സുള്ള കുഞ്ഞന്നാമ്മയിൽ പരിഭ്രമം സൃഷ്ടിക്കാൻ മക്കൾക്കായി. തന്റെ ജീവിതാശയെപ്പറ്റി മനസ്സിലാക്കാൻ അമ്മച്ചിക്കും കഴിഞ്ഞു.

### 3.2.2.1.2. വാർദ്ധക്യവും ദാരിദ്ര്യവും:

യഥാർത്ഥജീവിതം വിഷയമായി സ്വീകരിച്ചിരുന്ന നവോത്ഥാനകാഥികർക്ക് സമൂഹത്തിലെ ദാരിദ്ര്യം പ്രധാനപ്പെട്ട വിഷയമായിരുന്നു. തുടർന്നുവരുന്ന എഴുത്തുകാരും ഈ വിഷയം സ്വീകരിച്ചിട്ടുണ്ട്. പാൽപ്പൊടി (ടി.പത്മനാഭൻ), നിഷധരാജ്യത്തിലെ രാജാവ് (എൻ.മോഹനൻ), ശവിണ്ടിക്കൊത്തൻ, സാക്ഷി, വക്കീൽ കുട്ടൻപിള്ള (മലയാറ്റൂർ) മേൽപ്പറഞ്ഞവയിൽ ഇത്രയും കഥകളേ പ്രധാനമായി ദാരദ്ര്യം കൈകാര്യം ചെയ്യുന്നതായുള്ളൂ. മാധവിക്കുട്ടിയുടെ 'സ്വാതന്ത്ര്യസമരസേനാനിയുടെ മകൾ' എന്ന കഥയിലെ വൃദ്ധൻ മകൾ പഠിപ്പിക്കുന്ന സ്കൂളിൽ പഠിപ്പിക്കാൻ പോകുന്നത് പതിനഞ്ചുരൂപയ്ക്കു വേണ്ടിയാണെങ്കിലും ദാരിദ്ര്യത്തേക്കാൾ അയാളെ അലട്ടുന്നത് നമ്മുടെ മൂല്യച്യുതിയാണ്. ഈ വിഭാഗത്തിൽ വൃദ്ധന്മാരുടെ കഥകളേ വരുന്നുള്ളൂ.

### 3.2.2.1.2.1. ദരിദ്രരായ വൃദ്ധന്മാർ:

### 3.2.2.1.2.1.1. ടി പത്മനാഭന്റെ 'പാൽപ്പൊടി':

കാരൂരിന്റെ അദ്ധ്യാപകകഥകളെ ഓർമ്മിപ്പിക്കുന്ന കഥയാണിത്. ദാരിദ്ര്യം വ്യക്തിയെ

അപമാനവീകരിക്കുന്നു. കുറുപ്പുമാഷുടെ ദാരിദ്ര്യമാണ് ഇക്കഥയിൽ പരാമർശിക്കുന്നത്. റേഷൻകാർഡ് വീട്ടിൽ വെച്ചിട്ടില്ലെങ്കിൽ കുടുംബം പട്ടിണിയാകുമെന്ന സ്ഥിതിയിലാണ് ദരിദ്രരായ സ്ക്കൂൾ കുട്ടികൾക്കു കൊടുക്കേണ്ട പാൽപ്പൊടി വാടകവീട്ടിലേക്ക് മോഷ്ടി ച്ചെത്തിക്കുന്നത്. കുറുപ്പു മാഷുടെ ധാർമ്മികാധഃപതനത്തിനു കാരണക്കാരാകുന്ന സമ്പന്ന വിദ്യാർത്ഥികൾ. കൂടെത്താമസിക്കുന്ന ദരിദ്രനായ അധ്യാപകനിൽ നിന്നും പണം കിട്ടില്ലെന്നതു കൊണ്ടാണ് അവർ നിർദ്ദയത്വത്തോടെ പെരുമാറി കുറുപ്പു മാഷെ അപകർഷബോധത്തിനടിപ്പെടുത്തുന്നത്. സമൂഹം വെച്ചുപുലർത്തുന്ന മൂല്യസങ്കല്പ മാണ് ഇവിടെ ഇല്ലാതാവുന്നത്. ഉന്നതങ്ങളിലെത്തിയ ശിഷ്യർ ഈ ഗുരുവിനുണ്ട്. സാമൂ ഹികവും സാമ്പത്തികവുമായ അസമത്വം കഥയുടെ ചാലകശക്തിയാണ്.

**3.2.2.1.2.1.2. എൻ.മോഹനന്റെ 'നിഷധരാജ്യത്തിലെ രാജാവ്':**

വ്യക്തിയുടെ ധാർമ്മികാധഃപതനവും മൂല്യച്യുതിയുമാണ് ഈ കഥയിലും പറയാൻ ശ്രമിക്കുന്നത്. നളവേഷത്തിലൂടെ പ്രസിദ്ധനായ കഥകളി നടൻ മുഖ്യകഥാപാത്രമാ കുന്നു. മദ്യപാനം എന്ന സാമൂഹികദുരന്തമാണ് കഥകളി നടന്റെ ദാരിദ്ര്യത്തിനു നിദാനം. അയാൾ ഭാര്യയെയും മകനെയും ഉപേക്ഷിച്ചവനാണ്. രണ്ടാം ഭാര്യയിലെ മകളുടെ വേളിക്കുവേണ്ട പണത്തിന് മകനെ അന്വേഷിച്ചുവരാൻ അയാൾക്ക് മടിയു ണ്ടായില്ല. സാമ്പത്തികഭദ്രതയില്ലായ്മയാണ് മകന്റെയും ആദ്യഭാര്യയുടേയും മുന്നിൽ തരംതാഴാൻ കഥകളി നടനെ പ്രേരിപ്പിക്കുന്നത്.

**3.2.2.1.2.1.3. മലയാറ്റൂരിന്റെ കഥകൾ:**

ശവിണ്ടിക്കൊത്തൻ, സക്ഷി, വക്കീൽകുഞ്ഞൻപിള്ള എന്നീ കഥകളാണ് പരിശോ ധിക്കുന്നത്. ദരിദ്രനും പെൻഷണറുമായ ഒരു കോപ്പിയിസ്റ്റിന്റെ കഥയാണ് 'ശവിണ്ടി

ക്കൊത്തൻ'. ദാരിദ്ര്യമാണ് ശങ്കരയ്യരുടെ ജീവിതത്തിലെ മഹാപ്രശ്നം. പെൻഷൻ അപര്യാപ്തമായതു കൊണ്ട് ജിവിതം മുന്നോട്ടു പോകാൻ ശവിണ്ടിക്കൊത്തന്റെ ജോലിയും ചെയ്യാൻ അയാൾ തയ്യാറാവുകയാണ്. നിരാശയും ദുഃഖവും മൂലം മുഴുക്കുടിയനായ ശങ്കരയ്യർക്ക് മഹാപ്രഭുക്കളോടും ഈശ്വരനോടും പുച്ഛമാണ്. നിലനിൽപിനു വേണ്ടിയുള്ള അശ്രാന്തപരിശ്രമമാണ് അയാളുടേത്.

ദരിദ്രരോടുള്ള മുതലാളിത്തത്തിന്റെ ഭീഷണിയും പ്രലോഭനവും 'സാക്ഷി' എന്ന കഥയിലുണ്ട്. തന്റെ ദൃക്സാക്ഷിത്വത്തിന്റെ സത്യസന്ധത പരീക്ഷിക്കപ്പെടുമ്പോൾ രക്തസാക്ഷിയാകുന്നത് മത്തായിസാറിന്റെ പേരക്കുട്ടി മറിയക്കുട്ടിയാണ്. കൈക്കൂലി കൊടുത്ത് തല്ലുകേസിലെ വാദിയെ തന്റെ പക്ഷത്താക്കാൻ ഔസേപ്പുമുതലാളിക്കു കഴിയുന്നുണ്ട്. മത്തായിസാർ സ്വാധീനത്തിനു വഴങ്ങാത്തതിനാൽ മുതലാളി പലചരക്കുകടയിൽ നിന്നും കടം കൊടുക്കുന്നില്ല. സാറിനെ സത്യസന്ധമായി പുകഴ്ത്തിയ ആരും മറിയക്കുട്ടിയെ രക്ഷിക്കാനോ പട്ടിണി മാറ്റാനോ ഉണ്ടായില്ല. പണത്തിനു സ്വാധീനമുള്ള ലോകത്തിൽ സത്യസന്ധതക്കോ ദാരിദ്ര്യത്തിനോ സ്ഥാനമില്ലെന്ന് മത്തായിസാററിയുന്നു.

ദാരിദ്ര്യത്തിന്റെ ബലിയാടാണ് കേസ്സില്ലാവക്കീലായ വക്കീൽ കുഞ്ഞൻപിള്ള. അയാളുടെ ഭാര്യയ്ക്കും മകൾക്കും വ്യഭിചരിക്കേണ്ടി വരുന്നു. അതിനു സാക്ഷിയാകാതിരിക്കാൻ കോടതിയിലേക്കിറങ്ങുന്ന അയാളുടെ മുഷിഞ്ഞ കോട്ടും ജീർണ്ണിച്ച തോർത്തുമുണ്ടും ആശ നശിച്ച ജീവിതത്തെക്കൂടി കാണിക്കുന്നു.

ഈ വിഭാഗത്തിൽ സ്ത്രീകളെപ്പറ്റിയുള്ള കഥകൾ ഇല്ല.

**3.2.2.1.3. രോഗികളായ വൃദ്ധന്മാർ:**

മുൻ അദ്ധ്യായത്തിൽ ഇല്ലാത്ത വിഭാഗമാണിത്. വാർദ്ധക്യത്തിൽ രോഗങ്ങൾ പിടി

പെടുന്ന വൃദ്ധരാണ് ഈ വിഭാഗത്തൽ പെടുന്നത്. വലിയ പദവിയിലിരിക്കുന്ന വേണ്ട പ്പെട്ടവർ അക്കൂട്ടർക്ക് ഭാരവും മനഃശല്യവുമായി വരുന്നത് കാണാം. എം.ടി.യുടെ സ്വർഗ്ഗം തുറക്കുന്ന സമയം, ജി.വിവേകാനന്ദനന്റെ മോചനം, ശാസ്ത്രത്തിന്റെ പേക്കൂത്ത്, മല യാറ്റൂരിന്റെ കോർണർ, വർക്കത്തുകെട്ട താറാവ്, മരണത്തിന്റെ മുഖം എന്നിവയാണ് പരിഗണിക്കുന്നത്. ഇത്തരം വിഭജനം കൊണ്ടുവരത്തക്കവണ്ണം കഥകൾ കൂടിയിട്ടുണ്ട്.

**3.2.2.1.3.1. എം.ടി.യുടെ 'സ്വർഗ്ഗം തുറക്കുന്ന സമയം':**

വാർദ്ധക്യത്തിന്റെയും രോഗത്തിന്റെയും പരിതഃസ്ഥിതിയുടെയും ഇരയാണ് 'സ്വർഗ്ഗം തുറക്കുന്ന സമയ'ത്തിലെ മാധവൻനായർ മാസ്റ്റർ. ദൂരദിക്കുകളിൽ ജോലിയും താമ സവുമായ മക്കൾക്ക് മരണാസന്നനായ മാസ്റ്ററുടെ അടുക്കൽ വന്നു നിൽക്കാൻ നേര മില്ല. അച്ഛന്റെ മരണം പോലും ആഗ്രഹിക്കുന്ന മക്കളെ അദ്ദേഹത്തിന് തിരിച്ചറിയാനാ വുന്നുണ്ട്. സ്വന്തം മരണശേഷമേ അവരെ വിവരമറിയിക്കേണ്ടതുള്ളൂ എന്ന കടുത്ത തീരുമാനമെടുക്കാൻ ഇതുകാരണമാവുന്നുണ്ട്.

**3.2.2.1.3.2. ജി.വിവേകാനന്ദന്റെ കഥകൾ:**

ജി.വിവേകാനന്ദന്റെ കഥകളിൽ ഒരു വിഭാഗം ആശുപത്രിക്കഥകളാണ്. അതിൽപ്പ ടുന്നു മോചനം. 'ശാസ്ത്രത്തിന്റെ പേക്കൂത്ത്' എന്നീ കഥകൾ. മക്കളുടെ ഉദ്യോഗ പ്രൗഢിയും ധനപ്രമത്തതയും കൊണ്ട് അർഹിക്കപ്പെടുന്ന മരണം പോലും ലഭിക്കാതെ ശാസ്ത്രത്തിന്റെ കാരുണ്യത്താൽ പീഡിപ്പിക്കപ്പെടുന്ന വൃദ്ധരാണ് ഈ കഥകളിലു ള്ളത്. കാൻസറിന്റെ അതികഠിനമായ വേദനയനുഭവിക്കുന്ന രോഗിയുടെ ജീവൻ നിര വധി യന്ത്രങ്ങളുടേയും കുഴലുകളുടെയും സഹായത്തോടെ പിടിച്ചുനിർത്താനുള്ള ഡോക്ടർമാരുടെ വിഫലയത്നവും രോഗിയുടെ നരകയാതനയും രണ്ടു കഥകളിലു

മുണ്ട്. ചികിത്സക്കുവേണ്ടി എത്ര കാശു മുടക്കാനും തയ്യാറുള്ള ഉദ്യോഗസ്ഥപുത്രന്മാരും മന്ത്രിപുത്രന്മാരുമാണ് വൃദ്ധരുടെ വേദനയ്ക്കു കാരണം. ശാസ്ത്രപുരോഗതി മരണാസന്നർക്കു ഗുണത്തിനു പകരം ദോഷമായി മാറുന്നതാണ് ഇവിടെ കാണുന്നത്.

**3.2.2.1.2.3. മലയാറ്റൂരിന്റെ കഥകൾ:**

കോർണർ, വർക്കത്തുകെട്ട താറാവ്, മരണത്തിന്റെ മുഖം, എന്നീ കഥകൾ പരിഗണിക്കുന്ന. മകളെ വഞ്ചിച്ച് കാബറേ നർത്തകിയാക്കിയ ബാറുടമസ്ഥനോട് പ്രതികാരം ചെയ്യാൻ ലഭിച്ച അവസരം നഷ്ടപ്പെട്ട വയസ്സന് അഭിമാനത്തോടൊപ്പം ജീവനും കൂടി ഇല്ലാതാവുന്നതാണ് 'കോർണറി'ൽ പറയുന്നത്. തിന്മയും അനീതിയും വിജയിക്കുന്ന ലോകത്തിൽ ഒരു പിതാവിന്റെ ദുഃഖത്തിന് പ്രസക്തിയില്ലാതാവുന്ന കാഴ്ചയാണിവിടെ കാണാൻ കഴിയുന്നത്.

വർക്കത്തുകെട്ട താറാവ്, മരണത്തിന്റെ മുഖം എന്നീ കഥകളിൽ മനുഷ്യ സാധാരണമായ വാർദ്ധക്യത്തിന്റെ യാഥാർത്ഥമായ ജൈവാവസ്ഥ കൊണ്ടുവരാനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. വാർദ്ധക്യമാണ് വർക്കത്തുകെട്ട താറാവ്. ശുശ്രൂഷകരെ വെറുക്കുന്ന വൃദ്ധൻ പകുതി താറാവും പകുതി അരയന്നവുമാണ്. ഭംഗി കുറഞ്ഞ രീതിയിലെങ്കിലും നടക്കാനും പറക്കാനും ആഗ്രഹിക്കുന്ന മനസ്സും അതിനു സാധിക്കാത്ത ശരീരവും വാർദ്ധക്യത്തിന്റെ യഥാർത്ഥ ചിത്രമാകുന്നു. ശരീരം ഒരു ജയിലാണെന്ന് കിഴവൻ തിരിച്ചറിയുന്നുണ്ട്. വാർദ്ധക്യം എന്ന അവസ്ഥയെ മനോഹരമായി വർണ്ണിക്കാൻ മലയാറ്റൂരിന് കഴിയുന്നുണ്ട്.

'മരണത്തിന്റെ മുഖം' എന്ന കഥയിൽ സുഖമരണം ഇച്ഛിച്ച എഴുപതുകാരന് മറ്റുള്ളവരെ ബുദ്ധിമുട്ടിച്ചേ മരിക്കാനാവുന്നുള്ളൂ. മരണമല്ല ജീവിതമാണ് ജയിക്കുന്നതെന്ന ബോധത്തോടെ മരിക്കാൻ അയാൾക്കാകുന്നുണ്ട്. ജീവിതത്തിൽ സംഭവിക്കുന്ന യാന്ത്രി

കതയും മടുപ്പും, പഴയ കാര്യങ്ങൾ ഭാര്യയോടു പറഞ്ഞു കൊടുക്കലും മരണത്തിന്റെ മുന്നോടിയായിട്ടാണ് ചിത്രീകരിക്കുന്നത്.

**3.2.2.1.2.2. രോഗികളായ വൃദ്ധകൾ:**

**3.2.2.1.2.2.1. മാധവിക്കുട്ടിയുടെ 'മീനാക്ഷിയമ്മയുടെ മരണം':**

'മീനാക്ഷിയമ്മയുടെ മരണ'ത്തിൽ സ്വാതന്ത്ര്യസമരസേനാനിയായിരുന്ന മീനാക്ഷി യമ്മയുടെ അടിച്ചമർത്തപ്പെട്ട മോഹം എല്ലാ തടസ്സങ്ങളും ഭേദിച്ച് പുറത്തു വരുന്നത് കാണിക്കുന്നു. മീനാക്ഷിയമ്മയുടെ ഉള്ളിലുണ്ടായിരുന്ന പച്ച ജാക്കറ്റും പാലയ്ക്കാ മോതിരവും ധരിക്കണമെന്ന മോഹം പൊതുജനങ്ങൾക്കും രാഷ്ട്രീയക്കാർക്കും മന സ്സിലാക്കാനായില്ല. ത്രിവർണ്ണപതാകയും 'രഘുപതിരാഘവ'യുമാണ് അവർ ഓർക്കു ന്നത്. കുട്ടിക്കാലത്ത് അവരെ ആ വേഷത്തിൽ കണ്ടതായി സഹോദരൻ ഓർക്കുന്നുണ്ട്. പിച്ചും പേയും പറയുന്നതായി മീനാക്ഷിയമ്മയുടെ മോഹം വ്യാഖ്യാനിക്കപ്പെടുകയാണ്. ആദർശവതിയും ഗാന്ധിയനുമായ അവരെ ഒരു ലൗകികയായി കാണാൻ ആളുകൾക്കാ കുന്നില്ല. രോഗിണിയുടെ ആഗ്രഹം സാധിച്ചുകൊടുക്കാൻ സന്നദ്ധയാകുന്നത് അവ രുടെ അനുജന്റെ മകളാണ്. സാധാരണക്കാരിയായ അവൾക്കേ അതു മനസ്സിലാകുക യുള്ളൂ. പുറമേയ്ക്ക് സ്വാതന്ത്ര്യസമര പോരാളിയും ഖദർവസ്ത്ര ധാരിണിയുമെങ്കിലും മനസ്സിന്റെ അഗാധതയിൽ ഒളിഞ്ഞു കിടക്കുന്ന സാധാരണ പെണ്ണിന്റെ മോഹങ്ങൾ വാർദ്ധക്യത്തിൽ മറനീക്കി പുറത്തുവരുന്നത് 'മീനാക്ഷിയമ്മയുടെ മരണ'ത്തിൽ ഭംഗി യായി പ്രകാശിപ്പിച്ചിരിക്കുന്നു.

**3.2.3. ജോലിയിൽ നിന്നു വിരമിച്ചവർ:**

പെൻഷനുമായി ബന്ധപ്പെട്ട കഥകൾ ഈ ഘട്ടത്തിലും കാണുന്നുണ്ട്. മുരളീധരൻ

മുല്ലമറ്റം 'വയസ്സല്ല വാർദ്ധക്യം' എന്ന് കൃതിയിൽ ഇങ്ങനെ പറയുന്നു:

> *റിട്ടയർ ചെയ്തവരെ സംബന്ധിച്ച് ജോലിയിൽ നിന്നും വിരമിക്കുമ്പോഴുണ്ടാകുന്ന സാമൂഹികമായ ഒറ്റപ്പെടൽ ഒരു പ്രശ്നം തന്നെയാണ്. ചിലരെ സംബന്ധിച്ച് മക്കൾ വളർന്നു വലുതായി വിവാഹം കഴിച്ച് വിട്ടുപോവുമ്പോഴുണ്ടാവുന്ന ഏകാന്തത. മറ്റ് ചിലർക്ക് സമൂഹത്തിലുണ്ടാകുന്ന സ്ഥാനങ്ങൾ നഷ്ടപ്പെടുന്നു. തൊഴിൽപരമായി പണ്ട് പുലർത്തിയിരുന്ന ബഹുജനസമ്പർക്കവും സുഹൃദ്ബന്ധങ്ങളും ഇല്ലാത്തതിനാൽ ജീവിതസായാഹ്നത്തിലെ ഏകാന്തത ദുസ്സഹമായിത്തീരുന്നു. ചുറ്റുമുള്ളവർ പഴയപോലെ ബഹുമാനിക്കുന്നില്ല എന്ന തോന്നൽ അലട്ടിക്കൊണ്ടിരിക്കും. അന്നുവരെ അനുഭവിച്ച എല്ലാ പരിഗണകളും പെട്ടെന്ന് ഇല്ലാതാകുമ്പോൾ തകർന്നു പോകാനും മതി (2003:24)*

ഉയർന്ന പദവിയിൽ നിന്ന് വിരമിക്കുന്നവരെ സംബന്ധിച്ച് ഈ അഭിപ്രായം ഒരു പരിധിവരെ ശരിയാണ്. താണതലങ്ങളിൽ നിന്നു വിരമിക്കുന്നവരെ സംബന്ധിച്ച് ഭാവി ജീവിതം പെൻഷൻ തുകയിലൊതുങ്ങുന്നതാവില്ല. പലതലമുറകളിൽപെട്ട പെൻഷൻകാർ ഈ കാലഘട്ടത്തിലെ എഴുത്തുകാരുടെ കഥകളിൽ കേന്ദ്രസ്ഥാനത്തു വന്നിട്ടുണ്ടോ എന്നു പരിശോധിക്കുന്നു. ജി.വിവേകാനന്ദന്റെ അധികാരിയേമാൻ, മലയാറ്റൂരിന്റെ രാമനാഥൻ ഐ.എ.എസ്.. ശവിണ്ടിക്കൊത്തൻ, കഴുകൻ കുട്ടൻപിള്ള, സൂചിമുഖി, ഫ്രഞ്ചുവിപ്ലവം, എന്നെ കുമാരൻ കൊല്ലും എന്നീ കഥകൾ പെൻഷൻ എന്ന അതിർത്തിരേഖയുമായി ബന്ധപ്പെട്ടവയാണ്.

**3.2.3.1. പെൻഷൻ എന്ന അവസ്ഥയോടു പൊരുത്തപ്പെടുന്നവർ:**

**3.2.3.1.1. വൃദ്ധന്മാരെ കേന്ദ്രീകരിച്ച കഥകൾ:**

പെൻഷൻ പറ്റും എന്ന യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നവരാണ് ഈ ഭാഗത്ത്

വരുന്നത്. മലയാറ്റൂരിന്റെ രാമനാഥൻ ഐ.എ.എസ്. 'എന്നെ കുമാരൻ കൊല്ലും' എന്നീ കഥകൾ.

**3.2.3.1.1.1. മലയാറ്റൂർ രാമകൃഷ്ണന്റെ കഥകൾ:**

പെൻഷണറായ ഐ.എ.എസ്. ഉദ്യോഗസ്ഥന്റെ സംഗീതഭ്രാന്തിനെ പരിഹസിക്കുന്ന കഥയാണ് രാമനാഥൻ ഐ.എ.എസ്. ജോലിയിലിരുന്ന കാലത്ത് രാമനാഥനെ പുകഴ്ത്തി കാര്യം സാധിക്കാൻ കീഴ്ജീവനക്കാരും മറ്റുള്ളവരും സംഗീതം ഉപയോഗിച്ചിരുന്നു. മകൾക്കൊരു ജോലിയൊപ്പിക്കാനാണ് ഭാഗവതർ പെൻഷണറായ് രാമനാഥനെ പാട്ടു പഠിപ്പിക്കുന്നത്. പെൻഷനായതിനുശേഷം സംഗിതം പഠിക്കാനുള്ള തന്റെ ആഗ്രഹം സാധിക്കാനുള്ള രാമനാഥന്റെ ശ്രമം ദോഷമായിത്തീരുകയാണ്. ഭാര്യയറിയാതെയുള്ള സംഗീതപഠനം കുടുംബത്തിൽ വിള്ളൽ വീഴ്ത്തുന്നതും സി.ഐ.ഡി.കൾക്ക് ഇടപെടേണ്ടിവരുന്നതുമൊക്കെ സരസമായി അവതരിപ്പിക്കുന്നു ഈ കഥയിൽ. പെൻഷണർ എന്ന അവസ്ഥയിൽപ്പോലും രാമനാഥന് സ്വാധീനമുണ്ടെന്ന് ഭാഗവതരുടെ സമീപനത്തിൽ നിന്ന് മനസ്സിലാക്കാം.

'എന്നെ കുമാരൻ കൊല്ലും' എന്ന കഥയിലെ വൃദ്ധന് ആരോഗ്യമുണ്ടായിരുന്നപ്പോൾ നഗരത്തിലെ ഒരൊഴിഞ്ഞ കോണിലെ വീടും പറമ്പും സ്വർഗ്ഗമായനുഭവപ്പെട്ടിരുന്നു. പെൻഷൻ പറ്റിയപ്പോൾ അത് ഒഴിഞ്ഞ ഇടമായിട്ടാണ് അനുഭവപ്പെടുന്നത്. ജോലിയുണ്ടായിരുന്നപ്പോൾ ജീവിതം തിളക്കമുള്ളതായിരുന്നവെന്ന കണ്ടെത്തലുണ്ട്. തന്റെ മാനസികസ്ഥിതിയെ വൃദ്ധൻ വിലയിരുത്തുന്നതിങ്ങനെയാണ്:

> *പ്രായമേറുമ്പോൾ മനസ്സിന്റെ ശക്തി വാർന്നു പോകുന്നത് ഞാനൊരിക്കലും കരുതിയതല്ല. അമ്പത്തഞ്ച് അത്ര വലിയ പ്രായവുമല്ല. പക്ഷേ ഞാനൊരു സർക്കാർ ജീവനക്കാരനായിരുന്നല്ലോ. അമ്പത്തഞ്ചിലെത്തിയ*

*പ്പോൾ, ഇവിടെ ഏകനെങ്കിലും തന്റേടിയായി കഴിഞ്ഞിരുന്ന ഞാൻ വെട്ടേറ്റ വാഴ പോലെ വീണു പോയി. എന്നെ വെട്ടിവീഴ്ത്തിയത് എന്റെ റിട്ടയർമെന്റാ യിരുന്നു. ഭാഗ്യം തീർന്നു. ഭദ്രത തീർന്നു (2004:54)*

റിട്ടയർമെന്റിനെപ്പറ്റിയുള്ള മലയാറ്റൂരിന്റെ മിക്ക കഥാപാത്രങ്ങളുടെയെല്ലാം ചിന്താ ഗതി ഇപ്രകാരമാണെന്നാണ് കാണാൻ കഴിയുക. സഹായിയിൽ കൊലപാതകിയെ ദർശിക്കേണ്ടിവരുന്ന ഭീകരമായ മാനസികാവസ്ഥക്ക് അയാൾ അടിപ്പെടുന്നുണ്ട്. വൃദ്ധൻ സ്വാതന്ത്ര്യമോഹിയാണ്. വൃദ്ധസദനങ്ങൾ ഇഷ്ടമല്ല. കുമാരൻ തന്നെ കൊല്ലും എന്ന ചിന്ത റിട്ടയർമെന്റു ജീവിതത്തെ അസ്വസ്ഥമാക്കുന്നു.

മലയാറ്റൂരിന്റെ പെൻഷൻകഥകൾ പൊതുവെ പരിശോധിക്കുമ്പോൾ പെൻഷൻ ജീവിതം ആസ്വദിക്കാൻ പല മാർഗ്ഗങ്ങൾ അന്വേഷിക്കുന്നവരെയാണ് കണ്ടെത്താൻ കഴിയുന്നത്. ശങ്കരയ്യരും കഴുകൻ കുട്ടൻപിള്ളയും ജീവിതപ്രാരാബ്ദങ്ങൾ അലട്ടുന്ന സാധാരണക്കാരാണ്.

ഈ വിഭാഗത്തിൽ വൃദ്ധകളുടെ കഥകൾ ഇല്ല.

### 3.2.3.2. പെൻഷൻ എന്ന അവസ്ഥയുമായി പൊരുത്തപ്പെടാത്തവർ:

പെൻഷൻ എന്ന വ്യവസ്ഥിതിയുമായി പൊരുത്തപ്പെടാൻ വിസമ്മതിക്കുന്നവർ ഈ ഭാഗത്ത് വരുന്നു. ഇതിനു പിന്നിലുള്ള വ്യക്തിപരമായ കാരണങ്ങളിൽ പ്രധാനമായി കാണുന്നത് പലപ്പോഴും സാമ്പത്തികബുദ്ധിമുട്ടുകളാണ്. മാനസിക പ്രശ്നങ്ങളും ജോലിയിൽ നിന്നും വിരമിക്കുന്നവരെ ബാധിക്കുന്നുണ്ട്. ഈ വിഷയം കൈകാര്യം ചെയ്യുന്ന കഥകളാണ് മലയാറ്റൂരിന്റെ 'ശവിണ്ടിക്കൊത്തൻ', കഴുകൻ കുട്ടൻപിള്ള എന്നീ കഥകൾ.

### 3.2.3.2.1. വൃദ്ധന്മാരെ കേന്ദ്രീകരിച്ച കഥകൾ:

### 3.2.3.2.1.1. മലയാറ്റൂരിന്റെ കഥകൾ:

'ശവിണ്ടിക്കൊത്തൻ' എന്ന കഥ റവന്യൂബോർഡിൽ നിന്നും കോപ്പിയിസ്റ്റായി വിരമിച്ച് ശങ്കരയ്യരുടെ ജീവിതപ്രാരാബ്ധങ്ങൾ വിഷയമാക്കുന്നു. ഒരു തൊഴിലില്ലാതെ അയാൾക്ക് മുന്നോട്ടു പോകാനാവില്ല. മകൾക്കൊരു ജോലി കിട്ടാനുള്ള ശ്രമങ്ങൾ പരാജയപ്പെടുന്നു. ശവിണ്ടിക്കൊത്തൻ സമൂഹം അകറ്റി നിർത്തുന്ന ജോലിയാണ്. ജീവിക്കാൻ വേണ്ടി അതിനും ശങ്കരയ്യർക്കു മടിയില്ല. മേലുദ്യോഗസ്ഥനും അയാളെ സഹായിക്കാനാകുന്നില്ല. ഭാവി ജീവിതത്തിൽ ഒരു ഉയിർത്തെഴുന്നേൽപ്പ് കണ്ടെത്താനാവാത്തതാണ് ശങ്കരയ്യരെ യുക്തിവാദിയും നിരീശ്വരവാദിയും നിരാശനും മദ്യപനുമാക്കി മാറ്റുന്നത്. ജാത്യഭിമാനം കൊണ്ട് കാര്യമില്ലെന്നും എന്തുജോലിയും സ്വീകാര്യമാണെന്നും കൂടി ഇക്കഥ പ്രതിഫലിപ്പിക്കുന്നു. പൂർത്തിയാക്കാനാകാത്ത കുടുംബച്ചുമതലകൾ അയാളെ ഭ്രാന്തു പിടിപ്പിക്കുന്നുണ്ട്.

'കഴുകൻ കുട്ടൻപിള്ള' എന്ന കഥയിൽ പെൻഷനാവാൻ പോകുന്ന ഒരു പോലീസുകാരന്റെ ഭ്രമാത്മകചിന്തകൾ ഫ്ളാഷ്ബാക്കിന്റെയും വർത്തമാനകാല യാഥാർത്ഥ്യത്തിന്റെയും സഹായത്തോടെ ആവിഷ്ക്കരിച്ചിരിക്കുന്നു. പെൻഷൻ ഔദ്യോഗികജീവിതത്തിന്റെ അതിർത്തിരേഖയാണ് എന്ന ചിന്ത അയാളെ തീവ്രമായി അലട്ടുന്നു. കഴിഞ്ഞുപോയ ജീവിതം ഓർക്കാനുള്ള ഒരു സന്ദർഭമായിട്ടാണ് പെൻഷൻ ചിന്ത കടന്നുവരുന്നത്. കൃഷിക്കാരന്റെ മകൻ കൃഷിക്കാരനാവുക എന്ന പാരമ്പര്യത്തിൽ നിന്നും വ്യതിചലിച്ചത് തെറ്റാണെന്ന തോന്നലും ഇനി ആരും തന്നെ ബഹുമാനിക്കില്ലെന്ന ചിന്തയും അയാളെ വല്ലാതെ അലട്ടുന്നുണ്ട്. താൻ കുടുംബം നോക്കാതെ യജമാനപ്രീതിയ്ക്കു വേണ്ടി പ്രവർത്തിച്ചിരുന്ന ഒരു കച്ചവടമനഃസ്ഥിതിക്കാരൻ മാത്രമാണെന്ന ചിന്ത അയാളിലുണ്ടാകുന്നു. ജോലി ഒരു പ്രതാപചിഹ്നം മാത്രമായിരുന്നുവെന്ന തിരി

ച്ചറിവ് അധികാരനഷ്ടത്തെപ്പറ്റി ഓർമ്മിപ്പിക്കുന്നു. രാത്രി ഡ്യൂട്ടിയിൽ പിഴവ് വരുത്തിയ തനിക്ക് പെൻഷൻ ലഭിക്കില്ല എന്ന ചിന്തയിൽ നിന്നുണർന്ന ഉന്മാദം അയാളെ അതി സാധാരണക്കാരനാക്കുന്നുണ്ട്. ജോലിയിൽ അയാളുടെ മികവിനെ സൂചിപ്പിക്കുന്ന 'കഴു കൻ' എന്ന വിശേഷണം ജോലി നഷ്ടപ്പെടുന്നതോടെ അപ്രസക്തമാകും. ഒരു ചല ച്ചിത്രത്തിലെന്ന പോലെ കടന്നു പോകുന്ന പരസ്പരവിരുദ്ധമായ കാര്യങ്ങൾ അസ്വ സ്ഥമായ അയാളുടെ മനസ്സിന്റെ അവസ്ഥ ചിത്രീകരിക്കാൻ പര്യാപ്തമായിട്ടുണ്ട്. പ്രതി കളെ തല്ലുന്നതിൽ അഭിമാനിച്ചിരുന്നയാൾക്ക് വിരമിക്കുന്നതിന്റെ തലേദിവസം തല്ലുകേൾക്കുന്നതുകൂടി അസഹ്യമാകുന്നത് അയാളുടെ അസ്വസ്ഥചിത്തത്തെ വെളി പ്പെടുത്താനുതകുന്നു.

പെൻഷനാവുന്ന ഒരുദ്യോഗസ്ഥന്റെ മാനസികലോകത്തിന്റെ വിഭ്രാമകമായ അവസ്ഥ അനുഭവവേദ്യമാകും വിധം അവതരിപ്പിച്ചിരിക്കുന്നു. സഹാനുഭൂതി ഉണർത്തുന്ന മട്ടി ലാണ് ആഖ്യാനം. 'അധികാരിയേമാനി'ലും 'കഴുകൻ കുട്ടൻപിള്ള'യിലും അധികാര സ്ഥാനത്തു നിന്നുള്ള ഭ്രംശം വ്യക്തികളുടെ മാനസികാവസ്ഥയെ ബാധിക്കുന്നതായി കാണിക്കുന്നുണ്ട്.

ഈ വിഭാഗത്തിലും വൃദ്ധകൾ കേന്ദ്രകഥാപാത്രമായി വരുന്ന കഥകൾഇല്ല.

**3.2.3.3. പെൻഷൻ എന്ന അവസ്ഥയെ പ്രതിരോധിക്കുന്നവർ:**

**3.2.3.3.1. വൃദ്ധന്മാരുടെ കഥകൾ:**

പെൻഷൻ ജീവിതത്തെ അതിജീവിക്കാൻ ചിലർ നടത്തുന്ന ശ്രമങ്ങളാണ് ഈ ഭാഗത്തു പറയുന്നത്.

**3.2.3.3.1.1. ജി.വിവേകാനന്ദന്റെ 'അധികാരിയേമാൻ':**

പെൻഷൻപറ്റുന്നതിന് മുമ്പും പിമ്പുമുള്ള ജീവിതം പാർവ്വത്യക്കാരായിരുന്ന മാധ

വൻപിള്ളയിലൂടെ അവതരിപ്പിക്കുന്നു. കാഴ്ചവസ്തുക്കളുടെ രൂപത്തിലുള്ള കൈക്കൂലി, എങ്ങനെയെങ്കിലും കാര്യം സാധിക്കാൻ ചുറ്റും കൂടുന്ന ബഹുജനം. 'അധികാരിയേമാൻ' എന്ന് ജനങ്ങൾ അനുവദിച്ചു കൊടുത്ത പേരിലുള്ള അഭിമാനം തുടങ്ങിയവയെല്ലാം പെൻഷൻ പറ്റുന്നതിനു മുമ്പുള്ള സ്ഥിതിവിശേഷമാണ്. പെൻഷനോടടുത്തപ്പോൾ മാധവൻപിള്ളയുടെ ആജ്ഞാശക്തിയും പ്രസരിപ്പും നഷ്ടപ്പെട്ട് മനസ്സിൽ മൗഢ്യം വ്യാപിക്കുന്നുണ്ട്. അധികാരം നഷ്ടപ്പെടുന്ന വ്യക്തിയുടെ ആകുലത ഈ രീതിയിലെല്ലാം വെളിപ്പെടുന്നു. പെൻഷനുശേഷം ആരും ആദരിക്കില്ല, വകവെയ്ക്കില്ല എന്ന ബോധം മാധവൻപിള്ളയുടെ പ്രവൃത്തികൾക്കു പിന്നിൽ തെളിയുന്നുണ്ട്. ഊണും ഉറക്കവും ഇല്ലാതാവുന്നിടത്തോളം മാനസികവ്യാപാരം സംഭവിയ്ക്കുന്നു. പെൻഷനുശേഷം മധവൻപിള്ള ദിനചര്യയ്ക്കു മുടക്കം വരാതെതന്നെ അതിജീവനത്തിനു ശ്രമിക്കുന്നുണ്ട്. പെൻഷൻ പേപ്പർ ശരിയാക്കാനുള്ള താലൂക്കോഫീസിലേക്കും കളക്ടറാഫീസിലേക്കുമുള്ള നടപ്പിൽ ആരും അദ്ദേഹത്തെ വിലവെക്കുന്നതായി കാണുന്നില്ല. ഭയപ്പെട്ടത് സംഭവിക്കുകയാണ്. മൈതീൻകുഞ്ഞിന്റെ റേഷൻകടയിൽ നേരം പോകാൻ നിൽക്കുന്നത് സപ്ലൈഓഫീസറായ മരുമകൻ കണ്ടതിനുശേഷം മാധവൻപിള്ള കടയിൽ വന്നിട്ടില്ല. ജോലിയുടെ ഏറ്റക്കുറച്ചിലുകളിലുള്ള ഊന്നൽ ഇവിടെയുണ്ട്. അധികാരയേമാനോട് മുതലാളി ഭാവത്തിൽ പെരുമാറാൻ മൈതീൻകുഞ്ഞും കൂലിക്കാരനെന്ന വിധത്തിലിടപെടാൻ പൊതുജനങ്ങളും മടിക്കുന്നില്ല.

അധികാരമാണ് ഒരു വ്യക്തിയുടെ വില നിശ്ചയിക്കുന്നത് എന്ന സങ്കല്പം പാർവ്വത്യക്കാർ മാധവൻപിള്ളയുടെ വേവലാതിയ്ക്കു പിന്നിലുണ്ട്. പദവി ഉള്ളപ്പോഴും ഇല്ലാത്തപ്പോഴുമുള്ള ഒരു മനുഷ്യന്റെ അവസ്ഥാന്തരം ഈ കഥയിലൂടെ വ്യക്തമാകുന്നു.

**3.2.3.3.1.2. മലയാറ്റൂരിന്റെ കഥകൾ:**

പെൻഷൻ ജീവിതത്തിലെ വിരസതയകറ്റാനുള്ള ഒരു ഡപ്യൂട്ടികളക്ടറുടെ ശ്രമങ്ങളും

പരാജയവുമാണ് 'സൂചിമുഖി'യിൽ പ്രതിപാദിക്കുന്നത്. ഔദ്യോഗിക ജീവിതത്തിൽ ആരുമായും അടുപ്പമില്ലാതിരുന്ന രാമൻനായർക്ക് വിരമിച്ചശേഷവും അതിനു കഴിയുന്നില്ല. അതിനുവേണ്ടിയുള്ള ശ്രമങ്ങളെല്ലാം പരാജയപ്പെടുകയാണ്. നാടുമായോ നാട്ടുകാരുമായോ ബന്ധമില്ലായ്മ അയാളെ വല്ലാതെ ഒറ്റപ്പെടുത്തുന്നുണ്ട്. അതിജീവനതന്ത്രമെന്ന നിലയിൽ പക്ഷിനിരീക്ഷണത്തിനുള്ള ശ്രമം കുടുംബകലഹത്തിനു കാരണമാകുന്നു.

ജോലിയിലിരിക്കുമ്പോൾ ലഭിക്കുന്ന സുഖസൗകര്യങ്ങളും മറ്റുള്ളവരുടെ പരിഗണനയും അതില്ലാതാകുന്നതോടെ നഷ്ടപ്പെടുന്നത് 'ഫ്രഞ്ചുവിപ്ലവം' എന്ന കഥയിലും ഊന്നിപ്പറയുന്നുണ്ട്. ഉദ്യോഗമുള്ളപ്പോഴെ ഫോൺ ചെയ്യാൻ ബന്ധുക്കൾ കൂടിയുള്ളൂ എന്ന് പെൻഷണർ തിരിച്ചറിയുന്നുണ്ട്. തിരക്കു നിറഞ്ഞ ലോകത്തെ കളിയാക്കാനാണ് തനിക്കു പ്രിയങ്കരമായ ചരിത്രത്തിലേക്ക് അയാൾ തിരിയുന്നത്. വിവാഹദിനം പോലും മറന്നുപോകുന്ന വിധം അയാൾ ചരിത്രത്തിൽ മുഴുകുകയാണ്. പെൻഷനായപ്പോൾ ബന്ധുക്കളോ ആവശ്യക്കാരോ തിരിഞ്ഞു നോക്കാത്ത ഒരുദ്യോഗസ്ഥനാണ് ഇക്കഥയിലുള്ളത്. പെൻഷൻ ജീവിതത്തെ ആക്ഷേപഹാസ്യത്തോടെ അവതരിപ്പിക്കുകയാണ് കഥാകാരൻ.

ഈ വിഭാഗത്തിൽ സ്ത്രീകഥാപാത്രങ്ങൾ ലഭിച്ചിട്ടില്ല.

### 3.2.4. വാർദ്ധക്യത്തെ പ്രതിരോധിക്കുന്നവർ:

വാർദ്ധക്യത്തെ നല്ല കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നവരാണു ഈ ഭാഗത്തു വരുന്നത്. ടി.പത്മനാഭന്റെ 'അച്ഛൻ' മലയാറ്റൂരിന്റെ 'മല്ലോർക്ക' എന്നീ കഥകൾ ഈ വിഭാഗത്തിൽപെട്ടതാണ്.

**3.2.2.4.1. വൃദ്ധന്മാരെ കേന്ദ്രീകരിച്ച കഥകൾ:**

**3.2.2.4.1.1. പത്മനാഭന്റെ 'അച്ഛൻ':**

വീട്ടുകാരെ നോക്കാൻ വേണ്ടി ഗൾഫിലെ ജോലി ഉപേക്ഷിച്ചുപോന്ന മകളുടെ ഭർത്താവിന് ആത്മശക്തി പ്രദാനം ചെയ്ത് ഇതികർത്തവ്യതാമൂഢനായ അയാൾക്ക് മാർഗ്ഗം കാട്ടിക്കൊടുക്കാൻ അച്ഛനു കഴിയുന്നുണ്ട്. നാട്ടിൽ ഫാക്റ്ററി പണിയാൻ അച്ഛൻ കൊടുത്ത പണം കൊണ്ടാണ് സേതു അമ്മയുടെ ആവശ്യപ്രകാരം അനുജനെ ദുബായിലേക്ക് അയയ്ക്കുന്നത്. അതേപ്പറ്റി കുറ്റപ്പെടുത്താൻ നിൽക്കാതെ ഭാവിയെപ്പറ്റി ഉദ്ബോധനം നൽകുകയാണ് അച്ഛൻ.

**3.2.2.4.1.2. മലയാറ്റൂരിന്റെ 'മല്ലോർക്ക':**

ലോകർക്ക് ഉപകാരിയായി പുസ്തകക്കട നടത്തിയും സർബത്ത് വിറ്റും കഴിഞ്ഞിരുന്ന കൊച്ചപ്പൻ ഒരു ഷോമാൻ ആകാൻ തീരുമാനിക്കുന്നിടത്ത് അയാളുടെ പ്രതിരോധം ആരംഭിക്കുന്നു. നാട്ടിൽ ചടഞ്ഞുകൂടിയിരിക്കാൻ അയാൾക്കാകുന്നില്ല. അയാളുടെ വളർച്ച വളഞ്ഞവഴിക്കാണെങ്കിലും അയാളതിൽ അഭിമാനം കൊള്ളുന്നു. വലിയ ബിരുദങ്ങൾ തിനിക്ക് അർഹതപ്പെട്ടതാണെന്ന് വിശ്വസിക്കുന്നിടത്തോളം പ്രൊഫസർ കൊച്ചപ്പൻ മല്ലോർക്കയ്ക്ക് ആത്മവിശ്വാസം ഉണ്ട്. ജീവിതം എന്ന മണ്ടൻ ഇടവേള എന്നും സുഖവാസകേന്ദ്രമാക്കിയ തനിക്ക് മല്ലോർക്ക എന്ന സുഖവാസ കേന്ദ്രത്തിന്റെ പേര് യോജിക്കും എന്നാണ് അയാളുടെ വിശ്വാസം.

**3.2.2.4.2. വൃദ്ധകളെ കേന്ദ്രീകരിച്ച കഥകൾ:**

മറ്റുള്ളവരുടെ സമ്മർദ്ദത്തെ പ്രതിരോധിക്കുന്ന വൃദ്ധകളെ ചില കഥകളിൽ കാണാം. ടി.പത്മനാഭന്റെ മനസ്സിന്റെ ഭാരം, മലയാറ്റൂരിന്റെ രാജ്ഞി, തിരുടി പൊന്നമ്മാൾ, മാധ

വിക്കുട്ടിയുടെ സുഭദ്രമ്മ, തിമിരം എന്നീ കഥകൾ പരിശോധിക്കുന്നു.

**3.2.2.4.2.1. പത്മനാഭന്റെ 'മനസ്സിന്റെ ഭാരം':**

അമേരിക്കയിലെ മകന്റെ കൂടെ പാർക്കണോ നാട്ടിൽ നിൽക്കണോ എന്ന മനസ്സിന്റെ ചാഞ്ചാട്ടത്തിനൊടുവിൽ നാട്ടിൽത്തുടരുവാൻ തീരുമാനമെടുക്കുന്ന അമ്മുക്കുട്ടി ടീച്ചറാണ്. 'മനസ്സിന്റെ ഭാരം' എന്ന കഥയിലുള്ളത്. മുത്തശ്ശി മരിച്ചതോടെ അമേരിക്കയിലേക്കു വരാനുള്ള അമ്മയുടെ തടസ്സം നീങ്ങിയതായിരിക്കണം മകന്റെ നിർബന്ധത്തിനു കാരണം. അതിനെ പ്രതിരോധിക്കാൻ കറവവറ്റിയ പശുവിന്റെ അനുഭവമാണ് ടീച്ചറെ സഹായിക്കുന്നത്. കറവ വറ്റിയതിനെ വിൽക്കുന്ന മനോഭാവം അമ്മുക്കുട്ടി ടീച്ചറെ ആലോചനാമഗ്നയാക്കി. അമേരിക്കൻ യാത്ര വേണ്ടെന്നു വയ്ക്കുന്നതോടെ മനഃസംഘർഷം അയഞ്ഞ് സാധാരണനിലയിലാകുന്നു. അമ്മയും പിറന്ന നാടും വലിയ വൈകാരിക അനുഭവമായിത്തീരുന്നത് ഇക്കഥയിൽ പ്രകടമാണ്. അമ്മയുടെ പക്ഷത്തുനിന്നും ചിന്തിക്കാൻ കഥാകൃത്തിനു കഴിയുന്നുണ്ട്.

**3.2.2.4.2.2. മലയാറ്റൂരിന്റെ 'രാജ്ഞി', 'തിരുടി പൊന്നമ്മാൾ':**

അദ്ധ്യാപകവൃത്തിയിൽ നിന്നുവിരമിച്ച രോഗിയായ ഒരു കന്യാസ്ത്രീയുടെ അതിജീവനത്തിന്റെ കഥയാണ് 'രാജ്ഞി'. ഇടപഴകുന്ന എല്ലാവരിലും പ്രസരിപ്പും സന്തോഷവും പകരുന്ന സിസ്റ്റർ റെജീന ചെറിയ ചെറിയ സന്തോഷങ്ങൾ കണ്ടെത്തി രോഗാവസ്ഥ മറക്കൻ ശ്രമിക്കുന്നു. വാർദ്ധക്യത്തെയും അവശതയെയും രോഗത്തെയും അതിജീവിച്ച് പുതിയൊരു ലോകം പടുത്തുയർത്താൻ സിസ്റ്റർക്കാവുന്നുണ്ട്. മറ്റുള്ളവർ പരിഗണിക്കുമ്പോൾ രാജ്ഞിയും അല്ലാത്തപ്പോൾ തെണ്ടിയുമായിരിക്കുന്ന തന്റെ അവസ്ഥ അംഗീകരിക്കുവാന് സിസ്റ്റർക്കാകുന്നുണ്ട്.

വൈധവ്യത്തിലും പപ്പടം വിറ്റ് ഉപജീവനം നേടാനും മകനെ വളർത്താനും പാടു പെട്ട അറുപത്തേഴുകാരിയെ 'തിരുടി പൊന്നമ്മാ'ളിൽ മലയാറ്റൂർ അവതരിപ്പിക്കുന്നു ണ്ട്. സമുദായത്തെ എതിർത്ത് വളരുന്ന ഒരു വിധവയായിട്ടാണ് അവരെ ആദ്യം കാണു ന്നത്. മകന്റെ സഹായം പൊന്നമ്മാളിന് ലഭിക്കുന്നില്ല. താൻ മോഷ്ടിക്കാത്ത മാല യുടെ ഉത്തരവാദിത്വം അവർക്ക് ഏൽപിക്കേണ്ടിവരുന്നുണ്ട്. സമുദായത്തിലെ ഉന്ന തർക്കെതിരെ നിന്നു സംസാരിക്കാതെ സ്വന്തം വിധിക്ക് കീഴടങ്ങാൻ പ്രേരിപ്പിക്കുന്നത്, സ്ത്രീ കീഴടങ്ങുന്നവളാകണം എന്ന പരമ്പരാഗത വിശ്വാസത്തെ ഉറപ്പിക്കാനാണ് സഹാ യിക്കുന്നത്.

**3.2.2.4.2.3. മാധവിക്കുട്ടിയുടെ സുഭദ്രമ്മ, തിമിരം:**

'സുഭദ്രമ്മ' എന്ന കഥയിൽ എൺപത്തൊന്നു വയസ്സായിട്ടും തനിച്ചു ജീവിക്കാൻ തന്റേടം കാട്ടുന്ന സുഭദ്രമ്മയെയാണ് മാധവിക്കുട്ടി അവതരിപ്പിക്കുന്നത്. അമേരിക്ക യിലെ മകന്റെ കൂടെ നിൽക്കാൻ അവർ രഹസ്യമായി ആഗ്രഹിക്കുന്നുണ്ടെങ്കിലും നട ക്കുന്നില്ല. കുന്ദംകുളത്തെ മകളുടെ കൂടെ അവർ നിൽക്കുന്നുമില്ല. ട്യൂമിറിനുള്ള ഓപ്പ റേഷൻ കഴിഞ്ഞിട്ടും സ്വന്തം ചിട്ടകൾക്കൊപ്പിച്ച ജീവിതം തുടരുന്ന സുഭദ്രമ്മ മക ളെയും മകനേയും തോല്പിക്കുകയാണ്. ആൺമക്കളോട് അമ്മമാർക്ക് പൊതുവെ ഉണ്ടെന്നു പറയുന്ന സ്നേഹക്കൂടുതൽ ഈ കഥയിൽ മറഞ്ഞുകിടക്കുന്നുണ്ട്. 'തിമിര'ത്തിലെ വൃദ്ധയും സ്വന്തം കാര്യം നോക്കി നടത്താൻ പ്രാപ്തയാണ്. മകൻ കേന്ദ്രമന്ത്രിയാണെന്ന് വിശ്വസിക്കാൻ പോലും അവരൊരുക്കമല്ല. മകന്റെ പകിട്ടും പരി വാരങ്ങളും അവരെ ബാധിക്കുന്നേയില്ല. ഒരു ടി.വി.യുണ്ടെങ്കിൽ വീട്ടിൽ ആൾസഞ്ചാ രമുണ്ടാകുമെന്നു ആഗ്രഹിക്കുന്ന വൃദ്ധ ഏകാന്തത ഭയപ്പെടുന്നവളാണ്. തന്റെ ഉപജീ വനത്തിന് മകനെ ആശ്രയിക്കാത്ത തന്റേടിയായ അമ്മയെയാണ് ഈ കഥയിൽ കാണു

ന്നത്. അതേ സമയം സഹജമായ പേടി അവരെ അലട്ടുന്നുണ്ട്. അമ്മയുടെ വാർദ്ധക്യ സഹജമായ വേവലാതി തിരിച്ചറിയാത്ത മകനാണ് തിമിരം എന്നു കാണാം.

വൃദ്ധകളുടെ കഥയാണ് ഈ വിഭാഗത്തിൽ കൂടുതൽ.

### 3.2.5. ആശ്രിതർ:

#### 3.2.5.1. വൃദ്ധന്മാരെ കേന്ദ്രീകരിച്ച കഥകൾ:

മക്കളെ ആശ്രയിച്ചു കഴിയുന്ന വൃദ്ധരാണ് ഈ ഭാഗത്തുള്ളത്. എം.ടിയുടെ 'ജോക്കർ', പാറപ്പുറത്തിന്റെ 'ഇനി ഞാൻ പൊക്കോട്ടെ' എന്നിവ അത്തരം കഥകളാണ്.

##### 3.2.5.1.1. എം.ടി.യുടെ 'ജോക്കർ':

ഈ കഥയിൽ മകന്റെ വീക്ഷണത്തിലൂടെ പ്രത്യക്ഷനാകുന്ന അച്ഛനാണുള്ളത്. അച്ഛൻ തികഞ്ഞ മരുമക്കത്തായക്കാരനായതുകൊണ്ട് മക്കൾക്ക് സ്വത്തൊന്നും നൽകിയിട്ടില്ല. എല്ലാം മരുമക്കൾക്കും രണ്ടാം ഭാര്യയ്ക്കും നൽകി ഉപജീവനത്തിന് മകനെ ത്തേടി വന്നിരിക്കുകയാണ്. ഇതിൽ മകനുള്ള പ്രതിഷേധം ശക്തമാണ്. സ്വന്തം അവകാശം തേടി മകന്റെ അരികിൽ എത്തിയിരിക്കുന്ന അച്ഛൻ കടമ മറന്നവനാണ്. കാലത്തിനു നിരക്കാത്ത രീതിയിലുള്ള പെരുമാറ്റമാണ് അച്ഛനു പറ്റിയ തെറ്റ്. മകന്റെ സഹായം കിട്ടാനുള്ള അർഹത തനിക്കില്ലെന്ന് അച്ഛനെ ബോദ്ധ്യപ്പെടുത്താൻ മകൻ ശ്രമിക്കുന്നു.

##### 3.2.5.1.2. പാറപ്പുറത്തിന്റെ 'ഇനി ഞാൻ പൊക്കോട്ടെ':

നിസ്സഹായനായ അച്ഛന് എഴന്നേൽക്കാനോ ഊർന്നുപോയ ഉടുവസ്ത്രം നേരെയിടുന്നതിനോ ആവതില്ല. ഇളയ മകന്റെ കൂടെ നിൽക്കുന്ന അച്ഛനെ കാണാൻ വരുന്ന

മൂത്തമകൻ അനുജൻ വന്നതും സ്ഥലം വിടുന്നു. അത്രയ്ക്ക് ഉത്തരവാദിത്വമേ അയാൾക്ക് തോന്നുന്നുള്ളൂ. ആശ്രിതനായ പിതാവ് തന്റെ നിസ്സഹായസ്ഥിതിയിൽ മരണം കാത്തുകിടക്കുന്നു. കിടപ്പിലായ രോഗികളെ സംബന്ധിച്ചിടത്തോളം വാർദ്ധക്യം ശപിക്കപ്പെട്ട അവസ്ഥയായി മാറുന്നത് ഈ കഥയിൽ ഉണ്ട്.

ഈ വിഭാഗത്തിലും സ്ത്രീകൾ കടന്നുവരുന്നില്ല.

**3.2.6. പ്രവാസികളായ മക്കൾ:**

മക്കളുടെ വിദേശവാസം രക്ഷിതാക്കളെ ബാധിക്കുന്നത് ഈ ഭാഗത്തെ കഥകളിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങുന്നു. ഇത് സാമൂഹികവും സാംസ്കാരികവുമായ ഒരു ദിശാമാറ്റത്തെ സൂചിപ്പിക്കുന്നു. മാധവിക്കുട്ടിയുടെ രോമക്കുപ്പായം, സുഭദ്രമ്മ, 'പുതിയവീട്, എൻ.മോഹനന്റെ 'സുഖം ശാന്തം സ്വച്ഛന്ദം, എന്നീ കഥകളാണ് ഈ വിഭാഗത്തിൽപ്പെടുന്നത്. ഈ വിഭാഗത്തിൽ വൃദ്ധന്മാർ കഥാപാത്രമായ കഥകൾ കണ്ടെത്താനായില്ല.

**3.2.6.1. വൃദ്ധകളെ കേന്ദ്രീകരിച്ച കഥകൾ:**

**3.2.6.1.1. എൻ.മോഹനന്റെ 'സുഖം ശാന്തം സ്വച്ഛന്ദം':**

പ്രമേഹരോഗിയായ അമ്മയുടെ കാലു മുറിക്കേണ്ടിവന്നാൽ അവർ തങ്ങൾക്ക് ഒര സൗകര്യമാകുമെന്നു കരുതുന്ന പ്രവാസികളായ മക്കളാണ് എൻ.മോഹനന്റെ 'സുഖം ശാന്തം സ്വച്ഛന്ദം' എന്ന കഥയിലുള്ളത്. മക്കളുടെ ബുദ്ധിമുട്ട് തിരിച്ചറിഞ്ഞ അമ്മ ആത്മഹത്യയുടെ മാർഗ്ഗം തേടുകയാണ്.

തൊഴിൽ തേടി മറുനാടുകളിലേക്കു പോകുന്ന മക്കൾക്ക് നാട്ടിലെ രക്ഷിതാക്കൾ ബാധ്യതയാകുന്നതാണ് പല കഥകളിലും കാണുന്നത്. മനഃപൂർവ്വവും അല്ലാതെയും അവരെ ഉപേക്ഷിക്കുന്ന ഒരു പ്രവണത ഇവയിലുണ്ട്. കാലത്തിന്റെ അനിവാര്യതയായി

ട്ടാണ് ഈ മാറ്റങ്ങൾ അനുഭവപ്പെടുന്നത്.

### 3.2.6.1.2. മാധവിക്കുട്ടിയുടെ കഥകൾ:

ഇംഗ്ലണ്ടിൽ സ്ഥിരതാമസമാക്കാനുദ്ദേശിച്ച മകൻ വിദഗ്ദ്ധമായി മാതാപിതാക്കളെ പറ്റിക്കുന്നതാണ് 'രോമക്കുപ്പായ'ത്തിൽ പറയുന്നത്. മകന്റെ വീട്ടിൽ അവനോടൊപ്പം കഴിയാമെന്ന പ്രതീക്ഷയിൽ സന്തുഷ്ടരായ അവർ ഇക്കാര്യം അറിയുന്നേയില്ല. കാത്തിരിക്കാനുള്ള പ്രേരണയാണ് മകൻ അവർക്ക് നൽകുന്നത്. 'സുഭദ്രമ്മ'യിൽ അമേരിക്കകാരനായ മകൻ രോഗിണിയായ അമ്മയെ വന്നു കാണാൻ മടിക്കുന്നത് ഓപ്പറേഷനിൽ അമ്മ മരിച്ചു പോയാൽ യാത്രയ്ക്കുള്ള പണം വെറുതേ പോകുമല്ലോ എന്നു കരുതിയിട്ടാണ്. താനയ്ക്കുന്ന കത്തുകൾക്കുപോലും മറുപടി അയയ്ക്കാൻ പറ്റാത്ത വണ്ണം മകൻ തിരക്കിലാണെന്ന് കരുതി മനഃപൂർവ്വം സമാധാനിക്കുന്ന അമ്മ. 'പുതിയ വീട്ടി'ലെ അപ്പനും അമ്മയും മകന്റെ സമർത്ഥമായ വഞ്ചനയിൽ വീണ് നാട്ടില വീടും പറമ്പും നഷ്ടപ്പെടുത്തിയവരാണ്. വൃദ്ധസദനം രക്ഷിതാക്കൾക്കുള്ള പുതിയ വീടായി മലയാളികൾ തെരഞ്ഞെടുക്കാൻ തുടങ്ങിയത് ഈ കഥയിൽ കാണാം. *"ആൾക്കൂട്ടങ്ങളിൽ ഏകനായിപ്പോകുന്ന സ്ഥിതിയാണ് വൃദ്ധസദനങ്ങളിലേത്. സമാനദുഃഖിതരുടെ ഈ ഒത്തുചേരൽ ഇടങ്ങളിൽ ഓർക്കുന്നതും പ്രതീക്ഷിക്കുന്നതും സ്വന്തം കുടുംബത്തെക്കുറിച്ച് മാത്രമായിരിക്കും"* എന്ന് 'വയസ്സാകുന്ന കേരളം, ആശയറ്റ വാർദ്ധക്യം', എന്ന ഫീച്ചറിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇത് വയസ്സായവരിൽ ചിലർ അഭിമുഖീകരിക്കുന്ന പൊതുപ്രശ്നമായി എടുക്കാവുന്നതാണ്.

### 3.2.7. അവഗണിക്കപ്പെടുന്ന വൃദ്ധർ:

ഈ വിഭാഗത്തിൽ വൃദ്ധന്മാരെ കേന്ദ്രീകരിച്ച കഥകൾ കാണാൻ കഴിഞ്ഞില്ല.

### 3.2.7.1. അവഗണിക്കപ്പെടുന്ന വൃദ്ധകൾ:

#### 3.2.7.1.1. മാധവിക്കുട്ടിയുടെ കഥകൾ:

മാധവിക്കുട്ടിയുടെ രോമക്കുപ്പായം, കീറിപ്പൊളിഞ്ഞ ചകലാസ് എന്നീ കഥകളിലെ അമ്മമാരായ വൃദ്ധകളെ അവഗണിക്കുന്നത് പുത്രന്മാർ തന്നെയാണ്. അവരുടെ സ്നേഹം കണക്കിലെടുക്കപ്പെടുന്നില്ല. രോമക്കുപ്പായത്തിലെ അമ്മയുടെ മകൻ ഇംഗ്ല ണ്ടിൽ സ്ഥിരതാമസമാക്കുന്ന കാര്യം അമ്മയറിയുന്നില്ല. അവൻ നാട്ടിൽ വീടുവാങ്ങി തങ്ങളെ കൂടെ പാർപ്പിക്കും എന്നേ അമ്മയും രോഗിയായ അച്ഛനും കരുതുന്നുള്ളൂ. അച്ഛനമ്മമാരോട് മാനസികമായി ഒരടുപ്പവും തോന്നാത്ത മകൻ അവരെ വിദഗ്ദ്ധ മായി ഒഴിവാക്കുകയാണ്. കീറിപ്പൊളിഞ്ഞ ചകലാസിലെ ഓർമ്മ നഷ്ടപ്പെട്ട അമ്മ മകനെ കാണുന്നത് ആ ചകലാസിലൂടെയാണ്. സ്വന്തം പേരിലുള്ള സ്ഥലം വിൽക്കാൻ നാട്ടിലെത്തുന്ന തന്നെ തിരിച്ചറിയാത്ത അമ്മയോട് അയാൾക്ക് വൈകാരിക ബന്ധം അനുഭവപ്പെടുന്നുമില്ല. സ്വന്തം ജീവിതഭദ്രത നോക്കുന്ന തലമുറ ബന്ധങ്ങൾക്ക് പ്രസക്തി കല്പിക്കുന്നില്ല. ഈ സാമൂഹികമാറ്റമാണ് അമ്മമാരെ ബാധിക്കുന്നത്.

### 3.2.8. വാർദ്ധക്യ ലൈംഗികത:

*"പിൽക്കാലജീവിതം ലൈംഗികപ്രവർത്തനങ്ങൾ ഒഴിച്ചു നിർത്താനുള്ള കാലഘട്ട മാണെന്നും ഏകാന്തത മാത്രമാണ് അവസാനം ബാക്കിയാവുകയെന്നുമുള്ള ധാരണ കൾ തെറ്റാണ്"* എന്ന് പ്രസിദ്ധ മനഃശാസ്ത്രജ്ഞൻ എസ്.ശാന്തകുമാർ നിരീക്ഷിക്കുന്നു. (2006:70) *"ലൈംഗിക പ്രവർത്തനങ്ങൾക്കുള്ള ആഗ്രഹവും മനസ്സിന്റെ പ്രവർത്തനശേ ഷിയും മാത്രമാണ് പ്രധാനം"* എന്ന് അദ്ദേഹം തുറന്നു പറയുന്നുണ്ട് (ടി.പു.76) *"പ്രായവും ലൈംഗികാസ്വാദനവും തമ്മിൽ ഒരു ബന്ധവുമില്ല"* എന്ന് മുരളീധരൻ മുല്ല മറ്റം അഭിപ്രായപ്പെടുന്നു. (2003:47) വാർദ്ധക്യകാല ലൈംഗികത വിഷയമാക്കിയ കഥ

കളാണ് മലയാറ്റൂരിന്റെ *'നീലക്കുറുഞ്ഞി പൂത്തപ്പോൾ'*, മാധവിക്കുട്ടിയുടെ സപ്താഹം, മുത്തച്ഛന്റെ പ്രാർത്ഥന, ഒരു വിവാഹത്തിന്റെ അന്ത്യം എന്നിവ.

**3.2.8.1. വൃദ്ധന്മാരെ കേന്ദ്രീകരിച്ച കഥകൾ:**

ഈ വിഭാഗത്തിൽ വൃദ്ധകളുടെ ലൈംഗികത പ്രത്യേകം കേന്ദ്രീകരിച്ച കഥകൾ ഇല്ല. മാധവിക്കുട്ടിയുടെ 'സപ്താഹ'ത്തിലെ അമ്മയെ പരാമർശിച്ചു പോകാനേ കഴിയൂ.

**3.2.8.1.1. മലയാറ്റൂർ രാമകൃഷ്ണന്റെ 'നീലക്കറിഞ്ഞി പൂത്തപ്പോൾ':**

ഈ കഥയിൽ വിവിധ പ്രായക്കാരായ കഥാപാത്രങ്ങളിലൂടെ വാർദ്ധക്യലൈംഗികത ഒരു സാമൂഹികപ്രശ്നമായി വളർത്തിയെടുക്കുകയാണ്. വാർദ്ധക്യത്തിലെ ഏകാന്തത നീക്കുന്നതിനും വൈകാരികാവശ്യം നിറവേറ്റുന്നതിനും ഒരു പുനർവിവാഹം തേടുന്ന രാമപ്പൊതുവാൾ എന്ന അമ്പത്തൊമ്പതുകാരനായ റിട്ടയേർഡ് ഉദ്യോഗസ്ഥനാണ് ഈ കഥയിൽ ഉള്ളത്. വിഭാര്യനും അനപത്യനുമായ അയളുടെ ഏകാന്തത മാറ്റുന്നത് രണ്ടു വളർത്തുനായ്ക്കളാണ്. വെച്ചുവിളമ്പാനൊരാൾ എന്ന കൂട്ടുകാരുടെ തെറ്റിദ്ധാരണ രാമപ്പൊതുവാൾ തന്നെ നീക്കുന്നുണ്ട്: *"ഒരു ബാന്ധവം, ഈ പ്രായത്തിൽ ന്യായീകരിക്കാൻ എന്റെ ഏകാന്തതയും ദുരവസ്ഥയും മാത്രമല്ലേ കാരണങ്ങളായി പറയാൻ പറ്റൂ! പക്ഷേ ഈ പൊതുവാൾ ഇന്നും തീക്കട്ടയാ!"* (1999:86)

വയസ്സായവർ ലൈംഗികാഭിലാഷം സൂക്ഷിക്കുന്നത് ശരിയല്ല എന്ന സങ്കല്പമാണ് പൊതുവാളിന്റെ സങ്കോചത്തിനു കാരണമെന്നു കഥയിൽ നിന്നു മനസ്സിലാക്കാം. വാർദ്ധക്യത്തെ സമചിത്തതയോടെ നേരിടാൻ തയ്യാറുള്ളവർക്ക് എത്ര പ്രായമായാലും ലൈംഗികജീവിതം നയിക്കാൻ പ്രയാസമില്ല (മുരളീധരൻ മുല്ലമറ്റം, 2003:47) എന്ന അഭിപ്രായം സാധുവാണെന്നതിന് തെളിവാണ് ഈ കഥ.

**3.2.8.1.2. മാധവിക്കുട്ടിയുടെ കഥകൾ:**

സപ്താഹം, മുത്തച്ഛന്റെ പ്രാർത്ഥന, ഒരു വിവാഹത്തിന്റെ അന്ത്യം എന്നീ കഥകൾ വാർദ്ധക്യത്തിൽ മറച്ചുപിടിക്കുകയും അടിച്ചമർത്തുകയും ചെയ്യുന്ന ലൈംഗികതയുടെതാണ്. ലൈംഗികാഭിലാഷം ചെറുപ്പക്കാർക്ക് മാത്രമുള്ളതാണ് എന്ന തെറ്റിദ്ധാരണ തിരുത്താനുള്ള ശ്രമം ഈ കഥയിൽ നടക്കുന്നുണ്ട്. പ്രത്യേകിച്ച് 'സപ്താഹ'ത്തിലെ മാതാപിതാക്കൾ സ്വന്തമായ രീതിയിൽ ലൈംഗികസംതൃപ്തി നേടുന്നവരാണ്. ജരാനരകൾ ബാധിച്ച വാർദ്ധക്യത്തെ ദൈവത്തിനു നടതള്ളുന്നവരെപ്പറ്റിയുള്ള എതിർപ്പ് ഈ കഥയിലുണ്ട്. ദിലീപിനും ഭാര്യയ്ക്കും തങ്ങൾക്കില്ലാത്ത ലൈംഗികാസക്തി വൃദ്ധരായ മാതാപിതാക്കൾക്കുണ്ടെന്നു വിശ്വസിക്കാനാവുന്നില്ല. നിർവ്വികാരരായി ജീവിതം തള്ളിനീക്കുന്ന മകളെയും മരുമകനെയും സപ്താഹം വായനയുടെ പേരിൽ നമ്പൂതിരിയെ കാണാൻ പോകുന്ന ഭാര്യയെയും വെടിഞ്ഞ് ഗൃഹനാഥനായ അച്ഛൻ തന്റെ വ്യക്തിജീവിതം ആഘോഷിക്കാൻ എന്നന്നേക്കുമായി യാത്ര പറഞ്ഞ് പോകുന്നതാണ് 'സപ്താഹം' എന്ന കഥയിലെ പ്രമേയം. തന്നെ അവഗണിക്കുന്ന ഭാര്യോയോടുള്ള മനോഭാവവും ഈ തീരുമാനത്തിനു പിന്നിലുണ്ടാകാനുള്ള സാധ്യത തള്ളിക്കളയാനാകില്ല.

'മുത്തച്ഛന്റെ പ്രാർഥന'യിൽ വിഭിന്ന ചിന്താഗതിക്കാരായ വൃദ്ധദമ്പതികളാണ് ഉള്ളത്. വാർദ്ധക്യം ഈശ്വരപ്രാർത്ഥനകളും പേരക്കുട്ടികളെ നോക്കലുമായി അടങ്ങിയൊതുങ്ങിക്കഴിയേണ്ട കാലമാണെന്നു കരുതുന്ന വൃദ്ധഭാര്യക്ക്, നഗ്നനായി കുളിമുറിയിലേക്കു പോകുന്ന വൃദ്ധഭർത്താവിനോട് കലഹിക്കാനാണ് തോന്നുന്നത്. മക്കളിലും പേരമക്കളിലും മാത്രം ഒതുങ്ങിക്കൂടുന്ന, ഒരിക്കൽപ്പോലും രതിമൂർച്ഛയറിയാത്ത ഭാര്യയെപ്പറ്റി ഭർത്താവിന് ദുഃഖമുണ്ട്. അയാളുടെ സ്വകാര്യമോഹങ്ങളിൽ ഇരുപത്തഞ്ചുകാരിയായ വെപ്പാട്ടിയും, പ്രേമമില്ലാത്ത കാമത്തോടെ കീഴടക്കാവുന്ന അവളുടെ ശരീരവും മാത്ര

മാണ്. കണ്ണടച്ച് കാമുകിയെ സങ്കല്പിക്കുന്ന മുത്തച്ഛൻ പ്രാർത്ഥനയിലാണെന്ന് തെറ്റിദ്ധരിക്കപ്പെടുന്നു. തന്റെ സ്വപ്നം മക്കൾക്കും മരുമക്കൾക്കും അപമാനമാണെന്നും താൻ വിടനാണെന്ന് നാട്ടുകാർ പറയുമെന്നുമുള്ള മാനസികസംഘർഷം വൃദ്ധൻ അനുഭവിക്കുന്നുണ്ട്. സാമൂഹികതയുടെയും സദാചാരത്തിന്റെയും പേരിൽ അടിച്ചമർത്തുന്ന ലൈംഗികാഭിലാഷമാണ് വൃദ്ധനെ നയിക്കുന്നത്. സിഗ്മണ്ട് ഫ്രോയ്ഡ് മനുഷ്യന്റെ വ്യക്തിത്വത്തെ മൂന്നായി തിരിച്ചതിൽ സൂപ്പർ ഈഗോ (conscience) സദാചാരമായ മൂല്യനിർണ്ണയം നടത്തി സാമൂഹിക നിയമങ്ങൾക്കനുസരിച്ച് ജീവിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്നു (Sigmudn Freud's Theories http://www.Simplypsychology org/) ഈ കഥാപാത്രത്തിൽ സൂപ്പർ ഈഗോയുടെ ഇടപെടൽ നടക്കുന്നുണ്ട്.

ഒറ്റയ്ക്കു താമസിക്കുന്ന രോഗിയായ തന്നെ നോക്കാൻ ഹോം നഴ്സുമാരെ കിട്ടാതായപ്പോൾ വിവാഹിതനാകേണ്ടി വന്ന രാമകൃഷ്ണൻ നായർ എന്ന അദ്ധ്യാപകനാണ് 'ഒരു വിവാഹത്തിന്റെ അന്ത്യം' എന്ന കഥയിൽ വരുന്നത്. ഭാര്യയായ ഹേമലതയെ സംബന്ധിച്ചിടത്തോളം വിവാഹം പ്രസവിക്കാൻ വേണ്ടി മാത്രമാണ്. ഭർത്താവിന് ശേഷിക്കുറവാണെന്നറിഞ്ഞിട്ടും ഒരു കുട്ടിക്കു വേണ്ടിയും മാങ്ങാമാലയ്ക്കു വേണ്ടിയും നിരന്തരമലട്ടുന്ന ഭാര്യ സ്വൈരക്കേടായപ്പോൾ സൂത്രത്തിൽ അവളെ ഉപേക്ഷിക്കേണ്ടി വരികയാണ് രാമകൃഷ്ണൻനായർക്ക്. ഹേമലതക്ക് അവളുടേതായ ആഗ്രഹങ്ങളുണ്ടെന്ന് മാഷ് ഓർക്കുന്നില്ല. അയാളെ സംബന്ധിച്ചിടത്തോളം ഒരു ശുശ്രൂഷകയെ മാത്രമെ ആവശ്യമുള്ളൂ.

### 3.2.9. നിസ്സഹായരായ വൃദ്ധർ:

#### 3.2.9.1. നിസ്സഹായരായ വൃദ്ധന്മാരെ കേന്ദ്രീകരിച്ച കഥകൾ:

കോവിലന്റെ 'മകൻ' എന്ന കഥയിലെ അച്ഛൻ രോഗം നിമിത്തവും ഒന്നിനും കൊള്ളി

ക്കാനാകാത്ത മകൻ നിമിത്തവും നിസ്സഹായനാണ്. മാധവിക്കുട്ടിയുടെ മുത്തച്ഛൻ, ഗാന്ധിജിയുടെ പ്രസക്തി, മുത്തച്ഛനും പരിചാരികമാരും, എന്നീ കഥകളിലെ വൃദ്ധന്മാർ പ്രായാധിക്യം കൊണ്ട് നിസ്സഹായരാണ്. ഈ വിഭാഗം പുതിയതായി സ്വീകരിച്ചതാണ്.

### 3.2.9.1.1. കോവിലന്റെ 'മകൻ':

അച്ഛനെക്കൊന്നതുമൂലം ഭ്രാന്തുപിടിച്ച മകന്റെ വീക്ഷണത്തിലൂടെയാണ് ഈ കഥയിലെ കഥാപാത്രമായ അച്ഛൻ കടന്നുവരുന്നത്. വയറുവേദന സഹിക്കാനാകാതെ കിടക്കുമ്പോൾ ആത്മഹത്യയെപ്പറ്റി മകനുമായി ആലോചിക്കുന്ന അച്ഛനെ കഥയിൽ കാണാം. നാല്പതുകൊല്ലം സഹിച്ച വയറുവേദയുടെ അവസാനം വെള്ളാരംകല്ലു പൊടിച്ച് ആത്മഹത്യയ്ക്കു ശ്രമിച്ചു പരാജയപ്പെടുകയാണയാൾ. അച്ഛൻ ദയാവധത്തിന് മകനെത്തന്നെയാണ് ആശ്രയിക്കുന്നത്. വിശപ്പിന്റെയും വേദനയുടെയും കഥ കൂടിയാണിത്. തന്റെ പ്രതീക്ഷയ്ക്കൊത്തുയരാത്ത മകനും ദാരിദ്ര്യവും രോഗവും ജീവിതത്തിനു മുൻപിൽ അച്ഛനെ പരാജയപ്പെടുത്തുന്നു.

### 3.2.9.1.2. മാധവിക്കുട്ടിയുടെ കഥകൾ:

'മുത്തച്ഛൻ' എന്ന കഥയിലെ അച്ഛന് എൺപത്തിരണ്ടു വയസ്സുണ്ട്. മകന്റെ കൂടെ താമസിക്കുന്ന അച്ഛൻ മകളുടെ കൂടെ പോകാനാണ് താൽപര്യപ്പെടുന്നത്. വിവാഹിതനായ മകൾക്ക് ഭർത്താവിന്റെ താൽപര്യം മാനിക്കേണ്ടതുണ്ട്. അച്ഛന്റെ ശാഠ്യത്തെ നിരാകരിച്ച് മടങ്ങേണ്ടി വരുന്ന മകളെ നോക്കി കണ്ണിൽ വെള്ളം നിറച്ചിരിക്കുന്ന അച്ഛനെ ഒരു ക്ലോസപ്പ്ചിത്രം പോലെയാണ് മാധവിക്കുട്ടി ചിത്രീകരിച്ചിരിക്കുന്നത്. അച്ഛന്റെ താൽപര്യത്തെ നേരമ്പോക്ക് മാത്രമായി തീർക്കാൻ ശ്രമിക്കുന്ന മരുമകനോട്

അതിനുള്ള കാലം കഴിഞ്ഞുപോയതായി ഓർമ്മപ്പെടുത്തുന്ന വൃദ്ധൻ തന്നപ്പറ്റിയല്ലാതെ മകളുടെ നിസ്സഹായതയെപ്പറ്റി ഓർക്കാൻ ശ്രമിച്ചു കാണുന്നില്ല.

'മുത്തച്ഛനും പരിചാരികമാരും' എന്ന കഥയിലെ അച്ഛൻ മക്കളാലും മരുമക്കളാലും പരിത്യക്തനാണ്. വരാമെന്നു പറഞ്ഞ് വ്യാമോഹിപ്പിക്കുന്ന മരുമകളെ കാത്തിരിക്കുന്ന മുത്തച്ഛനെ നോക്കാൻ നിരവധി പരിചാരികമാരുണ്ടെന്ന കാര്യം ഹോം നഴ്സിംഗ് വ്യാപകമായ കാലത്തെ പ്രതിഫലിപ്പിക്കുന്നു *"... മുത്തച്ഛന്റെ ശോചനീയമായ മാനസികാരോഗ്യം മക്കളിൽ വെറുപ്പു മാത്രമാണ് ഉണ്ടാക്കിയത്"* എന്ന പ്രസ്താവന ഹോംനഴസിന്റെയും പരിചാരികമാരുടെയും ആവിർഭാവത്തിനു ഉത്തരം നൽകുന്നു (മാധവിക്കുട്ടി, 2012:867) സനാഥനാണെന്ന തോന്നൽ വൃദ്ധനിലുണ്ടാക്കുന്നതു തന്നെ കെട്ടിയിട്ട് ബീച്ചിൽ ഉല്ലസിക്കാൻ പോവുന്ന ഈ ഭൃത്യകളുടെ സാമീപ്യമാണ്. വിദേശവിദ്യാഭ്യാസം നേടിക്കൊടുത്ത അച്ഛൻ മക്കൾക്ക് ബാധ്യതയാവുകയാണ്. അവരുടെ ദർശനത്തിനും സ്പർശനത്തിനും കൊതിക്കുന്ന വൃദ്ധനു അതു കിട്ടാത്തതിനു കാരണം ചെറുപ്പത്തിലെ ദുഷ്ടസ്വഭാവം കൊണ്ടാണെന്ന സൂചന കഥയിലുണ്ട്. അച്ഛൻ കാത്തിരുന്ന മരുമകൾ അച്ഛന്റെ മരണശേഷമേ വരുന്നുള്ളൂ.

സ്വാതന്ത്ര്യസമരഭടനായ വൃദ്ധനാണ് 'ഗാന്ധിജിയുടെ പ്രസക്തി' എന്ന കഥയിലെ കേന്ദ്രകഥാപാത്രം. ശിവരാമപ്പണിക്കർ ഭൂതകാലത്തിൽ മാത്രം ജീവിക്കുന്ന പടുവൃദ്ധനാണ്. സ്വാതന്ത്ര്യസമരസേനാനികൾക്കു ലഭിക്കുന്ന പ്രയോജനമില്ലാത്ത പുരസ്കാരങ്ങളെപ്പറ്റി പറയുന്ന ഭാഗം ശ്രദ്ധേയമാണ്: *"ബുദ്ധിസ്ഥിരത മിക്കവാറും നഷ്ടപ്പെട്ടു കഴിഞ്ഞപ്പോൾ സാമൂഹ്യപ്രവർത്തകനും ഗാന്ധിയനും വാഗ്മിയുമായ ശിവരാമപ്പണിക്കർക്ക് അനവധി രാഷ്ട്രബഹുമതികളും പുരസ്കാരങ്ങളും ലഭിച്ചുതുടങ്ങി."* (ടി.പു.855) അവിവാഹിതയായ മകൾ അയാളെ എന്നത്തെയും പോലെ ശുശ്രൂഷിക്കാനുണ്ട്. തൊണ്ണൂറുകാരനായ പണിക്കരോട് സമകാലിക രാഷ്ട്രീയത്തെപ്പറ്റിയും സ്ത്രീവിമോ

ചന പ്രസ്ഥാനത്തെയും പറ്റി സംസാരിച്ച് അപഹാസ്യനാകുന്ന പത്രപ്രതിനിധി. ഗാന്ധി സത്തിന്റെ ചിരകാല പ്രസക്തിയെപ്പറ്റിയുള്ള അഭിമുഖത്തിൽ പരസ്പരബന്ധമില്ലാത്ത മറുപടികളിൽ അയാൾക്ക് തൃപ്തനാകേണ്ടി വരുന്നുണ്ട്.

മാധവിക്കുട്ടിയുടെ വൃദ്ധന്മാർ കേന്ദ്രകഥാപാത്രമയാ കഥകൽ ശ്രദ്ധേയമാണ്. ശാരീരികമായ ദൗർബ്ബല്യം മാനസികമായി എത്രമാത്രം പുരുഷനെ തളർത്തും എന്ന് അവ രേഖപ്പെടുത്തുന്നുണ്ട്. സ്ത്രീകളുടെ സഹായമല്ലാതെയുള്ള ഒരു നിലനിൽപ്പ് ഈ വൃദ്ധന്മാർക്ക് അസാദ്ധ്യമായിട്ടാണ് കാണുന്നത്. അതു നഷ്ടപ്പെടുമ്പോൾ അവരുടെ കണ്ണിൽ വെള്ളം പൊടിയുന്നുണ്ട്.

ഇവിടെ വൃദ്ധകളെ കേന്ദ്രീകരിച്ച കഥകളൊന്നും ഇല്ല.

### 3.2.10 കുറ്റബോധത്തിൽ നിന്നും രക്ഷപ്പെടുന്നവർ:

ഈ വിഭാഗം പുതിയതായി ചേർത്തതാണ്. ഈ വിഭാഗത്തിൽ വൃദ്ധകളെ കേന്ദ്രീകരിച്ച കഥകളൊന്നുമില്ല.

മലയാറ്റൂരിന്റെ 'അവസാനം' എന്ന കഥയിലെ ഭർത്താവ് ആസന്നമരണയായ ഭാര്യയുടെ മുൻപിൽ നല്ലവനാകാൻ പറയുന്ന സത്യം അവരുടെ അവസാനത്തെ കൂടുതൽ വേദനാജനകമാക്കുകയാണ് ചെയ്യുന്നത്. സത്യസന്ധനാകാൻ നടത്തുന്ന ശ്രമം തന്റെ സ്വാർത്ഥതയല്ലേ എന്ന അയാളുടെ ചിന്ത ശരിയായി വരികയാണ്. ആദ്യമേ ഭർത്താവിന്റെ സദാചാരത്തെപ്പറ്റി സംശയമുണ്ടായിരുന്ന ഭാര്യയ്ക്ക് സമാധനപൂർണ്ണമായ മരണം പോലും നിഷേധിക്കുന്ന ഒന്നായി മാറുന്നു. ഈ കുമ്പസാരം.

### 3.2.11. ഉപേക്ഷിക്കപ്പെടുന്നവർ:

ഈ വിഭാഗവും പുതിയതാണ്.

വൃദ്ധരായ രക്ഷിതാക്കളെ ഉപേക്ഷിക്കാനുള്ള പ്രവണത സമൂഹത്തിൽ വർദ്ധിച്ചുവരുന്നുണ്ട്. ഈ വസ്തുത കഥാവിഷയമായിട്ടുള്ളത് പരിശോധിക്കുകയാണ് ഈ ഭാഗത്ത്. മലയാറ്റൂരിന്റെ 'തിരുടി പൊന്നമ്മാൾ' മാധവിക്കുട്ടിയുടെ രോമക്കുപ്പായം, പുതിയ വീട് എന്നീ കഥകളിലെ വൃദ്ധകൾക്ക് ഈയനുഭവം കാണുന്നുണ്ട്.

വൃദ്ധന്മാരെ കേന്ദ്രീകരിച്ച കഥകൾ ഈ വിഭാഗത്തിലില്ല.

**3.2.11.1. മലയാറ്റൂരിന്റെ 'തിരുടി പൊന്നമ്മാൾ':**

'തിരുടി പൊന്നമ്മാൾ' മകന്റെ സംരക്ഷണയിലല്ല. ഹോട്ടൽവേല ചെയ്ത് ചെറിയ തോതിൽ വരുമാനമുണ്ടാക്കുന്ന അയാൾ ക്രമേണ അമ്മയ്ക്ക് പണമയയ്ക്കുന്നത് നിർത്തുകയാണ്. കല്യാണവീടുകളിലും മറ്റും ചെന്ന് ചെറിയ പ്രയത്നങ്ങൾ ചെയ്ത് ജീവിതം മുന്നോട്ടു നീക്കുന്ന അവർ ഈയവസ്ഥയെപ്പറ്റി പരാതിപ്പെടാതെ പിടിച്ചു നിൽക്കുന്നതായിട്ടാണ് കാണുന്നത്.

**3.2.11.2 മാധവിക്കുട്ടിയുടെ കഥകൾ:**

'രോമക്കുപ്പായ'ത്തിലെ മകൻ അച്ഛനമ്മമാരെ നാട്ടിലുപേക്ഷിച്ച് തന്റെ അഭ്യുദയകാംക്ഷിയായ ഇംഗ്ലണ്ടുകാരിയൊടൊപ്പം സ്ഥിരതാമസമാക്കാൻ പോകുകയാണ്. അച്ഛനമ്മമാരോട് അയാൾക്ക് ഒരടുപ്പവും തോന്നുന്നില്ല. പുതിയ തലമുറയുടെ വക്താവാണ് ഈ മകൻ. രക്ഷിതാക്കൾക്ക് പ്രതീക്ഷ കൊടുത്ത് വഞ്ചിക്കാനും അയാൾ മടിക്കുന്നില്ല. വൈകാരികബന്ധങ്ങളുടെ ആഴക്കുറവ് ഈ കഥയിലുണ്ട്. 'പുതിയ വീട്' എന്ന കഥയിലെ പ്രമേയം വർത്തമാനകാലത്തോട് ഏറെ അടുത്തുനിൽക്കുന്നതായിട്ടാണ് ചിത്രീകരിക്കപ്പെടുന്നത്. അപ്പനമ്മമാർക്ക് വേറെ വീടു വെച്ചു നൽകാമെന്ന പ്രതീക്ഷ നൽകി. താമസിക്കുന്ന വീട് വില്പിക്കുകയും പണം കൈപ്പറ്റി അവരെ വൃദ്ധസദന

ത്തിലാക്കുകയാണ് മകൻ ചെയ്യുന്നത്. പിന്നീട് അവർ മകനെ കാണുന്നില്ല.

### 3.2.12. സ്വാഭാവിക വാർദ്ധക്യം കടന്നുവരുന്ന കഥകൾ:

മൂന്നദ്ധ്യായത്തിൽ ഇല്ലാത്തതാണ് ഈ വിഭാഗം. വാർദ്ധക്യത്തിന്റെ സ്വാഭാവികത അനുഭവപ്പെടുത്തുന്ന ചില കഥകൾ കടന്നുവരുന്നുണ്ട്. മാധവിക്കുട്ടിയുടെ 'ഒരു ദിവസം രാവിലെ', 'മുത്തശ്ശി' എന്നിവയിൽ ഇതു കാണാം ഓർമ്മത്തെറ്റും വാശിയും ഈ മുത്തശ്ശിമാരുടെ സ്വാഭാവത്തിലുണ്ട്. ചിന്താശീലരായ ഇവർ ഭൂതകാലത്തിൽ മുഴുകുന്നവരാണ്. 'ഒരു ദിവസം  രാവിലെ' എന്ന കഥയിലെ മുത്തശ്ശിയുടെ ചിന്തയിലൂടെയാണ് കഥയിലെ മറ്റു കഥാപാത്രങ്ങൾ രംഗപ്രവേശം ചെയ്യുന്നത്. ആസന്നമരണയായ വൃദ്ധയുടേയും ഗർഭിണിയായ പേരക്കുട്ടിയുടെയും ഇടപെടലുകൾ ഹൃദയംഗമമായി വിവരിച്ചിരിക്കുന്നു.

'മുത്തശ്ശി' എന്ന കഥയിലെ വൃദ്ധയ്ക്ക് ഭൂത-വർത്തമാന-ഭാവികാലങ്ങൾ ഇടകലർന്നാണ് ദിവസം നീങ്ങുന്നത്. പേരക്കുട്ടിയുടെ രോഗവർത്തമാനങ്ങളേക്കുറിച്ച് ബോധവതിയാകാത്ത വൃദ്ധ സ്വന്തം ദിനചര്യ തെറ്റുന്നതിനെപ്പറ്റി മാത്രം വേവലാതിപ്പെടുന്നു. ഈ രണ്ടു വൃദ്ധകളും അവനവന്റെ ലോകത്ത് കഴിഞ്ഞുകൂടുന്നു.

ഈ വിഭാഗതതിലും വൃദ്ധന്മാരെ കേന്ദ്രീകരിച്ച കഥൾ ഇല്ല.

### 3.3. വാർദ്ധക്യാനുഭവം - സ്ത്രീപുരുഷവ്യതാസം:

നവോത്ഥാനകാലത്തെ അപേക്ഷിച്ച് കഥാകാരന്മാരുടെ സ്ത്രീവിക്ഷണത്തിലുള്ള കഥകൾ കുറവാണ്. ടി.പത്മനാഭന്റെ 'അമ്മ' എന്ന കഥയിലെ അമ്മ മക്കൾ പിരിഞ്ഞു പോകുമ്പോഴും പിടിച്ചു നിൽക്കുന്നതായി കാണുന്നു. സ്ത്രീയെ സമർത്ഥമായി വഞ്ചിക്കുന്ന പുരുഷനോടുള്ള സ്ത്രീയുടെ സഹതാപം എം.ടിയുടെ 'കൽപ്പാന്തത്തിലുണ്ട്.

പാറപ്പുറത്തിന്റെ തന്റേടിയും പ്രാപ്തിക്കാരിയുമായ തെക്കേലെമ്മയ്ക്കു പോലും പുരുഷസഹായം തേടേണ്ടി വരുന്നു. അത് അവരുടെ മരണത്തിനു കാരണമായിട്ടാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. മലയാറ്റൂരിന്റെ സിസ്റ്റർ റജീന അസാമാന്യമായ മനക്കട്ടിയുള്ള കഥാപാത്രമാണ്. രോഗത്തിന്റെയും ജീവിതത്തിന്റെയും ഇടയിൽ പതറാതെ നിൽക്കാനുള്ള സ്ഥൈര്യം അവർക്കുണ്ട്. സ്ത്രീയുടെ റിട്ടയർമെന്റുമായി ബന്ധപ്പെട്ട കഥ കൂടിയാണ് ഇത്. തിരുടി പൊന്നമ്മാളും പിടിച്ചു നിൽക്കുന്നുണ്ട്. പക്ഷേ തന്നെ തിരുടിയാക്കുന്ന പുരുഷാധിപത്യ പ്രവണതയെ എതിർക്കാനുള്ള ശേഷിയില്ല. മാത്രമല്ല വിധവയായ അവർ സമൂഹത്തിന്റെ ഔദാര്യം പറ്റി ഉപജീവനം കഴിക്കുന്നവരാണ്. സ്വതന്ത്രമായ ഒരു ജീവിതം അസാദ്ധ്യമായ രീതിയിൽ സാമുദായികമായ ആചാരങ്ങൾ അവരെ വലയം ചെയ്യുന്നുണ്ട്. മലയാറ്റൂരിന്റെ തന്നെ 'അമ്മ'യിലെ അമ്മ മക്കളുടെ ശാസനയ്ക്കു മുമ്പിൽ പെട്ടെന്ന് തളരുന്നവളാണ്. കുടുംബഭരണത്തിലുള്ള വൃദ്ധകളുടെ താത്പര്യം മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുന്നതും ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. മാധവിക്കുട്ടിയുടെ സ്ത്രീകൾ സഹതാപമർഹിക്കുന്നവരായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. മറ്റുള്ളവരോടുള്ള നിഷ്കളങ്കമായ സമീപനങ്ങൾ അവരുടെ കഷ്ടപ്പാടുകൾക്ക് കാരണമാകുന്നുണ്ട്. തിമിരം, സുഭദ്രമ്മ തുടങ്ങിയ കഥകളിലെ അമ്മമാർ തന്റേടികളാണ്. സ്വാതന്ത്ര്യസമരവും ഗാന്ധിയൻ ആദർശങ്ങളും മലയാളസാഹിത്യത്തെ സ്വാധീനിച്ചത് സ്വാതന്ത്ര്യസമര പോരാളികൾ സ്ത്രീ കഥാപാത്രങ്ങളായി വരുന്ന മാധവിക്കുട്ടിയുടെ കഥകളിലുണ്ട്.

### 3.4. നവോത്ഥാനത്തിനു ശേഷമുള്ള വാർദ്ധക്യം:

നവോത്ഥാനഘട്ടത്തിന്റെ പിന്തുടർച്ചക്കാരും ആധുനികരുടെ പൂർവ്വികരുമായ എഴുത്തുകാരുടെ വൃദ്ധകേന്ദ്രീകൃത നോവലുകളും കഥകളുമാണ് അപഗ്രഥനവിധേയമാ

ക്കിയത്. വൃദ്ധകേന്ദ്രീകൃതനോവലുകളുടെ എണ്ണം ഈ ഘട്ടത്തിൽ കൂടിയിട്ടുണ്ട്. കെ. സുരേന്ദ്രന്റെ 'മായ', കോവിലന്റെ 'തോറ്റങ്ങൾ', പാറപ്പുറത്തിന്റെ 'അരനാഴികനേരം', 'വഴിയമ്പലലം, മലയാറ്റൂർ രാമകൃഷ്ണന്റെ 'അഞ്ചുസെന്റ്' 'ശിരസ്സിൽ വരച്ചത്' എന്നിവയാണവ.

കെ. സുരേന്ദ്രന്റെ 'മായ'യിൽ കേന്ദ്രകഥാപാത്രം ആത്മഹത്യ ചെയ്യുകയാണ്. തകഴിയുടെ 'കോടിപ്പോയ മുഖങ്ങളി'ലെ പരമമ്മാവനെപ്പോലെ ആന്തരമായി ശക്തനാണ് ഡീസന്റ് ശങ്കരപ്പിള്ളയും. തന്നെ സംബന്ധിക്കുന്ന കാര്യങ്ങളേ എത്രമാത്രം നിയന്ത്രിക്കാം എന്ന വിശ്വാസം (locus of control) തകരുന്നതാണ് അയാളെ ആത്മഹത്യയിലേയ്ക്കു നയിക്കുന്നത്. മാറിവരുന്ന സാമൂഹികക്രമം 'അരനാഴികനേര'ത്തിലും 'വഴിയമ്പല'ത്തിലും ഉണ്ട്. കാർഷികവൃത്തിയിൽനിന്നും മറ്റു മേഖലകളിലേയ്ക്കുള്ള മാറ്റം അരനാഴികനേരത്തിലുണ്ട്. വൃദ്ധരിൽ ഉത്കണ്ഠ (anxiety) ഏറ്റവും കൂടുതലായി കാണപ്പെടുന്നതായി എസ് ശിവ രാജ് തന്റെ പഠനത്തിൽ നീരീക്ഷിക്കുന്നത് ഈ ഭാഗത്ത് ശരിയായി കാണപ്പെടുന്നുണ്ട്. ബഹുഭൂരിപക്ഷം വൃദ്ധരും മതത്തിലൂടെയോ മതഗ്രന്ഥങ്ങൾ ജപിക്കുകയോ വായിക്കുകയോ ചെയ്യുന്നതിലൂടെയോ ഈ ആകുലത ഇല്ലാതാക്കാൻ ശ്രമിക്കുന്നു. വാർദ്ധക്യത്തിലെ കുഞ്ഞേനാച്ചന്റെ ഭക്തിയും നിർണ്ണായക ഘട്ടങ്ങളിലെ ബൈബിൾ സൂക്തങ്ങൾ ഉരുവിടലും ഇതിന്റെ ഭാഗമായി കാണാവുന്നതാണ്. ബോധധാരാരീതി ഉപയോഗിച്ചാണ് തൊണ്ണൂറു കഴിഞ്ഞ വൃദ്ധന്റെ മാനസികലോകം അനാവരണം ചെയ്തിരിക്കുന്നത്. ശക്തമായ ഭൂതകാലത്തിന്റെ ആവിഷ്കാരവും ക്രിസ്തീയമായ പാപബോധവും കുഞ്ഞേനാച്ചന്റെ ദുരന്തത്തിനു തീവ്രത പകരാൻ ഉപയുക്തമായിട്ടുണ്ട്. എന്നാൽ അതുപോലൊന്ന് 'വഴിയമ്പല'ത്തിലെ മാത്തുണ്ണിമാപ്പിളയ്ക്കില്ല. മലബാർ മേഖലയിലേയ്ക്കുള്ള ക്രിസ്ത്യൻ കുടിയേറ്റവും മുതലാളി-തൊഴിലാളി സംഘട്ടനവും ഈ നോവലിൽ കടന്നു വരുന്നു.

കോവിലന്റെ 'തോറ്റങ്ങ'ളിലെ ഉണ്ണിമോളുടെ ദുരന്തം ആകസ്മികമായി അനുഭവപ്പെട്ടില്ല. സാമൂഹികമാറ്റത്തിനനുസരിച്ച് മാറാൻ കൂട്ടാക്കാത്ത ചുറ്റുപാടും നഷ്ടബോധവും ഇടകലർന്ന് ഭ്രമാത്മകമായ മാനസികാവസ്ഥ അവരെ അങ്ങോട്ടെത്തിക്കുകയാണ്. സ്വന്തം ഇച്ഛയ്ക്കനുസരിച്ച് ജീവിക്കാൻ ഉണ്ണിമോൾക്കോ അച്ഛനോ കഴിയാത്തതിനു കാരണം ശക്തനായ കാരണവരുടെ ഭരണകാലമാണ്. ഉണ്ണിമോളുടെ മകൾക്കുപോലും ഈ പുരുഷാധിപത്യം പൂർണ്ണമായും തകർക്കാൻ കഴിയുന്നില്ല.

മലയാറ്റൂരിന്റെ 'അഞ്ചുസെന്റ്' എന്ന നോവലിലെ അധികാരരാഷ്ട്രീയത്തെപ്പറ്റിയുള്ള നിരീക്ഷണം ശ്രദ്ധേയമാണ്. രാഷ്ട്രീയം ബിസിനസ്സാണെന്നും അതിൽ ആത്മാർത്ഥതയില്ലെന്നുമുള്ള കണ്ടെത്തൽ തന്നെയാണത്. ഇത് ഈ നോവലിൽ പ്രസക്തമാകാൻ കാരണം നായകനായ പൊതുപ്രവർത്തകന് അധികാരികളിൽനിന്നും താനാവശ്യപ്പെട്ട അഞ്ചുസെന്റ് ലഭിക്കുന്നില്ല എന്നതു മാത്രമല്ല, ആ സ്ഥലം സ്വാധീനമുള്ളവർക്ക് കിട്ടുന്നതു കൂടിയാണ്. അയാൾ കൂടുതൽ മദ്യപിക്കുകയും അതിനുവേണ്ടി ആൾക്കാരെ വഞ്ചിക്കാൻ മടിയില്ലാത്തവനായി മാറുകയും ചെയ്യുന്നു. മാധവൻപിള്ളയുടെ അധഃപതനം രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിൽ പൂർണ്ണമാകുന്നു. നായകന്റെ വാർദ്ധക്യാവസ്ഥ അയാളുടെ ദയനീയത വെളിപ്പെടുത്തുന്നു. കുടുംബവും മറ്റുള്ളവരുമായുള്ള ബന്ധത്തിൽ വരുന്ന വിള്ളലുകൾ ആണ് മാധവൻപള്ളയുടെ അവസ്ഥാന്തരത്തിനു കാരണമാകുന്നത്. സാമൂഹികവാർദ്ധക്യം ആണ് ഈ കഥാപാത്രത്തിൽ പ്രകടമായും കാണാൻ കഴിയുന്നത്. അയാളുടെ കാഴ്ചപ്പാടുകളിൽ വരുന്ന മാറ്റം വാർദ്ധക്യത്തിന്റെ സവിശേഷ മനഃശാസ്ത്രവുമായി ബന്ധപ്പെട്ടതാണ്. അയാളുടെ ചിന്താപരമയ വ്യത്യാസങ്ങൾ ഇതാണു കാണിക്കുന്നത്. തിരക്കുപിടിച്ച ജീവിതം. നല്ല ആരോഗ്യം, സമ്പത്തിന്റെ ലഭ്യത, ഇണ, സാമൂഹികമായ ബന്ധങ്ങൾ എന്നിവയെ ആസ്പദമാക്കിയിട്ടുള്ളതാണ് വാർദ്ധക്യത്തിലെ സന്തോഷം എന്ന ശിവ രാജുവിന്റെ നിരീക്ഷണം. മാധ

വൻപിള്ളയുടെ കാര്യത്തിൽ ശരിയായി വരുന്നുണ്ട് ഇവയെല്ലാം നഷ്ടമായതും അയാളുടെ ദയനീയതയ്ക്കുള്ള കാരണമാണ്.

ഉപഭോഗസംസ്കാരത്തിന്റെ കടന്നുകയറ്റം ഒരു വൃദ്ധന്റെ ജീവിതത്തിലുണ്ടാക്കിയ മൂല്യത്തകർച്ച, അയാളുമായി ബന്ധപ്പെട്ടവരെയെല്ലാം അതു ബാധിക്കുന്നത്. 'ശിരസ്സിൽ വരച്ചത്' എന്ന നോവലിൽ ഇതെല്ലാം പരാമൃഷ്ടമാകുന്നു. പക്ഷേ അയാൾ ജീവിതം വെറുത്തവനല്ല. സ്വന്തം ജീവിതം ഒന്നുമല്ലാതായതിന്റെ ഉത്തരവാദിത്വം സാമൂഹികമാറ്റങ്ങളിലും പാരമ്പര്യത്തിലും തിരയുകയാണയാൾ.

ടി.പത്മനാഭന്റെ അച്ഛൻ, നളിനകാന്തി, ബലി, മകൻ, അമ്മാവൻ, വൃദ്ധൻ, ശങ്കരൻനായർ, ശിഥില ബന്ധങ്ങൾ, സുനന്ദയുടെ അച്ഛൻ, പാൽപ്പൊടി, അമ്മ, മനസ്സിന്റെ ഭാരം, വൈകുന്നേരത്തെ മഴക്കാറ്, എം.ടി.വാസുദേവൻ നായരുടെ ശാന്തിപർവ്വം, അവർ, ഡാർ-എസ്-സലാം, ജോക്കർ, സ്വർഗ്ഗം തുറക്കുന്ന സമയം, കൽപ്പാന്തം, കോവിലന്റെ നിഴലുകൾ, പാറപ്പുറത്തിന്റെ ഞാൻ പൊക്കോട്ടെ, തെക്കേലമ്മ, ജി.വിവേകാനന്ദന്റെ മോചനം, ശാസ്ത്രത്തിന്റെ പേക്കൂത്ത്, അധികാരിയേമാൻ, എൻ.പി.മുഹമ്മദിന്റെ മഞ്ഞക്കിളിയുടെ പാട്ട്, എൻ.മോഹനന്റെ നിഷധരാജ്യത്തിലെ രാജാവ്, സുഖം, ശാന്തം സ്വച്ഛന്ദം, മലയാറ്റൂർ രാമകൃഷ്ണന്റെ പത്തുസെന്റ്, സൂചിമുഖി, പോത്ത്, പ്രയത്നം, ശവിണ്ടിക്കൊത്തൻ, വക്കീൽ കുഞ്ഞൻപിള്ള, ലിസ്റ്റ്, ഫ്രഞ്ച് വിപ്ലവം, എന്നെ കുമാരൻ കൊല്ലും, സാക്ഷി, കോർണർ, അവസാനം, രാമനാഥൻ, ഐ.എ.എസ്, കഴുകൻ കുട്ടൻപിള്ള, വർക്കത്തുകെട്ട താറാവ്, ദൈവങ്ങളില്ല, മരണത്തിന്റെ മുഖം, നീലക്കുറിഞ്ഞി പൂത്തപ്പോൾ, തിരുമുടി പൊന്നമ്മാൾ, രാജ്ഞി, അമ്മ, മാധവിക്കുട്ടിയുടെ ഒരു ദിവസം രാവിലെ, മീനാക്ഷിയേടത്തി, മുത്തശ്ശി, രോമക്കുപ്പായം, സ്വയംവരം, കീറിപ്പൊളിഞ്ഞ ചകലാസ്, പാറുവമ്മയോടൊപ്പം ഒരു രാത്രി, തിമിരം, അന്ത്യകൂദാശ, മീനാക്ഷിയമ്മയുടെ മരണം, സുഭദ്രമ്മ, പുതിയ വീട്, ഡോക്ടറുടെ മരണം, ചുവന്ന സന്ധ്യ,

മുത്തച്ഛൻ, സ്വാതന്ത്ര്യസമരസേനാനിയുടെ മകൾ, ഏകാന്തതയുടെ കവാടങ്ങൾ, ഗാന്ധിജിയുടെ പ്രസക്തി, മുത്തച്ഛനും പരിചാരികമാരും, ഒരു വിവാഹത്തിന്റെ അന്ത്യം, സപ്താഹം, മുത്തച്ഛന്റെ പ്രാർത്ഥന എന്നീ കഥകളാണ് ഈ അദ്ധ്യായത്തിൽ അപഗ്രഥനവിധേയമാക്കിയത്. സ്ത്രീ-പുരുഷകഥകളെ വേർതിരിച്ചാണ് അപഗ്രഥിക്കുന്നത്.

ടി.പത്മനാഭന്റെ അച്ഛൻ, നളിനകാന്തി, ബലി, മകൻ, അമ്മാവൻ, വൃദ്ധൻ, ശങ്കരൻ നായർ, ശിഥില ബന്ധങ്ങൾ, സുനന്ദയുടെ അച്ഛൻ, പാൽപ്പൊടി, എം.ടി.വാസുദേവൻനായരുടെ ശാന്തിപർവ്വം, അവർ, ഡാർ-എസ്-സലാം, ജോക്കർ, സ്വർഗ്ഗം തുറക്കുന്ന സമയം, കോവിലന്റെ നിഴലുകൾ, പാറപ്പുറത്തിന്റെ ഞാൻ പൊക്കോട്ടെ, ജി.വിവേകാനന്ദന്റെ മോചനം, ശാസ്ത്രത്തിന്റെ പേക്കൂത്ത്, അധികാരിയേമാൻ, എൻ.പി.മുഹമ്മദിന്റെ മഞ്ഞക്കിളിയുടെ പാട്ട്, എൻ.മോഹനന്റെ നിഷധരാജ്യത്തിലെ രാജാവ്, മലയാറ്റൂർ രാമകൃഷ്ണന്റെ പത്തു സെന്റ്, സൂചിമുഖി, പോത്ത്, പ്രയത്നം, ശവിണ്ടിക്കൊത്തൻ, വക്കീൽ കുഞ്ഞൻപിള്ള, ലിസ്റ്റ്, ഫ്രഞ്ച് വിപ്ലവം, എന്നെ കുമാരൻ കൊല്ലും, സാക്ഷി, കോർണർ, അവസാനം, രാമനാഥൻ ഐ.എ.എസ്., കഴുകൻ കുട്ടൻപിള്ള, വർക്കത്തുകെട്ട താറാവ്, ദൈവങ്ങളില്ല, മരണത്തിന്റെ മുഖം, നീലക്കുറിഞ്ഞി പൂത്തപ്പോൾ, മാധവിക്കുട്ടിയുടെ ഡോക്ടറുടെ മരണം, ചുവന്ന സന്ധ്യ, മുത്തച്ഛൻ, സ്വാതന്ത്ര്യസമരസേനാനിയുടെ മകൾ, ഏകാന്തയുടെ കവാടങ്ങൾ, ഗാന്ധിജിയുടെ പ്രസക്തി, മുത്തച്ഛനും പരിചാരികമാരും, ഒരു വിവാഹത്തിന്റെ അന്ത്യം, സപ്താഹം, മുത്തച്ഛന്റെ പ്രാർത്ഥന എന്നിവയാണ് വൃദ്ധന്മാരെ കേന്ദ്രീകരിച്ച കഥകൾ.

ഏകാന്തതയും ഒറ്റപ്പെടലും ഉള്ള കഥകൾ കൂടിയിട്ടുണ്ട്. വൃദ്ധരുടെ മാനസികാനുഭവങ്ങളിൽ തീക്ഷ്ണമായ അനുഭവം ഇതുതന്നെയാണ്. പത്മനാനഭന്റെ കഥകളിലെ വൃദ്ധർ കൂടുതലും അന്തർമുഖരാണ്. നഗരത്തിരക്കിൽ അസ്വസ്ഥരായി അലയുന്നവരാണ് എം.ടി.യുടെ വൃദ്ധർ. ഈ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ വൃദ്ധകേന്ദ്രീകൃത

കഥകൾ രചിച്ചിരിക്കുന്നതായി കണ്ടത് മാലയാറ്റൂർ രാമകൃഷ്ണനും മാധവിക്കുട്ടിയുമാണ്. ഗവൺമെന്റ് ഉദ്യോഗസ്ഥരായവരുടെ വാർദ്ധക്യമാണ് മലയാറ്റൂരിന്റെ കഥകളിൽ കൂടുതലുള്ളത്. പെൻഷൻകാരുടെ ആധിക്യം ശ്രദ്ധേയമാണ്. മലയാറ്റൂർ തന്നെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെട്ട കഥകൾ കൂടുതൽ എഴുതപ്പെട്ടിട്ടുള്ളത്. പതുക്കെപ്പതുക്കെ സമൂഹത്തിൽ ഉടലെടുത്ത ഉദ്യോഗസംസ്കാരത്തെയാണ് ഇത്തരം കഥകൾ കാണിച്ചു തരുന്നത്.

എഴുത്തുകാരിയായി മാധവിക്കുട്ടിയാണ് ഈ ഭാഗത്തുള്ളത്. ഇവർ ഈ വൃദ്ധരുടെ ലൈംഗികാഭിലാഷം കഥകളിൽ കൊണ്ടുവന്നിട്ടുണ്ട്. മാധവിക്കുട്ടിയുടെ കഥകൾ രൂക്ഷമായ സാമൂഹികവിമർശനം സാധിക്കുന്നുണ്ട്. ഒറ്റപ്പെടലും പ്രവാസികളായ മക്കളുടെ സാന്നിദ്ധ്യവും ശ്രദ്ധേയമാണ്. അവരുടെ കഥകളിൽ വൃദ്ധന്മാർക്കും വൃദ്ധകൾക്കും ഏകദേശം തുല്യപ്രാധാന്യം കാണാൻ കഴിയും. തങ്ങളെപ്പറ്റി മാത്രം ചിന്തിക്കുന്ന പടുവൃദ്ധന്മാരും വൃദ്ധകളും ഈ കഥാലോകത്തുണ്ട്. മാധവിക്കുട്ടിയുടെ പുരുഷവീക്ഷണമുള്ള കഥകളിൽ ശാരീരികമായ ദുർബ്ബലാവസ്ഥ പുരുഷനെ തളർത്തിക്കളയുന്നതായി അവർ നിരീക്ഷിച്ചിട്ടുണ്ട്. സ്ത്രീയുടെ താങ്ങ് അവരാഗ്രഹിക്കുന്നു.

ടി.പത്മനാഭന്റെ അമ്മ, മനസ്സിന്റെ ഭാരം, വൈകുന്നേരത്തെ മഴക്കാറ്, എം.ടി.വാസുദേവൻനായരുടെ കല്പാന്തം, പാറപ്പുറത്തിന്റെ തെക്കേലമ്മ, എൻ.മോഹനന്റെ സുഖം ശാന്തം സ്വച്ഛന്ദം, മലയാറ്റൂർ രാമകൃഷ്ണന്റെ രാജ്ഞി, അമ്മ, തിരുടിപ്പൊന്നമ്മാൾ, മാധവിക്കുട്ടിയുടെ മീനാക്ഷിയേടത്തി, രോമക്കുപ്പായം, കീറിപ്പൊളിഞ്ഞ ചകലാസ്, പാറുവമ്മയോടൊപ്പം ഒരു രാത്രി, തിമിരം, അന്ത്യകൂദാശ, മീനാക്ഷിയമ്മയുടെ മരണം, സുഭദ്രമ്മ, പുതിയവീട് എന്നീ കഥകളാണ് വൃദ്ധകള കേന്ദ്രീകരിച്ചിട്ടുള്ളത്.

പെൻഷൻ കഥകളും സ്ത്രീകൾ കേന്ദ്രമായ കഥകളും നവോത്ഥാന കാലത്തെ അപേക്ഷിച്ച് കൂടിയിട്ടുണ്ട്. മക്കളോടു സ്നേഹമുള്ള അമ്മ മനസ്സുകളാണ് മിക്ക സ്ത്രീകഥ

കളിലുമുള്ളത്. ശക്തമായ മനഃസാന്നിദ്ധ്യമുള്ള സ്ത്രീകളാണ് അമ്മ (പത്മനാഭൻ) തെക്കേലമ്മ (പാറപ്പുറത്ത്) സിസ്റ്റർ റജീന (മലയാറ്റൂർ) എന്നിവർ.

നാഗരികപശ്ചാത്തലമുള്ള വൃദ്ധകേന്ദ്രീകൃത കഥകൾ വർദ്ധിച്ചിട്ടുണ്ട്. ശാസ്ത്രപുരോഗതി, ലൈംഗികത, മുതലാളിത്തം, പ്രവാസികളായ മക്കൾ, ഒറ്റപ്പെടൽ, ഗൃഹാതുരത്വം എന്നിവ കൂടുതലായി കടന്നുവരുന്നുണ്ട. വൃദ്ധലോകത്തിലെ ആത്മഹത്യ ആധുനികപൂർവ്വരും വിഷയമാക്കിയിട്ടുണ്ട്. വാർദ്ധക്യലൈംഗികത മലയാറ്റൂരും മാധവിക്കുട്ടിയുമാണ് സ്വീകരിച്ചിട്ടുള്ളത്. അശരണരായ വേലക്കാരുടെ കഥകൾക്ക് പ്രാധാന്യം കുറഞ്ഞിട്ടില്ലെന്നു കാണാം.

വൃദ്ധസദനവും ഹോംനഴ്സിംഗും ഈ കാലഘട്ടത്തിൽ കഥാവിഷയമായി വരുന്നുണ്ട്. വൃദ്ധരുടെ ആത്മഹത്യ നവോത്ഥാനത്തിനു ശേഷം കഥാലോകത്തു കടന്നു വന്നവരും സ്വീകരിച്ചിട്ടുള്ളത് വൈകുന്നേരത്തെ മഴക്കാറ് (ടി.പത്മനാഭൻ). സുഖം ശാന്തം സ്വച്ഛന്ദം (എൻ.മോഹനൻ) എന്നിവയിൽ ഇതു കാണാം. പെൻഷൻ കഥകളും സ്ത്രീകൾ കേന്ദ്രമായ കഥകളും നവോത്ഥാനകാലത്തെ അപേക്ഷിച്ച് കൂടിയിട്ടുണ്ട്. സാമൂഹിക-സാമ്പത്തികതലങ്ങൾ കൂടാതെ മാനസികവും ശാരീരികവുമായ തലങ്ങളുടെ വർദ്ധനവ് നോവലിലും കഥയിലും പ്രകടമാണ്.

ചില വിഭാഗങ്ങളിൽ വൃദ്ധകളെ കേന്ദ്രീകരിച്ച കഥകളില്ല. എന്നുള്ളത് ശ്രദ്ധേയം. അതേസമയം ചില വിഭാഗങ്ങളിൽ വൃദ്ധന്മാരെ കേന്ദ്രീകരിച്ച കഥകളുടെ ആധിക്യവും കാണാം.

തുടർന്നുള്ള അദ്ധ്യായത്തിൽ ആധുനികരുടെ കൃതികളിലെ വാർദ്ധക്യത്തിന്റെ സ്വഭാവം പരിശോധിക്കുന്നു.

## കുറിപ്പുകൾ

1. "Locus of control' For many people, their only exposure to the ideas of Julian B rotter is his concept of generalized expectations for control of reinfrocement, more commonly known as locus of control refers to people's very general, cross-situational beliefs about what determines whether or not they get reinforced in life. (http://psych.fullerton.edu/means/rotter.htm)

2. പാറപ്പുറം സൃഷ്ടിച്ചുള്ളതിൽവെച്ച് ഏറ്റവും മുഴുത്ത കഥാപാത്രമായ കുഞ്ഞേനാച്ചൻ (അരനാഴികനേരം) പല അംശങ്ങളിലും അദ്ദേഹത്തിന്റെ സ്വന്തം അപ്പൂപ്പനാണെന്നുള്ളതും അർത്ഥവത്താണ്. കെ.സുരേന്ദ്രൻ, 'നോവലിലെ മനുഷ്യർ', നോവൽസ്വരൂപം (പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2006) പു.100

3. 'മുതുവമ്മൽ ദേശത്തെ കൊട്ടിലുങ്ങൽവീട്ടിലെ അമ്മുക്കുട്ടിയമ്മാണ് തോറ്റങ്ങളിലെ വൃദ്ധ നായിക. ഉണ്ണിമോൾ കോവിലന്റെ ഭാര്യാമാതാവാണ് അമ്മുക്കുട്ടിയമ്മ. ഹരികൃഷ്ണൻ. ഓർമ്മയുടെ തോറ്റങ്ങൾ, ദേശം കണ്ടാണശ്ശേരി വട്ടംപറമ്പിൽ വേലപ്പൻ അയ്യപ്പൻ, എ. ഡി.രാവുണ്ണി (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ. 2011) പു.246

4. ടി. 'അനാദരണീയനാണ് കോവിലൻ' എന്ന പേരിൽ എ.കെ.അബ്ദുൾ ഹക്കിം കോവില നുമായി നടത്തിയ അഭിമുഖം. പു.41.

5. ഡോ. കെ.എം.തരകൻ, 'തോറ്റങ്ങളെന്ന അമൃതധാര' എന്ന പേരിലുള്ള പഠനം, തോറ്റ ങ്ങൾ (കറന്റ് ബുക്സ്, തൃശ്ശൂർ, 1982) പു.17

4.

# ആധുനികരും വാർദ്ധക്യാവിഷ്കാരവും

ആഖ്യാനശൈലിയിലും ആസ്വാദനാഭിരുചിയിലും മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഒരു കൂട്ടം കഥാകൃത്തുക്കൾ 1960–കളിൽ കടന്നുവന്നു. ഒ.വി.വിജയൻ, എം.മുകുന്ദൻ, എം.പി.നാരായണപിള്ള, കാക്കനാടൻ, പുനത്തിൽ കുഞ്ഞബ്ദുള്ള തുടങ്ങിയവരാണ് അവർ. സവിശേഷമായ അർത്ഥകല്പനയോടുകൂടിയ ആധുനികരെന്നും അത്യാധുനികരെന്നു അത്യാന്താധുനികരെന്നും അറിയപ്പെട്ടത് അറുപതുകളിലെ എഴുത്തകാരാണ്. (പി.ഗോവിന്ദപിള്ള, 1996:?)[1]

ആധുനികതയുടെ കടന്നുവരവ്: നോവലിലും കഥയിലും വമ്പിച്ച മാറ്റങ്ങൾ വരുത്തി. ഇതിനു പശ്ചാത്തലം സൃഷ്ടിച്ചുകൊണ്ടുള്ള മാറ്റങ്ങളെപ്പറ്റി, 1960–കളിൽ പ്രതിസന്ധിയിലായിരുന്ന രാഷ്ട്രീയ–സാമൂഹികാവസ്ഥകളെപ്പറ്റി എരുമേലി പരമേശ്വരൻ പിള്ള ഇങ്ങനെ രേഖപ്പെടുത്തുന്നു:

> *1959–ലെ വിമോചനസമരം രാഷ്ട്രീയത്തെ മാത്രമല്ല സാംസ്കാരിക ജീവിതത്തെയും ബാധിക്കുകയുണ്ടായി. പുരോഗമന സാഹിത്യ സംഘടനയുടെ ശൈഥില്യത്തിനുശേഷം എഴുത്തുകാർ രാഷ്ട്രീയമായി ചേരിതിരിഞ്ഞ് പോരാടിയ മറ്റൊരവസരമാണിത്... ചിന്താപരമായ കാലുഷ്യത്തിന് വിത്തുപാകിയ ഇക്കാലത്താണ് ജീവിതനിഷേധത്തിന്റെയും അസ്തിത്വദർശനത്തിന്റെയും ധാരകൾ പടിഞ്ഞാറൻ നാടുകളിൽനിന്ന് കേരളത്തിലേക്ക് ഒഴു*

*കിവന്നത്. വിഭ്രാമകമായ മാനസികാവസ്ഥയിൽപെട്ടുപോയ യുവ എഴുത്തുകാരും പുതിയ തലമുറയും അസ്ഥിത്വദുഃഖത്തിന്റെ 'തീവ്രത' സ്വയം ചുമക്കാൻ വിധിക്കപ്പെട്ടവരായി. (2003:373)*

ഇതുമായി ബന്ധപ്പെട്ട ഡി.ബഞ്ചമിന്റെ അഭിപ്രായം ശ്രദ്ധേയമാണ്. അറുപതുകളിൽ നമ്മുടെ എഴുത്തുകാരുടെ ഇടയിൽ അസ്തിത്വവ്യഥ പടർന്നു പിടിക്കാനുള്ള യുക്തിപൂർവ്വമായ കാരണങ്ങളൊന്നും അദ്ദേഹം കാണുന്നില്ല. പ്രബുദ്ധതയുടെ കാലത്ത് സംഭവിച്ചു തുടങ്ങിയ സാമൂഹിക പരിണാമത്തിന്റെ ഒരു തുടർച്ച ഇവിടെയുണ്ടായിരുന്നതല്ലാതെ ജീവിതവീക്ഷണത്തിലും ഭാവുകത്വത്തിലും വമ്പിച്ച പരിണാമങ്ങൾ സൃഷ്ടിക്കാൻ പോന്ന മാറ്റമൊന്നും സംഭവിച്ചിട്ടില്ല. (1994:158)[2] അദ്ദേഹം തുടരുന്നു:

*ജനാധിപത്യം പരീക്ഷിക്കപ്പെടുന്ന ഒരു പുതിയ സ്വാതന്ത്ര്യരാഷ്ട്രം കടന്നുപോകാനിടയുള്ള നിരാശതയുടെയും ഇച്ഛാഭംഗങ്ങളുടെയും കുറച്ചേറെ നേട്ടങ്ങളുടെയും അനുഭവമുണ്ടായെന്നതു സത്യമാണ്. പക്ഷേ അതൊന്നും പാശ്ചാത്യ നാടുകളിലുണ്ടായ സാംസ്കാരികവും സാമൂഹികവും മതപരവുമായ തകിടം മറിച്ചിലുകളുമായി ഒരു തരത്തിലും സാദൃശ്യം വഹിക്കുന്നില്ല. പാശ്ചാത്യസാഹിത്യത്തിന്റെ ശക്തമായ പ്രഭാവത്തിനു വിധേയമായി തങ്ങൾ യഥാർത്ഥത്തിൽ അനുഭവിച്ചിട്ടില്ലാത്ത കാര്യങ്ങളെക്കുറിച്ച് സമർത്ഥരചനകൾ സൃഷ്ടിച്ചു വിടുകയായിരുന്നു. ഈ എഴുത്തുകാർ ചെയ്തത് (ടി.)*

*എന്തായാലും അന്യവൽക്കരണം, അസ്തിത്വദുഃഖം, പാരമ്പര്യനിഷേധം തുടങ്ങിയവയും വിശ്വാസത്തകർച്ച, മരണാഭിമുഖ്യം, ആത്മരതി, ഒരു പകപോക്കലാണ് ജീവിതമെന്ന വിശ്വാസം, വ്യർത്ഥതാബോധം, രാഷ്ട്രീയ അപചയങ്ങൾ, ലൈംഗിക ജീർണ്ണത തുടങ്ങിയവയെല്ലാം ആധുനികതയുടെ*

*അടയാളങ്ങളായിട്ടാണ് അറിയപ്പെടുന്നത്. (എരുമേലി പരമേശ്വരൻ പിള്ള, 2003:333) നാഗരികതയുടെ യന്ത്രസംസ്കാരം ഗ്രാമീണ സംസ്കാരിക മൂല്യ ങ്ങളെ വെല്ലുവിളിച്ചതായും വ്യക്തിത്വം നഷ്ടപ്പെട്ട മനുഷ്യൻ ഒരു വസ്തു മാത്രമായി മാറിയെന്നും ഏകാകികളായെന്നും കെ.എം.തരകൻ വ്യക്തമാ ക്കുന്നു (2005:14)*

മറ്റു ചില മാറ്റങ്ങൾ സംഭവിച്ചതും ഈ കാലഘട്ടത്തിലെ എഴുത്തിനെ ബാധിച്ച തായി കാണുന്നു:

*1962, 1963 വർഷങ്ങളിൽ തുടങ്ങിയ മലയാളത്തിലെ ആധുനിക പ്രവണ തകളുടെ ഒരു ഘട്ടം 1975-76 വർഷങ്ങളിൽ പൂർത്തിയാകുന്നതായും കാണാം. 'ഗൾഫ് ലക്ഷ്മി വരുത്തിവച്ച വിന' എന്ന് ഒരിക്കൽ മാധവിക്കുട്ടി വിശേഷിപ്പിച്ച സാമ്പത്തിക പ്രത്യാഘാതവും രാഷ്ട്രീയരംഗത്തിലെ വ്യതി രേകഗതിയും 1975-76 എന്നീ വർഷങ്ങളെ പ്രാധാന്യമുള്ളതാക്കി (എം.ജി. ശശിഭൂഷൺ, 1984:13)[3]*

### 4.1.. വാർദ്ധക്യ കേന്ദ്രീകൃതമായ നോവലുകൾ

ആധുനികരായ എഴുത്തുകാരുടെ നോവലിലും കഥയിലും വാർദ്ധക്യം കേന്ദ്രീകരി ക്കപ്പെട്ടവ പരിശോധിക്കുകയാണ് ഈ അദ്ധ്യായത്തിൽ ചെയ്യുന്നത്. കാക്കനാടന്റെ 'അടർന്നു വീണടിയുന്ന നക്ഷത്രങ്ങൾ' എന്ന നോവലാണ് ഇവിടെ വിശകലനം ചെയ്യുന്നത്.

#### 4.1.1. കാക്കനാടന്റെ 'അടർന്നു വീണടിയുന്ന നക്ഷത്രങ്ങൾ':

ശബരി എന്ന ഗോത്രത്തലവന്റെ ആത്മഭാഷണത്തിലൂടെയും ഓർമ്മകളിലൂടെയും

വർത്തമാനകാലസംഭവങ്ങളിലൂടെയും ഒരു വ്യക്തിയുടെ ജീവിതവിജയത്തിന്റെയും പരാജയത്തെയും കഥ പറയുന്ന നോവലാണ് 'അടർന്നു വീണടിയുന്ന നക്ഷത്രങ്ങൾ'. ബൈബിൾ പഴയ നിയമത്തിലെ ദാവീദിന്റെ ജീവിതകഥ ഓർമ്മിപ്പിക്കുന്ന ജീവിതാനുഭവങ്ങളാണ് ശബരിമൂപ്പനുള്ളത്. മൂത്ത മകന്റെ അവകാശം നഷ്ടപ്പെടുത്തി തന്ത്രപൂർവ്വം രാജ്യാധികാരം കൈക്കലാക്കിയ ഇസഹാക്കിന്റ കഥയും കടന്നുവരുന്നുണ്ട്. ബൈബിൾ ഭാഷ ഉപയോഗിച്ചാണ് ഈ താരതമ്യം കൊണ്ടുവന്നിട്ടുള്ളത്.

വാർദ്ധക്യത്തിൽ ദാവീദിനെ ശുശ്രൂഷിക്കാൻ നിയുക്തയായ അബീശഗിൻ എന്ന കന്യകയെ ഓർമ്മിപ്പിക്കുന്ന ചിന്നപ്പെണ്ണ് ശബരിമൂപ്പന് ഏറെ പ്രിയപ്പെട്ടവളാണ്. അനേകം ഭാര്യമാരും വെപ്പാട്ടികളും മൂപ്പന് ഉണ്ടായിരുന്നതായി കാണാം. അവരിൽപ്പിറന്ന മക്കൾ അപ്പന്റെ ആജ്ഞ അനുസരിക്കുന്നവരാണെങ്കിലും അവർ നിമിത്തം മനഃസ്വാസ്ഥ്യം നശിച്ചാണ് മൂപ്പൻ മരിക്കുന്നത്.

അറിയാതെയാണെങ്കിലും അഴകൻ എന്ന മകന്റെ കൊലയ്ക്ക് താനാണ് ഉത്തരവാദി എന്ന ചിന്ത വയസ്സുകാലത്ത് ഒരു നീറ്റലായി മനസ്സിലുണ്ട്. മകന്റെ കൊലയ്ക്കും പ്രിയപ്പെട്ട ഭാര്യ ചീതമ്മയുടെ വശീകരണശക്തിയിലാകൃഷ്ടനായി മാരൻ എന്ന മകന് ലഭിക്കേണ്ട അധികാരം അവരുടെ മകൻ മലയനു നൽകിയതിനും കാരണം തന്റെ സ്വാർത്ഥബുദ്ധിയാണ് എന്ന് ശബരിമൂപ്പൻ ഉറച്ചു വിശ്വസിക്കുന്നു. നിർണ്ണായക നിമിഷത്തിൽ വരം ആവശ്യപ്പെട്ട് മകനുവേണ്ടി അധികാരം നേടിയെടുത്ത രാമായണത്തിലെ കൈകേയിയുടെയും മനസ്സു തകർന്നു മരിച്ച ദശരഥന്റെയും കഥയോട് സാദൃശ്യം പുലർത്തുന്നതാണ് ഈ അന്ത്യഭാഗം.

സ്ത്രീയും സ്വത്തും പുത്രസ്നേഹവും വൃദ്ധന്റെ ജീവിതം ഇല്ലാതാക്കിയതാണ് നോവലിൽ കാണുന്നത്.

കാക്കനാടന്റെ 'സാക്ഷി', എം.മുകുന്ദന്റ 'ദൈവത്തിന്റെ വികൃതികൾ' എന്നിവയിൽ

മുഖ്യകഥാപാത്രങ്ങളല്ലാത്ത വൃദ്ധരുണ്ട്. *"മനുഷ്യനു മറ്റു മനുഷ്യർ ഉപാധികളാണ്. ബന്ധങ്ങൾ ഉപായങ്ങളാണ്. സർവ്വരും സ്വാർത്ഥമതികളാണ്."* തുടങ്ങിയ ആധുനിക എഴുത്തുകാരുടെ വിശ്വാസങ്ങൾ, അച്ഛന്റെ മരണത്തോടനുബന്ധിച്ചു വീട്ടിൽ വന്ന മകന്റെ വിശ്വാസപ്രമാണങ്ങളായി കാക്കനാടൻ 'സാക്ഷി'യിൽ അവതരിപ്പിച്ചിട്ടുണ്ട്. (കെ.എം. തരകൻ 2005:214). മകന്റെ ദൃഷ്ടിയിൽ അച്ഛനെയും അച്ഛന്റെ മരണത്തെയും നോക്കിക്കാണുന്ന നോവൽ എന്നതിനപ്പുറം വാർദ്ധക്യത്തിനു പ്രാധാന്യമൊന്നും ലഭിച്ചിട്ടില്ല. മകന്റെ അസ്ഥിരമായ ജീവിതത്തെ അനാച്ഛാദനം ചെയ്യുന്നതിനിടയ്ക്ക് വന്നു പോകുന്നവ മാത്രമായി അച്ഛനെപ്പറ്റിയുള്ള ഓർമ്മകൾ മാറുന്നു. അതുകൊണ്ടുതന്നെ വാർദ്ധക്യകേന്ദ്രീകൃതമായ നോവലായി 'സാക്ഷി'യെ പരിഗണിക്കാനാവില്ല. മുകുന്ദന്റെ 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' എന്ന നോവലിന്റെ തുടർച്ചയായി കരുതപ്പെടുന്ന നോവലാണ് 'ദൈവത്തിന്റെ വികൃതികൾ' (എരുമേലി പരമേശ്വർ പിള്ള, 2003:336) ഈ നോവലിൽ കുമാരൻ വൈദ്യരുടേയും അൽഫോൺസച്ചന്റെയും വാർദ്ധക്യജീവിതം അടയാളപ്പെടുത്തിയിട്ടുണ്ട്. അൽഫോൺസച്ചൻ അനുഭവിക്കുന്ന ഏകാന്തത വാർദ്ധക്യത്തിന്റെ മാത്രമല്ല എന്നു കാണാം. നഷ്ടപ്പെട്ട സ്വത്വബോധം അതിനു കാരണമാകുന്നുണ്ട്. ആംഗ്ലോ-ഇന്ത്യനാണെങ്കിലും മാഹിക്കാരനാകാനുള്ള ശക്തമായ പ്രേരണ അയാൾക്കുണ്ട്. സ്വന്തം കുടുംബത്തെ സംരക്ഷിക്കാനാകാത്തതിന്റെ ദുഃഖം പേറുന്ന അയാൾ ഭാര്യയും മക്കളും വഴിപിഴച്ചുപോകുന്നതിനു സാക്ഷി കൂടിയാകുന്നു. ഇതെല്ലാം അൽഫോൺസച്ചന്റെ വാർദ്ധക്യത്തെ ദാരുണമാക്കുന്നു. ഫ്രഞ്ചുകാർ മാഹി വിട്ടു പോയതിനു ശേഷമുള്ള ചരിത്രം ലേഖനം ചെയ്യുന്ന നോവലിൽ ചരിത്രത്തിന്റെ ഭാഗമായിട്ടേ ഈ വാർദ്ധക്യാവിഷ്കാരങ്ങൾ വരുന്നുള്ളൂ. ഇങ്ങനെ പ്രാന്തവത്കൃതരീതിയിൽ നോവലുകളിൽ വാർദ്ധക്യത്തെ കാണാൻ കഴിയുന്നുണ്ട്.

ആധുനികരുടെ കഥകളിലെ വാർദ്ധക്യചിത്രീകരണം അപഗ്രഥിക്കാനുള്ള ശ്രമമാണ്

ഇനിയുള്ള ഭാഗത്ത് നടത്തുന്നത്. ഈ എഴുത്തുകാരിൽ പലരും മറുനാടൻ മലയാളികളാണെന്ന് കാക്കനാടന്റെ കഥകളുടെ അവതാരികയിൽ എം.ജി.ശശിഭൂഷൺ പറയുന്നു (1984:പു.9) അതുകൊണ്ടുതന്നെ അത്തരം അന്തരീക്ഷം ചില കഥകളിൽ ഉള്ളത് സ്വീകരിച്ചിട്ടുണ്ട്.

**4.2. വാർദ്ധക്യപ്രമേയം ആധുനികരുടെ കഥകളിൽ:**

സവിശേഷമായ അർത്ഥകല്പ്പനയോടുകൂടിയ ആധുനികതയുടെ വക്താക്കളായ കാക്കനാടൻ, ഒ.വി.വിജയൻ, സക്കറിയ,എം.പി.നാരയണപ്പിള്ള, എം.മുകുന്ദൻ, സേതു എം.സുകുമാരൻ, സി.രാധാകൃഷ്ണൻ, യു.എ.ഖാദർ, പെരുമ്പടവം ശ്രീധരൻ കെ. എൽമോഹനവർമ്മ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻകുട്ടി, മുണ്ടൂർ സേതുമാധവൻ, ജോർജ്ജ് ഓണക്കൂർ, പി.വത്സല, സാറാ തോമസ് എന്നിവരുടെ കഥകളാണ് സ്വീകരിച്ചിട്ടുള്ളത്. വാർദ്ധക്യാനുഭവങ്ങളുടെ വ്യത്യസ്തത കണ്ടെത്താനുള്ള ശ്രമമാണ് ഈ തെരഞ്ഞെടുപ്പിനു പിന്നിലുള്ളത്.

കാക്കനാടന്റെ കാലപ്പഴക്കം സ്വതന്ത്രൻ, കച്ചവടം, ആരോ ഒരാൾ, സൂര്യനെതിരെ, ഭാഗ്യലക്ഷ്മി, എം.പി.നാരായണപ്പിള്ളയുടെ ആരൂഢപർവ്വം, നിരാശ, താലമട കൊച്ചുമ്മൻ, ഒവി.വിജയന്റെ പതഞ്ജലി ശാസ്ത്രി എന്ന സംസകൃതപണ്ഡിറ്റ്, തിരിച്ചുപോക്ക്, കടൽത്തീരത്ത്, നാലുകെട്ട്, മുരുകൻനായർ, വൈദ്യവിധി, നാം ഉന്മാദികൾ, അമ്മയുടം മക്കളും, സക്കറിയയുടെ ഈ എഴുത്ത്, ഒരു ദിവസത്തെ ജോലി, എം.മുകുന്ദന്റെ ടൂ ഇൻ വൺ, ഗോപാലന്റെ ചിരി, വിവർത്തനം, ചായ, ചാലകൻ, അമ്മമ്മ, മുത്തശ്ശിക്കഥ, സേതുവിന്റെ ആദ്യാക്ഷരങ്ങൾ, അടയാളവാക്യങ്ങൾ, മറ്റൊരു രാത്രിയിൽ, ദൂത്, സാമി, സമയം, ജലസമാധി, ഭൂഖണ്ഡങ്ങളിലൂടെ, നരച്ച പകലുകൾ, ഒഴിവുകാലം, ഒരു ശ്രാദ്ധത്തിന്റെ പിറ്റേന്ന്, സി.രാധാകൃഷ്ണന്റെ കുടിയൊഴിയൽ, ഈശ്വരൻ സാക്ഷി

അഥവാ പ്രതി, കൃഷ്ണൻ മാസ്റ്റർ, ഇവിടെ പൊളിക്കുന്നതെല്ലാം ലേലവിൽപ്പനയ്ക്ക്, പെരുമ്പടവം ശ്രീധരന്റെ പ്രളയജലധി, രണ്ടു സങ്കടങ്ങൾ, കണ്ടുമുട്ടുമ്പോൾ, യു.എ. ഖാദറിന്റെ പഴയ പല്ലുകളുടെ ശൗര്യം, ഫല പ്രാപ്തി, വാർദ്ധക്യസൂത്രം, വെയിൽനാളങ്ങൾ മനസ്സിൽ, വെള്ളിയാഴ്ച ഓണം, കർക്കിടകച്ചിറകുകൾ, ദക്ഷിണായനം, എം. സുകുമാരന്റെ സിംഹം, അന്നന്നത്തെ അത്താഴം, പൊട്ടക്കിണർ, മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ രാമഗുപ്തൻ എന്ന ദുർനിമിത്തം, രാമൻ നായരുടെ ചായപ്പീടിക, അമ്മാവൻ പോവുകയും ചെയ്തു. കാതിന്റെയും കണ്ണിന്റെയും നീക്കിയിരുപ്പ്, ഒരു ശ്രീകൃഷ്ണ വൈഭവം, വെറ്റിലചവയ്ക്കുന്ന ദുഃഖം, മുണ്ടൂർ സേതുമാധവന്റെ കൗസല്യ, കെ.എൽ. മോഹനവർമ്മയുടെ വൃദ്ധൻ, കുമാരു, ഇറ്റ്സ് ഓവർ, മധുരം, വൈശാഖന്റെ അന്തിനിലാവ്, ജന്മജലധി, അലിവിന്റെ നിമിഷങ്ങൾ, ഉദയാസ്തമയങ്ങൾ, സ്പ്ളാഷ്, സൈലൻസർ, ജോർജ്ജ് ഓണക്കൂറിന്റെ വീണ്ടും ശൈശവം, ആവർത്തനങ്ങൾ, സമയസൂചികൾ നിശ്ചലം. മെഗലോമാനിയം ദാശരഥം, തമ്പുരാൻ നാടുനീങ്ങുന്ന നേരം, പരേതാത്മാവിന്റെ വ്യാകുലചിന്തകൾ, യാത്രയുടെ സമയം, പി.വത്സലയുടെ ജയന്തൻ നമ്പൂതിരിയുടെ സായന്തനങ്ങൾ, കറുത്ത കുതിര, മുത്തച്ഛന്റെ ബാഗ്, അനുപമയുടെ കാവൽക്കാരൻ, കാലാൾ, കാവലാൾ, ജയശീലന്റെ അമ്മ, പോക്കുവെയിൽ പൊൻവെയിൽ, സാറാ തോമസിന്റെ മൃഗതൃഷ്ണ, ഒരു വിടവാങ്ങൽ, സ്പർശം, സുഗന്ധി എന്നീ കഥകളാണ് ഈ അദ്ധ്യായത്തിൽ അപഗ്രഥിക്കുന്നത്. മുന്നദ്ധ്യായങ്ങളിലെപ്പോലെ വൃദ്ധന്മാരുടെയും വൃദ്ധകളുടെയും കഥകൾ വേർതിരിച്ചാണ് പരിശോധിക്കുന്നത്.

കാക്കനാടന്റെ കാലപ്പഴക്കം, സ്വതന്ത്രൻ, കച്ചവടം, ആരോ ഒരാൾ, സൂര്യനെതിരെ, എം.പി.നാരായണപ്പിള്ളയുടെ ആരൂഢപർവ്വം, നിരാശ, താലമട, കൊച്ചുമ്മൻ, ഒ.വി.വിജയന്റെ പതഞ്ജലി ശാസ്ത്രി എന്ന സംസ്കൃതം പണ്ഡിറ്റ്, തിരിച്ചുപോക്ക്, കടൽ

ത്തീരത്ത്, മുരുകൻ നായർ, വൈദ്യവിധി, നാം ഉന്മാദികൾ, സക്കറിയയുടെ ഈ എഴുത്ത്, എം. മുകുന്ദന്റെ ടു ഇൻ വൺ, ഗോപാലന്റെ ചിരി, വിവർത്തനം, ചായ, ചാലകൻ, സേതുവിന്റെ ആദ്യക്ഷരങ്ങൾ, അടയാളവാക്യങ്ങൾ, മറ്റൊരു രാത്രിയിൽ, ദൂത്, സാമി, സമയം, ജലസമാധി, സി.രാധാകൃഷ്ണന്റെ കുടിയൊഴിയൽ, ഈശ്വരൻ സാക്ഷി അഥവാ പ്രതി, കൃഷ്ണൻ മാസ്റ്റർ, പെരുമ്പടവം ശ്രീധരന്റെ  പ്രളയജലധി, യു.എ.ഖാദറിന്റെ പഴയ പല്ലുകളുടെ ശൗര്യം, ഫലപ്രാപ്തി, വാർദ്ധക്യസൂത്രം, വെയിൽനാളങ്ങൾ മനസ്സിൽ, വെള്ളിയാഴ്ച ഓണം, കർക്കിടകച്ചിറകുകൾ, എം.സുകുമാരന്റെ സിംഹം, അന്നന്നത്തെ അത്താഴം, മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ രാമഗുപ്തൻ എന്ന ദുർനിമിത്തം, രാമൻനായരുടെ ചായപ്പീടിക, അമ്മാവൻ പോവുകയും ചെയ്തു. കാതിന്റെയും കണ്ണിന്റെയും നീക്കിയിരിപ്പ്, കെ.എൽ.മോഹനവർമ്മയുടെ വൃദ്ധൻ, കുമാരു ഇറ്റ്സ് ഓവർ, വൈശാഖന്റെ അന്തിനിലാവ്, ജന്മജലധി, അലിവിന്റെ നിമിഷങ്ങൾ, സ്പളാഷ്, സൈലൻസർ, ജോർജ്ജ് ഓണക്കൂറിന്റെ വീണ്ടും ശൈശവം, ആവർത്തനങ്ങൾ, സമയസൂചികൾ നിശ്ചലം, മെഗലോമാനിയ ദാശരഥം, തമ്പുരാൻ നാടുനീങ്ങുന്ന നേരം, പരേതാത്മാവിന്റെ വ്യാകുലചിന്തകൾ, പി.വത്സലയുടെ ജയന്തൻ നമ്പൂതിരിയുടെ സായന്തനങ്ങൾ, കറുത്ത കുതിര, മുത്തച്ഛന്റെ ബാഗ്, അനുപമയുടെ കാവൽക്കാരൻ, സാറാതോമസിന്റെ മൃഗതൃഷ്ണ, ഒരു വിടവാങ്ങൽ, സ്പർശം, എന്നി കഥകളാണ് വൃദ്ധന്മാരെ കേന്ദ്രീകരിച്ചവ.

കാക്കനാടന്റെ ഭാഗ്യലക്ഷ്മി, ഒ.വി.വിജയന്റെ അമ്മയും മക്കളും, എം.മുകുന്ദന്റെ അമ്മമ്മ, മുത്തശ്ശിക്കഥ, സി.രാധാകൃഷ്ണന്റെ ഇവിടെ പൊളിക്കുന്നതെല്ലാം ലേലവിൽപ്പനയ്ക്ക്, സേതുവിന്റെ ഭൂഖണ്ഡങ്ങളിലൂടെ, നരച്ച പകലുകൾ, ഒഴിവുകാലം, ഒരു ശ്രാദ്ധത്തിന്റെ പിറ്റേന്ന്, സക്കറിയയുടെ ഒരു ദിവസത്തെ ജോലി, പെരുമ്പടവം ശ്രീധരന്റെ രണ്ടു സങ്കടങ്ങൾ കണ്ടുമുട്ടുമ്പോൾ, യു.എ.ഖാദറിന്റെ ദക്ഷിണായനം, കെ.

എൽ.മോഹനവർമ്മയുടെ മധുരം, എം.സുകുമാരന്റെ പൊട്ടക്കിണർ, മുണ്ടൂർ സേതുമാധവന്റെ കൗസല്യ, മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ ഒരു ശ്രീകൃഷ്ണവൈഭവം, വെറ്റില ചവയ്ക്കുന്ന ദുഃഖം, വൈശാഖന്റെ ഉദയാസ്തമയങ്ങൾ, ജോർജ്ജ് ഓണക്കൂറിന്റെ യാത്രയുടെ സമയം,പി.വത്സലയുടെ പോക്കുവെയിൽ പൊൻവെയിൽ, കാലാൾ, കാവലാൾ, ജയശീലന്റെ അമ്മ, സാറാ തോമസിന്റെ സ്പർശം, സന്ധ്യ ഇരുളും നേരം, സുഗന്ധി എന്നീ കഥകളിൽ വൃദ്ധകൾ കേന്ദ്രസ്ഥാനത്തു വരുന്നു.

**4.2.1. വൃദ്ധരുടെ ഏകാന്തത:**

പ്രായമായവർ നേരിടുന്ന ഒരു വലിയ പ്രശ്നമാണ് ഏകാകിത. ഇതിനു പല കാരണങ്ങളുണ്ട്. *"സമപ്രായക്കാരുടെ വേർപാട്, പ്രിയന്റെ/പ്രിയയുടെ വേർപാട്, പരിസ്ഥിതിയിൽ അനുദിനം വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ - എല്ലാം തന്നെ വൃദ്ധജനങ്ങളെ കൂടുതൽ ഒറ്റപ്പെടുത്തുന്നു. സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുന്ന ഇക്കൂട്ടർ അവരുടേതായ ചെറിയ ചെറിയ തുരുത്തുകളിൽ അഭയവും ആശ്വാസവും കണ്ടെത്താൻ ശ്രമിക്കുന്നു"* എന്ന കൃഷ്ണൻ ഇളയതിന്റെ അഭിപ്രായം ശ്രദ്ധേയമാണ് (2007:43) അന്യനാട്ടിൽ ഉദ്യോഗസ്ഥരായ സന്താനങ്ങളുടെ അഭാവവും വൃദ്ധരെ ഒറ്റപ്പെടുത്തുന്നുണ്ട്.

**4.2.1.1. ഒറ്റപ്പെടുന്ന വൃദ്ധന്മാർ:**

കാക്കനാടന്റെ സൂര്യനെതിരെ, ഭാഗ്യലക്ഷ്മി, ഒ.വി.വിജയന്റ പതഞ്ജലിശാസ്ത്രി എന്ന സംസ്കൃതം പണ്ഡിറ്റ്, കടൽത്തീരത്ത്, അമ്മയും മക്കളും, പെരുമ്പടവം ശ്രീധരന്റെ രണ്ടു സങ്കടങ്ങൾ കണ്ടുമുട്ടുമ്പോൾ, എം.സുകുമാരന്റെ പൊട്ടക്കിണർ, മുണ്ടൂർ സേതുമാധവന്റെ കൗസല്യ, മുണ്ടൂർ കൃഷ്ണൻ കുട്ടിയുടെ അമ്മാവൻ പോവുകയും ചെയ്തു. യു.എ.ഖാദറിന്റെ ദക്ഷിണായനം, പി.വത്സലയുടെ കാലാൾ, കാവലാൾ, സാറ

തോമസിന്റെ സുഗന്ധി എന്നീ കഥകളാണ് പരിഗണിക്കുന്നത്.

**4.2.1.1.1. കാക്കനാടിന്റെ 'സൂര്യനെതിരെ':**

സ്ഥാണുനാഥൻ എന്ന റിട്ടയേർഡ് ഫിസിക്സ് പ്രൊഫസറെ മകനും മരുമകളും ഒറ്റപ്പെടുത്തുകയാണ്. മുഷിഞ്ഞ പൂണൂലും ധരിച്ച് പൂമുഖത്തിരിക്കുന്ന മെലിഞ്ഞ പേക്കോലം സുന്ദരിയായ മരുമകൾക്ക് അരോചകമായി അനുഭവപ്പെട്ടപ്പോൾ പ്രൊഫസർ വീട്ടിനു വെളിയിലേക്ക് തള്ളപ്പെടുകയാണ്. സ്വന്തം ഏകാന്തത തിരിച്ചറിയുന്ന അദ്ദേഹം നാടുതന്നെ വിട്ടുപോയാണ് പ്രതിഷേധിക്കുന്നതും സ്വത്വസ്ഥാപനം നടത്തുന്നതും.

**4.2.1.1.2. ഒ.വി.വിജയന്റെ 'പതഞ്ജലി ശാസ്ത്രി എന്ന സംസ്കൃതം പണ്ഡിറ്റ്: 'കടൽത്തീരത്ത്':**

എം.എക്കാരായ സഹപ്രവർത്തകർക്കിടയിൽ അപമാനിതനായി ഒറ്റപ്പെട്ടു കഴിയുന്ന പതഞ്ജലി ശാസ്ത്രികൾക്ക് 'പണ്ഡിറ്റ്' പദവി അപമാനമായിട്ടാണ് അനുഭവപ്പെടുന്നത്. കുട്ടികൾക്കും സഹപ്രവർത്തകർക്കും വിലയില്ലാത്തവനായി കഴിയുന്ന ശാസ്ത്രി അപകർഷബോധത്തിനടിപ്പെടുകയാണ്. 'കടൽത്തീര'ത്തിലെ വെള്ളായിയപ്പന് നിയമമോ അധികാരികളോ തുണയാകുന്നില്ല. നാട്ടുകാരുടെ പിന്തുണ അയാൾക്കും കഴുമരത്തിനു വിധിക്കപ്പെട്ട മകനും ലഭിക്കുന്നുണ്ടെങ്കിലും ആത്യന്തികകമായി അയാളനുഭവിക്കുന്ന ഒറ്റപ്പെടൽ വ്യക്തമാണ്. വൃദ്ധന്റെ ദുഃഖത്തിൽ ആർക്കും പങ്കാളിയാകാൻ പറ്റാത്തവിധം അയാൾ ഒറ്റപ്പെട്ടിരിക്കുന്നു.

**4.2.1.1.3. മുണ്ടൂർ കൃഷ്ണൻ കുട്ടിയുടെ രാമൻ നായരുടെ ചായപ്പീടിക, അമ്മാവൻ പോവുകയും ചെയ്തു:**

ചായക്കടക്കാരൻ രാമൻനായർക്ക് ഗൾഫുകാരൻ ഗോപാലന്റെ ഹോട്ടലിനോട് പിടിച്ചുനിൽക്കാനാകുന്നില്ല. രാമൻ നായരുടെ പേരുകേട്ട പരിപ്പുവട ഗോപാലന്റെ മീനിന്റെയും ഇറച്ചിയുടെയും മുന്നിൽ തോൽക്കുകയാണ്. മലയാളിയുടെ മാറിയ ഭക്ഷണസംസ്കാരവും ഗൾഫുകാർ നാട്ടിൽ ഉപജീവനമാർഗ്ഗം പരീക്ഷിക്കുന്നതും രാമൻ നായരുടെ നാടുവിടലിനു പിന്നിലുണ്ട്. ഗാന്ധിയനായ അയാൾക്ക് പുതിയ സാമ്പത്തികതത്ത്വശാസ്ത്രം വഴങ്ങുന്നില്ല. എങ്കിലും ഭാവിയിൽ അയാൾക്ക് പ്രതീക്ഷ ഉണ്ട്.

'അമ്മാവൻ പോവുകയും ചെയ്തു' എന്ന കഥയിലെ കുട്ടിശ്ശങ്കരനമ്മാവൻ എഴുപതാം വയസ്സിൽ സ്വയം വീണ്ടെടുക്കാൻ നാട്ടിലെത്തുകയാണ്. നാൽപ്പത്തെട്ടു കൊല്ലത്തിനുശേഷം അമ്പലക്കുളത്തിൽ മുങ്ങിക്കുളിച്ചും ആവണപ്പലകയിലിരുന്ന് നെയ്യുപാർന്ന കഞ്ഞി കോരിക്കുടിച്ചും അങ്ങാടിയിലും നാലമ്പലത്തിലും കഥകളിമുറ്റത്തും സജീവസാന്നിദ്ധ്യമായും കാവിലെ വേലയ്ക്ക് ഉത്സാഹിച്ചും തന്റെ സ്വത്വത്തെ വീണ്ടെടുക്കാൻ ശ്രമിക്കുകയാണയാൾ. അമ്മാവന്റെ ഇംഗ്ലണ്ടുകാരിയായ ഭാര്യയ്ക്ക് ഇതു മനസ്സിലാവുകയില്ല. മറ്റൊരു സംസ്കാരത്തിന്റെ ഭാഗമായ ഭാര്യയ്ക്കും മക്കൾക്കുമിടയിൽ അമ്മാവൻ ഒറ്റപ്പെടുകയാണ്. അമ്മാവന്റെ വ്യക്തിദുഃഖം പങ്കുവയ്ക്കപ്പെടുന്നതായി കാണുന്നില്ല.

**4.2.1.2. ഒറ്റപ്പെടുന്ന വൃദ്ധകളെ കേന്ദ്രീകരിച്ച കഥകൾ:**

**4.2.1.2.1. കാക്കനാടന്റെ 'ഭാഗ്യലക്ഷ്മി':**

ഭാഗ്യലക്ഷ്മി ഒരു വൃദ്ധവേശ്യയുടെ കഥയാണ്. ഒരു തരം ജോലിയും എടുക്കാൻ വയ്യാതായപ്പോൾ അവർ വളർത്തിക്കൊണ്ടുവന്നവൾ തന്നെ അവരെ ഇറക്കിവിടുക

യാണ്. റെയിൽവേ സ്റ്റേഷനിൽ തെണ്ടാനിരിക്കുന്ന കുഷ്ഠരോഗിക്കും അന്തിവേശ്യകൾക്കും വ്രണങ്ങൾ നിറഞ്ഞ ഭാഗ്യലക്ഷ്മി എന്ന പാക്കിയമ്മയെ കണ്ടപ്പോൾ അറപ്പും വെറുപ്പും തോന്നുന്നുണ്ട്. താൻ എടുത്തു വളർത്തിയ പെണ്ണ് തന്നെ ഒറ്റപ്പെടുത്തിയത് ക്ഷമിക്കാൻ അത്രയെളുപ്പം കഴിയുന്നതായിരുന്നില്ല. വേശ്യകളുടെ ഒഴിവാക്കാനാകാത്ത ദുരന്തം പാക്കിയമ്മയിലൂടെ വെളിപ്പെടുത്തുന്നു. ലൈംഗികത (sexuality)യിൽ നിന്നും വിഭിന്നമാണ് വേഴ്ച (sex) എന്ന് നാൻസി ആർ ഹൂയ്മാനും അസുമാൻ കിയാക്കിയും രേഖപ്പെടുത്തിയിട്ടുള്ളത് ഈ കഥയിൽ പ്രവർത്തിക്കുന്നതായി കാണാം (2011:276,277) വേഴ്ചയ്ക്ക് പ്രാധാന്യം കൊടുക്കുന്ന ഭാഗ്യലക്ഷ്മിക്ക് ആത്മീയമായ ലൈംഗികതയിൽ താല്പര്യം ഇല്ല. ആരോഗ്യമുള്ള ചെറുപ്പക്കാരെ കാണുമ്പോൾ അവരുടെ രോഗം ബാധിച്ച ശരീരം ആഗ്രഹം കൊള്ളുന്നുണ്ട്. ശരീരം വിറ്റുള്ള ഉപജീവനം മാത്രമേ അവർ ആഗ്രഹിക്കുന്നുള്ളൂ.

**4.2.1.1.2.2. ഒ.വി.വിജയന്റെ 'അമ്മയും മക്കളും':**

'അമ്മയും മക്കളും' പാലപ്പുറത്തു വടക്കേച്ചിറയ്ക്കൽ ഇട്ടിക്കാവമ്മയുടെ മാനസിക ദുരന്തത്തിന്റെ കഥയാണ്. ഭർത്താവ് മരിച്ചു. ഏഴാണ്മക്കളും ലോകത്തിന്റെ നാനാകോണുകളിൽ പലതരം വിധ്വംസക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകഴിയുന്ന അവരൊന്നും അമ്മയ്ക്ക് സ്വൈരം തരുന്നില്ല. സ്വന്തം പ്രവൃത്തിയുടെ ഫലം അനുഭവിക്കുന്ന മക്കൾ അവരുടെ സമാധാനം നശിപ്പിക്കുന്നു. ഏഴാമത്തെ മകൻ മറ്റുള്ളവരുടെ നാശം കണ്ട് തിരിച്ചറിവുണ്ടായി അമ്മയ്ക്ക് സമാധാനസന്ദേശവുമായി എത്തുന്നു. മായാസങ്കടങ്ങളെ വേർതിരിച്ചറിഞ്ഞ ഇട്ടിക്കാവമ്മയുടെ വിയോഗം സംഭവിക്കുകയാണ്.

**4.2.1.1.2.3. പെരുമ്പടവം ശ്രീധരന്റെ 'രണ്ടു സങ്കടങ്ങൾ കണ്ടുമുട്ടുമ്പോൾ':**

വൈധവ്യവും അനാഥത്വവും വാർദ്ധക്യവും അശരണരാക്കിയ സരസ്വതിയെ അതേ

അവസ്ഥയിലുള്ള പരിചയക്കാരൻ സംരക്ഷിക്കുന്നത് മക്കൾ ഇഷ്ടപ്പെടുന്നില്ല. അവരുടെ പഠനത്തിനും വിവാഹത്തിനും വീടും പറമ്പും വിറ്റ അമ്മയെ അനാഥാലയത്തിലാക്കാനാണ് അവർക്ക് ഉത്സാഹം. അമ്മയ്ക്കു പരിചിതനെങ്കിലും തങ്ങൾക്ക് അടുപ്പമില്ലാത്ത ഒരാളുടെ കൂടെ അമ്പലപരിസരത്ത് അമ്മ താമസിക്കുന്നത് മക്കൾ എതിർക്കുന്നു. അത്രയും വിശാലമായ ഒരു മനസ്സ് അവർ ആർജ്ജിച്ചിട്ടില്ല. അതുകൊണ്ട് വിശ്വനാഥന്റെ മരണശേഷം സരസ്വതിക്കു മുൻപ് താമസിച്ചിരുന്ന അനാഥാലയത്തിലേക്ക് മടങ്ങേണ്ടിവരികയാണ്. ഇത് അംഗീകരിക്കാൻ മക്കൾക്കും സമൂഹത്തിനും ബുദ്ധിമുട്ടില്ല. ഒരു സ്ത്രീയ്ക്ക്, പ്രത്യേകിച്ച് ബന്ധുക്കളുള്ള വിധവയ്ക്ക് സ്വന്തം താത്പര്യപ്രകാരം സ്വതന്ത്രമായി ജീവിക്കാൻ പറ്റുന്ന ചുറ്റുപാടിലേയ്ക്ക് വളരാത്ത ഒരു സാമുദായിക വ്യവസ്ഥിതി കഥയിൽ പ്രവർത്തിക്കുന്നതു കാണാം.

**4.2.1.1.2.4. എം. സുകുമാരന്റെ 'പൊട്ടക്കിണർ':**

വാർദ്ധക്യാവസ്ഥ തന്നെ ശാപമായി മാറിയ മുത്തിയാണ് ഈ കഥയിലുള്ളത്. അവരുടെ മകൻ ശാപവാക്കുകളുച്ചരിച്ചും പട്ടിണിക്കിട്ടും അമ്മയെ ശിക്ഷിക്കുന്നു. ഇതെല്ലാം കാണുന്ന പേരക്കുട്ടി നടേശന് മുത്തിയെ സഹായിക്കണമെന്നുണ്ട്. എപ്പോഴും മരിക്കുന്നതിനെപ്പറ്റി അവർ പറയാറുണ്ട്. ഇത് ആത്മാർത്ഥമാണെന്ന് വിശ്വസിക്കുന്ന അവൻ അവരെ കോവിലിലേയ്ക്ക് കൊണ്ടുപോകും വഴി പൊട്ടക്കിണറ്റിൽ ചാടാൻ സഹായിക്കുകയാണ്. ഒരു കഷ്ണം വെല്ലത്തിനുവേണ്ടി നടേശനോട് യാചിക്കുന്ന, പാടവരമ്പത്ത് പാമ്പുണ്ടാകുമെന്നു ഗുണദോഷിക്കുന്ന മുത്തി ജീവിതത്തെ സ്നേഹിക്കുന്നവളാണ്.

വയസ്സായവരെ ശകാരിക്കൽ (Elder Abuse) എന്ന അവസ്ഥയാണ് മകനിൽ നിന്നും മുത്തിക്ക് നേരിടേണ്ടി വരുന്നത്. വയസ്സായവരെ ഉപദ്രവിക്കുന്നതുമായി ബന്ധപ്പെട്ട

പഠനങ്ങളെ നിരീക്ഷിക്കുന്ന എസ്. ശിവ രാജ് പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളാണ് ശാരീരികവും വാക്കുകൾ കൊണ്ടുള്ളതുമായ അപമാനത്തിന് വിധേയരാകുന്നത് എന്നു നിരീക്ഷിക്കുന്നത് ഈ കഥയിൽ പ്രകടമായി കാണുന്നുണ്ട്.

**4.2.1.1.2.5. മുണ്ടൂർ സേതുമാധവന്റെ 'കൗസല്യ':**

ഈ കഥയിലെ കൗസല്യമുത്തശ്ശി പേരക്കുട്ടിയോടൊപ്പം ബോംബെയ്ക്കു പോകാൻ തീരുമാനിക്കുന്നത് നാടുകാണാനോ വിനോദത്തിനോ അല്ല. ഒറ്റയ്ക്കിരിക്കുമ്പോൾ ഓർക്കാൻ എന്തെങ്കിലും പുതുതായി വേണം. മകനോടും കുടുംബത്തോടും ഒപ്പം തങ്ങുന്നതിനേക്കാൾ നല്ല ഓർമ്മകൾ വേറെയില്ലെന്ന് അവർക്കു തോന്നുന്നു. അവരുടെ ഒറ്റപ്പെടലിന്റെ ആഴം വെളിപ്പെടുത്താൻ ഈ ആഗ്രഹപ്രകടനം സഹായിക്കുന്നുണ്ട്.

**4.2.1.1.2.6. യു.എ.ഖാദറിന്റെ 'ദക്ഷിണായനം':**

ലോകത്തിന്റെ നാനാഭാഗത്തായി ഉപജീവനാർത്ഥം ചിതറിക്കിടക്കുന്ന മക്കൾക്ക് അച്ഛൻ അപ്രതീക്ഷിതമായി മരിച്ചപ്പോൾ നാട്ടിലെത്താനായില്ല. അമ്മ മക്കളെ പ്രതീക്ഷിക്കുന്നുമില്ല. ഒറ്റപ്പെട്ട ജീവിതത്തിൽ മരണത്തെ മാത്രമേ പ്രതീക്ഷിക്കേണ്ടതുള്ളൂ എന്ന് ദാക്ഷായണിയമ്മയ്ക്ക് മനസ്സിലാവുകയാണ്.

**4.2.1.1.2.7. പി. വത്സലയുടെ 'കാലാൾ, കാവലാൾ':**

ഈ കഥയിലെ റിട്ടയേർഡ് ടീച്ചർ രുദ്രാണി അയൽക്കാരനും ശിഷ്യനുമായ സുഗുണന്റെ നിരീക്ഷണത്തിലാണ്. റിട്ടയേർഡ് പട്ടാളക്കാരനായ അയാൾ അവിവാഹിതയായ അവരുടെ കൊലപാതകം പ്രതീക്ഷിക്കുന്നതുകൊണ്ട് അവരറിയാതെ കാലാളും കാവലാളുമായി സ്വയം മാറിയിരിക്കുകയാണ്. അപ്രതീക്ഷിതമായ അന്ത്യമാണ് കഥ

യിലുള്ളത്. ഒറ്റയ്ക്കു പാർക്കുന്ന ടീച്ചറെ ആരും കൊല്ലാത്തതുകൊണ്ട് ഉന്മാദത്തിന്റെ വക്കോളമെത്തിയ സുഗുണൻ തന്നെ ആ ദൗത്യം ഏറ്റെടുക്കുകയാണ്. ഏകാകിനികളായ സ്ത്രീകളെ സംബന്ധിച്ച് സമൂഹത്തിന്റെ സങ്കല്പമാണ് സുഗുണന്റെ ചിന്തയിലും പ്രവൃത്തിയിലും നിഴലിക്കുന്നത്. യാതൊരു തൊഴിലിനും പോകാതെ ദിവസം മുഴുവൻ ഈ ഒറ്റ ചിന്തയുമായി ടീച്ചറുടെ വീടും നിരീക്ഷിച്ചിരിക്കുന്ന ഈ ചെറുപ്പക്കാരൻ ഉത്തരവാദിത്വമില്ലാത്ത ഒരു തലമുറയുടെ വക്താവാണ്.

#### 4.2.1.1.2.8. സാറാ തോമസിന്റെ 'സുഗന്ധി':

രാജവാഴ്ച ഉണ്ടായിരുന്ന ഒരു കാലത്തെയും അത് ഇല്ലാതായ കാലത്തെയും അന്തരീക്ഷം ഈ കഥയിലുണ്ട്. നാടുവാഴിയുടെ വെപ്പാട്ടിയായതാണ് തന്റെ ദുരന്തമെന്ന് കരുതുന്ന നാഞ്ചിനാടൻ പെൺകുട്ടിയായ സുഗന്ധവല്ലി എന്ന സുഗന്ധി. രാജവാഴ്ച ഇല്ലാതാവുകയും സൗന്ദര്യം നശിച്ച് താൻ പേക്കോലമാവുകയും ചെയ്തപ്പോൾ ആച്ചിയമ്മയായി രൂപന്തരപ്പെട്ടു. മാളികയിൽനിന്നും കോണിച്ചുവട്ടിലെ കൊച്ചുമുറിയിലേക്ക് അവർക്ക് സ്ഥാനചലനം സംഭവിച്ചു. അവരിൽനിന്നും വീട്ടുകാർക്ക് സാമ്പത്തികമായി ഇനി ഒന്നും പ്രതീക്ഷിക്കാനാവില്ല. പൗർണ്ണമി രാത്രികളിൽ, തന്നെ കൊണ്ടുപോകാൻ വരുന്ന സാരട്ടുവണ്ടിയെ പ്രതീക്ഷിച്ച് നിറം മങ്ങിയ ചേല ചുറ്റി, മറ്റുള്ളവർ ചൂടിയെറിഞ്ഞ മുല്ലമാല മെടഞ്ഞിട്ട മുടിയിൽ വെച്ച്, കുങ്കുമം തൊട്ട് പഴയകാല ഓർമ്മകളിൽ മുങ്ങി നിൽക്കുന്ന പേക്കോലം കുട്ടികൾക്ക് പൈതൃക്കാരിയാണ്. വയസ്സായവർക്കു നേരെയുള്ള അവഗണനയുടെയും അപമാനത്തിന്റെയും ആൾരൂപമായി ആച്ചിയമ്മ മാറുന്നു. ശാരീരികമായ അനുഭവത്തേക്കാൾ തന്റെ വൈകാരികബൗദ്ധിക, ആത്മീയ, സ്വഭാവ, സാമൂഹിക, സാംസ്കാരികമായിട്ടുള്ള ഒന്നായാണ് സുഗന്ധി ലൈംഗികാനുഭവത്തെ കാണുന്നത്. പാക്കിയമ്മയിൽ നിന്നും അവരെ വേർതിരിക്കാൻ ഈ ഉയർന്ന

തലത്തിനു കഴിയുന്നു.

വൃദ്ധന്മാരെ അപേക്ഷിച്ച് വൃദ്ധകളുടെ കഥകൾ ഒറ്റപ്പെടുന്നവരിൽ കൂടിയിരിക്കുന്നു.

**4.2.1.2. ഒറ്റപ്പെടുത്തപ്പെടുന്ന വൃദ്ധന്മാർ:**

ഈ വിഭാഗത്തിൽ സ്ത്രീ കഥാപാത്രങ്ങളുടെ പ്രാതിനിധ്യം ഇല്ല. ഒറ്റപ്പെടുത്തുന്നവരും ഒറ്റപ്പെടുന്നവരും പ്രായമായവരിലുണ്ട്. സക്കറിയയുടെ 'ഈ എഴുത്ത്', ജോർജ്ജ് ഓണക്കൂറിന്റെ വീണ്ടും ശൈശവം, ആവർത്തനങ്ങൾ, വൈശാഖന്റെ 'സൈലൻസർ', സാറ തോമസിന്റെ 'മൃഗതൃഷ്ണ' എന്നീ കഥകളിലെ വൃദ്ധന്മാർ ഒറ്റപ്പെടുത്തപ്പെടുന്നവരാണ്.

**4.2.1.2.1. സക്കറിയയുടെ 'ഈ എഴുത്ത്':**

ഈ കഥയിലെ തൊമ്മച്ചൻ കപടമായ ലോകസ്വഭാവത്തെ വെളിപ്പെടുത്തിത്തരുന്നു. വിവാഹിതനായ മരുമകനെ ഉദ്ബോധിപ്പിക്കാനുള്ള തൊമ്മച്ചന്റെ ശ്രമം പരാജയപ്പെടുന്നു. അസമയത്ത് മരുമകന്റെ മണിയറ വാതിൽ തുറപ്പിച്ചു അവനോട് പറയാൻ വന്നത് മറന്നു പോയതിൽ നിന്നായിരുന്നു എല്ലാറ്റിന്റെയും തുടക്കം. എൺപതു കഴിഞ്ഞ വല്യമ്മച്ചി മരിച്ചപ്പോൾ ദുഃഖിച്ചിരുന്നവർക്ക് സന്തോഷം പകരാൻ പാട്ടുപെട്ടി വച്ചത് ഭ്രാന്തായി വ്യാഖ്യാനിക്കപ്പെട്ടു. ഇനിയും സഹിക്കാനാകാതെ വീട്ടുകാർ തൊമ്മച്ചനെ ഭ്രാന്താസ്പത്രിയിലാക്കാൻ തീരുമാനിക്കുകയാണ്. ഈ വിവരം ബോർഡിങ്ങിലുള്ള മകനെ എഴുതി അറിയിക്കുന്ന രൂപത്തിലാണ് കഥ. വിചിത്രമായ പെരുമാറ്റം തൊമ്മച്ചനെ ഒറ്റപ്പെടുത്തുന്നു. സന്ദർഭത്തിനനുസരിച്ച് പെരുമാറാൻ പരിശീലിപ്പിക്കപ്പെടുന്ന മനുഷ്യരെ മറികടക്കാനുള്ള ശ്രമമാണ് തൊമ്മച്ചനു ഭ്രാന്താസ്പത്രിയിലേയ്ക്കുള്ള വഴി തുറക്കുന്നത്.

**4.2.1.2.2. ജോർജ്ജ് ഓണക്കൂറിന്റെ കഥകൾ:**

വീണ്ടും ശൈശവം, ആവർത്തനങ്ങൾ, എന്നീ കഥകളിലെ വൃദ്ധരെ ഒറ്റപ്പെടുത്തുന്നത് മക്കൾ തന്നെയാണ്. മറുനാടുകളിൽ ജീവിതമുറപ്പിച്ചവർക്ക് നാട്ടിലെ രക്ഷിതാക്കളെ അവരാഗ്രഹിക്കുന്ന വണ്ണം നോക്കാനാകുന്നില്ല. 'വീണ്ടും ശൈശവ'ത്തിൽ ഇതു കാണുന്നു. ഇക്കഥയിൽ വൃദ്ധ ദമ്പതികളാണുള്ളത്. അതുകൊണ്ടു തന്നെ മറ്റു കഥകളിൽ നിന്ന് വ്യത്യസ്തമാണിത്. അമേരിക്കക്കാരിയായ മകൾക്ക് ഒരു വേലക്കാരിയെ വെയ്ക്കാനും ഫോൺ ചെയ്യാനുമേ കഴിയുന്നുള്ളൂ. വേലക്കാരിയുടെ കീഴിൽ ഒതുങ്ങിക്കഴിയാൻ നിർബന്ധിതരാവുന്ന അപ്പനും അമ്മയും. *"ഒരിക്കൽ മറ്റുള്ളവരെ വരച്ച വരയിലൂടെ നടത്തി. ഇപ്പോൾ അത് സ്വന്തം വിധിയായി."* എന്ന് മനസ്സിലാക്കാൻ ജോസഫിനും കത്രീനയ്ക്കും കഴിയുന്നുണ്ട്. (ഓണക്കൂർ, 2010:46) മകൾക്ക് അവളുടെ മക്കൾ പ്രിയപ്പെട്ടവരാണെന്നതുപോലെ തന്നെയാണല്ലോ തങ്ങൾക്ക് അവളും എന്ന് അപ്പനും അമ്മയും ചിന്തിച്ചു പോകുന്നു.

അസ്തിത്വമുറപ്പിച്ച നഗരത്തിൽനിന്നും വിട്ടുപോന്ന ഗ്രാമത്തിലേയ്ക്കുള്ള തിരിച്ചുപോക്ക് സ്വപ്നം കാണുന്ന നായകനാണ് 'ആവർത്തനങ്ങ'ളിൽ ഉള്ളത്. തറവാടും കൂട്ടുകുടുംബവും നൽകിയ അസ്ഥിരതയും അശാന്തിയുമാണ് അയാളെ നാടുവിടാൻ പ്രേരിപ്പിക്കുന്നത്. അച്ഛനാരെന്നറിയാത്ത അപമാനിതനായ കർണ്ണനാണ് അയാളുടെ ആദർശപുരുഷൻ എന്നതിൽനിന്നുതന്നെ അയാളുടെ ജനനം എങ്ങനെയെന്ന് ഊഹിക്കാം. വെട്ടിപ്പിടിച്ചതെല്ലാം നിമിഷനേരം കൊണ്ട് ഇല്ലാതായി പഴയ നിസ്വാവസ്ഥയിലേക്ക് മടങ്ങുന്നത് ശപ്തമായ ഭൂതകാലത്തിൽ നിന്നും മോചനമില്ലെന്ന് വ്യക്തമാക്കുന്നു. തന്നെ വിട്ട് അമേരിക്കയിലുള്ള മക്കൾക്കടുത്തു പോയ ഭാര്യയെ അയാൾ കുറ്റപ്പെടുത്തുന്നില്ല. അധികാരം വേണ്ടെന്നു വച്ചപ്പോഴാണ് താൻ ഒറ്റപ്പെട്ടതെന്നു അയാൾ തിരിച്ചറിയുന്നത്. അയാളുടെ അമ്മയുടെ കഷ്ടപ്പാടും ദാരിദ്ര്യവും കണ്ണീരും

തറവാടും പഴയ സാമൂഹികാന്തരീക്ഷം പുനഃസൃഷ്ടിക്കുന്നു.

**4.2.1.2.3. വൈശാഖന്റെ 'സൈലൻസർ':**

ഈ കഥയിലെ മുണ്ടക്കോടൻ പൊറിഞ്ചു ഈനാശു എന്ന ഈനാശുചേട്ടൻ അനുഭവിക്കുന്ന അസ്തിത്വവ്യഥ ശ്രദ്ധേയമാണ്. അപ്പൻ വഴി തനിക്കു കിട്ടിയ സൈക്കിൾ വർക്ക്ഷോപ്പും സ്ഥലവും മകന്റെ ഹോട്ടലിനു വേണ്ടി വിറ്റതു മുതലാണ് ഇതാരംഭിച്ചത്. സൈലൻസർ അഴിച്ചുമാറ്റിയ മോപ്പഡിന്റെ ചെകിടടപ്പിക്കുന്ന ഒച്ചയിൽ പുലർകാലത്ത് നാട്ടുകാർ ഈനാശുചേട്ടനെ അറിഞ്ഞു. മകന്റെ കാർ കയറി വണ്ടി കേടു വന്നതോടെ ഈ അസ്ഥിത്വം ഇല്ലാതാവുകയാണ്. മകന്റെ ബാർഹോട്ടലിൽ മുതലാളിയുടെ അപ്പനായിരിക്കാൻ മകന്റെ കാറിൽ കയറുന്നതോടെ വൃദ്ധന്റെ അസ്തിത്വം മുതലാളിത്തത്തിന്റേതായി മാറുകയാണ്. ഭാര്യ മകന്റെ പക്ഷം ചേരുന്നതോടെ ഈനാശുചേട്ടന്റെ ഒറ്റപ്പെടൽ വർദ്ധിച്ചിരുന്നത് പൂർണ്ണമാകുകയാണ്. കാറിന്റെ കടന്നു കയറ്റത്തിൽ തകരുന്ന വണ്ടി, മോട്ടോർ ബൈക്കിന്റെ വരവോടെ അപ്രത്യക്ഷമാകുന്ന സൈക്കിളുകൾ, ബാർഹോട്ടലിന്റെ വരവ്, പുത്തൻ കെട്ടിടങ്ങൾ മുതലായവയെല്ലാം ഉപോഭഗ സംസ്കാരത്തിന്റെ വരവറിയിക്കുന്നു.

**4.2.1.2.4. സാറാ തോമസിന്റെ 'മൃഗതൃഷ്ണ':**

ഒറ്റപ്പെട്ട അവസ്ഥയിൽ മക്കൾ നോക്കും എന്ന വൃദ്ധന്റെ മോഹം അസ്ഥാനത്താകുന്നത് ഈ കഥയിലുണ്ട്. അമ്മ മരിച്ചതു മൂലം ഒറ്റയ്ക്കായ അച്ഛനെ തനിച്ചാക്കി മകനും മകളും പോകുകയാണ്. കാര്യാന്തരവ്യഗ്രരായ അവർക്ക് ഏറെ നാൾ വീട്ടിൽ തങ്ങാനാകില്ല. താൻ വച്ച റോസാച്ചെടികളെപ്പറ്റി വ്യാകുലപ്പെടുന്ന മകൾ അച്ഛന്റെ കാര്യങ്ങൾ നോക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നുണ്ട്. മകൻ പട്ടണത്തിലേയ്ക്ക് വിളി

ച്ചില്ലല്ലോ എന്ന സ്വകാര്യദുഃഖം അച്ഛനുണ്ട്. ഭാര്യയുടെ വേർപാട് ശക്തമായ ഏകാന്ത തയിലേയ്ക്ക് വൃദ്ധനെ നയിക്കുന്നു. കഥാന്ത്യത്തിലെ അയാളുടെ മരണം അപ്രതീ ക്ഷിതമല്ല.

### 4.2.2. ഇരകളാകുന്ന വൃദ്ധർ:

മക്കളെച്ചൊല്ലി ദുഃഖിച്ച് മരിക്കുന്നവരുണ്ട്. സാമൂഹികമായ മാറ്റങ്ങൾ തിരിച്ചറിയാതെ ജീവിക്കുന്നവരുണ്ട്. സാമൂഹികമാറ്റങ്ങളും ദാരിദ്ര്യവും വ്യക്തികൾക്ക് അനുഭവിക്കേണ്ടി വരുന്നു. സി.രാധാകൃഷ്ണന്റെ 'ഇവിടെ പൊളിക്കുന്നതെല്ലാം ലേലവിൽപ്പനയ്ക്ക്', കെ. എൽ.മോഹനവർമ്മയുടെ 'മധുരം', മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ 'ഒരു ശ്രീകൃഷ്ണ വൈഭവം', പി.വത്സലയുടെ 'ജയശീലന്റെ അമ്മ', സാറാ തോമസിന്റെ 'സുഗന്ധി' എന്നീ കഥകളാണ് പരിഗണിക്കുന്നത്.

ഈ വിഭാഗത്തിൽ പുരുഷന്മാരെ കേന്ദ്രീകരിച്ച കഥകൾ ഇല്ല.

#### 4.2.2.1. സാമൂഹികമാറ്റത്തിന്റെ കഥകൾ:

##### 4.2.2.1.1. സാറാ തോമസിന്റെ 'സുഗന്ധി':

സുഗന്ധവല്ലി നാടുവാഴിയുടെ വെപ്പാട്ടിയായതോടെ വീട്ടിലെ ദാരിദ്ര്യത്തിനു ശമന മായി. ധനം കുന്നുകൂടിയതോടെ വീട്ടുകാർക്ക് ആർത്തി പെരുത്തു. സന്തതിക്ക് മറ്റു ള്ളവരുണ്ട് എന്ന അഭിപ്രായത്തിൽ അമ്മയാകാനുള്ള സുഗന്ധിയുടെ മോഹം നിഷ്ക രുണം തള്ളപ്പെട്ടു. ഗർഭപാത്രം നീക്കം ചെയ്തു. പ്രതിഷേധിക്കാനോ എതിർക്കാനോ കഴിയാതെ പോയതാണ് അവരുടെ ദുരന്തം. സൗന്ദര്യം നഷ്ടപ്പെട്ട അവളെ രാജാവും തിരിഞ്ഞുനോക്കിയില്ല. വീട്ടുകാരുടെ ആർത്തിയുടെയും നാടുവാഴിയുടെയും ഭോഗ ത്തിന്റെ ഇരയായി മാറുന്ന സുഗന്ധി എന്ന ആച്ചിയമ്മയ്ക്ക് ആരോടും എതിർത്തു

നിൽക്കാനുള്ള ശേഷി ലഭിച്ചില്ല.

**4.2.2.2. ദരിദ്രയായ വൃദ്ധകൾ:**

**4.2.2.2.1. കെ.എൽ.മോഹനവർമ്മയുടെ 'മധുരം':**

കാലം മാറിയിട്ടും സാമൂഹികമായ അവകാശങ്ങളിൽ ഉറച്ചു നിൽക്കുന്ന ഒരു വലിയമ്മയാണ് ഈ കഥയിലുള്ളത്. അവരെ ആരും കണക്കിലെടുക്കുന്നില്ല. സദ്യയുള്ളിടത്ത് വിളിക്കാതെ ചെന്ന് അവകാശം പറ്റുന്ന അവരെ മറ്റുള്ളവർ അകറ്റി നിർത്തുന്നു. കല്യാണവീട്ടിൽ കാണാതായ സ്വർണ്ണവളകൾ അവരിൽനിന്നാണ് കണ്ടെടുക്കുന്നത്. നവോത്ഥാനകാഥികനായ നാഗവള്ളിയാണ് മുമ്പ് അവകാശം പറ്റുന്നവരുമായി ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്തിട്ടുള്ളത്.

**4.2.2.2.1. മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ 'ഒരു ശ്രീകൃഷ്ണ വൈഭവം':**

ശ്രീകൃഷ്ണക്ഷേത്രത്തിലെ കഴകക്കാരായ അമ്മയും മകനും ദാരിദ്ര്യംമൂലം വിഷമാവസ്ഥയിലാകുന്നു. മകന്റെകൂടെ അമ്മ നാടുവിടുന്നില്ല. ഭഗവാൻ അമ്മയുടെ ദാരിദ്ര്യം തീർത്തു അവർക്ക് മോക്ഷം കൊടുക്കുന്ന തികച്ചും കാല്പനികവും ഭ്രമാത്മകവുമായ ഒരന്ത്യമാണ് കഥയ്ക്കു നൽകിയിട്ടുള്ളത്. ആധുനികരും ദാരിദ്ര്യം വിഷയമാക്കിയിട്ടുണ്ടെന്ന് ഈ കഥ വ്യക്തമാക്കുന്നു. ദാരിദ്ര്യം മൂലം നാടുവിട്ട് നഗരത്തിൽ ഭാഗ്യാന്വേഷണത്തിനു പോകുന്നവരുടെ പ്രതിനിധികളായി അമ്മയുടെ മകൻ അപ്പുവും ക്ഷേത്രത്തിലെ പൂജാരിയും മാറുന്നു.

**4.2.2.3. സ്വാഭാവിക ദുഃഖത്തിന്റെ ഇരകളായ വൃദ്ധർ:**

**4.2.2.3.1. സി.രാധാകൃഷ്ണന്റെ 'ഇവിടെ പൊളിക്കുന്നതെല്ലാം ലേലവിൽപ്പന'യ്ക്ക്:**

ഈ കഥയിലെ അമ്മയ്ക്ക് മക്കൾ മൂലം മരിക്കേണ്ടി വരികയാണ്. ആണും പെണ്ണു

മായി കുറേ മക്കളുണ്ടായിട്ടും മാനസികമായി ഒറ്റപ്പെടാനാണ് അമ്മയുടെ വിധി. പഴയ തറവാട്ടിൽ നിധിയുണ്ടെന്ന സങ്കല്പം മക്കളെ വിരോധികളാക്കുന്നതും അതിൽ വ്യസനിച്ച് സമാധാനപ്രിയയായ അമ്മ മരിച്ചുപോകുകയുമാണ്. മുല ഓപ്പറേറ്റ് ചെയ്തു കിടക്കുന്ന മകളെ കാണാൻ ആൺമക്കളാരും ചെല്ലാത്തതിൽ അവർക്ക് ദുഃഖമുണ്ട്. പൊട്ടനായ ഒരു മകനും ലോകം നന്നാക്കാനിറങ്ങിയ മറ്റൊരു മകനും അമ്മയ്ക്ക് തീരാദുഃഖങ്ങളാണ്. വിധവയായ മകളും ഭർത്താവ് ഉപേക്ഷിച്ച മകളും അവരുടെ സമാധാനം ഇല്ലാതാക്കുന്നു. അന്യ സംസ്കാരത്തിൽ വളർത്തപ്പെടുന്ന പേരക്കുട്ടികളും അമ്മയ്ക്കുണ്ട്.

#### 4.2.2.3.2. പി.വത്സലയുടെ 'ജയശീലന്റെ അമ്മ':

മകൻ ജയശീലന്റെ വീട്ടിൽ താമസിക്കുന്ന അമ്മ വീഴ്ചയെ തുടർന്ന് കിടപ്പിലായി. സഹോദരിമാരോട് പ്രതികാരം ചെയ്യാനുള്ള അവസരമായിട്ടാണ് ജയശീലൻ ഇത് കാണുന്നത്. ജീവിതത്തിലൊരിക്കലും ആസ്പത്രിയിൽ പോകാത്ത അമ്മയെ ആരു പറഞ്ഞിട്ടും അയാൾ കൊണ്ടുപോകുന്നില്ല. മരിച്ചവരെ കിടത്തിയപോലെ നടുവകത്ത് അമ്മയെ കിടത്തിയത് ചിലർ ചൂണ്ടിക്കാട്ടിയിട്ടും മകന് കുലുക്കമില്ല. അമ്മയ്ക്ക് മതിയായി. അവർ വേഗം മരിച്ചു പോകുന്നു. അമ്മയുടെ മരണരംഗം ഭ്രമാത്മകമായാണ് ഘടിപ്പിച്ചിട്ടുള്ളത്.

ഈ വിഭാഗത്തിൽ വൃദ്ധന്മാരുടെ കഥകൾ ലഭിച്ചിട്ടില്ല.

### 4.2.3. ജോലിയിൽനിന്നു വിരമിച്ചവർ:

ഉദ്യോഗസ്ഥരായി ജീവിതം നയിച്ച കൂടുതൽ പേർക്കും റിട്ടയർമെന്റ് പുതിയ ജീവിതാരംഭമാണ്. പെൻഷനുമായി ബന്ധപ്പെട്ട കഥകളാണ് ഈ ഭാഗത്ത് പരിശോധിക്കു

ന്നത്. ഒ.വി.വിജയന്റെ വൈദ്യവിധി, മുരുകൻ നായർ, സേതുവിന്റെ സാമി, യു.എ.ഖാദറിന്റെ വെയിൽനാളങ്ങൾ മനസ്സിൽ, എം. സുകുമാരന്റെ അന്നന്നത്തെ അത്താഴം, സിംഹം, പെരുമ്പടവം ശ്രീധരന്റെ പ്രളയജലധി, ജോർജ്ജ് ഓണക്കൂറിന്റെ മെഗലോമാനിയ, വൈശാഖന്റെ ഉദയാസ്തമയങ്ങൾ, പി.വത്സലയുടെ കറുത്ത കുതിര, ജയന്തൻ നമ്പൂതിരിയുടെ സായന്തനങ്ങൾ, കാലാൾ, കാവലാൾഎന്നീ കഥകളാണ് വിശകലനം ചെയ്യുന്നത്.

**4.2.3.1.1. പെൻഷൻ എന്ന അവസ്ഥയുമായി പൊരുത്തപ്പെടുന്ന വൃദ്ധന്മാർ:**

സേതുവിന്റെ സാമി, യു.എ.ഖാദറിന്റെ വെയിൽനാളങ്ങൾ മനസ്സിൽ, വൈശാഖന്റെ ഉദയാസ്തമയങ്ങൾ എന്നീ കഥകളാണ് ഈ വിഭാഗത്തിൽ വരുന്നത്.

**4.2.3.1.1.1. സേതുവിന്റെ സാമി:**

സാമിയിൽ ദരിദ്രനായ സാമിയുടെ ബുദ്ധിവൈഭവം മുഴുവൻ ഊറ്റയെടുക്കുന്ന കമ്പനി അയാളുടെ മഹിമകൾ ഘോഷിച്ച് ഒരു യാത്രയയപ്പും കൊടുക്കുന്നു. ജീവിതം മുഴുവൻ അവിടെ ഹോമിച്ച സാമിക്ക് നല്ലൊരു കുടുംബജീവിതം ഉണ്ടായില്ല. മൂലക്കുരു പൊട്ടിയ വേദന മാത്രം ബാക്കിയാവുന്നു.

**4.2.3.1.1.2. യു.എ.ഖാദറിന്റെ 'വെയിൽ നാളങ്ങൾ മനസ്സിൽ':**

ഈ കഥയിൽ രണ്ടുതരം പെൻഷണർമാരെ കാണാം. ആശുപത്രി ജീവനക്കാരാണവർ. വ്യത്യസ്ത തസ്തികയിൽ ഉണ്ടായിരുന്നവർ. ഒരാൾ ആദ്യം റിട്ടയർ ചെയ്ത ചെറുപ്പം കാത്തുസൂക്ഷിക്കുന്നയാൾ, ഇതരൻ അപ്പോൾ റിട്ടയർ ചെയ്ത പ്രാരാബ്ധക്കാരൻ. ആദ്യത്തെയാൾ ചങ്ങാതിക്കൂട്ടമായിരിക്കുന്ന വൃദ്ധരെ ഒഴിവാക്കാൻ വേണ്ടി

മാസാദ്യം പെൻഷൻ വാങ്ങാൻ പോകാറില്ല. അക്കൂട്ടരെ അയാൾക്ക് പുച്ഛമാണ്. ജീവിതത്തിന്റെ രണ്ടറ്റങ്ങളും രണ്ടു മനോഭാവങ്ങളും ഈ കഥാപാത്രങ്ങളിലുണ്ട്.

**4.2.3.2.2. പെൻഷൻ എന്ന അവസ്ഥയുമായി പൊരുത്തപ്പെടുന്ന വൃദ്ധകൾ:**

**4.2.3.2.2.1. വൈശാഖന്റെ 'ഉദയാസ്തമയങ്ങൾ':**

സ്ത്രീ പെൻഷണറാകുന്ന കഥയാണിത്. തന്റെ രോഗവും വീടും പരിസരവുമായി പൊരുത്തപ്പെട്ടിരിക്കുന്ന ഒരു റിട്ടയേർഡ് ടീച്ചറാണ് ഈ കഥയിലെ മുഖ്യകഥാപാത്രം. അന്യനാട്ടിൽ ജോലിയായിക്കഴിയുന്ന മകന്റെ കൂടെ നിൽക്കുന്നതിനേക്കാൾ നാട്ടിൽ നിൽക്കാനാണ് അവർ ഇഷ്ടപ്പെടുന്നത്. അതാണു തനിക്ക് സുഖം തരിക എന്ന് അവർ വിശ്വസിക്കുന്നു.

**4.2.3.2. പെൻഷൻ എന്ന അവസ്ഥയുമായി പൊരുത്തപ്പെടാത്തവർ:**

ഒ.വി.വിജയന്റെ 'വൈദ്യവിധി, മുരുകൻനായർ, പെരുമ്പടവം ശ്രീധരന്റെ പ്രളയജലധി എന്നീ കഥകൾ പരിശോധിക്കുന്നു. ഈ വിഭാഗത്തിൽ സ്ത്രീകളുടെ കഥകൾ വന്നിട്ടില്ല.

**4.2.3.2.1. ഒ.വി.വിജയന്റെ 'വൈദ്യവിധി', 'മുരുകൻനായർ':**

പെൻഷൻ പറ്റാൻ മൂന്നുമാസം ശേഷിക്കെ ലീവിൽ പ്രവേശിച്ച ഒരാളുടെ മാനസിക വിഭ്രമമാണ് 'വൈദ്യവിധി'യിലുള്ളത്. അബോധ മനസ്സിൽ ഉറങ്ങിക്കിടന്ന മോഹഭംഗം അയാളുടെ നിറമുള്ള സ്വപ്നങ്ങൾ ഇല്ലാതാക്കുകയാണ്. തിരക്കിനിടയിൽ വിവാഹം കഴിക്കാൻ മറന്നു പോയത് ഒരു ദുഃഖമായി മാറുന്നു. ലീവ് വേഗം തീർന്നു പോകുന്നു. മുൻപില്ലാത്ത ഭയം അലട്ടുന്നു. സമയബോധമാണ് അയാളുടെ ഭയത്തിനു കാരണ

മെന്ന് കണ്ടുപിടിക്കപ്പെടുന്നു. കഥാവസാനം വിഭ്രാമകമായാണ് ഘടിക്കപ്പെട്ടിട്ടുള്ളത്.

വിരമിക്കാൻ രണ്ടുമാസം മാത്രം ഉള്ള മുരുകൻനായർ എന്ന പോലീസുകാരന്റെ കഥയാണ് 'മുരുകൻ നായർ'. മുപ്പതുകൊല്ലം ജോലി ചെയ്തിട്ടും ഒരു നല്ല കേസു പോലും കിട്ടി പ്രമോഷൻ കിട്ടാൻ ഇടയാകാത്തതിൽ അയാൾക്കു ദുഃഖമുണ്ട്. തൊഴിലാളി പ്രവർത്തകനും അധഃകൃതബന്ധുവുമായ ഇട്ടിനാകനെ പിടിക്കുക മുരുകൻനായരുടെ നടക്കാത്ത സ്വപ്നമാണ്. മരിച്ചുപോയ തന്റെ മകൻ രാഘവൻകുട്ടിയുടെ പ്രായക്കാരനായതുകൊണ്ട് അവനെ ദ്രോഹിക്കാനും വയ്യ. ഇട്ടിനാകനെ പിടിക്കാനുള്ള ഓട്ടത്തിനിടയിൽ തിരുകൊച്ചിയിൽ തന്നെ ഭരിച്ച എല്ലാ മേലുദ്യോഗസ്ഥരും താൻ ചെയ്ത തെറ്റുകൾ എണ്ണിയെണ്ണിച്ചോദിക്കുന്നതായും തന്റെ പിഴവുകൾ ചൂണ്ടിക്കാണിക്കുന്നതായും ചെയ്യുന്നതായി വിഭ്രാമകമായ ഒരനുഭവത്തിൽ പെട്ടുപോകുന്നു. അസുഖത്തിൽ നിന്നും അയാൾ ഉണരുന്നത് ആശുപത്രിക്കിടക്കയിൽ വച്ചാണ്. മരിച്ചുപോയ മകന്റെ സാന്നിദ്ധ്യവും ഇട്ടിനാകൻ പോലീസ്കസ്റ്റഡിയിൽനിന്നും രക്ഷപ്പെട്ടതായുള്ള ദർശനവും അയാൾക്ക് സമാധാനം നൽകുന്നു. പെൻഷൻ പോലീസാണെന്നുള്ള ദുഃഖം മറക്കാൻ ഇതെല്ലാം സഹായിക്കുന്നു.

**4.2.3.2.2. പെരുമ്പടവം ശ്രീധരന്റെ 'പ്രളയ ജലധി':**

പ്രളയജലധിയിലെ അറുപതുകാരൻ ശിവരാമൻനായർക്ക് ഒരു നിമിഷം പോലും വിശ്രമിക്കുന്നത് ഇഷ്ടമല്ല. റിട്ടയർമെന്റ് അയാൾക്ക് പുതിയ പ്രശ്നം സൃഷ്ടിക്കുന്ന. ഭർത്താവിനെ മനസ്സിലാക്കാനാവാത്ത ഭാര്യ മറ്റൊരു പ്രശ്നമാണ്. മകളോടൊപ്പം താമസം, ജോലിയില്ലാത്ത ജാമാതാവ്, വീർപ്പുമുട്ടിക്കുന്ന അന്തരീക്ഷത്തിൽനിന്നും രക്ഷ തേടി പദ്മതീർത്ഥക്കരയിൽ ചെന്നിരിക്കുന്ന അയാൾക്ക് തന്റെ ഓഫീസ് ജീവിതത്തിന്റെ ഓർമ്മയിൽനിന്നും രക്ഷപ്പെടാനാവുന്നില്ല. അയാൾ കുഴഞ്ഞുവീണ് മരിക്കുകയാണ്.

**4.2.3.3.1. പെൻഷൻ എന്ന അവസ്ഥയെ പ്രതിരോധിക്കുന്ന വൃദ്ധന്മാർ:**

ജോർജ്ജ് ഓണക്കൂറിന്റെ 'മെഗേലാമാനിയ' വത്സലയുടെ ജയന്തൻ നമ്പൂതിരിയുടെ സായന്തനങ്ങൾ, എന്നീ കഥകൾ പരിശോധിക്കുന്നു.

**4.2.3.3.1.1. ജോർജ്ജ് ഓണക്കൂറിന്റെ 'മെഗലോമാനിയ'**

'മെഗലോമാനിയ'യിൽ ഫലിതമയമായ ആഖ്യാനശൈലിയാണ് സ്വീകരിച്ചിരിക്കുന്നത. കവിത്വസിദ്ധിയില്ലാഞ്ഞിട്ടും അതിനുവേണ്ടി ശ്രമിച്ചു സ്വാകാര്യമായി പരിശീലനം നടത്തുന്ന റിട്ടയേർഡ് സൂപ്രണ്ട് നാണുപിള്ളയ്ക്ക് എന്തോ രോഗബാധയാണെന്നു ഭാര്യയും പൊതുസമൂഹവും കണ്ടെത്തുന്നു. ചെറിയ ഈ മാനസികവിഭ്രാന്തിക്ക് ഡോക്ടർ 'മെഗലോമാനിയ' എന്നു പേരും കൊടുത്ത് എല്ലാവരെയും തൃപ്തിപ്പെടുത്തുന്നു. പെൻഷനായതിനുശേഷമാണ് നാണുപിള്ള തന്റെ സത്വം കണ്ടെത്താനുള്ള ശ്രമം നടത്തുന്നതും അതിൽ ദയനീയമായി പരാജയപ്പെടുന്നതും. ഈ കഥയെ കാരികേച്ചർ ആയിട്ടാണ് കെ.എസ്. രവികുമാർ കാണുന്നത്. (2010:11)[4]

**4.2.3.3.1.2. പി.വത്സലയുടെ 'ജയന്തൻനമ്പൂതിരിയുടെ സായന്തനങ്ങൾ':**

'ജയന്തൻ നമ്പൂതിരിയുടെ സായന്തനങ്ങൾ' എന്ന കഥയിലെ നമ്പൂതിരിയും യുവാക്കളോടു ചേർന്ന് വാർദ്ധക്യത്തെ അകറ്റിനിർത്താൻ പരിശ്രമിക്കുന്നവനാണ്. *'യുവാക്കളുടെ സാന്നിദ്ധ്യം എന്തൊരനുഗ്രഹമാണ്'* എന്നയാൾ തിരിച്ചറിയുന്നു (പി. വത്സര, 2011:539). എക്സ് മിലിട്ടറിക്കാരൻ വാസുദേവനും ഭാര്യയുമായുള്ള കൂട്ട് ജയന്തൻ നമ്പൂതിരി ആസ്വദിക്കുന്നു. എങ്കിലും വാർദ്ധക്യത്തിന്റെ ബാഹ്യവും ആന്തരവുമായ ആക്രമണത്തിൽനിന്നും രക്ഷനേടാൻ ജയന്തൻ നമ്പൂതിരിക്കാവുന്നില്ല.

**4.2.3.3.2. പെൻഷൻ എന്ന അവസ്ഥയെ പ്രതിരോധിക്കുന്ന വൃദ്ധകൾ:**

**4.2.3.3.2.1. പി. വത്സലയുടെ 'കാലൾ, കാവലാൾ':**

ഈ കഥയിലെ റിട്ടയേർഡ് ടീച്ചർ രുദ്രാണി ഒറ്റയ്ക്കു താമസിക്കുകയും ആരെയും ആശ്രയിക്കാതിരിക്കുകയും ചെയ്താണ് തന്റെ അവസ്ഥയെ പ്രതിരോധിക്കുന്നത്. ഇതു തന്നെ അയൽക്കാർക്ക് അസ്വസ്ഥതയുണ്ടാക്കുന്നതായി ചിത്രീകരിക്കപ്പെടുന്നു. അവരുടെ ഭാവി തീരുമാനിക്കാനുള്ള അവകാശം ഏറ്റെടുത്തപോലെ പെരുമാറുന്ന അയൽവാസി ഇതാണു തെളിയിക്കുന്നത്.

**4.2.3.4. പെൻഷൻ എന്ന അവസ്ഥയെ പ്രതിരോധിക്കുന്നതിൽ ജയിച്ചവർ:**

ഈ വിഭാഗത്തിൽ വൃദ്ധകൾ കഥാപാത്രമായ കഥകളില്ല. എം.സുകുമാരന്റെ അന്നന്നത്തെ അത്താഴം, സിംഹം, പി.വത്സലയുടെ കറുത്ത കുതിര എന്നീ കഥകൾ ഈ വിഭാഗത്തിൽ പെടുന്നു.

**4.2.3.4.1. എം.സുകുമാരന്റെ അന്നന്നത്തെ അത്താഴം, സിംഹം:**

'അന്നന്നത്തെ അത്താഴ'ത്തിലെ റിട്ടയേർഡ് ജഡ്ജിയേക്കാൾ കുട്ടികൾകൂടി ഭയപ്പെടുന്നത് റിട്ടയേർഡ് പോലീസുദ്യോഗസ്ഥനെയാണ്. വെടിവെപ്പിനെപ്പറ്റി അന്വേഷിക്കാൻ സർക്കാർ നിയോഗിച്ചിരിക്കുന്ന ഏകാംഗക്കമ്മീഷൻ അദ്ദേഹമാണ്. പോലീസുകാരനേക്കാൾ ഉയർന്നവനാണ് താനെന്ന ബോധം ജഡ്ജിക്ക് ഉണ്ട്. റിട്ടയറായാലും ഒരു ജഡ്ജിക്കാണ് ഔദ്യോഗികകാര്യങ്ങൾ ചെയ്യാനാവുക എന്നും അദ്ദേഹത്തിന്റെ ഉള്ളിലുണ്ട്.

'സിംഹം' എന്ന കഥയിലെ റിട്ടയേർഡ് ജനറൽ ഐ.സി.എസ്. ഗോവിന്ദൻ നായർ പരാലിസിസ് ബാധിച്ചു കിടപ്പിലായിട്ടും ആത്മവിശ്വാസം കളയാത്തവനാണ്. മരണം

വരെ സിംഹത്തെപ്പോലെ പ്രതാപത്തോടെയേ കഴിയൂ എന്ന ദൃഢനിശ്ചയമാണ് അയാളെ നിലനിർത്തുന്നത്. തകർന്ന ദാമ്പത്യം അയാൾ കണക്കിലെടുക്കുന്നില്ല. ചുറ്റും വേണ്ടതിലധികം വേലക്കാർ, സുഹൃത്തുക്കൾ, കിടന്നകിടപ്പിലും ആജ്ഞാപിക്കാനുള്ള ശേഷി എല്ലാം അയാൾക്കുണ്ട്. യഥേഷ്ടം പണമുള്ള താൻ ഒരു സിംഹമാണെന്ന് ഗോവിന്ദൻ നായർ ഉറച്ചു വിശ്വസിക്കുന്നു. തന്നെ കാണാൻ വരുന്ന കീഴ്ജീവനക്കാരനെക്കൊണ്ട് ഉറക്കഗുളിക എടുപ്പിച്ചു മരിക്കാനൊരുങ്ങുമ്പോഴും കീഴടങ്ങാനിഷ്ടപ്പെടാത്ത അഹങ്കാരം തന്നെയാണ് മുന്നിട്ടുനിൽക്കുന്നത്. മരണം പോലും തനിക്കു കീഴടങ്ങണം എന്ന അബോധമനസ്സാണ് ഇവിടെ പ്രവർത്തിക്കുന്നത്.

**4.2.3.4.2. പി.വത്സലയുടെ 'കറുത്ത കുതിര':**

'കറുത്ത കുതിര'യിലെ പ്രൊ.രംഗനാഥൻ അറുപതാം വയസ്സിൽ പിരിഞ്ഞെങ്കിലും സജീവമായ സാമൂഹികപ്രവർത്തനങ്ങളിലൂടെ ഊർജ്ജം നിലനിർത്തുന്നു. റിട്ടയർമെന്റോടെ ജീവിതം അവസാനിച്ചെന്ന് രംഗനാഥൻ വിശ്വസിക്കുന്നില്ല. യൗവ്വനം നിലനിർത്താൻ യുവാക്കളോടും മാത്രം അയാൾ ഇടപഴകുന്നു. കാറുവിറ്റ് ബൈക്ക് വാങ്ങുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ യുവാവായി ജീവിക്കാൻ ശ്രമിക്കുകയാണയാൾ. കൂടുതൽ ചെറുപ്പമാവാനുള്ള ശ്രമം രംഗനാഥന്റെ മരണത്തിൽ കലാശിക്കുന്നത് സ്വാഭാവികമായാണ് അനുഭവപ്പെടുന്നത്. കാലത്തെ അതിജീവിക്കാനുള്ള മനുഷ്യന്റെ കാലാതീതമായ ആഗ്രഹത്തിന്റെ ആധുനികമായ പരിണതിയാണ് രംഗനാഥനു സംഭവിക്കുന്ന ബൈക്ക് ആക്സിഡന്റ്.

മേൽപ്പറഞ്ഞ കഥകളിൽ ഭൂരിഭാഗവും റിട്ടയർമെന്റിനെയോ വാർദ്ധക്യത്തെയോ അംഗീകരിക്കാത്തവയാണെന്നു കാണാം. അതിനെ അതിജീവിക്കാനുള്ള ഒരു ശ്രമമാണ് അവരെല്ലാം നടത്തുന്നത്.

**4.2.4. ചൂഷണം ചെയ്യപ്പെടുന്ന വൃദ്ധർ:**

സേതുവിന്റെ സാമി, ജലസമാധി, സി.രാധാകൃഷ്ണന്റെ കുടിയൊഴിയൽ,ഈശ്വരൻ സാക്ഷി, അഥവാ പ്രതി, യു.എ.ഖാദറിന്റെ പഴയ പല്ലുകളുടെ ശൗര്യം, മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ കാതിന്റെയും കണ്ണിന്റെയും നീക്കിയിരിപ്പ് എന്നീ കഥകളാണ് വിലയിരുത്തുന്നത്. ഈ വിഭാഗത്തിലും സ്ത്രീകൾ കഥാപാത്രമായ കഥകൾ വരുന്നില്ല.

**4.2.4.1. സേതുവിന്റെ കഥകൾ:**

സാമി, ജലസമാധി എന്നീ കഥകളിൽ രണ്ടു ജോലിക്കാരുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. ദരിദ്രന്റെ ബുദ്ധിശക്തിയെ പരമാവധി ഉപയോഗിച്ച് അവനെ തൊണ്ടാക്കി മാറ്റുന്ന കോർപ്പറേറ്റ് തന്ത്രമാണ് 'സാമി' എന്ന കഥയിലെ നായകനെ ബാധിക്കുന്നത്. സാമിയെപ്പോലുള്ള ബുദ്ധിമാന്മാരെ കമ്പനിയുടെ ലാഭത്തിനുവേണ്ടി ഉപയോഗിക്കുന്നതെങ്ങനെ എന്നും റിട്ടയറാവുന്നതുവരെ പിടിച്ചുനിർത്തുന്നതെങ്ങനെയെന്നും ഈ കഥയിലുണ്ട്. സാമിയുടെ സാമാന്യബുദ്ധി പ്രവർത്തിക്കുന്നത് റിട്ടയറായതിനുശേഷമാണെന്നു മാത്രം.

മറ്റൊരു വേലക്കാരനാണ് 'ജലസമാധിയിൽ വരുന്നത്. കമ്പനി ജോലിക്കാരെല്ലാം പെൻഷൻ പറ്റാൻ ഒരു വർഷം ബാക്കി നിൽക്കേ ദുരൂഹമായി മരണമടയുന്നു. എല്ലാവരും കിണറ്റിൽ വീണാണ് മരിക്കുന്നത്. തുടർന്ന് അവരുടെ ചെറുപ്പക്കാരായ മക്കൾക്ക് കമ്പനിയിൽ പകരം ജോലി ലഭിക്കുന്നു. അമ്പത്തൊമ്പതുകാരനായ മുനുസ്വാമിയെ കൊല്ലാനുള്ള ശ്രമം പരാജയപ്പെടുകയാണ്. മുൻ ജലസമാധികളെല്ലാം കൊലപാതകങ്ങളായിരുന്നെന്നുള്ള വെളിപാട് അയാൾക്കുണ്ടാകുന്നു. ചെറുപ്പക്കാരെ കിട്ടാൻ വാർദ്ധക്യത്തെ ഒഴിവാക്കുന്ന ഭീദിതമായ ഒരന്തരീക്ഷമാണ് ഈ കഥയിലുള്ളത്. വയസ്സായ

വർ കൊള്ളാത്തവരാണ് എന്ന ചിന്താഗതിയും ചെറുപ്പത്തിന്റെ ഊർജ്ജസ്വലതയിലുള്ള കമ്പനിയുടെ താത്പര്യവും അനുഭവസ്ഥമാകും വിധം ആവിഷ്കരിച്ചിരിക്കുന്നു.

**4.2.4.2. സി. രാധാകൃഷ്ണന്റെ കഥകൾ:**

ജന്മിസമ്പ്രദായം കാലഹരണപ്പെട്ടതിനുശേഷമുള്ള കാലമാണ് 'കുടിയൊഴിയൽ' 'ഈശ്വരൻ സാക്ഷി അഥവാ പ്രതി' എന്നീ കഥകളിലുള്ളത്. രണ്ടു കഥകളും ആത്മഗതരൂപത്തിലുള്ളതാണ്. കുടിയൊഴിയിലിലെ എഴുപത്താറുകാരനായ തിരുമേനിയെ സാമൂഹികമാറ്റം മാത്രമല്ല, സ്വന്തം പുത്രനും കൂടിയാണ് പരാജയപ്പെടുത്തുന്നത്. തിരുമേനിയുടെ മക്കൾ പൈലറ്റും വിപ്ലവകാരിയും കുതിരപ്പന്തയക്കാനുമായി. അച്ഛന് ഉപകാരപ്പെട്ടില്ലെന്നു മാത്രം. വൃദ്ധനു ഇല്ലം വിട്ടിറങ്ങേണ്ടിവരുന്നത് കുതിരപ്പന്തയക്കാരൻമൂലമാണ്. ജീവികൾക്ക് പൊറുക്കാനരുതാത്തത് വിശപ്പും ദാഹവുമാണെന്ന് വൃദ്ധൻ തിരിച്ചറിയുന്നത് അപ്പോഴാണ്. 'കുടിയൊഴിയൽ' എന്ന കഥാസമാഹാരത്തിന്റെ അവതാരികയിൽ രേഖപ്പെടുത്തിയിട്ടുള്ള സുകുമാർ അഴീക്കോടിന്റെ അഭിപ്രായം ഈ കഥയിലുള്ള സാമൂഹികമാറ്റത്തെ നിരീക്ഷിക്കുന്നതാണ്:

> *സമൂഹത്തിൽ അതിദ്രുതം നടക്കുന്ന നീതിപരിവർത്തനങ്ങളിൽപ്പെട്ട, അവയുടെ അർത്ഥവും ആശയവും അറിയാതെ പരിഭ്രമിച്ചു നശിക്കുന്ന അജ്ഞാതവും അനാഥരും ആയ മനുഷ്യരുടെ സാർവ്വജനീനപ്രതിനിധിയാണ് ഇദ്ദേഹം... ഈയാൾ ജാതി മതദേശവ്യത്യാസങ്ങൾക്ക് അതീതനാണ്. (1986:7)*

'ഈശ്വരൻ സാക്ഷി അഥവാ പ്രതി' എന്ന കഥയിലുള്ളത് കള്ളക്കേസിൽ കുടുങ്ങി കോടതിയിൽ സ്വന്തം ഭാഗം വാദിക്കുന്ന ഒരു വൃദ്ധനമ്പൂതിരിയാണ്. സാധാരണക്കാരനായ തന്റെ സ്വത്ത് തട്ടിയെടുക്കാനുള്ള ഒരു നാടകം മാത്രമാണിതെന്ന് വൃദ്ധനു മന

സ്സിലായിട്ടുണ്ട്. ജന്മിത്തം പോയപ്പോൾ ഉപജീവനത്തിന് തേങ്ങ വിൽക്കേണ്ട ഗതികേടിലാണ് തിരുമേനി. കൂടുതൽ പണം തരുന്നവന് തേങ്ങ വിൽക്കൽ സ്വാഭാവികമാണു താനും. ഈയവസരം മുതലെടുക്കുന്ന കച്ചവടക്കാരൻ ഈയവസ്ഥയെ വേണ്ട രീതിയിൽ ചൂഷണം ചെയ്യുകയാണ്. കേസിന്റെ രൂപത്തിൽ തിരുമേനിയെ കുടുക്കാം എന്നാണ് അയാൾ കരുതുന്നത്. പരാതിക്കാരന്റെ തലയിൽ തേങ്ങ വീണതിനു സാക്ഷി ഈശ്വരൻ മാത്രമാണ്. തേങ്ങ വാടിയതായതുകൊണ്ട് പ്രതിയും ഈശ്വരൻ തന്നെ എന്നാണ് വൃദ്ധന്റെ വാദം. തെളിവിനു മാത്രം പ്രാധാന്യം കൊടുക്കുന്ന കോടതിയിൽ നിന്നും ന്യായമായ വിധി പ്രതീക്ഷിക്കാനാകില്ല എന്ന് തിരുമേനിയ്ക്കറിയാം.

#### 4.2.4.3. യു.എ.ഖാദറിന്റെ 'പഴയ പല്ലുകളുടെ ശൗര്യം':

തൊണ്ണൂറുകാരനും ഏകനും ഭൂതകാലത്തിൽ മാത്രം ജീവിക്കുന്നവനുമായ സ്വാതന്ത്ര്യധർമ്മഭടൻ ഒരു മകച്ച വാണിജ്യവസ്തുവാകുന്നതെങ്ങനെയെന്ന് ഈ കഥയിൽ കാണുന്നു. തെങ്ങുകയറ്റത്തൊഴിലാളിയുടെ മകന് സ്വാതന്ത്ര്യസമരപ്പോരാളിയാകാമോ എന്ന സങ്കുചിതമായ ചിന്ത വിദ്യാസമ്പന്നരായ മാധ്യമപ്രവർത്തകർക്കിടയിൽ ഉണ്ടാകുന്നുണ്ട്. വർത്തമാനകാലം ഇല്ലാത്ത വൃദ്ധന്റെ ബാഹ്യരൂപം ക്യാമറയിലാക്കി തൃപ്തരാവുന്ന ഈ ചെറുപ്പക്കാർ പവിത്രമായ സ്വാതന്ത്ര്യസമര ഓർമ്മകളെ കച്ചവടവത്ക്കരിക്കുകയാണ്.

#### 4.2.4.4. മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ 'കാതിന്റെയും കണ്ണിന്റെയും നീക്കിയിരിപ്പ്':

ഈ കഥയിലെ പഴയ കമ്മ്യൂണിസ്റ്റ് സഹയാത്രികനായ കുമാരക്കുറുപ്പിനു മകൻ രാഹുലൻ ഒരുക്കിക്കൊടുത്തിരിക്കുന്ന സൗകര്യങ്ങൾ സമത്വസുന്ദരമായ കാലത്തിന്റെ ഫലമായിട്ടാണെന്നാണ് അന്ധനായ വൃദ്ധൻ കരുതുന്നത്. വാസ്തവത്തിൽ അച്ഛന്റെ

വിശ്വാസങ്ങളെ സമർത്ഥമായി ഉപയോഗപ്പെടുത്തുകയാണ് രാഷ്ട്രീയമായി എതിർചേരിയിലുള്ള മകൻ.

**4.2.5. ചൂഷകരായ വൃദ്ധർ:**

മറ്റുള്ളവരുടെ അദ്ധ്വാനഫലം പറ്റുന്ന ചൂഷണ മനോഭാവമുള്ള വൃദ്ധരെയാണ് ഈ വിഭാഗത്തിൽ പെടുത്തിയിരിക്കുന്നത്. കെ.എൽ.മോഹനവർമ്മയുടെ 'കുമാരു' എന്ന കഥ സ്വീകരിക്കുന്നു. വൃദ്ധകൾ കഥാപാത്രമായ കഥകൾ ഇല്ല.

**4.2.5.1. കെ.എൽ.മോഹനവർമ്മയുടെ 'കുമാരു':**

പെൻഷൻപണം കിട്ടുന്നുണ്ടെങ്കിലും ഊണും കാപ്പിയും മുറുക്കും സൗജന്യമായി ലഭ്യമാക്കുന്ന കുമാരൻ നായരാണ് 'കുമാരു' എന്ന കഥയിലുള്ളത്. പോസ്റ്റ് ഓഫീസിലിടുന്ന പണം അയാൾക്ക് ഏതെങ്കിലും രീതിയിൽ ഉപകരിക്കുന്നതായി കാണുന്നില്ല രക്തത്തിലലിഞ്ഞപോലുള്ള ജാതിചിന്ത പോലും പണത്തിനു മുൻപിൽ ഒഴിഞ്ഞു നിൽക്കുന്നതായി കാണുന്നു. സ്വന്തം കാര്യം മാത്രം നോക്കി ജീവിക്കുന്നയാളാണ് കുമാരു.

**4.2.6. വാശിക്കാരായ വൃദ്ധർ:**

പിടിവാശി കാണിക്കുന്ന വൃദ്ധർ ചില കഥകളിലുണ്ട്. അത് ഏറിയും കുറഞ്ഞും കാണപ്പെടുന്നുണ്ട്. മോഹങ്ങളും മോഹഭംഗങ്ങളും സ്നേഹക്കൂടുതലും വാശിക്ക് കാരണമാകുന്നു. എം.പി.നാരായണപിള്ളയുടെ ആരൂഢപർവ്വം, നിരാശ, എം.മുകുന്ദന്റെ ചായ, സേതുവിന്റെ സമയം, സി.രാധാകൃഷ്ണന്റെ കൃഷ്ണൻ മാസ്റ്റർ, വൈശാഖന്റെ അന്തിനിലാവ്, ജന്മജലധി, മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ രാമഗുപ്തൻ എന്ന ദുർനി

മിത്തം, വെറ്റില ചവയ്ക്കുനന ദുഃഖം. യു.എ.ഖാദറിന്റെ വാർദ്ധക്യസൂത്രം, ജോർജ്ജ് ഓണക്കൂറിന്റെ ദാശരഥം എന്നീ കഥകളിലെ വൃദ്ധന്മാരുടെ സ്വഭാവത്തിലെ വാശിയെ വിശകലനം ചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്.

**4.2.6.1. വാശിക്കാരായ വൃദ്ധന്മാർ:**

**4.2.6.1.1. എം.പി.നാരായണപിള്ളയുടെ 'ആരൂഢപർവ്വം', 'നിരാശ':**

നശിച്ചുപോയ കളത്തിൽതറവാട്ടിലെ അവസാന സന്തതി കേസിൽ ജയിച്ചെങ്കിലും കിട്ടിയ പണം കഞ്ചാവിനും തറവാടിന്റെ അഭിമാനമായ ആരൂഢം കയറ്റാനും ഇറക്കാനും ഉപയോഗിക്കുന്നു. തറവാടിത്താഘോഷങ്ങൾക്കിടയിൽ ദാരിദ്ര്യം കുടിയേറിയിട്ടും അതിൽനിന്നും കരകയറാനല്ല അയാളുടെ ശ്രമം.. സ്വന്തം ഷഷ്ടിപൂർത്തി ആഘോഷിക്കാനുള്ള ആഗ്രഹവും നടക്കാതെ പോകുന്നു. പാരമ്പര്യത്തിലും തറവാടിത്തത്തിലും അഭിമാനിക്കുന്ന ഇയാൾ ഫ്യൂഡൽ ചിന്താഗതി വച്ചുപുലർത്തുന്ന ആളാണ്.

'നിരാശ'യിലെ അച്ഛൻ പക്ഷവാതം പിടിച്ച്, സംസാരശേഷി നഷ്ടപ്പെട്ട് കിടപ്പിലായ വൃദ്ധനാണ്. അയാൾക്ക് മകനോടും മരുമകളോടും വിരോധം തോന്നുന്നു. മരുമകളെ 'മൂധേവി' എന്നേ വിളിക്കുന്നുള്ളൂ. മകൻ തന്നെ കൊല്ലാത്തതിൽ അയാൾ നിരാശനാണ്. തന്റേടത്തോടെ ഒറ്റയ്ക്ക് ജീവിതം കെട്ടിപ്പടുത്ത അയാൾക്ക് മറ്റുള്ളവരെ ആശ്രയിച്ചുള്ള കിടപ്പ് മരണത്തിനു തുല്യമാണ്. പെരുച്ചാഴിയെ കൊല്ലാൻ കൊണ്ടുവച്ച മരുന്നെടുത്ത് തനിക്കു തരുമെന്ന് പ്രതീക്ഷിച്ചതും വെറുതെയായി. കഞ്ഞിയോ വെള്ളമോ കഴിക്കാൻ വായ തുറക്കാതെയാണ് അയാൾ പ്രതിഷേധിക്കുന്നത്. കിടപ്പുരോഗിയായതുകൊണ്ടുതന്നെ ആശയറ്റ ജീവിതം വയസ്സനെ മരണാഭിമുഖ്യം ഉള്ളവനാക്കുന്നു.

**4.2.6.1.2. മുകുന്ദന്റെ 'ചായ':**

ഈ കഥയിലെ അച്ഛൻ വാർദ്ധക്യഹജമായ നിർബന്ധബുദ്ധിയും വൈരാഗ്യബു

ദ്ധിയും വീടിന്റെ സ്വാഭാവിക അന്തരീക്ഷം തന്നെ ഇല്ലാതാക്കുകയാണ്. മധുരമിടാൻ മറന്നുപോയ ഒരു ചായയിൽതുടങ്ങിയ വാശി ബ്രാൻഡ് മാറി മകൻ കൊണ്ടുവന്ന ചുരുട്ടോടെ മൂർദ്ധന്യത്തിലെത്തുന്നു. വീടിന്മേലുള്ള തന്റെ ഉടമസ്ഥാവകാശം ഉറക്കെ പ്രഖ്യാപിച്ച് സ്വയം സമാധാനിക്കാനും അയാൾ ശ്രമിക്കുന്നുണ്ട്. ഭാര്യയിൽ ദൈന്യവും മകനിൽ വെറുപ്പും സൃഷ്ടിക്കുന്ന ഈ മനോഭാവം വാർദ്ധക്യം അഭിമുഖീകരിക്കുന്ന മാനസികമായ ഒരു പ്രവണതയാണ്.

**4.2.6.1.3. സേതുവിന്റെ 'സമയം':**

'സമയ'ത്തിലെ അച്ഛന്റെ ജീവിതത്തിന്റെ പ്രതീകമായിട്ടാണ് പുരാതനമായ ക്ലോക്ക് പ്രത്യക്ഷപ്പെടുന്നത്. ഇടയ്ക്കിടക്ക് കേടാകുന്ന ക്ലോക്ക് ഭൂതാവിഷ്ടമായ ഒന്നായി തോന്നുന്ന വാച്ച് റിപ്പയർകാരൻ ആന്റപ്പൻ ക്രമേണ അതു നന്നാക്കാൻ തയ്യാറാവുന്നില്ല. പഴയ ക്ലോക്ക് എപ്പോഴും നന്നാക്കുന്നതിലെ അപ്രായോഗികത ബോധ്യപ്പെടുന്ന വൃദ്ധന് അതിനെച്ചൊല്ലിയുള്ള വാശി അനാവശ്യമാണെന്ന് മനസ്സിലാകുന്നു. മാനസിക ലോകത്തിൽ നിന്നും യഥാർത്ഥലോകത്തിലേയ്ക്കുള്ള അച്ഛന്റെ പിന്മടക്കത്തിൽ മകനും ആശ്വസിക്കുന്നു. ഈ കഥയിലെ മകൻ അച്ഛന്റെ ആഗ്രഹം നിറവേറ്റാൻ പരിശ്രമിക്കുന്ന ഒരാളാണ് എന്ന വസ്തുത എടുത്തു പറയേണ്ടിയിരിക്കുന്നു.

**4.2.6.1.4. സി. രാധാകൃഷ്ണന്റെ 'കൃഷ്ണൻ മാസ്റ്റർ':**

കൃഷ്ണൻ മാസ്റ്ററുടെ അന്തർമുഖജീവിതം വെളിപ്പെടുത്തുന്ന കഥയാണിത്. കള്ളനായ മകനെ പോലീസു പിടിച്ചതിൽ മനംനൊന്താണ് മാഷുടെ ഭാര്യ മരിച്ചത്. മകളും അവൾക്ക് ബോധിച്ചതുപോലെ ജീവിച്ചു. സ്വന്തം മക്കളെ നേർവഴിക്കു നയിക്കാനാകാത്ത മാസ്റ്റർ തികച്ചും ഒറ്റപ്പെടുകയാണ്. എല്ലാ ദുഃഖങ്ങളെയും ചിരികൊണ്ട് മൂടാൻ

ശീലിച്ചവനാണ് അയാൾ. ഭൂനിയമവും കുടികിടപ്പവകാശവും വന്നപ്പോൾ വാടകവീട് സ്വന്തമാക്കാൻ നോക്കാതെ ഒഴിഞ്ഞു കൊടുത്ത് ആ നാടുതന്നെ വിട്ടുപോകാൻ മാഷിനു കഴിയുന്നുണ്ട്. ആന്തരികമായി പുലർത്തിയിരുന്ന വാശിയാണ് അസ്തിത്വം തേടിയുള്ള കൃഷ്ണൻ മാസ്റ്ററുടെ യാത്രയിൽ അവസാനിക്കുന്നത്.

**4.2.6.1.5. വൈശാഖന്റെ കഥകൾ:**

അന്തിനിലാവ്, ജന്മജലധി എന്നീ കഥകൾ പരിശോധിക്കുന്നു. ഭാര്യയുടെ അൽപ്പ നേരത്തെ വിയോഗം പോലും സഹിക്കാനാകാത്ത സംസാരശേഷി നശിച്ച രോഗിയായ വൃദ്ധനാണ് 'അന്തിനിലാവി'ലുള്ളത്. ആശുപത്രിക്കിടക്കയിൽ മക്കളുടെ സാമീപ്യം അയാൾക്ക് ആശ്വാസമാകുന്നില്ല. അവരുടെ നേരമ്പോക്കുകൾ കേൾക്കുമ്പോൾ കേൾവി ശക്തികൂടി നഷ്ടപ്പെടാൻ ആഗ്രഹിക്കുന്നിടത്തോളം അയാൾ അസ്വസ്ഥനാണ്. എല്ലാവരും ഒറ്റപ്പെടുത്തുകയും അവഗണിക്കുകയും ചെയ്യുന്നതായി വൃദ്ധനു തോന്നുന്നു. മകളുടെ പ്രസവസംബന്ധിമായി പോയിരുന്ന ഭാര്യ എത്തുന്നതോടെ പിരിമുറക്കമെയഞ്ഞു അയാൾ സാധാരണനിലയിലാകുന്നു. അബോധതലത്തിലെ ചിന്തിയിലൂടെ ക്രമാനഗതമായി വൃദ്ധന്റെ മാനസികനില അവതരിപ്പിക്കുന്നു.

സ്വന്തം ഇഷ്ടപ്രകാരം ജീവിച്ചു സംതൃപ്തി നേടുന്ന വൃദ്ധനാണ് 'ജന്മജലധി' യിലേത്. ഗ്രാമത്തെ നിരസിച്ചു നഗരത്തിൽ താമസമാക്കാൻ പണിക്കരെ പ്രേരിപ്പിക്കുന്നത് പ്രണയനൈരാശ്യമാണെന്ന സൂചന കഥയിലുണ്ട്. വാർദ്ധക്യത്തിൽ നാട്ടിലെത്താൻ വാശിപിടിച്ച അച്ഛന്റെ മോഹം ആംബുലൻസ് വിളിച്ച് നിവർത്തിക്കുന്ന മകനും മരുമകളും. പൂർവ്വകാമുകിയെ കാണാനുള്ള അച്ഛന്റെ ആഗ്രഹത്തെ അവർ മാനിക്കുന്നു. സ്വന്തം തിരക്കുകളെപ്പറ്റി മാത്രം സംസാരിക്കുന്ന ചെറിയച്ഛനും കുടുംബവും വൃദ്ധന്റെ സാന്നിദ്ധ്യം ഇഷ്ടപ്പെടുന്നില്ല എന്ന് വ്യക്തമാണ്.

**4.2.6.1.6. മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ 'രാമഗുപ്തൻ എന്ന ദുർനിമിത്തം':**

മരണാസന്നനായ രാമഗുപ്തനെ ദുർവ്വാശിക്കാരനാക്കുന്നത് മക്കളെപ്പറ്റിയുള്ള സംശയമാണ്. പല പ്രാവശ്യമായി മരണത്തോളം ചെന്ന് മടങ്ങിയ അച്ഛൻ മക്കളിൽ മടുപ്പ് സൃഷ്ടിക്കുന്നുണ്ട്. കിടപ്പിലായ അച്ഛനെ ബുദ്ധിമുട്ടിക്കാതിരിക്കാൻ വിവാഹാലോചനകളിലൊന്നും പങ്കാളിയാക്കാത്തത് വൃദ്ധനിൽ വൈരാഗ്യം സൃഷ്ടിക്കുന്നു. മുത്തച്ഛനു പെട്ടെന്നു വരുന്ന അസുഖങ്ങൾ പേരക്കുട്ടികളുടെ വിവാഹം മുടക്കിക്കൊണ്ടിരുന്നു. അച്ഛനെ ആസ്പത്രിയിലാക്കിയാണ് മക്കൾ പ്രശ്നപരിഹാരം തേടുന്നത്. അച്ഛനെ നോക്കുന്ന മകൻ പിണങ്ങിയാൽ തങ്ങൾക്കെല്ലാം ബുദ്ധിമുട്ടാവുമെന്ന് അറിയുന്നവരാണവർ. അച്ഛന്റെ മരണം വീണ്ടും വിവാഹം മുടക്കിയെങ്കിലും മക്കളെല്ലാം ആശ്വസിക്കുകയാണ്.

**4.2.6.1.7. യു.എ.ഖാദറിന്റെ 'വാർദ്ധക്യസൂത്രം':**

അല്ലലും അലട്ടുമില്ലാത്ത ജീവിതം വിരസമാണെന്ന് വാർദ്ധക്യത്തിൽ കണ്ടെത്തുന്ന ദമ്പതികളുടെ ലോകം ഭർത്താവിന്റെ വീക്ഷണത്തിലൂടെ വെളിപ്പെടുത്തുന്ന കഥയാണിത്. ചിട്ടയോടെ ഒരു കൂരയ്ക്കു കീഴിൽ കഴിയുന്നവരെ ഒരുമിപ്പിക്കാനുള്ള മക്കളുടെയും അഭ്യുദയകാംക്ഷികളുടെയും ശ്രമം പരാജയപ്പെടുകയാണ്. നാലുനേരത്തെ മണിമുഴക്കങ്ങൾക്കനുസരിച്ച് ക്രമീകരിക്കപ്പെട്ട അവരുടെ ദിവസങ്ങൾ ആവർത്തനവും മടുപ്പും ഉളവാക്കുന്നതാണ്. ഈ വാശിയും പിണക്കവും തങ്ങളുടെ വാർദ്ധക്യത്തിന്റെ ആഘോഷമാണെന്നും അതിലാരും ഇടപെടേണ്ടെന്നും വൃദ്ധൻ കരുതുന്നു. ബാഹ്യലോകത്തിൽ നിന്നും അകന്ന് അന്തർമുഖജീവിതം നയിക്കുന്ന ആധുനികമനുഷ്യരാണ് ഇവർ.

**4.2.6.1.8. ജോർജ്ജ് ഓണക്കൂറിന്റെ 'ദാശരഥം':**

മരിച്ചുപോയ അച്ഛനെപ്പറ്റിയുള്ള മകന്റെ ഓർമ്മകളിലൂടെയാണ് കഥ സഞ്ചരിക്കുന്നത്. സ്നേഹമോ വാത്സല്യമോ തരാത്ത അച്ഛന്റെ നിഷ്ഠുരസ്വഭാവമാണ് തന്നെ താനാക്കിയത് എന്നാണ് അയാൾ ഉറച്ചു വിശ്വസിക്കുന്നത്. അച്ഛൻ സമ്പാദിച്ച പണം മകനല്ല, മകന്റെ മകന് അവകാശപ്പെട്ടതാണ്. തന്റെ മുരടത്തരം മൂലമാണ് മകൻ നന്നായതെന്ന് അച്ഛനും വിചാരിക്കുന്നു. ഒരിക്കലും അനുകൂല സമീപനം ഇല്ലാത്ത അച്ഛനോട് ക്ഷമിക്കാൻ മകനു കഴിയുന്നത് വിശാലമായ മനഃസ്ഥിതിയായി കണക്കാക്കേണ്ടിയിരിക്കുന്നു.

മേൽപ്പറഞ്ഞ കഥകളിലെ വൃദ്ധരുടെ മാനസികമായ വ്യാപാരങ്ങളാണ് അവരെ വാശിക്കാരാക്കുന്നത് എന്ന് കാണാം. അധികാരസ്ഥാപനത്തിനുള്ള ഒരു ത്വര ഈ വൃദ്ധരിലുണ്ട്.

**4.2.6.1. വാശിക്കാരായ വൃദ്ധകൾ:**

ഒരു കഥ മാത്രമേ ഈ വിഭാഗത്തിൽ ലഭിച്ചിട്ടുള്ളൂ.

**4.2.6.1.1. മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ 'വെറ്റില ചവയ്ക്കുന്ന ദുഃഖം:**

തൊണ്ണൂറുകഴിഞ്ഞ അമ്മയുടെ വിശേഷണമാണ് കഥയുടെ തലക്കെട്ട്. മൂത്ത മകനോടൊപ്പം താമസിക്കുന്ന അമ്മയ്ക്ക് ഇളയമകനെപ്പറ്റിയാണ് ചിന്ത. അവന്റെ കൂടെ താമസിക്കണമെന്ന പിടിവാശിയാണ്. അവരെ എടുത്ത് തിരികെ അവർ കിടക്കുന്നിടത്തുതന്നെ എത്തിച്ച് ഇളയ മകന്റെ വീടാണെന്നു സമാശ്വസിപ്പിക്കുകയാണ്. ഒന്നിലും തൃപ്തി കണ്ടെത്താനാവാത്ത അമ്മയെപ്പറ്റി. *"വയ്യാതായി വയ്യാതായി വരുമ്പോൾ പുതിയ ഇഷ്ടാനിഷ്ടങ്ങൾ പതിവാകാം"* എന്ന് മൂത്തമകൻ ചിന്തിക്കുന്നുണ്ട്. (പു.117)

മരണം അഭിനയിച്ചുകളിക്കുന്ന അമ്മ മകന് ബുദ്ധിമുട്ടുണ്ടാക്കുന്നു. അവർ മരിച്ചപ്പോൾ ഖേദത്തോടെയെങ്കിലും സന്തോഷിക്കുകയാണയാൾ. വാർദ്ധക്യത്തിന്റേതായ സ്വഭാവപരിണാമമാണ് അമ്മയെ ബാധിച്ചിട്ടുള്ളത്.

### 4.2.7. പരാജയപ്പെടുന്ന വൃദ്ധർ:

സമൂഹത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ തിരിച്ചറിയാനും അവയോട് പ്രതികരിക്കാനും കഴിയാതെ പോകുന്നവരുണ്ട്. ഇക്കൂട്ടർ അസ്തിത്വവ്യഥ അനുഭവിക്കുന്നവർ കൂടിയാണ്. സാമൂഹികമായും സാംസ്കാരികമായും മാനസികമായും സമകാലിക വ്യവസ്ഥിതിയോട് തോൽക്കുന്ന വൃദ്ധന്മാർ കഥാപാത്രമായി വരുന്ന കഥകളാണ് ഈ ഭാഗത്ത് പരിശോധിക്കുന്നത്.

#### 4.2.7.1. വൃദ്ധന്മാരെ കേന്ദ്രീകരിച്ച കഥകൾ:

കാക്കനാടന്റെ സൂര്യനെതിരെ, ഒ.വി.വിജയന്റെ പതഞ്ജലി ശാസ്ത്രി എന്ന സംസ്കൃതം പണ്ഡിറ്റ്, കടൽത്തീരത്ത്, സേതുവിന്റെ ആദ്യാക്ഷരങ്ങൾ, കോവിലന്റെ 'മകൻ', മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ രാമൻനായരുടെ ചായപ്പീടിക, അമ്മാവൻ പോവുകയും ചെയ്തു എന്നീ കഥകളാണ് വിശകലനം ചെയ്യുന്നത്.

##### 4.2.7.1.1. കാക്കനാടന്റെ 'സൂര്യനെതിരെ':

സ്ഥാണുനാഥൻ എന്ന ഫിസിക്സ് പ്രൊഫസറുടെ വേദനാജനകമായ ജീവിത സായാഹ്നമാണ് ഈ കഥയിൽ പങ്കുവെയ്ക്കുന്നത്. മകൻ രാമനാഥൻ *'ലോകത്തിലെ ഏറ്റവും വലിയ ശാസ്ത്രജ്ഞനാവണമെന്നാഗ്രഹിച്ച്'* അച്ഛന് അവൻ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനാവുന്നതു കണ്ട് തൃപ്തിപ്പെടേണ്ടിവന്നു (കാക്കനാടൻ, 1989:134).

സൂര്യനും സൂര്യപ്രകാശവും എന്നും ഊർജ്ജമായ പ്രൊഫസർക്ക് മരുമകളുടെ അപ്രീതി സമ്പാദിച്ചു വീടുപേക്ഷിക്കേണ്ടി വരികയാണ്. വഴിയിൽവെച്ചു കണ്ട ശിഷ്യൻ തന്നെ *'രാമനാഥൻ സാറിന്റെ ഫാദർ'* എന്നു വിശേഷിപ്പിച്ചത് അദ്ദേഹത്തിന് അസഹ്യമായി ത്തോന്നി (ടി.) വലിയ ശാസ്ത്രജ്ഞനായ തനിക്ക് അവസാനം കിട്ടിയ ആ പദവി അഭിമാനാർഹമായി അനുഭവപ്പെടുന്നുമില്ല. കാശിയിലേയ്ക്കുള്ള യാത്രയിൽ താൻ പരാജയപ്പെട്ടിട്ടില്ല എന്ന് ആവർത്തിച്ച് തന്നെത്തന്നെ വിശ്വസിപ്പിക്കാൻ പാടുപെടുന്ന പ്രൊഫസറെ കാണാം. താനുദ്ദേശിച്ച രീതിയിലല്ലാത്ത മകന്റെ വളർച്ച, സുന്ദരിയായ ഭാര്യയോടുള്ള അവന്റെ വിധേയത്വം - ഇതൊന്നും പ്രൊഫസർക്ക് ഇഷ്ടമാവുന്നില്ല. അവലക്ഷണം പോലെ ഉമ്മറത്തിരിക്കുന്ന വൃദ്ധനെ മരുമകൾക്കും ഇഷ്ടമാവുന്നില്ല. ആശയങ്ങളും ആദർശങ്ങളും തലമുറകളുടെ വിടവും തമ്മിൽ ചേരാത്ത ഒരവസ്ഥ സ്ഥാണുനാഥനെ ബാധിക്കുന്നുണ്ട്.

**4.2.7.1.2. ഒ.വി.വിജയന്റെ കഥകൾ:**

'പതഞ്ജലിശാസത്രി എന്ന സംസ്കൃതംപണ്ഡിറ്റ്, 'കടൽത്തീരത്ത്, എന്നിവ പരിഗണിക്കുന്നു. ആദ്യകഥ സാംസ്കാരികമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നുണ്ട്. പണ്ഡിറ്റുകൾക്ക് എം.എ.ക്കാരുടെയും എം.എസ്സിക്കാരുടെയും വിലയില്ലാത്ത് കാലമാണ് ഈ കാഴ്ചയിലുള്ളത്. അതുകൊണ്ടുതന്നെ കോളേജദ്ധ്യാപകർക്കിടയിലെ ഉയർച്ച താഴ്ചകൾ ഉണ്ടാക്കുന്ന ഈഗോ ഇവിടെയുണ്ട്. ശമ്പളത്തിലുള്ള വ്യത്യാസവും കുട്ടികൾക്കും സഹാദ്ധ്യാപകർക്കും വിലയില്ലാത്തതും പതഞ്ജലിശാസ്ത്രിയിൽ അധമബോധവും അപകർഷവും സൃഷ്ടിക്കുന്നു. അദ്ധ്യാപകന്റെ സാമൂഹികപദവി ഇവിടെ ചോദ്യം ചെയ്യപ്പെടുന്നുണ്ട്. ബസ്സിനടിയിൽപ്പെട്ടുള്ള ശാസ്ത്രികളുടെ മരണം ശാസ്ത്രത്തിന്റെ വിജയവും പാരമ്പര്യത്തിന്റെ പരാജയവുമായി മാറുന്നു.

**4.2.7.1.3. സേതുവിന്റെ 'ആദ്യാക്ഷരങ്ങൾ':**

മകന്റെ കുട്ടിയുടെ എഴുത്തിനിരുത്തൽ തന്റെ ഇഷ്ടപ്രകാരം വേണമെന്നാശിക്കുന്ന അച്യുതൻ മാഷ് കുട്ടിയുടെ അസമയത്തുള്ള വാശിക്കു മുൻപിൽ പരാജയപ്പെടുകയാണ്. എഴുത്തുകാരനായ ശിഷ്യൻ എഴുത്തിനിരുത്തണമെന്ന മാഷുടെ വാശി വീട്ടിൽ മറ്റാർക്കും ഇല്ല. എല്ലാവരുടെയും എതിർപ്പിനെ അവഗണിച്ചും അതു ചെയ്യാനൊരുങ്ങിയത് പേരക്കുട്ടി തന്നെ പരാജയപ്പെടുത്തി. മാഷു തന്നെ ആ കർമ്മം ചെയ്യാൻ നിയുക്തനാവുകയാണ്.

സാമൂഹികവ്യവസ്ഥിതിയും വ്യക്തിതാത്പര്യങ്ങളും പരാജയപ്പെടുത്തിയ വൃദ്ധന്മാരാണ് ഈ കഥകളിലുള്ളത്. ജീവിതത്തെപ്പറ്റി അവർക്ക് സന്ദേഹമുണ്ട്. ഭാവിയെപ്പറ്റിയുള്ള ശുഭപ്രതീക്ഷ കുറഞ്ഞ അളവിലേയുള്ളൂ. അതേസമയം വ്യവസ്ഥിതിയോടുള്ള ചെറുത്തു നിൽപായി ഇതു മാറ്റുന്നു.

ഈ വിഭാഗത്തിൽ സ്ത്രീ കഥാപാത്രങ്ങൾ വരുന്നില്ല.

**4.2.8. വാർദ്ധക്യത്തെ പ്രതിരോധിക്കുന്നവർ:**

കാക്കനാടന്റെ കാലപ്പഴക്കം, കച്ചവടം, സ്വതന്ത്രൻ, പി.കെ. നാരായണപിള്ളയുടെ താലമട കൊച്ചുമ്മൻ, ഒ.വി.വിജയന്റെ നാം ഉന്മാദികൾ, എം.മുകുന്ദന്റെ ഗോപാലന്റെ ചിരി, ചാലകൻ, ടു ഇൻ വൺ, എം.സുകുമാരന്റെ അന്നന്നത്തെ അത്താഴം, സിംഹം, പി.വത്സലയുടെ കറുത്ത കുതിര, ജയന്തൻ നമ്പൂതിരിയുടെ സായന്തനങ്ങൾ എന്നിവ പരിഗണിക്കുന്നു. ഈ വിഭാഗത്തിലെ മുഴുവൻ കഥകളും പുരുഷന്മാരെ കേന്ദ്രീകരിച്ചുള്ളതാണ്. വൃദ്ധകൾ കഥാപാത്രമായി ഇവിടെ വന്നിട്ടില്ല.

**4.2.8.1. കാക്കനാടന്റെ കഥകൾ:**

കാലപ്പഴക്കം, കച്ചവടം, സ്വതന്ത്രൻ എന്നീ കഥകൾ പരിശോധിക്കുന്നു.

പഴകി സോളു പൊളിഞ്ഞ ഒരു ജോടി ചെരുപ്പിൽ തന്റെ അസ്തിത്വം തേടുന്ന കൊച്ചാലുംമൂട്ടിലെ ഗോപാലപിള്ള സാറാണ് 'കാലപ്പഴക്കം' എന്ന കഥയിലെ കേന്ദ്ര കഥാപാത്രം. മരിച്ചുപോയ ഭാര്യയെപ്പറ്റിയുള്ള ഓർമ്മകളും നിറം പിടിച്ചു നിൽക്കുന്നു. കിടപ്പിലാണെങ്കിലും തന്റെ ചെറിയ ലോകത്തിനപ്പുറത്തുള്ള വലിയ ലോകത്തിലേയ്ക്ക് ചെന്നു പറ്റാൻ സാറിന്റെ ഓർമ്മകൾക്ക് ആകുന്നു. ആ ചെരിപ്പിട്ടു നടക്കാനുള്ള മോഹം മരണവീഴ്ചയായി മാറുകയാണ്.

കേരളചരിത്രത്തിന്റെ ഭാഗമായ തകർന്ന തറവാടും തറവാടിത്തവും കടന്നു വരുന്ന കഥയാണ് 'കച്ചവടം'. അഭിമാനം കൊണ്ട് ദാരിദ്ര്യം മാറില്ലെന്നറിയുന്ന ഗോവിന്ദപ്പിള്ളയും ഭാര്യയുമാണ് ഈ കഥയിലുള്ളത്. തേങ്ങ തലച്ചുമടായി കൊണ്ടു വിറ്റ് ഉപജീവനം തേടുന്ന കാരണവർക്ക് ജാത്യാഭിമാനം കൊണ്ട് കാര്യമില്ലെന്നറിയാം. എങ്കിലും തങ്ങളുടേതായിരുന്ന ഭൂമിയുടെ പുതിയ അവകാശികളായ പുത്തൻപണക്കാരെയും നസ്രാണി കുടിയേറ്റക്കാരെയും അംഗീകരിക്കാൻ ഗോവിന്ദപിള്ളയ്ക്ക് മടിയുണ്ട്. സാമൂഹികവ്യവസ്ഥിതിയിൽ മാറ്റം വന്നെങ്കിലും ഫ്യൂഡൽ ചിന്താഗതി പൂർണ്ണമായും മാറ്റിക്കളയാൻ പഴയ ജന്മികുടുംബാംഗത്തിനു കഴിയുന്നില്ല.

വൃദ്ധനായ ഒരു വിറകുവെട്ടിയുടെ അതിജീവനത്തിന്റെ കഥയാണ് 'സ്വതന്ത്രൻ'. ഭാര്യയും മക്കളും ഉപേക്ഷിച്ചതോടെ അയാൾ സ്വതന്ത്രനായി. *"ചാവത്തുമില്ല, കുടിയൊഴിയത്തുമില്ല"* എന്ന ഇളയമകന്റെ അഭിപ്രായം അയാളുടെ ഉള്ളിൽ കൊള്ളുന്നുണ്ട് (കാക്കനാടൻ, 1966:65) കള്ളിലും കറുപ്പിലും ഉറക്കത്തിലും സുഖം കണ്ടെത്തുന്ന അയാളെ മകൻ വെറുക്കുന്നു. എങ്കിലും ജീവിതത്തോട് പോരാടാൻ തന്നെയാണ് വൃദ്ധന്റെ തീരുമാനം. മരം മുറിക്കാനുള്ള പുതിയ കരാർ ഏറ്റെടുത്ത് മകന്റെ കടയുടെ മുന്നിലൂടെ നടക്കുന്നത് സങ്കല്പിക്കുകയാണയാൾ.

**4.2.8.2. പി.കെ.നാരായണപിള്ളയുടെ 'താലമട കൊച്ചുമ്മൻ:**

ശാസ്ത്ര-സാങ്കേതിക പുരോഗതിയിൽ വിശ്വാസം പുലർത്തിയാണ് അമ്പത്തെട്ടു കാരനായ താലമട കൊച്ചുമ്മൻ വാർദ്ധക്യത്തെ പ്രതിരോധിക്കുന്നത്. ക്ലോണിംഗ് എന്ന സാങ്കേതികവിദ്യയിലൂടെ തന്റെ പ്രതിച്ഛായ സൃഷ്ടിച്ച് നിലനിൽക്കുകയാണ് അയാ ളുടെ ഉദ്ദേശ്യം. ഭാര്യയുടെ പ്രതിരൂപങ്ങളായ ആറാൺമക്കളും താലമടക്കാരല്ലെന്നതാണ് അയാളുടെ ഭാഷ്യം. ജനിക്കാനിരിക്കുന്ന ക്ലോണിംഗ് സന്തതിയ്ക്കു കൂടി സ്വത്ത് ഭാഗം വയ്ക്കാനാണ് അയളുടെ തീരുമാനം.

**4.2.8.3. ഒ.വി.വിജയന്റെ 'നാം ഉന്മാദികൾ':**

മാനസികമായ പരിവർത്തനങ്ങൾക്കനുസരിച്ച് ആസ്തികനായും നാസ്തികനായും കമ്മ്യൂണിസ്റ്റായും അസ്തിത്വം തേടുന്ന വൃദ്ധനാണ് ഒ.വി.വിജയന്റെ 'നാം ഉന്മാദിക'ളിൽ ഉള്ളത്. മകൻ മൂലം കുടുംബസ്വത്ത് നഷ്ടപ്പെട്ടപ്പോൾ അയാൾ ഉന്മാദിയായി. വൃദ്ധൻ ആനന്ദം കണ്ടെത്തുന്നത് തോട്ടിത്തൊഴിലാളികൾക്ക് ദേശാഭിമാനി വായിച്ചുകൊടുത്തി ട്ടാണ്.

**4.2.8..4. എം.മുകുന്ദന്റെ കഥകൾ:**

ഗോപാലന്റെ ചിരി, ചാലകൻ, ടു ഇൻ വൺ എന്നീ കഥകളാണ് ഇവിടെ പരിശോ ധിക്കുന്നത്. രാഷ്ട്രീയം ഉപേക്ഷിച്ചശേഷം നാടുചുറ്റുന്ന അറുപതു കഴിഞ്ഞ ഗോപാ ലനും അമ്മയും പ്രധാനകഥാപാത്രങ്ങളാകുന്ന കഥയാണ് 'ഗോപാലന്റെ ചിരി'. പ്രായം അലട്ടാത്ത അയാൾ വിവാഹം കഴിച്ചു പ്രാരാബ്ധങ്ങളുമായി കഴിയുന്നത് കാണണ മെന്ന അമ്മയുടെ സ്വാഭാവിക മോഹത്തിന് ഗോപാലൻ ചെവി കൊടുക്കുന്നില്ല. വീട്ടിൽ വിരുന്നുകാരൻ മാത്രമായി അയാൾ മാറിയിരിക്കുന്നു. കുട്ടിക്കാലത്ത് തനിക്കു കെട്ടു

കഥകൾ പറഞ്ഞുതന്ന അമ്മയ്ക്ക് സംഭവകഥകൾ പറഞ്ഞു കൊടുത്ത് സന്തോഷിപ്പിക്കുന്ന മകൻ. രാഷ്ട്രീയത്തിൽ പ്രവർത്തിച്ചിരുന്ന സമയത്തെ ഗോപാലനെയല്ലാതെ ഇപ്പോഴത്തെ ഗോപാലനെ ആരും തിരിച്ചറിയുന്നില്ലെന്നു അയാൾക്ക് മനസ്സിലാകുന്നു.

ഉപജീവനത്തിനായി മറുനാടുകളിലേയ്ക്കുള്ള മലയാളിയുടെ യാത്ര 1960നു ശേഷം വർദ്ധിച്ചു. ഇതര സംസ്ഥാനങ്ങളെയും നഗരങ്ങളെയും സാധാരണക്കാരൻ ആശ്രയിച്ചു. ഗ്രാമത്തിൽ നിന്നും നഗരത്തിലേക്കുള്ള കുടിയേറ്റവും ശക്തമായി. 'ചാലകൻ' എന്ന കഥയിൽ ഈ പശ്ചാത്തലം കടന്നുവരുന്നുണ്ട്. മുപ്പത്തെട്ടുകൊല്ലത്തിനു ശേഷം ഡ്രൈവർ ജോലി രാജിവയ്ക്കുന്ന ശങ്കരൻ നായരുടെ കഥയാണിത്. കവിയാകാനാഗ്രഹിച്ച് ഡ്രൈവറാകേണ്ടിവന്ന അയാളുടെ അതൃപ്തമനസ്സ് അതോടെ ശാന്തമാകുകയാണ്. മറ്റുള്ളവരുടെ അടിമയായിരിക്കാതെ തനിക്കുവേണ്ടി ജീവിക്കാനുള്ള അയാളുടെ തീരുമാനം അതിനു പിന്നിലുണ്ട്. ശാരീരികമായ അസുഖങ്ങളെല്ലാം അതോടെ നീങ്ങിപ്പോകുന്നത് മനസ്സിന്റെ സന്തുലിതാവസ്ഥയെ കാണിക്കുന്നു. ഈ നിശ്ചയത്തിലെത്താൻ മുപ്പത്തെട്ടു കൊല്ലത്തെ ഗൃഹപാഠം വേണ്ടിവന്നു എന്നതുതന്നെ അയാളുടെ മനസ്സിന്റെ സംഘർഷാവസ്ഥയെ കാണിക്കുന്നു.

പുത്രനില്ലാത്ത ദുഃഖം ഒരു ടൂ ഇൻ വണ്ണിൽ ഒതുക്കുന്ന ചാത്തുനായർ തന്റെ വാർദ്ധക്യത്തെ അങ്ങനെയാണ് പ്രതിരോധിക്കുന്നത്. ഈ വസ്തുതയാണ് 'ടൂ ഇൻ വൺ' എന്ന കഥയിൽ പറയുന്നത്.

**4.2.8.5. എം.സുകുമാരന്റെ കഥകൾ:**

അന്നന്നത്തെ അത്താഴം, സിംഹം എന്നീ കഥകളാണ് ഇവിടെ വിശകലനം ചെയ്യുന്നത്. അരി ഗോഡൗൺ കൊള്ളയടിച്ചതുമായി ബന്ധപ്പെട്ട് പോലീസ് വെടിവെപ്പിനെപ്പറ്റിയന്വേഷിക്കാൻ സർക്കാർ നിയോഗിച്ച ഏകാംഗക്കമ്മീഷനാണ് 'അന്നന്നത്തെ

അത്താഴ'ത്തിലെ റിട്ടയേർഡ് ജഡ്ജി. ഈ കഥയിൽ *"ആധുനിക മനഃശാസ്ത്രജ്ഞർ അധികാരോന്മുഖ വ്യക്തിത്വം (authoritarian personlity) എന്നു വിളിക്കുന്ന മാനസികാവസ്ഥയുടെ തൽസ്വരൂപമായ ഒരു വ്യക്തിയാണ് വിശകലനം ചെയ്യപ്പെടുന്നത്"* എന്ന സച്ചിദാനന്ദൻ എം. സുകുമാരന്റെ കഥകളുടെ അവതാരികയിൽ അഭിപ്രായപ്പെടുന്നത് ശ്രദ്ധേയമാണ് (1992:44) വിരമിച്ച ന്യായാധിപൻ സ്വന്തം ജോലി ആത്മാർത്ഥമായി ചെയ്തതായി സ്വയം ബോധ്യപ്പെടുത്തുന്നുണ്ട്. ആത്മഗത രൂപത്തിലാണ് രചന. താൻ കമ്മീഷനംഗമായാൽ ഗതികെട്ടിരിക്കുന്ന റിട്ടയേർഡ് പോലീസുകാരൻ ലോനപ്പന് ശിപായിയുടെ പണി ഏർപ്പാടാക്കാം എന്ന് ആശ്രിതവാത്സല്യം അദ്ദേഹത്തിൽ ഉണരുന്നതിനു പിന്നിൽ തന്റെ പദവിയെക്കുറിച്ചുള്ള വ്യക്തമായ ബോധം ഉണ്ട്. താൻ വളരെ ഉയരത്തിലാണ് എന്നു ചിന്തിക്കുന്ന പ്രകൃതമാണ് അദ്ദേഹത്തിന്റേത്. സച്ചിദാനന്ദന്റെ അഭിപ്രായത്തെ ശരിവയ്ക്കുന്നതാണ് ജഡ്ജിയുടെ ചിന്ത എന്നു കാണാം.

സിംഹത്തിലെ ഗോവിന്ദൻ നായരാകട്ടെ തന്റെ ഇച്ഛാശക്തി കൊണ്ട് വാർദ്ധക്യത്തെ പ്രതിരോധിക്കുകയാണ്. പണം കൈയിലുള്ള കാലത്തോളം തനിക്ക് ആരെയും വിലവയ്ക്കേണ്ട കാര്യമില്ലെന്ന് പഴയ ഡയറക്ടർ ജനറൽ കരുതുന്നു. പക്ഷവാതവും തന്റെ ആജ്ഞാശക്തിക്ക് മങ്ങലേൽപ്പിച്ചിട്ടില്ലെന്നു വിശ്വസിക്കാനാണ് അയാൾക്കിഷ്ടം. ആരോടും കടപ്പാടില്ല. പണം കൊടുത്ത് എല്ലാം തീർത്തിരിക്കുന്നു. അറുപത്തഞ്ചു വയസ്സിനിടയിൽ ആരെയും ഭയക്കാത്ത താൻ മരണത്തെയും ഭയക്കുന്നവനല്ല എന്നു കരുതാനാണ് ഗോവിന്ദൻ നായർ ഇഷ്ടപ്പെടുന്നത്. ഇഷ്ടമുള്ളപ്പോൾ മരണം വരിച്ച് അതിനെപ്പോലും പരാജയപ്പെടുത്തി എന്നു കരുതാനാണ് അയാളാഗ്രഹിക്കുന്നത്. അധികാരലോപം വന്ന ബ്യൂറോക്രാറ്റ് ആണ് ഗോവിന്ദൻ നായരെന്ന് സച്ചിദാനന്ദൻ പറയുന്നു. ഭരണകൂടത്തെ സ്വകാര്യസ്വത്തായി കരുതുന്നവരാണ് ഇത്തരക്കാർ. അതുകൊണ്ടുതന്നെ അയാളുടെ ആത്മഹത്യ അസ്വാഭാവികമായ ഒന്നല്ല എന്ന് അദ്ദേഹം ഉറപ്പി

ക്കുന്നു (ടി.) അതിനപ്പുറം അഹംബോധം മുന്നിട്ടുനിൽക്കുന്ന വ്യക്തിയാണയാൾ.

**4.2.8.6. പി.വത്സലയുടെ കഥകൾ:**

കറുത്ത കുതിര, ജയന്തൻ നമ്പൂതിരിയുടെ സായന്തനങ്ങൾ എന്നീ കഥകളിൽ ആദ്യത്തേത് അറുപതാം വയസ്സിൽ റിട്ടയറായ രംഗനാഥന്റെ തുടർജീവിതത്തപ്പറ്റിയുള്ള പ്രതിപാദനമാണ്. പല സാമൂഹികപ്രവർത്തനങ്ങളിലും പ്രത്യേകിച്ച് യുവാക്കൾക്കുള്ള കൗൺസിലിംഗ് ക്ലാസ്സിൽ ഏർപ്പെട്ട് ഊർജ്ജവും യുവത്വവും നിലനിർത്താൻ യത്നിക്കുകയാണയാൾ. രണ്ടാമത്തെ കഥയിലെ ജയന്തൻ നമ്പൂതിരിയും യുവാക്കളുമായി കൂട്ടുകൂടി ചെറുപ്പക്കാരനയിരിക്കാൻ യത്നിക്കുന്നു.

മേൽപ്പറഞ്ഞ കഥകളിലെ വൃദ്ധന്മാർ തങ്ങളുടെ ജീവിതം പല വിധം പ്രവൃത്തികളിലേർപ്പെട്ട് വാർദ്ധക്യത്തെ ചെറുക്കുന്നുണ്ട്. ഇച്ഛാശക്തി കൊണ്ട് പ്രതിരോധം തീർക്കുന്നവരെയും കാണാം.

**4.2.9. പ്രവാസികളായ മക്കളുള്ള വൃദ്ധർ:**

1960-70കളിൽ തൊഴിൽ തേടി നാടുവിടാനുള്ള മലയാളികളുടെ പ്രവണത കൂടിവരുന്നുണ്ട്. സ്ത്രീകളും ഇക്കൂട്ടത്തിലുണ്ട്. ഗൾഫ് രാജ്യങ്ങളിലെ സമ്പത്ത് മലയാളിയുടെ സാമ്പത്തികരംഗവും ഭദ്രമാക്കിത്തുടങ്ങി. സിംഗപ്പൂരിലും ബർമ്മയിലും ഗൾഫിലും ഭാഗ്യം തേടിയലഞ്ഞ മലയാളികൾ അമേരിക്കയിലും യൂറോപ്പിലും എത്തിച്ചേർന്നു. ഈ വിദേശങ്ങൾക്കു പുറമേ കേരളത്തിലെ നഗരങ്ങളിലും കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിലും മലയാളികൾ തൊഴിലാളികളായി. പ്രവാസഭൂമിയിൽ കുടുംബത്തോടൊപ്പം താമസമാക്കിയവരുടെ വൃദ്ധരായ മാതാപിതാക്കൾ സ്വാഭാവികമായും നാട്ടിൽ ഒറ്റപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് ഈ ഭാഗത്തെ കഥകളെ വിലയിരുത്തുന്നത്.

**4.2.9.1. പ്രവാസികളായ മക്കളുള്ള വൃദ്ധന്മാർ:**

സക്കറിയയുടെ ഈ എഴുത്ത്, സേതുവിന്റെ അടയാളവാക്യങ്ങൾ, മറ്റൊരു രാത്രിയിൽ, ദൂത്, യു.എ,.ഖാദറിന്റെ വെള്ളിയാഴ്ച ഓണം, കെ.എൽ.മോഹനവർമ്മയുടെ വൃദ്ധൻ, വൈശാഖന്റെ സ്പ്ലാഷ്, ജോർജ്ജ് ഓണക്കൂറിന്റെ വീണ്ടും ശൈശവം, ആവർത്തനങ്ങൾ, സമയസൂചികൾ നിശ്ചലം, പരേതാത്മാവിന്റെ വ്യാകുലചിന്തകൾ എന്നീ കഥകൾ പരിശോധിക്കുന്നു.

**4.2.9.1.1. സേതുവിന്റെ കഥകൾ:**

അടയാളവാക്യങ്ങൾ, മറ്റൊരുരാത്രിയിൽ, ദൂത് എന്നീകഥകൾ വൃദ്ധന്മാർ കേന്ദ്രകഥാപാത്രങ്ങളായി വരുന്നവയാണ്. കത്തിന്റെയും ഫോണിന്റെയും കാലം കഴിഞ്ഞിരിക്കുന്നതായി 'അടയാളവാക്യങ്ങൾ' അടയാളപ്പെടുത്തുന്നു. ഇ-മെയിൽ ഐ.ഡി.യുണ്ടാക്കാൻ കമലാക്ഷൻ നായർ മാഷെ മകൻ നിതീഷ്കുമാർ നിർബന്ധിക്കുന്നുണ്ട്. തലമുറകളുടെ അഭിരുചിവ്യത്യാസം മകൻ പ്രകടമാക്കുന്നുണ്ട്. ഇന്റർനെറ്റ് കഫേയിൽ ധാരാളം വൃദ്ധർ ഈ ആവശ്യത്തിനു വന്നിട്ടുണ്ടെന്ന പരാമർശം അത്രയും പ്രവാസികളായ മക്കൾ ഉണ്ടെന്നാണ് തെളിയിക്കുന്നത്. പുതിയ അക്ഷരവിദ്യ മാഷെയും ഭാര്യയെയും പഠിപ്പിക്കുന്നത് പുതിയ തലമുറയാണ്. കാലത്തിന്റെ മാറ്റം സ്വീകരിക്കാൻ മാഷ് തയ്യാറാണ്.

'മറ്റൊരു രാത്രിയിൽ' എന്ന കഥയിലെ അച്യുതന്നായർ സ്വയം പ്രവാസികൂടിയാണ്. അയാൾ വാർദ്ധക്യത്തിൽ നാട്ടിലേയ്ക്ക് തിരിച്ചു പോകുന്നത് ഭാര്യയ്ക്കും മക്കൾക്കും ഇഷ്ടമല്ല. അച്യുതന്നായരുടെ നിർബന്ധത്തിനുവഴങ്ങിയാണ് ഭാര്യ കൂടെ വരുന്നത്. കുട്ടിത്തമില്ലാത്ത കുട്ടികളും ഫോണും ടി.വിയും കേബിളും ബഹളം സൃഷ്ടിക്കുന്ന

ഗ്രാമാന്തരീക്ഷവും താൻ ഉപേക്ഷിക്കാനാഗ്രഹിച്ച നഗരത്തിന്റെ പരിച്ഛേദമാണെന്ന് അയാൾ തിരിച്ചറിയുന്നു. ഗ്രാമവിശുദ്ധി ഒരു സങ്കല്പം മാത്രമാണെന്ന് മനസ്സിലാക്കുന്ന അച്യുതന്നായരുടെ മരണം സ്വാഭാവികമായി അവതരിപ്പിക്കുന്നുണ്ട്.

'ദൂത്' ഈ കഥകളിൽ നിന്നും വ്യത്യസ്തമാണ്. അച്ഛനും മകനും തമ്മിലുള്ള അകലത്തിന്റെ കഥയാണത്. തന്നെ ധിക്കരിച്ച മകനെ ഉൾക്കൊള്ളാനോ അംഗീകരിക്കാനോ വൃദ്ധനായ അച്ഛൻ തയ്യാറാകുന്നില്ല. മകന്റെ ദൂതനായി വന്ന കൂട്ടുകാരനോട് മകനെ കുറ്റപ്പെടുത്തിയാണ് കൊച്ചുണ്ണിമ്മാൻ സംസാരിക്കുന്നത്. മകൻ വന്നാലും തന്നെ കാണാനാവില്ലന്നു സൂചിപ്പിക്കുന്ന വൃദ്ധൻ സൂചിപ്പിക്കുന്ന യാത്ര ആത്മാന്വേഷണത്തിന്റെ യാത്രയാണെന്ന് കഥയുടെ പഠനത്തിൽ സൂചിപ്പിക്കുന്നുണ്ട്. (വി.എം.വിനയകുമാർ, 1992:219)[5] മരണം എന്ന ദീർഘയാത്രയാകാനുള്ള സാധ്യതയും തള്ളിക്കളയാനാകില്ല.

#### 4.2.9.1.2. യു.എ.ഖാദറിന്റെ 'വെള്ളിയാഴ്ച ഓണം':

ഈ കഥയിൽ മാതാപിതാക്കൾ ഓണം ആഘോഷിക്കാൻ വിദേശത്തുള്ള മകളുടെയും മരുമകന്റയും സമീപത്തേക്ക് പോവുകയാണ്. സമയവും സന്ദർഭവും നോക്കി വെള്ളിയാഴ്ച ആഘോഷിക്കപ്പെടുന്ന ഓണത്തിനു മുഖ്യാതിഥിയായി എഴുത്തുകാരനായ അച്ഛനെ കിട്ടുന്നത് അവർക്ക് അഭിമാനമാണ്. പൊങ്ങച്ചപ്രകടനത്തിനു വേണ്ടി, പ്ലാൻ ചെയ്ത ടൂർ പ്രോഗ്രാം മാറ്റിവയ്ക്കേണ്ടിവന്നത് മറ്റൊരു വശം. ഇനിയുള്ളത് മുത്തച്ഛന്റെയും മുത്തശ്ശിയുടെയും സാമീപ്യവും സ്നേഹവും നഷ്ടപ്പെടുന്ന പേരക്കുട്ടികളുടെ ഉത്ക്കണ്ഠയാണ്. പത്രത്തിലെ ഫോട്ടോയിലെ രൂപം മാത്രമേ അവർക്ക് ഓർമ്മയിലുള്ളൂ. ഈയൊരു സാംസ്കാരിക പ്രശ്നം കൂടി ഇവിടെ പങ്കുവയ്ക്കപ്പെടുന്നുണ്ട്.

**4.2.9.1.3. കെ.എൽ.മോഹനവർമ്മയുടെ 'വൃദ്ധൻ':**

ഈ കഥയിലെ അച്ഛന് സഹായിയായി ഒരു കൂലിപ്പണിക്കാരനേയുള്ളൂ. അയാൾ അച്ഛനെ പറ്റിച്ച് പണം കൈക്കലാക്കുന്നുണ്ടെന്നാണ് മകന്റെയും മരുമകളുടെയും വിചാരം. നിത്യവൃത്തിക്കുകൂടി ബുദ്ധിമുട്ടുന്ന വൃദ്ധന് മകന്റെ കുട്ടിയുടെ പേരിൽ വഴി പാട് നടത്താനുള്ള പണത്തിനു മാർഗ്ഗമുണ്ടാക്കുന്നത് പണിക്കാരനായ ഔസേപ്പാണ്. നാട്ടിലെ ആദായം കൊണ്ട് അച്ഛന് ബുദ്ധിമുട്ടില്ലെന്ന് മകൻ കരുതുന്നു. അഭിമാനം മൂലം തന്റെ വിഷമം മകനറിയാതെ നോക്കുന്ന അച്ഛന്റെ സ്വഭാവം തന്നെയാണ് ഇവിടത്തെ വിഷയം.

**4.2.9.1.4. വൈശാഖന്റെ 'സ്പ്ലാഷ്':**

ശുദ്ധഗതിക്കാരായ വൃദ്ധദമ്പതികളെ പറ്റിച്ചു പണവും സ്വർണ്ണവുമായി മുങ്ങുന്ന ഒരു ചെറുപ്പക്കാരൻ ഈ കഥയിലുണ്ട്. ഹൈദരാബാദിൽ ജോലിയുള്ള മകന്റെ കൂട്ടുകാരനായി എത്തിയ അവനെ സംശയിക്കേണ്ട ആവശ്യമേയില്ലായിരുന്നു. വന്ന അന്നു തന്നെ അവരുടെ ഇഷ്ടം സമ്പാദിച്ച അയാൾ മോഷണവിവരം മാധവൻ മാഷെ ഫോൺ ചെയ്ത് പറയുന്നുണ്ട്. മാഷുടെയും ഭാര്യയുടെയും ഏകാന്തത, മകന്റെ ശബ്ദത്തിൽ അനിൽ ചെയ്യുന്ന ഫോൺകോളുകൾ, ബൈക്ക് ആക്സിഡന്റിൽ ആശുപത്രിയിൽ കിടക്കുന്ന മകൻ, പറ്റിക്കപ്പെട്ടതറിഞ്ഞപ്പോഴുള്ള മാഷുടെ നിർവ്വേദഭാവം എന്നിവയിലൂടെ 'സ്പ്ളാഷ്' കടന്നുപോകുന്നു.

**4.2.9.1.5. ജോർജ്ജ് ഓണക്കൂറിന്റെ കഥകൾ:**

വീണ്ടും ശൈശവം, ആവർത്തനങ്ങൾ, സമയസൂചികൾ നിശ്ചലം, പരേതാത്മാവിന്റെ വ്യാകുല ചിന്തകൾ എന്നീ കഥകളിലെ വൃദ്ധർക്കുണ്ടാകുന്ന അനുഭവങ്ങളാണ് ഇവിടെ

പരിശോധിക്കുന്നത്. അമേരിക്കയിൽ താമസമാക്കിയ മകൾ നിയമിച്ച വേലക്കാരിയുടെ കീഴിൽ കഴിയാൻ വിധിക്കപ്പെട്ട വൃദ്ധദമ്പതികളാണ് 'വീണ്ടും ശൈശവ'ത്തിൽ. ആഴ്ച യിൽ ഒരിക്കൽ വരുന്ന കത്തും വിശേഷാവസരങ്ങളിലെ ആശംസകളിലും ഒതുങ്ങുന്ന പുത്രീസാമീപ്യമല്ല അവരാഗ്രഹിക്കുന്നത്. *'അട്ടയെപ്പോലെ ഇഴയാനാണ്, പക്ഷിയെ പ്പോലെ പറക്കാനല്ല വിധി'* എന്ന് വൃദ്ധർ തിരിച്ചറിയുന്നു (ജോർജ്ജ് ഓണക്കൂർ, 2010)

'ആവർത്തനങ്ങൾ' എന്ന കഥയിലും അമേരിക്കക്കാരിയായ മകൾ കടന്നുവരുന്നുണ്ട്. അവൾക്കുകൂട്ടായി ഭാര്യ പോകുന്നതോടെ ഒറ്റപ്പെടുന്ന വൃദ്ധൻ സ്വന്തം ജീവിതത്തി ലേക്ക് തിരിഞ്ഞു നോക്കുകയാണ്. 'സമയസൂചികൾ നിശ്ചലം' എന്ന കഥയിലെ ഡോക്ടർ രാമനാഥനെ മകനിൽ നിന്നും അകറ്റുന്നത് അമ്മ തന്നെയാണ്. ഈ മകനും അമേരിക്കയിലാണ് ജോലി മകന്റെ കൂടെ അമേരിക്കൻ മുത്തശ്ശിയായി കഴിയാനുള്ള അവസരം ഉപയോഗിക്കുന്ന അവർക്ക് ഭർത്താവിന്റെ ജോലി വിപുലപ്പെടുത്താനുള്ള ആഗ്രഹമുണ്ട്. അവരുടെ പൊങ്ങച്ചത്തിനും അത്യാഗ്രഹത്തിനും വഴങ്ങാതിരിക്കാൻ ഡോക്ടർക്കാകുന്നുണ്ട്.

'പരേതാത്മാവിന്റെ വ്യാകുലചിന്ത'കളിലെ മകനും അമേരിക്കയിലാണ് ജോലി. മകന്റെ വരവുകാത്ത് ഒരാഴ്ചയായി മോർച്ചറിയിൽ കാത്തുകെട്ടിക്കിടക്കുന്ന തന്റെ ദുര്യോഗത്തെ പഴിക്കുന്ന അപ്പന്റെ ചിന്തകളുടെ രൂപത്തിൽ നിർബന്ധിക്കപ്പെട്ടിട്ടുള്ള കഥയാണിത്. ഒരു ശവത്തോട് ചെയ്യാവുന്ന ഏറ്റവും വലിയ അനീതിയാണ് ഇതെന്ന് അപ്പൻ ചിന്തിക്കുന്നു. മകന് വരാതിരിക്കാമായിരുന്നു എന്നും ഒരു ഘട്ടത്തിൽ ചിന്തി ക്കുന്നുണ്ട്. മറ്റുള്ളവരുടെ മുൻപിൽ ദുഃഖാഭിനയം നടത്തേണ്ടിവരുന്ന തന്റെ ഭാര്യക്കും മകൾക്കുമെങ്കിലും ആശ്വാസമായേനേ എന്നാണു അപ്പൻ വിചാരിക്കുന്നത്. മലയാളി യുടെ അമേരിക്കൻ കുടിയേറ്റവും അവരുടെ വയസ്സായ രക്ഷിതാക്കളെ അത് ബാധി ക്കുന്ന വിധവും ഈ കഥകളിലുണ്ട്.

**4.2.9.1.. വൃദ്ധകളെ കേന്ദ്രീകരിച്ച കഥകൾ:**

വിദേശവാസികളായ മക്കളുള്ള അമ്മമാരുടെ അനുഭവം വിവരിക്കുന്ന കഥകൾ ഇനി പറയുന്നു. സക്കറിയയയുടെ ഒരു ദിവസത്തെ ജോലി സേതുവിന്റെ ഭൂഖണ്ഡങ്ങളിലൂടെ, നരച്ച പകലുകൾ, ഒഴിവുകാലം, ഒരു ശ്രാദ്ധത്തിന്റെ പിറ്റേന്ന് യു.എ.ഖാദറിന്റെ ദക്ഷിണായനം, മുണ്ടൂർ സേതുമാധവന്റെ കൗസല്യ, വൈശാഖന്റെ ഉദയാസ്തമയങ്ങൾ, ജോർജ്ജ് ഓണക്കൂറിന്റെ യാത്രയുടെ സമയം, പി.വത്സലയുടെ പോക്കുവെയിൽ പൊൻവെയിൽ, സാറാതോമസിന്റെ സ്പർശം, സന്ധ്യ ഇരുളുംനേരം എന്നിവയാണ് അവ.

**4.2.9.1.1. സക്കറിയയുടെ 'ഒരു ദിവസത്തെ ജോലി':**

വിദേശത്തുള്ള മകൻ തന്റെ രക്ഷാധികാരത്തിൻ കീഴിലുള്ള അമ്മയ്ക്ക് ഹോം നഴ്സിനെ തേടുകയാണ്. ഒരു വൃദ്ധയ്ക്ക് ആവശ്യമുള്ളതിനേക്കാൾ കൂടുതൽ സുഖ സൗകര്യങ്ങളാണ് മകൻ ഒരുക്കിയിട്ടുള്ളത്. മക്കളുടെ സാമീപ്യമാണ് അമ്മയ്ക്കു വേണ്ട തെന്ന് അറിയുമ്പോഴും അവരുടെ കൂടെ നിൽക്കാനാകാത്തതിനെപ്പറ്റി മകന് ചിന്ത യുണ്ട്.

**4.2.9.1.2. സേതുവിന്റെ കഥകൾ:**

ഭൂഖണ്ഡങ്ങളിലൂടെ, നരച്ച പകലുകൾ, ഒഴിവുകാലം, ഒരു ശ്രാദ്ധത്തിന്റെ പിറ്റേന്ന് എന്നീ കഥകളിലെ അമ്മമാരുടെ മക്കൾ പുറംനാടുകളിൽ ജീവിതം കരുപ്പിടിപ്പിച്ചവ രാണ്. ഭൂഖണ്ഡങ്ങളിലൂടെ, നരച്ച പകലുകൾ എന്നിവയിലെ മക്കൾക്ക് അമേരിക്ക യാണ് കുടിയേറ്റ ഭൂമി. മക്കളേയും കുടുംബത്തേയും കാണാൻ രക്ഷിതാക്കൾ അങ്ങോട്ട് പോകുന്നതാണ് കാണുന്നത്. "ഭൂഖണ്ഡങ്ങളിലൂടെ" എന്ന കഥയിലെ ലക്ഷ്മിക്കുട്ടി

യമ്മ എഴുപത്തെട്ടാം പിറന്നാളാഘോഷിക്കുന്നത് അമേരിക്കയിൽ മകന്റെ അതിഥി യാണ്. അമേരിക്കക്കാരിയായ മരുമകളെ സ്നേഹിക്കാൻ അവർക്കാകുന്നുണ്ട്. മകൻ അവന്റെ ഇഷ്ടത്തിനു കൊടുക്കുന്ന പ്രാധാന്യം അംഗീകരിക്കാതെ നിവൃത്തിയില്ല. അകാലത്തിൽ മരിച്ച ഭർത്താവ്, തുളസിത്തറ, വിളക്കുവയ്പ്പ്, വേലക്കാർ തുടങ്ങിയ ഗൃഹാതുരചിന്തകൾ മൂലം അവർക്ക് അമേരിക്ക മടുക്കുകയാണ്.

'നരച്ച പകലുക'ളിലെ മാതാപിതാക്കൾക്ക് അമേരിക്കയിലെ ചില അനുഭവങ്ങൾ അസ്വസ്ഥതയുണ്ടാക്കുന്നു. മകന്റെകൂടെ കുറച്ചു ദിവസം താമസിക്കാനെത്തിയ അവർക്ക് മക്കളുപേക്ഷിച്ച ഒരു ഇന്ത്യൻ വൃദ്ധയുടെ ദാരുണാന്ത്യം വിഷമം സൃഷ്ടി ക്കുന്നു. ഉപഭോഗസംസ്കാരത്തിന്റെ ഏറ്റവും വലിയ രാജ്യത്ത് ഉപയോഗം കഴിഞ്ഞ തൊക്കെ വലിച്ചെറിയപ്പെടുന്നതായി അവർ തിരിച്ചറിയുന്നു. ഈ തിരിച്ചറിവ് മനസ്സമാ ധാനം തകർക്കുന്നതാണെന്ന് അച്ഛൻ കണ്ടെത്തുന്നു.

ലോകത്തിന്റെ നാനാഭാഗത്തും താമസമാക്കിയ മക്കളും പേരക്കുട്ടികളും വേനലവ ധിക്ക് നാട്ടിൽ അമ്മയുടെ അടുക്കൽ ഒത്തുകൂടുന്നതാണ് 'ഒഴിവുകാലം' എന്ന കഥയി ലുള്ളത്. അവർ സ്വാംശീകരിക്കുന്ന വിഭിന്നസംസ്കാരം അമ്മ മനസ്സിലാക്കുന്നുണ്ട്. കുട്ടികളെക്കരുതിയുള്ള അമ്മൂമ്മയുടെ മുൻകരുതൽ അതേ കുട്ടികൾക്ക് തമാശയായി തോന്നുന്നു. തറവാടിനെപ്പറ്റിയും തറവാടിത്തത്തെപ്പറ്റിയും അറിയാത്ത പേരക്കുട്ടികൾ. മലയാളിത്തം നഷ്ടപ്പെടുന്ന ഒരുതലമുറ വളർന്നുവരുന്നത് ഈ കഥയിലുണ്ട്. അമ്മ മക്കൾക്ക് പ്രിയപ്പെട്ടതാണെങ്കിലും ജീവിതം അതിനേക്കാൾ പ്രിയംകരമാണ്. അവധി കഴിഞ്ഞ് അമ്മയെ തനിച്ചാക്കി മക്കൾ തിരിച്ചു പോവുകയാണ്.

'ഒരു ശ്രാദ്ധത്തിന്റെ പിറ്റേന്ന്' എന്ന കഥയിലാകട്ടെ മറുനാടന്മാരായ മക്കൾ അമ്മ യോടും ഗ്രാമീണനായ സഹോദരനോടുംകൂടെ നാട്ടിൽ ഒത്തുചേരുന്നത് അച്ഛന്റെ ശ്രാദ്ധ ത്തിനാണ്. അമ്മയ്ക്ക് ആനന്ദം നൽകുന്ന കാര്യം. അമ്മയോടൊപ്പം നിൽക്കാൻ ആഗ്ര

ഹമുണ്ടെങ്കിലും മറുനാട്ടിലെ ജീവിതസൗകര്യങ്ങൾ ഉപേക്ഷിക്കാൻ അവർക്കാവില്ല. അമ്മയ്ക്കു വേണ്ടി ഒരു മാസത്തെ ഷെഡ്യൂൾ തയ്യാറാക്കാനേ അവർക്കാകുന്നുള്ളൂ. മക്കളെയെടുത്തു മാറി മാറി താമസിക്കാനുള്ള ഉദ്ദേശ്യം അമ്മേയ്ക്ക് സംതൃപ്തി നൽകുന്നു. എന്നാൽ ഭർത്താവ് ചേർന്ന മണ്ണാണ് തനിക്കു പ്രിയം എന്നവർ വ്യക്തമാക്കുന്നു.

> *... നിങ്ങടച്ഛന്റെ ഈ മണ്ണ് വിട്ടാൽപിന്നെ എനിക്ക് അമേരിക്കേം കൂർക്കഞ്ചേരിം തമ്മിലെന്തു വ്യത്യസം? ഇവടെ ഈ വീട്ടിലും, തൊടീലും എല്ലായിടത്തും നിങ്ങടെ അച്ഛനുണ്ട്. തനിച്ചിരിക്കുമ്പഴ്, ഒറക്കം വരാതെ കിടക്കുമ്പഴ്, വയ്യാണ്ടാവുമ്പഴ്, ഒക്കെ അങ്ങേരാണ് അമ്മയ്ക്ക് കൂടട്. അങ്ങേരെവിട്ട് എങ്ങും ഞാനില്യാ... (സേതു 1988:111)*

**4.2.9.1.3. യു.എ.ഖാദറിന്റെ 'ദക്ഷിണായനം':**

'ദക്ഷിണായനം' എന്ന കഥയിലെ അമ്മയുടെ എല്ലാ മക്കളും വിദേശത്താണ്. അമേരിക്കയിൽ ഹൃദയശസ്ത്രക്രിയാവിദഗ്ദ്ധരായ രണ്ടാൺമക്കളും ഇംഗ്ലണ്ടിലും ഫ്രാൻസിലും പെൺമക്കളും ഉള്ള ദാക്ഷായണിയമ്മയെ 'ദക്ഷിണായന'ത്തിൽ ചിത്രീകരിച്ചിരിക്കുന്നു. ദൂരദേശങ്ങളിലുള്ള മക്കൾക്കാർക്കും അച്ഛൻ മരിച്ചതറിഞ്ഞ് എത്താനാകാത്തത് ഉൾക്കൊള്ളാൻ അമ്മയ്ക്കാകുന്നു. ഫോണിലെ സുഖാന്വേഷണങ്ങളിൽ മക്കളെല്ലാം തൃപ്തിയടയുന്നു. ദാക്ഷായണിയമ്മയ്ക്ക് അവർ വരുമെന്ന പ്രതീക്ഷയില്ലാത്തത് പുതിയ സംസ്കാരത്തെ അവർ തിരിച്ചറിയുന്നതുകൊണ്ടാണ്.

**4.2.9.1.4. വൈശാഖന്റെ 'ഉദയാസ്തമയങ്ങൾ':**

റിട്ടയേർഡ് ടീച്ചറായ അമ്മയ്ക്ക് വീടുവിട്ട് മകന്റെകൂടെ കൽക്കത്തയിൽ താമസി

ക്കാൻ ആഗ്രഹമില്ല. ഈ കഥയിലെ രോഗം ബാധിച്ച വളർത്തു മത്സ്യം രോഗിയായ അമ്മയുടെ പ്രതീകമാകുന്നുണ്ട്. *'ഒരാൾടെ സുഖല്ല മറ്റൊരാൾടെ'* എന്നാണ് മകന്റെ കൂടെ താമസിക്കാത്തതിന് അവർ പറയുന്ന ന്യായം (വൈശാഖൻ (1998:50) മുറ്റത്തെ ബദാം മരത്തിന്റെ കൊഴിഞ്ഞ ഇലകളും പുതുനാമ്പുകളും വാർദ്ധക്യത്തിന്റെയും യൗവ്വനത്തിന്റെയും ചിഹ്നങ്ങളായി പ്രത്യക്ഷപ്പെടുമ്പോൾ 'ഉദയാസ്തമയങ്ങൾ' എന്ന തലക്കെട്ട് സാർത്ഥകമാകുന്നു.

**4.2.9.1.5. ജോർജ്ജ് ഓണക്കൂറിന്റെ 'യാത്രയുടെ സമയം':**

ജോർജ്ജ് ഓണക്കൂറിന്റെ 'യാത്രയുടെ സമയം' എന്ന കഥ സ്ത്രീ കഥാപാത്രമായി വരുന്നതാണ്. എഴുപത്തഞ്ചു വയസ്സുള്ള അമ്മയ്ക്ക് വിദേശത്തുള്ള മക്കൾക്ക് താൻ ഭാരമാകരുതെന്ന് നിർബന്ധമുണ്ട്. മക്കളയയ്ക്കുന്ന പണവും താമസിക്കുന്ന മൂന്നുനില മാളികയും ദൈവാനുഗ്രഹമായിട്ടേ അവർ കരുതുന്നുള്ളൂ. അതിരുകളില്ലാത്ത ദൈവരാജ്യത്തിൽ അഭിരമിക്കുന്ന അമ്മയുടെ മക്കൾ അമേരിക്കയിലെയും ഇംഗ്ലണ്ടിലെയും വിശാലത തേടിപ്പോയവരാണ്. ഭർത്താവിന്റെ ഓർമ്മകളുള്ള നാടു വിട്ട് മക്കളുടെ കൂടെ പോകാൻ ഈ അമ്മയ്ക്കും താല്പര്യമില്ല. അവർ വീടുപേക്ഷിക്കുകയാണ്.

**4.2.9.4.6. പി.വത്സലയുടെ 'പോക്കുവെയിൽ പൊൻവെയിൽ':**

മകനോടൊപ്പം നഗരത്തിലെ ഫ്ളാറ്റിൽ പതിനഞ്ചുകൊല്ലമായി താമസിക്കുന്ന വസന്തലക്ഷ്മിയമ്മയുടെ ചിന്തകളാണ് ഈ കഥയിലുള്ളത്. ഫ്ളാറ്റിലെ ജീവിതം ശീലമായി. നാട്ടിൽ ആരുമില്ല. മകന്റെ വിവാഹം തീരുമാനിച്ചത് അവൻ തന്നെ. എല്ലായിടത്തും മണ്ണ് ഒരു പോലെയെന്നു പറഞ്ഞ് അമ്മയെ കൊണ്ടുപോന്നതും അവനാണ്. ഒരു കത്തു പോലും വരാനില്ലാഞ്ഞിട്ടും നാട് അവർക്ക് പ്രലോഭനീയമായിത്തോന്നുന്നു. കഴിഞ്ഞു

പോയ കാലങ്ങൾ മനോഹരമായി അമ്മയ്ക്കനുഭവപ്പെടുന്നു. മകന്റെ കൂടെ നാട്ടിൽ പോകാനുള്ള അവസരം അവർ ഉപയോഗിക്കുന്നുണ്ട്. നാട്ടിലെ വീട് വിൽക്കണമെന്ന് മകൻ പറയുമ്പോൾ എതിർക്കാനാവാത്ത വസന്തലക്ഷ്മിയമ്മയ്ക്ക് തെളിക്കുന്നേടത്തേയ്ക്ക് നീങ്ങുന്ന മാടാണ് താൻ എന്നു തോന്നുന്നു. (പി.വത്സല, 2011:483)

**4.2.9.1.7. സാറാ തോമസിന്റെ 'സ്പർശം, 'സന്ധ്യ ഇരുളും നേരം':**

ഒരു അഗ്രഹാരത്തിലെ തികച്ചും യാഥാസ്ഥിതികയായ പാട്ടിയമ്മ സീതാലക്ഷ്മിയമ്മാൾ വിദേശത്തുനിന്നും കൊച്ചുമകൻ കൊണ്ടുവരുന്ന വിദേശി പെൺകുട്ടിയെ സ്വീകരിക്കാൻ മാനസികമായി തയ്യാറെടുക്കുന്ന കഥയാണ് സ്പർശം. തന്റെ ഇച്ഛയ്ക്കു വിപരീതമായ പ്രവൃത്തി അവനിൽ നിന്നും ഉണ്ടായപ്പോൾ ആത്മഹത്യയെപ്പറ്റിയാണ് അവർ ആദ്യം ആലോചിക്കുന്നത്. അവനെ തിരസ്കരിക്കാമെന്ന തീരുമാനവും മാറ്റേണ്ടിവന്നു. പേരക്കുട്ടിയുടെ ആലിംഗനവും ബ്രാഹ്മണവധുവിന്റെ വേഷത്തിൽ വന്ന വിദേശിപ്പെൺകുട്ടിയും അവരുടെ മനസ്സു മാറ്റുകയാണ്. അഗ്രഹാരത്തിലെ ആരെതിർത്താലും അവനെയും ഭാര്യയെയും സ്വീകരിക്കാൻ അവർ തയ്യാറാവുന്നു.

എഴുപതുവയസ്സു തികയാൻ പോകുന്ന ദേവകിയമ്മ ഓണത്തിന് അമേരിക്കയിൽനിന്നും ബോംബെയിൽ നിന്നും ഗൾഫിൽനിന്നും നാട്ടിലെത്തുന്ന മക്കളെയും പേരക്കുട്ടികളെയും സത്ക്കരിക്കാൻ വെമ്പി നടക്കുന്ന ദൃശ്യം കാഴ്ചവെയ്ക്കുന്ന കഥയാണ് 'സന്ധ്യ ഇരുളും നേരം'. യാദൃച്ഛികമായി ഉണ്ടാകുന്ന സ്വപ്നദർശനം അവരിൽ മാറ്റമുണ്ടാക്കുന്നു. ഉത്സാഹം കെട്ടടങ്ങുകയാണ്. മക്കൾക്ക് താനൊരു ശല്യവും വേലക്കാർക്ക് ഉപജീവനോപാധിയുമാണെന്ന സ്വപ്നം യാഥാർത്ഥ്യമാണെന്ന് തോന്നുകയാണവർക്ക്. മരണശേഷം വരാൻ പോകുന്നത് മുൻകൂട്ടി കണ്ടപോലെ അനുഭവപ്പെടുകയാണ്. സ്വപ്നങ്ങൾ ഭാവിപ്രവചനങ്ങൾ ആണെന്ന വിശ്വാസം അമ്മയുടെ ഉത്സാഹം

നഷ്ടപ്പെട്ട മാനസികാവസ്ഥയ്ക്ക് പിന്നിലുണ്ട്. സ്വപ്നങ്ങളെ വിശകലനം ചെയ്യുമ്പോൾ അവ 'അബോധത്തിലേക്കുള്ള രാജപാതയാണ്' എന്ന ഫ്രോയ്ഡ് അഭിപ്രായപ്പെട്ടിട്ടുള്ളത് ഈ കഥയിൽ കാണാൻ കഴിയുന്നുണ്ട് (www.simplypsychology.org)[6] ബോധമനസ്സ് ഒരു സെൻസറായി പ്രവർത്തിക്കുന്നു എന്നാൽ ഉറക്കത്തിൽ അതിന്റെ ജാഗ്രത നഷ്ടപ്പെടുകയും അടിച്ചമർത്തപ്പെട്ട വികാരങ്ങൾ സ്വപ്നങ്ങളുടെ രൂപത്തിൽ പുറത്തുവരികയും ചെയ്യുന്നു എന്നുള്ള ഫ്രോയ്ഡിന്റെ സിദ്ധാന്തം (ടി.) കഥയിലെ അമ്മയുടെയുള്ളിൽ പ്രവർത്തിക്കുന്നതായി സൂചനയൊന്നുമില്ല. എങ്കിലും കണ്ട സ്വപ്നം അവരുടെ മനസ്സിനെ അസ്വസ്ഥമാക്കുകയും പുതിയൊരു ഭാവത്തിൽ എല്ലാവരെയും കാണാൻ കാരണമാവുകയും ചെയ്യുകയാണ്.

സാങ്കേതികപുരോഗതികൊണ്ട് ചെറുതായി വരുന്ന ലോകത്തിൽ ഒരു രാജ്യവും അകലെയല്ല എന്ന് ഈ കഥകൾ തെളിയിക്കുന്നു. എപ്പോൾ വേണമെങ്കിലും പോയി വരാവുന്ന ദൂരത്തിൽ പഴയ ഗൃഹാതുരത്വത്തിനും പ്രസക്തിയില്ലാതായിരിക്കുന്നു. ആരും മക്കളെ കുറ്റപ്പെടുത്തുന്നില്ല. അനിവാര്യമായ മാറ്റങ്ങളെ ഉൾക്കൊള്ളാനുള്ള ഒരു മനസ്സ് സ്ത്രീകൾക്ക് ലഭിച്ചിരിക്കുന്നു. ശ്രദ്ധേയമായ ഒരു വസ്തുത ഭർത്താവിന്റെ ഓർമ്മകൾ അവശേഷിക്കുന്ന മണ്ണിൽ നിന്നും പോകാൻ അവരാരും ആഗ്രഹിക്കുന്നില്ല എന്നതാണ്. തങ്ങളുടെ സ്വത്വം അതാണെന്ന് അവർ വിശ്വസിക്കുന്നുണ്ട്. പുതിയ സംസ്കാരത്തോട് വൃദ്ധകളും ചേർന്നു പോകുന്നുണ്ട്. മലയാളികൾ ലോകത്തെ മുഴുവൻ സ്വന്തം നാടാക്കി മാറ്റിയിരിക്കുന്ന അവസ്ഥയോട് അനുരഞ്ജനപ്പെടുന്ന മനസ്സ് ഈ കഥകളിലെ അമ്മമാർക്കുണ്ട്. അത്തരം ഒരു സംസ്കാരത്തെ ഉൾക്കൊള്ളുന്നവരാണ് അവർ. അതുകൊണ്ടുതന്നെ മാനസികമായി ദുർബ്ബലരായവരെ ഈ ഭാഗത്ത് കുറവായിട്ടാണ് കാണുന്നത്.

പുരുഷന്മാരുടെയും സ്ത്രീകളുടേയും കഥകൾ ഈ വിഭാഗത്തിൽ ഏതാണ്ട് തുല്യ

സ്ഥിതിയിലാണ്. വൃദ്ധകളുടെ കഥകൾക്കാണ് മുൻതൂക്കം.

### 4.2.10. വാർദ്ധക്യ ലൈംഗികത:

വാർദ്ധക്യലൈംഗികത ആധുനികരുടെ കഥകളിലും കടന്നുവരുന്നുണ്ട്. യു.എ.ഖാദറിന്റെ ഫലപ്രാപ്തി, കർക്കിടകച്ചിറകുകൾ എന്നീ കഥകൾ ഈ വിഭാഗത്തിൽപെടുന്നതാണ്. വൃദ്ധകളെ കേന്ദ്രീകരിച്ച കഥകളൊന്നും ഈ ഭാഗത്ത് ലഭിച്ചിട്ടില്ല. മുൻ അദ്ധ്യായത്തേക്കാൾ കുറവാണ് ഈ വിഭാഗത്തിൽപ്പെട്ട കഥകൾ.

#### 4.2.10.1. യു.എ.ഖാദറിന്റെ കഥകൾ:

ഭാര്യയുടെ മരണശേഷം പൂർവ്വാനുഭവങ്ങൾ ഓർത്തെടുക്കാൻ മക്കളോടും പേരക്കുട്ടികളോടുമൊപ്പം നാട്ടിലെത്തുന്ന വൃദ്ധനെയാണ് 'ഫലപ്രാപ്തി'യിൽ അവതരിപ്പിച്ചിരിക്കുന്നത്. ഭാര്യയുടെ മരണം ഒരു മുഖംമൂടിയായി മാറുന്നു. നാഗരികയായ ഭാര്യയുടേയും മറ്റു വേണ്ടപ്പെട്ടവരുടയും വിശ്വാസത്തെ സ്വന്തം  ലൈംഗികസംതൃപ്തിക്കു വേണ്ടി വഞ്ചിക്കുന്ന വൃദ്ധനാണ് 'കർക്കിടകച്ചിറകുകളിൽ' ഉള്ളത്. ഭാര്യമാരോട് അടുപ്പമുണ്ടായിരിക്കെത്തന്നെ മറ്റു സ്ത്രീകളിൽ ഭ്രമിക്കുന്ന മനസ്സാണ് ഈ വൃദ്ധർക്കുള്ളത്..

### 4.2.11. വാർദ്ധക്യത്തെ അതിജീവിക്കുന്നവർ:

ഇത് പുതിയ വിഭജനമാണ്. കാക്കനാടന്റെ 'ആരോ ഒരാൾ', ഒ.വി.വിജയന്റെ 'തിരിച്ചുപോക്ക്, മുകുന്ദന്റെ 'അമ്മമ്മ', 'മുത്തശ്ശിക്കഥ', വൈശാഖന്റെ 'അലിവിന്റെ നിമിഷങ്ങൾ' എന്നീ കഥകളിൽ വാർദ്ധക്യാവസ്ഥയെ എങ്ങനെയാണ് കാണുന്നതെന്ന് പരിശോധിക്കുകയാണ് ഇവിടെ.

**4.2.11.1. വൃദ്ധന്മാരെ കേന്ദ്രീകരിച്ച കഥകൾ:**

**4.2.11.1.1. കാക്കനാടന്റെ 'ആരോ ഒരാൾ':**

പണവും പദവിയും സമൂഹജീവിയായ മനുഷ്യനെ പൊതിഞ്ഞിരിക്കുന്ന ആഡംബരമാണെന്ന വസ്തുതയാണ് 'ആരോ ഒരാളി'ൽ പറയുന്നത്. മനുഷ്യനെ അസ്വതന്ത്രനാക്കുന്ന അവയെല്ലാം ഉപേക്ഷിച്ചപ്പോൾ കോയിക്കൽ കൊച്ചുതൊമ്മി മുതലാളിയെ മക്കളടക്കം ആരും തിരിച്ചറിയുന്നില്ല. സാധാരണക്കാരനായി നാട്ടിലെ കലുങ്കിൽ മരിച്ചുകിടക്കുന്ന അയാൾ 'ആരോ ഒരാൾ' മാത്രമായി മാറുന്നു. വാർദ്ധക്യം വരുത്തിയ പാകതയിൽ മാത്രമേ മുതലാളിക്ക് ഈ മാനസാന്തരം വരുന്നുള്ളൂ.

**4.2.11.1.2. ഒ.വി.വിജയന്റെ 'തിരിച്ചുപോക്ക്':**

ഭൂപരിഷ്കരണം മൂലം ഭൂമിയും പട്ടാളത്തിൽ പോയതു മൂലം ഏകമകനും നഷ്ടപ്പെട്ട കണ്ടുണ്ണിയമ്മാവന്റെ കഥയാണ് ഇത്. മനുഷ്യനു മാത്രമല്ല, ഭൂമിക്കും അവകാശമുണ്ടെന്നു വിശ്വസിക്കുകയും ഭൂമിക്ക് തന്റെ വീട് ഒഴിച്ചു കൊടുക്കുകയും ചെയ്ത മഹാമനസ്കനാണ് ഇദ്ദേഹം. തന്റെ വിധി അതുപോലെ സ്വീകരിക്കാൻ മടിക്കാത്തയാൾ. പുത്തൻ തലമുറയ്ക്ക് കണ്ടുണ്ണിയമ്മാവൻ ഈ സന്ദേശമാണു നൽകുന്നത്.

ഇവിടെയൊന്നും വാർദ്ധക്യത്തിനും മരണത്തിനും വൃദ്ധന്മാരെ തോല്പിക്കാനാകുന്നില്ല.

**4.2.11.1.3. വൈശാഖന്റെ 'അലിവിന്റെ നിമിഷങ്ങൾ':**

ഈ കഥയിൽ വാർദ്ധക്യത്തിലെ ഏകാന്തതയെ ഒഴിച്ചു നിർത്താനും ജീവിതം മുന്നോട്ടുനീക്കാനും പുനർവിവാഹിതനാകുന്ന ഒരച്ഛനാണുള്ളത്. അച്ഛനെ ഒറ്റപ്പെടുത്തി മക്കൾ പ്രതിഷേധിക്കുന്നുണ്ടെങ്കിലും മകൻ കാണാൻ വരുന്നതോടെ എല്ലം ശരിയാകും എന്ന

പ്രതീക്ഷ ഉണ്ടാകുന്നു. പുനർവിവാഹം കേരളീയസമൂഹം അംഗീകരിക്കുന്ന ഒന്നാണെങ്കിലും മക്കളിൽ ചിലർക്കുണ്ടാകുന്ന എതിർപ്പാണ് ഇവിടെയുള്ളത്.

**4.2.11.1. വൃദ്ധകളെ കേന്ദ്രീകരിച്ച കഥകൾ:**

**4.2.11.1.1. എം.മുകുന്ദന്റെ 'അമ്മമ്മ, 'മുത്തശ്ശിക്കഥ':**

പുതുതലമുറയിൽനിന്നും വ്യത്യസ്തമായ ചിന്താഗതി പുലർത്തി അവരെ അമ്പരപ്പിക്കാൻ കഴിയുന്ന വൃദ്ധയാണ് 'അമ്മമ്മ'യിലുള്ളത്. കൃപാകരന് കുട്ടിക്കാലത്ത് ലോകവിജ്ഞാനം പകർന്നുകൊടുത്ത അവർ തന്നെ വേണ്ടിവരുന്നു അയാൾ റിട്ടയർ ആയപ്പോൾ ലോകപരിവർത്തനത്തെപ്പറ്റി ബോധമുണ്ടാക്കിക്കൊടുക്കാനും. പ്രായോഗിക മതിയായ അവർക്ക് കാലത്തിനൊപ്പം നീങ്ങാത്ത പേരക്കുട്ടിയോട് സഹതാപമുണ്ട്. സന്ദർഭോചിതമായി ഇംഗ്ലീഷ് വാക്കുകളുപയോഗിക്കുന്ന, കൃപാകരന്റെ ജീവിതസമ്പാദ്യമായ ഒരു ലക്ഷത്തെ നിസ്സാരമായി കാണുന്ന, തീൻമേശയിൽ പുത്തൻ ഭക്ഷണരീതിയുമായി വ്യത്യസ്തത പുലർത്തുന്ന, വിദേശ പൂച്ചെടികളിൽ അഭിരമിക്കുന്ന, ദുബായ് കാണാനാഗ്രഹിക്കുന്ന അമ്മമ്മ തികച്ചും ആധുനികയാണ്. ഈ തിരിച്ചെഴുത്തിൽ പരമ്പരാഗതമായ അവശവാർദ്ധക്യസങ്കല്പം മാറി നിൽക്കുന്നതായി കാണാം.

'മുത്തശ്ശിക്കഥ'യിലെ നാരായണിമുത്തശ്ശി സ്വന്തം ജീവിതാനുഭവങ്ങൾകൊണ്ട് പുതുതലമുറയ്ക്ക് ധൈര്യം പകരുന്നവരാണ്. പി.എച്ച്.ഡിക്കാരിയാകണമെന്ന മോഹം ഉള്ളിലൊതുക്കി പ്രീഡിഗ്രി കഴിയും മുമ്പേ വിവാഹിതയാകേണ്ടിവന്ന പാർവ്വതിയുടെ ഉള്ളിലെ നിരാശ മാറ്റാനും മുന്നോട്ടുള്ള വഴി തെളിക്കാനും അവർക്ക് കഴിയുന്നുണ്ട്.

വാർദ്ധക്യാവസ്ഥയെ കണക്കാക്കാതെ ജീവിക്കുന്ന ചുറുചുറുക്കുള്ളവരും ശുഭാപ്തിവിശ്വാസികളുമായ വൃദ്ധകളാണ് ഇവർ.

**4.2.12. ഉപേക്ഷിക്കപ്പെടുന്ന വൃദ്ധർ:**

ഈ ഭാഗത്ത് സ്ത്രീകൾ കഥാപാത്രമാകുന്ന കഥകൾ ഇല്ല.

**4.2.12.1. സാറതോമസ്സിന്റെ 'ഒരു വിടവാങ്ങൽ':**

സാറാതോമസ്സിന്റെ 'ഒരു വിടവാങ്ങൽ' എന്ന കഥയിൽ ഭാര്യയുടെ തൈറോയിഡ് ഓപ്പറേഷനു വന്ന വൃദ്ധനെ അവതരിപ്പിക്കുന്നു. മകന്റെ സമയം നോക്കിയിരുന്നു വൈകിയ ഓപ്പറേഷനാണ്. വിവാഹിതനായ മകൻ ഭാര്യയുടെ ലോകത്തേയ്ക്ക് ഒതുങ്ങിപ്പോയതുകൊണ്ട് അവന്റെ സഹായം അവർക്ക് ലഭിക്കുന്നില്ല.

**4.2.13. ഇണ നഷ്ടപ്പെട്ട വൃദ്ധർ:**

ഭർത്താവിനെയോ ഭാര്യയുടെയോ മരണം വൃദ്ധർക്ക് കനത്ത ആഘാതം ഏൽപ്പിക്കാറുണ്ട്. ഈ വിഭാഗം മുന്നദ്ധ്യായങ്ങളിൽ ഇല്ലാത്തതാണ്. ഇണ മരിച്ചുപോയ വൃദ്ധർ കേന്ദ്രകഥാപാത്രമായ കഥകളുടെ ആധിക്യമാണ് ഈ വിഭജനത്തിനു കാരണം.

**4.2.13.1. വിധുരന്മാർ:**

കാക്കനാടന്റെ കാലപ്പഴക്കം, സേതുവിന്റെ സാമി, കെ.എൽ.മോഹനവർമ്മയുടെ വൃദ്ധൻ, ഇറ്റ്സ് ഓവർ, സാറാ തോമസിന്റെ മൃഗതൃഷ്ണ എന്നീ കഥകളിലെ വൃദ്ധന്മാർ ഭാര്യ മരിച്ചുപോയവരാണ്. ഇണയുടെ മരണം സ്ത്രീകളേക്കാൾ പുരുഷന്മാരെ ബാധിക്കുന്നതായാണ് പറയപ്പെടുന്നത്.

**4.2.13.1.1. കാക്കനാടന്റെ 'കാലപ്പഴക്കം':**

ഈ കഥയിലെ ഗോപാലപിള്ള സാർ ഇരുപത്തൊൻപതു കൊല്ലത്തെ പഴക്കമുള്ള

ചെരിപ്പിനോടു കാണിക്കുന്ന മമതയ്ക്കു പിന്നിൽ ഭാര്യയെപ്പറ്റിയുള്ള സ്നേഹമുള്ള ഓർമ്മകൾകൂടിയുണ്ട്. കമലാക്ഷിയുടെ നേര്യതിനെപ്പറ്റിയുള്ള സ്മരണകൾ ചെരിപ്പുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ്. രണ്ടു വർഷമായി അടുത്തില്ലാത്ത അവരെപ്പറ്റിയുള്ള ചിന്ത ഗോപാലപിള്ളസാറിൽ ഉണ്ടാക്കിയ മാറ്റം വർണ്ണിക്കുന്നത് യാഥാതഥ്യ സ്വഭാവത്തോടുകൂടിയാണ്:

*കണ്ണിലൊരു കടച്ചില്. ചുണ്ടിനൊരു വിറയൽ, ഇളകിത്തുടങ്ങിയ*

*പല്ലുകൾകൊണ്ട് കീഴ്ചുണ്ട് കടിച്ചുപിറ്റിച്ചു, വലതുകൈപൊക്കി*

*കഷണ്ടികയറിയ തല തടവി. (കാക്കനാടൻ, 1995:33)*

സ്വഭാവപ്രധാനമായ കഥകളുടെ കൂട്ടത്തിലാണ് കാക്കനാടൻ തന്റെ ഈ ആദ്യകാല കഥയെ പെടുത്തിയിരിക്കുന്നത്.. (1963). ഈ ഉദ്ധരണിയിലും കഥാപാത്രസ്വഭാവം കാണാം.

**4.2.13.1.2. സേതുവിന്റെ സാമി:**

യജമാന-ഭൃത്യബന്ധമാണ് സാമിയ്ക്കും കമ്പനിമുതലാളിയ്ക്കും. മുതലാളി പറഞ്ഞതുകൊണ്ട് സാമി വിവാഹിതനായി. കുട്ടികളുണ്ടായില്ല. റിട്ടയർമെന്റ് യോഗത്തിൽ കേൾവിക്കാരനായിരിക്കുമ്പോൾ മരിച്ചുപോയ ഭാര്യയുടെ ചൂണ്ടുവിരൽ തനിക്കുനേരെ ചൂണ്ടപ്പെടുന്നതായി അയാൾക്കനുഭവപ്പെടുന്നു. സാമി കുടുംബം നോക്കിയവനായിരുന്നില്ല.

**4.2.13.1.3. കെ.എൽ മോഹനവർമ്മയുടെ വൃദ്ധൻ, ഇറ്റ്സ് ഓവർ:**

'വൃദ്ധനി'ൽ അമ്മ മരിച്ചപ്പോൾ വരാൻ നേരം കിട്ടാതിരുന്ന മക്കൾ ശ്രാദ്ധത്തിന് നേരത്തെക്കൂട്ടി എത്തുന്നുണ്ട്. വീട്ടിലെ ആദായം മുഴുവൻ എടുക്കുന്ന അച്ഛന് പണം

അയയ്ക്കേണ്ട കാര്യമില്ലെന്ന് മകൻ കരുതുന്നു. ഒറ്റപ്പെട്ട ജീവിതം നയിക്കുന്ന അച്ഛൻ വീട്ടുകാവൽക്കാരൻ മാത്രമായി മാറുന്നുണ്ട്. മരുമകളുടെ കുറ്റപ്പെടുത്തലുകൾ അയാൾ കേട്ടില്ലെന്നു നടിക്കുന്നു:

> *പ്രായമായാൽ പാകത വരുത്താനായി ദൈവം തന്നെ പലവിധ സഹായങ്ങൾ ചെയ്യും. കണ്ണനിൽപ്പം മൂടൽ: ചെവികേൾക്കാന് കുറേശ്ശെ വിഷമം: മുട്ടിലെ സന്ധികൾക്കു വേദന കൂടുതൽ സംസാരിച്ചാൽ ക്ഷീണം, കാണേണ്ടതു കാണുകയില്ല കേൾക്കേണ്ടാത്തതു കേൾക്കില്ല സ്വാഗതമില്ലാത്തിടത്ത് പോകാതിരിക്കാൻ പ്രത്യേക ന്യായങ്ങൾ വേണ്ട. (കെ.എൽ.മോഹനവർമ്മ,30)*

വാർദ്ധക്യത്തിന്റെ യഥാതഥമായ ചിത്രീകരണമായിട്ടുണ്ടിത്.

'ഇറ്റ്സ് ഓവർ' എന്ന കഥയിലെ അച്ഛന് മറ്റുള്ളവർ തന്നോട് ദയയോടെ പെരുമാറുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. എൺപതാം വയസ്സിലും അയാൾക്ക് ശാരീരികമായി അവശതയില്ല. എങ്കിലും പ്രായമായാൽ എന്തെങ്കിലും അസുഖം വേണം. എന്ന പൊതുബോധത്തെ അംഗീകരിക്കുന്നുണ്ടയാൾ. മറ്റുള്ളവരിൽ സ്വാധീനം സൃഷ്ടിക്കാൻ കഴിവുള്ള ഭാര്യ പെട്ടെന്നു മരിച്ചപ്പോൾ അയാൾക്ക് ആശ്വാസമാണ് തോന്നുന്നത്. പെട്ടെന്നുതന്നെ ഈ അവസ്ഥ മാറുകയും താളംതെറ്റുകയും ചെയ്യുന്നു. തനിക്കും ഭാര്യക്കും ഇടയിൽ മറ്റാരെയും അംഗീകരിക്കാനാകാതെ മനസ്സുപതറുന്നു. ഒരു ശൂന്യതയാണ് അവശേഷിക്കുന്നത്.

#### 4.2.13.1.4. സാറാതോമസിന്റെ 'മൃഗതൃഷ്ണ':

ഈ കഥയിലെ അച്ഛന് വാർദ്ധക്യത്തിന്റെ അവശതയിലും ഭാര്യ മരിച്ച ദുഃഖത്തിലും ഒറ്റപ്പെട്ടപോയ തനിക്ക് കൂട്ടായി മക്കൾ അടുത്തുണ്ടാവും എന്ന പ്രതീക്ഷ ഉണ്ടായിരു

ന്നു. അമ്മയുടെ പതിനാറ് കഴിഞ്ഞയുടനെ മകനും മകളും അവരുടെ ജീവിതത്തിര ക്കുകളിലേക്ക് പോയപ്പോൾ അച്ഛൻ തന്റെ ആഗ്രഹം വെറും മൃഗതൃഷ്ണയാണെന്ന റിഞ്ഞു. അത്രയും ദിവസം തന്നെ അവിടെ നിന്നത് അവരുടെ ജോലിയെയും വീട്ടുകാ ര്യങ്ങളെയും ബാധിച്ചതായി പരാമർശമുണ്ട്. മകൻ തന്നെ പട്ടണത്തിലെ വീട്ടിലേയ്ക്ക് വിളിക്കാത്തതിൽ അച്ഛന് വിഷമം തോന്നുന്നു. ഭാര്യയുടെ സജീവമായ ഓർമ്മകളിൽ മുഴുകിയ അയാൾക്ക് അപമൃത്യു സംഭവിക്കുകയാണ്.

**4.2.13.2. വിധവകൾ:**

മുന്നദ്ധ്യായങ്ങളെ അപേക്ഷിച്ച് വിധവകളുടെ ആധിക്യം കഥകളിലുണ്ടായിട്ടുണ്ട്. രണ്ടാം അദ്ധ്യായത്തിൽ നാഗവള്ളി ആർഎസ് കുറുപ്പിന്റെ 'വിധവ' എന്ന പേരോടുകൂ ടിയ കഥയിലാണ് ഇതിനു മുൻപ് വിധവയുടെ കഥ സവിശേഷമായി ആഖ്യാനം ചെയ്തി രിക്കുന്നത്.

പുരുഷന്മാരേക്കാൾ ആയുർദൈർഘ്യം സ്ത്രീകൾക്കാണെന്നു പഠനങ്ങൾ പറയു ന്നു. സ്ത്രീ-പുരുഷ അനുപാതത്തിലും സ്ത്രീകളാണ് മുന്നിൽ. ഭർത്താവ് മരിക്കുന്ന തോടെ ചില സ്ത്രീകൾ ഒറ്റപ്പെടുകയും ഉൾവലിയുകയും ചെയ്യുന്നു. വൃദ്ധരെ സംബ ന്ധിച്ച് പലപ്പോഴും ജീവിതം ശൂന്യമായിത്തീരുന്നു. മക്കൾക്കു വേണ്ടിയുള്ളത് എന്ന മട്ടിൽ ശേഷിച്ച കാലം കഴിച്ചുകൂട്ടുകയാണ് പിന്നെ പതിവ്. വാർദ്ധക്യത്തിലെ ഏറെ ദുഃഖകരമായ ഒരവസ്ഥയാണ് വൈധവ്യം. സ്വന്തമായി വരുമാനമോ നിലനിൽപോ ഇല്ലാ ത്തവർക്ക് ഇത് അതികഠിനമായിരിക്കും. പുതിയ കാലത്ത് പുതിയ ദൂരങ്ങൾ വന്ന പ്പോൾ മക്കളും അവരെ വേർപിരിയുന്നുണ്ട്. എല്ലാവർക്കും ജീവിതഭദ്രത നോക്കേണ്ടി വരുമ്പോൾ അമ്മമാർ ഒറ്റപ്പെടുന്നു. ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന കഥ കൾ ഇവയാണ്. സേതുവിന്റെ 'ഒരു ശ്രാദ്ധത്തിന്റെ പിറ്റേന്ന്, 'ഭൂഖണ്ഡങ്ങളിലൂടെ'

യു.എ.ഖാദറിന്റെ ദക്ഷിണായനം, പെരുമ്പടവം ശ്രീധരന്റെ രണ്ടു സങ്കടങ്ങൾ കണ്ടുമുട്ടുമ്പോൾ, ജോർജ്ജ് ഓണക്കൂറിന്റെ യാത്രയുടെ സമയം.

**4.2.13.2.1. സേതുവിന്റെ കഥകൾ:**

വിദേശങ്ങളിൽ താമസമാക്കിയ മക്കൾ അച്ഛന്റെ ശ്രാദ്ധത്തിനാണ് ഒത്തുചേരുക. അമ്മയോടൊപ്പം താമസിക്കാനാകാത്തതിനാൽ ഒരു മാസത്തേയ്ക്ക് അവരെ മാറി മാറി തങ്ങൾ പാർക്കുന്നിടത്തേക്ക് കൊണ്ടുപോകാനുള്ള തീരുമാനത്തിലാണവർ. മക്കളുടെ സ്നേഹം മനസ്സിലാക്കുന്നുണ്ടെങ്കിലും അച്ഛന്റെ ഓർമ്മകൾ ഉള്ള നാടുവിടാൻ അമ്മ തയ്യാറല്ല. 'ഒരു ശ്രാദ്ധത്തിന്റെ പിറ്റേന്ന്' എന്ന കഥയിൽ അമ്മ തന്റെ സ്വത്വം കണ്ടെത്തുന്നത് നാട്ടിലാണ്. 'ഭൂഖണ്ഡങ്ങളിലൂടെ' എന്ന കഥയിലെ അമ്മ അമേരിക്കയിൽ മകന്റെ കൂടെ നിൽക്കുന്നുണ്ടെങ്കിലും ഭർത്താവിന്റെ ഓർമ്മകൾ ഉള്ള നാട്ടിലേയ്ക്ക് വേഗം മടങ്ങാൻ ആഗ്രഹിക്കുന്നു. ഇവിടെയൊന്നും മക്കളോട് സ്നേഹക്കുറവില്ല എന്നത് ശ്രദ്ധേയം.

**4.2.13.2.2. യു.എ.ഖാദറിന്റെ 'ദക്ഷിണായനം':**

ദാക്ഷായണിയമ്മയുടെ പേരിനെ ഓർമ്മിപ്പിക്കുന്ന ദക്ഷിണായനം എന്ന പേര് നാട്ടിൻപുറത്തെ വീട്ടിനിട്ടത് അറംപറ്റിയ പോലെ അവരുടെ ഭർത്താവ് മരിക്കുകയാണ്. ദൂരദിക്കിലുള്ള മക്കൾക്ക് ഫോണിലൂടെ മുറയ്ക്ക് വിവരം അന്വേഷിക്കാനേ ആകുന്നുള്ളൂ. ഭർത്താവ് നഷ്ടപ്പെട്ട ദാക്ഷായണിയമ്മ മക്കളെയല്ല മരണത്തെയാണ് പ്രതീക്ഷിക്കുന്നത്. ഭാര്യാഭർത്താക്കന്മാർക്കിടയിലെ തീവ്രമായ സ്നേഹബന്ധവും വ്യക്തിബന്ധവും ഈ കഥയിൽ പ്രത്യക്ഷമാണ്.

**4.2.13.2.3. പെരുമ്പടവം ശ്രീധരന്റെ 'രണ്ടു സങ്കടങ്ങൾ കണ്ടുമുട്ടുമ്പോൾ':**

വിധവയായ സരസ്വതി ഏറെ കഷ്ടപ്പെട്ടാണ് പെൺമക്കളെ വളർത്തി വിവാഹം ചെയ്തയച്ചത്. ഇതിന്റെ ആവശ്യത്തിലേയ്ക്ക് വീടും നഷ്ടപ്പെട്ടു. അമ്മയെ ഏറ്റെടുക്കാൻ നിൽക്കാത്ത മക്കൾ. സരസ്വതി ഒരു പരിചയക്കാരന്റെ സഹായഹസ്തം സ്വീകരിച്ചത് അപവാദം സൃഷ്ടിക്കുന്നു. അയാൾ മരിക്കുന്നതോടെ തിരിച്ച് അനാഥാലയത്തിലേയ്ക്കു തന്നെ പോകേണ്ടി വരുന്നു അവർക്ക്. ഇവിടെ വിധവയോടുള്ള മക്കളുടെയും സമൂഹത്തിന്റെയും വിപരീതമനോഭാവം ദൃശ്യമാണ്. ഒരു വിധവ എങ്ങനെ കഴിയണം, കഴിയരുത് എന്ന സദാചാരപ്രശ്നം സരസ്വതിയുടെ ജീവിതത്തെ അനാഥമാക്കുന്നതായി കാണാം.

**4.2.13.2.4. ജോർജ്ജ് ഓണക്കൂറിന്റെ 'യാത്രയുടെ സമയം':**

എഴുപത്തഞ്ചു വയസ്സായ ഒരു അമ്മച്ചിയുടെ ചിന്തയുടെ രൂപത്തിലാണ് ഈ കഥ. ഭക്തയായതുകൊണ്ട് ബൈബിൾഭാഷയുടെ രൂപത്തിലുള്ള ആഖ്യാനശൈലി ഉചിതമായിരിക്കുന്നു. അവരുടെ ജീവിതവിരക്തി തെളിച്ചുകാട്ടാൻ ഈ ശൈലി പര്യാപ്തമായിട്ടുണ്ട്. നേരത്തെ മരിച്ചുപോയ ഭർത്താവിന്റെ തീവ്രമായ ഓർമ്മകൾ കഥയുടെ ആദ്യഭാഗത്ത് വരുന്നു. ഡോക്ടർമാരും എഞ്ചിനീയർമാരും കമ്പനി മാനേജർമാരുമായ അഞ്ചു മക്കൾ വിദേശത്തുള്ള അമ്മയ്ക്ക് അവരുടെ പണമല്ല വേണ്ടത്. സാമീപ്യമാണ്. കുറച്ചു കാലമെല്ലാം കൂടെ നിർത്താൻ മക്കൾക്കും ഇഷ്ടമാണ്. ഭർത്താവിന്റെ ഓർമ്മകൾ അമ്മയിൽ മരണാഭിമുഖ്യം വളർത്തുന്നു. മരണത്തിനു വേണ്ടിയാണ് അവർ കാത്തിരിക്കുന്നത്. ആത്മഹത്യോന്മുഖമായ മനസ്സുമായി അവർ വീടുപേക്ഷിക്കുകയാണ്.

**4.2.14. പാരമ്പര്യം അനുസരിക്കുന്ന വൃദ്ധന്മാർ:**

ഈ വിഭാഗത്തിൽ സ്ത്രീകൾ കഥാപാത്രമായ കഥകൾ ഇല്ല. ഇതും പുതിയ ഖണ്ഡ

വിഭജനമാണ്.

പാരമ്പര്യത്തിലും തറവാടിത്തത്തിലും ഉറച്ചുനിൽക്കുന്ന വ്യക്തികൾ ആധുനിക രുടെ കഥകളിലും ഉണ്ട്. അതിൽ അഭിമാനം കണ്ടെത്തുന്നവരും അത് സ്വന്തം കടമ യാണെന്നു കരുതുന്നവരും ഈ കഥകളിലുണ്ട്. നാരായണപിള്ളയുടെ 'ആരൂഢപർവ്വം' വത്സലയുടെ 'അനുപമയുടെ കാവൽക്കാരൻ' എന്നിവ ഇത്തരക്കാരുടെ കഥകളാണ്.

**4.2.14.1. എം.പി.നാരായണപിള്ളയുടെ 'ആരൂഢപർവ്വം'**

കളത്തിൽ മാളികയിലെ അവസാനത്തെ യജമാനന് പാരമ്പര്യത്തെ അനുസരിക്കാതെ വയ്യ. പത്തുപറയ്ക്ക് നിലം കേസിലുണ്ടായിരുന്നത് ജയിച്ചിട്ടും ദാരിദ്ര്യത്തിൽനിന്നും കരകയറാനായില്ല. കഞ്ചാവ് പുകച്ചുകളഞ്ഞ ജീവിതമാണ് അയാളുടേത്. നാലകെ ട്ടിലെ മൂന്നുകെട്ടും പൊളിച്ചുനീക്കി. പണമെല്ലാം പണിയെടുത്ത ആശാരിമാർക്ക് ചെന്നു. അഗതികൾക്ക് ധർമ്മക്കഞ്ഞി വീഴ്ത്താതെതന്നെ ഈ കളത്തിൽ യജമാനന്റെ ഷഷ്ടി പൂർത്തി കടന്നുപോയി. രക്തത്തിലലിഞ്ഞ പോലെയുള്ള പാരമ്പര്യമാണ് അയാളുടെ ദാരിദ്ര്യത്തിനു കാരണമായി മാറുന്നത്.

**4.2.15.2. പി.വത്സലയുടെ 'അനുപമയുടെ കാവൽക്കാരൻ':**

അനുപമയുടെയും അമ്മയുടെയും ജീവിതത്തിലെ ഒഴിയാബാധയായിട്ടാണ് കേളു അച്ചൻ നിലകൊള്ളുന്നത്. അവരുടെ ജീവിതത്തിൽ എല്ലായ്പ്പോഴും അയാൾ ഇടപെട്ടു. ഒന്നും ചെയ്യാൻ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. നാട്ടിലെ ഉത്സവത്തിന് ഏകയായി പോക ണമെന്ന അനുപമയുടെ ആഗ്രഹം നടക്കുന്നില്ല. കൂടെവന്ന കേളു അച്ചനെ വീട്ടിനു ള്ളിലാക്കി പൂട്ടി താക്കോലെറിഞ്ഞുകളഞ്ഞ് ആ പാരമ്പര്യത്തെ എന്നന്നേയ്ക്കുമായി അവസാനിപ്പിക്കുകയാണവൾ. അവളെ തിരിച്ചറിഞ്ഞ ഒരേയൊരു നാട്ടുകാരൻ പറഞ്ഞു:

*അനുപമേ, അയാളെ നിങ്ങൾ കൊന്നു, അല്ലേ? നന്നായി. അയാൾ ചാകാൻ കൂട്ടാക്കാത്തവനായിരുന്നു. ആ കിഴവൻ!* (പി.വത്സല, 2011: 1377)

### 4.2.15. അധികാരഭ്രമമുള്ള വൃദ്ധന്മാർ:

ഈ ഖണ്ഡവിഭജനവും പ്രത്യേകമാണ്. സ്ത്രീകളുടെ കഥകൾ ഇല്ല. അധികാരം ഹരം പിടിപ്പിക്കുന്ന ഒന്നായിട്ടാണ് എക്കാലവും കരുതപ്പെടുന്നത്. പിൻതലമുറയ്ക്ക് സ്ഥാനം വിട്ടുകൊടുക്കാനുള്ള മടി കുടുംബ ബന്ധങ്ങളെയും രാജ്യഭരണത്തെയും ബാധിക്കും. ഇക്കാര്യം പരാമർശിക്കുന്ന കഥകളാണ് ഒ.വി.വിജയന്റെ നാലുകെട്ട്. ജോർജ്ജ് ഓണക്കൂറിന്റെ തമ്പുരാൻ നാടുനീങ്ങുന്ന നേരം. എന്നിവ.

#### 4.2.15.1. ഒ.വി.വിജയന്റെ 'നാലുകെട്ട്':

ഈ ചെറിയ കഥയിൽ കാലത്തിനും അധികാരത്തിനും വരുന്ന ഭേദങ്ങൾ ഒരു തകരുന്ന മരുമക്കത്തായത്തറവാടിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിച്ചിരിക്കുകയാണ്. കാരണവന്മാർ മരുമക്കളെ വരുതിയിൽ നിർത്തിയിരുന്ന കാലം കഴിഞ്ഞു എന്ന് വ്യക്തമാക്കുകയാണ് മരുമക്കൾ. കാരണവന്മാരായ അമ്മാവൻമാർക്കൊക്കെ ഭരണം ഒഴിഞ്ഞുകൊടുക്കേണ്ടി വന്നത് അനിവാര്യമായ മാറ്റമായിട്ടാണ് കാണിച്ചിരിക്കുന്നത്.

#### 4.2.15.2. ജോർജ്ജ് ഓണക്കൂറിന്റെ 'തമ്പുരാൻ നാടുനീങ്ങുന്ന നേരം':

ഒരു നാടോടിക്കഥയെ അനുസ്മരിപ്പിക്കുന്ന കെട്ടും മട്ടുമാണ് ഈ കഥയ്ക്കുള്ളത്. തനിക്കു പിന്നാലെ വന്ന തലമുറകളുടെ മരണത്തിനു സാക്ഷിയായി. ആജീവാനാന്ത ബ്രഹ്മചാരിയായി നടിച്ച്, സ്വകാര്യമായി തനിക്കു ജനിക്കുന്ന ആൺമക്കളെ ഷണ്ഡൻമാരാക്കി അധികാരത്തിന്റെ മാസ്മരികത ആർക്കും കൈമാറാത്ത ഒരു തമ്പുരാൻ ആണ്

ഇക്കഥയിലുള്ളത്. ഒരു ജലദോഷത്തെ തുടർന്ന് വിശ്രമിക്കാൻ പോയ തമ്പുരാന്റെ അധികാരക്കൊതിക്ക് വിരാമമിടാൻ സർവ്വാധികാര്യക്കാർ തീരുമാനിക്കുന്നു. ഷണ്ഡനല്ലാത്ത ഏതെങ്കിലും അവകാശി ജീവിച്ചിരിപ്പുണ്ടാകും എന്ന പ്രതീക്ഷയും ഇതിനു പിന്നിലുണ്ട്. മാത്രമല്ല, ഭരണകൂടത്തിന്റെ ഭീകരത, അടിച്ചമർത്തൽ നയം എന്നിവയ്ക്കെതിരെ പ്രതികരിക്കാൻ ശ്രമിക്കുന്ന വിപ്ലവകാരികളെയും ഈ കഥ മുന്നോട്ടുവയ്ക്കുന്നു. ആജീവനാന്തം എവിടെയും ആർക്കും നിലനിൽപ്പില്ല എന്ന് ഈ കഥകൾ തെളിയിക്കുന്നു.

### 4.3. വാർദ്ധക്യാനുഭവം – സ്ത്രീപുരുഷവ്യത്യാസം:

പുരുഷനെ അപേക്ഷിച്ച് സ്ത്രീയ്ക്ക് ശാരീരികമായും മാനസികമായും വ്യത്യാസങ്ങളുണ്ട്. മാത്രമല്ല സാമൂഹികമായും സാംസ്കാരികമായും സ്ത്രീകളെ വേർതിരിച്ചു കാണുന്ന സ്വഭാവം സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് വൃദ്ധകൾ കേന്ദ്രകഥാപാത്രമായി വരുന്നത് നോക്കിക്കാണുന്നത്.

പുരുഷന്മാരുടെ സ്ത്രീകഥകൾ പരിശോധിക്കുമ്പോൾ മാനസികമായി ശക്തരാണ് ഏറെ കഥാപാത്രങ്ങളും. സേതുവിന്റെ കഥകളിലെ വൃദ്ധകൾ കാലത്തിനനുസരിച്ച് ജീവിക്കാൻ പഠിച്ചവരാണ്. പ്രവാസികളുടെ ഗൃഹാതുരത്വം എന്നു പറയുന്നത് ഒരു സങ്കൽപം മാത്രമായി ഇദ്ദേഹത്തിന്റെ കഥകളിൽ മാറുന്നു. മുകുന്ദന്റെ കഥാപാത്രങ്ങൾ ഏറെ മുന്നോട്ടുപോയിരിക്കുന്നു. തന്റേടവും കാര്യപ്രാപ്തിയും അവർക്കുണ്ട്. വൃദ്ധകളെ ഉയർത്തിക്കാട്ടാൻ മറ്റുള്ളവരെ പഴഞ്ചന്മാരായി ചിത്രീകരിക്കുന്നതുപോലെ അനുഭവപ്പെടും. പൊതുവെ ഈ വൃദ്ധകളൊന്നും അബലകളല്ല. അതേ സമയം പരമ്പരാഗതരീതിയിലുള്ള ദുഃഖപുത്രിമാരും ഉണ്ട്. എങ്കിലും അവരും ജീവിതത്തിൽ പിടിച്ചുനിൽക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. രണ്ടുതരത്തിൽ പെട്ട വേശ്യകളുടെ കഥ പറ

യുന്ന 'ഭാഗ്യലക്ഷ്മി'യും 'സുഗന്ധി'യും എടുത്തുപറയേണ്ടവയാണ്. കാക്കനാടന്റെ കഥാപാത്രം ശാരീരികമായ മോഹങ്ങളിൽ നിന്നും വിടുതൽ നേടിയിട്ടില്ല. സാറാതോമസ്സിന്റെ കഥാപാത്രം ആത്മീയമായ ഒരു തലത്തിലേയ്ക്ക് ഉയർന്നപോലെ നില കൊള്ളുന്നു. രാജാവിന്റെ വെപ്പാട്ടി എന്ന സ്ഥാനം ഇതിനു കാരണമായിട്ടുണ്ട്. ഭാഗ്യ ലക്ഷ്മിയെപ്പോലെയുള്ള വേശ്യയല്ല. സുഗന്ധി എന്ന വ്യത്യാസം അവർ തമ്മിലുണ്ട്. പുരുഷന്മാരെ കാണുമ്പോൾ കോൾമയിൽ കൊള്ളുന്ന ദേഹമല്ല സുഗന്ധിയുടേത്.

എഴുത്തുകാരികളുടെ വീക്ഷണത്തിൽ വിധിയെ അംഗീകരിക്കുന്നവരെ കാണാം. ഒറ്റയ്ക്കു താമസിക്കുന്ന അവിവാഹിതകളായ സ്ത്രീകൾക്ക് രക്ഷയില്ല എന്ന സന്ദേശം പി.വത്സലയുടെ 'കാലാൾ കാവലാൾ' എന്ന കഥയിൽ ധ്വനിക്കുന്നു. സഹിഷ്ണുത ഉപേക്ഷിച്ച അമ്മയെയാണ് 'ജയശീലന്റെ അമ്മ'യിൽ കാണുന്നത്.

ഒറ്റപ്പെടുന്ന വൃദ്ധകളുടെ എണ്ണം വൃദ്ധന്മാരേക്കാൾ കൂടുതലാണ്. ഇരകളാക്കപ്പെടുന്ന വൃദ്ധരിൽ പുരുഷന്മാർ ഇല്ല. പെൻഷനുമായി ബന്ധപ്പെട്ട കഥകളിൽ സ്ത്രീ പ്രാതിനിധ്യം ഉണ്ടെന്നുപറയാം എന്നു മാത്രം. ചൂഷകരായോ ചൂഷിതരായോ വൃദ്ധ കളെ കാണുന്നില്ല. 'വാശിക്കാർ' എന്ന വിഭാഗത്തിൽ വൃദ്ധന്മാരാണ് കൂടുതൽ എന്നു കാണാം. വാർദ്ധക്യത്തെ പ്രതിരോധിക്കുന്നവരിലും പുരുഷന്മാരാണ് സ്ത്രീകളേക്കാൾ മുന്നിട്ടു നിൽക്കുന്നത്. പ്രവാസികളായ മക്കൾ എന്ന വിഭാഗത്തിൽ വൃദ്ധന്മാർക്കും വൃദ്ധകൾക്കും ഏതാണ്ട് തുല്യപ്രാതിനിധ്യം വന്നിട്ടുണ്ട്. വാർദ്ധക്യത്തെ അതിജീവി ക്കാനുള്ള ശേഷി വൃദ്ധന്മാർക്കാണു കൂടുതൽ കാണുന്നത്. അതേസമയം മക്കൾ വിദേ ശത്തുള്ള പല അമ്മമാരും അതിജീവനശേഷി ഉള്ളവരാണ്. വിധുരന്മാരും വിധവകളും ഇവിടെയുണ്ട്.

### 4.4. ആധുനികരും വാർദ്ധക്യവും:

കാക്കനാടന്റെ 'അടർന്നു വീണടിയുന്ന നക്ഷത്രങ്ങൾ' എന്ന നോവൽ മാത്രമേ ആ

വിഭാഗത്തിൽ പ്രത്യേകമായി ലഭിച്ചിട്ടുള്ളൂ. ബൈബിളിലെ ദാവീദിന്റെ കഥയെ ഓർമ്മിപ്പിക്കുന്ന കഥയാണിതിലുള്ളത്. താഴെത്തട്ടിൽ ജനിച്ച് ഗോത്രരാജാവായി ഉയർന്ന ശബരിമൂപ്പൻ. എല്ലാവർക്കും പ്രിയങ്കരനായിട്ടുപോലും അന്യന്റെ ഭാര്യയിൽ ഭ്രമിക്കുകയും ശത്രുക്കളുടെ ഉപജാപങ്ങൾക്ക് കാതു കൊടുത്തതുമൂലം പ്രിയപുത്രൻ നഷ്ടപ്പെടുകയും സ്വന്തം വാക്കിന്റെ സംരക്ഷണത്തിനായി ദുർബലനായ പുത്രന് അധികാരം നൽകേണ്ടിവരികയും ചെയ്ത ശബരിമൂപ്പൻ ഒരു ദുരന്തനായകനാണ്. സ്വന്തം ചെയ്തികളാണ് മൂപ്പന്റെ വേദനയ്ക്കു കാരണം എന്നതിനാലാണ് അയാൾ ദുരന്തകഥാപാത്രമാകുന്നത്. ആഖ്യാനത്തിൽ ആത്മഭാഷണവും ബൈബിൾ ഭാഷയും ഉപയോഗിച്ചിരിക്കുന്നത് ഭൂതകാലത്തിന്റെയും വർത്തമാനകാലത്തിന്റെയും ചിത്രീകരണത്തിന് ഉചിതമായ രീതിയിലാണ്.

കാക്കനാടന്റെ സാക്ഷി, എം. മുകുന്ദന്റെ ദൈവത്തിന്റെ വികൃതികൾ എന്നീ നോവലുകളിൽ പ്രാന്തവത്കൃതമായ വാർദ്ധക്യത്തെ കാണാം.

സവിശേഷമായ അർത്ഥകൽപ്പനയോടുകൂടിയ ആധുനികതയുടെ വക്താക്കളായ കാക്കനാടൻ, ഒ.വി.വിജയൻ, സക്കറിയ, എം.പി.നാരായണപിള്ള, എം.മുകുന്ദൻ, സേതു എം.സുകുമാരൻ, സി.രാധാകൃഷ്ണൻ, യു.എ.ഖാദർ, പെരുമ്പടവം ശ്രീധരൻ, കെ.എൽ. മോഹനവർമ്മ, വൈവശാഖൻ, മുണ്ടൂർ കൃഷ്ണൻകുട്ടി, മുണ്ടൂർ സേതുമാധവൻ, ജോർജ്ജ് ഓണക്കൂർ, പി.വത്സല, സാറാതോമസ് എന്നവരുടെ കഥകളാണ് സ്വീകരിച്ചിട്ടുള്ളത്. വാർദ്ധക്യാനുഭവങ്ങളുടെ വ്യത്യസ്തത കണ്ടെത്താനുള്ള ശ്രമമാണ് ഈ തെരഞ്ഞെടുപ്പിനു പിന്നിലുള്ളത്.

മുന്നദ്ധ്യായങ്ങളെ അപേക്ഷിച്ച് ഖണ്ഡവിഭജനത്തിന്റെ വർദ്ധനവ് ശ്രദ്ധേയമാണ്. വിധവകളുടേയും വിധുരന്മാരുടെയും ആധിക്യവും പ്രത്യേകമാണ്.

കാക്കനാടന്റെ കാലപ്പഴക്കം, സ്വതന്ത്രൻ, കച്ചവടം, ആരോ ഒരാൾ, സൂര്യനെതിരെ,

ഭാഗ്യലക്ഷ്മി, എം.പി.നാരായണപിള്ളയുടെ ആരുഢപർവ്വം, നിരാശ, താലമട കൊച്ചു മ്മൻ, ഒ.വി.വിജയന്റെ പതഞ്ജലി ശാസ്ത്രി എന്ന സംസ്കൃതം പണ്ഡിറ്റ്, തിരിച്ചു പോക്ക്, കടൽതീരത്ത്, നാലുകെട്ട്, മുരുകൻനായർ, വൈദ്യവിധി, നാം ഉന്മാദികൾ, അമ്മയും മക്കളും, സക്കറിയയുടെ ഈ എഴുത്ത്, ഒരു ദിവസത്തെ ജോലി, എം.മുകു ന്ദന്റെ ടൂ ഇൻ വൺ, ഗോപാലന്റെ ചിരി, വിവർത്തനം,. ചായ, ചാലകൻ, അമ്മമ്മ, മുത്തശ്ശിക്കഥ, സേതുവിന്റെ ആദ്യാക്ഷരങ്ങൾ, അടയാളവാക്യങ്ങൾ, മറ്റൊരു രാത്രി യിൽ,ദൂത്, സാമി, സമയം, ജലസമാധി, ഭൂഖണ്ഡങ്ങളിലൂടെ, നരച്ച പകലുകൾ, ഒഴി വുകാലം,. ഒരു ശ്രാദ്ധത്തിന്റെ പിറ്റേന്ന്, സി.രാധാകൃഷ്ണന്റെ കുടിയൊഴിയൽ, ഈശ്വ രൻ സാക്ഷി അഥവാ പ്രതി, കൃഷ്ണൻ മാസ്റ്റർ, ഇവിടെ പൊളിക്കുന്നതെല്ലാം ലേല വിൽപ്പനക്ക്, പെരുമ്പടവം ശ്രീധരന്റെ പ്രളയജലധി, രണ്ടു സങ്കടങ്ങൾ കണ്ടുമുട്ടുമ്പോൾ, യു.എ.ഖാദറിന്റെ പഴയപല്ലുകളുടെ ശൗര്യം, ഫലപ്രാപ്തി, വാർദ്ധക്യസൂത്രം, വെയിൽനാളങ്ങൾ മനസ്സിൽ, വെള്ളിയാഴ്ച ഓണം, കർക്കിടകച്ചിറകുകൾ, ദക്ഷിണാ യനം, എം.സുകുമാരന്റെ സിംഹം, അന്നന്നത്തെ അത്താഴം, പൊട്ടക്കിണർ, മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ രാമഗുപ്തൻ എന്ന ദുർന്നിമിത്തം, രാമൻനായരുടെ ചായപ്പീടി ക, അമ്മാവൻ പോവുകയും ചെയ്തു. കാതിന്റെയും കണ്ണിന്റെയും നീക്കിയിരിപ്പ്, ഒരു ശ്രീകൃഷ്ണവൈഭവം, വെറ്റില ചവയ്ക്കുന്ന ദുഃഖം, കൗസല്യ, കെ.എൽ.മോഹനവർമ്മ യുടെ വൃദ്ധൻ, കുമാരു, ഇറ്റ്സ് ഓവർ, മധുരം, വൈശാഖന്റെ അന്തിനിലാവ്, ജന്മജല ധി, അലിവിന്റെ നിമഷങ്ങൾ, ഉദയാസ്തമയങ്ങൾ, സ്പ്ലാഷ്, സൈലൻസർ, ജോർജ്ജ് ഓണക്കൂറിന്റെ വീണ്ടും ശൈശവം, ആവർത്തനങ്ങൾ, സമയസൂചികൾ നിശ്ചലം, മെഗേ ലാമാനിയ ദാശരഥം, തമ്പുരാൻ നാടുനീങ്ങുന്ന നേരം, പരേതാത്മാവിന്റെ വ്യാകുല ചിന്തകൾ, യാത്രയുടെ സമയം, പി.വത്സലയുടെ ജയന്തൻ നമ്പൂതിരിയുടെ സായന്ത നങ്ങൾ, കറുത്ത കുതിര, അനുപമയുടെ കാവൽക്കാരൻ, കാലാൾ, കാവലാൾ, ജയശീ

ലന്റെ അമ്മ, പോക്കുവെയിൽ പൊൻവെയിൽ, സാറാതോമസിന്റെ മൃഗതൃഷ്ണ, ഒരു വിടവാങ്ങൽ, സ്പർശം, സുഗന്ധി എന്നീ കഥകളാണ് ഈ അദ്ധ്യായത്തിൽ അപഗ്രഥിക്കുന്നത്. മുന്നദ്ധ്യായങ്ങളിലെപ്പോലെ വൃദ്ധന്മാരുടെയും വൃദ്ധകളുടേയും കഥകൾ വേർതിരിച്ചാണ് പരിശോധിച്ചത്.

കാക്കനാടന്റെ കാലപ്പഴക്കം, സ്വതന്ത്രൻ, കച്ചവടം, ആരോ ഒരാൾ, സൂര്യനെതിരെ, എം.പി.നാരായണപിള്ളയുടെ ആരൂഢപർവ്വം, നിരാശ, താലമട കൊച്ചുമ്മൻ, ഒ.വി.വിജയന്റെ പതഞ്ജലി ശാസ്ത്രി എന്ന സംസ്കൃതം പണ്ഡിറ്റ്, തിരിച്ചുപോക്ക്, കടൽത്തീരത്ത്, മുരുകൻനായർ, വൈദ്യവിധി, രണ്ടു മരണങ്ങൾ, നാം ഉന്മാദികൾ, സക്കറിയായുടെ ഈ എഴുത്ത്, എം.മുകുന്ദന്റെ ടു ഇൻ വൺ, ഗോപാലന്റെ ചിരി, വിവർത്തനം, ചായ, ചാലകൻ, സേതുവിന്റെ ആദ്യാക്ഷരങ്ങൾ, അടയാളവാക്യങ്ങൾ, മറ്റൊരു രാത്രിയിൽ, ദൂത്, സാമി, സമയം, ജലസമാധി, സി.രാധാകൃഷ്ണന്റെ കുടിയൊഴിയൽ, ഈശ്വരൻ സാക്ഷി അഥവാ പ്രതി, കൃഷ്ണൻ മാസ്റ്റർ, പെരുമ്പടവം ശ്രീധരന്റെ പ്രളയജലധി, യു.എ.ഖാദറിന്റെ പഴയ പല്ലുകളുടെ ശൗര്യം, ഫലപ്രാപ്തി, വാർദ്ധക്യസൂത്രം, വെയിൽനാളങ്ങൾ മനസ്സിൽ, വെള്ളിയാഴ്ച ഓണം, കർക്കിടകച്ചിറുകൾ, എം.സുകുമാരന്റെ സിംഹം, അന്നന്നത്തെ അത്താഴം, മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ രാമഗുപ്തൻ എന്ന ദുർനിമിത്തം, രാമൻ നായരുടെ ചായപ്പീടിക, അമ്മാവൻ പോവുകയും ചെയ്തു. കാതിന്റെയും കണ്ണിന്റെയും നീക്കിയിരിപ്പ്, കെ.എൽ.മോഹനവർമ്മയുടെ വൃദ്ധർ, കുമാരു, ഇറ്റ്സ് ഓവർ, വൈശാഖന്റെ അന്തിനിലാവ്, ജന്മജലധി, അലിവിന്റെ നിമിഷങ്ങൾ, സ്പ്ലാഷ്, സൈലൻസർ, ജോർജ്ജ് ഓണക്കൂറിന്റെ വീണ്ടും ശൈശവം, ആവർത്തനങ്ങൾ, സമയസൂചികൾ നിശ്ചലം, മെഗലോമാനിയ, ദാശരഥം, തമ്പുരാൻ നാടുനീങ്ങുന്ന നേരം. പരേതാത്മാവിന്റെ വ്യാകുലചിന്തകൾ, പി.വത്സലയുടെ ജയന്തൻ നമ്പൂതിരിയുടെ സായന്തനങ്ങൾ, കറുത്ത കുതിര, സാറാതോമസിന്റെ മൃഗ

തൃഷ്ണ, ഒരു വിടവാങ്ങൽ എന്നീ കഥകൾ വൃദ്ധന്മാരെ കേന്ദ്രസ്ഥാനത്ത് കൊണ്ടു വന്നിട്ടുള്ളവയാണ്.

കാക്കനാടന്റെ ഭാഗ്യലക്ഷ്മി, ഒ.വി.വിജയന്റെ അമ്മയും മക്കളും, എം.മുകുന്ദന്റെ അമ്മമ്മ, മുത്തശ്ശിക്കഥ, സേതുവിന്റെ ഭൂഖണ്ഡങ്ങളിലൂടെ, നരച്ച പകലുകൾ, ഒഴിവു കാലം, ഒരു ശ്രാദ്ധത്തിന്റെ പിറ്റേന്ന്, സി.രാധാകൃഷ്ണന്റെ ഇവിടെ പൊളിക്കുന്നതെല്ലാം ലേലവില്പനക്ക്, യു.എ.ഖാദറിന്റെ ദക്ഷിണായനം, പെരുമ്പടവം ശ്രീധരന്റെ രണ്ടു സങ്കടങ്ങൾ കണ്ടുമുട്ടിയപ്പോൾ, മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ ഒരു ശ്രീകൃഷ്ണവൈഭ വം, വെറ്റിലചവയക്കുന്ന ദുഃഖം, മുണ്ടൂർ സേതുമാധവന്റെ കൗസല്യ, കെ.എൽ.മോഹ നവർമ്മയുടെ മധുരം, വൈശാഖന്റെ ഉദയാസ്തമയങ്ങൾ, ജോർജ്ജ് ഓണക്കൂറിന്റെ യാത്രയുടെ സമയം, പി.വത്സലയുടെ കാലാൾ, കാവലാൾ, ജയശീലന്റെ അമ്മ, പോക്കു വെയിൽ പൊൻവെയിൽ, സാറാതോമസിന്റെ സ്പർശം, സുഗന്ധി എന്നീ കഥകളാണ് വൃദ്ധകൾ കേന്ദ്രസ്ഥാനത്തുവരുന്നവ. വൃദ്ധന്മാരുടെ കഥകളെ അപേക്ഷിച്ച് വളരെ കുറവാണ് ഇവ.

ജന്മിത്തം അവസാനിച്ച് ജന്മിമാർ പാപ്പരായപ്പോൾ മക്കളും കച്ചവടക്കാരും അവരെ പറ്റിക്കുന്ന സി.രാധാകൃഷ്ണന്റെ കഥകൾ കുടിയൊഴിയൽ, ഈശ്വരൻ സാക്ഷി അഥവാ പ്രതി, ശ്രദ്ധേയമായി അനുഭവപ്പെടുന്നു.

സാമൂഹിക സാംസ്കാരിക രംഗത്തെ മാറ്റങ്ങളായ മുതലാളിത്തവും ഉപഭോഗസം സ്കാരവും കമ്പ്യൂട്ടർ സംസ്കാരവും കഥകളിൽ കടന്നുവരുന്നുണ്ട്. സൈലൻസർ, അടയാളവാക്യങ്ങൾ എന്നിവ ഉദാഹരണമാണ്. ആഗോളീകരണവും ഉദാരീകരണവും സ്വകാര്യവത്കരണവും ഉണ്ടാക്കിയ മാറ്റങ്ങൾ ഇക്കാലത്തെ കഥകളിൽ പ്രതിഫലി ക്കുന്നുണ്ട്.

പുരുഷന്മാരുടെ സ്ത്രീകഥകൾ പരിശോധിക്കുമ്പോൾ മാനസികമായി ശക്തരാണ്

ഏറെ കഥാപാത്രങ്ങളും. സേതുവിന്റെ കഥകളിലെ വൃദ്ധകൾ കാലത്തിനനുസരിച്ച് ജീവിക്കാൻ പഠിച്ചവരാണ്. പ്രവാസികളുടെ ഗൃഹാതുരത്വം എന്നു പറയുന്നത് ഒരു സങ്കൽപം മാത്രമായി ഇദ്ദേഹത്തിന്റെ കഥകളിൽ മാറുന്നു. മറുനാട്ടിൽ കുടിയേറിയവരുടെ അമ്മമാർ ധൈര്യമുള്ളവരായിട്ടാണ് കാണപ്പെടുന്നത്. അവരാരും മക്കളോടൊപ്പം താമസിക്കാനാണെങ്കിൽക്കൂടി നാടുവിടാൻ തയ്യാറല്ല. സേതുവിന്റെ കഥകളിലെ അമ്മമാരെ കൂടാതെ യു.എ.ഖാദറിന്റെ ദക്ഷിണായനം, ജോർജ്ജ് ഓണക്കൂറിന്റെ യാത്രയുടെ സമയം എന്നിവയിലെ അമ്മമാരും ഇത്തരക്കാരാണ്. മുകുന്ദന്റെ സ്ത്രീകഥാപാത്രങ്ങൾ ഏറെ മുന്നോട്ടു പോയിരിക്കുന്നു. തന്റേടവും കാര്യപ്രാപ്തിയും അവർക്കുണ്ട്. വൃദ്ധകളെ ഉയർത്തിക്കാട്ടാൻ മറ്റുള്ളവരെ പഴഞ്ചന്മാരായി ചിത്രീകരിക്കുന്നതു പോലെ അനുഭവപ്പെടും. കാക്കനാടന്റെ ഭാഗ്യലക്ഷ്മിയും സാറാതോമസിന്റെ സുഗന്ധിയും വ്യത്യസ്തമായ കഥാപാത്രങ്ങളാണ്. വേഴ്ചയ്ക്ക് പ്രാധാന്യം കൊടുക്കുന്ന ഭാഗ്യലക്ഷ്മി ഉപജീവനത്തിനു വേശ്യാവൃത്തി ഉപയോഗിക്കുന്നവരാണ്. അതേസമയം സുഗന്ധിയെ സംബന്ധിച്ച് ആത്മീയമായ നിലനിൽപ്പു തന്നെയായി രാജാവുമായുള്ള ബന്ധം മാറുന്നുണ്ട്. പൊതുവെ ഈ വൃദ്ധകളൊന്നും അബലകളല്ല അതേസമയം പരമ്പരാഗതരീതിയിലുള്ള ദുഃഖപുത്രിമാരും ഉണ്ട്. എങ്കിലും അവരുടെ ജീവിതത്തിൽ പിടിച്ചു നിൽക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. പി.വത്സലയുടെ കാലാൾ, കാവലാൾ എന്ന കഥ ഒറ്റയ്ക്കു താമസിക്കുന്ന അവിവാഹിതയായ വൃദ്ധയുടെ ദാരുണാന്ത്യത്തെ ചിത്രീകരിക്കുന്ന ഒന്ന് എന്ന നിലയിൽ ഇതര കഥകളിൽ നിന്നും വ്യത്യസ്തത പുലർത്തുന്നു. സഹിഷ്ണുത ഉപേക്ഷിച്ച അമ്മയെയാണ് ജയശീലന്റെ അമ്മയിൽ കാണുന്നത്. സ്പർശം, പോക്കുവെയിൽ പൊൻവെയിൽ എന്നിവയിൽ വിധിയെ അംഗീകരിക്കുന്നവരെ കാണാം.

പ്രവാസവുമായി ബന്ധപ്പെട്ട കഥകളിൽ വർദ്ധനവ് ഉണ്ടായതായി കണ്ടു. സമൂഹ

ത്തിലെ അനിവാര്യമായ മാറ്റത്തെ രക്ഷിതാക്കൾ അംഗീകരിച്ചുതുടങ്ങിയതായാണ് സൂചന. ലോകത്തിലെ ഏതുരാജ്യവും സ്വന്തമെന്നു കരുതാനുള്ള മനസ്സ് മലയാളിസമൂഹം നേടിയെടുത്തതായി പ്രവാസകഥകൾ തെളിയിക്കുന്നുണ്ട്. അത് സ്വീകരിക്കാനേ വൃദ്ധർക്ക് കഴിയുന്നുള്ളൂ. നഷ്ടപ്പെട്ടുപോകുന്ന മലയാളസംസ്കാരത്തെക്കുറിച്ച് വിചിന്തനം ചെയ്യാൻ സേതുവിന്റെ ആദ്യാക്ഷരങ്ങൾ, ഒഴിവുകാലം, മറ്റൊരു രാത്രിയിൽ, ഭൂഖണ്ഡങ്ങളിലൂടെ എന്നീ കഥകളിലെ വൃദ്ധന്മാർക്കും വൃദ്ധകൾക്കും കഴിയുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട കഥകൾ കൂടുതലും സേതുവിന്റേയാണ്. ഓണക്കൂറിന്റെ കഥകളിലും പ്രവാസികളുടെ മാതാപിതാക്കൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് കാണാം. ഇത്തരം കഥകളിലെ വൃദ്ധകഥാപാത്രങ്ങളിൽ സാമൂഹികമായ വാർദ്ധക്യം പ്രവർത്തിക്കുന്നതായാണ് കണ്ടെത്താൻ കഴിയുന്നത്. അവരിൽ പ്രകടമായ മാറ്റം അനുഭവപ്പെടുന്നുണ്ട്.

ഒറ്റപ്പെടൽ വൃദ്ധലോകത്തെ അലട്ടുന്ന വലിയ പ്രശ്നമായി ആധുനികരുടെ കഥകളിലും കാണാൻ കഴിയുന്നുണ്ട്. എം.പി.നാരായണപിള്ളയുടെ നിരാശ, എം.മുകുന്ദന്റെ ടു ഇൻ വൺ, സക്കറിയയുടെ ഈ എഴുത്ത്, സേതുവിന്റെ സാമി, എം.സുകുമാരന്റെ പൊട്ടക്കിണർ, യു.എ.ഖാദറിന്റെ ദക്ഷിണായനം, കെ.എൽ.മോഹനവർമ്മയുടെ വൃദ്ധൻ, വൈശാഖന്റെ സൈലൻസർ, സാറാ തോമസിന്റെ മൃഗതൃഷ്ണ തുടങ്ങിയ കഥകളിൽ ആധുനിക മനുഷ്യരെ ഏറെ അലട്ടുന്ന ഒറ്റപ്പെടലുണ്ട്. ജോർജ്ജ് ഓണക്കൂറിന്റെ മിക്ക കഥകളിലും ഒറ്റപ്പെടൽ കാണാം. വയസ്സായവർ മക്കളുടെ സാമീപ്യമാണ് ആഗ്രഹിക്കുക എന്ന് പല കഥകളും വെളിപ്പെടുത്തുന്നു. അണുകുടുംബത്തിലേയ്ക്കെത്തുന്ന കേരളീയ കുടുംബാന്തരീക്ഷം ഏകാന്തതയുടെ ഒരു മുഖ്യകാരണമായി കാണാൻ കഴിയുന്നുണ്ട്.

ദുർഗ്രഹതയും വിഭ്രാമകതയും സൃഷ്ടിക്കുന്ന ചില കഥകൾ ഒ.വി.വിജയന്റേതായി

ട്ടുണ്ട്. വൈദ്യവിധി, മുരുകൻനായർ, അമ്മയും മക്കളും തുടങ്ങിയവ ഉദാഹരണം. അസ്തിത്വദുഃഖം ചുമക്കുന്നവരും നിർബന്ധബുദ്ധികൊണ്ട് വീട്ടുകാർക്ക് അസ്വാരസ്യം ഉണ്ടാക്കുന്നവരും ആധുനികരുടെ കഥകളിലുണ്ട്.

മറ്റൊരു സംസ്കാരികമാറ്റം ഹോംനഴ്സിങ്ങിന്റെ വരവാണ്. സക്കറിയയുടെ 'ഒരു ദിവസത്തെ ജോലി' ഇതാണു മുന്നോട്ടു വയ്ക്കുന്നത്. മുൻ അദ്ധ്യായത്തിൽ മാധവിക്കുട്ടിയും ഈ വിഷയം കഥയിൽ കൊണ്ടുവന്നിട്ടുണ്ട്.

വൃദ്ധകൾ കേന്ദ്രമായി വരുന്ന കഥകൾ മിക്ക എഴുത്തുകാരും കൈകാര്യം ചെയ്തിട്ടുണ്ട്. അതേസമയം എല്ലാ വിഭാഗങ്ങളിലും സ്ത്രീകൾ കഥാപാത്രങ്ങളായി വരുന്നില്ല. അമ്മമാർക്ക് ഭർത്താവിന്റെ ഓർമ്മകൾ ഉള്ള നാട് ഉപേക്ഷിക്കാനുള്ള മടി പൊതുവായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. വൃദ്ധകളേക്കാൾ പിടിവാശി വൃദ്ധന്മാർക്കുള്ളതായാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. കാര്യസാദ്ധ്യത്തിനായുള്ള ഒന്നായി പലപ്പോഴും അതു മാറുന്നു.

ആധുനികരുടെ കഥകളിൽ ശ്രദ്ധേയമായി കരുതുന്ന ഒരു വസ്തുത വൃദ്ധന്മാരെയും വൃദ്ധകളെയും പരിഗണിക്കുന്ന യുവതലമുറയുടെ സാന്നിദ്ധ്യമാണ്. വാർദ്ധക്യം അഭിശപ്തമാണെന്ന ചിന്ത കുറഞ്ഞു വരുന്നതായി കാണുന്നു.

പുതിയ ചില ഖണ്ഡങ്ങൾ വിശകലനത്തിന് ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

ആധുനികരുടെ കാലത്തുതന്നെ എഴുതിത്തുടങ്ങുകയും ആധുനികോത്തരതയുടെ ബഹുസ്വരത പ്രകടിപ്പിക്കുകയും ചെയ്ത എഴുത്തുകാരുടെ നോവലിലും കഥയിലും വരുന്ന വാർദ്ധക്യത്തെപ്പറ്റിയാണ് അടുത്ത അദ്ധ്യായത്തിൽ വിശകലനം ചെയ്യുന്നത്.

## കുറിപ്പുകൾ

1. കാക്കനാടൻ, ബാൾട്ടിമോറിലെ അമ്മ, പി.ഗോവിന്ദപിള്ളയുടെ അവതാരിക (ചിന്ത പബ്ലഷേഴ്സ്, ദേശാഭിമാനി ബുക്സ്, തിരുവനന്തപുരം, 1996)

2. ഡി. ബഞ്ചമിൻ മലയാളനോവൽ - ഒരു വിമർശനാത്മക സമീപനം, നോവൽ സാഹിത്യ പഠനങ്ങൾ (കറന്റ്ബുക്ക്സ്, കോട്ടയം, 1994) പു.158

3. എം.ജി. ശശിഭൂഷൺ, മോക്ഷം തേടുന്ന അശ്വത്ഥാമാവ്, കാക്കനാടന്റെ കഥകൾക്കെഴുതിയ പഠനം (കറന്റ് ബുക്സ്, കോട്ടയം, 1984) പു. 13)

4. കെ.എസ്. രവികുമാർ, വൈവിദ്ധ്യമാർന്ന സ്വത്വമുദ്രകൾ, ജോർജ്ജ് ഓണക്കൂറിന്റെ കഥകൾക്ക് എഴുതിയ പഠനം (നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം 2010: പു. 11

5. വി.എം.വിനയകുമാർ - അവാസ്തവികതയുടെ നീളുന്ന പാതകൾ, സേതുവിന്റെ യാത്രക്കിടയിൽ എന്ന കഥാസമാഹാരത്തിന്റെ പഠനം (ഓഗസ്റ്റ് ബുക്ക്സ്, തൃശ്ശൂർ 1992) പു.219

6. According to Freud analysis of dreamd is "The royal raod to the unconscious" Dream Analysis, http:// www. simpypsychology.org 10/24/2015 9.00pm

5.

# വാർദ്ധക്യപ്രമേയം ആധുനികാനന്തര നോവലിലും കഥയിലും

ആധുനികത പ്രക്ഷീണമായ ശേഷം രൂപംകൊണ്ട ആധുനികാനന്തര കാലഘട്ടത്തിലെ നോവലും കഥയുമാണ് ഈ അദ്ധ്യായത്തിൽ വിശകലനവിധേയമാക്കുന്നത്. ആധുനികതാപ്രസ്ഥാനം 1980-കളുടെ തുടക്കത്തിൽ ക്ഷീണിക്കുകയും ആധുനികാനന്തര പ്രവണതകൾ ശക്തമാവുകയും ചെയ്തു. ആധുനികതയുടെ കാലത്ത് എഴുതിത്തുടങ്ങിയ എഴുത്തുകാരോടൊപ്പം പുതിയവർ ചേർന്നു. (കെ.എസ്. രവികുമാർ, 1999:100). അതുവരെ നിലവിലുണ്ടായിരുന്ന രൂപമാതൃകകൾ ഈ ഘട്ടത്തിലെ കഥയെഴുത്തുകാർ ഉപയോഗിച്ചു. (ടി.)

വിപണനശക്തികളുടെ കടന്നുകയറ്റത്തിൽ ജ്ഞാനം മുഖ്യ ഉത്പാദന ശക്തിയായി ഇക്കാലത്ത് മാറി. സോഷ്യലിസ്റ്റ് വിമോചനസങ്കല്പങ്ങൾക്ക് ലോകമെങ്ങും തിരിച്ചടികൾ നേരിട്ടു. എഴുത്തുകാരും വായനക്കാരും ആശങ്കാകുലരായി. അവർ അതിജീവനത്തിനു ശ്രമിച്ചു. അവരിൽ സ്വാഭാവികമായി കണ്ടെത്താവുന്ന ദ്വന്ദ്വാത്മകതയും സങ്കീർണ്ണതയും അസമഗ്രതയും തന്നെയാണ് ആധുനികോത്തര കഥാസാഹിത്യത്തിന്റെ പ്രശ്നപരിസരം എന്ന് എൻ. ശശിധരൻ അഭിപ്രായപ്പെടുന്നു. (സി.വി. ബാലകൃഷ്ണൻ, 1983:11,12).[1] ജീവിതത്തിന്റെ അനുകൃതിയാണ് സാഹിത്യമെന്ന കാഴ്ചപ്പാടുമാറുകയും അതു സവിശേഷമായ ഭാഷാശിൽപ്പമാണ് എന്ന സമീപനം വ്യാപകമാകുകയും ചെയ്ത

താണ് ഉത്തരാധുനിക കാലഘട്ടത്തിൽവന്ന പ്രധാനമാറ്റം (കെ.എസ്. രവികുമാർ, 2002:125.)

*"ആധുനികതക്കുശേഷം രൂപപ്പെട്ട സാംസ്കാരികാന്തരീക്ഷത്തെ സൂചിപ്പിക്കുന്നതിനാണ് ആധുനികോത്തരത എന്ന സംജ്ഞ ഉപയോഗിച്ചുവരുന്നത്"* (പി.കെ. പോക്കർ, 2004:92). 1980കളുടെ മധ്യത്തിനു ശേഷം കേരളീയ ജീവിതം അഭിമുഖീകരിച്ച സവിശേഷ സാഹചര്യങ്ങൾ വ്യത്യസ്തമായിരുന്നു. ഈ മാറ്റങ്ങളെ പി.കെ. രാജശേഖരൻ ഇങ്ങനെ വിലയിരുത്തുന്നു.

> *ആധുനികാനന്തരഘട്ടത്തിലെ കേരളീയ പരിസരത്തിൽ നഗര-ഗ്രാമ ഭേദത്തിനുണ്ടായ മാറ്റം പോലെ സാങ്കേതികത്വത്തിന്റെയും ഉപഭോഗത്തിന്റെയും പ്രശ്നങ്ങൾ നഗരങ്ങളെയും ഗ്രാമങ്ങളെയും ബാധിച്ചു.ആഗോള സമ്പദ്ക്രമത്തിലേക്കുണ്ടായ മാറ്റം, നവസാങ്കേതിക വിദ്യയുടെയും വിനിമയസങ്കേതങ്ങളുടെയും വ്യാപനം തുടങ്ങിയവ ഇന്ത്യൻ സാഹചര്യത്തിൽ നഗരകേന്ദ്രിതമായിരുന്നുവെങ്കിൽ അതിനുവിരുദ്ധമായി കേരളത്തിൽ അത് നഗര-ഗ്രാമങ്ങളെ പൊതുവായി ബാധിച്ചു. (2010:222).*

മാധ്യമങ്ങൾക്കുണ്ടായ പ്രാധാന്യവും ഇലക്ട്രോണിക്മാധ്യമങ്ങളുടെ വരവും പുതിയ കമ്പോളതന്ത്രങ്ങളിലൂടെ പുതിയൊരുതരം മാധ്യമ ഉപഭോഗാവസ്ഥ സൃഷ്ടിച്ചതായി അദ്ദേഹം തുടർന്നുപറയുന്നുണ്ട് (ടി. പു. 222, 223). ഉപഭോഗജീവിതം, മാധ്യമ സംസ്ക്കാരം, മൂല്യബോധം തുടങ്ങിയവയോടുള്ള നോവലിസ്റ്റുകളുടെ പ്രതികരണം രചനയുടെ സാമ്പ്രദായികഘടന പൊളിച്ചെഴുതി (ടി. പു. 230).

### 5.1. നോവലുകളിലെ വാർദ്ധക്യചിത്രീകരണം:

നോവലുകളുടെ ഇതിവൃത്തത്തിലും ആഖ്യാനത്തിലും ഉത്തരാധുനികത മാറ്റങ്ങൾ

കൊണ്ടുവന്നു. പരിസ്ഥിതി, ആണവവിപത്ത്, ആദിവാസി-ദളിത് സ്വത്വം, പുതിയ സ്ഥല മാറ്റങ്ങൾ, പ്രവാസജീവിതം, സ്ത്രീജീവിതം തുടങ്ങി വൈവിധ്യമാർന്ന പ്രമേയങ്ങൾ നോവലുകൾക്ക് വിഷയമായി (പി.കെ. രാജശേഖരൻ 2014:77).[2] ആധുനികാനന്തര കാല ഘട്ടത്തിലെ വാർദ്ധക്യം കേന്ദ്രീകരിച്ച നോവലുകളാണ് 1990കൾക്കുശേഷം പുറത്തു വന്ന ടി.വി. കൊച്ചുബാവയുടെ 'വൃദ്ധസദനം', സാറാജോസഫിന്റെ 'മാറ്റാത്തി' എന്നിവ. ഈ കൃതികളാണ് പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**5.1.1. ടി.വി. കൊച്ചുബാവയുടെ 'വൃദ്ധസദനം':**

വൃദ്ധർ കേന്ദ്രകഥാപാത്രമായി വരുന്ന നിരവധി കഥകൾ ടി.വി. കൊച്ചുബാവ രചി ച്ചിട്ടുണ്ട്. അത്തരം കഥകളാണ് 'വൃദ്ധസദനം' എന്ന നോവലിലേക്ക് കൊച്ചുബാവയെ നയിക്കുന്നത്. ഈ നോവലിനുവേണ്ടി ഒരുപാടു ഗൃഹപാഠം ചെയ്തതായി നോവലിസ്റ്റു രേഖപ്പെടുത്തുന്നുണ്ട്. (2006:?). വൃദ്ധസദനങ്ങളുടെ ആവശ്യകതയെപ്പറ്റി കുഞ്ഞുണ്ണി മാഷ് എഴുതിയ ഒരു കുറിപ്പിൽ നിന്ന് പിറവിയെടുത്തതാണ് 'വൃദ്ധസദനം' എന്നും അദ്ദേഹം അടയാളപ്പെടുത്തുന്നു. പരിചയമുള്ള ചില വൃദ്ധരുടെ അനുഭവങ്ങളും സൂചി പ്പിക്കുന്നു. (ടി.).

'വൃദ്ധസദനത്തിലേയ്ക്ക് അനേകം വഴികളുണ്ട്' എന്ന പേരിൽ എൻ. ശശിധരൻ എഴുതിയ പഠനത്തിൽ പല രീതിയിലും ഈ കൃതിയെ നോക്കിക്കണ്ടിട്ടുണ്ട്. *"അധി കാരവ്യവസ്ഥയെയും അതിന്റെ സൃഷ്ടിയായ സാംസ്ക്കാരിക സ്ഥാപനങ്ങളേയും"* 'വൃദ്ധസദനം' ചോദ്യം ചെയ്യുന്നതായി കണ്ടെത്തുന്നുണ്ട്. (ടി.വി. കൊച്ചുബാവ, 2006:134). ഉപഭോഗവത്കരിക്കപ്പെട്ടു കഴിഞ്ഞ ഒരു *"സമൂഹത്തിന്റെ ഞെട്ടലുണ്ടാക്കുന്ന പീഡാഗൃഹവും ശവപ്പറമ്പുമായാണ്"* പി.കെ. രാജശേഖരൻ 'വൃദ്ധസദന'ത്തെ കാണു ന്നത് (2010:233). സിറിയക്കിന്റെ സ്വത്വാന്വേഷണവും വ്യസനവും ഉപഭോഗാധിഷ്ഠിത

മായ പുത്തൻ ജീവിതവ്യവസ്ഥയെക്കുറിച്ചുള്ള ഉത്ക്കണ്ഠയുടെ ഭാഗമായിത്തീരുന്നെന്നും അദ്ദേഹം വിലയിരുത്തുന്നു (ടി.). ഉപഭോഗസംസ്ക്കാരവുമായി ബന്ധപ്പെടുത്തിത്തന്നെ 'വൃദ്ധസദനത്തെ' കാണുന്ന കെ.പി. രമേഷ്, മാനുഷികതയും സ്നേഹവുമെല്ലാം കേവലം കല്പനാസൃഷ്ടങ്ങളായ വികാരങ്ങളായി മാറിയതിന്റെ കെടുതിയാണ് സിറിയക് അനുഭവിക്കുന്നത് എന്നു കണ്ടെത്തുന്നു (1998:42). *"ഞെരുങ്ങിത്തകരുന്ന മാനുഷിക മൂല്യങ്ങളെ അടയാളപ്പെടുത്തുകയാണ് ഈ നോവലിന്റെ ലക്ഷ്യം"* എന്ന് സുധീർ കിടങ്ങൂർ അഭിപ്രായപ്പെടുന്നു (2006:93). ഈ നിരൂപകരെല്ലാം ഉപഭോഗസംസ്കൃതിയുടെ കച്ചവടതന്ത്രവുമായി ബന്ധപ്പെടുത്തിയാണ് 'വൃദ്ധസദന'ത്തെ കാണുന്നത്.

സമകാലികകേരളത്തിലെ സാമൂഹിക-സാംസ്ക്കാരികസ്ഥാപനമായി വൃദ്ധസദനം മാറിക്കഴിഞ്ഞിരിക്കുന്നു. അവയുടെ ഉദ്ദേശ്യം ധാർമ്മികമല്ലാതായിത്തീർന്ന കാലത്തെയാണ് ഈ നോവൽ അടയാളപ്പെടുത്തുന്നത് എന്ന് മേൽപ്പറഞ്ഞ പഠനങ്ങൾ തെളിയിക്കുന്നുണ്ട്. വൃദ്ധസദനത്തിൽ സിറിയക് ആന്റണി കണ്ടുമുട്ടുന്ന വൃദ്ധരെല്ലാം ഓരോ കാരണങ്ങൾക്കു പിന്നാലെയാണ് അവിടെ എത്തിച്ചേരുന്നത്. ധർമ്മസ്ഥാപനമല്ല താൻ നടത്തുന്നതെന്ന് നടത്തിപ്പുകാരൻ വ്യക്തമാക്കുന്നുമുണ്ട്. പണത്തിനു പ്രാമുഖ്യം നൽകുന്ന ലോകത്തിൽ മനുഷ്യനോ മനുഷ്യത്വത്തിനോ വിലയില്ലെന്ന് വേദനയോടെ സിറിയക്കിനു തിരിച്ചറിയേണ്ടിവരുന്നതും അതുകൊണ്ടാണ്. അതേസമയം സദനം മാനുഷികപരിഗണന നൽകുന്നതാണെന്നു കാണിക്കേണ്ടത് തന്റെ കച്ചവടത്തിന്റെ നടത്തിപ്പിന് അവശ്യം വേണ്ടതാണെന്ന് ഇർവ്വാദീസിനു അറിയാം. അതിന്റെ പ്രത്യക്ഷീകരണമാണ് അമ്മാമ്മയെ സദനത്തിലെടുത്തത്. പിറന്നാളും മരണവും ഇപ്രകാരവും കച്ചവടവത്കരിക്കണമെന്ന് അയാൾക്കാരും പറഞ്ഞുകൊടുക്കേണ്ടതില്ല. രണ്ടാംഭാര്യയും തന്നെ സദനത്തിൽ ഉപേക്ഷിച്ചവളുമായ സാറയെപ്പറ്റി പുനർവിചിന്തനം നടത്താനും

കച്ചവടത്തിൽ അവൾ നിഷ്പക്ഷമായും ഭീമമായ ലാഭമുണ്ടാക്കിയതായി കണ്ടെത്താനും ഇത്തരം അനുഭവങ്ങളാണ് സിറിയക്കിനെ സഹായിക്കുന്നത്.

ഉറച്ച നിലപാടെടുക്കാനാകാത്ത സിറിയക്കിന്റെ സ്വഭാവസവിശേഷതയാണ് അയാൾക്ക് വൃദ്ധസദനത്തിലേക്ക് വഴിതുറന്നതെന്നു പറയാം. സ്നേഹത്തിനു വേണ്ടിയുള്ള അടങ്ങാത്ത ആഗ്രഹമാണ് സാറയിലേക്കും നിർമ്മൽഭവനിലെ നഴ്സുകളായ നിർമ്മലയിലേയ്ക്കും കത്രീനയിലേയ്ക്കും അയാളെ നയിക്കുന്നത്. കാമത്തെയാണ് അയാൾ സ്നേഹമെന്ന് തെറ്റിദ്ധരിക്കുന്നത്. വൃദ്ധസദനത്തിലെത്തേണ്ട ശാരീരികമോ മാനസികമോ ആയ അവസ്ഥാഭേദം സിറിയക്കിനില്ലെങ്കിലും 'അപ്പാപ്പാ' എന്ന നിർമ്മലയുടെ വിളി താനൊരു വൃദ്ധനാണെന്ന ബോധം ഉണർത്താനുള്ള മനഃപൂർവ്വമായ ശ്രമമായിട്ട് സ്വീകരിക്കുകയാണ് സിറിയക്. സ്വന്തം സൗന്ദര്യത്തിലും ആരോഗ്യത്തിലുമുള്ള അഭിമാനം അവസാനം തകർന്നടിയുന്നുണ്ട്.

നിർമ്മൽഭവനിലെ പതിന്നാലു വൃദ്ധരിൽ ഏറ്റവും ചെറുപ്പം സിറിയക്കാണ്. അമ്പത്തഞ്ച് വൃദ്ധസദനത്തിലേയ്ക്കു വരേണ്ട പ്രായവുമല്ല. മദ്ധ്യവയസ്കനും ആരോഗ്യവാനുമായ ഒരാളെ പടുവൃദ്ധന്റെ വേഷം കെട്ടിക്കുന്ന സാമൂഹികവ്യവസ്ഥിതിയോട് കലഹിക്കാനുള്ള ഒരു ശ്രമം അയാൾ നടത്തുന്നുണ്ട്. പുറത്തുകടക്കാനാവാത്തവിധം വൃദ്ധസദനത്തിനകത്ത് താൻ കുടുങ്ങിപ്പോയത് കണ്ടെത്തുമ്പോഴാണ് സാറയുടെ വഞ്ചനയുടെ ആഴം സിറിയക്കിനു വ്യക്തമാവുന്നത്.

യാദൃച്ഛികതയിലൂടെയല്ലാതെ ആരെയും പരിചയപ്പെടുന്നില്ല എന്നത് സിറിയക്കിന്റെ അന്തർമുഖസ്വഭാവം വെളിപ്പെടുത്തുന്നുണ്ട്. സിറിയക്കിലൂടെ അയാളുടെ ആത്മഭാഷണത്തിലൂടെ സദനത്തിലെ ഓരോരുത്തരും പ്രത്യക്ഷപ്പെടുന്ന രീതിയാണ് നോവലിസ്റ്റ് സ്വീകരിച്ചിട്ടുള്ളത്. 'വൃദ്ധസദനം' എന്ന ഉപഭോഗസംസ്കൃതിയുടെ പ്രത്യക്ഷസ്ഥാപനത്തെ അവതരിപ്പിക്കാൻ ഈ രീതി ഉപയുക്തമായിരിക്കുന്നു.

ഏറ്റവും കൂടുതൽ കാശടച്ചവന് ഏറ്റവും കൂടുതൽ സുഖസൗകര്യം എന്ന കച്ചവട തന്ത്രത്തിലൂടെ മുൻനിരക്കാരനായി നിർമ്മൽഭവനിൽ കഴിയുന്ന സിറിയക് ആന്റണി. കൂടുതൽ പണംകെട്ടി വരുന്ന അവുതത്തന്ത മനഃപൂർവ്വമായിട്ടല്ലെങ്കിലും സിറിയക്കിനെ തോൽപ്പിക്കുകയാണ്. നഴ്സ് നിർമ്മല അവുതത്തന്തയുടെ സേവികയായിത്തീരുന്നു. പണം കൂടുതലുള്ളവന് ഉന്നതസ്ഥാനം ലഭിക്കുന്ന സാമൂഹികഘടനയുടെ തത്ത്വ ശാസ്ത്രം ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സദനത്തിലെ നിയമം എന്നതിനേക്കാൾ ഈ വ്യവസ്ഥിതിയുടെ നടത്തിപ്പാണ് ഇവിടെ കാണുന്നത്.

സാറയുടെ കാമുകൻ ഡൊമിനിക് വിവാഹമോചനഹർജിയുമായി വരുന്നതോടെ ബന്ധങ്ങളുടെ വിലയില്ലായ്മയെപ്പറ്റി സിറിയക് ബോധവാനാകുന്നു. അയാളുടെ ചിന്ത അതിനു തെളിവാണ്:

> *ഒരൊപ്പ്! മുറിഞ്ഞില്ലേ ഒരായുഷ്ക്കാലബന്ധം. ഇത്രയേ ഉള്ളൂന്നേ. വലിയ സ്നേഹം. വലിയ ആദർശം, മഹത്തായ സ്വപ്നം. ഒന്നുമില്ലൊന്നുമില്ല. എല്ലാം ഒരക്ഷരത്തിലേക്ക്, ഒരൊപ്പിലേക്ക് ചുരുങ്ങിക്കയറുന്നു. (ടി.വി. കൊച്ചുബാവ, 2006:118).*

'കാരുണ്യവാൻ' എന്ന് സാറ അയാളെ വിശേഷിപ്പിക്കുന്നത് കച്ചവടത്തിലെ വില കുറഞ്ഞ ഒരുതന്ത്രമായിട്ടേ ഇപ്പോൾ സിറിയക്കിന് അനുഭവപ്പെടുന്നുള്ളൂ. തന്റെ പുതിയ വീടായി നിർമ്മൽ ഭവന അംഗീകരിക്കാൻ പുതിയ വെളിച്ചത്തിൽ സിറിയക്കിനു കഴി യുന്നു. സ്ഥലം പ്രശ്നപരിസരമായിത്തീർന്നത് കൊച്ചുബാവയിലാണെന്ന് പി.കെ. രാജ ശേഖരൻ. 'അന്ധനായ ദൈവ'ത്തിൽ നിരീക്ഷിക്കുന്നുണ്ട്:

> *കേരളീയ ജീവിതത്തിൽ ഒരു പുതിയ സ്ഥലമാണ് വൃദ്ധസദനങ്ങൾ. നഗരങ്ങളിലും നഗരപ്രാന്തങ്ങളിലും ഉയർന്നുവന്ന പുതിയ വീട്ടുക്കൂട്ടങ്ങ ളായ അപ്പാർട്ടുമെന്റുകളെപ്പോലെ വൃദ്ധസദനങ്ങളും നമ്മുടെ ആലയ*

*സങ്കൽപ്പങ്ങളിൽ സ്ഥാനം നേടിയിരിക്കുന്നു. പുറത്തേക്കു പോകാനുള്ള വഴി അടയ്ക്കപ്പെട്ട, അകത്തേയ്ക്കു തുറന്നിരിക്കുന്ന ഒരു രാവൺകോട്ട യാണ് കൊച്ചുബാവയുടെ വൃദ്ധസദനം.* (2010:168.).

ഏതു നിരാശതയിൽ നിന്നും മനുഷ്യനെ കരകയറ്റുന്ന ജീവിതത്തിന്റെ മാസ്മരികത യോർത്ത് സിറിയക് ആന്റണി അത്ഭുതപ്പെടുന്നുണ്ട്. അവസാനം അയാളും ഉപഭോഗ സംസ്കൃതിയെ അംഗീകരിക്കുകയാണ്. അമ്മാമ്മയുടെ മരണത്തോടനുബന്ധിച്ചുനടന്ന ഫോട്ടൊയെടുപ്പിലാണ് വിദേശത്തുനിന്നും പണം ഒപ്പിക്കാനുള്ള ഇർവ്വാദീസിന്റെ തന്ത്രം ഞെട്ടലോടെ സ്വീകരിക്കേണ്ടിവരുന്നത്: *"...ഇതെല്ലാം വേണ്ടതും സ്വാഭാവികവുമായാണ് എനിക്കിപ്പോൾ അനുഭവപ്പെടുന്നത്. ഉപഭോഗസംസ്കാരത്തിന്റെ ഭാഗമായിത്തീരുമ്പോൾ സർവ്വതും ശരിയായിത്തന്നെ കാണേണ്ടിയിരിക്കുന്നു."* (2006:94). എന്നിട്ടും സാറ പരി ത്യജിച്ചതറിയുമ്പോൾ തൽക്കാലത്തേക്കാണെങ്കിലും അയാൾ തളരുന്നുണ്ട്.

വൃദ്ധസദനത്തെപ്പറ്റിയുള്ള സാധാരണക്കാരുടെ സങ്കൽപ്പങ്ങൾ തന്നെ മാറിപ്പോകുന്ന ഒരവസ്ഥയാണ് ഈ നോവലിലെ പ്രതിപാദ്യം. പണമുണ്ടെങ്കിൽ പ്രായമാവാത്തവരെയും വിശ്വസിച്ചേല്പ്പിക്കാനുള്ള ഒരിടം എന്നതിലേയ്ക്ക് വൃദ്ധസദനങ്ങൾ മാറിക്കൊണ്ടിരി ക്കുന്ന കേരളീയ സാമൂഹിക-സാംസ്ക്കാരികപരിണതിയെ ഈ നോവൽ അടയാള പ്പെടുത്തുന്നു.

**5.1.2. മാറ്റാത്തി:**

ഒരു സ്ത്രീപക്ഷ എഴുത്തുകാരിയായാണ് സാറാജോസഫ് അറിയപ്പെടുന്നത്. സാറാ ജോസഫിന്റെ കഥകളുടെ ധർമ്മങ്ങളായി സച്ചിദാനന്ദൻ 'മുടിത്തെയ്യങ്ങൾ' എന്ന ലേഖ നത്തിൽ അഭിപ്രായപ്പെടുന്നത് ചിന്തനീയമാണ്. വിചാരത്തിലും വ്യവഹാരത്തിലും ഇന്നു നിലനിൽക്കുന്ന പുരുഷമേധാവിത്വഘടനകളെ അപനിർമ്മിക്കുക, മുൻകാലങ്ങളിൽ

ഒളിച്ചുവയ്ക്കപ്പെട്ടതോ, അടിച്ചമർത്തപ്പെട്ടതോ അവഗണിക്കപ്പെട്ടതോ ആയ സ്ത്രൈണാനുഭവത്തെ പുനർനിർമ്മിക്കുക എന്നീ രണ്ടു ധർമ്മങ്ങളാണ് അവ (ഷാജി ജേക്കബ്ബ് സമ്പാ. 2014:208.) ഇതിലൂടെ *'നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട സ്ത്രീയുടെ മൗനം പൊട്ടിത്തെറിക്കുന്നു. പുരുഷാധികാരത്തെ ധിക്കരിച്ചുകൊണ്ട് ഒഴിഞ്ഞ താളിൽ മുന്നേറുന്നു. ഊമയ്ക്ക് ഭാഷ നൽകാൻ പൊരുതുന്നു.'* (ടി.:208). നവോത്ഥാന കഥാകാരിയായ ലളിതാംബിക അന്തർജ്ജനത്തിനുശേഷം സ്ത്രീയെഴുതിയ വാർദ്ധക്യകേന്ദ്രീകൃതനോവലാണ് സാറാജോസഫിന്റെ 'മാറ്റാത്തി'. ബ്രിജിത്ത എന്ന വൃദ്ധയുടെ ചെറുത്തുനിൽപ്പിന്റെ കഥയാണ് 'മാറ്റാത്തി'. ലൂസി എന്ന പെൺകുട്ടിയുടെ വീക്ഷണകോണിലൂടെയാണ് ബ്രിജിത്തയെ അവതരിപ്പിക്കുന്നത്.

ഒരു രാജ്ഞിയുടെ പ്രതാപത്തോടെ വാഴുന്ന ബ്രിജിത്തയെയാണ് ഒന്നാമദ്ധ്യായത്തിൽ കാണാൻ കഴിയുന്നത്. തൊണ്ണൂറടുക്കാറായ ബ്രിജിത്തയെ റോസാപ്പൂക്കവിളുള്ള റോസാപ്പൂമണമുള്ള സുന്ദരിയായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. അവിവാഹിതയും ഏകാകിനിയുമായ ഈ വൃദ്ധയുടെ ജീവിതം വീട്ടുകാരോടും നാട്ടുകാരോടുമുള്ള ചെറുത്തുനിൽപ്പാണ്. അവരുടെ അവിവാഹിതജീവിതത്തിന്റെ കാരണം നോവലിൽ പറയുന്നില്ല. അവർക്ക് ആദ്യം എതിർക്കേണ്ടിവന്നത് സ്വന്തം ആങ്ങളയാണ്. അനാഥയായ ലൂസിയുടെ സംരക്ഷണവുമായി ബന്ധപ്പെട്ടാണ് അത്. അതിനാൽ തറവാട്ടു സ്വത്ത് ലഭിച്ചില്ല. പുരുഷാധിപത്യത്തിന്റെ ഈ പ്രവണതയോടു കലഹിച്ചുനിൽക്കാൻ അവർക്കു കഴിയുന്നത് അപ്പൻകൊടുത്ത മുതലുകൊണ്ടാണ്. അപ്പനും പുരുഷനാണ്. ആങ്ങളമാർക്ക് അപ്പനോളം സ്നേഹമില്ല എന്ന വസ്തുത ഇവിടെ തെളിയുന്നു. അവർ സമ്പത്തിനെയാണ് ആഗ്രഹിക്കുന്നത്. രക്തബന്ധം എന്ന സങ്കല്പം തകരുന്നത് ബ്രിജിത്തയുടെ ഏകാന്ത ജീവിതം കാണിച്ചുതരുന്നു. അതേസമയം പരസ്പരം തള്ളിക്കളയാതെ ഒരു കരാറിലെന്നപോലെയാണ് ബ്രിജിത്തിയുടെയും ആങ്ങളമാരുടെയും

ജീവിതം. നിർണ്ണായകഘട്ടങ്ങളിലെല്ലാം ബ്രിജീത്ത അവരെ സഹായിക്കുന്നുണ്ട്. തനിക്കുശേഷം തന്റെ സ്വത്ത് ആങ്ങളമാരുടെ മക്കൾക്കാണെന്നു ചില സമയങ്ങളിൽ അവർ ഊന്നിപ്പറയുന്നുണ്ട്. ഓപ്പനെകാണാൻ ഒരുങ്ങിക്കെട്ടി സുന്ദരിമണവാട്ടിയായി നിൽക്കുന്ന അവർ ലൂസിയെ ഓർമ്മിപ്പിക്കുന്നുണ്ട്:

> *നിയ്യ് വിജാരിക്ക്ണ്ടാവും എന്റെ കാലം വേഗം കഴിഞ്ഞുകിട്ട്യാ ഈ സൊത്തൊക്ക്യാ കിട്ടൂലോ സുഗായിട്ട് ജീവിക്കാലോന്നൊക്കെ. അതൊന്നും സൊപ്നം കാണണ്ടാട്ടാ. എന്റെ സകലമാന സൊത്ത്കളും എന്റാങ്ങള മാർടെ മക്കൾക്ക്ള്ളത്ണ്. അവര്ക്ക് വേണ്ടെങ്കി അനാദശാലക്ക്യാ എഴ്തി കൊട്ക്കും ഞാൻ... (സാറാജോസഫ്, 2008: 39, 40).*

പണത്തിന്റെ സാമ്പത്തികശാസ്ത്രം തന്നെയാണ് 'മാറ്റാത്തി'യിലും പ്രവർത്തിക്കുന്നത്. മുതലാളിത്തത്തിന്റെയും റിയൽ എസ്റ്റേറ്റ് മാഫിയകളുടെയും കടന്നുകയറ്റം മറിയപുരത്തെ ഭൂമിയുടെ വില വർദ്ധിപ്പിക്കുന്നുണ്ട്. വൃദ്ധയും ആൺതുണയോ പിന്തുടർച്ചവകാശികളോ ഇല്ലാത്തവളുമായ ബ്രിജീത്തയുടെ ഭൂമിയിലാണ് എല്ലാത്തരം കച്ചവടക്കാരും കണ്ണുവയ്ക്കുന്നത് എന്ന വസ്തുത ഒറ്റയ്ക്കു കഴിയുന്ന പെണ്ണിനോട് എന്തുമാവാമെന്ന ധാർഷ്ട്യമാണ്. മരിക്കുമ്പോഴും എല്ലാം അവിടെത്തന്നെ ഉണ്ട് എന്ന ബോധ്യത്തോടെ പോകണം എന്നാണ് ബ്രിജീത്ത സ്വയം ന്യായീകരിക്കുന്നത്. വീടില്ലാത്തവർക്ക് വീടുണ്ടാക്കിനൽകാനുള്ള പള്ളീലച്ചന്റെ ശ്രമം പ്രകൃതിതന്നെ പരാജയപ്പെടുത്തുകയും പുതുപ്പണക്കാരനായ കൊട്ടേക്കാടൻ ചേറുവിനെ വിജയിപ്പിക്കുകയും ചെയ്യുന്നു. ബ്രിജീത്തയെപ്പോലുള്ള പഴയ തറവാട്ടുകാരുടെ തകർച്ചയിൽ നിന്ന് ഉയരുന്ന പുത്തൻപണക്കാരുടെ പ്രതിനിധിയായി ചേറു മാറുന്നത് പുതിയ സാമൂഹിക വ്യവസ്ഥിതിയുടെ കടന്നുവരവ് സൂചിപ്പിക്കുന്നു. അതിനോട് എതിർത്തു നിൽക്കാൻ ഒറ്റപ്പെട്ടവളായ ബ്രിജീത്തയ്ക്ക് കഴിയുന്നില്ല. പള്ളിയും ആളും തന്റെ പക്ഷത്തല്ലെന്ന്

വൃദ്ധയ്ക്ക് നന്നായറിയാം. *'എത്ര്യായാലും കുറുക്കന്റെ കണ്ണ് കോഴിക്കൂട്ടിലന്നാണ്"* എന്നവർ ലൂസിയോട് പറയുന്നുണ്ട് (2008:132). പള്ളിയധികാരികൾ വ്യക്തികളുടെ സ്വകാര്യ പ്രശ്നത്തിലിടപെടുന്നത് ഇവിടെ കാണാം. നഗരവത്ക്കരണവും സ്വകാര്യ വത്ക്കരണവും ഗ്രാമത്തെ ഗ്രസിച്ചതിന്റെ ഉദാഹരണമാണ് ചേറു തന്ത്രശാലിത്വത്തോടെ ബ്രിജിത്തയുടെ ഭൂമി തട്ടിയെടുക്കുന്നത്. അതിനയാൾക്കു കൂട്ടുനിൽക്കുന്നത് അവ രുടെ സ്വന്തക്കാർ തന്നെയാണ്. സ്ത്രീകളെ ഉയരാനനുവദിക്കാത്ത ഒരു പുരുഷാധിപ ത്യപ്രവണത ഈ ഭാഗങ്ങളിൽ സ്പഷ്ടമാണ്.

പണത്തിന്റെ സാമ്പത്തികശാസ്ത്രം തന്നെയാണ് 'മാറ്റത്തി'യിലും പ്രവർത്തിക്കുന്നത്. എത്ര പണമുണ്ടായാലും അതു പെരുപ്പിക്കാൻ നോക്കുന്ന മനഃശാസ്ത്രം ബ്രിജിത്ത യിലുണ്ട്. ഈ ആർത്തി അവരിൽ മാത്രമല്ലെന്നു കാണാം. നാടിന്റെ മൊത്തം സ്വഭാവം അതായിത്തീരുന്നു. എന്തു ബിസിനസ്സിലും ലാഭം മാത്രം നോക്കുന്ന ഈ സ്വഭാവ ത്തിന്റെ ഇരയായി ബ്രിജിത്തയും മാറുകയാണ്.

വാർദ്ധക്യത്തിന്റെ അവശതകൾ എല്ലാ ഭയങ്കരത്വത്തോടും കൂടി ബ്രിജിത്തയെ ആക്ര മിക്കുന്നതിന് ഉദാഹരണമാണ് അവരുടെ തീറ്റരോഗവും ഉറക്കരോഗവും. റോസാപ്പൂ മണം പോയി വാർദ്ധക്യത്തിന്റെ ആക്രമണം ലൂസി അനുഭവിക്കുന്നുണ്ട്. ഒരൊറ്റ വീഴ്ച ബ്രിജിത്തയുടെ അധികാരഭാവത്തിനു അന്ത്യം കുറിക്കുന്നു. ഒറ്റയ്ക്കു ജീവിതം കരു പ്പിടിപ്പിച്ച അവർക്ക് അത് ശക്തമായ ആഘാതമായി മാറുന്നു. കിടപ്പിലാവുകയും സംസാ രശേഷി നഷ്ടപ്പെടുകയും ചെയ്യുന്നതോടെ പുതിയ ഭരണാധികാരികൾ പ്രത്യക്ഷപ്പെ ടുന്നു. അധികാരചിഹ്നമായ താക്കോൽ അബോധാവസ്ഥയിൽ തട്ടിയെടുക്കാനേ ബന്ധു ക്കൾക്കാവുന്നുള്ളൂ.

സ്ത്രീയുടെ ജീവിതം ചിട്ടപ്പെടുത്തുന്ന പുരുഷാധികാരസങ്കൽപ്പത്തിനു കീഴടങ്ങാ ത്തവളാണെന്ന രീതിയിലാണ് ബ്രിജിത്ത മുന്നോട്ടുപോകുന്നതെങ്കിലും അത് മനോ

ഹരമായ ഒരു ഭാവന മാത്രമായി മാറുന്നതാണ് കാണാൻ കഴിയുന്നത്. അടിയന്തരഘ ട്ടങ്ങളിലെല്ലാം ചെറുതോ വലുതോ ആയ ഒരു പുരുഷൻ പ്രത്യക്ഷപ്പെടുന്നുണ്ട്. അവർക്കു നേരെനിന്നു ബ്രിജീത്ത സംസാരിക്കുന്നുണ്ടെങ്കിലും പലപ്പോഴും കീഴട ങ്ങേണ്ട ദുരവസ്ഥയാണു കടന്നുവരുന്നത്. അപ്പോഴെല്ലാം സാമൂഹികാംഗം എന്ന രീതി യിൽ പെരുമാറാൻ അവർ ശ്രദ്ധിക്കുന്നുണ്ട്. പാപ്പാനഗറിന് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് അവരുടെ ആങ്ങള തൊമ്മാനച്ചൻ വരുന്നതും മുറുമുറുപ്പോടെയാണെങ്കിലും അരമനയിലേയ്ക്കു പോകാൻ തയ്യാറാകുന്നതും ഉദാഹരണമാണ്. മറ്റൊരാങ്ങളയുടെ മകൻ വിത്സൺ മുഖാന്തിരമാണ് ചേറൂസ് ടാക്കീസിന്റെ ഉദ്ഘാടനത്തിനു പോകുന്നത്.

ബ്രിജീത്തയും മറ്റുള്ളവരുമായുള്ള ഇടപെടലുകൾ സാമൂഹിക വാർദ്ധക്യത്തിന്റെ പരിധിയിലാണു വരുന്നത്. അവർ ഒറ്റപ്പെട്ടുനിൽക്കുന്ന പ്രതീതിയാണ് അനുഭവപ്പെടു ന്നതെങ്കിലും കുടുംബക്കാരും നാട്ടുകാരുമായി അടുത്തും അകന്നുമുള്ള അടുപ്പം സൂക്ഷിക്കുന്നുണ്ട്. മറിയപുരം പള്ളിയിലും ചന്തയിലും അവർ പോകുന്നുണ്ട്. ഓപ്പനെ കാണാനും ആങ്ങളയുടെ വീട്ടിൽ പെരുന്നാളിനു പോകാനും അവർ തയ്യാറാണ്. മനു ഷ്യസഹജമായ അസൂയ മനസ്സിലുള്ള കഥാപാത്രവുമാണ് ബ്രിജീത്ത. ഇതിൽ നി ന്നെല്ലാം സാമൂഹികവാർദ്ധക്യം ഈ കഥാപാത്രത്തെ സംബന്ധിച്ചിടത്തോളം വ്യക്ത മാണെന്നു കാണാം. മാത്രമല്ല വ്യവസായവത്ക്കരണത്തിനുശേഷവും യന്ത്രവത്ക്കര ണത്തിന്റെ വ്യാപനത്തിനു ശേഷവും വൃദ്ധരുടെ പദവിക്ക് കുറവു വന്നു എന്ന സാമൂ ഹിക വാർദ്ധക്യ സിദ്ധാന്ത (ആധുനികീകരണ സിദ്ധാന്തം)വും 'മാറ്റാത്തി'യിൽ. പ്രവർത്തിക്കുന്നുണ്ട്. ചേറു എന്ന പുറംനാട്ടുകാരനായ പണക്കാരനാൽ മറിയപുരത്തു സംഭവിക്കുന്ന മാറ്റങ്ങൾ ബ്രിജീത്തയെ ബാധിക്കുന്നത് ഈ വസ്തുത തെളിയിക്കുന്നു. കൂടാതെ രാഷ്ട്രീയ-സാമ്പത്തിക സിദ്ധാന്തം (political economic theory) 'മാറ്റാത്തി'യിൽ കണ്ടെത്താൻ കഴിയും. വൃദ്ധരുടെ പദവികളും ധനാഗമനരീതികളും അവരെങ്ങനെ

വൃദ്ധരാകുന്നു എന്നുള്ളതും ഒരു സമൂഹഘടനയിൽ അവർക്കുള്ള സ്ഥാനത്തെ അടിസ്ഥാനമാക്കിയും, അവരിരിക്കുന്ന സാമൂഹിക-രാഷ്ട്രീയ പരിസരത്തെ സ്വാധീനിക്കുന്ന സാമ്പത്തിക-രാഷ്ട്രീയശക്തികളെ ആസ്പദമാക്കിയും ആയിരിക്കും എന്നുള്ളതാണ് ഈ സിദ്ധാന്തം. ബ്രിജീത്ത പാരമ്പര്യമായി ധനികയാണ്. ആങ്ങളമാർക്കിടയിൽ പിടിച്ചുനിൽക്കുന്നത് അതുകൊണ്ടാണ്. അവിവാഹിതാവസ്ഥ അവരെ ബാധിക്കുന്നതായി പ്രത്യക്ഷത്തിൽ കാണുന്നില്ല. മറിയപുരം എന്ന ഗ്രാമത്തിലെ 'ഏക ധനവാത്തി' എന്ന സ്ഥാനം ശ്രദ്ധേയമാണ്. സമൂഹത്തിലും സമുദായത്തിലും അവർക്കുള്ള സ്ഥാനം അതുകൊണ്ട് സ്പഷ്ടമാണ്. പാപ്പാനഗറിനുവേണ്ടിയുള്ള പള്ളീലച്ചന്റെ പരിശ്രമങ്ങളും അതിനുവേണ്ട ഒത്താശ ചെയ്യുന്ന അരമനയധികാരികളും ബ്രിജീത്തയുടെ ധനിക എന്ന സ്ഥാനം ഉറപ്പിക്കുന്നു. കെട്ടിടംകൃഷി, സിനിമാക്കൊട്ടക എന്നിവ കച്ചവടദൃഷ്ടിയോടെ കൈകാര്യം ചെയ്യുന്ന കൊട്ടേക്കാടൻ ചേറു സൃഷ്ടിക്കുന്ന രാഷ്ട്രീയം ബ്രിജീത്തയുടെ ഭൂമിയെ ചുറ്റിപ്പറ്റിയാണ്.

സ്വത്തിനുവേണ്ടി വേട്ടയാടപ്പെട്ട ഒരു ജീവിതം മാത്രമായി ബ്രിജീത്ത അവസാനിക്കുന്നു. പരമ്പരാഗതമായ ക്രിസ്ത്യൻസമ്പന്നതയുടെയും അധികാരത്തിന്റെയും പ്രതിരൂപമാണ് ബ്രിജീത്ത. സ്വകാര്യലോകത്ത് പ്രതാപം പുലർത്തിയിരുന്ന ബ്രിജീത്തക്ക് വാർദ്ധക്യത്തിന്റെ അവശതകൾ എല്ലാവരുടെയും തത്സ്വരൂപം വെളിപ്പെടുത്തിക്കൊടുക്കുന്നു. സുന്ദരം എന്നു കരുതിയിരുന്ന കാലത്തുനിന്നും കെടുതികൾ നിറഞ്ഞ കാലത്തിലൂടെയാണ് അവരുടെ യാത്ര. ഓരോരുത്തരെപ്പറ്റിയും സ്വന്തമായ കാഴ്ചപ്പാട് വെച്ചുപുലർത്തുന്ന വൃദ്ധയാണവർ. മറിയാപുരം എന്ന ഗ്രാമത്തിന്റെ ക്രമാനുഗതമായ വളർച്ചയുടെ ചരിത്രം കൂടിയാണ് ബ്രിജീത്തയുടെ വാർദ്ധക്യം. നാടിന്റെ വളർച്ച ഗ്രാമത്തിൽ നിന്നും നഗരത്തിലേയ്ക്കാണ്. ബ്രിജീത്തയുടെ ഭൂമിയും ഈ വളർച്ചയുടെ ഭാഗമായി ത്തീരുന്നു.

**5.2. ആധുനികാനന്തരകഥകളിലെ വാർദ്ധക്യപ്രമേയം:**

ആധുനികതയുടെ തുടർച്ചയായി കഥയെഴുതിപ്പോന്ന സി.വി. ശ്രീരാമന്റെയും സി. വി. ബാലകൃഷ്ണൻ, യു.കെ. കുമാരൻ, ടി.വി. കൊച്ചുബാവ, സാറാജോസഫ്, ചന്ദ്രമതി, ഗീതാഹിരണ്യൻ, അഷിത, കെ.ആർ. മീര എന്നിവരുടെയും വാർദ്ധക്യ കേന്ദ്രീകൃതമായ കഥകളാണ് ഈ ഭാഗത്ത് സ്വീകരിച്ചിട്ടുള്ളത്. സി.വി. ശ്രീരാമന്റെ അനായാസേന മരണം, വേരുകൾ പുതിയതും പഴയതും, വേരുകൾ വില്പനയ്ക്ക്, നന്തുണി, വാമനൻ, മടക്കയാത്ര, റെയിൽപാളങ്ങൾ, പൊന്തൻമാട, ദുഃഖിതരുടെ ദുഃഖം, കൗസല്യ മൂത്തമ്മ, മുത്തശ്ശിയുടെ മരണം, സി.വി. ബാലകൃഷ്ണന്റെ മാതളനാരകങ്ങൾ ഇപ്പോഴും പൂക്കാറുണ്ട്, അച്ഛന്റെ മുറി അടഞ്ഞുകിടക്കുന്നു, വേറൊരു വാസസ്ഥലം, ഉറങ്ങാൻ വയ്യ, നിഴൽകാഴ്ചകൾ, ബാൽക്കണി വൃദ്ധൻ, അഴിച്ചുവെച്ച വേഷം, പതിനഞ്ചുസെന്റ് ഭൂമി, ഇരുപത്തിയാറാമത്തെ ശിശു, സ്വർഗ്ഗയാത്ര: ഒരു വീഡിയോ ടേപ്പ്, നീണ്ടുപോകുന്ന രേഖകൾ, പാർവ്വതിയമ്മയും പോയി, ആദിമദ്ധ്യാന്തങ്ങൾ, പെറ്റ വയറ്, ഭവഭയം, യു.കെ. കുമാരന്റെ അച്ഛൻ ഉറങ്ങുന്നില്ല, വീട് സംസാരിക്കുന്നു, കാഴ്ചകൾ മങ്ങുന്നു, കുടുംബപുരാണം, രണ്ടുപിതാമഹന്മാർ, ഒരു ദേശാടനത്തിന്റെ കഥ, പിന്നോട്ട്, ഇച്ഛ, പ്രിയപ്പെട്ട അരവിയേട്ടൻ, ജലരേഖകൾ, ഉപചാരങ്ങൾ അറിയുന്ന നമ്മൾ, ഉണ്ണിയും പോകുന്നു, അത്താഴം, ദുരൂഹമായ സമവാക്യങ്ങൾ, അമ്മയുടെ കരൾ, ചെകുത്താൻ, ഓരോ വിളിയും കാത്ത്, ടി.വി. കൊച്ചുബാവയുടെ വേവലാതിക്കളി, നിങ്ങളുടെ അപ്പൻ, ഒന്നങ്ങനെ ഒന്നിങ്ങനെ, കുഞ്ഞോനാച്ചൻ ഉറങ്ങുന്നു, നനഞ്ഞ ശിരോവസ്ത്രങ്ങൾ, എപ്പോഴെത്തുമോ, എന്തോ? പടിവാതിൽ, വൃദ്ധമാതാവ്, സാറാജോസഫിന്റെ സായാഹ്നം, കാടക്കിളികൾ, ഒരു മണിക്കൂര്, ഛായാപടം, എഴുതിമായ്ക്കുന്നു ലോകവും, ചന്ദ്രമതിയുടെ ചിത്രകാരിയുടെ അച്ഛൻ, ഗോദോയെ കാത്ത്, വരും;വരാതിരിക്കില്ല, അന്തിക്കൂട്ട്, റിട്രീറ്റ്, ലഡ്ഡു, അഷിതയുടെ നിലാവിന്റെ നാട്ടിൽ, തതാഗത, ഇലകൾ, ഗീതാഹി

രണ്യന്റെ വാനപ്രസ്ഥാനം, കെ.ആർ. മീരയുടെ ഓർമ്മയുടെ ഞരമ്പ് എന്നീ കഥകളാണ് പരിശോധിക്കുന്നത്.

**5.2.1. വൃദ്ധരുടെ ഏകാന്തത:**

വാർദ്ധക്യത്തിലെ ഏകാന്തത കഥാവിഷയമായി സ്വീകരിച്ചിട്ടുള്ളവയാണ് ഈ ഭാഗത്തു പരിഗണിച്ചിട്ടുള്ളത്.

**5.2.1.1. ഒറ്റപ്പെടുന്ന വൃദ്ധന്മാരുടെ കഥകൾ:**

സി.വി. ശ്രീരാമന്റെ വേരുകൾ വില്പനയ്ക്ക്, അനായാസേന മരണം, നന്തുണി മടക്കയാത്ര, റെയിൽപ്പാളങ്ങൾ, സി.വി. ബാലകൃഷ്ണന്റെ നിഴൽക്കാഴ്ചകൾ, ബാൽക്കണിവൃദ്ധൻ, അഴിച്ചുവെച്ച വേഷം, നീണ്ടുപോകുന്ന രേഖകൾ, യു.കെ. കുമാരന്റെ അച്ഛൻ ഉറങ്ങുന്നില്ല, വീടു സംസാരിക്കുന്നു, ഇച്ഛ, ടി.വി. കൊച്ചുബാവയുടെ പടിവാതിൽ, കുഞ്ഞോനാച്ചൻ ഉറങ്ങുന്നു എന്നീ കഥകളിലെ വൃദ്ധന്മാർ അനുഭവിക്കുന്ന ഒറ്റപ്പെടലിനെയാണ് ഈ ഭാഗത്ത് അപഗ്രഥിക്കാൻ ശ്രമിക്കുന്നത്.

**5.2.1.1.1. സി.വി. ശ്രീരാമന്റെ കഥകൾ:**

വേരുകൾ വില്പനയ്ക്ക്, അനായാസേന മരണം, മടക്കയാത്ര, റെയിൽപ്പാളങ്ങൾ, നന്തുണി എന്നീ കഥകളാണ് വിശകലനം ചെയ്യുന്നത്. സി.വി. ശ്രീരാമൻ കഥയെഴുതിത്തുടങ്ങിയത് എഴുപതുകളിലാണ് (എം.എം. ബഷീർ, 2008:374.). *"മനുഷ്യരുടെ ധർമ്മസങ്കടങ്ങളും ആത്മവേദനകളും ഋജുവും ശക്തവുമായ ഭാഷയിൽ അവതരിപ്പിക്കുന്നു (അദ്ദേഹം)"* (എരുമേലി പരമേശ്വരൻ പിള്ള, 2003:376.). മാനവമൂല്യങ്ങൾ ഉയർത്തിപ്പി

ടിക്കുകയും ഇതു തന്റെ പുരോഗമനരാഷ്ട്രീയത്തിന്റെ സാംസ്കാരിക നേട്ടമായി കണക്കാക്കുകയും ചെയ്യുന്നു (ടി., പു. 377.).

'അനായാസേന മരണം' എന്ന കഥയിലെ പത്മനാഭൻ എന്ന വൃദ്ധൻ ആരെയും ബുദ്ധിമുട്ടിക്കാതെ മരിക്കണമെന്നാഗ്രഹിക്കുകയും അതിനുവേണ്ടി കാശിക്കു പോവുകയും ചെയ്തു. എന്നാൽ കാലാവസ്ഥ പിടിക്കായ്കയാൽ മൂത്തമകൻ തിരിച്ചു കൊണ്ടു വരികയാണ്. കാലിൽ പഴുപ്പുകയറി അതു മുറിച്ചു കളഞ്ഞ് ദൂരദിക്കിലുള്ള മക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കി ചത്തും ചാവാതെയും കിടക്കുന്ന പത്മനാഭന് അനായാസേനയുള്ള മരണം ലഭിക്കുന്നില്ല. ക്രിമിനലായ കണ്ടങ്കുട്ടിയുടെ പെട്ടെന്നുള്ള മരണം പത്മനാഭന്റെ നരകയാതന വർദ്ധിപ്പിക്കുന്നുണ്ട്. ആന്തരികമായ ഒരു ഒറ്റപ്പെടലും നിസ്സഹായതയും പത്മനാഭൻ അനുഭവിക്കുന്നുണ്ട്.

ഗ്രാമത്തിൽനിന്ന് നഗരത്തിലെത്തി വേരുറപ്പിച്ച ഒരുദ്യോഗസ്ഥന്റെ ഗൃഹാതുരത്വം നിറഞ്ഞ ചിന്തകൾ 'വേരുകൾ വില്പനയ്ക്ക്' എന്ന കഥയിലുണ്ട്. എഴുപതു കഴിഞ്ഞ അയാളുടെ മനസ്സിലും വർത്തമാനകാലത്തിലുമായി കഥ നടക്കുന്നു. അയാളാഗ്രഹിക്കുന്നത് കൊത്തുപണികൾ നിറഞ്ഞ തറവാടിന്റെ മുറ്റത്തു തന്റെ സമാധി പണിയണമെന്നാണ്. തന്റെ ഫോട്ടോ എൻലാർജ്ജു ചെയ്ത് മകൻ ഉമ്മറത്തു തൂക്കുമെന്ന് വൃദ്ധൻ പ്രതീക്ഷിക്കുന്നു. മകന് വീടു വിൽക്കാനും, മരിച്ചാൽ നഗരത്തിലെ വൈദ്യുത ശ്മശാനത്തിൽ അച്ഛനെ ദഹിപ്പിക്കാനുമേ കഴിയൂ എന്ന് വൈകാതെ തന്നെ മനസ്സിലാക്കുന്ന വൃദ്ധൻ 'ഹൌസ് ഫോർ സെയിൽ' എന്ന വാക്യത്തിനു പരിഭാഷ നൽകി – "വേരുകൾ വിൽപ്പനയ്ക്ക്". (സി.വി. ശ്രീരാമൻ, 1997:185). രണ്ടു തലമുറയിൽപ്പെട്ടവരുടെ ചിന്താരീതിയിലുള്ള വ്യത്യാസമാണ് അച്ഛന്റെ മനസ്സിൽ സംഘർഷം സൃഷ്ടിക്കുന്നത്. നഗരവാസിയായ മകന് അച്ഛന്റെ അഭീഷ്ടപ്രകാരം ചെയ്യാനോ ഗ്രാമത്തിൽ വന്നു താമസിക്കാനോ സാധ്യമല്ല എന്ന ധ്വനി കഥയിലുണ്ട്.

സ്വന്തം ഏകാന്തതയുടെ തടവുകാരനായി കഴിയുന്നതിൽ സംതൃപ്തിയനുഭവിക്കുന്ന ഒരു വൃദ്ധനാണ് 'മടക്കയാത്ര' എന്ന കഥയിലുള്ളത്. കുടുംബബന്ധങ്ങൾ തകരാതിരിക്കാൻ ശ്രദ്ധിച്ചിരുന്ന വക്കീലായിരുന്ന വൃദ്ധന് സ്വന്തമായി ഒരു കുടുംബമുണ്ടാക്കാത്തതിൽ കുറ്റബോധം തോന്നുന്നു. താൻ കൂട്ടിച്ചേർത്ത ദമ്പതികൾ മകളുടെ വിവാഹം ക്ഷണിക്കാൻ വന്നപ്പോഴായിരുന്നു അത്. വെളിച്ചം കടക്കാതിരിക്കാൻ കതകടയ്ക്കുന്ന വൃദ്ധൻ സ്വന്തം ജീവിതത്തിൽനിന്നും വെളിച്ചം മാറ്റിക്കളഞ്ഞവനാണെന്ന് സൂചന ലഭിക്കുന്നുണ്ട്.

ഭാര്യയും മക്കളും ഉണ്ടായിരുന്ന കാലത്തുതന്നെ ഒറ്റപ്പെട്ടു കഴിഞ്ഞിരുന്ന ഒരു റെയിൽവെഗേറ്റ്മാനെപ്പറ്റിയാണ് 'റെയിൽപാളങ്ങൾ' എന്ന കഥയിൽ പറയുന്നത്. അമ്മ ആക്സിഡന്റിൽ മരിച്ചപ്പോൾ കിട്ടിയ പണം വീതിച്ചെടുത്ത മക്കൾക്ക് വീട് വാടകക്കു കൊടുക്കാനാണാഗ്രഹം. അച്ഛന്റെ സുഖസൗകര്യങ്ങളെപ്പറ്റി ചിന്തിക്കാത്ത മക്കൾ അച്ഛനു വെപ്പുകാരിയായി ഒരു തമിഴത്തി വന്നു കൂടിയപ്പോൾ അവരെ പറഞ്ഞയക്കാൻ മുന്നിട്ടുനിൽക്കുന്നുണ്ട്. തമിഴത്തിയെയും കൂട്ടരെയും യാത്രയാക്കാൻ ചെന്ന പരമൻ ഉറങ്ങിപ്പോയി. ജീവിതത്തിലെ ഏറ്റവും വലിയ ഏകാന്തതയിലേക്കാണ് അയാൾ ഉണർന്നെഴുന്നേൽക്കുന്നത്. പരമന്റെ മാനസികാരോഗ്യ (Mental Health)ത്തെപ്പറ്റി മക്കൾക്ക് വേണ്ടത്ര ശ്രദ്ധയില്ലെന്ന് വ്യക്തമാണ്. അതേസമയം മാനസികവിഷമങ്ങളിൽ നിന്ന് സ്വതന്ത്രമാകാനുള്ള ശ്രമം പരമന്റെ ഭാഗത്തുനിന്നുണ്ട്. അയാൾ ചുമതലകൾ തീർത്തവനാണ്. ഇത്തരം കാര്യങ്ങൾ മാനസികാരോഗ്യത്തിനു ആവശ്യമാണെന്ന് എസ്. ശിവരാജു കരുതുന്നു(2014:197).

'നന്തുണി'യിൽ തുല്യദുഃഖിതരായ വൃദ്ധരിൽ ഒരാൾ പുരുഷനാണ്. മക്കളെല്ലാം ഉയർന്നനിലയിൽ കഴിയുന്നവരാണ്. നന്തുണി കൊട്ടിപ്പാടിയാണ് അയാൾ മക്കളെ വളർത്തിയെടുത്തത്. ഇപ്പോൾ അച്ഛന്റെ പാട്ട് അവർക്ക് അസഹ്യമാണ്. തെണ്ടാൻ

ശീലമില്ലാത്തതുകൊണ്ട് കേടായ നന്തുണിയും മീട്ടാൻ വയ്യാത്ത കൈകളുമായി നടക്കുകയാണു വൃദ്ധൻ. തലമുറകളുടെ വീക്ഷണ വ്യത്യാസമാണ് ഇവിടെ കാണുന്നത്. നന്തുണി കൊട്ടി മക്കളെ പുലർത്തിയിരുന്ന കാലം കഴിഞ്ഞിരിക്കുന്നു. മക്കൾ ഉദ്യോഗസ്ഥരാകുന്ന കാലത്ത് അതിന്റെ ആവശ്യം ഇല്ല. നന്തുണിയുടെ ശബ്ദം അസഹ്യമാവുകയും അതു വെട്ടിപ്പൊളിച്ച് അടുപ്പിലിടാൻ തോന്നുകയും ചെയ്യുന്നത് അതുകൊണ്ടാണ്. ആ ഉപകരണം അരിഷ്ടിച്ചു കഴിഞ്ഞ ഒരു കാലത്തിന്റെ ഓർമ്മ കൂടിയാണ്. വൃദ്ധനു അതുമറക്കാൻ സാദ്ധ്യമല്ല. അധികാരം പിതാവിൽ നിന്നും മക്കളിലേയ്ക്കു പകരുമ്പോഴുള്ള ഈ രാഷ്ട്രീയം ശ്രദ്ധേയമാണ്.

### 5.2.1.1.2. സി.വി. ബാലകൃഷ്ണന്റെ കഥകൾ:

നിഴൽക്കാഴ്ചകൾ, ബാൽക്കണി വൃദ്ധൻ, അഴിച്ചുവെച്ച വേഷം, നീണ്ടു പോകുന്ന രേഖകൾ എന്നീ കഥകൾ പരിശോധിക്കുന്നു. ഗ്രാമീണവും നാഗരികവുമായ യാഥാർത്ഥ്യങ്ങളെ കണിശമായി അപഗ്രഥിക്കുന്ന രചനകളിലൂടെ എഴുപതുകളിൽ സാഹിത്യരംഗത്തു ശ്രദ്ധേയനായി (സി.വി. ബാലകൃഷ്ണൻ, 2008: ?)[3]. സ്വയം ദുഃഖം അനുഭവിച്ചതുകൊണ്ട് തന്റെ ഒട്ടുമിക്ക കഥകളിലും പ്രമേയം പല നിമിത്തങ്ങൾ മൂലമുള്ള ദുഃഖമായിരുന്നെന്ന് സി.വി. ബാലകൃഷ്ണൻ പറയുന്നുണ്ട്. (1993:22.).[4]

"നിഴൽക്കാഴ്ചകൾ" എന്ന കഥയിലെ വൈദ്യരായ വാസുദേവ ഷെട്ടിയുടെ മനസ്സിനെ മരണഭയം കീഴടക്കിയിരിക്കയാണ്. ഷെട്ടിയോടൊപ്പം ചതുരംഗം കളിക്കാൻ കൂടുന്ന പണ്ഡിതനായ മഹേശ്വരഭട്ടിന് ഇതിനു പരിഹാരം കാണാനാകുന്നില്ല. മരുന്നു പറിക്കാരനും സാധാരണക്കാരനുമായ ഗുണ്ടണ്ണയാണ് വാസുദേവ ഷെട്ടിയെ സഹായിക്കുന്നത്. അനാഥത്വവും നിരാശ്രയത്വവുമാണ് വൈദ്യരെ അലട്ടുന്നതെന്ന് കണ്ടുപിടിക്കാൻ ജ്ഞാനത്തിന്റെ ആവശ്യമില്ലെന്ന് ഗുണ്ടണ്ണ തെളിയിക്കുന്നു. അച്ഛന്റെ

പിന്നാലെ ഓടി നടന്നിരുന്ന തന്റെ കുട്ടിക്കാലം വൈദ്യർ ഓർക്കുമ്പോൾ അയാളുടെ അസ്വസ്ഥതയ്ക്ക് കുറവുണ്ടാകുന്നു. വൃദ്ധരിൽ ആകുലത (anxiety) ഏറ്റവും കൂടുതൽ കാണപ്പെടുന്നതായി എസ്.ശിവരാജു ഉദ്ധരിക്കുന്നുണ്ട്. (2014:191). മരണഭയം ഇക്കൂട്ടരെ നന്നായി അലട്ടുന്നു. ഈ കഥയിലെ വാസുദേവഷെട്ടി ഇത്തരം അവസ്ഥകളിലൂടെ കടന്നുപോകുന്നതായി കാണാം.

ഇൻസെന്റീവ് കെയർ യൂണിറ്റിൽ കിടക്കുന്നയാൾ അയാളുടെ ഏകാന്തതയെപ്പറ്റി ചിന്തിക്കുകയാണ്. രാഷ്ട്രീയപ്രവർത്തനത്തിനിടയിൽ വിവാഹം മറന്നുപോയ അയാൾ താനാദ്യമായി പെണ്ണുകണ്ട വീട്ടിലേക്ക് ചെല്ലുകയാണ്. അയാളുടെയുള്ളിലെ പതിമൂന്നുകാരി പെൺകുട്ടി വൃദ്ധയും അന്ധയുമായിരിക്കുന്ന യാഥാർത്ഥ്യം അയാളെ അമ്പരപ്പിക്കുന്നുണ്ട്. 'അഴിച്ചുവെച്ച വേഷം' എന്ന കഥയിലെ വൃദ്ധന് സങ്കൽപ്പലോകവും യാഥാർത്ഥ്യവും തമ്മിലുള്ള ഭേദം ഉൾക്കിടിലമുണ്ടാക്കുന്നുണ്ട്.

'ബാൽക്കണി വൃദ്ധൻ' എന്ന കഥയിലെ അച്ഛനെ ബാൽക്കണിയിൽ പൂട്ടിയിട്ട് മകനും മരുമകളും വിവാഹവാർഷികം കൊണ്ടാടുകയാണ്. തനിക്കു ഭക്ഷണം തരാതെ തന്നെ ഉപേക്ഷിച്ചതിൽ അച്ഛനു കടുത്ത വേദനയുണ്ട്. ഫ്ളാറ്റിനു താഴെ മൈതാനത്തിൽ കളിക്കുന്ന കുട്ടികൾ അയാൾക്ക് 'ബാൽക്കണി വൃദ്ധൻ' എന്നു പേരിടുന്നു. ക്രിക്കറ്റ് പന്ത് അയാളുടെ നെറ്റിയിൽ തട്ടുമ്പോൾ കുട്ടികൾ ചിരിക്കുകയാണ്. ബാൽക്കണിയിൽ നിന്നും താഴേക്കു ചാടുകയാണയാൾ. തലമുറകൾ തമ്മിലുള്ള ആശയവിനിമയത്തിലുള്ള വ്യത്യാസം കഥയിൽ സ്പഷ്ടമാണ്. സ്വയം ചോദ്യവും ഉത്തരവും നൽകുന്ന അയാൾക്ക് സംസാരിക്കാൻപോലും ഒരു കൂട്ടില്ല. ഈ ചോദ്യോത്തരങ്ങളിലൂടെയാണ് കഥ ആഖ്യാനം ചെയ്യപ്പെടുന്നത്. വൃദ്ധരിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യാപ്രവണതയ്ക്ക് അവരുടെ ഏകാന്തത വലിയൊരളവിൽ കാരണമാകുന്നുവെന്ന് ഒന്നാമദ്ധ്യായത്തിൽ പറയുന്നത് ഇവിടെ ചേർന്നുപോകുന്നു.

രണ്ടുഭാര്യമാരും മരിച്ചുപോയ ഏകാന്തവൃദ്ധന്റെ കഥയാണ് 'നീണ്ടുപോകുന്ന രേഖകൾ'. ആദ്യഭാര്യയായ അന്നയോളം രണ്ടാം ഭാര്യയായ ക്ലാരയെ താൻ സ്നേഹിച്ചിരുന്നില്ലെന്ന കുറ്റബോധം 'ക്രിസി'നുണ്ട്. ആദ്യഭാര്യ മരിച്ചപ്പോൾ ഒറ്റപ്പെട്ടു കഴിയാനുള്ള ശേഷി അയാൾക്കില്ലാതെ പോയത് സ്ത്രീയിൽ നിന്നും പുരുഷനുള്ള ശാരീരികവും മാനസികവുമായ വ്യത്യാസം പ്രകടമാക്കുന്നു. ഇതു തന്നെയാണ് *"സ്നേഹിക്കപ്പെടാനുള്ള ആഗ്രഹം, അല്ലെങ്കിൽ ദാഹം, സ്ത്രീകൾക്കു മാത്രമല്ല"* എന്ന കഥാവാക്യത്തിൽ നിന്നും വ്യക്തമാവുന്നതും (1987:92).

**5.2.1.1.3. യു.കെ. കുമാരന്റെ കഥകൾ:**

യു.കെ. കുമാരന്റെ നാലുകഥകളാണ് ഒറ്റപ്പെട്ട വൃദ്ധന്മാരുടേതായിട്ടുള്ളത്. അച്ഛൻ ഉറങ്ങുന്നില്ല, വീട് സംസാരിക്കുന്നു, ഒരു ദേശാടനത്തിന്റെ കഥ, ഇച്ഛ, എന്നീ കഥകൾ വിശകലനം ചെയ്യുന്നു. തന്റെ കഥകളെപ്പറ്റി യു.കെ. കുമാരൻ 'അച്ഛൻ ഉറങ്ങുന്നില്ല' എന്ന സമാഹാരത്തിന്റെ ആമുഖത്തിൽ ഇങ്ങനെ പറയുന്നു:

> *കഥകളിലൂടെ ഞാൻ ജീവിക്കുന്ന സമൂഹത്തിലെ അവസ്ഥാന്തരങ്ങളോട് വ്യക്തിപരമായി പ്രതികരിക്കാനാണ് ശ്രമിക്കുന്നത്. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നു കൊണ്ടുതന്നെ വളരെ നിഗൂഢമായ ഒരു ലോകം സൃഷ്ടിക്കാൻ ഞാൻ ആഗ്രഹിക്കുന്നു... കണ്ണീരിന്റെ സുതാര്യമായ ഒരു ലോകം സൃഷ്ടിച്ചു കരയിക്കാനോ, പാഴ്കിനാവു കാട്ടി ചിരിപ്പിക്കാനോ എനിക്ക് ഉദ്ദേശ്യമില്ല. മനസ്സിന്റെ മുറിപ്പാടുകളാണ് എനിക്കു കഥകൾ. ചിരിയും പോഴത്തവും അവിടെ വഴുതിപ്പോവുന്നു. ആർദ്രതയില്ലാത്ത കണ്ണുകളും, സ്നേഹം വരണ്ടുപോയ മനസ്സുകളും എന്നെ വേദനിപ്പിക്കുന്നു (1993:?).*[5]

സ്വാതന്ത്ര്യസമരസേനാനിയായ അച്ഛനെ ഒരിക്കലും മനസ്സിലാക്കാനാവാത്ത മകന്റെ ചിന്തകളിലൂടെയാണ് 'അച്ഛൻ ഉറങ്ങുന്നില്ല' എന്ന കഥ നീങ്ങുന്നത്. മറ്റുള്ളവരെപ്പറ്റി ആകുലപ്പെടുന്ന അച്ഛനെ മനസ്സിലാക്കാൻ കഴിയാത്ത അമ്മ മറ്റൊരാളോടൊപ്പം ഇറങ്ങിപ്പോയി. നാട്ടുകാരെ സംബന്ധിടച്ചിടത്തോളം അയാൾ കിറുക്കനാണ്. അച്ഛൻ ഓർത്തെടുക്കുന്ന ഭൂതകാലകഥകൾ വേദനയുടേതാണ്. അതു വേർതിരിച്ചെടുക്കാൻ കഴിയാത്ത മകൻ നാട്ടുകാരുടെ ദുരിതം കണ്ടവനോ അവർക്കുവേണ്ടി പ്രവർത്തിച്ചവനോ അല്ല. സ്വാതന്ത്ര്യസമരത്തിന്റെ തീക്ഷ്ണതയനുഭവിക്കാത്ത മകന് നാട്ടിലെ പ്രശ്നങ്ങളെപ്പറ്റിയുള്ള അച്ഛന്റെ പാരവശ്യം മനസ്സിലാവാത്തതിൽ അദ്ഭുതമില്ല. ചുറ്റും നടക്കുന്ന ജനകീയപ്രശ്നങ്ങൾ അച്ഛന്റെ ഉറക്കം കെടുത്തിയിരുന്നു. അവയിലാണ് അച്ഛൻ ജീവിക്കുന്നത്. തന്റെ ഒറ്റപ്പെട്ട ജീവിതത്തിലേക്ക് ആശുപത്രിയിൽ നിന്നിറങ്ങിപ്പോവുകയാണയാൾ.

കത്തുകളുടെ രൂപത്തിലാണ് 'വീട് സംസാരിക്കുന്നു' എന്ന കഥ ആരംഭിക്കുന്നത്. വിറ്റുപോയ ഗ്രാമവസതിയിലേക്കു മടങ്ങണമെന്ന ശക്തമായ തോന്നൽ ഡോക്ടർക്കുണ്ടാകുന്നത് ഭാര്യയുടെ മരണശേഷമാണ്. മക്കളും മരുമക്കളും കൂടെയുണ്ടായിട്ടും ഡോക്ടർക്ക് താൻ ഏകാകിയായി അനുഭവപ്പെടുന്നത് വേണ്ടത്ര സ്നേഹം കിട്ടാത്തതുകൊണ്ടാണെന്ന് നാട്ടുകാരനായ മൊയ്തീൻകുട്ടിക്കെഴുതുന്ന കത്തിൽ സൂചിപ്പിക്കുന്നുണ്ട്. വീടുവാങ്ങിയ മൊയ്തീൻകുട്ടിയുടെ മകൻ ജബ്ബാറിന് അതുവിൽക്കാൻ താല്പര്യമില്ല. ഡോക്ടർ അവിടെ താമസിക്കുന്നതിൽ വിരോധവുമില്ല. ഒന്നുകൂടി വീടും നാടും കാണാനെത്തിയ ഡോക്ടർക്ക് ഗ്രാമവും മനുഷ്യരും അപരിചിതമായതായി അനുഭവപ്പെടുന്നു. ജാതി-മതശക്തികളുടെ വളർച്ചയും ഗ്രാമത്തിന്റെ സമാധാനാന്തരീക്ഷം നഷ്ടപ്പെട്ടതും ഡോക്ടർ മനസ്സിലാക്കുന്നുണ്ട്. മനുഷ്യനും മനുഷ്യനും തമ്മിലകലാൻ ജാതിയും മതവും കാരണമായിത്തീരുന്ന വർത്തമാനസ്ഥിതിയിൽ നിന്നും എന്നന്നേ

യ്ക്കുമായി ഡോക്ടർ രക്ഷപ്പെടുകയാണ്.

'ഇച്ഛ' എന്ന കഥ ഒരു വൃദ്ധന്റെ ആത്മാലാപമാണ്. ആഗ്രഹങ്ങളൊന്നും സാധിക്കാതെ മരിച്ചുപോയ തന്റെ അച്ഛന്റെ പ്രതിരൂപം തന്നെയാണ് താനെന്നും അച്ഛനെപ്പോലെ താൻ ഒറ്റപ്പെട്ടവനാണെന്നും അയാൾ തിരിച്ചറിയുന്നുണ്ട്. അമ്മയിൽനിന്നോ ഭാര്യയിൽനിന്നോ മക്കളിൽനിന്നോ അനുകൂലമായ സമീപനം അയാൾ അനുഭവിച്ചിട്ടില്ല. തന്റെ ശവകുടീരത്തിൽ *"ജീവിതത്തിലൊരിക്കൽപ്പോലും" സ്വന്തം ഇച്ഛയനുസരിച്ച് ജീവിക്കാൻ കഴിയാതെപോയ ഒരാൾ"* (യു.കെ. കുമാരൻ, 1995:17). എന്ന് ഭാര്യയോ മക്കളോ എഴുതിവയ്ക്കില്ലെന്നയാൾക്കറിയാം. സ്വന്തം അസ്തിത്വം തന്നെ നഷ്ടമായിക്കഴിഞ്ഞ മനുഷ്യന്റെ വ്യഥയാണ് അയാളനുഭവിക്കുന്നത്.

**5.2.1.1.4. കൊച്ചുബാവയുടെ പടിവാതിൽ, കുഞ്ഞോനാച്ചൻ ഉറങ്ങുന്നു:**

വൃദ്ധനായ അച്ഛനെക്കൊണ്ട് രണ്ടാം വിവാഹം കഴിപ്പിക്കുന്ന മക്കൾ അതിലൊരു കുട്ടിയുണ്ടാകുന്നതിനെപ്പറ്റി ചിന്തിക്കാത്തതിന്റെ തുടർച്ചയാണ് കഥയിലെ പ്രധാന പ്രശ്നം. രണ്ടാനമ്മയുടെ ആദ്യഗർഭം അലസിപ്പിക്കാൻ കഴിഞ്ഞ മക്കൾക്ക് രണ്ടാമത്തേതും വിട്ടുകൊടുക്കാൻ അച്ഛൻ തയ്യാറാകുന്നില്ല. സ്വത്തുമോഹിക്കുന്ന മക്കൾക്ക് അതു വീതിച്ചുനൽകി അച്ഛൻ രണ്ടാനമ്മയോടൊപ്പം പടിയിറങ്ങുകയാണ്.

'കുഞ്ഞോനാച്ചൻ ഉറങ്ങുന്നു' എന്ന കഥയിൽ പാറപ്പുറത്തിന്റെ അരനാഴികനേരത്തിന്റെ ഓർമ്മ പുതുക്കലുണ്ട്. റിട്ടയറായ കുഞ്ഞോനാച്ചന് തന്റെ സ്വത്വപ്രതിസന്ധിയെ സായന്തന ഓട്ടത്തിലൂടെ മറികടക്കാനാകുന്നില്ല. തന്നേക്കാൾ പത്തുവയസ്സ് കുറവുള്ള ഭാര്യ അയാളിൽ അപകർഷബോധം വളർത്തുന്നുണ്ട്. ഭാര്യ അവൾക്ക് യോജിച്ച ഒരാളുടെ കൂടെ ഓടുന്നതായി സങ്കൽപ്പിക്കാൻ അയാൾക്കാകുന്നുണ്ട്. തൃപ്തിയും അതൃപ്തിയും സമ്മാനിച്ച ഭൂതകാലത്തിലൂടെയുള്ള സഞ്ചാരത്തിനൊടുവിൽ അയാൾ മരി

ക്കുന്നതോടെ എല്ലാ പ്രതിസന്ധിയും അവസാനിക്കുന്നു.

### 5.2.1.1.5. സാറാജോസഫിന്റെ കഥകൾ:

വൃദ്ധന്മാരുടെ ഒറ്റപ്പെടൽ ആവിഷ്കരിക്കുന്ന കഥകളാണ് സായാഹ്നം കാടക്കിളികൾ എന്നിവ. 'സായാഹ്നം' എന്ന കഥയിലെ വൃദ്ധൻ ഭാര്യയുടെ ഓർമ്മദിവസം പോലും താനുമായി ബന്ധം പുലർത്തിയിരുന്ന കാതറീനെപ്പറ്റിയും ആദ്യകാലപ്രണയത്തെപ്പറ്റിയും ചിന്തിക്കുന്നു. അയാൾക്കതിൽ കുറ്റബോധമുണ്ട്. ഭാര്യയുടെ മരണശേഷമുള്ള ഏകാന്തതയെപ്പറ്റി അയാൾ ബോധവാനാണ്. മനസ്സിനെ ബലമായി പിടിച്ചെടുത്ത് ഭാര്യമേട്ടിയിൽ കേന്ദ്രീകരിക്കാൻ അയാൾ ശക്തമായ ശ്രമം നടത്തുന്നുണ്ട്. മരിച്ചുപോയ ഒമ്പതു മക്കളോടും ഭാര്യയോടും അയാൾക്കസൂയ തോന്നുന്നു. അനുജന്റെ മകൾ അന്ന കൽക്കത്തക്ക് തിരിച്ചുപോകുന്നതോടെ അയാൾ വീണ്ടും ഒറ്റപ്പെടും.

'കാടക്കിളികൾ' എന്ന കഥയിലെ വൃദ്ധൻ സ്വന്തം സുഖം നോക്കി മാത്രം ജീവിച്ചവനാണ്. അയാളുടെ കൊള്ളരുതായ്മയെ ഭാര്യ സാറ ചോദ്യം ചെയ്തപ്പോൾ കുടുംബത്തെ ഉപേക്ഷിച്ചുപോന്ന അയാൾക്ക് അവരുടെ മരണവാർത്ത ആഘാതമാകുന്നു. ഭൂതകാലം ഓർമ്മയിൽ തെളിയുന്നു. പള്ളിയിൽ പോകാത്ത അയാൾ അതും ചെയ്യുന്നു. തനിക്കെന്തുപറ്റിയെന്ന് അയാൾക്ക് മനസ്സിലാകുന്നില്ല. ദുഃഖം പങ്കുവയ്ക്കാൻ പോലും ആരുമില്ലാത്തതിൽ അയാൾ ദുഃഖിതനാണ്. അയഥാർത്ഥമായൊരു നഷ്ടബോധമാണ് തന്നെ ഞെരിക്കാൻ തുടങ്ങുന്നതെന്നോർത്ത് അയാൾ സ്വയം ദേഷ്യപ്പെടുന്നുണ്ട്. മനസ്സിന്റെ അബോധതലത്തിൽ മറഞ്ഞുകിടക്കുന്ന കുറ്റബോധമാണ് ഇവിടെ ഉണർന്നു പ്രവർത്തിക്കുന്നത്.

### 5.2.1.1.6. ചന്ദ്രമതിയുടെ ചിത്രകാരിയുടെ അച്ഛൻ:

സ്വന്തം മകളുടെ ആത്മഹത്യയെപ്പറ്റി പുറത്തു പറയാനാകാത്ത ഒരു അച്ഛനാണ്

ഈ കഥയിലുള്ളത്. വൃദ്ധന് ഓർമ്മയില്ലെന്ന് വരുത്താനുള്ള മരുമകന്റെ ബോധപൂർവ്വമായ ശ്രമം. ഓർമ്മകൾ നഷ്ടപ്പെടണമെന്ന് ആഗ്രഹിക്കുന്ന വൃദ്ധൻ. എത്ര മറച്ചുവെച്ചിട്ടും അപർണ്ണയുടെ അവസാന ചിത്രം ഞരമ്പുകൾ കുത്തിക്കീറി വരച്ച ചുവപ്പുചിത്രമാണെന്നു അയാളിൽ നിന്നും പുറത്തുവരുമ്പോഴാണ് അവൾ ആത്മഹത്യ ചെയ്തതാണെന്ന് വ്യക്തമാകുന്നത്. ഓർമ്മകൾ നഷ്ടപ്പെടാൻ അച്ഛൻ ആഗ്രഹിക്കുന്നത് അതുകൊണ്ടാണ്.

**5.2.1.1.7. അഷിതയുടെ നിലാവിന്റെ നാട്ടിൽ:**

*"മനോരോഗാശുപത്രിയിലെ വാച്ചറായി അയാൾ പെൻഷൻ പറ്റുന്ന ദിവസമായിരുന്നു അന്ന്. പക്ഷേ, ഒരു പുരുഷൻ തന്റെ ഉള്ളിൽ ഒറ്റപ്പെടുന്ന ഒരേയൊരു ദിവസം"* എന്നാണ് കഥ ആരംഭിക്കുന്നത് (അഷിത, 2002:51). വീട്ടിലെ പ്രാരാബ്ദങ്ങളെപ്പറ്റിയുള്ള ചിന്ത അയാളുടെ ഏകാന്തത വർദ്ധിപ്പിക്കുന്നു. വീട്ടിൽ പോകാതെ ഒരു സെല്ലിൽ കയറി സ്വയം പൂട്ടുകയാണയാൾ.

**5.2.1.2. ഒറ്റപ്പെടുന്ന വൃദ്ധകളുടെ കഥകൾ:**

സി.വി. ശ്രീരാമന്റെ ദുഃഖിതരുടെ ദുഃഖം, കൗസല്യ മൂത്തമ്മ, നന്തുണി, സി.വി. ബാലകൃഷ്ണന്റെ പാർവ്വതിയമ്മയും പോയി. ഭവഭയം, ആദിമധ്യാന്തങ്ങൾ, പെറ്റവയറ്, യു.കെ. കുമാരന്റെ ദുരൂഹമായ സമവാക്യങ്ങൾ, അമ്മയുടെ കരൾ, ചെകുത്താൻ, ഓരോ വിളിയും കാത്ത്, കൊച്ചുബാവയുടെ വൃദ്ധമാതാവ്, സാറാ ജോസഫിന്റെ ഒരു മണിക്കൂർ, ഛായാപടം, എഴുതി മായ്ക്കുന്നു ലോകവും, ചന്ദ്രമതിയുടെ വരും; വരാതിരിക്കില്ല, അന്തിക്കൂട്ട്, റിട്രീറ്റ്, അഷിതയുടെ തഥാഗത, ഇലക്, ഗീതാഹിരണ്യന്റെ വാനപ്രസ്ഥം, കെ.ആർ. മീരയുടെ ഓർമ്മയുടെ ഞരമ്പ് എന്നീ കഥകാണ് വൃദ്ധകളു

ടേതായി പരിഗണിക്കുന്നത്. കുടുംബത്തിലും സമൂഹത്തിലും വൃദ്ധകൾ അനുഭവിക്കുന്ന ഒറ്റപ്പെടൽ കണ്ടെത്താനുള്ള ശ്രമമാണ് ഈ ഭാഗത്ത് നടത്തുന്നത്. സി.വി. ശ്രീരാമന്റെ ദുഃഖിതരുടെ ദുഃഖം, കൗസല്യ മൂത്തമ്മ, നന്തുണി, സി.വി. ബാലകൃഷ്ണന്റെ പാർവ്വതിയമ്മയും പോയി, ഭവഭയം, ആദിമദ്ധ്യാന്തങ്ങൾ, പെറ്റ വയറ്, യു.കെ. കുമാരന്റെ ദുരൂഹമായ സമവാക്യങ്ങൾ, അമ്മയുടെ കരൾ, ചെകുത്താൻ, ഓരോ വിളിയും കാത്ത്, കൊച്ചുബാവയുടെ വൃദ്ധമാതാവ്, സാറാജോസഫിന്റെ ഒരു മണിക്കൂർ, ഛായാപടം, എഴുതി മായ്ക്കുന്നു ലോകവും, അഷിതയുടെ ഇലകൾ, ഗീതാഹിരണ്യന്റെ വാനപ്രസ്ഥം, കെ.ആർ. മീരയുടെ ഓർമ്മയുടെ ഞരമ്പ് എന്നിവയിൽ  ഒറ്റപ്പെടൽ കാണാം.

**5.2.1.2.1. സി.വി. ശ്രീരാമന്റെ കഥകൾ:**

ദുഃഖിതരുടെ ദുഃഖം, കൗസല്യ മൂത്തമ്മ, നന്തുണി എന്നീ കഥകൾ പരിഗണിക്കുന്നു. ദാരിദ്ര്യം നിറഞ്ഞ കാലത്തുനിന്നും സമൃദ്ധിയുടെ കാലത്തേക്കുള്ള വളർച്ച വൃദ്ധയായ ചിറകാളിയെ ബാധിക്കുന്നില്ല. അതുതിരിച്ചറിയാൻ പുതിയ തലമുറയ്ക്ക് കഴിയുന്നുമില്ല. ചിറകാളി അനുഭവിക്കുന്ന ഏകാന്തതയാണ് 'ദുഃഖിതരുടെ ദുഃഖ'മെന്ന കഥയിൽ കാണുന്നത്. ദാരിദ്ര്യം കൊണ്ട് തേങ്ങ മോഷ്ടിച്ച മകനെ നാട്ടുകാർ തല്ലിക്കൊന്നത് അവരുടെ ഓർമ്മയിലുണ്ട്. ഓലപ്പുര ഓട്ടുപുരയാകുന്നതും പിന്നെ ടെറസ്സ് ആകുന്നതും സാമ്പത്തിക അഭിവൃദ്ധിയുടെയും സാമൂഹിക പരിണാമങ്ങളുടെയും പ്രതീകമാണ്. അപരിഷ്കൃതയായ ചിറകാളിയെ എല്ലാവരും അകറ്റി നിർത്തിയിരിക്കുന്നു. കുട്ടികൾക്ക് മുത്തശ്ശിയെ വേണ്ട. അയൽവീടുകളിൽ പൊയ്ക്കൂടാ. എങ്ങും വിലക്കുകളാണ്. മഴ കണ്ടും ഒറ്റയ്ക്ക് വർത്തമാനം പറഞ്ഞും ചിരിച്ചും തന്റെ ഏകാന്തതയെ ധന്യമാക്കുകയാണ് അവർ.

ഏകാകിനിയായി കഴിയുന്ന കൗസല്യ മൂത്തമ്മ തന്റെ വീട്ടുകാരോടുള്ള പ്രതികാര

ത്തിനായി ജീവിതം മാറ്റിവെച്ചവരാണ്. തന്റെ കാമുകനെ കൊന്ന് ചകിരിച്ചേറിൽ പൂഴ്ത്തിയ വീട്ടുകാരെ നശിപ്പിക്കാൻ കൗസല്യക്കാകുന്നു. ഒരു സയാമീസ് പൂച്ചയിലൊതുങ്ങുന്ന ജീവിതമാണ് അവരുടേത്. സ്വത്തുപോലും അതിന് എഴുതിവെയ്ക്കത്തക്ക ആത്മബന്ധം. എന്നിട്ടും ഒരു നാടൻ പൂച്ചയുമായുള്ള അതിന്റെ വേഴ്ച അവർക്ക് സഹിക്കാനാകുന്നില്ല. പൂച്ചകളെ കൊല്ലുമ്പോൾ ചരിത്രം ആവർത്തിക്കുകയാണ്. അത് കൗസല്യ മൂത്തമ്മയുടെ തന്നെ ചരിത്രമായി മാറുന്നു. തന്റേടിയായ ഒരു സ്ത്രീയായിട്ടാണ് അവരെ അവതരിപ്പിക്കുന്നത്. പാശ്ചാത്യ സംസ്കാരത്തിൽ അഭിരമിക്കുന്ന, മരച്ചെരിപ്പിട്ടു നടക്കുന്ന, പിയാനോയിൽ ഇംഗ്ലീഷ് പാട്ടു പാടുന്ന അവർ മെഡിസിനും പഠിച്ചിരുന്നു. അസാമാന്യ സ്വഭാവത്തിന് ഉടമയായാണ് കൗസല്യ മൂത്തമ്മ പ്രത്യക്ഷപ്പെടുന്നത്.

'നന്തുണി' എന്ന കഥയിൽ ഒറ്റയ്ക്ക് കഴിയുന്ന അമ്മയെ നാട്ടിൽ നിന്നും കൊണ്ടുപോകാനുള്ള ശ്രമത്തിലാണ് മകൻ. താൻ ഒറ്റയ്ക്കാണെന്ന് അമ്മ സമ്മതിക്കുന്നില്ല. മരിച്ചുപോയ ഭർത്താവിന്റെ സാമീപ്യം അവരെപ്പോഴും അനുഭവിക്കുന്നു എന്നു പറയുമ്പോൾ പൊട്ടിച്ചിരിക്കുന്ന മരുമകൾ. അമ്മയുടെ കണ്ണുകളുടെ രൂക്ഷത നേരിടാനാവാതെ നിൽക്കുന്ന മകൻ. അമ്മ മകന്റെ കൂടെ പോകാനിടയില്ല എന്നതിന് ശക്തമായ പിന്തുണയുമായി നന്തുണിപ്പാട്ടുകാരന്റെ അനുഭവം കടന്നുവരുന്നു.

**5.2.1.2.2. സി.വി. ബാലകൃഷ്ണന്റെ കഥകൾ:**

പാർവ്വതിയമ്മയും പോയി, ഭവഭയം, ആദിമദ്ധ്യാന്തങ്ങൾ, പെറ്റ വയറ് എന്നീ കഥകൾ പരിഗണിക്കുന്നു. വൃദ്ധസദനത്തിലെ അന്തേവാസിയായ പാർവ്വതിയമ്മയുടെ മരണരംഗം ഹൃദയംഗമമായി ചിത്രീകരിക്കുന്ന കഥയാണ് 'പാർവ്വതിയമ്മയും പോയി തന്നെ വിട്ടുപോയ മകൻ, പരിഷ്കാരിയായ മകൾ, അവളുടെ മുലകുടിക്കാൻ യോഗമില്ലാതെ

പോയ ഇരട്ടക്കുട്ടികൾ, സദനത്തിനപ്പുറത്തെ വീട്ടിലെ ഗർഭിണിയും സ്നേഹവതിയുമായ പെൺകുട്ടി എന്നിവരെല്ലാം അവരുടെ മനസ്സിലൂടെ ഒരു ചലച്ചിത്രത്തിലെന്നപോലെ കടന്നുപോകുന്നത് മരണത്തിന്റെ സാമീപ്യം അറിയിക്കുന്നു. ഒറ്റപ്പെട്ടതിന്റെ വേദന അവരനുഭവിക്കുന്നത് ഈ ദൃശ്യങ്ങളിലൂടെ സ്പഷ്ടമാകുന്നു.

ഒരു പരിചയക്കാരന്റെ സാധാരണചോദ്യത്തിൽനിന്നുമാണ് തന്റെ പ്രായത്തെപ്പറ്റി അമ്മാറമ്മ ബോധവതിയാകുന്നത്. കൂടുതൽകാലം ജീവിച്ചതായി അവർക്ക് തോന്നുന്നു. നൂറു വയസ്സാവാറായതിനാൽ നിരാഹാരമിരുന്നു മരിക്കാൻ തീരുമാനിച്ച അവരെ പിന്തിരിപ്പിക്കാൻ വീട്ടുകാർക്ക് കഴിയുന്നില്ല. പ്രായത്തെപ്പറ്റിയുള്ള പരാമർശം ജീവത്യാഗത്തിലേയ്ക്കു നയിക്കാൻ തക്കവണ്ണം സ്വാധീനമുള്ളതായിത്തീരുന്നു. അതുവരെയും ഉന്മേഷവതിയായിരുന്ന അവരെ നിഷ്ക്രിയയാക്കാനാണ് നിർദ്ദോഷമായ ഒരു ചോദ്യം ഉതകിയത്. 'ഭവഭയ'ത്തിൽ ഇത്തരമൊരു പ്രശ്നമാണ് കടന്നുവരുന്നത്. വാർദ്ധക്യത്തിൽ അമ്മാറമ്മയെ മരണഭയം അലട്ടുന്നില്ല എന്നത് ശ്രദ്ധേയമാണ്. അവർ മരണത്തെ സ്വീകരിക്കാൻ സന്നദ്ധയാകുകയാണ്. അതുകൊണ്ടു തന്നെ ഈ കഥാപാത്രം പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്.

'ആദിമദ്ധ്യാന്തങ്ങൾ' എന്ന കഥ ഒരു രാത്രിയിലെ ചില മണിക്കൂറുകൾക്കുള്ളിൽ നടക്കുന്നതാണ്. മഴക്കാലരാത്രിയിൽ അച്ഛൻ പെട്ടെന്ന് മരിച്ചപ്പോൾ അമ്മ മാത്രമേ നടുങ്ങുന്നുള്ളൂ. ഇണ പെട്ടെന്നു നഷ്ടപ്പെടുമ്പോഴുണ്ടാകുന്ന നിസ്സഹായത അമ്മയെ ബാധിക്കുന്നു. ഉറക്കം മുറിഞ്ഞ മക്കളും മരുമക്കളും അച്ഛന്റെ മരണം പുലർച്ചെയാണെന്ന് പുറത്തറിയിച്ചാൽമതി എന്ന തീരുമാനമെടുക്കുന്നുണ്ട്. അമ്മയും അച്ഛനും തമ്മിലുള്ള ബന്ധത്തെപ്പറ്റി അവർ ചിന്തിക്കുന്നേയില്ല *"സദാവലിവും ശ്വാസതടസ്സവും ചുമയും ഞരക്കവും"* ആയി അവരുടെ ജീവിതത്തിലുണ്ടായിരുന്ന സാന്നിദ്ധ്യം പെട്ടെന്ന് ഇല്ലാതായപ്പോഴുള്ള ദുഃഖം അനുഭവവേദ്യമായിട്ടുണ്ട് (സി.വി. ബാലകൃഷ്ണൻ, 1991:61).

'പെറ്റ വയറ്' എന്ന കഥയിലെ കുൽദുമ്മ മക്കളുടെയും മരുമക്കളുടെയും പേരക്കുട്ടികളുടെയും ഇടയിൽ അല്ലലില്ലാതെ കഴിയുന്നു. എന്നിട്ടും അവർ ഏകയാണ്. ഉപ്പയോടു പിണങ്ങി നാടുവിട്ട മകനാണ് അവരുടെ മനസ്സിൽ ഏകാന്തത നിറയ്ക്കുന്നത്. ഉമ്മയുടെ മനസ്സിലെ തടിച്ചുകൊഴുത്ത മകനല്ല മടങ്ങി വരുന്നത്. കറുത്തുണങ്ങിയ പേക്കോലം മകനാണെന്നറിയുമ്പോൾ ഉമ്മയുടെ അശാന്തമായ കാത്തിരിപ്പിന് ശമനമാകുന്നു.

**5.2.1.2.3. യു.കെ. കുമാരന്റെ കഥകൾ:**

ദുരൂഹമായ സമവാക്യങ്ങൾ, അമ്മയുടെ കരൾ, ചെകുത്താൻ, ഓരോ വിളിയും കാത്ത് എന്നീ കഥകളാണ് പരിഗണിക്കുന്നത്. തന്റെയും ഭർത്താവിന്റെയും മോഹങ്ങളുടെ ആവിഷ്കാരമായ നാൽപതു കൊല്ലം പഴക്കമുള്ള വീടുപൊളിച്ച് ടെറസ്സ് പണിയാൻ പോകുന്ന ഇളയമകനെ അംഗീകരിക്കാൻ അമ്മയ്ക്ക് കഴിയുന്നില്ല. അച്ഛൻ മരിച്ചിട്ടും ആ സാമീപ്യം നിരന്തരം അനുഭവിക്കുന്ന അമ്മ ആ പരിസരം വിട്ട് നഗരത്തിൽ താമസമാക്കിയ മൂത്തമകന്റെ കൂടെപ്പോകാൻ തീരുമാനിക്കുകയാണ്. പഴയവീട് അച്ഛന്റെ ഓർമ്മയാണ്. നഗരത്തിലേയ്ക്ക് ഈ ഓർമ്മകൂടി കൊണ്ടുപോകാൻ നിശ്ചയിക്കുന്ന അമ്മ അതിലൂടെ തന്നെത്തന്നെ നിലനിർത്തുകയാണ്.

'അമ്മയുടെ കരൾ' ഗുണപാഠകഥയുടെ മട്ടിലാണ് നിബന്ധിച്ചിരിക്കുന്നത്. മരുമകൾക്കുവേണ്ടത് തന്റെ കരൾ ആണെങ്കിൽക്കൂടി മകൻ വന്നുചോദിച്ചാൽ അമ്മ പറിച്ചുകൊടുക്കും. മകനോടുള്ള അമ്മയുടെ സ്നേഹം എന്ന എന്നത്തേയും സന്ദേശം തന്നെയാണ് ഈ കഥയിലുള്ളത്. അമ്മയെ ഒറ്റയ്ക്കാക്കി ഭാര്യയുടെ സുഖത്തിനുവേണ്ടി വേറെ പോകുമ്പോൾ അമ്മ മകനെ വിലക്കുന്നില്ല. മാതാവിന്റെ വിശാലമായ സ്നേഹം 'അമ്മയുടെ കരൾ' എന്ന കഥയിലൂടെ പുറത്തുവരുന്നു.

പരസ്പരം താങ്ങായ അമ്മയ്ക്കും മകനും ഇടയിലേയ്ക്ക് മരുമകൾ കടന്നുവരുന്നതോടെ അമ്മയ്ക്ക് സ്വച്ഛമായ ഉറക്കം നഷ്ടപ്പെടുകയും ഉറക്കത്തിലേയ്ക്ക് ഒരു ചെകുത്താൻ കടന്നുവരുകയും ചെയ്യുന്നു. ഇതാണ് 'ചെകുത്താൻ എന്ന കഥയിലെ പ്രമേയം. തന്നെ ഉപേക്ഷിച്ചുപോയ ഭർത്താവിന്റെ ഓർമ്മകളും അമ്മയുടെ ഉറക്കം കെടുത്തുന്നുണ്ട്. തന്റെയും ഭാര്യയുടെയും ഇടയിൽ അമ്മയെ കിടത്തി പ്രശ്നം പരിഹരിക്കാൻ തീരുമാനിക്കുകയാണ് യുവാവ്. അറിയാത്ത കാരണം കൊണ്ട് ഭർത്താവ് ചെറുപ്പത്തിലേ ഉപേക്ഷിച്ചുപോയ അമ്മയ്ക്ക് മകനും മകന് അമ്മയുമായി കാലങ്ങളോളം കഴിഞ്ഞതിനുശേഷം പെട്ടെന്നൊരു നാൾ കടന്നുവരുന്ന പെൺകുട്ടി തന്റെ സ്ഥാനം കയ്യടക്കുന്നത് അമ്മയ്ക്ക് അസഹ്യമായിത്തീരുന്നു. സൗമ്യപ്രകൃതിയും അതിഥിപ്രിയയുമായ അവർ പെട്ടെന്നുതന്നെ വിപരീതസ്വഭാവം കാണിക്കുന്നുണ്ട്. എത്രയൊക്കെ ശ്രമിച്ചിട്ടും അടിച്ചമർത്തിയ വികാരവിചാരങ്ങൾ ചെകുത്താന്റെ രൂപത്തിൽ അവരെ പേടിപ്പിക്കുന്നു. മകന്റെ കുട്ടിക്കാലം അവനുമായി പങ്കുവയ്ക്കുന്ന അമ്മയ്ക്ക് അവൻ പങ്കുവയ്ക്കപ്പെടുന്നത് സഹിക്കാനാകുന്നില്ല. സിഗ്മണ്ട് ഫ്രോയ്ഡിന്റെ 'സ്വപ്നങ്ങളുടെ അപഗ്രഥനം' (The Interpretation of Dreams) എന്ന ഗ്രന്ഥത്തിൽ അദ്ദേഹം സ്വപ്നങ്ങളെ മനഃശാസ്ത്രപരമായി വ്യാഖ്യാനിക്കുന്നുണ്ട്. ഉറക്കത്തിൽ അബോധമനസ്സിലെ അടിച്ചമർത്തപ്പെട്ട വികാരങ്ങൾ പുറത്തുവരുമെന്ന് ഫ്രോയ്ഡ് വാദിച്ചു. സാധാരണയായി സ്വപ്നങ്ങളുടെ യഥാർത്ഥ അർത്ഥം ലൈംഗികതയുമായി ബന്ധപ്പെട്ടതാണെന്ന് അദ്ദേഹം വിശ്വസിച്ചു (www.simplypsychology.org/psyche.html).[6] ഈ ലൈംഗിക പ്രതിരൂപാത്മകവാദം (theory of sexual symbolism) 'ചെകുത്താൻ' എന്ന കഥയിൽ പ്രകടമാണ്.

'ഓരോ വിളിയും കാത്ത്' എന്ന കഥയിലെ വൃദ്ധ ജീവിച്ചിരിക്കുന്ന കാലത്തെല്ലാം ഭർത്താവിന്റെ വിളികൾ കേട്ടു. അയാൾ മരിച്ചിട്ടും അവർ വിളികൾ കേട്ടുകൊണ്ടേ ഇരിക്കുകയാണ്. ഈ ശൂന്യത നികത്താൻവേണ്ടി അമ്മയെ നഗരത്തിലേയ്ക്ക് കൊണ്ടു

പോകാനുള്ള മകന്റെ ശ്രമം പരാജയപ്പെടുകയാണ്. നഗരത്തിലേയ്ക്ക് ആദ്യം പോകാൻ തീരുമാനിച്ച അമ്മ പിന്നെ തീരുമാനം മാറ്റുകയാണ്. ആകാശത്ത് ചന്ദ്രനെ കാണാത്ത, കുമന്റെ മൂളലുകൾ കേൾക്കാത്ത നഗരജീവിതത്തെ അവർ വെറുക്കുകയാണ്. പാടവും പറമ്പുമായി കഴിയാൻ അമ്മ തീരുമാനിക്കുന്നു. 'ദുരൂഹമായ സമവാക്യ'ങ്ങളിലെ അമ്മ നഗരത്തിലേയ്ക്ക് പോകാൻ തയ്യാറാവുന്നത് ഭർത്താവിന്റെ സാന്നിദ്ധ്യമുള്ള വീട് നഷ്ടപ്പെടുന്നതു കൊണ്ടാണ്. ഇവിടത്തെ അമ്മ ഫ്ളാറ്റുജീവിതം ഇഷ്ടപ്പെടുന്നില്ല. രണ്ടു കഥകളിലും രണ്ടു അന്തരീക്ഷമാണ്.

**5.2.1.2.4. കൊച്ചുബാവയുടെ 'വൃദ്ധമാതാവ്':**

അമ്മയായ തന്നെ ഭക്ഷണം തരാതെ പൂട്ടിയിട്ട് മകളുടെ വിവാഹനിശ്ചയം നടത്തുന്ന മകനെ ദൈവം ശിക്ഷിക്കുമെന്ന് വൃദ്ധമാതാവ് വിശ്വസിക്കുന്നു. പട്ടിണിയിടുന്നതിലോ പൂട്ടിയിടുന്നതിലോ അമ്മയ്ക്കു പരാതിയില്ല. വയസ്സായാൽ അങ്ങനെയൊക്കെ വേണം എന്ന പഴഞ്ചൻ വിശ്വാസക്കാരിയാണ് അവർ. ദൈവത്തിന്റെ അദ്ഭുതപ്രവൃത്തികൾ ദുഷ്ടനായ മകനിൽ മാനസാന്തരം ഉണ്ടാക്കുമെന്ന് അമ്മ കരുതുന്നു. എന്നാൽ അമ്മയ്ക്കും മകനും പേരക്കുട്ടിക്കും വെവ്വേറെ നീതി ചെയ്യാൻ 'ദൈവം നീതിമാനാണ്' തുടങ്ങിയ ആപ്തവാക്യങ്ങൾ അനുവദിക്കുന്നില്ല എന്ന് ഓർമ്മിപ്പിക്കുന്ന ദൈവം. അദ്ദേഹം പോലും ഇവിടെ നിസ്സഹായനാകുന്നു. മനുഷ്യനെ അവന്റെ വിധിക്കു വിട്ടു കൊടുക്കാനേ ഉത്തരാധുനികനായ ദൈവത്തിനു കഴിയുന്നുള്ളൂ. സാധാരണഗതിയിൽ അമ്മമാർക്ക് മക്കളെത്ര ക്രൂരരാണെങ്കിലും അവരെ തള്ളിക്കളയാൻ ആകില്ല. യു.കെ. കുമാരന്റെ 'അമ്മയുടെ കരൾ' എന്ന കഥയിലെ അമ്മയുടെ മനോഭാവവും വൃദ്ധമാതാവിനെപ്പോലെയാണെന്നു കാണാം.

**5.2.1.2.5. സാറാജോസഫിന്റെ കഥകൾ:**

ഒരു മണിക്കൂർ, ഛായാപടം, എഴുതിമായ്ക്കുന്നു ലോകവും എന്നിവയാണ് പരിശോധിക്കുന്നത്. *'സ്ത്രീകളോടു കാട്ടുന്ന അനീതികളോടും അക്രമങ്ങളോടുമുള്ള കലാപരമായ സമരപ്രഖ്യാപനങ്ങളാണ് സാറാജോസഫിന്റെ കഥകൾ'* എന്ന് എം.എം. ബഷീർ പറയുന്നത് ശരിവെയ്ക്കുന്നവയാണ് ഈ കഥകൾ (2008:483). കുടുംബത്തിനകത്ത് സ്ത്രീകൾ അനുഭവിക്കുന്ന സംഘർഷങ്ങൾ അവരുടെ കഥകളിലുണ്ട്. 'ഒരു മണിക്കൂർ' എന്ന കഥയിലെ പോളി വലിയമ്മയ്ക്ക് ആത്മസംഘർഷം അനുഭവിക്കേണ്ടിവരുന്നത് ഉത്തരവാദിത്ത്വമില്ലാത്ത മകനും പേരക്കുട്ടിയും കാരണമാണ്. രാത്രി വൈകിയിട്ടും വീട്ടിലെത്താത്ത പേരക്കുട്ടിയെത്തേടി ഒരു മണിക്കൂർ നേരം അവരുടെ മനസ്സും ശരീരവും സഞ്ചരിച്ച വഴികൾ ചെറുതല്ല. അതിന്റെ ഗൗരവം അവനു മനസ്സിലാകുന്നില്ല. അവന്റെ അപ്പൻ ഭാര്യ മരിച്ചശേഷം കൂടി തുടങ്ങിയതാണ്. വയസ്സായ അമ്മയെപ്പറ്റിയോ മകനെപ്പറ്റിയോ അയാൾക്ക് യാതൊരു ചിന്തയുമില്ല. ഈ സ്ഥിതിയിൽ ഒറ്റപ്പെട്ട വൃദ്ധയാണവർ.

എൺപത്തിനാലാം പിറന്നാൾദിനം വീണുകിടപ്പിലായ ഒരു വൃദ്ധയുടെ അതൃപ്തമായ ജീവിതം വിലയിരുത്തുന്ന കഥയാണ് 'ഛായാപടം'. അവർ ചിത്രരചന പഠിക്കുന്ന ചിത്രന്റെ അമ്മമ്മയാണ്. വലിയ തറവാട്ടിലെ നിറഞ്ഞ കുടുംബിനിയാണ്. അസംതൃപ്തമായ ദാമ്പത്യം നയിച്ചവളാണ്. അമ്മമ്മയുടെ കഥാകഥനത്തിൽനിന്നും വേദന നിറഞ്ഞ, ഒറ്റപ്പെട്ട, അശരണയായ, നിസ്സഹായയായ ഒരാളുടെ അനുഭവങ്ങളാണ് ചിത്രൻ വേർതിരിച്ചെടുക്കുന്നത്. നിറഞ്ഞ കുടുംബം വാണവൾ എന്ന പദവി ഭംഗിവാക്ക് മാത്രമായിത്തീരുന്നു. ഭാര്യയെന്നാൽ തിന്നാനും ഉടുക്കാനും തരുന്നതിന് കൂടെക്കിടക്കാനുള്ള ഒന്ന് എന്ന രീതിയിൽ കണ്ടിരുന്ന പുരുഷാധിപത്യത്തോട് അവർക്ക് എതിർപ്പുണ്ട്. ഭർത്താവിന്റെ തറവാട്ടിലെ അവിഹിതഗർഭങ്ങളും അവിഹിത ബന്ധങ്ങളും

അതിനെത്തുടർന്നുള്ള കൊലപാതകങ്ങളും അവരുടെ മനോഹരമായ സ്വപ്നലോകത്തെ മായ്ച്ചുകളയുന്നുണ്ട്. ജീവിതാനുഭവങ്ങൾ വാർദ്ധക്യത്തെ ഭയങ്കരമാക്കുന്നതായി പ്രത്യക്ഷീകരിക്കാൻ വാമൊഴിയാണ് ഈ കഥയിൽ ഉപയോഗപ്പെടുത്തുന്നത്.

ഒരു കവയിത്രിയുടെ ദാരുണമായ വാർദ്ധക്യാവസ്ഥയാണ് 'എഴുതിമായ്ക്കുന്നു ലോകവും' എന്ന കഥയിൽ കാണുന്നത്. പ്രശസ്ത കവയിത്രി കല്യാണിയമ്മ വെറും മലമൂത്രങ്ങളാണെന്നു അവരെ ശുശ്രൂഷിക്കുന്ന കാർത്ത്യായനിക്ക് അനുഭവപ്പെടുന്നു. അവർക്ക് കല്യാണിയമ്മ 'തള്ള' മാത്രമാണ്. തള്ള പണ്ട് ചൊല്ലിയിരുന്ന കവിതകളെപ്പറ്റിയും അവരെ കാണാൻ വന്നിരുന്നവരെപ്പറ്റിയും കാർത്ത്യായനി ഓർക്കുന്നുണ്ട്. കല്യാണിയമ്മ ചൊല്ലിക്കൊടുക്കുന്ന കവിതകൾ അക്ഷരത്തെറ്റോടുകൂടി സ്ലേറ്റിൽ എഴുതി തുപ്പൽ കൊണ്ടു മായ്ക്കുന്ന കാർത്ത്യായനിയെ കാണുമ്പോൾ തന്റെ കവിതകളുടെ ദുര്യോഗം അവരോർത്തു. ലോകത്തിലെ ഏറ്റവും വലിയ ദുഃഖം വലതുകൈ പൊക്കാൻ പറ്റാത്തതാണെന്ന് കല്യാണിയമ്മ തിരിച്ചറിയുന്നത് ഇത്തരം സന്ദർഭങ്ങളിലാണ്. മഴയുള്ള ഒരുദിവസം അവരെ ആദരിക്കാൻ വരുന്നവർ മഴയത്തിരുത്തി പോകുന്നുണ്ട്. അവരുടെ ഏറ്റവും വലിയ മാസ്റ്റർപീസ് ഈ മഴയത്തുനിന്നാവും എന്നു സങ്കല്പിക്കാനേ അക്കൂട്ടർക്ക് കഴിയുന്നുള്ളൂ. കല്യാണിയമ്മ മരിക്കുന്നതിനു മുമ്പ് ഒരു ഇന്റർവ്യൂവും ഒരുമിച്ചൊരു ഫോട്ടോയും സംഘടിപ്പിക്കുന്ന സംഘത്തിന്റെ ഉദ്ദേശ്യം പ്രസക്തമാണ്. അവരെ ആരും ആദരിക്കാത്തതു കൊണ്ട് ആ ചടങ്ങ് നടത്താനാണ് അവർ വരുന്നത്. വീട്ടമ്മയായാലും എഴുത്തുകാരിയായാലും അവൾക്ക് സമൂഹം അതിർത്തി കൽപ്പിച്ചിരിക്കുന്നത് ഈ കഥകളിലുണ്ട്.

**5.2.1.2.6. അഷിതയുടെ ഇലകൾ:**

വീട്ടിലെ വേലക്കാരിയാണെന്നുപറഞ്ഞ് മകൾതന്നെ വൃദ്ധസദനത്തിൽ ഉപേക്ഷി

ക്കുന്ന അമ്മയാണ് ഈ കഥയിലെ കഥാപാത്രം. വൃദ്ധകൊഴിഞ്ഞ ഇല മാത്രമാണെന്ന് സദനം സൂക്ഷിപ്പുകാരന് അനുഭവപ്പെടുന്നു.

**5.2.1.2.7. ഗീതാഹിരണ്യന്റെ 'വാനപ്രസ്ഥം':**

ഭർത്താവ് മരിച്ച വൃദ്ധയുടെ സമ്പത്ത് മാത്രം ലക്ഷ്യമാക്കി അടുത്തു കൂടുന്ന ബന്ധുക്കളാണ് ഈ കഥയിലുള്ളത്. ചെറിയ കുട്ടിയെ ഉപയോഗിച്ച് വിലപിടിച്ച ആഭരണം കൈക്കലാക്കാനുള്ള സാമർത്ഥ്യം ഒരു ബന്ധു പ്രകടിപ്പിക്കുന്നുണ്ട്. വക്കീലിന്റെ ഭാര്യയായിരുന്ന അവരല്ല കാര്യങ്ങൾ നിശ്ചയിക്കുന്നത്. കുട്ടികളില്ലാത്തതിനാൽ അവരുടെ വീടും പറമ്പും വിൽക്കാൻ തീരുമാനിക്കാനുള്ള ധൈര്യം വരുന്നു ബന്ധുക്കൾക്ക്.

**5.3.1.2.8. കെ.ആർ. മീരയുടെ 'ഓർമ്മയുടെ ഞരമ്പ്':**

ഈ കഥയിലെ ഓർമ്മകൾ നഷ്ടപ്പെട്ടുരകൊണ്ടിരിക്കുന്ന വൃദ്ധയ്ക്ക് തന്റെ പ്രിയപ്പെട്ട ഭൂതകാലം ഓർമ്മയുണ്ട്. കവിതയുടെയും എഴുത്തിന്റെയും നല്ല കാലം വിവാഹത്തോടെയാണ് അവസാനിച്ചത്. സ്റ്റേജിൽ നിന്ന് വള്ളത്തോൾ കവിത പാടിയ കുട്ടിയെ വിവാഹം കഴിച്ച ആൾ പിന്നീട് അനുകൂലിക്കുന്ന നിലപാടല്ല എടുക്കുന്നത്. എഴുത്തുകാരിയെന്ന ഭാര്യയുടെ പ്രശസ്തി തട്ടിയെടുക്കാൻ അയാൾക്കാകുന്നുണ്ട്. സർഗ്ഗശേഷിക്ക് വിലങ്ങുവീണ അവർക്ക് കുട്ടിയുടെ പേരിടുന്നതിനുള്ള സ്വാതന്ത്ര്യം പോലും കിട്ടുന്നില്ല. ഓർമ്മയുടെ ലോകത്തിൽ ജീവിക്കുന്ന വൃദ്ധയെ വേലക്കാരിക്കുപോലും പുച്ഛമാണ്. പേരക്കുട്ടിയുടെ ഭാര്യയായ പെൺകുട്ടിയോടാണ് അവർ മനസ്സു തുറക്കുന്നത്. പുരുഷാധിപത്യം അടിച്ചമർത്തിയ മുത്തശ്ശിയെ ആദ്യം വെറുപ്പോടെ നോക്കിക്കണ്ട അവൾക്ക് ക്രമേണ അവരെ മനസ്സിലാകുന്നുണ്ട്. സ്വന്തം ജീവിതത്തിൽ നിന്ന് അവളും ഈ അവസ്ഥ മനസ്സിലാക്കിയിരിക്കുന്നു.

'ഓർമ്മയുടെ ഞരമ്പി'ലെ അമ്മ വീട്ടിൽ തളച്ചു നിർത്തപ്പെട്ടവളാണ്. ഭർത്താവ് എം. പി. ആയിട്ടുപോലും ദൽഹി കാണണമെന്ന ആഗ്രഹം നടന്നിട്ടില്ല. പെണ്ണ് എഴുതുന്നതും വായിക്കുന്നതും എന്തിനെന്ന വിശ്വാസക്കാരിയായ അമ്മായിയമ്മ. അവൾ പെറ്റാൽ മാത്രം മതി എന്നായിരുന്നു അവരുടെ നോട്ടം. സാറാജോസഫിന്റെ 'എഴുതി മായ്ക്കുന്നു ലോകവും' എന്ന കഥയിലെ കവയിത്രിക്ക് ഇത്രയും അവഗണന ലഭിക്കുന്നില്ല. അവർക്ക് സ്വന്തം വീടും സ്വന്തം തീരുമാനങ്ങളുമുണ്ട്. എങ്കിലും ശരീരം തളർന്നാൽ പരാശ്രയം തന്നെ ഗതി. ഈ ഭീകരാവസ്ഥയാണ് കല്യാണിയമ്മയെ അലട്ടുന്നത്. അവർക്ക് എഴുത്തുകാരി എന്ന പ്രശസ്തി ലഭിക്കുന്നുണ്ട്. എഴുന്നേൽക്കാൻ വയ്യാത്ത അവസ്ഥയിലും സാഹിത്യലോകത്ത് അവർക്ക് മുൻതൂക്കം ഉണ്ടെന്ന് മാധ്യമ പ്രവർത്തകരുടെ വരവുകൊണ്ട് അനുമാനിക്കാം. വ്യത്യസ്ത ചിന്താഗതിക്കാരായ രണ്ടു സ്ത്രീകളാണിവർ.

### 5.2.1.3. വൃദ്ധദമ്പതികളുടെ ഒറ്റപ്പെടൽ:

വൃദ്ധന്മാരുടെയും വൃദ്ധകളുടെയും കൂടാതെ വൃദ്ധദമ്പതികളുടെ ഒറ്റപ്പെട്ട അവസ്ഥയും ഈ ഘട്ടത്തിലെ എഴുത്തുകാർക്ക് വിഷയമായിട്ടുണ്ട്. അവ എണ്ണത്തിൽ കൂടുതലുള്ളതുകൊണ്ട് വേറിട്ട് പരിഗണിക്കുന്നു. യു.കെ. കുമാരന്റെ ഉപചാരങ്ങൾ അറിയുന്ന നമ്മൾ, ഉണ്ണിയും പോകുന്നു, അത്താഴം, ടി.വി. കൊച്ചുബാവയുടെ ഒന്നങ്ങനെ ഒന്നിങ്ങനെ, കുഞ്ഞോനാച്ചൻ ഉറങ്ങുന്നു, നനഞ്ഞ ശിരോവസ്ത്രങ്ങൾ, എപ്പോഴെത്തുമോ, എന്തോ?, ചന്ദ്രമതിയുടെ ഗോദോയെക്കാത്ത് എന്നീ കഥകൾ പരിഗണിക്കുന്നു.

#### 5.2.1.3.1. യു.കെ. കുമാരന്റെ കഥകൾ:

ഉപചാരങ്ങൾ അറിയുന്ന നമ്മൾ, ഉണ്ണിയും പോകുന്നു, അത്താഴം എന്നിവയാണ്

ഈ വിഭാഗത്തിൽ പെട്ട കഥകൾ. രോഗം ബാഹ്യമായ സൗന്ദര്യം കവർന്നെടുക്കുന്ന ഭാര്യയെ ശുശ്രൂഷിക്കുന്ന ഭർത്താവ്, മക്കൾ തന്നെ കാണാൻ വരാത്തത് സൗന്ദര്യം നഷ്ടപ്പെട്ടതുകൊണ്ടാണെന്നു കരുതുന്ന അമ്മ. ഭാര്യയുടെ അസുഖവിവരമറിഞ്ഞ് തന്റെ സ്നേഹിതൻ പൊട്ടിച്ചിരിച്ച കാര്യം ഭർത്താവ് പറയുന്നില്ല. മക്കൾക്ക് ജീവിതത്തിരക്കിനിടയിൽ അമ്മയുടെ അടുക്കൽ ഓടി വരാനാകുന്നില്ല. ഫോണാണ് അവരുടെ ഏക ആശയവിനിമയമാർഗ്ഗം. ഭാര്യ മരിച്ചപ്പോൾ വീട്ടിലെത്തിയവരോട് യാന്ത്രികമായി വിവരം പറഞ്ഞുകൊണ്ടിരുന്ന അയാൾക്ക് മക്കൾ വരുമ്പോഴും ഇത് ആവർത്തിക്കണമല്ലോ എന്ന കാര്യം ഓർമ്മയുണ്ട്. ജോലിത്തിരക്കും മറ്റു വ്യക്തിപരമായ കാര്യങ്ങളും മാതാപിതാക്കളെ നോക്കി രക്ഷിക്കുന്നതിൽ നിന്നും മക്കളെ മാറ്റിനിർത്തുന്ന പ്രവണത ഈ കഥയിലുണ്ട്.

വാടകവീട്ടിൽ ജീവിതം കഴിച്ചുകൂട്ടുന്ന രജിസ്ട്രാഫീസ് ഗുമസ്തൻ കുഞ്ഞികൃഷ്ണന്റെ ഭാര്യ ലക്ഷ്മിക്കുട്ടി ഇളയ മകന്റെ പുതിയ വീട്ടിൽ താമസമാക്കാമെന്നു കരുതുന്നു. എന്നാൽ ഉണ്ണി വീടുമാറുമ്പോൾ അവരെ വിളിക്കുന്നില്ല. എഞ്ചിനീയറും ഡോക്ടറും ലക്ചററുമായ മക്കൾ അവർക്കുവേണ്ടി മാത്രമാണ് വീടുണ്ടാക്കിയത്. മാതാപിതാക്കൾ അതിനു പുറത്താണ്. ഈ ബോധം അച്ഛനുണ്ടെങ്കിലും അമ്മ അത്രത്തോളം ചിന്തിക്കുന്നില്ല. കുറച്ചുകാലത്തേയ്ക്കു മാത്രമേ മക്കൾ അവരെ ക്ഷണിക്കുന്നുള്ളൂ. ജീവിതകാലം മുഴുവൻ കൂടെ വേണമെന്ന ചിന്ത അവർക്കില്ല. ഇക്കഥ സ്വന്തം കഥയാണെന്നു കാണിച്ച് തനിക്കു കിട്ടിയ കത്തിനെപ്പറ്റി കഥാകൃത്ത് 'അച്ഛൻ ഉറങ്ങുന്നില്ല' എന്ന കഥാസമാഹാരത്തിന്റെ ആമുഖത്തിൽ രേഖപ്പെടുത്തുന്നുണ്ട് (1993:?).'

മക്കളില്ലാത്ത ഒരു അപ്പൂപ്പനും അമ്മൂമ്മയുമാണ് 'അത്താഴം' എന്ന കഥയിലുള്ളത്. ഒരിക്കലും വരാത്ത മകനുവേണ്ടിയുള്ള കാത്തിരിപ്പുകൾക്കും വഴക്കുകൾക്കും ശേഷം അവസാനം വന്നെത്തിയ ഒരു മകനെ ആക്രമണത്തിൽ നിന്നും രക്ഷിക്കാൻ അവർക്കാ

യില്ല. അമ്മ മനസ്സുള്ള അമ്മൂമ്മ രാത്രി ഉറങ്ങാതെ കിടക്കുമ്പോൾ അപ്പൂപ്പൻ ഉറക്കത്തിൽപ്പെട്ടുപോകും. ശക്തമായ ഒറ്റപ്പെടൽ ആവിഷ്ക്കരിക്കാൻ ഈ കഥയ്ക്ക് കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല മക്കളില്ലാത്ത ദമ്പതികളുടെ ദുഃഖവും കേന്ദ്രീകരിക്കപ്പെട്ടിട്ടുണ്ട്.

**5.2.1.3.2. ടി.വി. കൊച്ചുബാവയുടെ കഥകൾ:**

1980-കളിൽ ശ്രദ്ധേയനായ എഴുത്തുകാരനാണ് കൊച്ചുബാവ. ഒരഭിമുഖത്തിൽ അദ്ദേഹം വാർദ്ധക്യത്തെപ്പറ്റിയുള്ള തന്റെ കാഴ്ചപ്പാട് വിശദീകരിക്കുന്നുണ്ട്: "...*നാമജപം കൊണ്ട് നമ്മുടെ ആത്മാവിനെ പവിത്രീകരിച്ചിരുന്ന ആ വാർദ്ധക്യങ്ങൾ ഒന്നുമല്ലാതായിത്തീരുന്നു. അവർ വെറും വിഴുപ്പുകെട്ടുപോലെ ഉപയോഗശൂന്യരായിത്തീരുന്ന കാലത്തോടുള്ള വാശി* യാണ് വൃദ്ധരെക്കുറിച്ച് ഒരുപാട് എഴുതുന്നതിന്റെ കാരണം എന്ന് ഇവിടെ അദ്ദേഹം പറയുന്നു (2000:11.).[8] ഒന്നങ്ങനെ ഒന്നിങ്ങനെ, നനഞ്ഞ ശിരോവസ്ത്രങ്ങൾ, എപ്പോഴെത്തുമോ, എന്തോ?, പടിവാതിൽ എന്നീ കഥകളിലെ ഒറ്റപ്പെടലാണ് വിശകലനം ചെയ്യുന്നത്.

ഏകാന്തതയെ മറികടക്കാനുള്ള ശ്രമം കൊച്ചുബാവയുടെ കഥകളിലും കാണാം. ഒന്നങ്ങനെ ഒന്നിങ്ങനെ. കുഞ്ഞോനാച്ചൻ ഉറങ്ങുന്നു, നനഞ്ഞ ശിരോവസ്ത്രങ്ങൾ എന്നീ കഥകളിലെ വൃദ്ധദമ്പതികൾ വാർദ്ധക്യത്തിലെ മടുപ്പൊഴിവാക്കാൻ ശേഷിച്ച ജീവിതത്തെ നാടകം കളിയാക്കി മാറ്റുകയാണ്. 'ഒന്നങ്ങനെ ഒന്നിങ്ങനെ' എന്ന കഥയിലെ മത്തായിയപ്പൂപ്പനും മറിയ അമ്മൂമ്മക്കും മരണക്കളി മടുത്തിരിക്കുന്നു. അതു യഥാർത്ഥ്യമാവണമെന്ന മോഹം നടക്കുന്നുമില്ല. അയൽക്കാരിയായ വേശ്യക്കുണ്ടാകാൻ പോകുന്ന മകനെക്കുറിച്ചോർത്തു സന്തോഷിച്ച്, തങ്ങളുടെ പിറക്കാത്ത മകളെ കാത്തിരിക്കുന്ന പുതിയ വിനോദത്തിലേക്ക് എത്തിച്ചേരുന്ന അവർ ഒറ്റപ്പെടലിനെ മറികടക്കുകയാണ്.

'നനഞ്ഞ ശിരോവസ്ത്ര'ത്തിലെ വൃദ്ധദമ്പതിമാർ നേരം കളയാൻ കണ്ടെത്തുന്ന നേരമ്പോക്കുകൾ നാട്ടിലെ ചീഞ്ഞളിഞ്ഞ പ്രശ്നങ്ങളുടെ ആവർത്തനങ്ങളാണ്. അതിലെ കഥാപാത്രങ്ങളായി തന്മയീഭവിക്കുമ്പോൾ മകൻ വീടുവിട്ടുപോയതും മകളും ഭർത്താവും തങ്ങളുടെ വീട് സ്വന്തമാക്കി അതിൽനിന്ന് പുറത്താക്കിയതും തൽക്കാലത്തേക്കെങ്കിലും വിസ്മരിക്കാൻ അവർക്കു കഴിയാറുണ്ട്. തങ്ങളുടെ ജീവിതത്തോളം കണ്ണു നനയിക്കുന്ന നേരംപോക്ക് ചുറ്റുമില്ല എന്ന് അവർ മനസ്സിലാക്കുന്നു. വൃദ്ധരായ മാതാപിതാക്കളെ ദ്രോഹിക്കുന്ന മക്കൾ സമകാലിക ലോകത്തിന്റെ പ്രതിനിധികളാണ്.

മരിച്ച വൃദ്ധദമ്പതികളാണ് 'എപ്പോഴെത്തുമോ, എന്തോ?' എന്ന കഥയിലെ കേന്ദ്രകഥാപാത്രങ്ങൾ. പണവും പദവിയുമുള്ള വീട്ടുകാരാകയാൽ മക്കളെത്തുന്നതുവരെ ശവസംസ്ക്കാരത്തിനുവേണ്ടി കാത്തുകിടക്കുന്ന അവരുടെ വീക്ഷണത്തിലാണ് കഥ പറയുന്നത്. തങ്ങളെ വിഷം തന്നു കൊന്ന മകനെ അവർ ശപിക്കുന്നില്ല *"അവനുമുണ്ടല്ലോ മക്കൾ"* എന്നാശ്വസിക്കുകയാണ് അമ്മ. (ടി.വി. കൊച്ചുബാവ, 2006:69.). സ്വത്തും പദവിയുമുണ്ടായതും മക്കളെ വലിയ നിലയിലെത്തിച്ചതുമാണ് തങ്ങൾ ചെയ്ത തെറ്റെന്ന് തന്ത തിരിച്ചറിയുന്നുണ്ട്. വലിയ പദവിയിൽ വിരമിച്ച അപ്പനെ 'തന്ത' എന്ന നാടൻപദം ഉപയോഗിച്ചാണ് കഥയിൽ ഉടനീളം വിശേഷിപ്പിക്കുന്നത്. ആ അർത്ഥത്തിൽ മക്കൾക്ക് അപ്പനും അമ്മയും ശല്യം ആണ്.

**5.2.1.3.3. ചന്ദ്രമതിയുടെ 'ഗോദോയെ കാത്ത്':**

വലിയനിലയിൽ കഴിയുന്ന മക്കളും പേരക്കുട്ടികളുമുള്ള ഇംഗ്ലീഷ് പ്രൊഫസറും ഭാര്യയുമാണ് 'ഗോദോയെക്കാത്ത്' എന്ന കഥയിലെ വൃദ്ധദമ്പതികൾ. തങ്ങളെ ഒറ്റയ്ക്കാക്കിയ മക്കളെപ്പറ്റി അവരദ്ഭുതപ്പെടുന്നുണ്ട്. പേരക്കുട്ടി 'ദ നെസ്റ്റ്' എന്ന വീട്ടു

പേര് 'ദ എംപ്റ്റി നെസ്റ്റ്' എന്നാക്കി മാറ്റുന്നത് അർത്ഥഗർഭമാണ്. ആരും സഹായിക്കാതെ ആരെയും കാണാനാകാതെയുള്ള ജീവിതം അമ്മൂമ്മക്ക് മടുക്കുന്നുണ്ട്. അവർ രണ്ടുപേരും പ്രതീക്ഷിച്ചിരിക്കുന്ന ഗോദോ മരണമാണ്. അതാകട്ടെ അവരുടെ അടുത്തേക്ക് വരുന്നുമില്ല. കഥയിലെ വൃദ്ധൻ ഇംഗ്ലീഷ് പ്രൊഫസർ ആയതുകൊണ്ടുകൂടിയാണ് സാമുവൽ ബക്കറ്റിന്റെ നാടകത്തിന്റെ തലക്കെട്ടുതന്നെ ആംബുലൻസിനു പകരം ഉപയോഗിക്കുന്നത്. ആംബുലൻസിനെ മരണത്തിന്റെ ദൂതനായി അവർ കണക്കാക്കുന്നു. എല്ലാ സുഖസൗകര്യങ്ങളും എല്ലാവരും ഉണ്ടായിട്ടും ജീവിതവഴിയിൽ ഒറ്റപ്പെട്ടുപോയ ദമ്പതിമാരാണവർ.

### 5.2.2. ഇരകളായ വൃദ്ധർ:

സാമൂഹികമാറ്റങ്ങളും കുടുംബബന്ധങ്ങളിൽ സംഭവിക്കുന്ന വ്യതിയാനങ്ങളും വൃദ്ധരുടെ ജീവിതത്തെ ബാധിക്കുകയും മാറ്റിമറിക്കുകയും ചെയ്തിട്ടുണ്ട്. അത്തരം മാറ്റങ്ങൾ കണ്ടെടുക്കാനുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്. ഒപ്പം വാർദ്ധക്യത്തിന്റെ സ്വാഭാവികമാറ്റങ്ങളും നോക്കിക്കാണുന്നു.

#### 5.2.2.1. ഇരകളാകുന്ന വൃദ്ധന്മാരുടെ കഥകൾ:

സി.വി. ബാലകൃഷ്ണന്റെ അച്ഛന്റെ മുറി അടഞ്ഞുകിടക്കുന്നു. വേറൊരു വാസസ്ഥലം. പതിനഞ്ചുസെന്റ് ഭൂമി, ഇരുപത്തിയാറാമത്തെ ശിശു, സ്വർഗ്ഗയാത്ര: ഒരു വീഡിയോടേപ്പ്, യു.കെ. കുമാരന്റെ ഇച്ഛ, ജലരേഖകൾ, ടി.വി. കൊച്ചുബാവയുടെ വേവലാതിക്കളി, നിങ്ങളുടെ അപ്പൻ, ചന്ദ്രമതിയുടെ ലഡ്ഡു എന്നീ കഥകളാണ് അപഗ്രഥിക്കുന്നത്.

**5.2.2.1.1. സി.വി. ബാലകൃഷ്ണന്റെ കഥകൾ:**

അച്ഛന്റെ മുറി അടഞ്ഞുകിടക്കുന്നു, വേറൊരു വാസസ്ഥലം, പതിനഞ്ചു സെന്റ് ഭൂമി, ഇരുപത്തിയാറാമത്തെ ശിശു, സ്വർഗ്ഗയാത്ര: ഒരു വീഡിയോ ടേപ്പ് എന്നീ കഥകളാണ് അപഗ്രഥിക്കുന്നത്. ഭാര്യ മരിച്ചതോടെ താളം തെറ്റിയ മനസ്സും ഓർമ്മത്തെറ്റുള്ള വികൃതമായ പെരുമാറ്റവുമായിരിക്കുന്ന വൃദ്ധനായ അച്ഛനാണ് 'അച്ഛന്റെ മുറി അടഞ്ഞുകിടക്കുന്നു' എന്ന കഥയിലുള്ളത്. മകനും ഭാര്യക്കും സ്വൈരക്കേടായി മാറുന്ന അച്ഛൻ. അച്ഛന്റെ ഉറക്കമില്ലായ്മയും ഭാര്യയെ ഓർത്തുള്ള കരച്ചിലും തുണിയില്ലാത്ത നടപ്പും ഭ്രാന്തായി വ്യാഖ്യാനിക്കപ്പെടുന്നു. ഭ്രാന്താശുപത്രിയിൽ നിന്നും വീട്ടിലെത്തിയ അച്ഛനെ ശുശ്രൂഷിക്കാൻ ഹോംനഴ്സിനെ നിയമിച്ചിട്ടുണ്ട്. തന്റെ ഇഷ്ടാനിഷ്ടങ്ങൾ അറിഞ്ഞു പെരുമാറുന്ന ഹോംനഴ്സിനെയാണ് മകനേക്കാൾ അച്ഛൻ ഇഷ്ടപ്പെടുന്നത്. തന്റെ മകളുടെ വിവാഹത്തിന് വൃദ്ധനെ പങ്കെടുപ്പിക്കേണ്ടെന്ന് മകൻ തീരുമാനിക്കുന്നു. വിവാഹദിനത്തിൽ മരിച്ചുകിടക്കുന്ന അച്ഛൻമൂലം മംഗളകർമ്മം മുടങ്ങാതിരിക്കാൻ മകൻ അച്ഛന്റെ മുറി പൂട്ടുകയാണ്.

ഭാര്യയും മക്കളും എല്ലാക്കാര്യങ്ങളിൽ നിന്നും ഒഴിച്ചുനിർത്തുന്ന കീവറീച്ചന് അതിൽ പ്രതിഷേധമുണ്ട്. അമ്മയായ കുഞ്ഞുമറിയാമ്മയെ മാത്രം അനുസരിക്കുന്ന മക്കൾ അപ്പനെ വിലവയ്ക്കുന്നില്ല. ഭാര്യ പെട്ടെന്ന് മരിച്ചപ്പോൾ ഉത്തരവാദിത്വമുള്ള ഗൃഹനാഥനായി ഉയർന്ന് കാര്യങ്ങൾ ചെയ്ത കീവറീച്ചൻ മക്കളെയും മരുമക്കളെയും അമ്പരിപ്പിക്കുന്നുണ്ട്. എന്നാൽ ഉയർത്തെണീറ്റ കുഞ്ഞുമറിയാമ്മ മരണത്തിൽപ്പോലും തന്നെ ജയിക്കാനനുവദിക്കില്ലെന്നു കീവറീച്ചനു മനസ്സിലാവുകയാണ്. സ്വന്തം മരണത്തിലൂടെ തന്റെ പരാജയം ഉറപ്പിക്കുകയാണ് കീവറീച്ചൻ. സ്വത്വപ്രതിസന്ധി നേരിടുന്ന ദുഃഖിതനാണ് അയാൾ. പരസ്പര ബഹുമാനത്തിന്റെയും സമത്വത്തിന്റെയും പ്രാധാന്യം എടുത്തുകാട്ടുന്ന കഥയാണിത്. അതില്ലാത്തതുകൊണ്ടാണ് വാർദ്ധക്യത്തിൽപ്പോലും കീവ

റിച്ചന് ദുഃഖിക്കേണ്ടി വരുന്നത്.

ഒറ്റപ്പെട്ട നഗരവൃദ്ധന്റെ കഥയാണ് 'പതിനഞ്ചു സെന്റ് ഭൂമി' നഗരമദ്ധ്യത്തിലെ പതിനഞ്ചു സെന്റു ഭൂമിയിൽ സമാധാനമായി കഴിയുന്ന വൃദ്ധൻ. അയാളുടെ ജീവിതത്തിലേക്കു കടന്നുകയറുന്ന റിയലെസ്റ്റേറ്റ് ജീവനക്കാരനായ ചെറുപ്പക്കാരനാണ് അയാളുടെ ഭാവി ജീവിതം എങ്ങനെ വേണമെന്ന തീരുമാനമെടുക്കുന്നത്. വൃദ്ധനു വിശ്രമിക്കാറായെന്നും അത് ഏതെങ്കിലും ഗ്രാമത്തിലാകണമെന്നും തീരുമാനിക്കുന്ന ചെറുപ്പക്കാരന്റെ ധാർഷ്ട്യം പണത്തിന്റെ പിൻബലം കൊണ്ടുണ്ടാവുന്നതാണ് വസ്തുവിന് വില നിശ്ചയിച്ച് മുൻകൂർ തുക നീട്ടുന്ന ചെറുപ്പക്കാരനെ നിരസിക്കാൻ വൃദ്ധനു കഴിയുന്നുണ്ട്. പണം വേണ്ടെന്നു വയ്ക്കുന്ന വൃദ്ധനുനേരെ 'പെണ്ണ്' എന്ന പ്രലോഭനമാണ് റിയൽ എസ്റ്റേറ്റുടമ നീട്ടുന്നത്. അതിനുമുൻപിൽ വൃദ്ധൻ കീഴടങ്ങും എന്ന പ്രതീക്ഷ ഉടമയ്ക്കുണ്ട്. വൃദ്ധന്റെ വീട്ടിനുള്ളിലേയ്ക്ക് ഓടിക്കയറുന്ന യുവതിയെ അയാൾ എങ്ങനെയാണ് നേരിടുക എവന്ന ആകാംക്ഷ മുൻനിർത്തി ബാക്കി കഥ വായനക്കാരനൂഹിക്കാൻ വിട്ടുതരികയാണ് കഥാകൃത്ത്. 'പതിനഞ്ചു സെന്റ് ഭൂമി' എന്ന ഈ കഥ സമകാലികയാഥാർത്ഥ്യമായ റിയൽ എസ്റ്റേറ്റുകാരുടെ ഇടപെടൽ മൂലം ഭൂമി നഷ്ടപ്പെടുന്ന ഒരു വൃദ്ധന്റെ ദയനീയാവസ്ഥ കാണിച്ചുതരുന്നു.

'ഇരുപത്തിയാറാമത്തെ ശിശു' എന്ന കഥയിലെ നാരായണമേനോൻ ഗ്രാമത്തിലെ വീടും തൊടിയും ഉപേക്ഷിച്ച് നഗരത്തിൽ ഫ്ളാറ്റ് സ്വന്തമാക്കിയവനാണ്. അവിടെ തനിക്കു സ്വന്തമായി ഒരു മുറിയില്ലാത്ത അവസ്ഥയിൽ മകൾ നടത്തുന്ന നഴ്സറി സ്കൂളിലെ ഇരുപത്തിയാറാമത്തെ കുട്ടിയായി മാറാൻ നാരായണമേനോനു കഴിയുന്നു. മേനോന്റെ കിടപ്പിടമാണ് മകളുടെ സ്കൂൾ. ഫ്ളാറ്റു ജീവിതവുമായി പൊരുത്തപ്പെടുന്ന അയാൾക്ക് നഷ്ടപ്പെടുത്തിയ ഗ്രാമീണവസതിയെപ്പറ്റി ദുഃഖമുണ്ട്. ഗ്രാമത്തിലെ വീടു വിറ്റ് നഗരത്തിലെ ഫ്ളാറ്റിലേക്ക് ചേക്കേറുന്ന ഒരു സംസ്ക്കാരം ഈ കഥയി

ലുണ്ട്. നഷ്ടപ്പെടുത്തിയത് തിരിച്ചെടുക്കാൻ നിർവാഹമില്ലാത്ത സ്ഥിതിയിൽ ഫ്ളാറ്റു സംസ്ക്കാരവുമായി യോജിച്ചുപോകാനേ ആവൂ. പരിതഃസ്ഥിതികൾക്കനുസരിച്ച് ജീവിതം ക്രമപ്പെടുത്തുന്ന വ്യക്തിയാവാൻ കഥയിലെനാരായണമേനോനു കഴിയുന്നുണ്ട്.

ഏഴുമക്കളുണ്ടായിട്ടും വൃദ്ധസദനത്തിലെ അന്തേവാസിയാവേണ്ടി വന്ന കുറുപ്പുചേട്ടന്റെ അന്ത്യരംഗമാണ് 'സ്വർഗ്ഗയാത്ര: ഒരു വീഡിയോ ടേപ്പ്' എന്ന കഥയിലുള്ളത്. മാന്യവൃദ്ധന്റെ അവസാനസമയം മുതൽ അന്ത്യയാത്ര വരെ ചിത്രീകരിക്കുന്നത് ഒരു പുതുമയായി തോന്നുന്ന വീഡിയോഗ്രാഫർ. ക്യാമറയിൽപ്പെടുന്ന സന്തോഷംകൊണ്ട് സന്ദർഭം മറന്ന് ചിരിച്ചുപോകുന്ന അന്തേവാസികൾ. എല്ലാവർക്കും വേണ്ട നിർദ്ദേശം കൊടുക്കുന്ന വൃദ്ധസദനത്തിന്റെ ചുമതലക്കാരിയും വീഡിയോഗ്രാഫറെ ഏർപ്പാടാക്കിയ പാവുണ്ണിയും. ആംബുലൻസിൽ നിന്നും ചിരിച്ചിറങ്ങുന്ന ഡ്രൈവർ. ഇത്തരം നിരവധി ദൃശ്യങ്ങൾ കഥയിലുണ്ട്. ആസന്നമരണനായ വൃദ്ധന്റെ നിസ്സഹായാവസ്ഥ ഇങ്ങനെ വിവരിച്ചിരിക്കുന്നു: *"ആയാസത്തോടെ ശ്വാസോച്ഛ്വാസം നിർവ്വഹിക്കുന്നതിനിടയിൽ അയാൾ വിറയ്ക്കുന്ന വലതുകൈത്തലമുയർത്തി വെളിച്ചത്തെ  തടയാൻ ഒരു ശ്രമം നടത്തി. നെറ്റിയിലും കൺതടത്തിലും നിരവധി ചുളിവുകൾ പ്രകടമായി" (സി.വി. ബാലകൃഷ്ണൻ, 1997:51).*

സമാധാനമായി മരിക്കാനുള്ള അവകാശം വൃദ്ധർക്കുണ്ട്. അതു നൽകാത്ത സമകാലിക ദുഃസ്ഥിതിയാണ് ഈ വീഡിയോ ദൃശ്യത്തിൽനിന്നും ലഭിക്കുന്നത്. വൃദ്ധസദനത്തിലെത്തിപ്പെടുന്ന രക്ഷിതാക്കളുടെ ദയനീയസ്ഥിതിയും അവരോടുള്ള ചുമതല ഒരു ചടങ്ങുമാത്രമായി ചുരുങ്ങിപ്പോകുന്ന വർത്തമാനകാല സ്ഥിതിവിശേഷവും ഇക്കഥയിലുണ്ട്.

**5.2.2.1.2. യു.കെ. കുമാരന്റെ കഥകൾ:**

ഇച്ഛ, ജലരേഖകൾ എന്നീ കഥകൾ പരിഗണിക്കുന്നു. 'ഇച്ഛ' എന്ന കഥയിലെ അച്ഛൻ ജീവിതകാലം മുഴുവനും അന്യരുടെ ആഗ്രഹപ്രകാരം ജീവിച്ചവനാണ്. തന്റെ അച്ഛന്റെ പാരമ്പര്യം തന്നിലൂടെ തുടരുന്നതായി അയാൾ അറിയുന്നു. സ്വന്തം മകൻ തന്നെ 'അച്ഛാ' എന്നു വിളിക്കുന്നത് കേൾക്കാനുള്ള ഭാഗ്യം അയാൾക്കില്ല. 'ഡാഡി' വിളി യാണ് അയാൾക്കഭിമുഖീകരിക്കേണ്ടിവരുന്നത്. മറ്റുള്ളവരുടെ ഇഷ്ടങ്ങൾക്കൊത്ത് മാത്രം തുള്ളുന്ന ഒരു പാവയായിത്തീർന്നതിലുള്ള അയാളുടെ ഖേദമാണ് 'ഇച്ഛ' എന്ന കഥയിലുള്ളത്. സ്വന്തം അസ്തിത്വംതന്നെ നഷ്ടമായിപ്പോയ വൃദ്ധന്റെ വ്യഥ ആരും തിരിച്ചറിയുന്നില്ല.

'ജലരേഖകൾ' എന്ന കഥയിലെ ചന്തുക്കുട്ടിക്ക് അച്ഛനമ്മമാരെ അടക്കിയ ഭൂമി തന്നോ ടുള്ള ദേഷ്യത്തിന് പെങ്ങൾ പുറമേ നിന്നുള്ളവർക്ക് വിൽക്കുന്നത് ഇഷ്ടമല്ല. വയസ്സാ യപ്പോൾ കണ്ണുകാണാൻ പറ്റാതായത് നന്നായെന്ന് അയാൾക്കു തോന്നുന്നു. രജിസ്ട്രേ ഷൻ നടക്കുന്നത് കാണേണ്ടിവന്നില്ലല്ലോ എന്നാണ് ആശ്വാസം. അത് തനിക്ക് വിൽക്കാ ത്തതിൽ അയാൾക്ക് സങ്കടം തോന്നുന്നു. മമതാബന്ധങ്ങൾ ഉപേക്ഷിക്കാൻ മനുഷ്യ നുള്ള ബുദ്ധിമുട്ടാണ് ഈ കഥയെ മുന്നോട്ടുനയിക്കുന്നത്.

**5.2.2.1.3. ടി.വി. കൊച്ചുബാവയുടെ കഥകൾ:**

'വേവലാതിക്കിളി', നിങ്ങളുടെ അപ്പൻ' എന്നീ കഥകൾ പരിശോധിക്കുന്നു. വാർദ്ധ ക്യത്തിന്റേതായ ആശങ്കകൾമൂലം ഭാര്യക്കും മക്കൾക്കും മരുമക്കൾക്കും ബുദ്ധിമുട്ടാ യിത്തീർന്ന വൃദ്ധനാണ് 'വേവലാതിക്കിളി'യിലുള്ളത്. ഒരു പഴംതുണിക്കഷണം മാത്ര മായി അവർ വല്യമ്മാവനെ കാണുന്നു. *"കാലുകൊണ്ട് അതിനെ തെക്കോട്ടും വട ക്കോട്ടും മാറ്റിയിട്ട് നടന്നുപോകുന്ന മക്കൾ സമൂഹമര്യാദയനുസരിച്ച് (അച്ഛനെ) പാടെ*

*നിരാകരിക്കുന്നില്ല" (ടി.വി. കൊച്ചുബാവ, 2006:48).* ഇതിൽ നിന്നു തന്നെ എത്ര അനാവശ്യമാണ് ആ സാന്നിദ്ധ്യം എന്നു മനസ്സിലാക്കാം. മക്കൾക്കും പേരമക്കൾക്കും അപകടം പറ്റിയെന്നു കരുതി ഇറങ്ങിയോടുന്ന വല്യമ്മാവനെ വീട്ടുകാർ കൂടിയാലോചിച്ച് നിലവറയിലിട്ടടക്കുകയാണ്. അച്ഛനോട് ഈ വിവരം പറയാനുള്ള ഔദാര്യം മകൻ കാട്ടുന്നുണ്ട്. തന്റെ അദ്ധ്വാനഫലമായ നെല്ലിൻചാക്കുകൾക്കിടയിൽക്കിടന്ന് വെള്ളം കിട്ടാതെ നിലവിളിക്കുന്ന ചേന്നുതണ്ടാർക്ക് ഭ്രാന്താണെന്ന് വ്യാഖ്യാനിക്കപ്പെടുന്നു.

ഇന്റൻസീവ്കെയർ യൂണിറ്റിൽ കിടക്കുന്ന തൊണ്ണൂറ്റാറുവയസ്സു കഴിഞ്ഞ അപ്പൻ വിദേശത്തുള്ള മക്കൾക്ക് ഒരു ബാധ്യതയായനുഭവപ്പെടുന്നു. ആർക്കും വരാൻ നേരമില്ല. ഗംഭീരമായ ഒരു ശവമടക്ക് അവർ പ്രതീക്ഷിക്കുന്നുമുണ്ട്. ഡോക്ടറുടെ സഹായത്തോടെ അച്ഛനെ കൊല്ലാൻ കഴിയുമോ എന്ന് ഉറക്കെ ചിന്തിക്കുന്ന ഒരു മകൻ. അച്ഛനെ നോക്കാൻ നിയുക്തനായ മകനാകട്ടെ തനിക്കു മക്കളില്ലാത്തതിൽ ദൈവത്തോട് നന്ദി പറയുന്നുണ്ട്. വിദേശത്തു താമസമാക്കിയ മക്കൾക്ക് നാട്ടിലുള്ള അപ്പൻ സ്വൈര്യക്കേടാവുന്ന ദൃശ്യമാണ് ഈ കഥയിൽ കാണാൻ കഴിയുന്നത്.

**5.2.2.1.4. ചന്ദ്രമതിയുടെ 'ലഡ്ഡു':**

യുവാക്കളെ ക്ലോൺ ചെയ്യുകയും വൃദ്ധരെ നശിപ്പിക്കുകയും ചെയ്യുന്നതിനെപ്പറ്റി ചിന്തിക്കുന്ന ഒരു ഭരണാധികാരി നിലവിലുണ്ടെങ്കിൽ, ഓർമ്മ നശിച്ച ഒരു വൃദ്ധപിതാവിനെ മകൻ എന്തുചെയ്യും എന്നു കാണിച്ചുതരികയാണ് 'ലഡ്ഡു' എന്ന കഥയിലൂടെ ചന്ദ്രമതി. അച്ഛനെ അധികാരികൾക്ക് ഏൽപ്പിച്ചു കൊടുക്കുന്നതിനു മുമ്പ് വേണ്ട ഭക്ഷണം കഴിപ്പിക്കാൻ ശ്രമിക്കുന്ന മകൻ എത്രകാലമായി താൻ 'അച്ഛാ' എന്നു വിളിച്ചിട്ട് എന്നോർക്കുന്നുണ്ട്. സ്നേഹവും ശിക്ഷണവും തന്നെ കൈകളെ അവസാനമായി മകൻ തലോടുന്നുണ്ട്. അന്യമനസ്കനായ അച്ഛന്റെയാഗ്രഹം ലഡ്ഡു തിന്നണമെ

ന്നാണ്. മുമ്പ് ലഡ്ഡുമോഷണവുമായി ബന്ധപ്പെട്ട് അച്ഛനെ വഴക്കുപറഞ്ഞതും അച്ഛൻ നിശബ്ദനായതും മകനോർക്കുന്നു. ഒരു നാടോടിക്കഥയുടെ കെട്ടും മട്ടുമുള്ള ഈ കഥ വൃദ്ധരെ മുഴുവൻ കൊന്നൊടുക്കിയ നാടിനെപ്പറ്റിയുള്ള നാടോടിക്കഥയെ ഓർമ്മിപ്പിക്കുന്നു. അച്ഛന്റെ കാര്യത്തിൽ ഇവ്വിധം പ്രവർത്തിക്കുന്ന മകൻ ഒരച്ഛനാകാൻ പോകുകയാണെന്നും കഥയിലുണ്ട്. ഗർഭിണിയായ ഭാര്യയെ ഭരണാധികാരികളുടെ ശ്രദ്ധയിൽപ്പെടാതെ സംരക്ഷിക്കാൻ ശ്രമിക്കുന്ന മകൻ അച്ഛന്റെ കാര്യത്തിൽ അശ്രദ്ധനാണ്. ജീവിതം മധുരതരമാണെന്നു 'ലഡ്ഡു' ഓർമ്മിപ്പിക്കുന്നു.

ജീവിതത്തിന്റെ ബദ്ധപ്പാടുകൾക്കിടയിൽ വൃദ്ധരുടെ വാർദ്ധക്യസഹജമായ പരാധീനതകളെ ക്ഷമിക്കാൻ കഴിയാത്ത യുവസമൂഹം അവരെ ഒഴിവാക്കുന്നതായി, അങ്ങനെയൊരു സമൂഹക്രമത്തിലേക്ക് കേരളം മാറിത്തുടങ്ങിയതായി ഇക്കഥകൾ തെളിയിക്കുന്നു.

### 5.2.3. പെൻഷൻ പറ്റിയവർ:

റിട്ടയർമെന്റ് ഒരു വ്യക്തിയുടെ ജീവിതത്തിലെ പരമപ്രധാനമായ സംഭവമാണ്. അതോടെ ഔദ്യോഗിക ജീവിതത്തിനു വിരാമമായി. അതിനുശേഷമുള്ള ജീവിതം ഭൂരിപക്ഷത്തിനും വ്യത്യസ്തമായിരിക്കും. അഷിതയുടെ 'നിലാവിന്റെ നാട്ടിൽ' എന്ന കഥ പരിശോധിക്കുന്നു. ഈ ഒരു കഥയേ ഈ വിഭാഗത്തിലുള്ളൂ. വൃദ്ധകളുടെ റിട്ടയർമെന്റ് വരുന്നില്ല.

#### 5.2.3.1. അഷിതയുടെ നിലാവിന്റെ നാട്ടിൽ:

പെൻഷൻ പറ്റുന്ന ദിവസം മാനസികമായി അസ്വസ്ഥനായി കാണപ്പെടുന്ന ഭ്രാന്താശുപത്രിയിലെ വാച്ചർ ശേഖരപ്പിള്ളയുടെ മാനസികവ്യാപാരങ്ങളാണ് ഈ കഥയി

ലുള്ളത്. ഉത്തരവാദിത്വങ്ങൾ നിറഞ്ഞ കുടുംബത്തിലെ പ്രാരാബ്ധങ്ങൾ മറക്കാൻ കഴിഞ്ഞിരുന്നത് ഈ ജോലികൊണ്ടാണ്. ജോലിക്കാര്യത്തിൽ മുരടനാണെങ്കിലും പെൻഷൻപറ്റി പോകേണ്ട വീടിനെപ്പറ്റിയാലോചിക്കുമ്പോൾ അയാൾക്ക് ഭ്രാന്തുവരുന്നപോലെ തോന്നുന്നു. മനോവിഭ്രാന്തിക്കടിമപ്പെടാതിരിക്കാൻ അയാൾ സ്വയം ഭ്രാന്തനായി സെല്ലിൽ കയറി പൂട്ടുന്നു. പുറത്തുള്ള ഭ്രാന്തന്മാരേക്കാൾ മെച്ചം യഥാർത്ഥഭ്രാന്തന്മാരാണെന്ന തിരിച്ചറിവാണ് ഇതിനുപിന്നിലുള്ളത്. സാമ്പത്തികശേഷിയുള്ളവർക്ക് റിട്ടയർമെന്റ് ഒരു പ്രശ്നമല്ല എന്ന് എസ്. ശിവരാജു നിരീക്ഷിക്കുന്നു (2014:191.). ഇവിടെ അതില്ലാത്തതുകൊണ്ട് ശേഖരപ്പിള്ളയ്ക്ക് തുടർജീവിതം ഭീകരമായി അനുഭവപ്പെടുകയാണ്. അവനവനെപ്പറ്റിയുള്ള വിലയിരുത്തൽ (Self Image) അയാൾ നടത്തുന്നുണ്ട് (ടി). ഇതും സ്വയം പൂട്ടുന്നതിനുള്ള കാരണമാണ്. അയാളുടെ ശുഷ്കമായ സാമ്പത്തികസ്ഥിതിയും സമാധാനം നല്കാത്ത ഗൃഹാന്തരീക്ഷവും ഇതിനു ശക്തമായ പിന്തുണ നൽകുന്നു.

**5.2.4. ചൂഷണം ചെയ്യപ്പെടുന്ന വൃദ്ധർ:**

സി.വി. ശ്രീരാമന്റെ വേരുകൾ പുതിയതും പഴയതും, വാമനൻ എന്നീ കഥകൾ പരിഗണിക്കുന്നു.

**5.2.4.1. ചൂഷണം ചെയ്യപ്പെടുന്ന വൃദ്ധന്മാർ:**

**5.2.4.1.1. സി.വി. ശ്രീരാമന്റെ 'വേരുകൾ പുതിയതും പഴയതും', 'വാമനൻ':**

കുടികിടപ്പൊഴിയാൻ വേണ്ടി കേസുകൊടുക്കുകയും കൈക്കൂലി നീട്ടുകയും ചെയ്യുന്ന ജന്മിയും കുടികിടപ്പിനു വേണ്ടി എത്രതവണ വേണമെങ്കിലും ജയിലിൽ കിടക്കാൻ തയ്യാറാകുന്ന ചെറുങ്ങോരനുമാണ് 'വേരുകൾ പുതിയതും പഴയതും' എന്ന

കഥയിലുള്ളത്. ജന്മിക്കു ചെറുങ്ങാരന്റെ ഗൾഫുകാരനായ മകനെ സ്വാധീനിക്കാൻ കഴിയുന്നുണ്ട്. ഒമ്പതിനായിരം രൂപയ്ക്കുവേണ്ടി സ്ഥലം ജന്മിക്കു വിൽക്കാൻ സഹായിക്കണമെന്ന് അയാൾ അച്ഛന്റെ വക്കീലിനോട് പറയുകയാണ്. എന്നാൽ പിതാമഹനായ അന്ത്യാളൻമൂപ്പനെ സമാധിയിരുത്തിയ സ്ഥലം വിട്ടുകൊടുക്കാൻ ചെറുങ്ങോരൻ തയ്യാറല്ല. അയാൾ കേസുമായി മുന്നോട്ടുപോകാൻ തന്നെ തീരുമാനിക്കുകയാണ്. പഴയകാല സാമൂഹിക വ്യവസ്ഥിയിൽ നിന്നുള്ള പുരോഗതി ഈ കഥ അടയാളപ്പെടുത്തുന്നു. കുടിയൊഴിപ്പിക്കാൻ വരുന്ന ജന്മിക്കുനേരെ കേസുകൊടുക്കാനും വാദിക്കാനും കുടികിടപ്പുകാരന് അവസരം കിട്ടുന്നുണ്ട്. മമതാബന്ധങ്ങൾ തിരിച്ചറിയാത്ത പുതുതലമുറയുടെ പ്രതീകമായി അയാളുടെ മകൻ പ്രത്യക്ഷപ്പെടുന്നു. പണത്തിന് പ്രാമുഖ്യം കല്പിക്കുന്ന തലമുറയുടെ പ്രതീകമാണയാൾ.

മക്കളുണ്ടാക്കിയ സാമ്പത്തിക പരാധീനയാണ് ഗിരിജാവല്ലഭമേനോനെ വീടും പറമ്പും വിൽക്കാൻ പ്രേരിപ്പിക്കുന്നത്. അതു വാങ്ങുന്ന കോടീശ്വരൻ എ.കെ. താൻ ജോലിയിൽ നിന്നും പിരിച്ചുവിട്ട അച്ചൻകുഞ്ഞാണെന്നറിയുമ്പോൾ മേനോൻ തകർന്നുപോകുന്നു. വാമനനായി അച്ചൻകുഞ്ഞ് തന്നെ ചവിട്ടിത്താഴ്ത്തുകയാണെന്ന് അയാൾക്ക് തോന്നി. ജോലിയിലെ സത്യസന്ധത മേനോനെ റിട്ടയർമെന്റു ജീവിതത്തിൽ തുണയ്ക്കുന്നില്ല. ലോഡ്ജും റെസ്റ്റോറന്റും സ്വിമ്മിംഗ്പൂളുമായി മാറാൻ പോകുന്ന വീടും പറമ്പും അയാളെ വേദനിപ്പിക്കുന്നു. മുതലാളിത്തത്തിന്റെ വളർച്ച സത്യസന്ധരായവരെ ബാധിക്കുന്നത് ഈ കഥയിലുണ്ട്. അന്തർദേശീയ ക്ലബ്ബിൽ അംഗമാകൽ അത്ര അത്യാവശ്യമുള്ളതല്ല. ഉപഭോഗസംസ്കാരത്തിന്റെയും സ്വകാര്യവത്ക്കരണത്തിന്റെയും വളർച്ച ഗിരിജാവല്ലഭമേനോന്റെ സാമ്പത്തികസ്ഥിതിയെ ദോഷമായി ബാധിക്കുന്നത് കാണാം. ആഗോളീകരണത്തിന്റെ ഭാഗമായി വളർന്നുവരുന്ന ടൂറിസം വീടുകളെ റിസോർട്ടാക്കി മാറ്റുന്നത് കഥയിലുണ്ട്.

**5.2.4.2. ചൂഷണം ചെയ്യപ്പെടുന്ന വൃദ്ധകൾ:**

**5.2.4.2.1. ചന്ദ്രമതിയുടെ 'റിട്രീറ്റ്':**

വൃദ്ധയെ സ്വന്തം കാര്യലാഭത്തിനുപയോഗിക്കുന്ന ചെറുപ്പക്കാരാണ് ചന്ദ്രമതിയുടെ 'റിട്രീറ്റ്' എന്ന കഥയിലുള്ളത്.

ഈ കഥയിലെ വൃദ്ധയെ മകന്റെ സുഹൃത്തുക്കൾ എന്ന പേരിൽ വരുന്ന ചെറുപ്പക്കാർ പറ്റിക്കുകയാണ്. അവരുടെ അവിഹിതബന്ധങ്ങൾക്കുള്ള സുരക്ഷിതമായ ഒരു താവളം മാത്രമാണ് ഒറ്റപ്പെട്ടുകിടക്കുന്ന വൃദ്ധയുടെ കുടിൽ. മകൻ വരുമെന്ന പ്രതീക്ഷയും വിലകുറഞ്ഞ പുതപ്പും മാത്രമാണ് അവരുടെ ആതിഥ്യത്തിനു പകരമായി ചെറുപ്പക്കാർ നൽകുന്നത്. ഉത്തരേന്ത്യയിൽ ജോലിക്കുപോയ വൃദ്ധയുടെ മകന് എന്തുപറ്റി എന്ന് കഥയിലില്ല. തൊഴിലാളിയായ അയാൾ അപകടത്തിൽ മരിച്ചിരിക്കാം എന്ന സൂചന അമ്മയുടെ അവസാനിക്കാത്ത കാത്തിരിപ്പിൽ തെളിയുന്നു.

**5.2.5. വാശിക്കാരായ വൃദ്ധർ:**

വാശി വയസ്സായവരിലുമുണ്ട്. സ്വന്തം നന്മയ്ക്കായിപ്പോലും മറ്റുള്ളവരെ അനുസരിക്കുക ബുദ്ധിമുട്ടായിത്തീരുന്നു. ഇത്തരത്തിലുള്ള കഥയാണ് സി.വി. ബാലകൃഷ്ണന്റെ 'മാതളനാരകങ്ങൾ ഇപ്പോഴും പൂക്കാറുണ്ട്. ഈ കഥയല്ലാതെ വൃദ്ധകളുടെ കഥകൾ ഈ വിഭാഗത്തിലില്ല.

**5.2.5.1. സി.വി. ബാലകൃഷ്ണന്റെ 'മാതളനാരകങ്ങൾ ഇപ്പോഴും പൂക്കാറുണ്ട്':**

ഈ കഥയിലെ അച്ഛൻ അമ്മയുടെ മരണശേഷം വീട്ടിൽ ഒറ്റയ്ക്കു താമസിക്കുന്നു. മകൻ എത്ര വിളിച്ചിട്ടും കൂടെച്ചെല്ലാൻ തയ്യാറാകുന്നില്ല. മരിച്ചുപോയ ഭാര്യയുടെ സാമീപ്യം നിരന്തരം ഓർമ്മപ്പെടുത്തുന്ന മാതളനാരകങ്ങളെ ഉപേക്ഷിക്കാൻ അച്ഛൻ

തയ്യാറല്ല. മകന്റെ അപേക്ഷകൾ അച്ഛന്റെ വാശിക്കുമുമ്പിൽ ഒന്നുമല്ലാതാകുന്നു. ഭാര്യയുടെ ഓർമ്മകളിൽ ജീവിക്കാനാണ് ഭർത്താവ് ആഗ്രഹിക്കുന്നത്. മകന്റെ കൂടെ നഗരത്തിലുള്ള താമസം തനിക്ക് സംതൃപ്തി നൽകില്ല എന്ന് അച്ഛനറിയാം. ഭാര്യയോടുള്ള സ്നേഹക്കൂടുതൽ ആണ് അച്ഛന്റെ തീരുമാനത്തിനു പിന്നില്ലെങ്കിലും മകനെപ്പറ്റി അപവാദം പറയാനിടയുള്ളവരെപ്പറ്റിയുള്ള ചിന്തയാണ് മകന്റെ നിർബ്ബന്ധത്തിനു പിന്നിൽ എന്നു കാണാം.

### 5.2.6. വാർദ്ധക്യത്തെ പ്രതിരോധിക്കുന്നവർ:

യു.കെ. കുമാരന്റെ കുടുംബപുരാണം, ഒരു ദേശാടനത്തിന്റെ കഥ, പിന്നോട്ട്, പ്രിയപ്പെട്ട അരവിയേട്ടൻ, കാഴ്ചകൾ മങ്ങുന്നു, ടി.വി. കൊച്ചുബാവയുടെ പടിവാതിൽ, സി.വി. ശ്രീരാമന്റെ 'മുത്തശ്ശിയുടെ മരണം' എന്നീ കഥകളാണ് പരിശോധിക്കുന്നത്.

#### 5.2.6.1. വാർദ്ധക്യത്തെ പ്രതിരോധിക്കുന്ന വൃദ്ധന്മാരുടെ കഥകൾ:

കുടുംബപുരാണം, ഒരു ദേശാടനത്തിന്റെ കഥ, പിന്നോട്ട്, പ്രിയപ്പെട്ട അരവിയേട്ടൻ, കാഴ്ചകൾ മങ്ങുന്നു, ടി.വി. കൊച്ചുബാവയുടെ പടിവാതിൽ എന്നീ കഥകൾ വിശകലനം ചെയ്യുന്നു.

##### 5.2.6.1.1. യു.കെ. കുമാരന്റെ കഥകൾ:

കുടുംബപുരാണം, ഒരു ദേശാടനത്തിന്റെ കഥ, പിന്നോട്ട്, പ്രിയപ്പെട്ട അരവിയേട്ടൻ, കാഴ്ചകൾ മങ്ങുന്നു എന്നീ കഥകൾ വിശകലനം ചെയ്യുന്നു. 'കുടുംബപുരാണം' എന്ന കഥയെ അളിഞ്ഞ കാര്യങ്ങൾ പറയുന്ന ഒരു കഥയായിട്ടാണ് എം.എം. ബഷീർ കാണുന്നത് (2009:414). സ്വാർത്ഥരായ മക്കൾക്കിടയിലേക്ക് പുനർവിവാഹം കഴിച്ചുവരാൻ പുറ

പ്പെടുന്ന സ്വാതന്ത്ര്യസമരസേനാനിയായ നാണപ്പേട്ടനാണ് ഈ കഥയിലുള്ളത്. തന്നെ വഞ്ചിച്ച ഭാര്യയെ കൊന്ന് സ്വത്ത് മക്കൾക്കെഴുതി വച്ചയാളാണ് നാണപ്പേട്ടൻ. സദാചാരത്തെപ്പറ്റി പ്രസംഗിക്കുന്നവരും അതില്ലാത്തവരുമായ മക്കൾക്കിടയിലേക്ക് ഒരു നക്ഷത്രവേശ്യയെ കൊണ്ടുവന്നാൽ  പ്രശ്നമില്ലെന്ന് ചിന്തിക്കുന്നു വൃദ്ധൻ. നാണപ്പേട്ടന്റെ എല്ലാ വിവാഹവും മുടക്കിയ മക്കൾ ഈ വിവാഹാലോചനയും മുടക്കുമോ, നാണപ്പേട്ടൻ  വിവാഹിതനാവുമോ തുടങ്ങിയ ചോദ്യങ്ങൾ വായനക്കാർക്കു മുമ്പിൽ വച്ചിട്ടാണ് കഥാകൃത്ത് കഥയവസാനിപ്പിക്കുന്നത്. മലയാളിയുടെ സദാചാരബോധത്തിന്റെ കാപട്യം വ്യക്തമാക്കാൻ നാണപ്പേട്ടന് കഴിയുന്നുണ്ട്. ഭാര്യയിൽനിന്നും സ്വാതന്ത്ര്യം നേടിയ നാണപ്പേട്ടൻ മക്കളിൽ നിന്നുകൂടി അതാഗ്രഹിക്കുന്നു. ബ്രിട്ടീഷുകാരിൽനിന്നും നേടിയ സ്വാതന്ത്ര്യം സ്വന്തം വീട്ടിൽ ലഭിക്കാത്ത ഒരവസ്ഥയും കാണുന്നുണ്ട്.

ആർക്കുവേണ്ടിയും അനാവശ്യമായി ചെലവു ചെയ്യാത്ത കോരുമൂപ്പരുടെ സ്വഭാവത്തിൽ വന്ന അതിശയമാകരമായ മാറ്റമാണ് സ്വന്തം വിൽപ്പത്രം. തന്റെ മരണശേഷം ശവം മെഡിക്കൽകോളേജിനു കൊടുക്കാൻ നാട്ടിലെ കോളജദ്ധ്യാപകന്റെ സഹായം തേടുകയാണ് കോരുമൂപ്പർ. വാർദ്ധക്യത്തെയും ശരീരത്തെയും അങ്ങനെ അതിജീവിക്കുകയാണ് വൃദ്ധൻ. കോരുമൂപ്പരെപ്പോഴും പറയാറുള്ള ദീർഘയാത്ര മരണമാണെന്ന് അദ്ധ്യാപകന് മനസ്സിലാകുന്നു. പിശുക്കനായ കോരു മൂപ്പർ കാറുവാങ്ങുന്നതും പലരെയും ദൂതരായി അയക്കുന്നതും അന്ത്യാഭിലാഷം നിറവേറ്റുന്നതിനുള്ള ആകാംക്ഷയാണ് കാണിക്കുന്നത്. ആർക്കു മുന്നിലും കീഴടങ്ങാനിഷ്ടമില്ലാത്ത കോരു മൂപ്പരെയാണ് 'ഒരു ദേശാടനത്തിന്റെ കഥ'യിൽ കാണുന്നത്. വൃദ്ധന്മാരുടെ മാറിയ ചിന്താഗതി ഈ കഥയിലുണ്ട്.

'പിന്നോട്ട്' എന്ന കഥയിലെ വൃദ്ധനായ അച്ഛൻ ബാല്യത്തിലേക്ക് തിരിച്ചു പോവുകയാണ് ചെയ്യുന്നത്. അതേസമയം അച്ഛനേക്കാൾ പ്രായമായ അദ്ധ്യാപകൻ പഞ്ചാ

യത്തു പ്രസിഡണ്ടായി കഴിയുന്നു. അദ്ധ്യാപകനായ അച്ഛന്റെ മനസ്സ് കുട്ടികളുമായി താദാത്മ്യം പ്രാപിക്കുകയാണ്. റിട്ടയറായ അച്ഛൻ താൻ പഠിപ്പിച്ചിരുന്ന സ്കൂളിലേയ്ക്ക് സ്ലേറ്റുമായി പോകുമ്പോൾ ബാല്യത്തിലേയ്ക്കുള്ള തിരിച്ചുനടത്തം പൂർത്തിയാകുന്നു. അച്ഛന്റെ സ്വഭാവചിത്രീകരണത്തിലൂടെ വാർദ്ധക്യത്തിന്റെ സ്വാഭാവികമായ ഒരവസ്ഥ അവതരിപ്പിക്കുകയാണ് ഈ കഥയിൽ.

'പ്രിയപ്പെട്ട അരവിയേട്ടൻ' എന്ന കഥയിലെ സദ്ഗുണസമ്പന്നനും ആദർശനിഷ്ഠ നുമായ അരവിന്ദൻ എന്ന അരവിയേട്ടൻ റിട്ടയറായതോടെ വിപരീതമായ സ്വഭാവം കാണിക്കാൻ തുടങ്ങുകയാണ്. നിരീശ്വരവാദി ഈശ്വരവാദിയാകുന്നു. മദ്യപിക്കാത്ത യാൾ ബാറിൽപ്പോയി ബഹളമുണ്ടാക്കുന്നു. സിഗരറ്റു വലിക്കുന്നു. അവസാനം വ്യഭി ചരിക്കാൻ ഹോട്ടലിൽ മുറിയെടുക്കുന്നു. ഉപബോധമനസ്സിൽ അമർന്നുകിടന്ന വികാ രവിചാരങ്ങൾ ഒന്നാകെ പുറത്തുവരുമ്പോൾ ആരാധിച്ചിരുന്നവർ അകന്നു മാറുകയാണ്. ആദർശത്തോടുള്ള മനുഷ്യന്റെ സമീപനരീതിയാണ് മറ്റുള്ളവരുടെ പെരുമാറ്റത്തിൽ നിന്നും മനസ്സിലാവുന്നത്. അരവിയേട്ടന്റെ മാറ്റം ഗുണഫലമല്ല ഉണ്ടാക്കുന്നത്. ബാഹ്യ മായ ആദർശത്തിൽ ആകൃഷ്ടരാവുന്ന ആളുകളുടെ സ്വഭാവവിശേഷം ഇവിടെ കാണാം. ഭർത്താവിന്റെ മാറ്റത്തിൽ ഭാര്യക്ക് ആശ്വാസമാണ്. മനുഷ്യസാധാരണമായ പെരുമാറ്റ മായിട്ടാണ് അവരതു കണക്കാക്കുന്നത്. ആഖ്യാതാവ് മാറി നിന്ന് കഥ പറയുന്നത് അരവിന്ദൻ എന്ന കഥാപാത്രത്തെ കൂടുതൽ അടുത്തറിയാൻ സഹായിക്കുന്നു.

'കാഴ്ചകൾ മങ്ങുന്നു' എന്ന കഥ പ്രഥമ പുരുഷ വീക്ഷണത്തിലുള്ളതാണ്. നഗര ത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥലത്തുള്ള കടയും വില്പനക്കാരനും 'അയാളുടെ ദൃഷ്ടിയിലൂടെയാണ് അവതരിക്കുന്നത്. ഉപയോഗശൂന്യമായ മരുന്നുകൾ വില്പ്പനക്കു വച്ച കട വില്പനക്കാരൻ ദരിദ്രനാണെന്ന ചിന്ത പരത്താൻ സഹായിക്കുന്നു. വൃദ്ധനെ സഹായിക്കാനുള്ള സന്മനസ്സു പോലും അയാൾക്കുണ്ട്. വൃദ്ധൻ ഒരു വിദേശകാറിൽ

കയറിപ്പോയതിനുശേഷം പത്രത്താളിൽ മൂന്നുകോളം നിറഞ്ഞു നിൽക്കുന്ന അയാളുടെ ഫോട്ടോയും സഞ്ചയന അറിയിപ്പുമാണ് കാണുന്നത്. അമേരിക്കയിൽ ഡോക്ടർമാരും ബ്രിട്ടനിൽ ശാസ്ത്രജ്ഞനും റഷ്യയിൽ ബിസിനസുകാരനുമായ നാലു മക്കളുള്ളയാളാണ് വൃദ്ധൻ എന്നറിയുമ്പോൾ അയാൾക്ക് അവിശ്വസനീയത തോന്നുന്നു. വൃദ്ധന്റെ നഗരത്തിലെ കട ജനങ്ങളുമായുള്ള സഹവാസത്തിനുള്ള ആഗ്രഹത്തെയാണ് സൂചിപ്പിക്കുന്നത്. വെറുതെ വീട്ടിലിരിക്കുന്നതിനേക്കാൾ ജനങ്ങളെ കാണുന്നത് മാനസികവും ശാരീരികവുമായ ഒരു ആവശ്യമായി മാറുന്നുണ്ട്. ഉപജീവനത്തിനായി ഒന്നും വിൽക്കേണ്ടയാവശ്യം അയാൾക്കില്ലാത്തതുകൊണ്ടാണ് ഉപയോഗശൂന്യമായ സാധനങ്ങൾ കടയിൽ അതു പോലിരിക്കുന്നത്. വൃദ്ധന്റെ സ്ഥാനവും അവയ്ക്കൊപ്പമാണ്. നിശബ്ദമായ വൃദ്ധന്റെയിരുപ്പിൽ ഒറ്റപ്പെടലും ദൃശ്യമാണ്. മക്കളുടെ ഉന്നത നില കൊണ്ട് നാട്ടിലെ അച്ഛന് ഒറ്റപ്പെടൽ ഇല്ലാതാകുന്നില്ല.

**5.2.6.1.2. ടി.വി. കൊച്ചുബാവയുടെ 'പടിവാതിൽ':**

ഈ കഥയിലെ വൃദ്ധനായ അച്ഛനെക്കൊണ്ട് രണ്ടാം വിവാഹം കഴിപ്പിക്കുന്ന മക്കൾ അതിലൊരു കുട്ടിയുണ്ടാകുന്നതിനെപ്പറ്റി ചിന്തിക്കുന്നില്ല. രണ്ടാനമ്മയുടെ കുട്ടിക്ക് സ്വത്തുഭാഗിച്ചുപോകുമോ എന്ന ചിന്തകൊണ്ട് മക്കൾ അവരുടെ ഗർഭം അലസിപ്പിക്കുന്നു. വീണ്ടും ഗർഭിണിയായ രണ്ടാനമ്മയെയും കൊണ്ട് അച്ഛൻ വീടുവിടുകയാണ്. പ്രശ്നം സ്വത്തായതിനാൽ എല്ലാം മക്കൾക്കു ഭാഗിച്ചുകൊടുത്ത് സ്വന്തം ജീവിതം സുരക്ഷിതമാക്കാനാണ് അയാൾ ആഗ്രഹിക്കുന്നത്. വാർദ്ധക്യജീവിതം തളരാത്ത ഒന്നാക്കി അതിജീവിക്കാനുള്ള ശ്രമം ഈ കഥയിലുണ്ട്.

**5.2.6.2. വാർദ്ധക്യത്തെ പ്രതിരോധിക്കുന്ന വൃദ്ധകളുടെ കഥകൾ:**

'മുത്തശ്ശിയുടെ മരണം' എന്ന ഒരു കഥ മാത്രമേ ഈ വിഭാഗത്തിൽ ലഭിച്ചിട്ടുള്ളൂ.

**5.2.6.2.1. സി.വി. ശ്രീരാമന്റെ 'മുത്തശ്ശിയുടെ മരണം':**

സി.വി. ശ്രീരാമന്റെ 'മുത്തശ്ശിയുടെ മരണം' എന്ന കഥയിലെ എഴുപതു കഴിഞ്ഞ മുത്തശ്ശി അവശയോ പരാതി പറയുന്നവളോ ഒറ്റപ്പെട്ടവളോ അല്ല. ചെയർമാൻ കെ. സി.സി.ഡി.എം.സി. ആയ മുത്തശ്ശിയെ മുത്തശ്ശിയെ മുത്തശ്ശിയായി അംഗീകരിക്കാൻ പേരക്കുട്ടിയായ മിനിക്ക് കഴിയുന്നില്ല. ഈ കുട്ടിയിലൂടെയാണ് പുതിയ മുത്തശ്ശിയെ അവതരിപ്പിക്കുന്നത്. അവളുടെ ഭാവനയിലെ മുത്തശ്ശിമാർ ടിവിയിലെ സീരിയൽ മുത്തശ്ശിമാരാണ്. ഡോലിയിൽ നിന്നും മക്കൾ താങ്ങിയിറക്കുന്ന മുത്തശ്ശിക്കു പകരം കാറിൽ നിന്നിറങ്ങി നടന്നുവരുന്ന ഒരാളെ സങ്കല്പിക്കാൻ അവൾക്കാവുന്നില്ല. ആ നിമിഷം മിനിയുടെ ഉള്ളിൽ മുത്തശ്ശി മരിക്കുകയാണ്.

കഥയുടെ അവസാനഭാഗത്തേ മുത്തശ്ശി കടന്നുവരുന്നുള്ളൂ. പല്ലുകൊഴിഞ്ഞ, പഞ്ഞി പോലെ നരച്ച തലമുടിയുള്ള, കണ്ണടവച്ച, വിറയലുള്ള മുത്തശ്ശിക്കുപകരം കഥയിൽ കടന്നുവരുന്ന സിൽക്കുസാരിയുടുത്ത, മുടികറുപ്പിച്ച, ബ്യൂട്ടി പാർലറിന്റെ മണമുള്ള മുത്തശ്ശി വാർദ്ധക്യത്തെ പ്രതിരോധിക്കുന്നവളാണ്. കുട്ടിയുടെ ഭാവനയിലുള്ള മാതൃകാമുത്തശ്ശിമാർ സീരിയലിലെയും സിനിമയിലെയും ടൈപ്പുകളാണ്. സ്ത്രീയുടെ വാർദ്ധക്യത്തെ അവശമായി മാത്രം ചിത്രീകരിക്കുന്നതിനെതിരെയാണ് കഥ നിലകൊള്ളുന്നത്.

**5.2.7. പ്രവാസികളായ മക്കളുള്ള വൃദ്ധർ:**

മറുനാടുകളിൽ ജോലിയുള്ള മക്കൾ വൃദ്ധകളുടെ ജീവിതത്തെ ഏതു രീതിയിൽ ബാധിക്കുന്നു എന്നു നോക്കിക്കാണുന്നു. ചന്ദ്രമതിയുടെ വരും; വരാതിരിക്കില്ല. അന്തിക്കൂട്ട് എന്നീ കഥകൾ പരിശോധിക്കുന്നു. ഈ വിഭാഗത്തിൽ വൃദ്ധന്മാരുടെ കഥകളൊന്നും ലഭിച്ചിട്ടില്ല.

**5.2.7.1. ചന്ദ്രമതിയുടെ വരും; വരാതിരിക്കില്ല, അന്തിക്കൂട്ട്:**

ഈ കഥകളിലെ അമ്മമാരുടെ മക്കൾ മറുനാടുകളിൽ ജോലിയുള്ളവരാണ്. ആദ്യ കഥയിലെ അപ്പനമ്മമാർ വൃദ്ധമന്ദിരത്തിലാണ്. ഭർത്താവ് അവറാച്ചന്റെ ശവസംസ്കാരം നടത്താൻ മക്കൾ വരുന്നതും നോക്കിയിരിക്കുന്ന റെയ്ച്ചൽ. മക്കൾ വന്നില്ലെങ്കിലും പണം അയച്ചില്ലെങ്കിലോ എന്നു പരിഭ്രമിക്കുന്ന വൃദ്ധമന്ദിരം നടത്തിപ്പുകാർ. പലതരം തിരക്കിൽപ്പെട്ട മക്കൾക്ക് വരാനാകില്ല എന്നത് കമ്മിറ്റിയംഗങ്ങൾക്ക് ഫോൺ സന്ദേശമായി ലഭിക്കുന്നു. അവധിയൊപ്പിക്കാൻ അപ്പനും അമ്മയും കാർ ആക്സിഡന്റിൽ മരിച്ചുപോയതായി നേരത്തെ പറഞ്ഞുപോയതിനാൽ നാട്ടിൽ വരാൻ പറ്റാത്ത മൂത്തമകൻ അമ്മച്ചി മരിച്ചാൽ വിവരം അറിയിക്കുകകൂടി വേണ്ടെന്ന് അവരെ ഓർമ്മിപ്പിക്കുന്നു. ഈ വസ്തുതയൊന്നും മക്കളുടെ വലിപ്പത്തെപ്പറ്റി പറയുന്ന അമ്മ അറിയുന്നില്ല. വൃദ്ധരായ രക്ഷിതാക്കളെ ഭാരമായും കാര്യലാഭത്തിനുവേണ്ടിയും മാത്രം കാണുന്ന മക്കളുടെ പ്രതിനിധികളാണ് ഈ കഥയിലുള്ളത്. അത്തരം ഒരു കാലത്തെയാണ് ഈ കഥ കുറിക്കുന്നത്. *"വയോജനങ്ങളെ സമൂഹത്തിന്റെ ഓരങ്ങളിലേയ്ക്ക് തള്ളിനീക്കുന്ന കാഴ്ചപ്പാടാണ് വൃദ്ധസദനങ്ങളുടെ നിർമ്മിതിയിലേയ്ക്ക് നയിക്കുന്നത്"* എന്ന മാതൃഭൂമി പത്രത്തിന്റെ എഡിറ്റോറിയൽ ഇത്തരം രക്ഷിതാക്കളുടെ ദയനീയതയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നതാണ് (ഒക്ടോബർ 2015).

'അന്തിക്കൂട്ട്' എന്ന കഥയിൽ വിധവയായ അമ്മയുടെ ബാദ്ധ്യത ഒഴിവാക്കാൻ തത്രപ്പെടുന്ന മക്കളാണ് ഉള്ളത്. ചിന്ത അമ്മയുടെ പുനർവിവാഹത്തിൽ ചെന്നു തട്ടിയെങ്കിലും സ്ത്രീധനം കൊടുക്കാൻ ആരും തയ്യാറാവുന്നില്ല. അലസിപ്പോയ ഇത്തരം ആലോചനകളൊന്നും അമ്മ അറിയുന്നില്ല. വൃദ്ധസദനത്തിലാക്കാൻ വിചാരിച്ചില്ലല്ലോ എന്ന് കഥാകാരി പരിഹാസമായി പറയുന്നുണ്ട്. മക്കളുടെ ജീവിതത്തിരക്കിലേയ്ക്കു കടന്നുചെല്ലാൻ അമ്മയ്ക്ക് മടിയുണ്ട്. ഈ വിവരം മക്കൾക്ക് ആശ്വാസം നല്കുന്നു.

വയസ്സായ രക്ഷിതാക്കളോട് മക്കളുടെ പെരുമാറ്റം ആക്ഷേപഹാസ്യം ഉപയോഗിച്ച് ആഖ്യാനം ചെയ്തിരിക്കുന്ന കഥകളാണിവ.

**5.2.8. വാർദ്ധക്യ ലൈംഗികത:**

മനുഷ്യന്റെ അബോധമനസ്സിൽ ഉറങ്ങിക്കിടക്കുന്ന അടിച്ചമർത്തപ്പെട്ട ലൈംഗികാസക്തി കഥകൾക്ക് വിഷയമായിട്ടുണ്ട്. സി.വി. ബാലകൃഷ്ണന്റെ 'ഉറങ്ങാൻ വയ്യ', ടി. വി. കൊച്ചുബാവയുടെ 'സ്വർഗ്ഗാരോഹണം' എന്നീ കഥകളാണ് അപഗ്രഥിക്കുന്നത്. സ്ത്രീകഥകളൊന്നും ലഭിച്ചിട്ടില്ല. 'സ്വർഗ്ഗാരോഹണത്തിൽ പ്രാതിനിധ്യം വരുന്നുണ്ടെന്നു മാത്രം.

**5.2.8.1. സി.വി. ബാലകൃഷ്ണന്റെ 'ഉറങ്ങാൻ വയ്യ':**

'ഉറങ്ങാൻ വയ്യ' എന്ന കഥ ധാരാളം പഠനങ്ങൾക്കു വിധേയമായിട്ടുള്ളതാണ്. തോക്കുധാരിയായ വൃദ്ധനും നിർവ്വികാരയായ ഭാര്യയും കാടിനടുത്ത വീട്ടിൽ ഒറ്റയ്ക്കു പാർക്കുന്നു. കാട്ടുചോലയിൽ ഉല്ലസിക്കാൻ വന്ന യുവമിഥുനങ്ങളുടെ കേളികൾ വൃദ്ധന്റെ മനസ്സുണർത്തി. മഴയിൽ നിന്നു രക്ഷ നേടാൻ വൃദ്ധന്റെ വീടിനെയാശ്രയിച്ച ചെറുപ്പക്കാരുടെ ഉറക്കറയിൽ ഒളിഞ്ഞുനോക്കുന്ന വൃദ്ധനെ ഭാര്യ കണ്ടുപിടിക്കുന്നു. തോക്കുകൊണ്ട് അവരുടെ തലയ്ക്ക് മാരകമായി മുറിവേൽപ്പിച്ച വൃദ്ധൻ ഇരുട്ടിലേക്കിറങ്ങി ഓടുകയാണ്. ഭാര്യയുടെ കുറവുകൾ കണ്ടുപിടിക്കുന്ന സ്വഭാവം, അതൃപ്തമായ മനസ്സ്, വേട്ടയാടാനുള്ള ഉത്സാഹം തുടങ്ങിയതെല്ലാം വൃദ്ധന്റെയുള്ളിൽ അടക്കിവച്ച ലൈംഗികവാഞ്ഛയുടെ പ്രകടനങ്ങളാണ്. നിർവ്വികാരയായ ഭാര്യ അയാളിൽ വെറുപ്പ് മാത്രമേ സൃഷ്ടിക്കുന്നുള്ളൂ. അസംതൃപ്തമായ ദാമ്പത്യം വൃദ്ധനിൽ ആസക്തിയും അസ്വസ്ഥതയും വളർത്തുന്നുണ്ട്. വാർദ്ധക്യത്തെ വിലവയ്ക്കാതെ വൃദ്ധന്റെ മുമ്പിൽ പ്രണയ

ചാപല്യം കാട്ടുന്ന ചെറുപ്പക്കാർ ദുരന്തത്തിന്റെ തീവ്രത കൂട്ടുന്നു. ഒറ്റപ്പെട്ട വീടും ചുറ്റു മുള്ള കാടും മഴയും ലൈംഗികവികാരത്തെ ഉദ്ദീപിപ്പിക്കുന്നവയാണ്. ഈ കഥയെ മികച്ച ലൈംഗികാഖ്യാനമായി 'അനുഭവബോധത്തിന്റെ വികാസം' എന്ന പേരിൽ സി.വി. ബാലകൃഷ്ണന്റെ 'കഥ' എന്ന സമാഹാരത്തിനെഴുതിയ കുറിപ്പിൽ കെ.പി. അപ്പൻ വിലയിരുത്തുന്നു (1999:?).[9] ശബ്ദഗന്ധബിംബങ്ങളുടെ ഉണരുന്ന ജീവിതേച്ഛ യാണ് ഈ കഥയിൽ എൻ. ശശിധരന് കാണാൻ കഴിയുന്നത് (1993:18.)[10]. ആകസ്മിക മായ പ്രകോപനമാണ് വൃദ്ധന്റെ കെട്ടി നിർത്തിയ ലൈംഗികതൃഷ്ണയെ ആളിപ്പടർത്തി യതെന്ന് വി. രാജകൃഷ്ണൻ നിരീക്ഷിക്കുന്നു (സി.വി. ബാലകൃഷ്ണൻ, 1997:51). വാർദ്ധ ക്യത്തിലെ അസംതൃപ്തമായ ലൈംഗികതയെ ഉണർത്തുന്ന കഥയായിട്ടു തന്നെയാണ് 'ഉറങ്ങാൻ വയ്യ' എന്ന കഥയെ കാണാൻ കഴിയുന്നത്. *"അധികം പ്രായാധിക്യമുള്ളവ രിലും ഉന്മേഷപ്രദമായ ഊർജ്ജസ്വലമായ ജീവിതം കൈവരുന്നതിന് വേണ്ടവിധത്തി ലുള്ള ലൈംഗിക ഉത്തേജനവും പ്രവർത്തനങ്ങളും ആവശ്യമാ"*ണെന്ന എസ്. ശാന്ത കുമാറിന്റെ അഭിപ്രായം ഇവിടെ യോജിച്ചിരിക്കുന്നു (2006:75.). വൃദ്ധന്റെ പെട്ടെന്നുള്ള പ്രകോപനത്തിനും നിലതെറ്റിയ പെരുമാറ്റത്തിനും ലൈംഗികജീവിതത്തിന്റെ അഭാവം കാരണമായിട്ടുണ്ട്.

**5.2.8.2. ടി.വി. കൊച്ചുബാവയുടെ 'സ്വർഗ്ഗാരോഹണം':**

വൃദ്ധദമ്പതികളുടെ കഥയാണ് ഇത്. നാടോടിക്കഥയിലെ മുയലിനെ പിടിക്കാൻ കുള ത്തിൽ ചാടിയിരുന്ന ബാല്യാവസ്ഥയിലേക്ക് ചുരുങ്ങുന്ന അപ്പൂപ്പനും പുണ്യവാളൻമാ രുടെ ലോകത്തുകഴിയുന്ന അമ്മൂമ്മയും. വ്യത്യസ്ത പ്രകൃതികളായ ഇവരെ ഇഷ്ട പ്പെട്ടി ജീവിക്കാൻ വിടുന്ന മകൻ. അതിനുവേണ്ടി തന്റെ മക്കളെ അയാൾ നിയോഗി ക്കുന്നു. അപ്പൂപ്പനിൽ നിന്നും മനഃപൂർവ്വം അകലം പാലിക്കുന്ന അമ്മൂമ്മ പ്രാഥമികവി

കാരങ്ങളെ അടക്കുന്നവളാണ്. അപ്പൂപ്പന് യുവതിയായിക്കൊണ്ടിരിക്കുന്ന അമ്മൂമ്മയെ കാണാൻ പേരക്കുട്ടികൾ അവസരം സൃഷ്ടിക്കുന്നതുവരെ കഥാന്തരീക്ഷം ശുഭകര മാണ്. യുവത്വം തിരിച്ചുകിട്ടിയ അപ്പൂപ്പനും അമ്മൂമ്മയും അതാഘോഷിക്കുമ്പോൾ ഭക്തികൊണ്ടോ ബാലചാപല്യം കൊണ്ടോ ലൈംഗികാസക്തിയെ ഒരു പരിധിവരെയേ അടക്കിനിർത്താൻപറ്റൂ എന്ന് വ്യക്തമാവുകയാണ്. *"സാധാരണ രീതിയിലുള്ള ലൈംഗി കപ്രവർത്തനം പ്രായാധിക്യം കൈവന്നവരുടെയും ആരോഗ്യകരമായ ജീവിതത്തിന് ആവശ്യമാണ്"* എന്ന എസ്. ശാന്തകുമാറിന്റെ നിരീക്ഷണം വൃദ്ധദമ്പതികളുടെ പെരു മാറ്റത്തിനുന്യായീകരണം നൽകുന്നു (ടി:70).

**5.2.9. നിസ്സഹായരായ വൃദ്ധർ:**

വാർദ്ധക്യത്തിന്റെ ഫലമായുള്ള നിസ്സഹായത അലട്ടുന്ന കഥകളാണ് ഈ വിഭാഗ ത്തിൽ പെടുത്തുന്നത്. യു.കെ. കുമാരന്റെ 'രണ്ടു പിതാമഹന്മാർ', സാറാജോസഫിന്റെ 'എഴുതിമായ്ക്കുന്നു ലോകവും', അഷിതയുടെ 'തഥാഗത' എന്നീ കഥകൾ ഇവിടെ വരുന്നു.

**5.2.9.1. നിസ്സഹായരായ വൃദ്ധന്മാർ:**

ഈ വിഭാഗത്തിൽ ഒരു കഥയേ ലഭിച്ചിട്ടുള്ളൂ.

**5.2.9.1.1. യു.കെ. കുമാരന്റെ 'രണ്ടു പിതാമഹന്മാർ':**

സ്വയംകൃതാനർത്ഥത്തിന്റെ ഫലമായി ദുഃഖം അനുഭവിക്കേണ്ടിവരുന്ന മൂന്നു വയ സ്സന്മാരെ ചിത്രീകരിക്കുന്നു. മക്കൾ അവരോട് നിന്ദാപൂർവ്വം പെരുമാറുന്നത് അവർ സ്വന്തം പിതാക്കന്മാരോട് ചെയ്തതിന്റെ പകരം വീട്ടലായി മാറുകയാണ്. ആ ഓർമ്മ

ഓരോ നിമിഷവും പുതുക്കൊണ്ടിരിക്കുമ്പോൾ 'അച്ഛൻപാള എനിക്ക് മുത്തച്ഛൻ പാള അച്ഛന്'. എന്ന ചൊല്ലിന്റെ ആവർത്തനമായി കഥ മാറുന്നു.

**5.2.9.2. നിസ്സഹായരായ വൃദ്ധകൾ:**

സാറാജോസഫിന്റെ 'എഴുതിമായ്ക്കുന്നു ലോകവും', അഷിതയുടെ 'തഥാഗത' എന്നീ കഥകൾ പരിഗണിക്കുന്നു.

**5.2.9.2.1. സാറാജോസഫിന്റെ 'എഴുതിമായ്ക്കുന്നു ലോകവും':**

പ്രശസ്തകവി കല്യാണിയമ്മ ശരീരം തളർന്ന് കിടപ്പാണ്. ആരെയും ബുദ്ധിമുട്ടിക്ക രുതെന്നാണ് അവരുടെ ആഗ്രഹം. എന്നാൽ അവരെ നോക്കാൻ നിൽക്കുന്ന കാർത്ത്യാ യനിക്ക് എപ്പോഴും മൂത്രം നനഞ്ഞ തുണി മാറ്റേണ്ടി വരുന്നു. അവരുടെ അവസാന കാല കവിതകൾ കാർത്ത്യായനിയുടെ തുപ്പൽകൊണ്ട് മായ്ക്കപ്പെട്ടപ്പോൾ കല്യാണി യമ്മ തന്റെ രോഗം തനിക്ക് നിഷേധിച്ചത് എന്തെന്നറിയുന്നു.

**5.2.9.2.2. അഷിതയുടെ 'തഥാഗത':**

ഈ കഥയിലെ അമ്മ മറവിയുടെ ലോകത്താണ് ജീവിക്കുന്നത്. അൽഷിമേർസ് എന്ന മറവിരോഗമാണ് അമ്മയ്ക്ക്. അപൂർവ്വമായി ഓർമ്മകളിലേക്ക് വരുന്ന അവർ ബാക്കി സമയത്തെല്ലാം മറവിയിലാണ്. ഡോക്ടർ പോലും നിസ്സഹായനാകുന്ന അവ സ്ഥയിൽ അമ്മയെ നന്നായി ശുശ്രൂഷിക്കുന്ന മകൾ. എന്നാൽ മരിച്ചുപോയ മകളെ യാണ് അമ്മ ജീവിച്ചിരിക്കുന്ന മകളിൽ കാണുന്നത്. അമ്മയുടെ കിടപ്പ്, നോട്ടം, മൗനം എന്നവയിലൂടെ കഥ സംവദിക്കുന്നു. വൃദ്ധരെ ഏറെ അലട്ടുന്ന രോഗമായിട്ടാണ് അൽഷി മേഴ്സ് വാർത്തകളിൽ ഇടംപിടിക്കുന്നത്. ശരീരത്തെ അലട്ടുന്ന ഈ രോഗം വ്യക്തിയെ

പ്രതിസന്ധിയിലാഴ്ത്തുന്നു. മകളുടെ സ്നേഹപൂർണ്ണമായ പരിചരണം എന്ന നന്മ കഥയിലുണ്ട്.

ഈ വൃദ്ധകളെ നിസ്സഹായരാക്കുന്നതിൽ രോഗം വലിയ പങ്ക് വഹിക്കുന്നുണ്ടെന്നു കാണാം.

**5.2.10. സാക്ഷികളായ വൃദ്ധർ:**

സി.വി. ശ്രീരാമന്റെ 'പൊന്തൻമാട' എന്ന കഥയാണ് ഈ വിഭാഗത്തിൽപെടുന്നത്. മറ്റദ്ധ്യായങ്ങളിലില്ലാത്ത വിഭാഗമാണിത്. സ്ത്രീകഥകൾ ഇല്ല.

**5.2.10.1. സി.വി. ശ്രീരാമന്റെ 'പൊന്തൻമാട':**

ഈ കഥയിലെ മാട ഏകാകിയാണ്. കാലത്തിന്റെ അനുകൂലമായ പരിവർത്തനത്തിന് സാക്ഷിയായിട്ടാണ് ശ്രീരാമൻ മാടയെ അവതരിപ്പിച്ചിരിക്കുന്നത്. പാടവും കൃഷിയും സ്വന്തമെന്നു കരുതി ജന്മിമാർക്കുവേണ്ടി വേലയെടുത്തിരുന്നവരുടെ പ്രതിനിധിയാണയാൾ. ഇംഗ്ലീഷ് ഭരണത്തിന്റെ അവശേഷിപ്പായ ശീമത്തമ്പുരാന്റെ വിയോഗം നിത്യവൃത്തിക്കായി പൂമുഖത്തെ കട്ടിളപ്പടിയിലെ പിച്ചളക്കെട്ടുവരെ അഴിച്ചുവിൽക്കുന്ന ജന്മിഗൃഹം, പാട്ടക്കൃഷിക്കാരുടെ വഴക്കിനെത്തുടർന്ന് കൃഷിയിറക്കാത്ത പാടം, തകർന്ന സ്വന്തം ദാമ്പത്യം ഇതിനെല്ലാം സാക്ഷിയായ മാടയിലൂടെ നാടിന്റെ ഈ മാറ്റം കാണിച്ചുതരികയാണ് സി.വി. ശ്രീരാമൻ.

**5.3. വാർദ്ധക്യാനുഭവം-സ്ത്രീപുരുഷവ്യത്യാസം:**

ഒറ്റപ്പെട്ട സ്ത്രീ-പുരുഷന്മാരുടെ കഥകൾ തന്നെയാണ് ആധുനികതയ്ക്കു ശേഷമുള്ള കഥകളിലും ഏറി നിൽക്കുന്നത്. 'ഇരകളായ വൃദ്ധർ' എന്ന വിഭാഗത്തിൽ വൃദ്ധ

കളുടെ കഥകൾ ലഭിച്ചിട്ടില്ല. പെൻഷൻ കഥ ഒന്നു മാത്രമേ ലഭിച്ചിട്ടുള്ളൂ. അത് വൃദ്ധൻ കഥാപാത്രമായതാണു താനും. മക്കൾ പ്രവാസികളായതുമൂലം വിഷമം അനുഭവിക്കുന്ന വൃദ്ധർ വളരെ കുറഞ്ഞു തുടങ്ങിയതായി കാണുന്നു. ഈ വിഭാഗത്തിൽ ഒരു സ്ത്രീകഥ മാത്രമേ ലഭിച്ചിട്ടുള്ളൂ.

പഴയമട്ടിൽ കുടുംബത്തിനു കീഴടങ്ങുന്ന സ്ത്രീകളാണ് സി.വി. ശ്രീരാമന്റെ ചിറ കാളിയും കൊച്ചുബാവയുടെ വൃദ്ധമാതാവും. അതേസമയം കൗസല്യ മുത്തമ്മ തന്റേ ടിയായ സ്ത്രീയാണ്. അവർക്കുലഭിച്ച ഉന്നതവിദ്യാഭ്യാസം അതിനു കാരണമായിട്ടു ണ്ട്. വിദ്യാസമ്പന്നർക്ക് അതില്ലാത്തവരെ അപേക്ഷിച്ച് ശക്തികൂടും എന്ന് ഈ കഥ യിൽ വ്യക്തമാണ്. വിദ്യാഭ്യാസവും ജോലിയും നേടിയ ഇടത്തരക്കാരുടെ വർദ്ധനവ് വൃദ്ധകളെ ബാധിച്ചത് പ്രകടമാണ്. സാമ്പത്തികം കൈകാര്യം ചെയ്യുന്ന ഒരു പുതിയ തലമുറ പ്രത്യക്ഷപ്പെടുന്നുണ്ട്. സമ്പത്തിന്റെയും കുടുംബത്തിന്റെയും ചുമതലയും ഭാരവും വൃദ്ധരിൽ നിന്നും ഇല്ലാതാകുമ്പോൾ ചിറകാളിയെപ്പോലെയും വൃദ്ധമാതാവി നെയും പോലുള്ള കഥാപാത്രങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

അമ്മമാരുടെ ഉള്ളുകണ്ട കഥകളായിട്ടാണ് കൂടുതൽ കഥകളും അനുഭവപ്പെടുക. പ്രത്യേകിച്ച് ദുഃഖിതരുടെ ദുഃഖം, പെറ്റ വയറ്, ചെകുത്താൻ, അമ്മയുടെ കരൾ, വൃദ്ധ മാതാവ്, വരും;വരാതിരിക്കില്ല തുടങ്ങിയവ. മക്കളോടുള്ള വാത്സല്യം ശ്രദ്ധേയമാണ്. ദ്രോഹിയായ മകനിൽ അലിവുള്ള വൃദ്ധമാതാവ് പരമ്പരാഗത സങ്കൽപ്പത്തിലുള്ള അമ്മ തന്നെയാണ്. മരണകാലം അടുക്കുന്തോറും ജീവിക്കാൻ ആഗ്രഹിക്കുന്നവരുടെ ലോക ത്തുനിന്നും വേറിട്ടുനിൽക്കുന്നു. 'ഭവഭയ'ത്തിലെ അമ്മാറമ്മ. വിധവകളായ അമ്മമാർ ഭർത്താവിനോടും വീടിനോടും അമിതമായ ആത്മബന്ധം ഉള്ളവരാണ്. അപ്പോഴും സ്വന്തം നിലപാടിൽ ഉറച്ചുനിൽക്കുന്നതായി പല കഥകളിലും കാണുന്നു. ഉദാഹരണ ത്തിന് ദുരൂഹമായ സമവാക്യങ്ങൾ, ഓരോ വിളിയും കാത്ത്, വാനപ്രസ്ഥം, അന്തി

ക്കൂട്ട് എന്നിവ. ഭർത്താവിന്റെ വിളികൾക്കുവേണ്ടി മാത്രം കാതോർക്കുന്ന അമ്മ ഒരു സങ്കല്പമായനുഭവപ്പെടുന്നു (ഓരോ വിളിയും കാത്ത്).

വളരെ സഹിച്ചവരാണ് 'ഛായാപടത്തിലെ അമ്മമ്മ. പ്രതിഷേധിക്കാനുള്ള കഴിവ് നഷ്ടപ്പെട്ടിരുന്ന അവർ വാർദ്ധക്യത്തിലാണ് അതേപ്പറ്റി പറയുകയെങ്കിലും ചെയ്യുന്നത്. പുരുഷാധിപത്യപ്രവണത അത്രത്തോളം ശക്തമായ ഒരു കാലത്തെയാണ് ഈ കഥ അടയാളപ്പെടുത്തുന്നത്. എഴുത്തുകാരികളുടെ ദുരന്തമാണ് 'എഴുതി മായ്ക്കുന്നു ലോകവും' (സാറാ ജോസഫ്), 'ഓർമ്മയുടെ ഞരമ്പ്' (കെ.ആർ. മീര) എന്നീ കഥകളിലുള്ളത്. വാർദ്ധക്യവും രോഗവും ആദ്യത്തെ കഥയിലെ എഴുത്തുകാരിയുടെ സർഗ്ഗാത്മകതയ്ക്ക് തടസ്സം നിൽക്കുന്നു. രണ്ടാമത്തേതിൽ ഭർത്താവിന്റെ കുടുംബം സൃഷ്ടികർമ്മത്തെ എതിർക്കുന്നു. ദുഃഖാനുഭവങ്ങൾ പങ്കുവയ്ക്കാൻ വാർദ്ധക്യത്തിലാണ് അവർക്ക് ഒരു പങ്കാളിയെ കിട്ടുന്നത്. കല്യാണിയമ്മയെ നോക്കുന്ന കാർത്ത്യായനിക്കാകട്ടെ അവരെയോ അവരുടെ എഴുത്തിനെയോ വിലയില്ല. സഹതാപം മാത്രമേയുള്ളൂ. ചൂഷണവും ഒറ്റപ്പെടലും. കഥകളിൽ കടന്നുവരുന്നുണ്ട്. കഥാകൃത്തുക്കൾ വൃദ്ധകളായ സ്ത്രീകളുടെ ലോകത്തേയ്ക്ക് ഇറങ്ങി ചിന്തിച്ചിട്ടുണ്ട്.

### 5.4. ആധുനികാനന്തരരും വാർദ്ധക്യവും:

ആധുനികോത്തരരുടെ നോവലുകളും കഥകളും അപഗ്രഥിച്ചതിൽനിന്നും ലഭിച്ച കണ്ടെത്തലുകളാണ് ഈ ഭാഗത്തുള്ളത്. ആധുനികരുടെ കാലത്തുതന്നെ സി.വി. ശ്രീരാമൻ കഥകൾ ധാരാളമായി എഴുതുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ ആധുനികോത്തരഘട്ടത്തിൽ അതിന്റെ സവിശേഷതകൾ ഉൾക്കൊണ്ട് അദ്ദേഹത്തിന്റെ കഥാപ്രപഞ്ചം വികസിക്കുകയായിരുന്നു സി.വി. ബാലകൃഷ്ണൻ, യു.കെ. കുമാരൻ, ടി.വി. കൊച്ചുബാവ, സാറാ ജോസഫ്, ചന്ദ്രമതി, അഷിത, ഗീതാഹിരണ്യൻ തുടങ്ങി

യവർ ആധുനികരുടെ കാലത്തുതന്നെ കഥയെഴുതിത്തുടങ്ങിയവരാണ്. പക്ഷെ അവരുടെ കഥാവ്യക്തിത്വം ഉറപ്പിച്ചെടുക്കുന്നത് ആധുനികോത്തരഘട്ടത്തിലാണ്. കെ.ആർ. മീര ആധുനികാനന്തരം എഴുതിത്തുടങ്ങിയ കഥാകാരിയാണ്.

ആധുനികോത്തരതയുടെ കാലത്ത് ലഭിച്ച രണ്ടു നോവലുകളിൽ ഒന്ന് സ്ത്രീരചനയാണ്. നവോത്ഥാന ഘട്ടത്തിലെ ലളിതാംബിക അന്തർജ്ജനത്തിനുശേഷം വാർദ്ധക്യം, പ്രത്യേകിച്ച് സ്ത്രീവാർദ്ധക്യം മറ്റൊരു സ്ത്രീ എഴുതുന്നത് ഈ ഘട്ടത്തിലാണ്. മറ്റൊന്ന് ടി.വി. കൊച്ചുബാവയുടെ 'വൃദ്ധസദനം' ആണ്. സമകാലിക കേരളത്തിലെ സാമൂഹിക-സാംസ്ക്കാരിക സ്ഥാപനമായി വൃദ്ധസദനം മാറിക്കഴിഞ്ഞിരിക്കുന്നു. അവയുടെ ഉദ്ദേശ്യം ധാർമ്മികമല്ലാത്ത കാലത്തെയാണ് ഈ നോവൽ അടയാളപ്പെടുത്തുന്നത്. ഉപഭോഗസംസ്ക്കാരത്തിന്റെ കാലത്ത് സ്വാർത്ഥരായി മാറുന്ന ഒരുകൂട്ടം ആളുകളുടെ പ്രതീകമാകുന്നുണ്ട് ഈ കൃതിയിലെ സാറ. സുഖമായി ജീവിക്കാനുള്ള പണം കണ്ടെത്താനുള്ള ഒരു മാർഗ്ഗം മാത്രമാണ് സിറിയക്കുമായുള്ള അവളുടെ വിവാഹം എന്ന വസ്തുത ഇതു തെളിയിക്കുന്നു. അമ്പത്തഞ്ചുകാരനായ അയാളെ വൃദ്ധസദനത്തിലാക്കാൻ അല്പം അഭിനയത്തിന്റെയും അയാളുടെ തന്നെ പണത്തിന്റെയും ആവശ്യമേ സാറയ്ക്ക് വേണ്ടിവരുന്നുള്ളൂ. അയാളുടെ ദൗർബല്യം തിരിച്ചറിയുന്ന അവൾക്ക് ഈ വഞ്ചന നിസ്സാരമാണ്. വിഡ്ഢിയാക്കപ്പെട്ടതറിഞ്ഞിട്ടും സിറിയക്കിന് അവളെ പൂർണ്ണമായും വെറുക്കാനാകുന്നില്ല. സദനത്തിൽ അയാൾ കണ്ടുമുട്ടുന്ന എല്ലാ വൃദ്ധജനങ്ങളും പ്രത്യേക ചരിത്രങ്ങൾ പേറുന്നവരാണ്. ഇയ്യാക്കു മൂപ്പരും അവുതത്തന്തയും സദനത്തെ സ്വീകരിക്കുന്നവരാണ്. പുതിയ ലോകക്രമത്തിൽ സിറിയക്കും ഈ ജീവിതം അംഗീകരിക്കാൻ നിർബ്ബന്ധിതനാവുകയാണ്. വൃദ്ധസദനത്തെപ്പറ്റിയുള്ള സാധാരണക്കാരുടെ സങ്കല്പങ്ങൾത്തന്നെ മാറിപ്പോകുന്ന ഒരവസ്ഥയാണ് ഈ നോവലിലെ പ്രതിപാദ്യം. പണമുണ്ടെങ്കിൽ ആരെയും വിശ്വസിച്ചേല്പ്പിക്കാനുള്ള ഒരിടം എന്നതിലേക്ക്

വൃദ്ധസദനങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. ഈ കേരളീയസാമൂഹിക-സാംസ്ക്കാരിക പരിണതിയെ ഈ നോവൽ അടയാളപ്പെടുത്തുന്നു.

നവോത്ഥാന കഥാകാരിയായ ലളിതാംബികഅന്തർജ്ജനത്തിനുശേഷം സ്ത്രീയെഴുതിയ വൃദ്ധകേന്ദ്രീകൃതനോവലാണ് സാറാജോസഫിന്റെ 'മാറ്റാത്തി' പുത്തൻപണക്കാരും റിയൽഎസ്റ്റേറ്റുകാരും മറിയപുരം എന്ന ഗ്രാമത്തെ നഗരവത്കരിക്കുന്നത് 'മാറ്റാത്തി'യിലുണ്ട്. ബ്രിജീത്ത എന്ന പണക്കാരിയായ പടുവൃദ്ധയുടെ ജീവിതാനുഭവങ്ങളുടെ ഒരു ഭാഗമായിട്ടാണ് ഈ മാറ്റങ്ങൾ പ്രത്യക്ഷപ്പെടുന്നത്. സാഹസികമായി ബന്ധുക്കൾക്കിടയിൽ പിടിച്ചുനിൽക്കുന്ന ഈ വൃദ്ധയുടെ തന്റേടം അവസാനനിമിഷം വരെ നിലനിൽക്കുന്നുണ്ട്. താൻ മരിക്കുമ്പോഴും അപ്പൻ തനിക്കു തന്നതെല്ലാം അതുപോലെ ഉണ്ടാകണം എന്ന മോഹം അവരെ ഭരിക്കുന്നു. പാവങ്ങൾക്കുവേണ്ടിയുള്ള സ്വപ്നപദ്ധതിയായ പാപ്പാനഗർ നിർമ്മിക്കാൻ സ്ഥലം കൊടുക്കാൻ മടിച്ചത് അതുകൊണ്ടാണ്. ഭൂമി ആരുടേയും സ്വന്തമല്ല എന്ന വസ്തുത അംഗീകരിക്കാൻ മടിയുള്ള മനുഷ്യർ. ആരിൽനിന്നോ കൈമറിഞ്ഞുവന്ന് ആരിലേയ്ക്കോ കടന്നുപോകുന്ന ഭൂമിയും മറ്റു സ്വത്തുക്കളും. നവോത്ഥാന നോവലിസ്റ്റായ തകഴിയുടെ 'ഒരു എരിഞ്ഞടങ്ങൽ' എന്ന നോവലിലും ഭൂമിയുമായി ബന്ധപ്പെട്ട മനുഷ്യന്റെ അമിതമായ ആഗ്രഹം വിഷയമായി വന്നിട്ടുണ്ട്. ഭൂമി സ്വന്തമെന്നു കരുതുന്ന മനുഷ്യരുടെ ചിന്ത അവരെ എവിടെയും എത്തിക്കുന്നില്ല. എല്ലാം ഉപേക്ഷിച്ച് മരിച്ചുപോകാനാണ് അവരുടെ വിധി. ഇതിന്റെ മറ്റൊരു വശമാണ് ബ്രിജീത്തയും അനുഭവിക്കുന്നത്. ബ്രിജീത്തയുടെ അന്ത്യനാളുകളെ സംഘർഷം നിറഞ്ഞതാക്കുന്ന താക്കോൽ സമ്പത്തിലേയ്ക്കുള്ള വാതിലാണ്. അവരാഗ്രഹിച്ച പോലെയാവില്ല അതിന്റെ വിനിമയം എന്ന സൂചന നോവലിലുണ്ട്. ആർക്കുമുമ്പിലും തലയുയർത്തിപ്പിടിച്ച് നിന്നിരുന്ന അവരുടെ അധികാരം വാർദ്ധക്യത്തിന്റെ അനിവാര്യതയ്ക്കു മുമ്പിൽ കീഴടങ്ങുന്നത് ക്രമാനുഗതമായി ഈ

നോവലിൽ അടയാളപ്പെടുത്തിയിരിക്കുന്നു. പരമ്പരാഗതമായ ക്രിസ്ത്യൻ സമ്പന്നതയുടേയും അധികാരത്തിന്റെയും പ്രതിരൂപമാണ് ബ്രിജിത്ത. സ്വകാര്യലോകത്ത് പ്രതാപം പുലർത്തിയിരുന്ന ബ്രിജിത്തക്ക് വാർദ്ധക്യത്തിന്റെ അവശതകൾ എല്ലാവരുടെയും തത്സ്വരൂപം വെളിപ്പെടുത്തി കൊടുക്കുന്നു. സുന്ദരം എന്നു കരുതിയിരുന്ന കാലത്തു നിന്നും കെടുതികൾ നിറഞ്ഞ കാലത്തിലൂടെയാണ് അവരുടെ യാത്ര. ഓരോരുത്തരെപ്പറ്റിയും സ്വന്തമായ കാഴ്ചപ്പാട് വെച്ചുപുലർത്തുന്ന വൃദ്ധയാണവർ. സ്വത്തിനുവേണ്ടി വേട്ടയാടപ്പെട്ട ഒരു ജീവിതം മാത്രമായി ബ്രിജിത്ത അവസാനിക്കുന്നു. മറിയപുരം എന്ന ഗ്രാമത്തിന്റെ ക്രമാനുഗതമായ വളർച്ചയുടെ ചരിത്രംകൂടിയാണ് ബ്രിജിത്തയുടെ വാർദ്ധക്യം. 'മാറ്റാത്തി'യിൽ വാർദ്ധക്യസിദ്ധാന്തമായ രാഷ്ട്രീയ-സാമ്പത്തിക സിദ്ധാന്തം (political economic theory) പ്രവർത്തിക്കുന്നത് കാണാം. സമൂഹഘടനയിൽ മറിയപുരത്തെ 'ഏക ധനവാത്തി' എന്ന നിലയിൽ സ്ഥാനമുള്ളവളാണ് ബ്രിജിത്ത. പാപ്പാനഗറിനുവേണ്ടിയുള്ള പള്ളീലച്ചന്റെ ശ്രമങ്ങളും അതിനുവേണ്ടി ഒത്താശ ചെയ്യുന്ന അരമമന അധികാരികളും കെട്ടിടത്തിലും സിനിമാക്കൊട്ടകയിലും കച്ചവടക്കണ്ണോടെ പണം നിക്ഷേപിക്കുന്ന കൊട്ടേക്കാടൻ ചേറുവും സൃഷ്ടിക്കുന്ന രാഷ്ട്രീയം ബ്രിജിത്തയുടെ ഭൂമിയെ ചുറ്റിപ്പറ്റിയാണ്.

സി.വി. ശ്രീരാമൻ, സി.വി. ബാലകൃഷ്ണൻ, യു.കെ. കുമാരൻ, ടി.വി. കൊച്ചുബാവ, സാറാ ജോസഫ്, ചന്ദ്രമതി, ഗീതാഹിരണ്യൻ, അഷിത, കെ.ആർ. മീര എന്നിവരുടെ വാർദ്ധക്യ കേന്ദ്രീകൃതമായ കഥകളാണ് ഈ ഭാഗത്ത് സ്വീകരിച്ചിട്ടുള്ളത്. സി.വി. ശ്രീരാമന്റെ അനായാസേന മരണം, വേരുകൾ പുതിയതും പഴയതും, വേരുകൾ വില്പനയ്ക്ക്, നന്തുണി, വാമമൻ, മടക്കയാത്ര, റെയിൽപാളങ്ങൾ, പൊന്തൻമാട, ദുഃഖിതരുടെ ദുഃഖം, കൗസല്യമൂത്തമ്മ, മുത്തശ്ശിയുടെ മരണം, സി.വി. ബാലകൃഷ്ണന്റെ മാതളനാരകങ്ങൾ ഇപ്പോഴും പൂക്കാറുണ്ട്, അച്ഛന്റെ മുറി അടഞ്ഞുകിടക്കുന്നു, വേറൊരു

വാസസ്ഥലം, ഉറങ്ങാൻ വയ്യ, നിഴൽക്കാഴ്ചകൾ, ബാൽക്കണി വൃദ്ധൻ, അഴിച്ചുവെച്ച വേഷം, പതിനഞ്ചുസെന്റ് ഭൂമി, ഇരുപത്തിയാറാമത്തെ ശിശു, സ്വർഗ്ഗയാത്ര: ഒരു വീഡിയോ ടേപ്പ്, നീണ്ടുപോകുന്ന രേഖകൾ, പാർവ്വതിയമ്മയും പോയി, ആദിമദ്ധ്യാന്തങ്ങൾ, പെറ്റവയറ്, ഭവഭയം, യു.കെ. കുമാരന്റെ അച്ഛൻ ഉറങ്ങുന്നില്ല, വീട് സംസാരിക്കുന്നു, കാഴ്ചകൾ മങ്ങുന്നു, കുടുംബപുരാണം, രണ്ടുപിതാമഹന്മാർ, ഒരു ദേശാടനത്തിന്റെ കഥ, പിന്നോട്ട്, ഇച്ഛ, പ്രിയപ്പെട്ട അരവിയേട്ടൻ, ജലരേഖകൾ, ഉപചാരങ്ങൾ അറിയുന്ന നമ്മൾ, ഉണ്ണിയും പോകുന്നു, അത്താഴം, ദുരൂഹമായ സമവാക്യങ്ങൾ, അമ്മയുടെ കരൾ, ചെകുത്താൻ, ഓരോ വിളിയും കാത്ത്, ടി.വി. കൊച്ചുബാവയുടെ വേവലാതിക്കളി, നിങ്ങളുടെ അപ്പൻ, ഒന്നങ്ങനെ ഒന്നിങ്ങനെ, കുഞ്ഞോനാച്ചൻ ഉറങ്ങുന്നു, നനഞ്ഞ ശിരോവസ്ത്രങ്ങൾ, എപ്പോഴെത്തുമോ, എന്തോ?, പടിവാതിൽ, വൃദ്ധമാതാവ്, സാറാജോസഫിന്റെ സായാഹ്നം, കാടക്കിളികൾ, ഒരു മണിക്കൂർ, ഛായാപടം, എഴുതി മായ്ക്കുന്നൂ ലോകവും, ചന്ദ്രമതിയുടെ ചിത്രകാരിയുടെ അച്ഛൻ, ഗോദോയെകാത്ത്, വരും; വരാതിരിക്കില്ല, അന്തിക്കൂട്ട്, റിട്രീറ്റ്, ലഡ്ഡു, അഷിതയുടെ നിലാവിന്റെ നാട്ടിൽ, തഥാഗത, ഇലകൾ, ഗീതാഹിരണ്യന്റെ വാനപ്രസ്ഥം, കെ.ആർ. മീരയുടെ ഓർമ്മയുടെ ഞരമ്പ് എന്നീ കഥകളാണ് പരിശോധിച്ചത്.

സി.വി. ശ്രീരാമന്റെ വേരുകൾ വില്പനയ്ക്ക്, അനായാസേന മരണം, നന്തുണി, മടക്കയാത്ര, റെയിൽപ്പാളങ്ങൾ, വേരുകൾ പുതിയതും പഴയതും, വാമനൻ, പൊന്തൻമാട, സി.വി. ബാലകൃഷ്ണന്റെ നിഴൽക്കാഴ്ചകൾ, ബാൽക്കണി വൃദ്ധൻ, അഴിച്ചുവെച്ച വേഷം, നീണ്ടുപോകുന്ന രേഖകൾ, അച്ഛന്റെ മുറി അടഞ്ഞുകിടക്കുന്നു, വേറൊരു വാസസ്ഥലം, ഉറങ്ങാൻ വയ്യ, പതിനഞ്ചുസെന്റ് ഭൂമി, ഇരുപത്തിയാറാമത്തെ ശിശു, സ്വർഗ്ഗയാത്ര: ഒരു വീഡിയോ ടേപ്പ്, മാതള നാരകങ്ങൾ ഇപ്പോഴും പൂക്കാറുണ്ട്, യു. കെ. കുമാരന്റെ അച്ഛൻ ഉറങ്ങുന്നില്ല, വീടു സംസാരിക്കുന്നു, ഇച്ഛ, ജലരേഖകൾ,

കുടുംബപുരാണം, രണ്ടു പിതാമഹന്മാർ, ഒരു ദേശാടനത്തിന്റെ കഥ, പിന്നോട്ട്, പ്രിയപ്പെട്ട അരവിയേട്ടൻ, ഉപചാരങ്ങൾ അറിയുന്ന നമ്മൾ, ടി.വി. കൊച്ചുബാവയുടെ പടിവാതിൽ, നിങ്ങളുടെ അപ്പൻ, വേവലാതിക്കിളി, സാറാ ജോസഫിന്റെ സായാഹ്നം, കാടക്കിളികൾ, ചന്ദ്രമതിയുടെ ചിത്രകാരിയുടെ അച്ഛൻ, ലഡ്ഡു, അഷിതയുടെ നിലാവിന്റെ നാട്ടിൽ എന്നിവ വൃദ്ധന്മാർ കേന്ദ്രസ്ഥാനത്തുവരുന്ന കഥകളാണ്.

വൃദ്ധന്മാരുടെയും വൃദ്ധകളുടെയും കൂടാതെ വൃദ്ധദമ്പതികളുടെ ഒറ്റപ്പെട്ട അവസ്ഥയും ഈ എഴുത്തുകാർക്ക് വിഷയമായിട്ടുണ്ട്. അവ എണ്ണത്തിൽ കൂടുതലുള്ളതുകൊണ്ട് വേറിട്ട് പരിഗണിക്കുന്നു. മറ്റദ്ധ്യായങ്ങളിലൊന്നും ഈ വിഭാഗമില്ല. യു.കെ. കുമാരന്റെ ഉപചാരങ്ങൾ അറിയുന്ന നമ്മൾ, ഉണ്ണിയും പോകുന്നു, അത്താഴം, ടി.വി. കൊച്ചുബാവയുടെ ഒന്നങ്ങനെ ഒന്നിങ്ങനെ, കുഞ്ഞോനാച്ചൻ ഉറങ്ങുന്നു, നനഞ്ഞ ശിരോവസ്ത്രങ്ങൾ, എപ്പോഴെത്തുമോ, എന്തോ? ചന്ദ്രമതിയുടെ ഗോദോയെക്കാത്ത് എന്നീ കഥകൾ പരിഗണിക്കുന്നു.

ആധുനികോത്തരരുടെ കഥകളിൽ പൊതുവെ കാണുന്ന പ്രവണതയാണ് ഒറ്റപ്പെടൽ. സി.വി. ശ്രീരാമന്റെ വേരുകൾ വില്പനയ്ക്ക്. അനായാസേന മരണം, നന്തുണി, മടക്കയാത്ര, റെയിൽപ്പാളങ്ങൾ, സി.വി. ബാലകൃഷ്ണന്റെ നിഴൽക്കാഴ്ചകൾ, ബാൽക്കണി വൃദ്ധൻ, അഴിച്ചുവെച്ച വേഷം, നീണ്ടുപോകുന്ന രേഖകൾ, യു.കെ. കുമാരന്റെ അച്ഛൻ ഉറങ്ങുന്നില്ല, വീടു സംസാരിക്കുന്നു, ഇച്ഛ, ടി.വി. കൊച്ചുബാവയുടെ പടിവാതിൽ എന്നീ കഥകളിലെ വൃദ്ധന്മാർ ഒറ്റപ്പെട്ട അവസ്ഥ അനുഭവിക്കുന്നവരാണ്. സി.വി. ശ്രീരാമന്റെ ദുഃഖിതരുടെ ദുഃഖം, കൗസല്യ മൂത്തമ്മ, നന്തുണി, സി.വി. ബാലകൃഷ്ണന്റെ പാർവ്വതിയമ്മയും പോയി, ഭവഭയം, ആദിമദ്ധ്യാന്തങ്ങൾ, പെറ്റവയറ്, യു.കെ. കുമാരന്റെ ദുരൂഹമായ സമവാക്യങ്ങൾ, അമ്മയുടെ കരൾ, ചെകുത്താൻ, ഓരോ വിളിയും കാത്ത്, കൊച്ചുബാവയുടെ വൃദ്ധമാതാവ്, സാറാജോസഫിന്റെ ഒരു മണിക്കൂർ,

ഛായാപടം, എഴുതി മായ്ക്കുന്നു ലോകവും, അഷിതയുടെ ഇലകൾ, ഗീതാഹിരണ്യന്റെ വാനപ്രസ്ഥം, കെ.ആർ. മീരയുടെ ഓർമ്മയുടെ ഞരമ്പ് എന്നിവയിൽ വൃദ്ധകളുടെ ഒറ്റപ്പെടൽ കാണാം.

ശ്രീരാമന്റെ കഥകളിൽ ഗ്രാമത്തിനോട് ആഭിമുഖ്യമില്ലാത്ത ഒരു പുതിയ തലമുറ വളർന്നുവരുന്നത് കാണുന്നു. വൃദ്ധരായ രക്ഷിതാക്കളുടെ ഗൃഹാതുരത്വം തിരിച്ചറിയാത്തവരാണവർ. വൃദ്ധന്മാരും വൃദ്ധകളും അനുഭവിക്കുന്ന ഒറ്റപ്പെടൽ കേന്ദ്രീകരിച്ചുള്ള കഥകളാണ് കൂടുതൽ കണ്ടത്. പ്രവാസികളായ മക്കൾ, വയസ്സായവരെ ശല്യമായി കാണുന്ന പ്രവണത, ഭാര്യയുടെയോ ഭർത്താവിന്റെയോ മരണം, അനപത്യത, മാറിവരുന്ന സംസ്കാരങ്ങളോടുള്ള മക്കളുടെ പ്രതിപത്തി തുടങ്ങിയവ ഈ ഒറ്റപ്പെടലിനു കാരണമായി കാണുന്നു.

സി.വി. ശ്രീരാമന്റെ കഥകളിൽ നിന്ന് സി.വി. ബാലകൃഷ്ണന്റെ കഥകളിലെത്തുമ്പോൾ വിഷയവൈവിദ്ധ്യം ദൃശ്യമാണ്. ഒറ്റപ്പെടൽ തന്നെയാണ് അദ്ദേഹത്തിന്റെ കഥകളിൽ കൂടുതലും. വേറൊരു വാസസ്ഥലം' മറ്റു കഥകളിൽനിന്നു വ്യത്യസ്തമാണ്. ഒരു ക്രിസ്ത്യൻ കുടുംബത്തിന്റെ കഥയാണിത്. കുടുംബനാഥനായ പുരുഷനേക്കാൾ അധികാരം സ്ത്രീക്കായതിൽ അതൃപ്തനും അസ്വസ്ഥനുമായ വൃദ്ധന് സംഭവിക്കാവുന്ന പ്രതീക്ഷിത അവസാനം കഥയിലുണ്ട്. വൃദ്ധ മരിച്ചതറിഞ്ഞ് പെട്ടെന്നു തന്നെ മക്കളെപ്പോലും അമ്പരപ്പിച്ചുകൊണ്ട് ഉണർന്നു പ്രവർത്തിക്കുന്ന വൃദ്ധൻ ഭാര്യയുടെ ഉയിർപ്പിൽ തളരുകയും മരിക്കുകയുമാണ്. അവിടെയും ജയിക്കാൻ അയാൾക്കു കഴിയുന്നില്ല. അധികാരം വ്യക്തികളുടെ സ്ഥാനനിർണ്ണയം നടത്തുന്നത് ഈ കഥയിലുണ്ട്. ഭൂമാഫിയ മൂലം സ്വന്തം സ്ഥലം നഷ്ടപ്പെടാൻ പോകുന്ന ഒരു വൃദ്ധന്റെ സന്നിഗ്ദ്ധാവസ്ഥ പങ്കുവയ്ക്കുന്ന കഥയാണ് 'പതിനഞ്ചുസെന്റ് ഭൂമി'. ഫ്ളാറ്റ് സംസ്കാരം ആധുനികോത്തരരുടെ കഥകളുടെ ഭാഗമായി മാറുന്നു. വൃദ്ധലോകവും അതിനോടു

കാര്യമായ വിമുഖത കാണിക്കുന്നില്ല. മറുനാടൻ മക്കളുള്ളവരുടെ വാർദ്ധക്യവും മരണവും വേദനാജനകമാകുന്ന അനുഭവമാണ് 'സ്വർഗ്ഗയാത്ര: ഒരു വീഡിയോ ടേപ്പ്' എന്ന കഥ. വൃദ്ധസദനങ്ങൾ അംഗീകരിക്കപ്പെട്ടുതുടങ്ങിയതായി ഈ കഥയും രേഖപ്പെടുത്തുന്നുണ്ട്. സമാധാനമായി മരിക്കാനുള്ള അവകാശം വൃദ്ധർക്കുണ്ട്. അതു നൽകാത്ത സമകാലിക ദുഃസ്ഥിതിയാണ് ഈ വീഡിയോദൃശ്യത്തിൽനിന്നും ലഭിക്കുന്നത്. വൃദ്ധസദനത്തിലെത്തിപ്പെടുന്ന രക്ഷിതാക്കളുടെ ദയനീയസ്ഥിതിയും അവരോടുള്ള ചുമതല ഒരു ചടങ്ങു മാത്രമായി ചുരുങ്ങിപ്പോകുന്ന വർത്തമാനകാല സ്ഥിതി വിശേഷവും ഇക്കഥയിലുണ്ട്.

വാർദ്ധക്യചിന്തയെ പ്രതിരോധിക്കുന്ന കഥകൾ യു.കെ. കുമാരൻ എഴുതിയിട്ടുണ്ട്. മരണത്തെപ്പറ്റിയുള്ള മാറിയ ചിന്താഗതി 'ഒരു ദേശാടനത്തിന്റെ കഥ'യിൽ കാണാം. കോരുമൂപ്പർ സ്വന്തം ശരീരം മരണാനന്തരം ആശുപത്രിക്ക് ദാനം ചെയ്യാനാണ് തീരുമാനിക്കുന്നത്. നഗരജീവിതത്തിന്റെ മടുപ്പിൽ നിന്നും സ്നേഹരാഹിത്യത്തിൽനിന്നും ഗ്രാമത്തിന്റെ കുളിർമ്മ എന്ന സങ്കൽപ്പത്തിലേയ്ക്ക് മടങ്ങാനാഗ്രഹിക്കുന്നവർ അദ്ദേഹത്തിന്റെ കഥകളിലുണ്ട്.

സാമൂഹികമാറ്റങ്ങളും കുടുംബബന്ധങ്ങളിൽ സംഭവിക്കുന്ന വ്യതിയാനങ്ങളും വൃദ്ധരുടെ ജീവിതത്തെ ബാധിക്കുകയും മാറ്റിമറിക്കുകയും ചെയ്തിട്ടുണ്ട്. അത്തരം മാറ്റങ്ങൾ കണ്ടെടുക്കാനുള്ള ശ്രമമാണ് ഇവിടെ നടത്തിയിട്ടുണ്ട്. ഒപ്പം വാർദ്ധക്യത്തിന്റെ സ്വാഭാവിക മാറ്റങ്ങളും നോക്കിക്കാണുന്നു. സി.വി. ബാലകൃഷ്ണന്റെ അച്ഛന്റെ മുറി അടഞ്ഞുകിടക്കുന്നു. വേറൊരു വാസസ്ഥലം, പതിനഞ്ചുസെന്റ് ഭൂമി, ഇരുപത്തിയാറാമത്തെ ശിശു, സ്വർഗ്ഗയാത്ര: ഒരു വീഡിയോ ടേപ്പ്, യു.കെ. കുമാരന്റെ ഇച്ഛ, ജലരേഖകൾ, ടി.വി. കൊച്ചുബാവയുടെ വേവലാതിക്കളി, നിങ്ങളുടെ അപ്പൻ, ചന്ദ്രമതിയുടെ ലഡ്ഡു എന്നീ കഥകളാണ് അപഗ്രഥിച്ചത്.

വൃദ്ധകൾ കഥാപാത്രമായുള്ള കഥകൾ എല്ലാ കഥാകൃത്തുക്കളും എഴുതിയിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ എഴുത്തുകാരികൾ ഈ ഘട്ടത്തിലാണ് കാണുന്നത്. സ്ത്രീപ്രസ്ഥാനങ്ങളുടെ മുന്നേറ്റവും പെണ്ണെഴുത്തിനുലഭിച്ച അംഗീകാരവും കൂടുതൽ സ്ത്രീകൾ സാഹിത്യരംഗത്തേയ്ക്ക് കടന്നുവന്നതും ഇതിനു കാരണമായിട്ടുണ്ട്.

സ്ത്രീകളുടെ മനസ്സിന്റെ സങ്കുചിതത്വവും സ്നേഹഭാവവും വെളിവാക്കുന്ന കഥകളും കാണാം. സി.വി. ശ്രീരാമന്റെ ദുഃഖിതരുടെ ദുഃഖം, കൗസല്യ മുത്തമ്മ, മുത്തശ്ശിയുടെ മരണം, സി.വി. ബാലകൃഷ്ണന്റെ പാർവ്വതിയമ്മയും പോയി, ഭവഭയം, ആദിമധ്യാന്തങ്ങൾ, പെറ്റ വയറ്, യു.കെ. കുമാരന്റെ ദുരൂഹമായ സമവാക്യങ്ങൾ, അമ്മയുടെ കരൾ, ചെകുത്താൻ, ഓരോ വിളിയും കാത്ത്, കൊച്ചുബാവയുടെ വൃദ്ധമാതാവ്, സാറാ ജോസഫിന്റെ ഒരു മണിക്കൂർ, ഛായാപടം, എഴുതി മായ്ക്കുന്നു ലോകവും ചന്ദ്രമതിയുടെ വരും;വരാതിരിക്കില്ല, അന്തിക്കൂട്ട്, റിട്രീറ്റ്, അഷിതയുടെ തഥാഗത, ഇലകൾ, ഗീതാഹിരണ്യന്റെ വാനപ്രസ്ഥം, കെ.ആർ. മീരയുടെ ഓർമ്മയുടെ ഞരമ്പ് എന്നീ കഥകളാണ് വൃദ്ധകൾ കേന്ദ്രസ്ഥാനത്തുവരുന്നവയായി കണ്ടെത്തിയത്.

വൃദ്ധദമ്പതികളെപ്പറ്റിയുള്ള കഥകളും ആധുനികോത്തരരുടെ കഥകളിൽ കൂടുതലാണ്. ഒറ്റപ്പെടലാണ് അവർ അനുഭവിക്കുന്ന പൊതുവായ പ്രശ്നം. യു.കെ. കുമാരനും ടി.വി. കൊച്ചുബാവയും അത്തരം കഥകൾ കൂടുതൽ എഴുതിയിട്ടുണ്ട്. സി.വി. ശ്രീരാമന്റെ ദുഃഖിതരുടെ ദുഃഖം, വേരുകൾ വിൽപ്പനയ്ക്ക്, റെയിൽപ്പാളങ്ങൾ, കൗസല്യ മുത്തമ്മ തുടങ്ങിയ കഥകൾ ഇക്കൂട്ടത്തിൽപ്പെടുന്നു.

ജീവിതത്തിന്റെ ബദ്ധപ്പാടുകൾക്കിടയിൽ വൃദ്ധരുടെ വാർദ്ധക്യസഹജമായ പരാധീനതകളെ ക്ഷമിക്കാൻ കഴിയാത്ത യുവസമൂഹം അവരെ ഒഴിവാക്കുന്നതായി, അങ്ങനെയൊരു സമൂഹക്രമത്തിലേക്ക് കേരളം മാറിത്തുടങ്ങിയതായി ഇക്കഥകൾ തെളിയിക്കുന്നു.

വൃദ്ധരുടെ ദാരിദ്ര്യം പ്രമേയമായി വരുന്ന കഥകൾ ഈ അദ്ധ്യായത്തിൽ ഇല്ല. 'സാക്ഷികളായ വൃദ്ധർ' എന്ന വിഭാഗം കൂടുതലായുണ്ട്. സ്വന്തം ജീവിതകാലത്ത് നാട്ടിൽ സംഭവിച്ച മാറ്റങ്ങൾക്ക് സാക്ഷിയായ വൃദ്ധർ എന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

പഴയമട്ടിൽ കുടുംബത്തിനു കീഴടങ്ങുന്ന സ്ത്രീകളാണ് സി.വി. ശ്രീരാമന്റെ ചിറ കാളിയും കൊച്ചുബാവയുടെ വൃദ്ധമാതാവും. അതേ സമയം കൗസല്യ മൂത്തമ്മ തന്റേ ടിയായ സ്ത്രീയാണ്. അവർക്കു ലഭിച്ച ഉന്നതവിദ്യാഭ്യാസം അതിനു കാരണമായിട്ടു ണ്ട്. വിദ്യാസമ്പന്നർക്ക് അതില്ലാത്തവരെ അപേക്ഷിച്ച് ഒരു ശക്തികൂടും എന്ന് ഈ കഥയിൽ വ്യക്തമാണ്. മുത്തശ്ശിയെപ്പറ്റിയുള്ള ഒരു കുട്ടിയുടെ സങ്കല്പം തകർന്നടി യുന്ന കഥയാണ് 'മുത്തശ്ശിയുടെ മരണം'. നിവർന്നു നടക്കാനാകാത്ത, പല്ലുകൊഴി ഞ്ഞ, മുടി നരച്ച ടി.വി. മുത്തശ്ശിമാരുടെ സ്ഥാനത്ത് നിവർന്നുനിൽക്കുന്ന, പട്ടുസാരി യുടുത്ത, ബ്യൂട്ടി പാർലറിൽ പോകുന്ന, ജോലിക്കാരിയായ മുത്തശ്ശി കടന്നുവരുമ്പോൾ 'മുത്തശ്ശി' എന്ന കുട്ടിയുടെ സങ്കൽപ്പമാണ് ഇല്ലാതാകുന്നത്. അമ്മമാരുടെ ഉള്ളു കണ്ട കഥകളായിട്ടാണ് കൂടുതൽ കഥകളും അനുഭവപ്പെടുക. പ്രത്യേകിച്ച് ദുഃഖിതരുടെ ദുഃഖം, പെറ്റവയറ്, ചെകുത്താൻ, അമ്മയുടെ കരൾ, വൃദ്ധമാതാവ്, വരും;വരാതിരിക്കില്ല തുട ങ്ങിയവ. മക്കളോടുള്ള വാത്സല്യം ശ്രദ്ധേയമാണ്. ദ്രോഹിയായ മകനിൽ അലിവുള്ള വൃദ്ധമാതാവ് പരമ്പരാഗത സങ്കൽപ്പത്തിലുള്ള അമ്മ തന്നെയാണ്. മരണകാലം അടു ക്കുന്തോറും ജീവിക്കാൻ ആഗ്രഹിക്കുന്നവരുടെ ലോകത്തുനിന്നും വേറിട്ടു നിൽക്കുന്നു. 'ഭവഭയ'ത്തിലെ അമ്മാറമ്മ. വിധവകളായ അമ്മമാർ ഭർത്താവിനോടും വീടിനോടും അമിതമായ ആത്മബന്ധം ഉള്ളവരാണ്. അപ്പോഴും സ്വന്തം നിലപാടിൽ ഉറച്ചുനിൽക്കു ന്നതായി പല കഥകളിലും കാണുന്നു. ഉദാഹരണത്തിന് ദുരൂഹമായ സമവാക്യങ്ങൾ, ഓരോ വിളിയും കാത്ത്, വാനപ്രസ്ഥം, അന്തിക്കൂട്ട് എന്നിവ. ഭർത്താവിന്റെ വിളികൾക്കു വേണ്ടി മാത്രം കാതോർക്കുന്ന അമ്മ ഒരു സങ്കല്പമായനുഭവപ്പെടുന്നു.

വളരെ സഹിച്ചവരാണ് 'ഛായാപടത്തിലെ അമ്മമ്മ. പ്രതിഷേധിക്കാനുള്ള കഴിവ് നഷ്ടപ്പെട്ടിരുന്ന അവർ വാർദ്ധക്യത്തിലാണ് അതേപ്പറ്റി പറയുകയെങ്കിലും ചെയ്യുന്നത്. പുരുഷാധിപത്യപ്രവണത അത്രത്തോളം ശക്തമായ ഒരു കാലത്തെയാണ് ഈ കഥ അടയാളപ്പെടുത്തുന്നത്. എഴുത്തുകാരികളുടെ ദുരന്തമാണ് 'എഴുതിമായ്ക്കുന്നു ലോകവും' (സാറാജോസഫ്), 'ഓർമ്മയുടെ ഞരമ്പ്' (കെ.ആർ. മീര) എന്നീ കഥകളിലുള്ളത്. വാർദ്ധക്യവും രോഗവും ആദ്യത്തെ കഥയിലെ എഴുതുക്കാരിയുടെ സർഗ്ഗാത്മകതയ്ക്ക് തടസ്സം നിൽക്കുന്നു. രണ്ടാമത്തേതിൽ ഭർത്താവിന്റെ കുടുംബം സൃഷ്ടികർമ്മത്തെ എതിർക്കുന്നു. ദുഃഖാനുഭവങ്ങൾ പങ്കുവയ്ക്കാൻ വാർദ്ധക്യത്തിലാണ് ഒരു പങ്കാളിയെ കിട്ടുന്നത്. കല്യാണിയമ്മയെ നോക്കുന്ന കാർത്ത്യായനിക്കാകട്ടെ അവരെയോ അവരുടെ എഴുത്തിനെയോ വിലയില്ല. സഹതാപം മാത്രമേയുള്ളൂ. ചൂഷണവും ഒറ്റപ്പെടലും കഥകളിൽ കടന്നുവരുന്നുണ്ട്. കഥാകൃത്തുക്കൾ സ്ത്രീയുടെ ലോകത്തേയ്ക്ക് കടന്നുവന്നിട്ടുണ്ട്.

അഞ്ച് അദ്ധ്യായങ്ങളിലായി വിശകലനം ചെയ്ത മലയാളനോവലിലെയും കഥയിലെയും വാർദ്ധക്യാവിഷ്ക്കാരത്തിൽ നിന്നും ലഭിച്ച നിഗമനങ്ങൾ അടുത്ത അദ്ധ്യായമായ ഉപസംഹാരത്തിൽ അവതരിപ്പിക്കുന്നു.

## കുറിപ്പുകൾ

1. എൻ. ശശിധരൻ, 'കഥ വിളിക്കുന്നു', സി.വി. ബാലകൃഷ്ണന്റെ 'ഭൂമിയെപ്പറ്റി അധികം പറയേണ്ട' എന്ന സമാഹാരത്തിന്റെ പഠനം (കറന്റ് ബുക്സ്, കോട്ടയം, 1983), പു. 11, 12.
2. പി.കെ. രാജശേഖരൻ, 'ഉത്തരാധുനിക മലയാള നോവൽ', സമകാല മലയാള സാഹിത്യം, എഡി ഡോ. എൻ. സാം (കറന്റ് ബുക്സ്, കോട്ടയം, 2014), പു. 77.
3. സി.വി ബാലകൃഷ്ണൻ, ആമുഖം, ആദ്യകാലം (പ്രഭാത് ബുക് ഹൗസ്, 2008:?).
4. ഒട്ടുമിക്ക കഥകളിലും പ്രമേയം പല നിമിത്തങ്ങൾ മൂലമുള്ള ദുഃഖമായിരുന്നു അതിന്റെ കാരണം എന്റെ ദുഃഖാനുഭവങ്ങൾ തന്നെ. സി.വി. ബാലകൃഷ്ണൻ, കഥാപീഠം, ഭൂമിയെപ്പറ്റി അധികം പറയേണ്ട (1993), പു. 22.
5. യു.കെ. കുമാരൻ, ഞാനും എന്റെ കഥയും, അച്ഛൻ ഉറങ്ങുന്നില്ല (മൾബറി പബ്ലിക്കേഷൻസ്, കോഴിക്കോട്, 1993:?).
6. Freud believed that very often the real meaning of a dream had a sexual significance and in this theory of sexual symbolism he speculates on the underlying meaning of common dream themes. (Dream Analysis, simplypsychology.org., 10/24/2015, 09.11 PM.).
7. നഗരവത്ക്കരണത്തോടുകൂടി പ്രായമായ അച്ഛനമ്മമാർ കുട്ടികൾക്ക് ഒരു ഭാരമായി മാറുന്നു. ആരും സ്നേഹക്കുറവ് കാണിക്കുന്നില്ല. മക്കൾ എന്നും മാതാപിതാക്കന്മാരോട് പറയാറുണ്ട്. 'കുറച്ചുനാൾ ഞങ്ങളോടൊപ്പം താമസിക്കു എന്ന്, കുറച്ചുനാൾ മാത്രം. പ്രായമായ ഒരമ്മ എനിയ്ക്കെഴുതി: "എന്റെ കഥ എങ്ങിനെ അറിഞ്ഞു?" യു.കെ. കുമാരൻ, അച്ഛൻ ഉറങ്ങുന്നില്ല (മൾബറി പബ്ലിക്കേഷൻസ്, കോഴിക്കോട്, 1993:?).
8. അജിത് ജനാർദ്ദനൻ ടി.വി. കൊച്ചുബാവയുമായി നടത്തിയ അവസാനത്തെ അഭിമുഖത്തിൽനിന്ന്, ഭാഷാപോഷിണി ജനുവരി 2000, 23,8, പു. 11.
9. കെ.പി. അപ്പൻ സി.വി. ബാലകൃഷ്ണന്റെ 'കഥ' എന്ന സമാഹാരത്തിനെഴുതിയ 'അനുഭ

വബോധത്തിന്റെ വികാസം' എന്ന പഠനം (മൾബറി പബ്ലിക്കേഷൻസ്, കോഴിക്കോട്, കറന്റ് ബുക്സ്, 1999).

10. സി.വി. ബാലകൃഷ്ണന്റെ 'ഭൂമിയെപ്പറ്റി അധികം പറയേണ്ട" എന്ന സമാഹാരത്തിന് എൻ. ശശിധരൻ എഴുതിയ 'കഥ വിളിക്കുന്നു' എന്ന പേരിലുള്ള പഠനം (മൾബറി പബ്ലിക്കേഷൻസ്, 1993), പു. 18.

6.

# ഉപസംഹാരം

കേരളം വിവിധ കാലഘട്ടങ്ങളിൽ അഭിമുഖീകരിച്ച വ്യത്യസ്ത മണ്ഡല(സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ-വിദ്യാഭ്യാസ-ശാസ്ത്രസാങ്കേതികരംഗങ്ങൾ മുതലായവ) ങ്ങളിലെ മാറ്റങ്ങൾ വൃദ്ധസമൂഹത്തെ എങ്ങനെ ബാധിച്ചു എന്നും മലയാളത്തിലെ കഥയെഴുത്തുകാരും നോവലെഴുത്തുകാരും അവയെ തങ്ങളുടെ രചനകളിൽ എങ്ങനെ ആവിഷ്ക്കരിച്ചു എന്നും നോക്കിക്കാണാനുള്ള ശ്രമമാണ് ഇതുവരെ നടത്തിയത്. ഒന്നാമദ്ധ്യായത്തിൽ വാർദ്ധക്യത്തിന്റെ സങ്കൽപ്പനപരവും യാഥാർത്ഥവുമായ അവസ്ഥകളെ സൈദ്ധാന്തികമായി അന്വേഷിക്കുന്നു. സാമൂഹികതലം, സാംസ്ക്കാരികതലം, സാമ്പത്തികതലം എന്നിങ്ങനെ വിവിധതലങ്ങളായി തിരിച്ചാണ് വാർദ്ധക്യത്തിന്റെ വിഭിന്നാവസ്ഥകൾ കണ്ടെത്തിയത്. വാർദ്ധക്യത്തിന്റെ യഥാർത്ഥസ്ഥിതി തിരിച്ചറിയാൻ ഇത് സഹായിച്ചിട്ടുണ്ട്. വൈദ്യശാസ്ത്രവും ഭാരതീയ-കേരളീയ വാർദ്ധക്യസങ്കൽപ്പങ്ങളും പാരമ്പര്യവും വാർദ്ധക്യാവസ്ഥയെ എങ്ങനെ നോക്കിക്കാണുന്നു എന്ന വസ്തുത കൂടി ശ്രദ്ധിക്കുന്നുണ്ട്.

വാർദ്ധക്യത്തെ പൊതുവെ ജനങ്ങൾ ഭയപ്പെടുന്നു. വാർദ്ധക്യത്തിന്റെ ബാഹ്യചിഹ്നങ്ങൾ മറയ്ക്കാനുള്ള ധൃതി സ്ത്രീകളിലും പുരുഷന്മാരിലും ഒരു പോലെ കണ്ടെത്താനാകും. വൃദ്ധലോകത്തിനു സംഭവിച്ച അവസ്ഥാ വിപര്യയത്തിന്റെ ചരിത്രം കേരളം അഭിമുഖീകരിച്ച സവിശേഷമായ സാമൂഹിക-സാംസ്ക്കാരിക പശ്ചാത്തലങ്ങ

ളിൽനിന്നും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. പെൻഷൻ പറ്റിയവരുടെ വാർദ്ധക്യം സവിശേഷമായ മറ്റൊരു മേഖലയാണ്. അതുപോലെ ആത്മഹത്യയും ഇണയുടെ വേർപാടുണ്ടാക്കുന്ന ശൂന്യതയും ഏകാന്തതയും പ്രത്യേകശ്രദ്ധ അർഹിക്കുന്നു.

ആഗോളീകരണത്തിന്റെയും ഉദാരീകരണത്തിന്റെയും കാലത്ത് നാടുകൾ തമ്മിലുള്ള ദൂരം കുറഞ്ഞുവരികയാണ്. നഗരവും ഗ്രാമവും തമ്മിലുള്ള അന്തരവും കുറഞ്ഞുവരുന്നു. ലോകമാകെ നടക്കുന്ന മാറ്റങ്ങളുടെ പ്രതിഫലനം മാത്രമാണു കേരളത്തിലുമുണ്ടായത് എന്നു പറയേണ്ടിയിരിക്കുന്നു. ഇത്തരം അനുഭവങ്ങൾ മലയാളത്തിലെ സാഹിത്യലോകം എങ്ങനെ സ്വാംശീകരിച്ചു എന്നു കണ്ടെത്താനാണ് ഈ പ്രബന്ധത്തിൽ ശ്രമിച്ചത്. വാർദ്ധക്യത്തെ ശാരീരികമായും മാനസികമായും സാമൂഹികമായും ജൈവികമായും വേർതിരിച്ച് വിശകലനം ചെയ്യുമ്പോഴും ശാരീരികമായി കാണപ്പെടുന്ന ജരാനരകളും അവശതയുമാണ് പ്രത്യക്ഷത്തിൽ വാർദ്ധക്യത്തെ അളക്കാൻ സാധാരണയായി ഉപയോഗിക്കുന്നത്. അൻപത്തഞ്ച് വയസ്സ് ദീർഘകാലം കേരത്തിൽ സർക്കാർ സർവ്വീസിൽ നിന്നും വിരമിക്കാനുള്ള പ്രായമായി കണക്കാക്കിയിരുന്നതാണ്. ജീവശാസ്ത്രപരമായ പ്രായം മാത്രമാണിവിടെ കണക്കിലെടുക്കപ്പെട്ടിട്ടുള്ളത്. പെൻഷൻകാരുടെ കഥകൾ അപഗ്രഥിക്കാൻ ഇത് അത്യന്താപേക്ഷിതമാണ്. ജീവിതസാഹചര്യങ്ങളുടെ വ്യത്യാസങ്ങൾക്കനുസരിച്ച് പെൻഷൻപ്രായം ഇടക്കാലത്ത് ഒരു വർഷം ദീർഘിപ്പിച്ചിട്ടുണ്ടെങ്കിലും അനുഭവം എന്ന രീതിയിലും സങ്കൽപ്പനം എന്ന രീതിയിലും വാർദ്ധക്യത്തെ സമീപിച്ചാണു പഠനം നടത്തിയത്.

ലോകസാഹിത്യത്തിലെ ചില പ്രബന്ധങ്ങളുടെ വിവരവും കേരളത്തിലെ സർവ്വകലാശാലാതലത്തിൽ ഗവേഷണവിഷയമായി വാർദ്ധക്യം കടന്നുവന്നിട്ടുള്ളതും ഈ വിഷയത്തിന്റെ പ്രാധാന്യവും സാധുതയും വർദ്ധിപ്പിക്കുന്നു. കൂട്ടുകുടുംബം, മരുമക്കത്തായം എന്നിവയെ ആധാരമാക്കിയ കഥാലോകത്തിന്റെ ആധിക്യം പ്രത്യേകം പ്രസ്താ

വ്യമാണ്. വാർദ്ധക്യശാസ്ത്രത്തിന്റെയും മനഃശാസ്ത്രത്തിന്റെയും കേരളത്തിൽ സംഭവിച്ച വിവിധ മാറ്റങ്ങളുടെയും പിൻബലത്തിലാണ് ഈ പഠനം നടത്തിയിട്ടുള്ളത്.

ആദ്യകാലമലയാളനോവലുകളായ ചന്തുമേനോന്റെ ഇന്ദുലേഖയും സി.വി. രാമൻപിള്ളയുടെ രാമരാജബഹദൂറും പരിശോധിക്കുമ്പോൾ വാർദ്ധക്യം മുഖ്യപ്രമേയമായി കാണുന്നില്ല. അതേസമയം കഥാഗതി നിയന്ത്രിക്കുന്നതിന് വൃദ്ധകഥാപാത്രങ്ങൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടുതാനും. കൊച്ചുതൊമ്മൻഅപ്പോത്തിക്കരിയുടെ 'പരിഷ്കാരപ്പാതി' എന്ന നോവലിലും കഥാഗതി മുന്നോട്ടുകൊണ്ടുപോകുന്നത് കാരണവരായ പൂന്തോട്ടത്തിൽ മൂപ്പീന്നിന്റെ ശക്തമായ ഇടപെടലാണ്. ഇങ്ങനെ മുഖ്യകഥയെ പോഷിപ്പിച്ചുകൊണ്ടിരുന്ന ഈ ഉപകഥാപാത്രങ്ങൾ മലയാളനോവലിന്റെ മുൻനിരയിലേയ്ക്ക് കടന്നുവരുന്നത് നവോത്ഥാന ഘട്ടത്തിലാണ്. കഥയിലും വാർദ്ധക്യം അംഗീകൃത വിഷയമാകുന്നത് ഈ കാലഘട്ടത്തിലാണ്.

രണ്ടാം അദ്ധ്യായത്തിൽ വാർദ്ധക്യകേന്ദ്രീകൃതമായ നാല് നോവലുകളാണ് ഉള്ളത്. തകഴിയുടെ 'കോടിപ്പോയ മുഖങ്ങൾ', 'ഒരു എരിഞ്ഞടങ്ങൽ', 'ചെറുകാടിന്റെ 'മുത്തശ്ശി', ലളിതാംബിക അന്തർജ്ജനത്തിന്റെ 'അഗ്നിസാക്ഷി' എന്നിവയാണവ.

തകഴിയുടെ 'കോടിപ്പോയ മുഖങ്ങ'ളിലെ നായകനായ പരമമ്മാവൻ അപ്രതിരോധ്യമായ ആജ്ഞാശക്തിയുള്ളവനായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. വൃദ്ധർക്ക് ശാപമായ സാമ്പത്തികക്ലേശം അയാളെ അലട്ടുന്നില്ല. അധികാരം കയ്യാളുന്ന മരുമക്കത്തായക്കാരണവരായി നിലകൊള്ളുന്ന സമയം തന്നെ  മക്കത്തായത്തിനോടുള്ള ചായ്‌വ് പ്രകടിപ്പിക്കുന്നുമുണ്ട്. മക്കത്തായത്തിന്റെയും മരുമക്കത്തായത്തിന്റെയും ഇടയിൽ ചഞ്ചലമായ ഒരു മനസ്സിന്റെ ഉടമയാകാനേ പലപ്പോഴും പരമമ്മാമന് കഴിയുന്നുള്ളൂ. മകനുവേണ്ടി സ്വത്തു സമ്പാദിക്കുന്ന അയാൾ മരുമക്കത്തായത്തിൽ നിന്നും നീങ്ങിപ്പോകുന്നു. മരുമക്കത്തായത്തിൽ നിന്ന് മക്കത്തായത്തിലേക്ക് പുരോഗമിക്കുന്ന ഒരു സാമൂ

ഹികഘടന ഈ നോവലിൽ കാണാം. എന്നാൽ കാരണവസ്ഥാനത്തിനു പ്രത്യക്ഷ മായ മങ്ങലേൽക്കുന്നില്ല. പരമേശ്വരൻപിള്ളയുടെ വാക്കിനു വിലകൽപ്പിക്കുന്നെങ്കിലും സ്വത്തുതർക്കം വരുമ്പോൾ സ്വരം മാറ്റുന്ന മകൻ അച്ഛന്റെ സ്വത്തിന്റെ അവകാശി താനാണെന്ന് ഉറച്ചുവിശ്വസിക്കുന്നതും മക്കത്തായത്തിന്റെ വരവിനു ശക്തി കൂട്ടുന്നു.

'ഒരു എരിഞ്ഞടങ്ങൽ' എന്ന നോവലിൽ ഒരു കൃഷിക്കാരനെയാണ് തകഴി അവതരിപ്പിക്കുന്നത്. കഥാനായകനായ വൃദ്ധന്റെ ചിന്തയിലൂടെ ഭൂത-വർത്തമാന-ഭാവികൾ പ്രത്യക്ഷീകരിക്കുകയാണ് ചെയ്യുന്നത്. ധനത്തിനുള്ള അപ്രമാണിത്വം, കാർഷികവ്യവസ്ഥിതിയിൽ കാലക്രമേണ വരുന്ന മാറ്റം, ശാരീരികവും മാനസികവുമായ അവശതകൾ എന്നിവ ശിവരാമപിള്ള എന്ന കേന്ദ്രകഥാപാത്രത്തെ ബാധിക്കുന്നുണ്ട്. സുഹൃത്തിന്റെ മരണവും മരണചിന്തയും പുതിയ വെളിച്ചത്തിൽ കാര്യങ്ങൾ നോക്കിക്കാണാൻ പ്രേരണ നൽകുന്നതായിത്തീർന്നു. സ്വന്തം കുടുംബത്തിന്റെ ശ്രേയസ്സാണ് അയാൾക്കു മുഖ്യം. മരുമക്കത്തായം പോയി മക്കത്തായം വന്നത് പ്രകടമാകുന്നു. കൃഷിക്ക് പ്രാധാന്യം നഷ്ടപ്പെടുന്നതും പണത്തിന് അതു ലഭിക്കുന്നതും ഈ വസ്തുത പഴയ തലമുറയെ ബാധിക്കുന്നതും ഇവിടെ കാണാം.

വാർദ്ധക്യത്തിന്റെ സാമൂഹികവും ശാരീരികവും മാനസികവുമായ തലങ്ങൾ ഈ നോവലിൽ പ്രത്യക്ഷപ്പെടുന്നു. അഞ്ചുതലമുറയ്ക്കു കഴിയാനുള്ള സ്വത്ത് മക്കൾ നിമിത്തം കൈമോശം വരുമെന്ന് തീർച്ചയാകുന്നതോടെ ശിവരാമപിള്ള മരണം വരിക്കുകയാണ്. ദൂരദിക്കിലും കേരളത്തിനു പുറത്തും താമസമാക്കിയ മക്കൾക്ക് അച്ഛന്റെ ഇച്ഛപ്രകാരം നാട്ടിൽ കഴിയാനുള്ള ബുദ്ധിമുട്ട് വ്യക്തമാണ്. ലോകം മുഴുവൻ എത്തിച്ചേർന്ന മലയാളിയുടെ വളർച്ചയാണ് നാട്ടിൽ വൃദ്ധരായ രക്ഷിതാക്കളെ ഒറ്റപ്പെടുത്തുന്നത് എന്ന യാഥാർത്ഥ്യം നോവലിലുണ്ട്. ശിവരാമപിള്ളയുടെ മരണശേഷം വീടും പറമ്പും കൃഷി ഭൂമിയും വിറ്റ് അമ്മയെ കൂടെകൊണ്ടുപോകാൻ ഉത്സാഹിക്കുന്ന മക്കൾ

ഇതാണു സാക്ഷ്യപ്പെടുത്തുന്നത്. ഈ രണ്ടു നോവലുകളിലും സാമൂഹിക മാറ്റങ്ങൾക്കു പുറമേ വൃദ്ധരുടെ ആത്മഹത്യ എന്ന പ്രമേയം തകഴി കൊണ്ടുവന്നിരിക്കുന്നു.

ചെറുകാടിന്റെ 'മുത്തശ്ശി' എന്ന നോവലിൽ യാഥാസ്ഥിതികയും പാരമ്പര്യവാദിയുമായ ഒരു വൃദ്ധ അതിൽ നിന്നും മോചനം നേടി മാനസികമായി പുരോഗമിക്കുന്നതാണ് ചിത്രീകരിച്ചിട്ടുള്ളത്. തികഞ്ഞ മരുമക്കത്തായിയായ അവരുടെ മാറ്റം സ്വാഭാവികതയോടെ ആവിഷ്കരിച്ചിരിക്കുന്നു. മകനെയും മകളെയും രണ്ടായി കാണുന്നതും മകളുടെ മകളായ നാണിക്കുവേണ്ടി സർവ്വസ്വസമർപ്പണത്തിനു തയ്യാറാകുന്നതും അതേ നാണിയെത്തന്നെ പാട്ടബാക്കി തീർക്കുന്നതിന് ജന്മിയുടെ കാര്യസ്ഥനു വഴങ്ങാൻ നിർബ്ബന്ധിക്കുന്നതും ബാല്യവിവാഹത്തിനു നാണിയെ പ്രേരിപ്പിക്കുന്നതും അവരുടെ പഴഞ്ചൻ മനോഗതിയെയാണ് വെളിപ്പെടുത്തുന്നത്. മുത്തശ്ശിയിലെ മനം മാറ്റത്തിനു കാരണമാകുന്നത് കമ്മ്യൂണിസത്തിന്റെ പ്രചാരമാണ്. തന്റെ വീട് കമ്മ്യൂണിസ്റ്റ് പ്രവർത്തകർക്ക് ഒളിത്താവളമാക്കുന്നതിന് മുത്തശ്ശി തയ്യാറാകുന്നുണ്ട്. വീട്ടിൽ ഒതുങ്ങി നിന്നിരുന്ന അവരെ നാട്ടിലിറങ്ങി പൊതുവേദിയിൽ പ്രസംഗം നടത്തുന്ന കമ്മ്യൂണിസ്റ്റ് സഹപ്രവർത്തകയാക്കാൻ ഈ സാമൂഹിക പരിണാമത്തിനു കഴിയുന്നുണ്ട്.

നവോത്ഥാനസ്വഭാവമുള്ള നോവൽ എന്ന നിലയിലും സ്ത്രീയെ മുഖ്യകഥാപാത്രമാക്കി സ്ത്രീ എഴുതിയ കൃതി എന്ന നിലയിലും ലളിതാംബിക അന്തർജ്ജനത്തിന്റെ 'അഗ്നിസാക്ഷി' ശ്രദ്ധേയമാണ്. നവോത്ഥാനകാലഘട്ടത്തിൽ വൃദ്ധകളെ കേന്ദ്രകഥാപാത്രമാക്കി നോവലെഴുതിയ എഴുത്തുകാരിയാണ് അവർ. നമ്പൂതിരി സമുദായത്തിലെ പരിഷ്കരണങ്ങൾ ചിത്രീകരിക്കുന്ന ഈ നോവലിൽ ആചാരബദ്ധമായ ഈ സമുദായത്തിലെ സ്ത്രീകൾ, വിജാതീയ സന്തതികൾ, ഗൃഹസ്ഥന്മാർ എന്നിവരിലൂടെ സാമൂഹികവും സാമുദായികവുമായ മാറ്റത്തിന്റെ കഥയാണ് പറയുന്നത്. അറുപതു പിന്നിട്ട തങ്കവും സുമിതാനന്ദയുമാണ് കഥയെ മുന്നോട്ടു നയിക്കുന്ന വൃദ്ധകൾ. തങ്കത്തിന്റെ

ഓർമ്മകളിലൂടെയാണ് ദേവകി എന്ന തേതിക്കുട്ടി ദേവീബഹൻ ആകുന്നതും സുമിത്രാനന്ദയാകുന്നതും ചിത്രീകരിച്ചിരിക്കുന്നത്. ആചാരനിഷ്ഠമായ മാനമ്പിള്ളിയില്ലത്ത് കുടികയറിയ തേതിക്കുട്ടിയുടെ ജീവിതത്തെ മനസ്സിലാക്കാൻ വാർദ്ധക്യത്തിന്റെ നിറവിൽ തങ്കത്തിനു കഴിയുന്നതായി അന്തർജ്ജനം രേഖപ്പെടുത്തിയിരിക്കുന്നു.

ഈ നോവലുകളിലെല്ലാം സാമൂഹികപരിവർത്തനത്തിന്റെ ഉപാധിയായിട്ടാണ് വാർദ്ധക്യത്തെ ഉപയോഗിക്കുന്നത്.

നവോത്ഥാനത്തിനുശേഷം വരുന്ന ആധുനികപൂർവ്വരുടെ രചനകളിലാണ് ഏറ്റവും കൂടുതൽ വൃദ്ധകേന്ദ്രീകൃത നോവലുകൾ കാണുന്നത്. കെ. സുരേന്ദ്രന്റെ 'മായ', കോവിലന്റെ 'തോറ്റങ്ങൾ', പാറപ്പുറത്തിന്റെ 'അരനാഴികനേരം', 'വഴിയമ്പലം', മലയാറ്റൂർ രാമകൃഷ്ണന്റെ 'അഞ്ചുസെന്റ്', 'ശിരസ്സിൽ വരച്ചത്' എന്നിവയാണവ.

ഗംഭീരമായ ഒരു ജീവിതം ആവിഷ്കരിക്കാനുള്ള ശ്രമമാണ് 'മായ'യിൽ കെ. സുരേന്ദ്രൻ നടത്തുന്നത്. ഈ നോവലിലെ കേന്ദ്രകഥാപാത്രമായ ഡീസന്റ് ശങ്കരപ്പിള്ള ആത്മഹത്യ ചെയ്യുകയാണ്. തകഴിയുടെ 'കോടിപ്പോയ മുഖങ്ങ'ളിലെ പരമമ്മാവനെപ്പോലെ ആന്തരമായി ശക്തനാണ് ഡീസന്റ് ശങ്കരപ്പിള്ളയും. തന്നെപ്പറ്റി തനിക്കുള്ള വിശ്വാസം തകരുന്നതാണ് അയാളെ ആത്മഹത്യയിലേയ്ക്കു നയിക്കുന്നത്. സ്വപ്രയത്നംകൊണ്ട് ഉയർന്ന ശങ്കരപ്പിള്ളയ്ക്ക് മക്കളിലൂടെ അത് നിലനിർത്താൻ കഴിയുന്നില്ല. തന്റെ ലക്ഷ്യങ്ങൾക്കനുസരിച്ച് മുന്നോട്ടുപോകുന്ന ശങ്കരപ്പിള്ള ഭാര്യയുടെയും മക്കളുടെയും ഇഷ്ടങ്ങൾക്ക് പ്രാധാന്യം നൽകുന്നില്ല. മകൾക്കിഷ്ടമില്ലാത്ത വിവാഹം നടത്തിയതും മകന് പെണ്ണാലോചിച്ചതും കച്ചവടതാല്പര്യത്തിനു പുറത്താണ്. അതിബുദ്ധിമാനു പറ്റുന്ന അബദ്ധമാണ് ഇക്കാര്യങ്ങളിൽ തന്റെ ഭർത്താവിനു പറ്റിയതെന്നു ശങ്കരപ്പിള്ളയുടെ ഭാര്യ വിശ്വസിക്കുന്നു. ആത്മഹത്യയിലൂടെ ഭാര്യയെയും മക്കളെയും തോൽപ്പിക്കാൻ കഴിയുമെന്ന് അയാൾ വിശ്വസിക്കുന്നുണ്ട്. എന്നാൽ ശങ്കരപ്പിള്ളയുടെ ആത്മഹത്യ

അയാളുടെ ജീവിതപരാജയത്തെയാണ് കാണിക്കുന്നത്. മരണത്തിനും യുക്തി കണ്ടുപിടിക്കാനുള്ള ശ്രമമാണ് അയാളുടേത്.

പാറപ്പുറത്തിന്റെ 'അരനാഴികനേര'ത്തിൽ തന്റെ അകൃത്യത്തിന്റെ ഫലം മക്കളിലൂടെയും മരുമകളിലൂടെയും പേരക്കുട്ടിയിലൂടെയും കുഞ്ഞേനാച്ചനു തിരിച്ചുകിട്ടുന്നത് ക്രിസ്തീയ പാപബോധത്തിന്റെ പ്രത്യക്ഷ പ്രകടനമായി നോവലിൽ ശക്തമായ സാന്നിദ്ധ്യം ഉറപ്പിക്കുന്നു. തന്റെ യൗവ്വനത്തിലെ സദാചാരമില്ലായ്മ വാർദ്ധക്യത്തിൽ മരുമകളിലൂടെയും മകനിലൂടെയും പേരക്കുട്ടിയിലൂടെയും തുടരുന്നത് വൃദ്ധന്റെ വാർദ്ധക്യത്തിലെ ദുരന്ത തീവ്രത കൂട്ടാൻ സഹായിക്കുന്നു. താണനിലയിൽ നിന്നുമുള്ള ഉയർച്ച സമൂഹത്തിലെ സ്ഥാനത്തെ സൂചിപ്പിക്കുന്നതായി മാറുന്നുണ്ട്. തൊണ്ണൂറു കഴിഞ്ഞ വൃദ്ധൻ ഓർമ്മകളിലും ബൈബിൾ വാക്യങ്ങളിലും ജീവിക്കുന്നു. ഭദ്രമെന്ന് കണ്ടതെല്ലാം സങ്കല്പം മാത്രമാണെന്ന് അറിയുമ്പോൾ ഉന്മാദാവസ്ഥയിലാകുന്ന വൃദ്ധന് മനസ്സിന്റെ താളം നഷ്ടമാകുന്നത് മാനസികമായ പിരിമുറുക്കത്തെ കാണിക്കുന്നു. കുഞ്ഞേനാച്ചൻ കഷ്ടപ്പെട്ട് വെട്ടിപ്പിടിച്ച ഭൂമിയിൽ മക്കളാരും കൃഷിയിറക്കാത്തതും അവരുടെ വിഭിന്നമായ ജോലികളും സാമൂഹികമാറ്റത്തെ സൂചിപ്പിക്കുന്നതാണ്. ഇത് കുഞ്ഞേനാച്ചനെ പല രീതിയിലാണ് ബാധിക്കുന്നത്. കൃഷി ആദായമില്ലാത്ത തൊഴിലാകുന്നതും സാമൂഹികപ്രവർത്തകനുള്ള അന്തസ്സ് കോൺട്രാക്റ്റർക്കില്ലാത്തതും കള്ളക്കടത്തിന്റെ കടന്നുവരവും കുഞ്ഞേനാച്ചന്റെ വാർദ്ധക്യത്തിൽ പ്രത്യക്ഷപ്പെടുന്ന പ്രധാന മാറ്റങ്ങളാണ്. ക്രിസ്ത്യൻ കുടിയേറ്റത്തിന്റെ ഒരു ചിത്രം കുഞ്ഞേനാച്ചന്റെ ഉയർച്ചയ്ക്കു പിന്നിൽ നിലകൊള്ളുന്നുണ്ട്. തൊഴിലാളി ഉയർന്ന് സാമ്പത്തിക രംഗം കീഴടക്കുന്നത് ക്രമേണയാണ്. കിടപ്പിലായതോടെയാണ് ചുറ്റുമുള്ള ജീവിതത്തെ ആഴത്തിൽ കാണാൻ കുഞ്ഞേനാച്ചന് കഴിയുന്നത്. ഇടറി വീഴുന്ന ചിന്തകളും വർത്തമാനകാല യാഥാർത്ഥ്യവും ഇടകലർന്നുവരുന്നത് തൊണ്ണൂറു കഴിഞ്ഞ വൃദ്ധന്റെ മാനസികലോകം

അനാവരണം ചെയ്യാൻ സമർത്ഥമാണ്. ആഗ്രഹിച്ച സമാധാനപൂർണ്ണമായ മരണം ലഭി ക്കുന്നില്ല. തന്റെ ചുറ്റും നടക്കുന്ന പരിവർത്തനങ്ങൾ കുഞ്ഞേനാച്ചനെ ഒരു ദുരന്തക ഥാപാത്രമാക്കുന്നു.

പാറപ്പുറത്തിന്റെ 'വഴിയമ്പല'ത്തിൽ കേരളീയ ജീവിതപരിസരത്തിൽ വന്ന മാറ്റം ഒരു വൃദ്ധനെ സ്വാധീനിച്ചതെങ്ങനെ എന്നന്വേഷിക്കുന്നു. മാത്തുണ്ണി മുതലാളിയും കുഞ്ഞേനാച്ചനെപ്പോലെ സ്വപ്രയത്നം കൊണ്ട് ഉയർന്നവനാണ്. ക്രിസ്ത്യാനികളുടെ മലബാറിലേക്കുള്ള കുടിയേറ്റം മാത്തുണ്ണി മുതലാളിയായതിന്റെ പിന്നിലുണ്ട്. തൊഴി ലാളി മുതലാളി സംഘട്ടനം എഴുപത്തിരണ്ടുകാരനായ മുതലാളിയെ ബാധിക്കുന്നുണ്ട്. തങ്ങളുടെ പുരസ്കർത്താവായ മാത്തുണ്ണി മുതലാളിയ്ക്കെതിരെ തിരിയാൻ തൊഴി ലാളികൾ മടിക്കുന്നില്ല. തൊഴിലാളിവർഗ്ഗത്തിന്റെ കൂട്ടായ്മയും അവരുടെ വിഘടനമനോ ഭാവവും മാത്തുണ്ണിമുതലാളിയെ ബാധിക്കുന്നത് കാലത്തിന്റെ അനിവാര്യമായ മാറ്റ മായി നോവലിൽ ഘടിപ്പിച്ചിരിക്കുന്നു. മകനായ അപ്പുക്കുട്ടൻ മുതലാളിയുടെ മരണം വൃദ്ധനെ ഉലയ്ക്കുന്നു. അവസാനമടുക്കാറായെന്നറിഞ്ഞ വൃദ്ധൻ സമചിത്തതയോടും നിസ്സംഗതയോടും കൂടി ചുറ്റും നോക്കിക്കാണുന്നുണ്ട്. 'അരനാഴികനേര'ത്തിലെ കുഞ്ഞേനാച്ചനോളം വളർച്ച 'വഴിയമ്പല'ത്തിലെ മാത്തുണ്ണിമാപ്പിളയ്ക്കില്ല. കുടിയേ റ്റവും അതിലൂടെ സമ്പന്നരാവുന്ന ക്രിസ്ത്യൻ സമുദായവും കേരള ചരിത്രത്തിൽ കട ന്നുവരുന്നത് ഈ രണ്ടു നോവലുകളിലെയും വൃദ്ധകഥാപാത്രങ്ങളിലൂടെ കാണാൻ കഴിയും.

മലയാറ്റൂരിന്റെ 'അഞ്ചുസെന്റ്' എന്ന നോവലിലെ അധികാരരാഷ്ട്രീയത്തെപ്പറ്റിയുള്ള നിരീക്ഷണം ശ്രദ്ധേയമാണ്. രാഷ്ട്രീയം ബിസിനസ്സാണെന്നും അതിൽ ആത്മാർത്ഥ തയില്ലെന്നുമുള്ള കണ്ടെത്തലാണത്. നായകനായ പൊതുപ്രവർത്തകന് അധികാരി കളിൽനിന്നും താനാവശ്യപ്പെട്ട അഞ്ചുസെന്റ് ലഭിക്കുന്നില്ല. ആ സ്ഥലം സ്വാധീനമു

ള്ളവർക്ക് കിട്ടുന്നു. അയാൾ കൂടുതൽ മദ്യപിക്കുകയും അതിനുവേണ്ടി ആൾക്കാരെ വഞ്ചിക്കാൻ മടിയില്ലാത്തവനായി മാറുകയും ചെയ്യുന്നു. മാധവൻപിള്ളയുടെ അധഃപതനം രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിൽ പൂർണ്ണമാകുന്നതായി ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. നായകന്റെ വാർദ്ധക്യാവസ്ഥ അയാളുടെ ദയനീയത വെളിപ്പെടുത്തുന്നു. കുടുംബവും മറ്റുള്ളവരുമായുള്ള ബന്ധത്തിൽ വരുന്ന വിള്ളലുകൾ ആണ് മാധവൻപിള്ളയുടെ അവസ്ഥാന്തരത്തിനു കാരണമാകുന്നത്. അതുകൊണ്ടുതന്നെ സാമൂഹിക വാർദ്ധക്യം ആണ് ഈ കഥാപാത്രത്തിൽ പ്രകടമായും കാണാൻ കഴിയുന്നത്. അയാളുടെ കാഴ്ചപ്പാടുകളിൽ വരുന്ന മാറ്റം വാർദ്ധക്യത്തിന്റെ സവിശേഷ മനഃശാസ്ത്രവുമായി ബന്ധപ്പെട്ടതാണ്. അയാളുടെ ചിന്താപരമായ വ്യത്യാസങ്ങൾ ഇതാണു കാണിക്കുന്നത്. വാർദ്ധക്യത്തിലെ സന്തോഷം തിരക്കുപിടിച്ച ജീവിതം, നല്ല ആരോഗ്യം, സമ്പത്തിന്റെ ലഭ്യത, ഇണ, സാമൂഹികമായ ബന്ധങ്ങൾ എന്നിവയെ ആസ്പദമാക്കിയാണ് എന്ന ശിവരാജിന്റെ കണ്ടെത്തൽ ഇവിടെ ശരിയായി വരുന്നു. യഥാർത്ഥ രാഷ്ട്രീയക്കാരനു സംഭവിക്കുന്ന ധാർമ്മികാധഃപതനം, അയാൾ സമൂഹത്തിൽ ഒന്നുമല്ലാതായിപ്പോകുന്നത്, വാർദ്ധക്യത്തിന്റെ നിസ്സഹായാവസ്ഥയിൽ മനഃശക്തി നശിക്കുന്നത് മുതലായവ മാധവൻപിള്ള എന്ന കഥാപാത്രത്തിൽ കാണാൻ കഴിയുന്നു.

ഉപഭോഗസംസ്കാരത്തിന്റെ കടന്നുകയറ്റം ഒരു വൃദ്ധന്റെ ജീവിതത്തിലുണ്ടാക്കിയ മൂല്യത്തകർച്ച, അയാളുമായി ബന്ധപ്പെട്ടവരെയെല്ലാം അതു ബാധിക്കുന്നത്- 'ശിരസ്സിൽ വരച്ചത്' എന്ന നോവലിൽ ഇതെല്ലാം പരാമൃഷ്ടമാകുന്നു. പക്ഷേ അയാൾ ജീവിതം വെറുത്തവനല്ല. സാമൂഹികമായി ഉയർന്ന ശ്രേണിയിലുള്ളവരാണ് ഈ നോവലിൽ പ്രമുഖസ്ഥാനത്ത് നിലകൊള്ളുന്നത്. പാരമ്പര്യമായി സമ്പത്തുള്ള കുടുംബത്തിൽ പിറന്ന ഗോപാലക്കുറുപ്പ് തന്റെ ഉയർച്ചയ്ക്ക് അത് ആധാരമാക്കുന്നില്ല. പണവും പദവിയും മദ്യപാനവും നേരിട്ടും അല്ലാതെയും അയാളുടെ ജീവിതത്തെ ബാധിക്കുന്നു.

നഗരജീവിതത്തിൽ ബന്ധങ്ങൾക്ക് പ്രസക്തി നഷ്ടപ്പെടുന്നത് ഗോപിയും മകൻ അശ്വിനും തമ്മിലുള്ള അകല്ച്ചയിൽനിന്നും മനസ്സിലാക്കാം. സ്വന്തം ജീവിതം ഒന്നുമല്ലാതായതിന്റെ ഉത്തരവാദിത്വം സാമൂഹികമാറ്റങ്ങളിലും പാരമ്പര്യത്തിലും തിരയുകയാണയാൾ. ഗ്രാമത്തിൽ ആരുമില്ലാതിരുന്നിട്ടും അവിടേക്ക് ഒരു മടക്കം ഗോപി ആഗ്രഹിക്കുന്നു. ബംഗ്ലാവിലെ ബട്ളർ കണാരന്റെയും ബോട്ടുഡ്രൈവർ സെയ്താലിയുടേയും സംതൃപ്തമായ ചെറിയ കുടുംബജീവിതം അയാളിൽ അസൂയയുണർത്തുന്നതായി ചിത്രീകരിച്ചിരിക്കുന്നത് അയാളുടെ കുടുംബജീവിതത്തിലെ അസന്തുഷ്ടി വെളിപ്പെടുത്തുന്നതാണ്. അസ്വസ്ഥമായ ഗോപിയുടെ മാനസികനില വ്യക്തമാക്കാൻ നിരവധി സ്വപ്നദൃശ്യങ്ങൾ കൊണ്ടുവരുന്നു. തകർന്ന കുടുംബബന്ധങ്ങളും അവിശുദ്ധ ബന്ധങ്ങളും ഉപഭോഗസംസ്കാരത്തിന്റെ ഫലമായി കടന്നുവരുന്നതായിട്ടാണ് കണ്ടെത്താനാകുക. ഗോപി കൊണ്ടുനടക്കുന്ന അസ്തിത്വവ്യഥയുടെ കാരണം അയാളുടെ അച്ഛന്റെ പാപഭരിതമായ പാരമ്പര്യത്തിലാണെന്ന കണ്ടെത്തൽ 'ശിരസ്സിൽ വരച്ചത്' എന്ന ശീർഷകത്തെ സാർത്ഥകമാക്കുന്നു.

സ്വയം അടിച്ചമർത്തി ജീവിക്കുന്ന സ്ത്രീത്വത്തിന്റെ പ്രതീകമായി മാറുകയാണ് കോവിലന്റെ 'തോറ്റങ്ങൾ' എന്ന നോവലിലെ ഉണ്ണിമോൾ. ചെമ്പുലക്കയിൽ ജീവിതമവസാനിപ്പിക്കാനേ അവർക്കാകുന്നുള്ളൂ. സ്വന്തം അസ്തിത്വം ഓടപ്പഴത്തിന്റെ നിറമുള്ള നാരായണനിൽ കാണുന്നതാണ് ഉണ്ണിമോളുടെ ആത്യന്തികമായ ദുരന്തം. വിവാഹജീവിതത്തിലെ അസംതൃപ്തി അവരെ ജീവിതാവസാനം വരെ പിന്തുടരുന്നതായി കാണിച്ചിട്ടുണ്ട്. വെള്ളപ്പട്ടിയുടെ വിലപോലും തനിക്കു തരാത്ത ഭർത്താവിനോടുള്ള വെറുപ്പും മക്കൾക്ക് താനാഗ്രഹിച്ച പോലെയുള്ള ജീവിതം ലഭിക്കാത്തതിലുള്ള നിരാശയും അവരെ ആത്മഹത്യയിലേക്ക് നയിക്കുന്നതായിട്ടാണ് കാണിച്ചിരിക്കുന്നത്. കോവിലന്റെ 'തോറ്റങ്ങ'ളിലെ ഉണ്ണിമോളുടെ ദുരന്തം ആകസ്മികമായി അനുഭവപ്പെടാത്തത് അതു

കൊണ്ടാണ്. സാമൂഹിക മാറ്റത്തിനനുസരിച്ച് മാറാൻ കൂട്ടാക്കാത്ത ചുറ്റുപാടും നഷ്ട ബോധവും ഇടകലർന്ന് ഭ്രമാത്മകമായ മാനസികാവസ്ഥ അവരെ അങ്ങോട്ടെത്തിക്കുകയാണ്. മക്കത്തായത്തറവാട്ടിലെ കാരണവരുടെ അധികാരം അവരുടെ മുത്തച്ഛനിൽ കാണാൻ കഴിയുന്നു. അദ്ദേഹത്തെ എതിർത്ത് ഒരു അഭിപ്രായം പറയാൻ അച്ഛനു കഴിയാതിരുന്നതാണ് ഉണ്ണിമോളുടെ ജീവിതത്തിലെ ദുരന്തത്തിനു കാരണമാകുന്നത്. ഉണ്ണിമോളുടെ മകൾക്കുപോലും ഈ പുരുഷാധിപത്യം പൂർണ്ണമായും തകർക്കാൻ കഴിയുന്നില്ല.

ആധുനികരിൽ കാക്കനാടന്റെ 'അടർന്നു വീണടിയുന്ന നക്ഷത്രങ്ങൾ' എന്ന നോവലാണ് വാർദ്ധക്യത്തെ ആവിഷ്കരിച്ചതായി കണ്ടെത്തിയത്. ബൈബിളിലെ ദാവീദിന്റെ ജാതകമാണ് ഈ കഥാപാത്രത്തിനുള്ളത്. സാധാരണക്കാരായ മാതാപിതാക്കളുടെ മകനായി ജനിച്ചതും ദൈവം തെരഞ്ഞെടുത്തതും ഗോത്രത്തലവനായതും പരഭാര്യയെ സ്വന്തമാക്കിയതും അതിൽ ജനിച്ച പുത്രനു അധികാരം നൽകേണ്ടി വന്നതും ഇതിനു തെളിവാണ്. മാത്രമല്ല വാർദ്ധക്യത്തിൽ ദാവീദിനെ ശുശ്രൂഷിക്കാൻ നിയുക്തയായ അബീശഗീന്റെ സ്ഥാനത്ത് ചിന്നപ്പെണ്ണ് എന്ന കന്യക ഉള്ളതും ഈ വാദഗതിയെ പിന്തുണയ്ക്കുന്നു. സ്വന്തം പ്രവൃത്തികൾ മൂലം ദുഃഖം അനുഭവിക്കേണ്ടി വരുന്ന ദുരന്തനായകനായി മാറാൻ ഈ കഥാപാത്രത്തിനു കഴിഞ്ഞിട്ടുണ്ട്.

'കാക്കനാടന്റെ തന്നെ സാക്ഷി', എം. മുകുന്ദന്റെ 'ദൈവത്തിന്റെ വികൃതികൾ' എന്നീ നോവലുകളിൽ വാർദ്ധക്യത്തിന് സ്ഥാനം നൽകിയിട്ടുണ്ട്.

ഉത്തരാധുനിക വിഭാഗത്തിൽ രണ്ടു നോവലുകളാണ് ലഭിച്ചിട്ടുള്ളത്. ടി.വി. കൊച്ചുബാവയുടെ 'വൃദ്ധസദന'വും സാറാജോസഫിന്റെ 'മാറ്റാത്തി'യും. സമ്പത്തിനു മേൽക്കൈ വഹിക്കുന്ന ഒരു സമൂഹത്തിൽ വാർദ്ധക്യം അപ്രസക്തമാണെന്ന് തെളിയിക്കുന്ന നോവലാണ് 'വൃദ്ധസദനം'. കേവലം അമ്പത്തഞ്ച് വയസ്സുള്ള സിറിയക്ക്

ആന്റണി താൻ വൃദ്ധനാണെന്നു മനസ്സിലാക്കുന്നത് വൃദ്ധമന്ദിരത്തിനകത്തു പെടു മ്പോൾ മാത്രമാണ്. അവിടെയുള്ള ചുരുക്കം അന്തേവാസികൾ സിറിയക്കിനെക്കാൾ പ്രായമുള്ളവരാണ് എന്ന വസ്തുത ശ്രദ്ധേയം. വൃദ്ധസദനത്തിലെത്തേണ്ട മാനസിക മായ പ്രായം വാസ്തവത്തിൽ അയാൾക്കായിട്ടില്ല എന്ന യാഥാർത്ഥ്യം മനുഷ്യന്റെ പ്രായമാകൽ എന്ന സങ്കല്പത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതാണ്. ജീവിതത്തിന്റെ പ്രലോഭനങ്ങളെല്ലാം അയാളെ ആകർഷിക്കുന്നത് ശാരീരികമായോ മാനസികമായോ അയാൾക്ക് പ്രായമായിട്ടില്ല എന്ന വസ്തുത തെളിയിക്കുന്നു. കാലാനുസൃതമായ പ്രായ മാകലേ വാസ്തവത്തിൽ സിറിയക്കിൽ സംഭവിക്കുന്നുള്ളൂ. വാസ്തവത്തിൽ യുവതി യായ രണ്ടാം ഭാര്യയുടെ ജീവിതമോഹത്തിന്റെ ഇരയായി മാറുകയാണയാൾ. പുതിയ ജീവിതവുമായി പൊരുത്തപ്പെടാനുള്ള സിറിയക്കിന്റെ ശ്രമം വേദനാജനകവും ഭയങ്ക രവും ദയനീയവുമായ ഒരു വ്യവസ്ഥിതിയുടെ ആവിഷ്കാരമായി മാറുന്നുണ്ട്.

സാറാജോസഫിന്റെ 'മാറ്റാത്തി' നവോത്ഥാനഘട്ടത്തിൽ ലളിതാംബിക അന്തർജ്ജനം എഴുതിയ 'അഗ്നിസാക്ഷി'ക്കു ശേഷം വൃദ്ധകഥാപാത്രം കേന്ദ്രസ്ഥാനത്തു വരുന്ന സ്ത്രീയെഴുതിയ നോവൽ എന്ന നിലയ്ക്ക് ശ്രദ്ധേയമാണ്. ഈ നോവലിൽ വൃദ്ധ യായ ബ്രിജിത്തയുടെ ജീവിതം ലൂസി എന്ന കഥാപാത്രത്തിന്റെ വീക്ഷണകോണിൽ ചിട്ടപ്പെടുത്തിയിരിക്കുന്നു. ലൂസിയുടെ ജീവിതത്തെ നിയന്ത്രിക്കുന്ന നിർണ്ണായകശ ക്തിയായാണ് ബ്രിജിത്തയെ തുടക്കം മുതൽ കാണാൻ കഴിയുന്നത്. അപ്പൻവഴി കിട്ടിയ ധാരാളം സ്വത്തും വലിയ വീടും ബന്ധുക്കളുടെ ആകർഷണമാണ്. ആവശ്യത്തിനു പോലും പണം ചെലവാക്കാത്ത അവർക്ക് അതുകൊണ്ട് പ്രയോജനം ഉണ്ടാകുന്നി ല്ലെന്നു കാണിച്ചിട്ടുണ്ട്. പാപ്പാനഗർ നിർമ്മിക്കാൻ തന്റെ ഭൂമി സൗജന്യമായി വിട്ടു കൊടുക്കാൻ അവർ മടിക്കുന്നു. ബന്ധുവായ അച്ചൻ അക്കാര്യം പറയുന്നതിനായി ട്ടാണ് വരുന്നതെന്ന് അവർക്കറിയാം. അവരുടെ കനാൽമണ്ടയിലുള്ള ഭൂമി നഷ്ടപ്പെടു

ന്നത് നഗരവത്കരണവും സ്വകാര്യവത്കരണവും കേരളീയനെ ഗ്രസിച്ചതിന്റെ ഉദാഹരണമാണ്. ചേറു റിയൽ എസ്റ്റേറ്റുകാരുടെ തന്ത്രശാലിത്വത്തോടെ സമ്പന്നയായ ബ്രിജിത്തയുടെ ഭൂമി തട്ടിയെടുക്കുന്നു. അതിനയാൾക്കു കൂട്ടുനിൽക്കുന്നത് അവരുടെ സ്വന്തക്കാർ തന്നെയാണെന്നത് ശ്രദ്ധേയം. സ്വത്തിനുവേണ്ടി വേട്ടയാടപ്പെട്ട ഒരു ജീവിതം മാത്രമായി ബ്രിജിത്ത അവസാനിക്കുന്നു. പരമ്പരാഗതമായ കൃസ്ത്യൻ സമ്പന്നതയുടെ പ്രതീകാത്മകരൂപമായി അവർ മാറുന്നു.

മലയാളത്തിലെ ആദ്യകാലകഥകൾ പൊതുവെ പരിശോധിക്കുമ്പോൾ വാർദ്ധക്യം അവർക്ക് ഗൗരവമായ വിഷമായിരുന്നില്ലെന്നു കാണാം. നർമ്മരസപ്രധാനവും കുറ്റാന്വേഷണത്വരയുള്ളവയും വിനോദത്തിനുള്ളവയുമായിരുന്നു അവർക്ക് കഥകൾ. അമ്പാടി നാരായണപ്പുതുവാളിന്റെ 'ഉളി പിടിച്ച കയ്യ്', എം.ആർ.കെ.സി.യുടെ 'കണ്ണിപറമ്പിലെ കൊലപാതകൻ', എന്നീ കുറ്റാന്വേഷണ കഥകൾ, കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ 'കിഴവൻ ശങ്കരന്റെ കഥ' എന്ന ഗുണപാഠകഥ തുടങ്ങിയവയിൽ വാർദ്ധക്യം കടന്നുവരുന്നുണ്ട്.

നവോത്ഥാനകാഥികരായ തകഴി, കേശവദേവ്, പൊൻകുന്നം വർക്കി, ബഷീർ, കാരൂർ, ഉറൂബ്, എസ്.കെ. പൊറ്റെക്കാട്ട്, ചെറുകാട്, എൻ.പി. ചെല്ലപ്പൻനായർ, ഇ.എം. കോവൂർ നാഗവള്ളി ആർ.എസ്. കുറുപ്പ്, വെട്ടൂർ രാമൻനായർ എന്നിവരുടെ കഥലാണ് സ്വീകരിച്ചിട്ടുള്ളത്. ദാരിദ്ര്യം, ചൂഷണം, വിശപ്പ്, മരുമക്കത്തായ-കൂട്ടുകുടുംബവ്യവസ്ഥിതിയുടെ തകർച്ച, ജന്മി-കുടിയാൻ സമ്പ്രദായം, തൊഴിലാളികളുടെ പ്രശ്നങ്ങൾ എന്നിവയെല്ലാം കഥാവിഷയങ്ങളായിട്ടുണ്ട്. ഇക്കൂട്ടത്തിൽ വാർദ്ധക്യവും കടന്നുവരുന്നു.

സ്ത്രീ-പുരുഷകഥകളെ വേർതിരിച്ചാണ് എല്ലാ അദ്ധ്യായങ്ങളിലും പരിഗണിക്കുന്നത്. ഏകാകികൾ, സാഹചര്യങ്ങളുടെ ഇരകൾ, സ്വാർത്ഥർ, ദരിദ്രർ, ചൂഷണം ചെയ്യ

പ്പെടുന്നവർ, തറവാടെന്ന ആശ്രയം നഷ്ടപ്പെട്ട മരുമക്കത്തായികൾ തുടങ്ങി വിഭിന്ന രീതിയിൽ വാർദ്ധക്യം പ്രശ്നവൽക്കരിക്കപ്പെടുന്നു. വൃദ്ധരും നിരക്ഷരരുമായ കർഷകത്തൊഴിലാളികളുടെയും പാരമ്പര്യത്തൊഴിലാളികളുടെയും പെൻഷൻകാരായ അധ്യാപകരുടെയും ദൈന്യം, കാർഷികവ്യവസ്ഥിയിൽ വന്നുചേർന്ന മാറ്റം അതുമായി ബന്ധപ്പെട്ടവരിൽ സൃഷ്ടിക്കുന്ന അങ്കലാപ്പ്, സർക്കാരിന്റെ നടപടികൾ ജീവിതത്തിൽ വിപരീതമായി ബാധിക്കുന്നവർ, വാശിക്കാർ ഇങ്ങനെ പല തരക്കാരും ഈ വൃദ്ധരിൽ ഉണ്ട്.

കാരൂർ നീലകണ്ഠപിള്ള, പൊൻകുന്നം വർക്കി, നാഗവള്ളി ആർ.എസ്. കുറുപ്പ്, ലളിതാംബിക അന്തർജ്ജനം തുടങ്ങിയവർ അവരവരുടെ ജീവിതകാലത്തെ അനുഭവങ്ങൾ, ജനിച്ച സമുദായം ഇവയിലൂന്നികൊണ്ടുള്ള കഥകളാണ് കൂടുതലും രചിച്ചത്. പരിചിതമായ ജീവിതപരിസരങ്ങളായതുകൊണ്ടുള്ള ആത്മാർത്ഥത നവോത്ഥാന കാഥികരുടെ കഥകളിലുണ്ട്. മരുമക്കത്തായ തറവാടുകളുടെ തകർച്ച കേന്ദ്രീകരിച്ച കഥകളാണ് പാരമ്പര്യം, എൺപതാംവയസ്സിൽ (തകഴി), ഒരു പറ കണ്ണീർ (ഉറൂബ്), ഒടുവിലത്തെ കണ്ണി (എൻ.പി. ചെല്ലപ്പൻ നായർ), ചിറ്റപ്പൻ, ലോകം നന്നാക്കാൻ, ഭദ്രക്കാളിക്കാവ് (കാരൂർ) എന്നിവ. കാർഷികവ്യവസ്ഥിതിയിൽ വന്ന മാറ്റം വൃദ്ധരെ ബാധിക്കുന്ന കഥകളാണ് തഹസീൽദാരുടെ അച്ഛൻ, കൃഷിക്കാരൻ (തകഴി), ഏൻ. ചത്തുപോം ഈ പാടത്തുന്നു പോയാൽ, നെല്ലിന്റെ നാട്ടിൽ, (നാഗവള്ളി) എന്നിവ. പാരമ്പര്യമായ കൃഷിയിൽ നിന്നും മാറി ഉദ്യോഗ പ്രൗഢിയിലെത്തിച്ചേരുന്ന പുതുതലമുറയും പഴയ കൃഷിക്കാരനും തമ്മിലുള്ള ധാർമ്മിക സമരം 'തഹസീൽദാരുടെ അച്ഛ'നിലുണ്ട്. പാടവും പാട്ടക്കാരനും അടിയാനും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന്റെ കഥകളാണ് നാഗവള്ളിയുടെ കുട്ടനാടൻ കഥകൾ. നവോത്ഥാനകാഥികരുടെ കൂട്ടത്തിൽ ദളിത് വൃദ്ധരുടെ കഥകൾ എഴുതിയിട്ടുള്ളത് നാഗവള്ളിയാണ്. നാഗവള്ളിയുടെ 'ചതിച്ചോ തമ്രാ', 'പുലയന്റെ സമ്പാദ്യം', 'ഏൻ ചത്തുപോം ഈ പാടത്തുന്നു

പോയാൽ' എന്നീ കഥകളിലെ പുലയർ ജന്മിയെ വിശ്വസിക്കുന്നവരും പാടം വിട്ടു ജീവിതമില്ലെന്നു കരുതുന്ന പഴയകാല മനഃസ്ഥിതിക്കാരുമാണ്. വഞ്ചിക്കപ്പെടുമ്പോഴും ജന്മിയോട് നേരെ നിന്ന് സംസാരിക്കാനുള്ള തന്റേടം അവർ നേടുന്നില്ല. ജന്മികുടിയാൻ വ്യവസ്ഥ ദുർബലപ്പെട്ട ഒരു സമൂഹത്തിന്റെ ചിത്രണമാണ് ഈ കഥകളിൽ വ്യക്തമാകുന്നത്. എങ്കിലും ന്യായമായ കാര്യത്തിനുപോലും ജന്മിയെ എതിർക്കാനുള്ള കരുത്ത് അടിയാന്മാർക്ക് ലഭിക്കുന്നതായി കാണുന്നില്ല. പുലയരിലുണ്ടാകുന്ന സാമൂഹ്യമായ ഉണർച്ചയും വേലക്കു കൂലിയെന്ന സമ്പ്രദായവും വൃദ്ധരെ ബാധിക്കുന്നത് നാഗവള്ളി സൂക്ഷ്മമായി നിരീക്ഷിച്ചിട്ടുണ്ട്.

പാരമ്പര്യത്തൊഴിലാളികളുടെ ജീവിതത്തിൽ വരുന്ന മാറ്റം വൃദ്ധരെ ബാധിക്കുന്നത് കുഞ്ചു ആശാരി, (ഉറൂബ്), പഴംകത്തിയും കത്രികയും, മതിയായടിയന് (നാഗവള്ളി), എന്നീ കഥകളിൽ കാണാം.

സാധാരണക്കാരും അതിസാധാരണക്കാരുമായി കഥാപാത്രങ്ങളാണ് ഭൂരിപക്ഷം കഥകളിലും കാണുന്നത്. നവോത്ഥാനകാഥികരെ സവിശേഷമായി ആകർഷിച്ച ദാരിദ്ര്യം വൃദ്ധരെ ബാധിക്കുന്നതെങ്ങനെയെന്ന് മിക്ക കാഥികരും ശ്രദ്ധിച്ചിട്ടുണ്ട്. തകഴിയുടെ ഒരു ജീവിതം, ബഷീറിന്റെ 'പത്ര റിപ്പോർട്ട്', പൊൻകുന്നം വർക്കിയുടെ 'അവരുടെ ഭ്രാന്തൻ', എസ്.കെ. പൊറ്റെക്കാട്ടിന്റെ 'പഴയകോട്ട്', കാരൂരിന്റെ 'അദ്ധ്യാപക കഥകൾ,' കോവൂരിന്റെ 'ചുവപ്പുനാട' നാഗവള്ളിയുടെ 'പഴംകത്തിയും കത്രികയും' ചെറുകാടിന്റെ 'ശിഷ്യസമ്പത്ത്' എന്നീ കഥകളിൽ വൃദ്ധർ അനുഭവിക്കുന്ന ദാരിദ്ര്യം പ്രധാനപ്രമേയമായി കടന്നുവരുന്നുണ്ട്. പെൻഷനും വാർദ്ധക്യവും സംബന്ധിച്ച കഥകളിൽ ശ്രദ്ധേയം. കാരൂരിന്റെ മാലപ്പടക്കം, സാറിനും പട്ടിക്കും, പെൻഷൻ, എൻ.പി. ചെല്ലപ്പൻ നായരുടെ 'മിന്നൽപ്പിണർ' ഇ.എം. കോവൂരിന്റെ മരണം കാത്തുകിടന്ന മനുഷ്യൻ, പഴയകുടത്തിൽ പുതിയ പുതിയ വീഞ്ഞ്, ചുവപ്പുനാടട, നാഗവള്ളിയുടെ വ്യവ

സായശാലയിൽ, വെട്ടൂർ രാമൻ നായരുടെ 'ഉപഹാരം' എന്നിവയാണ്. പെൻഷൻ പറ്റുന്നവരുടെ വിവിധ പ്രശ്നങ്ങളിൽ എഴുത്തുകാർ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. കാരൂരും വെട്ടൂരും ദാരിദ്ര്യത്തിന് ഊന്നൽ കൊടുക്കുന്നു. നഗവള്ളിയുടെ വ്യവസായശാലയിലെ കഥാപാത്രം പ്രതിരോധത്തിനാണ് പ്രാധാന്യം നൽകുന്നത്. പ്രതിരോധവും വൈകാരിക ജീവിതവും ദാരിദ്ര്യവും കോവൂരിനു വിഷയമാകുന്നു.

കേശവദേവിന്റെയും പൊൻകുന്നം വർക്കിയുടെയും കഥകളിൽ സാമ്പത്തികാസമത്വം പ്രകടമാണ്. വാർദ്ധക്യത്തിന്റെ ശാരീരിക പരാധീനതകൾ കാരൂരിന്റെയും നാഗവള്ളിയുടേയും കഥകളിൽ കൂടുതലായുണ്ട്. സാഹചര്യങ്ങൾക്ക് കീഴടങ്ങുന്നവരും സാഹചര്യങ്ങൾ അനുകൂലമാകുന്നവരും കോവൂരിന്റെ കഥാലോകത്തുണ്ട്.

വാർദ്ധക്യത്തിലെ ഏകാന്തത വൃദ്ധർ അനുഭവിക്കുന്ന പ്രധാനപ്രശ്നമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഇണയുടെ മരണവും, സുഹൃത്തിന്റെ മരണവും, വൃദ്ധരിലുണ്ടാക്കുന്ന മാനസികപരിവർത്തനങ്ങൾ ശ്രദ്ധേയമാണ്.

മറുനാടുകളിലേക്ക് തൊഴിലിനായി കുടിയേറുന്നവരുടെ വൃദ്ധമാതാപിതാക്കൾ അനുഭവിക്കുന്ന ഒറ്റപ്പെടലും വേദനയും ലളിതാംബിക അന്തർജ്ജനമാണ് വിഷയമാക്കിയിട്ടുള്ളത്. അവരുടെ ആദിമാതാവിനു കിട്ടിയ ശാപം, വ്യാകുലസങ്കേതം, വിശ്വരൂപം, പവിത്രമോതിരം, ഭാഗ്യം, ഇരുപതാം നൂറ്റാണ്ടിലെ വൃദ്ധൻ എന്നീ കഥകൾ പ്രവാസം ഇതിവൃത്തമാക്കിയവയാണ്. ഉറൂബിന്റെ 'ഓണം കഴിഞ്ഞു' ആണ് മറ്റൊരു കഥ. പ്രവാസികളായവരുടെ വൃദ്ധരക്ഷിതാക്കൾ ഒരു പ്രധാനപ്രമേയമായി ഇക്കാലഘട്ടത്തിൽ കടന്നുവരുന്നില്ലെന്നാണ് ഇതു നൽകുന്ന സൂചന. കുടിയേറ്റങ്ങൾ നാട്ടിലെ വൃദ്ധരായ മാതാപിതാക്കളെ വിപരീതമായി ബാധിച്ചതാണ് അന്തർജ്ജനത്തിന്റെ കഥകളിലുള്ളത്.

ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകളിലെ വൃദ്ധജനങ്ങൾ പൊതുവേ അവരുടെ ദുഃസ്ഥിതിക്കു കാരണമായവരെ കുറ്റപ്പെടുത്തുന്നില്ല. വിധിബലം, വ്യാകുലസ

ങ്കേതം, ഭാഗ്യം, ഇരുപതാംനൂറ്റാണ്ടിലെ വൃദ്ധൻ, മരുമകന്റെ കൊട്ടാരം തുടങ്ങിയ കഥകൾ ശ്രദ്ധേയം. നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾ, മരുമക്കത്തായം മുതലായവയും അന്തർജ്ജനം വിഷയമാക്കിയിട്ടുണ്ട്.

പുരുഷന്മാരായ എഴുത്തുകാരുടെ സ്ത്രീപക്ഷ രചനകൾ കുറവായിട്ടാണ് കാണുന്നത്. അറുപതാം വയസ്സിൽ, എൺപതാം വയസ്സിൽ (തകഴി) അമ്മൂമ്മ പറഞ്ഞത്, ചുടലത്തെങ്ങ്, ഒടുവിലത്തെ മകൻ (കാരൂർ), രാഘവന്റെ അമ്മ (കേശവദേവ്), ഒടുവിലത്തെ കണ്ണി (എൻ.പി. ചെല്ലപ്പൻനായർ), ചാക്കുസഞ്ചി (ചെറുകാട്), മതിയായടിയന്, വിധവ, നാടകറാണി, ഷഷ്ടിപൂർത്തി ദിനത്തിൽ (നാഗവള്ളി), അമ്മ (വെട്ടൂർ) എന്നിവയാണ് വൃദ്ധകളെ കേന്ദ്രീകരിച്ച കഥകൾ. അതേസമയം ലളിതാംബിക അന്തർജ്ജനത്തിന്റേതായി കൂടുതൽ സ്ത്രീപക്ഷകഥകൾ ഉണ്ട്. വിധിബലം, സ്നേഹയാചകി, പാതയുടെ അവസാനം, മരത്തൊട്ടിൽ, മനുഷ്യപുത്രി, വിശ്വരൂപം, ഭാഗ്യം, ആദിമാതാവിനു കിട്ടിയ ശാപം, വ്യാകുലസങ്കേതം, പവിത്രമോതിരം എന്നിവയാണ് വൃദ്ധകളെ കേന്ദ്രീകരിച്ച അന്തർജ്ജനത്തിന്റെ കഥകൾ.

നമ്പൂതിരി സമുദായത്തിന് അനുഭവിക്കേണ്ടിവന്ന അനാചാരങ്ങളും ഭൂപരിഷ്ക്കരണനിയമം അവരുടെ അടിത്തറയില്ലാതാക്കിയതും ലളിതാംബിക അന്തർജ്ജനത്തിന്റെ 'വിധിബല'ത്തിലും 'പവിത്രമോതിര'ത്തിലും 'മനുഷ്യപുത്രി'യിലുമുണ്ട്. വിധിബലത്തിലും സ്നേഹയാചകിയിലും വാചാലയായ അന്തർജ്ജനമല്ല മറ്റു കഥകളിലുള്ളത്. വൃദ്ധകളനുഭവിക്കേണ്ടിവരുന്ന സ്നേഹശൂന്യത, മക്കളെ ചൊല്ലിയുള്ള അഭിമാനം, ഒറ്റപ്പെടലിന്റെ രൂക്ഷത, എന്നിവയെല്ലാം അവയിൽ സുഭദ്രമാണ്. പണത്തിനോടുമാത്രം ആഗ്രഹമുള്ള ഒരു തലമുറയുടെ വരവ് 'വ്യാകുലസങ്കേത'ത്തിലുണ്ട്.

വൃദ്ധരുടെ ആത്മഹത്യ കേന്ദ്രീകരിച്ച് ചില കഥകൾ എഴുതപ്പെട്ടിട്ടുണ്ട്. അവയാണ് ഓണം കവിഞ്ഞു (ഉറൂബ്), ഏഴിലം പാല (എസ്.കെ. പൊറ്റെക്കാട്ട്), മിന്നൽപ്പിണർ

(എൻ.പി. ചെല്ലപ്പൻ നായർ), അമ്മ (വെട്ടൂർ രാമൻനായർ) എന്നിവ. സമകാലിക സമൂഹത്തിൽ പ്രത്യേകശ്രദ്ധ നേടുന്ന ഒന്ന് എന്ന നിലയിൽ ഈ കഥകൾ ശ്രദ്ധേയമാണ്. വാർദ്ധക്യലൈംഗികത കഥാവിഷയമായിട്ടുണ്ട്.

ഏകാന്തത, ഇരകൾ, പെൻഷൻ ഇവയുമായി ബന്ധപ്പെട്ടാണ് കൂടുതൽ കഥകളും വന്നിട്ടുള്ളത്. ഒറ്റപ്പെടുന്നവരും ഒറ്റപ്പെടുത്തപ്പെടുന്നവരും ഉണ്ട്. ഈ വിഭാഗത്തിൽ സ്ത്രീകൾ കഥാപാത്രമായവ കുറവാണ്. സമൂഹികമാറ്റങ്ങളുടേയും ദാരിദ്ര്യത്തിന്റെയും ഇരകളാണ് കൂടുതൽ. സാമൂഹികമാറ്റമാണ് സ്ത്രീകളെ ബാധിച്ചിട്ടുള്ളത്. പെൻഷൻ വിഭാഗത്തിൽ സ്ത്രീകൾ കടന്നുവന്നിട്ടില്ല.

സ്വാനുഭവങ്ങളും കാലഘട്ടത്തിന്റെ സംഭാവനകളും കൈമുതലാക്കി എഴുതിയിട്ടുള്ള നവോത്ഥാനകാഥികരുടെ കഥകൾ മാനവികമൂല്യങ്ങൾക്ക് പ്രാധാന്യം കൽപ്പിച്ചിട്ടുണ്ട്. സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങളാണ് വൃദ്ധരെ ബാഹ്യമായി ബാധിച്ചിട്ടുള്ളത്. ആന്തരികമായ പ്രശ്നം മുഖ്യമായും ഏകാന്തതാണ്. പരിചിതമായ ജീവിത പരിസരത്തിൽനിന്നുള്ള ഒരാമാർത്ഥത ഈ വൃദ്ധകേന്ദ്രീകൃതകഥകളിൽ കണ്ടെത്താനാകും.

ടി. പത്മനാഭൻ, എം.ടി. വാസുദേവൻ നായർ, കോവിലൻ പാറപ്പുറത്ത്, എൻ.പി. മുഹമ്മദ്, എൻ. മോഹനൻ, ജി. വിവേകാനന്ദൻ, മലയാറ്റൂർ രാമകൃഷ്ണൻ തുടങ്ങിയവരുടെ കഥകളാണ് മൂന്നാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നവോത്ഥാനത്തിനുശേഷമുള്ള കഥകൾ പരിശോധിക്കുമ്പോൾ ഏകാന്തതയും ഒറ്റപ്പെടലും ഉള്ളവ കൂടിയതായി കാണാം. വൃദ്ധരുടെ മാനസികാനുഭവങ്ങളിൽ തീക്ഷ്ണമായ അനുഭവം ഇതു തന്നെയാണ്.

പത്മനാഭന്റെ കഥകളിലെ വൃദ്ധർ കൂടുതലും അന്തർമുഖരാണ്. നഗരത്തിരക്കിൽ അസ്വസ്ഥരായി അലയുന്നവരാണ് എം.ടി.യുടെ വൃദ്ധർ. നാഗരിക പശ്ചാത്തലത്തി

ലുള്ള എം.ടി.യുടെ കഥകൾ ശ്രദ്ധേയമാണ്. ഈ കഥകളുടെ പൊതുസ്വഭാവം ഏകാന്തതയാണ്. ശാന്തിപർവ്വം, അവർ, ഡാർ എസ്. സലാം, ജോക്കർ, സ്വർഗ്ഗം തുറക്കുന്ന സമയം, കല്പാന്തം എന്നീ കഥകളാണ് എം.ടി.യുടേതായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രാമത്തിൽനിന്നും നഗരത്തിലേക്കുള്ള പലായനവും നഗരവത്കരണത്തിന്റെ ഫലമായി സ്വത്വം നഷ്ടപ്പെടുന്നവനുമായ മനുഷ്യന്റെ അസ്തിത്വദുഃഖം ആധുനികതയുടെ മുഖമുദ്രയാണ്. മേൽപ്പറഞ്ഞ കൃതികളിൽ ഇതു ദൃശ്യമാണ്.

ഒറ്റപ്പെടൽ വൃദ്ധലോകത്തെ അലട്ടുന്ന വലിയ പ്രശ്നമായി ആധുനികരുടെ കഥകളിലും കാണാൻ കഴിയുന്നുണ്ട്. എം.പി. നാരായണപിള്ളയുടെ 'നിരാശ', എം. മുകുന്ദന്റെ 'ടു ഇൻ വൺ', സക്കറിയയുടെ ' ഈ എഴുത്ത്', സേതുവിന്റെ 'സാമി', എം. സുകുമാരന്റെ 'പൊട്ടക്കിണർ', യു.എ. ഖാദറിന്റെ 'ദക്ഷിണായനം', കെ.എൽ. മോഹനവർമ്മയുടെ 'വൃദ്ധൻ', വൈശാഖന്റെ 'സൈലൻസർ സാറാ തോമസിന്റെ 'മൃഗതൃഷ്ണ' തുടങ്ങിയ കഥകളിൽ ആധുനിക മനുഷ്യരെ ഏറെ അലട്ടുന്ന ഒറ്റപ്പെടലുണ്ട്. ജോർജ്ജ് ഓണക്കൂറിന്റെ മിക്ക കഥകളിലും ഒറ്റപ്പെടൽ കാണാം. വയസ്സായവർ മക്കളുടെ സാമീപ്യമാണ് ആഗ്രഹിക്കുക എന്ന് പല കഥകളും വെളിപ്പെടുത്തുന്നു. അണുകുടുംബത്തിലേയ്ക്കൊതുങ്ങുന്ന കേരളീയ കുടുംബാന്തരീക്ഷം ഏകാകിതയുടെ ഒരു മുഖ്യകാരണമായി കാണാൻ കഴിയുന്നുണ്ട്. ഏകാന്തത സ്ത്രീ–പുരുഷന്മാരെ ഒരുപോലെ അലട്ടുന്ന ഒന്നായിട്ടാണ് കാണുന്നത്.

സാമൂഹികമാറ്റത്തിന്റെയും ദാരിദ്ര്യത്തിന്റെയും രോഗങ്ങളുടെയും ഇരകളാണ് കൂടുതൽ. രോഗം പുതുതായി കടന്നുവരുന്ന വിഭാഗമാണ്. വൃദ്ധകൾ ഈ വിഭാഗത്തിൽ കുറവാണ്. പെൻഷൻ വിഭാഗം ഇവിടെയും വലിയ വിഭാഗമാണ്. സ്ത്രീകൾ കടന്നുവരുന്നുണ്ട്.

കുടുംബബന്ധങ്ങൾക്ക് അടുപ്പം കുറവായ ഒരന്തരീക്ഷമാണ് പാറപ്പുറത്തിന്റെ

തെക്കേലമ്മ'യിൽ ഉള്ളത്. നഗരവൽക്കരണത്തോടുള്ള ഒരു വൃദ്ധന്റെ എതിർപ്പാണ് എൻ.പി. മുഹമ്മദിന്റെ 'മഞ്ഞക്കിളിയുടെ പാട്ട്' എന്ന കഥ.

ഈ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ വൃദ്ധകേന്ദ്രീകൃത കഥകൾ രചിച്ചിരിക്കുന്നതായി കണ്ടത് മലയാറ്റൂർ രാമകൃഷ്ണനും മാധവിക്കുട്ടിയുമാണ്. പെൻഷൻകഥകളുടെ ആധിക്യം ശ്രദ്ധേയമാണ്. മലയാറ്റൂർ തന്നെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെട്ട കഥകൾ കൂടുതൽ എഴുതിയിട്ടുള്ളത്. പതുക്കെപ്പതുക്കെ സമൂഹത്തിൽ ഉടലെടുത്ത ഉദ്യോഗസംസ്കാരത്തെയാണ് ഇത്തരം കഥകൾ കാണിച്ചുതരുന്നത്.

എഴുത്തുകാരിയായി മാധവിക്കുട്ടിയാണ് ഈ ഭാഗത്തുള്ളത്. ഇവർ വൃദ്ധരുടെ ലൈംഗികാഭിലാഷം കഥകളിൽ കൊണ്ടുവന്നിട്ടുണ്ട്. മാധവിക്കുട്ടിയുടെ കഥകൾ രൂക്ഷമായ സാമൂഹികവിമർശനം സാധിക്കുന്നുണ്ട്. ഒറ്റപ്പെടലും പ്രവാസികളായ മക്കളുടെ സാന്നിദ്ധ്യവും ശ്രദ്ധേയമാണ്. അവരുടെ കഥകളിൽ വൃദ്ധന്മാർക്കും വൃദ്ധകൾക്കും ഏകദേശം തുല്യപ്രധാന്യം കാണാൻ കഴിയും. തങ്ങളെപ്പറ്റി മാത്രം ചിന്തിക്കുന്ന പടുവൃദ്ധന്മാരും വൃദ്ധകളും ഈ കഥാലോകത്തുണ്ട്. രോമക്കുപ്പായം, മീനാക്ഷിയേടത്തി, പുതിയ വീട്, മുത്തച്ഛൻ, സപ്താഹം എന്നിവ വ്യത്യസ്ത വിഷയങ്ങൾ കണ്ടെത്തുന്നതിന് ഉദാഹരണമാണ്. മാധവിക്കുട്ടിയുടെ പുരുഷവീക്ഷണമുള്ള കഥകളിൽ ശാരീരികമായ ദുർബ്ബലാവസ്ഥ പുരുഷനെ തളർത്തിക്കളയുന്നതായി അവർ നിരീക്ഷിച്ചിട്ടുണ്ട്. സ്ത്രീയുടെ താങ്ങ് അവരാഗ്രഹിക്കുന്നു.

ടി. പത്മനാഭന്റെ 'അമ്മ' എന്ന കഥയിലെ അമ്മ മക്കൾ പിരിഞ്ഞുപോകുമ്പോഴും പിടിച്ചുനിൽക്കുന്നതായി കാണുന്നു. സ്ത്രീയെ സമർത്ഥമായി വഞ്ചിക്കുന്ന പുരുഷനോടുള്ള സ്ത്രീയുടെ സഹതാപം എം.ടി.യുടെ 'കൽപ്പാന്ത'ത്തിലുണ്ട്. പാറപ്പുറത്തിന്റെ തന്റേടിയും പ്രാപ്തിക്കാരിയുമായ 'തെക്കേലമ്മ'യ്ക്കുപോലും പുരുഷസഹായം തേടേണ്ടിവരുന്നു. അത് അവരുടെ മരണത്തിനു കാരണമായിട്ടാണ് ചിത്രീകരിക്കപ്പെട്ടിരി

ക്കുന്നത്. മലയാറ്റൂരിന്റെ സിസ്റ്റർ റജീന അസാമാന്യമായ മനക്കട്ടിയുള്ള് കഥാപാത്ര മാണ്. രോഗത്തിനും ജീവിതത്തിനുമിടയിൽ പതറാതെ നിൽക്കാനുള്ള സ്ഥൈര്യം അവർക്കുണ്ട്. 'തിരുടി പൊന്നമ്മാ'ളും പിടിച്ചുനിൽക്കുന്നുണ്ട്. പക്ഷേ തന്നെ തിരുടിയാക്കുന്ന പുരുഷാധിപത്യപ്രവണതയെ എതിർക്കാനുള്ള ശേഷിയില്ല. മലയാറ്റൂരിന്റെ തന്നെ 'അമ്മ'യിലെ അമ്മ മക്കളുടെ ശാസനയ്ക്കു മുമ്പിൽ പെട്ടെന്ന് തളരുന്നവളാണ്. കുടുംബഭരണത്തിലുള്ള വൃദ്ധകളുടെ താല്പര്യം മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുന്നതും ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീകളെപ്പറ്റിയുള്ള കഥകൾ കൂടുതൽ മാധവിക്കുട്ടിയുടെയാണ്. മാധവിക്കുട്ടിയുടെ സ്ത്രീകൾ സഹതാപമർഹിക്കുന്നവരായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. നിഷ്കളങ്കത അവരുടെ കഷ്ടപ്പാടുകൾക്ക് കാരണമാകുന്നുണ്ട്. തിമിരം, സുഭദ്രമ്മ തുടങ്ങിയ കഥകളിലെ അമ്മമാർ തന്റേടികളാണ്.

വൃദ്ധസദനവും ഹോം നഴ്സിംഗും ഈ കാലഘട്ടത്തിൽ കഥാവിഷയമായി വരുന്നുണ്ട്. വൃദ്ധരുടെ ആത്മഹത്യ ഇവരും സ്വീകരിച്ചിട്ടുള്ളത് വൈകുന്നേരത്തെ മഴക്കാറ് (ടി. പത്മനാഭൻ), സുഖം ശന്തം സ്വച്ഛന്ദം(എൻ. മോഹനൻ) എന്നിവയിൽ കാണാം. മാധവിക്കുട്ടിയുടെ 'സ്വയംവര'ത്തിൽ ബലാത്സംഗവും കൊലപാതകവും പ്രമേയമാണ്. പെൻഷൻകഥകളും സ്ത്രീകൾ കേന്ദ്രമായ കഥകളും നവോത്ഥാനകാലത്തെ അപേക്ഷിച്ച് കൂടിയിട്ടുണ്ട്.

നാഗരികപശ്ചാത്തലത്തിലുള്ള വൃദ്ധകേന്ദ്രീകൃതകഥകൾ വർദ്ധിച്ചിട്ടുണ്ട്. ലൈംഗികത മുതലാളിത്തം, പ്രവാസികളായ മക്കൾ, ഗൃഹാതുരത്വം എന്നിവ കൂടുതലായി കടന്നുവരുന്നുണ്ട്. ആശ്രിതർ, അവഗണന, നിസ്സഹായർ, കുറ്റബോധമുള്ളവർ, ഉപേക്ഷിക്കപ്പെട്ടവർ, സ്വാഭാവികവാർദ്ധക്യം എന്നിവ പുതുതായി സ്വീകരിക്കപ്പെട്ടിട്ടുണ്ട്. വാർദ്ധക്യലൈംഗികത മലയാറ്റൂരും മാധവിക്കുട്ടിയുമാണ് സ്വീകരിച്ചിട്ടുള്ളത്. അശരണരായ വേലക്കാരുടെ കഥകൾക്ക് പ്രാധാന്യം കുറഞ്ഞിട്ടില്ലെന്നു കാണാം.

സവിശേഷമായ അർത്ഥകൽപ്പനയോടുകൂടിയ ആധുനികതയുടെ വക്താക്കളായ കാക്കനാടൻ, ഒ.വി. വിജയൻ, സക്കറിയ, എം.പി. നാരായണപിള്ള, എം. മുകുന്ദൻ, സേതു എം. സുകുമാരൻ, സി. രാധാകൃഷ്ണൻ, യു.എ. ഖാദർ, പെരുമ്പടവം ശ്രീധരൻ, കെ.എൽ. മോഹനവർമ്മ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻകുട്ടി, മുണ്ടൂർ സേതുമാധവൻ, ജോർജ്ജ് ഓണക്കൂർ, പി. വത്സല, സാറാ തോമസ് എന്നിവരുടെ കഥകളാണ് സ്വീകരിച്ചത്.

കാക്കനാടന്റെ 'നിരാശ', എം. മുകുന്ദന്റെ, 'ടൂ ഇൻ വൺ', സക്കറിയയുടെ 'ഈ എഴുത്ത്', സേതുവിന്റെ 'സാമി', എം. സുകുമാരന്റെ 'പൊട്ടക്കിണർ', യു.എ. ഖാദറിന്റെ 'ദക്ഷിണായനം', കെ.എൽ. മോഹനവർമ്മയുടെ 'വൃദ്ധൻ', വൈശാഖന്റെ 'സൈലൻസർ' തുടങ്ങിയ കഥകളിൽ ആധുനികമനുഷ്യനെ ഏറെ അലട്ടുന്ന ഒറ്റപ്പെടലുണ്ട്.

ഏകാന്തത ഇവിടെയും കൂടുതലാണ്. സ്ത്രീകളുടെ ഒറ്റപ്പെടലാണ് അധികമുള്ളത് മറ്റദ്ധ്യായങ്ങളെ അപേക്ഷിച്ച് പ്രത്യേകമാണ് ഈ വസ്തുത. ഇരകൾ എന്ന വിഭാഗത്തിൽ പുരുഷകഥാപാത്രങ്ങൾ ഇല്ല എന്നതും ശ്രദ്ധേയം. പെൻഷൻ പറ്റിയവർ ഈ ഭാഗത്തും വലിയ വിഭാഗമാണ്. സ്ത്രീ പ്രാതിനിധ്യം കടന്നുവന്നിട്ടുണ്ട്.

എം. മുകുന്ദന്റെ 'ടൂ ഇൻ വൺ' എന്ന കഥയിലെ സന്തതിയില്ലാത്ത വൃദ്ധൻ സദാ കൂടെകൊണ്ടുനടക്കുന്ന ടൂ ഇൻ വൺ ഒരു മകനില്ലാത്ത ദുഃഖം ഇല്ലാതാക്കി എന്നു പറയുമ്പോൾ ആധുനികമനുഷ്യന്റെ നിരർത്ഥക ജീവിതം അർത്ഥസംപുഷ്ടമാക്കാനുള്ള മനഃപൂർവ്വമായ ശ്രമം നടന്നിട്ടുണ്ടെന്ന് വ്യക്തമാണ്. അരക്ഷിതത്വവും അന്യതാബോധവും 'നിരാശ'യിലെ വൃദ്ധനെ മഥിക്കുന്നു. 'വാശി' എന്ന വിഭാഗത്തിൽ പുരുഷകഥാപാത്രങ്ങളെയാണ് കാണാൻ കഴിഞ്ഞത്.

സേതുവിന്റെ 'സാമി'യെന്ന കഥയിൽ മുതലാളിത്തത്തിന്റെ ഇരയായി മാറുന്ന ദരി

ദ്രരും സാധാരണക്കാരും ബുദ്ധികൂർമ്മതയുള്ളവരുമായ ഒരു പക്ഷത്തിന്റെ പ്രതിനിധിയായി സാമി മാറുന്നു. തന്റെ നിലനിൽപിനെപ്പറ്റി ചിന്തിക്കാൻകൂടി അശക്തനാക്കുന്ന വിധത്തിൽ കോർപ്പറേറ്റുകൾ സാമിയെ കുരുക്കുന്നു. റിട്ടയറാകുമ്പോഴുള്ള അയാളുടെ സമ്പാദ്യം നിഷ്കളങ്കയായ ഭാര്യയുടെ ഓർമ്മകളും മൂലക്കുരുവും മാത്രമാണ് എന്ന വസ്തുത അയാളുടെ ദയനീയത വ്യക്തമാക്കുന്നതാണ്.

ജന്മിത്തം അവസാനിച്ച് ജന്മിമാർ പാപ്പരായപ്പോൾ മക്കളും കച്ചവടക്കാരും അവരെ പറ്റിക്കുന്ന സി. രാധാകൃഷ്ണന്റെ കഥകൾ - കുടിയൊഴിക്കൽ ഈശ്വരൻ സാക്ഷി അഥവാ പ്രതി- ശ്രദ്ധേയമായി അനുഭവപ്പെടുന്നു. 'ചൂഷകർ' എന്ന വിഭാഗത്തിലെ കഥകളിൽ സ്ത്രീകൾ ഇല്ല. വാർദ്ധക്യത്തെ പ്രതിരോധിക്കുന്നവർ കൂടുതലാണ്. വാർദ്ധക്യത്തോട് പരാജയപ്പെടുന്നവരും അതിജീവിക്കുന്നവരും ഉണ്ട്. വൃദ്ധരുടെ ലൈംഗിക കഥകൾ കുറവാണ്. പ്രവാസികളായ മക്കളുടെ കാര്യത്തിൽ സ്ത്രീ-പുരുഷകഥകൾ സമാനമാണ്. വിധവകളും വിധുരന്മാരും വർദ്ധിച്ചിട്ടുണ്ട്. ഈ വിഭാഗം പ്രത്യേകമാണ്. വൃദ്ധരിലെ 'പാരമ്പര്യം അനുസരിക്കുന്നവ'രും 'അധികാരഭ്രമ'വും പുതിയ വിഭാഗങ്ങളാണ്.

സാമൂഹിക-സാംസ്കാരികരംഗത്തെ മാറ്റങ്ങളായ മുതലാളിത്തവും ഉപഭോഗ സംസ്കാരവും കമ്പ്യൂട്ടർസംസ്കാരവും കഥകളിൽ കടന്നുവരുന്നുണ്ട്. സൈലൻസർ, അടയാളവാക്യങ്ങൾ എന്നിവ ഉദാഹരണമാണ്. ആഗോളീകരണവും ഉദാരീകരണവും സ്വകാര്യവത്കരണവും ഉണ്ടാക്കിയ മാറ്റങ്ങൾ ഇക്കാലത്തെ കഥകളിൽ പ്രതിഫലിക്കുന്നുണ്ട്.

മറുനാട്ടിൽ ജീവിതമുറപ്പിക്കുന്ന മക്കളും നാട്ടിൽ ഒറ്റപ്പെടുന്ന രക്ഷിതാക്കളും വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നത്. ഈ വിഭാഗത്തിൽപ്പെട്ട കഥകൾ കൂടുതലും സേതുവിന്റെയാണ്. ഓണക്കൂറിന്റെ കഥകളിലും പ്രവാസികളുടെ മാതാപിതാക്കൾ അനുഭ

വിക്കുന്ന ബുദ്ധിമുട്ട് കാണാം. ദുർഗ്രഹതയും വിഭ്രാമകതയും സൃഷ്ടിക്കുന്നവയാണ് ഒ.വി. വിജയന്റെ കഥകൾ. അസ്തിത്വദുഃഖം ചുമക്കുന്നവരും നിർബ്ബന്ധബുദ്ധികൊണ്ട് വീട്ടുകാർക്ക് അസ്വാരസ്യം ഉണ്ടാക്കുന്നവരും അത്യാധുനികരുടെ കഥകളിലുണ്ട്. സൈബർ സംസ്ക്കാരം സേതുവിന്റെ 'അടയാളവാക്യ'ങ്ങളിൽ കാണാം. ബന്ധങ്ങൾ ചില അടയാളവാക്യങ്ങളിൽ കുടുങ്ങിക്കിടക്കുന്നു. വൃദ്ധലോകത്തെ പരിഗണിക്കുന്ന യുവതലമുറയുടെ സാന്നിധ്യം ശ്രദ്ധേയമാണ്. വാർദ്ധക്യം അഭിശപ്തമാണെന്ന ചിന്ത കുറവായിട്ടാണ് കാണുന്നത്.

പി. വത്സലയുടെ കഥകളിൽ വാർദ്ധക്യാവസ്ഥയെ ചെറുത്തുനിൽക്കുന്നവരെ കാണാം. ജീവിതസായാഹ്നം സുന്ദരമാക്കുന്ന കഥകളിൽ ആരോഗ്യപരമായ കുടുംബ ബന്ധങ്ങൾ വൃദ്ധരെ സഹായിക്കുന്നുണ്ട്. പോക്കുവെയിൽ, പൊൻവെയിൽ, ജയന്തൻ നമ്പൂതിരിയുടെ സായന്തനങ്ങൾ എന്നിവ ഇക്കൂട്ടത്തിൽപ്പെടുന്നു. കുടുംബത്തിന്റെ തണൽ ഇക്കഥകളിലെ വൃദ്ധർക്കുണ്ട്. പ്രവാസം, വൈധവ്യം എന്നിവ സാറാതോമ സിനു വിഷയമാകുന്നു.

വൃദ്ധന്മാരുടെ കഥകളെ അപേക്ഷിച്ച് വളരെ കുറവാണ്. വൃദ്ധകൾ കേന്ദ്രകഥാപാത്രമായി വരുന്നവ. പുരുഷന്മാരെഴുതിയ സ്ത്രീകളുടെ കഥകൾ പരിശോധിക്കുമ്പോൾ മാനസികമായി ശക്തരാണ് ഏറെ കഥാപാത്രങ്ങളും എന്നു കാണാം. സേതുവിന്റെ കഥകളിലെ വൃദ്ധകൾ കാലത്തിനനുസരിച്ച് ജീവിക്കാൻ പഠിച്ചവരാണ്. 'പ്രവാസികളുടെ ഗൃഹാതുരത്വം' എന്നു പറയുന്നത് ഒരു സങ്കൽപം മാത്രമായി ഇദ്ദേഹത്തിന്റെ കഥകളിൽ മാറുന്നു. മറുനാട്ടിൽ കുടിയേറിയവരുടെ അമ്മമാർ സ്ഥൈര്യമുള്ളവരായിട്ടാണ് കാണപ്പെടുന്നത്. അവരാരും മക്കളോടൊപ്പം താമസിക്കാനാണെങ്കിൽക്കൂടി നാടുവിടാൻ തയ്യാറല്ല. സേതുവിന്റെ കഥകളിലെ അമ്മമാരെകൂടാതെ യു.എ. ഖാദറിന്റെ 'ദക്ഷിണായനം', ജോർജ്ജ് ഓണക്കൂറിന്റെ 'യാത്രയുടെ സമയം' എന്നിവയിലെ അമ്മമാരും

ഇത്തരക്കാരാണ്. മുകുന്ദന്റെ സ്ത്രീകഥാപാത്രങ്ങൾ ഏറെ മുന്നോട്ടുപോയിരിക്കുന്നു. തന്റേടവും കാര്യപ്രാപ്തിയും അവർക്കുണ്ട്. വൃദ്ധകളെ ഉയർത്തിക്കാട്ടാൻ മറ്റുള്ളവരെ പഴഞ്ചന്മാരായി ചിത്രീകരിക്കുന്നപോലെ അനുഭവപ്പെടും. കാക്കനാടന്റെ 'ഭാഗ്യലക്ഷ്മി' യും സാറാതോമസിന്റെ 'സുഗന്ധി'യും വ്യത്യസ്തമായ കഥാപാത്രങ്ങളാണ്.ഭാഗ്യലക്ഷ്മിക്ക് വേഴ്ച ഉപജീവനപ്രാധാനമാകുമ്പോൾ സുഗന്ധിയ്ക്ക് അത് ആത്മീയമായ നിലനില്പ്പു തന്നെയായി മാറുന്നത് ശ്രദ്ധേയമാണ്. പൊതുവെ ഈ വൃദ്ധകളൊന്നും അബലകളല്ല. അതേ സമയം ദുഃഖപുത്രിമാരും ഉണ്ട്. എങ്കിലും അവരും ജീവിതത്തിൽ പിടിച്ചുനിൽക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. പി. വത്സലയുടെ 'കാലാൾ, കാവലാൾ' എന്ന കഥ സമകാലിക സമൂഹത്തിൽ ഒറ്റയ്ക്കു താമസിക്കുന്ന അവിവാഹിതയായ വൃദ്ധയുടെ ദാരുണാന്ത്യത്തെ ചിത്രീകരിക്കുന്ന ഒന്ന് എന്ന നിലയിൽ ഇതരകഥകളിൽനിന്നും വ്യത്യസ്തത പുലർത്തുന്നു. സഹിഷ്ണുത ഉപേക്ഷിച്ച അമ്മയെയാണ് 'ജയശീലന്റെ അമ്മ'യിൽ കാണുന്നത്. 'സ്പർശം', 'പോക്കുവെയിൽ പൊൻവെയിൽ എന്നിവയിൽ വിധിയെ അംഗീകരിക്കുന്നവരെ കാണാം.

സമൂഹത്തിലെ അനിവാര്യമായ മാറ്റങ്ങളെ രക്ഷിതാക്കൾ അംഗീകരിച്ചുതുടങ്ങിയതായാണ് കഥകൾ നൽകുന്ന സൂചന. ലോകത്തിലെ ഏതുരാജ്യവും സ്വന്തമെന്നു കരുതാനുള്ള മനസ്സ് മലയാളിസമൂഹം നേടിയെടുത്തതായി പ്രവാസകഥകൾ തെളിയിക്കുന്നുണ്ട്. അത് സ്വീകരിക്കാനേ വൃദ്ധർക്ക് കഴിയുന്നുള്ളൂ. നഷ്ടപ്പെട്ടുപോകുന്ന മലയാളസംസ്ക്കാരത്തെക്കുറിച്ച് വിചിന്തനം ചെയ്യാൻ സേതുവിന്റെ ആദ്യാക്ഷരങ്ങൾ, ഒഴിവുകാലം, മറ്റൊരു രാത്രിയിൽ, ഭൂഖണ്ഡങ്ങളിലൂടെ എന്നീ കഥകളിലെ വൃദ്ധന്മാർക്കും വൃദ്ധകൾക്കും കഴിയുന്നുണ്ട്. ഇത്തരം കഥകളിലെ വൃദ്ധകഥാപാത്രങ്ങളിൽ സാമൂഹികമായ വാർദ്ധക്യം പ്രവർത്തിക്കുന്നതായാണ് കണ്ടെത്താൻ കഴിയുന്നത്. അവരിൽ പ്രകടമായ മാറ്റം അനുഭവപ്പെടുന്നുണ്ട്.

ദുർഗ്രഹതയും വിഭ്രാമകതയും സൃഷ്ടിക്കുന്ന ചില കഥകൾ ഒ.വി. വിജയന്റേതായിട്ടുണ്ട്. വൈദ്യവിധി, മുരുകൻനായർ, അമ്മയും മക്കളും തുടങ്ങിയവ ഉദാഹരണം. അസ്തിത്വദുഃഖം ചുമക്കുന്നവരും നിർബ്ബന്ധ ബുദ്ധികൊണ്ട് വീട്ടുകാർക്ക് അസ്വാരസ്യം ഉണ്ടാക്കുന്നവരും ആധുനികരുടെ കഥകളിലുണ്ട്.

മറ്റൊരു സാംസ്കാരികമാറ്റം ഹോംനഴ്സിംഗിന്റെ വരവാണ്. സക്കറിയയുടെ 'ഒരു ദിവസത്തെ ജോലി' ഇതാണു മുന്നോട്ടുവയ്ക്കുന്നത്. മുൻ അദ്ധ്യായത്തിൽ മാധവിക്കുട്ടിയും ഈ വിഷയം കഥയിൽ കൊണ്ടുവന്നിട്ടുണ്ട്.

വൃദ്ധകൾ കേന്ദ്രമായി വരുന്ന കഥകൾ മിക്ക എഴുത്തുകാരും കൈകാര്യം ചെയ്തിട്ടുണ്ട്. അമ്മമാർക്ക് ഭർത്താവിന്റെ ഓർമ്മകൾ ഉള്ളനാട് ഉപേക്ഷിക്കാനുള്ള മടി പൊതുവായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. വൃദ്ധകളേക്കാൾ പിടിവാശി വൃദ്ധന്മാർക്കുള്ളതായാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്.

ആധുനികരുടെ കഥകളിൽ ശ്രദ്ധേയമായി കാണുന്ന ഒരു വസ്തുത വൃദ്ധന്മാരെയും വൃദ്ധകളെയും പരിഗണിക്കുന്ന യുവതലമുറയുടെ സാന്നിദ്ധ്യമാണ്. വാർദ്ധക്യം അഭിശപ്തമാണെന്ന ചിന്ത കുറഞ്ഞുവരുന്നതായി കാണുന്നു.

ആധുനികരുടെ കാലത്തുതന്നെ എഴുതിത്തുടങ്ങിയ എഴുത്തുകാരനാണ് സി.വി. ശ്രീരാമൻ. ആധുനികോത്തരഘട്ടത്തിൽ അതിന്റെ സവിശേഷതകൾ ഉൾക്കൊണ്ട് അദ്ദേഹത്തിന്റെ കഥാലോകം വികസിക്കുകയായിരുന്നു. സി.വി. ബാലകൃഷ്ണൻ, യു.കെ. കുമാരൻ, ടി.വി. കൊച്ചുബാവ, സാറാജോസഫ്, ചന്ദ്രമതി, അഷിത, ഗീതാഹിരണ്യൻ എന്നിവർ ആധുനികരുടെ കാലത്തുതന്നെ കഥയെഴുതിത്തുടങ്ങിയവരാണ്. പക്ഷേ അവരുടെ കഥാവ്യക്തിത്വം ഉറപ്പിച്ചെടുക്കുന്നത് ആധുനികോത്തരഘട്ടത്തിലാണ്. കെ. ആർ. മീര ആധുനികാനന്തരം എഴുതിത്തുടങ്ങിയ കഥാകാരിയാണ്. ഇവരുടെ വാർദ്ധക്യ കേന്ദ്രീകൃതമായ കഥകളാണ് അഞ്ചാമദ്ധ്യായത്തിൽ സ്വീകരിച്ചിട്ടുള്ളത്. ആധുനികോ

ത്തരതയുടെ കാലത്ത് ബഹുസ്വരമായ ഒരന്തരീക്ഷമാണ് ലഭിക്കുന്നത്.

നഗരവത്ക്കരണത്തിന്റെ പൊള്ളത്തരങ്ങളും രക്ഷിതാക്കളുടെ ഗൃഹാതുരത്വത്തിൽ താൽപ്പര്യമില്ലാത്ത സന്തതികളും സി.വി. ശ്രീരാമന്റെ വേരുകൾ വില്പനയ്ക്ക്, റെയിൽപാളങ്ങൾ, വാമനൻ, വേരുകൾ പഴയതും പുതിയതും എന്നീ കഥകളിലുണ്ട്. നിലനിൽപിനുവേണ്ടിയുള്ള മക്കളുടെ സ്വാർത്ഥതയും ഫ്ളാറ്റ് സംസ്കാരവും അമർത്തി വച്ച ലൈംഗികതയും പുത്രസ്നേഹവും സി.വി. ബാലകൃഷ്ണന്റെ കഥകളിൽ കാണാം. (അച്ഛന്റെ മുറി അടഞ്ഞുകിടക്കുന്നു, ബാൽക്കണി വൃദ്ധൻ, ഇരുപത്തിയാറാമത്തെ ശിശു, ഉറങ്ങാൻ വയ്യ, പെറ്റവയറ്, പാർവ്വതിയമ്മയും പോയി, ഗൃഹാതുരത്വവുമായി ബന്ധപ്പെട്ട കഥകൾ യു.കെ. കുമാരനും രചിച്ചിട്ടുണ്ട്. മക്കൾ അവരുടെ ലോകത്തേക്കു തിരിയുമ്പോൾ ഒറ്റപ്പെടുന്ന രക്ഷിതാക്കൾ ഇവിടെയുമുണ്ട്. (വീട് സംസാരിക്കുന്നു, ഉണ്ണിയും പോകുന്നു). കടുത്ത ആക്ഷേപഹാസ്യത്തിലാണ് ടി.വി. കൊച്ചുബാവ വൃദ്ധകഥകൾ രചിച്ചിട്ടുള്ളത്. ഉപേക്ഷിക്കപ്പെടുന്ന മാതാപിതാക്കൾ കൊച്ചുബാവയുടെ കഥകളിൽ ഉടനീളമുണ്ട്. 'വൃദ്ധദമ്പതികൾ' ഈ ഭാഗത്തു മാത്രമേ പ്രത്യേക വിഭാഗമായി കടന്നു വരുന്നുള്ളൂ.

'വാമനൻ', വേരുകൾ പഴയതും പുതിയതും എന്നീ കഥകളിൽ മൂല്യച്യുതി സംഭവിച്ച സമൂഹത്തെ പ്രതിനിധീകരിക്കുന്നു.

സി.വി. ബാലകൃഷ്ണന്റെ 'ഉറങ്ങാൻവയ്യ' എന്ന കഥയിൽ വൃദ്ധന്റെ സുപ്താവസ്ഥയിലുള്ള കാമം മറനീക്കി പുറത്തുവരാൻ കാരണമാകുന്നത് യുവത്വത്തിന്റെ പ്രസരിപ്പ് പരത്തുന്ന പ്രണയജോടികളാണ്. ഉറക്കം നഷ്ടപ്പെട്ട അയാൾക്ക് വൃദ്ധയും നിർവ്വികാരയുമായ ഭാര്യയോടും തന്റെ വാർദ്ധക്യത്തോടും വെറുപ്പ് തോന്നുന്നതായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. യു.കെ. കുമാരന്റെ കഥകളിൽ നഷ്ടബോധം ശക്തമാണ്. നാഗരികമായ ജീവിതത്തിന്റെ കടന്നുകയറ്റത്തിൽ ഇല്ലാതാവുന്ന നന്മകളാണ് 'വീട്

സംസാരിക്കുന്നു', 'ഉണ്ണിയും പോകുന്നു' എന്നിവ.

വൃദ്ധന്മാരുടെയും വൃദ്ധകളുടെയും കൂടാതെ വൃദ്ധദമ്പതികളുടെ ഒറ്റപ്പെട്ട അവസ്ഥയും ഈ എഴുത്തുകാർക്ക് വിഷയമായിട്ടുണ്ട്. അവ എണ്ണത്തിൽ കൂടുതലുള്ളതുകൊണ്ട് വേറിട്ടാണ് പരിഗണിച്ചിട്ടുള്ളത്. ഒറ്റപ്പെടലാണ് അവർ അനുഭവിക്കുന്ന പൊതുവായ പ്രശ്നം. യു.കെ. കുമാരനും ടി.വി. കൊച്ചുബാവയും അത്തരം കഥകൾ കൂടുതൽ എഴുതിയിട്ടുണ്ട്. കൊച്ചുബാവ കൂടുതലും വൃദ്ധദമ്പതികളുടെ കഥകളാണ് രചിച്ചിട്ടുള്ളത്. മക്കളില്ലാത്തതോ ഉള്ളവർ തള്ളിക്കളഞ്ഞതോ ആയ മാതാപിതാക്കളാണവർ. ചെറിയ ചെറിയ നേരമ്പോക്കുകളിലൂടെ ദുഃഖം അകറ്റാൻ അവർ പാടുപെടുന്നു.

ആധുനികോത്തരരുടെ കഥകളിൽ പൊതുവെ കാണുന്ന പ്രവണതയാണ് ഒറ്റപ്പെടൽ. സി.വി. ശ്രീരാമന്റെ വേരുകൾ വില്പനയ്ക്ക്, അനായാസേന മരണം, നന്തുണി, മടക്കയാത്ര, റെയിൽപ്പാളങ്ങൾ, സി.വി. ബാലകൃഷ്ണന്റെ നിഴൽക്കാഴ്ചകൾ, ബാൽക്കണി വൃദ്ധൻ, അഴിച്ചുവെച്ച വേഷം, നീണ്ടുപോകുന്ന രേഖകൾ, യു.കെ. കുമാരന്റെ അച്ഛൻ ഉറങ്ങുന്നില്ല, വീടു സംസാരിക്കുന്നു, ഇച്ഛ, ടി.വി. കൊച്ചുബാവയുടെ പടിവാതിൽ എന്നീ കഥകളിലെ വൃദ്ധന്മാർ ഒറ്റപ്പെട്ട അവസ്ഥ അനുഭവിക്കുന്നവരാണ്. സി.വി. ശ്രീരാമന്റെ ദുഃഖിതരുടെ ദുഃഖം, കൗസല്യ മൂത്തമ്മ, നന്തുണി, സി.വി. ബാലകൃഷ്ണന്റെ പാർവ്വതിയമ്മയും പോയി, ഭവഭയം, ആദിമദ്ധ്യാന്തങ്ങൾ, പെറ്റവയറ്, യു.കെ. കുമാരന്റെ ദുരൂഹമായ സമവാക്യങ്ങൾ, അമ്മയുടെ കരൾ, ചെകുത്താൻ, ഓരോ വിളിയും കാത്ത്, കൊച്ചുബാവയുടെ വൃദ്ധമാതാവ്, സാറാജോസഫിന്റെ ഒരു മണിക്കൂർ, ഛായാപടം, എഴുതിമായ്ക്കുന്നു ലോകവും, അഷിതയുടെ ഇലകൾ, ഗീതാഹിരണ്യന്റെ വാനപ്രസ്ഥം, കെ.ആർ. മീരയുടെ ഓർമ്മയുടെ ഞരമ്പ് എന്നിവയിൽ വൃദ്ധകളുടെ ഒറ്റപ്പെടൽ കാണാം.

ശ്രീരാമന്റെ കഥകളിൽ ഗ്രാമത്തിനോട് ആഭിമുഖ്യമില്ലാത്ത, വൃദ്ധരായ രക്ഷിതാക്ക

ളുടെ ഗൃഹാതുരത്വം തിരിച്ചറിയാനാവാത്ത, ഒരു പുതിയ തലമുറ വളർന്നുവരുന്നത് കാണുന്നു. വൃദ്ധന്മാരും വൃദ്ധകളും അനുഭവിക്കുന്ന ഒറ്റപ്പെടൽ കേന്ദ്രീകരിച്ചുള്ള കഥകളാണ് കൂടുതൽ കണ്ടത്. പ്രവാസികളായ മക്കൾ, വയസ്സായവരെ ശല്യമായി കാണുന്ന പ്രവണത, ഭാര്യയുടെയോ ഭർത്താവിന്റെയോ മരണം, അനപത്യത, മാറിവരുന്ന സംസ്കാരങ്ങളോടുള്ള മക്കളുടെ പ്രതിപത്തി തുടങ്ങിയവ ഈ ഒറ്റപ്പെടലിനു കാരണമായി കാണുന്നു. ഏകാന്തത വലിയ വിഷയമായി ഇവിടെയും പ്രത്യക്ഷപ്പെടുന്നു. സ്ത്രീ–പുരുഷന്മാർക്ക് താരതമ്യേന തുല്യപ്രാധാന്യം ഉണ്ട്.

ഇരകളാകുന്ന വൃദ്ധർ എന്ന വിഭാഗം മറ്റദ്ധ്യായങ്ങളെ അപേക്ഷിച്ച് ചെറുതും സ്ത്രീ പ്രാതിനിധ്യം ഇല്ലാത്തതുമാണ്. 'പെൻഷൻ പറ്റിയവർ' ഒരു കഥയിലൊതുങ്ങുന്നു. ചൂഷണം ഇവിടെയും ഉണ്ട്. വാശിക്കാർ കുറവാണ്. പ്രവാസികളായ മക്കളുള്ളവർ, വാർദ്ധക്യലൈംഗികത, നിസ്സഹായർ എന്നീ വിഭാഗങ്ങളും കുറവാണ്. വാർദ്ധക്യത്തെ പ്രതിരോധിക്കുന്നവർ കൂടുതലായിട്ടാണ് കാണുന്നത്.

സി.വി. ശ്രീരാമന്റെ കഥകളിൽനിന്ന് സി.വി. ബാലകൃഷ്ണന്റെ കഥകളിലെത്തുമ്പോൾ വിഷയവൈവിദ്ധ്യം ദൃശ്യമാണ്. ഒറ്റപ്പെടൽ തന്നെയാണ് അദ്ദേഹത്തിന്റെ കഥകളിൽ കൂടുതലും. ഭൂമാഫിയ മൂലം സ്വന്തം സ്ഥലം നഷ്ടപ്പെടാൻ പോകുന്ന ഒരു വൃദ്ധന്റെ സന്നിഗ്ദ്ധാവസ്ഥ പങ്കുവയ്ക്കുന്ന കഥയാണ് 'പതിനഞ്ചു സെന്റ് ഭൂമി', ഫ്ളാറ്റ് സംസ്ക്കാരം ആധുനികോത്തരരുടെ കഥകളുടെ ഭാഗമായി മാറുന്നു. വൃദ്ധലോകവും അതിനോടു കാര്യമായ വിമുഖത കാണിക്കുന്നില്ല. മറുനാടൻ മക്കളുള്ളവരുടെ വാർദ്ധക്യവും മരണവും വേദനാജനകമാകുന്ന അനുഭവമാണ് 'സ്വർഗ്ഗയാത്ര: ഒരു വീഡിയോ ടേപ്പ്' എന്ന കഥ. വൃദ്ധസദനങ്ങൾ അംഗീകരിക്കപ്പെട്ടുതുടങ്ങിയവതായി ഈ കഥയും രേഖപ്പെടുത്തുന്നുണ്ട്. സമാധാനമായി മരിക്കാനുള്ള അവകാശം വൃദ്ധർക്ക് നൽകാത്ത സമകാലികദുഃസ്ഥിതിയാണ് ഈ വീഡിയോദൃശ്യത്തിൽ നിന്നും ലഭിക്കുന്നത്. വൃദ്ധ

സദനത്തിലെത്തിപ്പെടുന്ന രക്ഷിതാക്കളുടെ ദയനീയസ്ഥിതിയും അവരോടുള്ള ചുമതല ഒരു ചടങ്ങുമാത്രമായി ചുരുങ്ങിപ്പോകുന്ന വർത്തമാനകാലസ്ഥിതിവിശേഷവും ഇക്കഥയിലുണ്ട്.

വാർദ്ധക്യചിന്തയെ പ്രതിരോധിക്കുന്ന കഥകൾ യു.കെ. കുമാരൻ എഴുതിയിട്ടുണ്ട്. മരണത്തെപ്പറ്റിയുള്ള മാറിയ ചിന്താഗതി 'ഒരു ദേശാടനത്തിന്റെ കഥ'യിൽ കാണാം. കോരുമൂപ്പർ സ്വന്തം ശരീരം മരണാനന്തരം ആശുപത്രിക്ക് ദാനം ചെയ്യാനാണ് തീരുമാനിക്കുന്നത്. നഗരജീവിതത്തിന്റെ മടുപ്പിൽ നിന്നും സ്നേഹരാഹിത്യത്തിൽനിന്നും ഗ്രാമത്തിന്റെ കുളിർമ്മ എന്ന സങ്കൽപ്പത്തിലേയ്ക്ക് മടങ്ങാനാഗ്രഹിക്കുന്നവർ അദ്ദേഹത്തിന്റെ കഥകളിലുണ്ട്.

സാമൂഹികമാറ്റങ്ങളും കുടുംബബന്ധങ്ങളിൽ സംഭവിക്കുന്ന വ്യതിയാനങ്ങളും വൃദ്ധരുടെ ജീവിതത്തെ ബാധിക്കുകയും മാറ്റിമറിക്കുകയും ചെയ്തിട്ടുണ്ട്. അത്തരം മാറ്റങ്ങൾ കണ്ടെടുക്കാനുള്ള ശ്രമമാണ് ഇവിടെ നടത്തിയിട്ടുണ്ട്. ഒപ്പം വാർദ്ധക്യത്തിന്റെ സ്വാഭാവികമാറ്റങ്ങളും നോക്കിക്കാണുന്നു.

വൃദ്ധകൾ കഥാപാത്രമായുള്ള കഥകൾ എല്ലാ കഥാകൃത്തുക്കളും എഴുതിയിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ എഴുത്തുകാരികൾ ഈ ഘട്ടത്തിലാണ് കടന്നുവരുന്നത്. സ്ത്രീപ്രസ്ഥാനങ്ങളുടെ മുന്നേറ്റവും പെണ്ണെഴുത്തിനു ലഭിച്ച അംഗീകാരവും കൂടുതൽ സ്ത്രീകൾ സാഹിത്യരംഗത്തേയ്ക്ക് കടന്നുവന്നതും ഇതിനു കാരണമായിട്ടുണ്ട്.

സ്ത്രീകളുടെ മനസ്സിന്റെ സങ്കുചിതത്വവും സ്നേഹഭാവവും വെളിവാക്കുന്ന കഥകളും കാണാം. സമകാലികലോകത്തിന്റെ ചെറുതും വലുതുമായ മാറ്റങ്ങൾക്ക് ദൃക്സാക്ഷിയായ വൃദ്ധനെ സൂചിപ്പിക്കുന്ന 'സാക്ഷി' എന്ന വിഭാഗം സവിശേഷമായി കൂട്ടിച്ചേർത്തതാണ്. ജീവിതത്തിന്റെ ബദ്ധപ്പാടുകൾക്കിടയിൽ വൃദ്ധരുടെ വാർദ്ധക്യസഹ

ജമായ പരാധീനതകളെ ക്ഷമിക്കാൻ കഴിയാത്ത യുവസമൂഹം അവരെ ഒഴിവാക്കുന്നതായി, അങ്ങനെയൊരു സമൂഹക്രമത്തിലേക്ക് കേരളം മാറിത്തുടങ്ങിയതായി ഇക്കഥകൾ തെളിയിക്കുന്നു. ആധുനികരുടെ കഥകളിൽ നിന്നും പ്രകടമായ വ്യത്യാസമാണ് ഇത്.

പഴയമട്ടിൽ കുടുംബത്തിനു കീഴടങ്ങുന്ന സ്ത്രീകളും അല്ലാത്തവരും കഥകളിൽ വരുന്നു. അമ്മമാരുടെ ഉള്ളു കണ്ട കഥകളായിട്ടാണ് കൂടുതൽ കഥകളും അനുഭവപ്പെടുക. പ്രത്യേകിച്ച് ദുഃഖിതരുടെദുഃഖം, പെറ്റവയറ്, ചെകുത്താൻ, അമ്മയുടെ കരൾ, വൃദ്ധമാതാവ്, വരും;വരാതിരിക്കില്ല തുടങ്ങിയവ. മുൻ അദ്ധ്യായങ്ങളിൽ കണ്ടതുപോലെ വിധവകളായ അമ്മമാർ ഭർത്താവിനോടും വീടിനോടും അമിതമായ ആത്മബന്ധം ഉള്ളവരാണ്. അപ്പോഴും സ്വന്തം നിലപാടിൽ ഉറച്ചുനിൽക്കുന്നതായി പല കഥകളിലും കാണുന്നു. ഉദാഹരണത്തിന് ദുരൂഹമായ സമവാക്യങ്ങൾ, ഓരോ വിളിയും കാത്ത്, വാനപ്രസ്ഥം, അന്തിക്കൂട്ട് എന്നിവ.

പുരുഷാധിപത്യപ്രവണത അത്രത്തോളം ശക്തമായ ഒരു കാലത്തെയാണ് സാറാ ജോസഫിന്റെ 'ഛായാപടം' അടയാളപ്പെടുത്തുന്നത്. എഴുത്തുകാരികളുടെ ദുരന്തമാണ് 'എഴുതിമായ്ക്കുന്നു ലോകവും' (സാറാജോസഫ്), 'ഓർമ്മയുടെ ഞരമ്പ്' (കെ.ആർ. മീര) എന്നീ കഥകളിലുള്ളത്. വാർദ്ധക്യവും രോഗവും ആദ്യത്തെ കഥയിലെ എഴുത്തുകാരിയുടെ സർഗ്ഗാത്മകതയ്ക്ക് തടസ്സം നിൽക്കുന്നതായും രണ്ടാമത്തേതിൽ ഭർത്താവിന്റെ കുടുംബം സൃഷ്ടികർമ്മത്തെ എതിർക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. ആക്ഷേപഹാസ്യത്തിലൂടെയാണ് വൃദ്ധരുടെ പ്രശ്നങ്ങൾ ചന്ദ്രമതി നോക്കിക്കാണുന്നത്. ചെറുപ്പക്കാരുടെ സ്വാർത്ഥത, വൃദ്ധമന്ദിരം, ഒറ്റപ്പെടൽ എന്നിവ ഇവിടെ പ്രശ്നവത്കരിക്കപ്പെടുന്നു. മറവിരോഗം, റിട്ടയർമെന്റ് എന്നിവ അഷിതയുടെ കഥകൾക്ക് വിഷയമാകുന്നു. ഒറ്റപ്പെടലും ചൂഷണവും ഗീതാഹിരണ്യൻ കഥയാക്കുന്നു. ചൂഷണവും

ഒറ്റപ്പെടലും കഥകളിൽ കടന്നുവരുന്നുണ്ട്. കഥാകൃത്തുക്കൾ സ്ത്രീയുടെ ലോക ത്തേയ്ക്ക് ഇറങ്ങി ചിന്തിച്ചതായി കാണാം.

### 6.1. നിഗമനങ്ങൾ:

**6.1.1.** നവോത്ഥാനകാലത്തുതന്നെ വാർദ്ധക്യം കേന്ദ്രപ്രമേയമായ നോവലുകൾ ലഭി ച്ചിട്ടുണ്ട്. ഇക്കൂട്ടത്തിൽ ഒരു സ്ത്രീയെഴുതിയ നോവൽ എന്ന പരിഗണന ലളിതാം ബിക അന്തർജ്ജനത്തിന്റെ 'അഗ്നിസാക്ഷി'ക്കുണ്ട്. സാമൂഹികപരിവർത്തനങ്ങൾ വൃദ്ധ ന്മാരുടെ മാത്രമല്ല വൃദ്ധകളുടെയും ജീവിതത്തെ ബാധിച്ചതായി ഇവ സാക്ഷ്യപ്പെടു ത്തുന്നു. മരുമക്കത്തായത്തിൽ നിന്നും മക്കത്തായത്തിലേയ്ക്കുള്ള മാറ്റം, കൃഷിക്കും കൃഷിഭൂമിക്കും പ്രാധാന്യം നഷ്ടപ്പെടുന്നത്, സാമൂഹികവും സാമുദായികവും രാഷ്ട്രീ യവുമായ മാറ്റങ്ങൾ തുടങ്ങിയവ നോവലുകളിലെ വൃദ്ധജീവിതങ്ങളെ സ്വാധീനിച്ച തായി കാണാം.

**6.1.2.** ആദ്യകാലകഥകളിലൊന്നും വാർദ്ധക്യം ഗൗരവതരമായ വിഷയമായി കൈകാര്യം ചെയ്യപ്പെട്ടിട്ടില്ല. നവോത്ഥാനകാലത്താണ് ഈ വിഷയത്തിന് അർഹിക്കുന്ന പ്രാധാന്യം ലഭിക്കുന്നത്. കൂടുതൽ വാർദ്ധക്യകേന്ദ്രീകൃത കഥകൾ ഈ ഘട്ടത്തിലാണ് കാണാൻ കഴിയുന്നത്.

**6.1.3** ഏകാകികൾ, സാഹചര്യങ്ങളുടെ ഇരകൾ, സ്വാർത്ഥർ, ദരിദ്രർ, ചൂഷണം ചെയ്യ പ്പെടുന്നവർ, തറവാടെന്ന ആശ്രയം നഷ്ടപ്പെട്ട മരുമക്കത്തായികൾ, പെൻഷൻ പറ്റിയ വർ തുടങ്ങി വിഭിന്നരീതിയിൽ വാർദ്ധക്യം പ്രശ്നവത്ക്കരിക്കപ്പെടുന്നത് നവോത്ഥാ ന-പുരോഗമന കാലഘട്ടത്തിൽ കാണാൻ കഴിയുന്നുണ്ട്. ഇവയിൽത്തന്നെ പല കാര ണങ്ങൾ കൊണ്ടും ഒറ്റപ്പെട്ടവരും പെൻഷൻ പറ്റിയവരും ഇരകളുമാണ് കൂടുതൽ. പെൻഷനായവരിൽ സ്ത്രീകൾ ഉള്ളതായി കാണുന്നില്ല. അതിനർത്ഥം പുരുഷന്മാരെ

അപേക്ഷിച്ച് ഉദ്യോഗത്തിൽ പ്രവേശിച്ച സ്ത്രീകൾ കുറവായിരുന്നു എന്നതാണ്.

**6.1.4.** വൃദ്ധരും നിരക്ഷരരുമായ കർഷകത്തൊഴിലാളികളുടെയും പാരമ്പര്യത്തൊഴിലാളികളുടെയും പെൻഷൻകാരായ അദ്ധ്യാപകരുടെയും ദൈന്യം, കാർഷികവ്യവസ്ഥിതിയിൽ വന്നുചേരുന്ന മാറ്റം, ഈ അവസ്ഥ അതുമായി ബന്ധപ്പെട്ടവരിൽ ഉണ്ടാക്കുന്ന അങ്കലാപ്പ്, സർക്കാരിന്റെ നടപടികൾ ജീവിതത്തിൽ വിപരീതമായി ബാധിക്കുന്നവർ, വാശിക്കാർ ഇങ്ങനെ പലതരക്കാരും നവോത്ഥാനഘട്ടത്തിലെ കഥകളിൽ കാണുന്നു. അക്കാലത്തെ സാമൂഹികമാറ്റങ്ങളുടെ വാസ്തവികമായ പ്രതിഫലനം അതിശയോക്തികളോ അലങ്കാരങ്ങളോ ഇല്ലാതെ ഈ ഘട്ടത്തിലെ സാഹിത്യത്തിലുണ്ട്.

**6.1.5.** കൂട്ടുകുടുംബത്തിന്റെയും തറവാടിന്റെയും തകർച്ച, അണുകുടുംബങ്ങളുടെ വളർച്ച, സംബന്ധസമ്പ്രദായത്തിന്റെ അവ്യവസ്ഥ, പാരമ്പര്യത്തിനോടുള്ള അമിതമായ ആദരവ് മുന്നോട്ടുള്ള ജീവിതത്തിൽ പ്രതിസന്ധിയായിത്തീരുന്നത് എന്നീ സാമൂഹികമാറ്റങ്ങൾ 'വയസ്സായവരെ ബാധിച്ചിട്ടുള്ളതായി കഥകൾ അടയാളപ്പെടുത്തുന്നുണ്ട്.

**6.1.6.** നവോത്ഥാനകാഥികരിൽ ദളിതരായ വൃദ്ധന്മാരെ കേന്ദ്രകഥാപാത്രങ്ങളാക്കിയിട്ടുള്ള കഥകൾ എഴുതിയിട്ടുള്ളത് നാഗവള്ളി ആർ.എസ്. കുറുപ്പാണ്.

**6.1.7.** പ്രവാസികളായ മക്കളുടെ അകൽച്ച കഥകളിലുണ്ട്. തൊഴിൽ, വിദ്യാഭ്യാസം എന്നിങ്ങനെയുള്ള കാരണങ്ങളാൽ മക്കൾ രക്ഷിതാക്കളിൽനിന്ന് അകന്ന് ദൂരെപ്പോയി ജീവിച്ചുതുടങ്ങിയ കാലമായിരുന്നു അത്.

**6.1.8.** ലൈംഗികപ്രശ്നങ്ങൾ പ്രകടമാക്കുന്ന വൃദ്ധരുടെ സാന്നിദ്ധ്യം കഥകളിലുണ്ട്.

**6.1.9.** സ്ത്രീകൾ കേന്ദ്രസ്ഥാനത്തു വരുന്ന കഥകൾ താരതമ്യേന കുറവാണ്.

**6.1.10.** വൃദ്ധകേന്ദ്രീകൃതകഥകളുടെ എഴുത്തുകാരിയായി ഈ കാലഘട്ടത്തിൽ ലളിതാംബികഅന്തർജ്ജനം മാത്രമേ രംഗത്തുള്ളൂ. വൃദ്ധകളെപ്പറ്റിയുള്ള കഥകളും അവർ കൂടുതൽ എഴുതിയിട്ടുണ്ട്.

**6.1.11.** ഈ പഠനത്തിലെ ഏറ്റവും കൂടുതൽ വൃദ്ധകേന്ദ്രീകൃത നോവലുകൾ നവോത്ഥാനകാഥികർക്കു ശേഷമാണ് കാണുന്നത്. സാമൂഹിക-സാംസ്കാരിക-സാമുദായികമായ മാറ്റങ്ങൾ വയസ്സായവരെ ബാധിച്ചത് ഇവയിൽ കാണാം. സ്ത്രീകഥാപാത്രമായ നോവലായി കോവിലന്റെ 'തോറ്റങ്ങൾ' കടന്നുവരുന്നു. ഒറ്റപ്പെട്ടവന്റെ ദുഃഖം മലയാറ്റൂരിന്റെ നോവലുകളിൽ ഉണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് സ്ത്രീകൾ എഴുതിയ നോവലുകൾ ഒന്നും ഈ ഘട്ടത്തിൽ ഇല്ല.

**6.1.12.** വാർദ്ധക്യത്തിന്റെ ശാരീരിക അവശതകൾ, മാനസികപ്രശ്നങ്ങൾ എന്നിവയ്ക്കൊപ്പം ഉദ്യോഗം, രാഷ്ട്രീയം എന്നിവയുമായി ബന്ധപ്പെട്ടും വൃദ്ധന്മാർ കഥാപാത്രമാകുന്നുണ്ട്. സ്വാഭാവിക വാർദ്ധക്യത്തിലൂന്നിക്കൊണ്ടുള്ളതാണ് പാറപ്പുറത്തിന്റെ നോവലുകൾ. അതിൽ മാനസികലോകത്തിന്റെ ചിത്രണത്തിലൂടെ സാമുദായികവും സാമൂഹികവുമായ തലങ്ങൾ കടന്നുവരികയാണ്.

**6.1.13.** ആധുനികപൂർവ്വരുടെ കാലമാകുമ്പോഴേയ്ക്കും ഏകാകികളായ വൃദ്ധർ വർദ്ധിച്ചുവരുന്നു. അവർ കൂടുതലും നഗരവാസികളായി മാറുന്നു. നഷ്ടപ്പെടുത്തിയ ഗ്രാമം വേദനിപ്പിക്കുന്ന ഒരു ഓർമ്മയായി സൂക്ഷിക്കുന്നവരും ഇവർക്കിടയിലുണ്ട്. സ്വത്വം നഷ്ടപ്പെട്ട ഒരു കൂട്ടരും ഈ ഘട്ടത്തിൽ പ്രത്യക്ഷപ്പെടുന്നു. ആധുനികതയുടെ പ്രവണതകൾ പ്രകടമായിത്തുടങ്ങുന്ന ഘട്ടമാണിത്.

**6.1.14.** കൂട്ടുകുടുംബത്തിന്റെയും മരുമക്കത്തായത്തിന്റെയും ചിഹ്നങ്ങൾ അവശേഷിച്ചെങ്കിലും അണുകുടുംബങ്ങൾ യാഥാർത്ഥ്യമായിക്കഴിഞ്ഞിരുന്നു. ഫ്ളാറ്റുകളുടെയും വൃദ്ധസദനങ്ങളുടെയും ഹോംനഴ്സിംഗിന്റെയും വരവ് സമൂഹത്തിന്റെയെന്നപോലെ വൃദ്ധരുടെ വ്യക്തിജീവിതത്തിലെയും സാംസ്ക്കാരികമായ വലിയ മാറ്റത്തെ സൂചിപ്പിക്കുന്നു.

**6.1.15.** വയസ്സായവരുടെ ആത്മഹത്യ, കൊലപാതകം വേലക്കാരുടെ ദുരിതം പിടിച്ച

ജീവിതം, ദാരിദ്ര്യം തുടങ്ങിയവ കഥയ്ക്കു വിഷയമായി വരുന്നുണ്ട്.

**6.1.16.** പെൻഷൻകഥകളുടെ ആധിക്യമാണ് ശ്രദ്ധേയമായ മറ്റൊരു വസ്തുത. കൂടുതൽ പേർ കൃഷിയിൽ നിന്നും മാറി ഉദ്യോഗങ്ങളെ ഉപജീവനമാർഗ്ഗമായി ആശ്രയിച്ച ഒരു ഘട്ടമാണിത്.

**6.1.17.** മാധവിക്കുട്ടിയാണ് ഈ ഘട്ടത്തിലെ ശ്രദ്ധേയയായ ഏക കഥാകാരി. അവരുടെ വൃദ്ധകഥകൾ രൂക്ഷമായ സാമൂഹികവിമർശനം സാധിക്കുന്നു. വൃദ്ധന്മാർക്കും വൃദ്ധകൾക്കും ഏകദേശം തുല്യപ്രാധാന്യം അവരുടെ കഥാലോകത്തുണ്ട്. വാർദ്ധക്യകാല ലൈംഗികത മലയാറ്റൂരും മാധവിക്കുട്ടിയുമാണ് ചിത്രീകരിച്ചത്. ഉദാ:- മലയാറ്റൂരിന്റെ 'നീലക്കുറിഞ്ഞി പൂത്തപ്പോൾ', മാധവിക്കുട്ടിയുടെ 'സപ്താഹം'.

**6.1.18.** അടുത്ത ഘട്ടമായ ആധുനികതയുടെ കാലത്ത് വൃദ്ധർ പ്രധാനകഥാപാത്രമായിവരുന്ന നോവൽ കാക്കനാടന്റെ 'അടർന്നു വീണടിയുന്ന നക്ഷത്രങ്ങൾ' ആണ്. 'അരനാഴികനേര'ത്തിലെ കുഞ്ഞേനാച്ചന്റെ ആധുനികഘട്ടത്തിലെ തുടർച്ചയാണ് ഈ നോവലിലെ ശബരിമൂപ്പൻ. ആധുനികതയുടെ മുഖമുദ്രയായ സ്വത്വബോധം ഈ കഥാപാത്രം പ്രകടമാക്കുന്നു. കാക്കനാടന്റെ 'സാക്ഷി', മുകുന്ദന്റെ 'ദൈവത്തിന്റെ വികൃതികൾ' എന്നിവയിലെ വാർദ്ധക്യ ചിത്രീകരണം അപ്രധാനമാണ്.

**6.1.19.** വാർദ്ധക്യത്തെ പുതിയ രൂപത്തിലും ഭാവത്തിലും നോക്കിക്കാണുന്നവയും സ്വഭാവചിത്രീകരണം മാത്രം നടത്തുന്നവയുമായ കഥകൾ ഇക്കാലത്തുണ്ടാകുന്നുണ്ട്.

**6.1.20.** ഒറ്റപ്പെടുന്നവരുടെയും ഒറ്റപ്പെടുത്തപ്പെടുന്നവരുടെയും കഥകൾ വർദ്ധിച്ചുവരുന്നു. കൂടുതലും സ്ത്രീകളാണ് ഒറ്റപ്പെടുന്നവർ.

**6.1.21.** സ്ത്രീകഥാപാത്രങ്ങൾ പൊതുവെ ശക്തരാണ്. വൃദ്ധകൾ കേന്ദ്രസ്ഥാനത്തു വരുന്ന കഥകൾ വർദ്ധിച്ചിട്ടുണ്ട്. മറുനാടൻ മലയാളികളുടെ അമ്മമാർ കൂടുതലാവുന്നുണ്ട്. വിധവകളും കൂടിവരുന്നു. ഭർത്താവിനോടും അയാൾ ജീവിച്ചിരുന്ന മണ്ണിനോടും

ആദരവു പുലർത്തുന്നവരായാണ് പലരും പ്രത്യക്ഷപ്പെടുന്നത്.

**6.1.22.** കമ്പ്യൂട്ടർ, ഇന്റർനെറ്റ് ഇവയ്ക്കു പ്രാമുഖ്യം കൊടുക്കുന്ന ഉപഭോഗസംസ്കാരം വൃദ്ധരെ ബാധിച്ചവിധം സേതുവിന്റെ കഥകലിൽ കാണാം. ഇക്കാലത്തെ പൊതുപ്രവ ണതകളിൽ നിന്നുള്ള പ്രകടമായ വ്യത്യസ്തതയാണിത്. ഉദാ:- അടയാളവാക്യങ്ങൾ.

**6.1.23.** ചില കഥകളിൽ വൃദ്ധലോകത്തെ പരിഗണിക്കുന്ന യുവതലമുറയുടെ സാന്നിദ്ധ്യം ശ്രദ്ധേയമാണ്. വാർദ്ധക്യം അംഗീകരിക്കപ്പെടുന്നത് കൂടുതൽ കഥകളിലും കണ്ടെത്താൻ കഴിയും. ഉദാ:- സേതുവിന്റെ 'സമയം'.

**6.1.24.** മക്കളുടെ ജോലിത്തിരക്ക് വൃദ്ധർ തനിച്ചാവുന്നതിനു കാരണമായി കഥകൾ അടയാളപ്പെടുത്തുന്നുണ്ട്. കുടുംബത്തിലെ മറ്റംഗങ്ങൾക്ക് വൃദ്ധരെ ചികിത്സിക്കാൻ സമയവും സൗകര്യവുമില്ലാതാവുന്നു. അതോടെ വൃദ്ധരെ പരിചരിക്കാൻ പ്രതിഫലം നൽകി ആളെ നിർത്തുന്ന ഏർപ്പാടു വരുന്ന ഈ ഘട്ടത്തിലെ കഥകളിൽ ഹോംന ഴ്സിംഗ് കഥാവിഷയമാകുന്നു. ഉദാ:- സക്കറിയയുടെ 'ഒരു ദിവസത്തെ ജോലി'. മാധ വിക്കുട്ടിയുടെ കഥകളിലും ഹോംനഴ്സിംഗ് കഥാവിഷയമായി മുമ്പ് വന്നിട്ടുണ്ട്. ഉദാ:- മുത്തച്ഛനും പരിചാരികമാരും.

**6.1.**25. പരിഷ്കൃതമനുഷ്യന്റെ കപടസ്വഭാവം തുറന്നു കാട്ടാൻ വയസ്സായവരെ കഥക ളിൽ ഉപയോഗിച്ചിട്ടുണ്ട്. ഉദാ:- സക്കറിയയുടെ 'ഈ എഴുത്ത്',

**6.1.26.** വയസ്സാവുമ്പോൾ മക്കളുടെ സാമീപ്യമാണ് രക്ഷിതാക്കൾ ആഗ്രഹിക്കുക എന്ന വസ്തുത പല കഥകളിലും കാണാം. ഉദാ:- ഓണക്കൂറിന്റെ വീണ്ടും ശൈശവം, യാത്ര യുടെ സമയം.

**6.1.27.** വൃദ്ധയുടെ കൊലപാതകം ഇവിടെയും കഥാവസ്തുവാകുന്നുണ്ട്. അവിവാ ഹിതമാരായ വൃദ്ധകൾക്ക് ഒറ്റയ്ക്കു താമസിക്കാൻ പറ്റുന്ന അന്തരീക്ഷം കുറവായ ഒരു കാലത്തെ ഇത് രേഖപ്പെടുത്തുന്നു. ഉദാ:- പി. വത്സലയുടെ കാലാൾ, കാവലാൾ.

**6.1.28.** പെൻഷൻ പറ്റിയ വൃദ്ധന്മാരുടെ കഥകൾ കൂടിവരുന്നു. സ്ത്രീ പ്രാതിനിധ്യവും കടന്നുവരുന്നുണ്ട്. സ്ത്രീ–പുരുഷവ്യത്യാസമില്ലാതെ ഉദ്യോഗത്തെ സാമ്പത്തികമായി ആശ്രയിച്ചു കഴിയുന്ന സാമൂഹികാവസ്ഥയുടെ അടയാളമാണിത്.

**6.1.29.** വാശിക്കാരായവർ കൂടുന്നു. വൃദ്ധകളേക്കാൾ വാശി പ്രകടിപ്പിക്കുന്നത് വൃദ്ധന്മാരാണ്. തങ്ങളുടെ സ്ഥാനം ഓർമ്മിപ്പിക്കാനുള്ള ഒന്നായി ചില കഥകളിൽ വാശി പ്രകടമാകുന്നു. ഉദാ:– മുകുന്ദന്റെ 'ചായ'.

**6.1.30.** അമേരിക്ക, മദ്ധ്യകിഴക്കൻ രാഷ്ട്രങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് തൊഴിലന്വേഷിച്ചുപോയ ചെറുപ്പക്കാരുടെ എണ്ണം വർദ്ധിച്ച കാലമായിരുന്നു ഇത്. ഈയൊരവസ്ഥയെ പ്രതിഫലിപ്പിക്കുന്ന മട്ടിൽ പ്രവാസികളായ മക്കളുള്ള അച്ഛനമ്മമാർ വർദ്ധിക്കുന്നു.

**6.1.31.** ഭർത്താവു മരിച്ച ഭാര്യമാരും ഭാര്യ മരിച്ച ഭർത്താക്കന്മാരും ധാരാളമായി കഥാപാത്രങ്ങളായി വരുന്നു. മറ്റു കാലഘട്ടങ്ങളിൽ ഇത്തരം കഥകൾ അധികമില്ല.

**6.1.32.** ആധുനികതയ്ക്കു ശേഷമുള്ള കാലത്ത് വാർദ്ധക്യം കേന്ദ്രപ്രമേയമായി രണ്ടു നോവലുകൾ ലഭിച്ചിട്ടുണ്ട്. ആരോഗദൃഢഗാത്രനായ അമ്പത്തഞ്ചുവയസ്സുകാരനെയും പണത്തിന്റെ ബലത്തിൽ വൃദ്ധസദനത്തിലാക്കാൻ സാധിക്കുന്ന പുതിയ കാലത്തിന്റെ ചിത്രണമാണ് ഒന്നിലെങ്കിൽ, തലമുറതോറും കൈമറിഞ്ഞു പോകുന്ന ഭൂമിക്കും സ്വത്തിനും കാവൽക്കാരിയായ ഒരു വൃദ്ധയുടെ ചിത്രീകരണമാണ് അടുത്തതിൽ. നവോത്ഥാനകാലത്തിനു ശേഷം ഈ കാലത്താണ് സ്ത്രീയെഴുതിയ ഒരു വാർദ്ധക്യകേന്ദ്രീകൃതനോവൽ ലഭിക്കുന്നതെന്ന പ്രത്യേകതയും ഇവിടെയുണ്ട്. ഒറ്റപ്പെടുത്തപ്പെട്ട വൃദ്ധൻ 'വൃദ്ധസദന'ത്തിലുണ്ട്. സാമൂഹിക–സാംസ്കാരിക മാറ്റങ്ങൾ വൃദ്ധയെ ബാധിക്കുന്നത് 'മാറ്റാത്തി'യിലുണ്ട്. അരനാഴികനേരം, അടർന്നുവീണടിയുന്ന നക്ഷത്രങ്ങൾ, വൃദ്ധസദനം എന്നീ പുരുഷനോവലുകൾ പരിശോധിച്ചാൽ കുഞ്ഞേനാച്ചന്റെയോ ശബരിമൂപ്പ

ന്റെയോ സ്വത്വപ്രതിസന്ധി സിറിയക്ക് നേരിടുന്നില്ലെന്നു കാണാം. അത്രത്തോളം ആഴത്തിലുള്ള ജീവിതം അയാൾക്ക് ഉണ്ടായിട്ടില്ല. വ്യക്തിപരമായ ഒരു പ്രശ്നമാണ് സിറിയക്കിന്റേത്. കുഞ്ഞേനാച്ചൻ, ശബരിമൂപ്പൻ എന്നിവരെപ്പോലെ ദുരന്തകഥാപാത്രമായി ഉയരാൻ സിറിയക്കിനു കഴിയുന്നില്ല. ലളിതാംബിക അന്തർജ്ജനത്തിന്റെ 'അഗ്നിസാക്ഷി'യിലെ ദേവകീ മാനമ്പിള്ളിയെപ്പോലെ സാമൂഹിക ജീവിതമുള്ള സ്ത്രീയല്ല സാറാ ജോസഫിന്റെ 'മാറ്റാത്തി'യിലെ ബ്രിജിത്ത. തന്റേടവും സമ്പത്തുമുള്ള വൃദ്ധയാണവർ. വ്യക്തികേന്ദ്രീകൃതമായ കഥാപാത്രം. സാമൂഹികമാറ്റത്തിൽ ഇടപെടുന്ന മറ്റൊരു വൃദ്ധ ചെറുകാടിന്റെ 'മുത്തശ്ശി'യിലെ കഥാപാത്രമാണ്. വാർദ്ധക്യം വിശ്രമഘട്ടമല്ല, സ്വയം മാറാൻ സാധിക്കും എന്ന് മുത്തശ്ശി തെളിയിക്കുന്നു. "തല നരയ്ക്കുവതല്ലെന്റെ വൃദ്ധത്വം" എന്ന് സുബ്രഹ്മണ്യൻ തിരുമുമ്പ് പറഞ്ഞത് സാർത്ഥകമാണെന്നു മുത്തശ്ശി കാണിച്ചുതരുന്നു. ഇത്തരമൊരു ഊർജ്ജം നവോത്ഥാനപ്രസ്ഥാനങ്ങൾ വൃദ്ധരുടെ ജീവിതത്തിനു നൽകിയിട്ടുണ്ട്. അത് 'മാറ്റാത്തി'യിൽ കാണുന്നില്ല. ഉള്ളതെല്ലാം നഷ്ടമാക്കുന്ന ഉപഭോഗപ്രവണതയെയാണ് ബ്രിജിത്തയ്ക്ക് നേരിടേണ്ടി വരുന്നത്.

**6.1.33.** ആധുനികതയ്ക്കു ശേഷമുള്ള കഥകളിൽ വൃദ്ധന്മാരുടെയും വൃദ്ധകളുടെയും ഒറ്റപ്പെടൽ വളരെ വർദ്ധിച്ചതായി കാണുന്നു.

**6.1.34.** ഹോംനഴ്സിംഗ്, വൃദ്ധസദനം, ഫ്ളാറ്റ് സംസ്കാരം, അമർത്തിവച്ച പുരുഷലൈംഗികത ഗ്രാമത്തിലെ കുടുംബവേരുകളുമായി ബന്ധം വിച്ഛേദിക്കാനിഷ്ടപ്പെടുന്ന പുതുതലമുറ, ചെറുപ്പക്കാരുടെ സ്വാർത്ഥത വൃദ്ധരെ ബാധിക്കുന്നത് എന്നിവ ഈ ഘട്ടത്തിലും കഥകൾക്ക് വിഷയമായിട്ടുണ്ട്. വാർദ്ധക്യത്തിന്റെ ശാരീരിക അവശതകൾക്കു പുറമേ മറവിരോഗവും കടന്നുവന്നിട്ടുണ്ട്.

**6.1.35.** ഇരകളായി സ്ത്രീകൾ വരുന്ന കഥകൾ കാണുന്നില്ല. സമൂഹവുമായി ശക്തമായ ബന്ധം പുലർത്തുന്ന സ്ത്രീകഥാപാത്രങ്ങൾ കുറവാണ്. അവർ വീട്ടിൽത്തന്നെ

ഒതുങ്ങിക്കൂടുകയാണ്.

**6.1.36.** ദാരിദ്ര്യം വൃദ്ധരെ ബാധിക്കുന്നില്ല. മറ്റു വിഷയങ്ങൾ മേൽക്കൈ നേടുമ്പോൾ വൃദ്ധരുടെ ദാരിദ്ര്യം അപ്രസക്തമാകുന്നു.

**6.1.37.** പെൻഷനായവരുടെ പ്രശ്നം ഒരു കഥയിലൊതുങ്ങുന്നു. പെൻഷനാവുകയെന്നത് പ്രായപരമായോ ആരോഗ്യപരമായോ പണപരമായോ പ്രശ്നമല്ലാതാകുന്നു.

**6.1.38.** കഥാകാരികളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു. കേരളത്തിൽ മാനുഷി, പ്രചോദന എന്നീ സ്ത്രീവിമോചനപ്രസ്ഥാനങ്ങൾ ഉണ്ടായതോടെ പെണ്ണിന്റെ ലോകവീക്ഷണങ്ങൾ മാറുന്നുണ്ട്. അതോടെ സ്ത്രീ-പുരുഷവിവേചനത്തെ സംബന്ധിക്കുന്ന പുതിയ ബോധങ്ങൾ ഉണ്ടായി. അതിനുശേഷമുള്ള സാഹിത്യത്തിൽ ഈ പ്രവണതകൾ പ്രതിഫലിച്ചു. വൃദ്ധരുടെ ജീവിതാവിഷ്കാരത്തിലും സ്വാഭാവികമായി ഈ മാറ്റങ്ങൾ പ്രകടമായി. ഉദാഹരണമായി ആധുനികാനന്തരഘട്ടത്തിനു മുമ്പുള്ള ഘട്ടങ്ങളിലുള്ളതിനേക്കാൾ എഴുത്തുകാരികൾ ഉണ്ടായി. അവരുടെ വാർദ്ധക്യാവിഷ്കാരങ്ങളും ഈ മാറ്റം ഉൾക്കൊണ്ടതായി കാണാം.

**6.1.39.** വൃദ്ധദമ്പതികൾ കൂടിവരുന്നതായി ആധുനികോത്തരഘട്ടത്തിലെ കഥകൾ സാക്ഷ്യപ്പെടുത്തുന്നു. ആനുപാതികമായി വൃദ്ധർ വർദ്ധിച്ചുവരുന്ന കണക്കാണ് ഇതു കാണിച്ചുതരുന്നത്.

**6.1.40.** പ്രവാസികളായ മക്കളുള്ള മാതാപിതാക്കൾ കുറവായാണു കാണുന്നത്. പ്രവാസികൾ കുറഞ്ഞതുകൊണ്ടാവില്ല ഇങ്ങനെ സംഭവിക്കുന്നത്. അങ്ങനെയൊരു പ്രശ്നവുമായി സമൂഹം സമരസപ്പെട്ടതുകൊണ്ടാണ്. അഥവാ അങ്ങനെയൊരവസ്ഥ പ്രശ്നമല്ലാതാവുന്നു.

**6.1.41.** വാർദ്ധക്യത്തെ പ്രതിരോധിക്കുന്നവർ കൂടി വരുന്നു. പ്രായത്തെ വെല്ലുവാൻ തക്ക മനസ്സ്, സമൂഹം, ശാസ്ത്രപുരോഗതി എന്നിവ ഇതിനു കാരണമാണ്.

**6.1.42.** അച്ഛനമ്മമാർ തൊട്ടടുത്ത തലമുറയിലെ കുടുംബസങ്കല്പത്തിൽ നിന്നു പുറത്താവുന്ന ഒരവസ്ഥ ആധുനികോത്തരരുടെ കഥകളിൽ സവിശേഷമായി അടയാളപ്പെടുത്തിയിട്ടുണ്ട്. അച്ഛനും അമ്മയും കുട്ടികളും എന്നതാണ് കുടുംബത്തെ സംബന്ധിക്കുന്ന സങ്കല്പം. അപ്പോൾ അവരൊഴിച്ചുള്ളവരെല്ലാം പുറത്താവുന്നത് സ്വാഭാവികമാണ്.

ഈ പഠനത്തിൽ വാർദ്ധക്യത്തെ സങ്കൽപ്പനമായും യാഥാർത്ഥ്യമായും നോക്കിക്കാണുകയും സാഹിത്യത്തിൽ അത് ആവിഷ്കരിക്കപ്പെടുന്നതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കേരളസമൂഹം അഭിമുഖീകരിച്ച സാമൂഹികവും സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ ഇടപെടലുകൾ വൃദ്ധരുടെ ജീവിതത്തെ ബാധിച്ചിട്ടുണ്ട്. കുടുംബത്തിലും സമൂഹത്തിലും അവരുടെ ജീവിതത്തിനുവന്ന മാറ്റം നോവലുകളും കഥകളും സാക്ഷ്യപ്പെടുത്തുന്നു. ശരീരത്തിന്റെയും മനസ്സിന്റെയും മാറ്റത്തെ സൂചിപ്പിക്കുന്ന ഒന്നെന്ന രീതിയിൽത്തന്നെയാണ് വാർദ്ധക്യം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്.

വയസ്സായവർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ രചനകളിൽ പ്രതിബിംബിച്ചിട്ടുണ്ട്. ഭാഷയിലും സംസ്കാരത്തിലും പ്രത്യക്ഷപ്പെടുന്ന പാശ്ചാത്യാഭിനിവേശം വൃദ്ധകളെ മക്കളിൽനിന്നും പേരക്കുട്ടികളിൽനിന്നും വേർതിരിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്യുന്നതായി എഴുത്തുകാർ ആവിഷ്കരിച്ചിട്ടുണ്ട്. ആഖ്യാനരീതികളിൽ വ്യത്യാസമുണ്ടെങ്കിലും എല്ലാ കാലഘട്ടങ്ങളിലെ എഴുത്തുകാരും ഗൗരവത്തോടെ തന്നെയാണ് വാർദ്ധക്യത്തെ സമീപിച്ചിരിക്കുന്നത്.

## 6.2. നിരീക്ഷണങ്ങൾ:

സാഹിത്യരൂപങ്ങളായ നോവലിനെയും കഥയെയും മുഖ്യമായെടുത്ത് അവയിലെ വാർദ്ധക്യത്തെ കേന്ദ്രീകരിച്ചുനടത്തിയ ഈ പഠനത്തിൽ നിന്നു വ്യക്തമാകുന്നത്

തുടർപഠന സാദ്ധ്യതകളാണ്.

**6.2.1. തുടർപഠനങ്ങളുടെ സാദ്ധ്യത:**

**6.2.1.1.** മലയാളത്തിലെ നോവലുകൾ മാത്രമെടുത്ത് ഇത്തരത്തിലുള്ള അന്വേഷണം നടത്താവുന്നതാണ്. ഇതരഭാഷാകൃതികളുമായുള്ള താരതമ്യപഠനത്തിനും സാദ്ധ്യതയുണ്ട്.

**6.2.1.2.** ഓരോ പ്രസ്ഥാനവും ഓരോ സാദ്ധ്യതയാണ്. പ്രസ്ഥാനങ്ങളെ സവിശേഷമായെടുത്തും കൃതികളിലെ വാർദ്ധക്യത്തെ പഠനവിധേയമാക്കാവുന്നതാണ്.

**6.2.1.3.** മറ്റു സാഹിത്യരൂപങ്ങളിലെ (ഉദാ: കവിത, നാടകം, തിരക്കഥ) വാർദ്ധക്യാവിഷ്കാരം പഠനത്തിനുപയോഗിക്കാം.

**6.2.1.4.** സ്ത്രീകളുടെ വാർദ്ധക്യം, പുരുഷന്റെ വാർദ്ധക്യം എന്ന് വെവ്വേറെ നോക്കിക്കാണാനും സാധിക്കും. മാത്രമല്ല, എഴുത്തുകാരികളുടെ കൃതികളെ മാത്രമായും നിരീക്ഷണത്തിനു വിധേയമാക്കാവുന്നതാണ്.

**6.2.1.5.** ജാതി-മത-വർഗ്ഗപരിഗണനകൾ വച്ചുള്ള അന്വേഷണങ്ങൾക്ക് ഇപ്പോൾ പ്രസക്തി കൂടിവരുന്നതുകൊണ്ട് ആ രീതിയിലും പരീക്ഷിക്കാവുന്നതാണ്.

**6.2.1.6.** വാർദ്ധക്യത്തിന്റെ വിവിധതലങ്ങൾ പഠനത്തിന് പ്രത്യേകമായി ഉപയുക്തമാക്കാം.

**6.2.1.7.** സാഹിത്യത്തിലെ വാർദ്ധക്യം സംസ്കാരപഠനത്തിന്റെ പ്രധാന മേഖലയായി വികസിക്കാൻ സാദ്ധ്യതയുണ്ട്.

**6.2.1.8.** പല ഗണങ്ങളാക്കി തിരിച്ചുള്ള പഠനത്തിനും സാദ്ധ്യതയുണ്ട്. ഈ പ്രബന്ധത്തിൽ കാലഘട്ടവിഭജനമാണു നടത്തിയിരിക്കുന്നത്. കാലത്തിനു വന്ന മാറ്റം വൃദ്ധരുടെ ജീവിതത്തിൽ പ്രതിഫലിക്കുമ്പോൾ മറ്റു വിഭജനങ്ങൾക്കു സാദ്ധ്യതയുണ്ട്.

**6.2.1.9.** സാമൂഹികമേഖലകളെ കേന്ദ്രീകരിച്ച പഠനത്തിനും ധാരാളം സാദ്ധ്യതകളുള്ള ഒരു കാലമാണിത്.

## ഗ്രന്ഥസൂചി


അച്യുതൻ. എം. 2007. *ചെറുകഥ-ഇന്നലെ ഇന്ന്.* കോട്ടയം: ഡി.സി. ബുക്സ്.

............................ 1991. *പാശ്ചാത്യസാഹിത്യ ദർശനം.* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

............................ 1987. *വിമർശലോചനം.* കോഴിക്കോട്: മലയാളം പബ്ലിക്കേഷൻ.

............................ 2003. *സ്വാതന്ത്ര്യസമരവും മലയാളസാഹിത്യവും.* തൃശൂർ: കേരള സാഹിത്യ അക്കാദമി.

അഷിത. 2006. *അമ്മ എന്നോടു പറഞ്ഞ നുണകൾ.* തൃശൂർ: ഗ്രീൻ ബുക്സ്.

............................ 1998. *ഒരു സ്ത്രീയും പറയാത്തത്.* തിരുവനന്തപുരം: പ്രഭാത് ബുക്സ്.

ഉറൂബ്. 2011. *ഉറൂബിന്റെ കൃതികൾ.* വാ.2, രണ്ടാം പ. കോട്ടയം: ഡി.സി. ബുക്സ്.

............................ 1989. *നീലവെളിച്ചം*, മൂന്നാം പ.

കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്

............................ 1969. *രാച്ചിയമ്മ.*

കോട്ടയം: ലിറ്റിൽ പ്രിൻസ് പബ്ലിക്കേഷൻസ്.

............................ 2002. *നിലാവിന്റെ നാട്ടിൽ.*

കോട്ടയം: ഡി.സി. ബുക്സ്.

എരുമേലി പരമേശ്വരൻപിള്ള. 2003. *മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ.*

കോട്ടയം: കറന്റ് ബുക്സ്.

എം.ആർ.കെ.സി. 2005. *എം.ആർ.കെ.സി.യുടെ കഥകൾ.*

തൃശൂർ: കേരള സാഹിത്യ അക്കാദമി.

കാക്കനാടൻ. 1982. *അടർന്നു വീണടിയുന്ന നക്ഷത്രങ്ങൾ.*

കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

............................ 1979. *അശ്വത്ഥാമാവിന്റെ ചിരി.*

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ

സംഘം.

............................ 1996. *ബാൾട്ടിമോറിലെ അമ്മ.*

തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.

............................ 1963. *കച്ചവടം.*

ന്യൂഡൽഹി: വിന്ധ്യാ പബ്ലിക്കേഷൻസ്.

............................ 1966. *കണ്ണാടിവീട്.*

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ

സംഘം.

............................ 1984. *കാക്കനാടന്റെ കഥകൾ.*

കോട്ടയം: കറന്റ് ബുക്സ്.

............................ 2003. *കാലത്തിന്റെ കളി.*

കോഴിക്കോട്: മാതൃഭൂമി പ്രിന്റിംഗ് & പബ്ലി ഷിംഗ് കമ്പനി.

............................ 1970. *പുറത്തേയ്ക്കുള്ള വഴി.*

തൃശൂർ: കറന്റ് ബുക്സ്.

............................ 1989 *മഴയുടെ ജാലകങ്ങൾ.*

കോട്ടയം: ഡി.സി. ബുക്സ്.

............................ 1983. *സാക്ഷി.*

കോട്ടയം: കറന്റ് ബുക്സ്.

കുമാരൻ, യു.കെ. 2001. *അടയാളങ്ങൾ വന്നുകൊണ്ടിരിക്കുന്നു.*

കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്.

............................ 1996. *ഒറ്റയ്ക്ക് ഒരു സ്ത്രീ ഓടുന്നതിന്റെ രഹസ്യ മെന്ത്.*

കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

............................ 2010. *എന്റെ പ്രിയപ്പെട്ട കഥകൾ.*

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

............................ 2007. *തെരഞ്ഞെടുത്ത കഥകൾ.*

കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

............................ 1998. *മധുരശൈത്യം.*

കോഴിക്കോട്: ഒലീവ് പബ്ലിക്കേഷൻസ്.

............................ 1995. *മടുത്ത കളി.*

കോഴിക്കോട്: പി.കെ. ബ്രദേഴ്സ്.

............................ 2000. *റെയിൽപാളത്തിലിരുന്ന് ഒരു കുടുംബം ധ്യാനിക്കുന്നു.*

കോഴിക്കോട്: കലാവീക്ഷണം ബുക്സ്.

............................ 2004. വീട് സംസാരിക്കുന്നു.

കൊച്ചി: പ്രണത ബുക്സ്.

കൃഷ്ണൻ ഇളയത്. 2007. *വാർദ്ധക്യകാലം പ്രതിസന്ധികളും പ്രതിവിധികളും*

കോഴിക്കോട്: ഒലിവ് പബ്ലിക്കേഷൻസ്

കൃഷ്ണവാരിയർ പി.വി. 1985. *പ്രബന്ധങ്ങൾ.*

പി.വി. കൃഷ്ണവാരിയർ ഗ്രന്ഥാവലി-പ്രൊഫ. കെ. ഗോപാലകൃഷ്ണൻ (പ്രസാ.) ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

കൃഷ്ണപിള്ള. എൻ. 1992. *കൈരളിയുടെ കഥ.*

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

കേശവദേവ് പി. 2010. *കേശവദേവിന്റെ സമ്പൂർണ്ണ കഥകൾ, വാല്യം3.*

കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

............................ 1969. *തെരഞ്ഞെടുത്ത കഥകൾ,* ഭാഗം 2.

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.

കൊച്ചുതൊമ്മൻ

| | | |
|---|---|---|
| അപ്പോത്തിക്കരി. | 2013. | *പരിഷ്കാരപ്പാതി.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്. |
| കൊച്ചുബാവ ടി.വി. | 2006. | *വൃദ്ധപുരാണം.* കോട്ടയം: ഡി.സി. ബുക്സ്. |
| ............................ | 2006. | *വൃദ്ധസദനം.* കോട്ടയം: ഡി.സി. ബുക്സ്. |
| കോവിലൻ | 1991. | *തോറ്റങ്ങൾ.* തൃശൂർ: കറന്റ് ബുക്സ്. |
| ............................ | 2002 | *മലയാളത്തിന്റെ സുവർണ്ണകഥകൾ.* പി. സുരേന്ദ്രൻ. (സമാ.) തൃശൂർ: ഗ്രീൻ ബുക്സ്. |
| ............................ | 1969. | *വേണ്ടാംകടി.* തൃശൂർ: കറന്റ് ബുക്സ്. |
| കോവൂർ ഇ.എം.: | 1965. | *തെരഞ്ഞെടുത്ത കഥകൾ.* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം. |
| ............................ | 1971. | *തെരഞ്ഞെടുത്ത കഥകൾ, ഭാഗം 2.* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം. |
| ഖാദർ യു.എ. | 2012. | *യു.എ. ഖാദറിന്റെ തെരഞ്ഞെടുത്ത കഥകൾ,* വാ. 1. |

കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

............................ 2012. *യു.എ. ഖാദറിന്റെ തെരഞ്ഞെടുത്ത കഥകൾ,* വാ. 2.
കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

ഗീത. 2006. *ആര്യമാകിലുമനാര്യമാകിലും.*
തിരുവനന്തപുരം: പ്രഭാതം പ്രിന്റിംഗ് & പബ്ലിഷിംഗ്.

ഗീതാ ഹിരണ്യൻ. 2002. *അസംഘടിത.*
തൃശൂർ: കറന്റ് ബുക്സ്.

ഗോപാലകൃഷ്ണൻ പി.കെ. 2000. *കേരളത്തിന്റെ സാംസ്കാരികചരിത്രം.* ആറാം പ.
തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ചന്തുമേനോൻ ഒ. 1988. *ഇന്ദുലേഖ.*
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

ചന്ദ്രമതി. 1999. *സ്വയം: സ്വന്തം.*
തിരുവനന്തപുരം: പ്രഭാതം പ്രിന്റിംഗ് & പബ്ലിഷിംഗ്.

............................ 2000. *ദൈവം സ്വർഗ്ഗത്തിൽ.*
കോട്ടയം: ഡി.സി. ബുക്സ്.

............................ 2002. *തട്ടാരക്കുടിയിലെ വിഗ്രഹങ്ങൾ.*
കൊല്ലം: സങ്കീർത്തനം പബ്ലിക്കേഷൻസ്.

............................ 2006. *അന്നയുടെ അത്താഴവിരുന്ന്.*

കോട്ടയം: ഡി.സി. ബുക്സ്.

ചെല്ലപ്പൻനായർ എൻ.പി. 1970. *തെരഞ്ഞെടുത്ത കഥകൾ.*
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

ചെറുകാട്. 1996. *ചെറുകാടിന്റെ ചെറുകഥകൾ.* രണ്ടാം പ.
തൃശൂർ: കറന്റ് ബുക്സ്.

............................ 1998. മുത്തശ്ശി.
തൃശൂർ: കേരള സാഹിത്യ അക്കാദമി

ജോർജ്ജ് ഓണക്കൂർ. 2010. *കഥകൾ ഓണക്കൂർ.*
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

ജോർജ്ജ് കെ.എം. 1994. *ഭാരതീയ സാഹിത്യ സമീക്ഷ.*
തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

തകഴി ശിവശങ്കരപ്പിള്ള. 2007. *ആത്മകഥ.*
തൃശൂർ: ഗ്രീൻ ബുക്സ്.

............................ 2004. ഇരുപത്തൊന്നാം നൂറ്റാണ്ട്.
തൃശൂർ: കേരള സാഹിത്യ അക്കാദമി.

............................ 1990. *ഒരു എരിഞ്ഞടങ്ങൽ.*
കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം.

............................ 2007. *കോടിപ്പോയ മുഖങ്ങൾ.*
കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

............................ 1993. *ജീവിതത്തിന്റെ ഒരേട്.* കോട്ടയം: ഡി.സി. ബുക്സ്.

............................ 1965. *തെരഞ്ഞെടുത്ത കഥകൾ.* കോട്ടയം: സാഹിത്യ പ്രവർത്തക സംഘം.

തരകൻ കെ.എം. 2000. *പാശ്ചാത്യ സാഹിത്യതത്ത്വശാസ്ത്രം.* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

............................ 2005. മലയാള നോവൽ സാഹിത്യ ചരിത്രം. മൂന്നാം പ. തൃശൂർ: കേരള സാഹിത്യ അക്കാദമി.

പ്രൊഫ. അമ്പലപ്പുഴ രാമവർമ്മ. 1993. *സി.വി. സാഹിത്യത്തിലെ രസവിചാരം ഭയാനകം രൌദ്രം.* കോട്ടയം: കറന്റ് ബുക്സ്.

തോമസ് തുമ്പമൺ. 1983. മലയാള നോവലിന്റെ വേരുകൾ. കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

ദീപക് ചോപ്ര. 2006. *വാർദ്ധക്യമേശാത്ത ശരീരം കാലാതീതമായ മനസ്സ്,* എം.പി. സദാശിവൻ (വിവ.). കോട്ടയം: ഡി.സി. ബുക്സ്.

നടരാജൻ, നവരംഗം. 1998. *കാരൂർ–കഥയുടെ രാജശില്പി.* തൃശൂർ: കേരള സാഹിത്യ അക്കാദമി.

| | | |
|---|---|---|
| നമ്പൂതിരി എ.പി.പി. | 1984. | *ദളദർശനം.* |
| | | കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്. |
| നാഗവള്ളി, ആർ.എസ്. കുറുപ്പ് | 2001. | *കഥ–നാഗവള്ളി.* |
| | | കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം. |
| ............................ | 1966. | *തെരഞ്ഞെടുത്ത കഥകൾ, നാഗവള്ളി.* |
| | | കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം. |
| ............................ | 1956 | *പാടത്തിന്റെ വിളി.* |
| | | കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം. |
| ............................ | 1956. | *മനുഷ്യാ നീ മറക്കരുത്.* |
| | | കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം. |
| നാരായണപിള്ള എം.പി. | 1998. | *എം.പി. നാരായണപിള്ളയുടെ കഥകൾ.* |
| | | കോട്ടയം: ഡി.സി. ബുക്സ്. |
| നീലകണ്ഠപ്പിള്ള, കാരൂർ | 2008. | *കാരൂർക്കഥകൾ സമ്പൂർണ്ണം വാല്യം 1.* |
| | | തൃശൂർ: എച്ച്. & സി. പബ്ലിഷിംഗ് ഹൗസ്. |
| ............................ | 2008. | *കാരൂർക്കഥകൾ സമ്പൂർണ്ണം വാല്യം 2.* |
| | | തൃശൂർ: എച്ച് & സി. പബ്ലിഷിംഗ് ഹൗസ്. |
| ............................ | 2009. | *'മരപ്പാവക'ളും മറ്റ് പ്രധാന കഥകളും, ആറാം പതിപ്പ്. ഡോ. കെ.എസ്. രവികുമാർ (എഡി.)* |

കോട്ടയം: ഡി.സി. ബുക്സ്.

പത്മനാഭൻ ടി. 2011. *ടി. പത്മനാഭന്റെ കഥകൾ സമ്പൂർണ്ണം.*
കോട്ടയം: ഡി.സി. ബുക്സ്.

പാറപ്പുറത്ത്. 2012. *അരനാഴികനേരം.*
കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

............................ 2009. *വഴിയമ്പലം.*
തൃശൂർ: കറന്റ് ബുക്സ്.

പെരുമ്പടവം ശ്രീധരൻ. 2009. *പെരുമ്പടവത്തിന്റെ പ്രിയ കഥകൾ.*
കൊല്ലം: സങ്കീർത്തനം പബ്ലിക്കേഷൻസ്.

പൊറ്റെക്കാട്ട് എസ്.കെ. 2009. *'ഒട്ടക'വും മറ്റ് പ്രധാന കഥകളും. ആറാം പ. ഡോ. കെ.എസ്. രവികുമാർ.*
കോട്ടയം: ഡി.സി. ബുക്സ്.

............................ 2011 *പൊറ്റെക്കാട്ടിന്റെ കഥകൾ.*
കോട്ടയം: ഡി.സി. ബുക്സ്.

............................ 2013. *എസ്.കെ. പൊറ്റെക്കാട്ടിന്റെ കഥകൾ. സമ്പൂർണ്ണം. വാല്യം 1. ഡോ. കെ.എസ്. രവികുമാർ.*
കോട്ടയം: ഡി.സി. ബുക്സ്.

പോക്കർ പി.കെ. 2004. *ആധുനികോത്തരതയുടെ കേരളീയപരിസരം.*
കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്.

ബഞ്ചമിൻ ഡി. 2013. *നോവൽസാഹിത്യ പഠനങ്ങൾ.*
കോട്ടയം: കറന്റ് ബുക്സ്.

ബഷീർ എം.എം. 2002. *മലയാള ചെറുകഥാസാഹിത്യ ചരിത്രം.* തൃശൂർ: കേരള സാഹിത്യ അക്കാദമി.

............................ 2008. *മലയാള ചെറുകഥാസാഹിത്യ ചരിത്രം.* 1950–2007. തൃശൂർ: കേരള സാഹിത്യ അക്കാദമി.

ബാബു പോൾ ഡി. 2001. *ബൈബിൾ നിഘണ്ടു. രണ്ടാം പ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ബാലകൃഷ്ണൻ സി.വി. 1997. *ഭവഭയം.* കോട്ടയം: ഡി.സി. ബുക്സ്.

............................ 1993. *ഭൂമിയെപ്പറ്റി അധികം പറയേണ്ട.* കോഴിക്കോട്: മൾബെറി പബ്ലിക്കേഷൻസ്.

............................ 1987. *മറുകര.* കോഴിക്കോട്: മൾബെറി ബുക്സ്.

............................ 1999. *മാമൂൽ.* തിരുവനന്തപുരം: പ്രഭാതം പ്രിന്റിംഗ് & പബ്ലിഷിംഗ്.

............................ 1991. *സ്നേഹവിരുന്ന്.* തൃശൂർ: കറന്റ് ബുക്സ്.

ബാലകൃഷ്ണൻ പി.കെ. 2008. *ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും.* കോട്ടയം: ഡി.സി. ബുക്സ്.

ഭർത്തൃഹരി. 2006. *വൈരാഗ്യശതകം. തയ്യപ്പറമ്പിൽ ഗോപാലൻകുട്ടി മേനോൻ (വിവ.).*

കൊച്ചി: കുരുക്ഷേത്ര പ്രകാശന്.

| | | |
|---|---|---|
| ഭാസ്കരൻ നായർ കെ. | 1984. | *ദൈവനീതിക്കു ദാക്ഷിണ്യമില്ല.* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം. |
| മലയാറ്റൂർ രാമകൃഷ്ണൻ. | 2003. | *അഞ്ചു സെന്റ്.* തിരുവനന്തപുരം: പ്രഭാതം പ്രിന്റിംഗ് & പബ്ലിഷിംഗ്. |
| ............................ | 1999. | *അതിരിൽ പൂത്തുനിന്ന മരങ്ങൾ.* കോട്ടയം: ഡി.സി. ബുക്സ്. |
| ............................ | 2004. | *കാളിയമർദ്ദനം.* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്. |
| ............................ | 1976. | *തെരഞ്ഞെടുത്ത കഥകൾ.* തിരുവനന്തപുരം: പ്രഭാതം പ്രിന്റിംഗ് & പബ്ലിഷിംഗ്. |
| ............................ | 1999. | *നീലക്കുറിഞ്ഞി പൂത്തപ്പോൾ.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്. |
| ............................ | 1957. | *പാമ്പ്.* തൃശ്ശിവപേരൂർ: മംഗളോദയം. |
| ............................ | 1985. | *വേരുകൾക്ക് ഒരനുബന്ധം.* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം. |
| ............................ | 2011. | *ശിരസ്സിൽ വരച്ചത്.* |

കോട്ടയം: ഡി.സി. ബുക്സ്.

മലയാള പഠനസംഘം. 2011. *സംസ്കാരപഠനം: ചരിത്രം സിദ്ധാന്തം പ്രയോഗം.*
ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

മാത്യു എം. കുഴിവേലി. 1956. *പ്രാചീന കേരള വിദ്യാഭ്യാസം.*
തിരുവനന്തപുരം: ബാലൻ പബ്ലിക്കേഷൻസ്.

മാധവിക്കുട്ടി. 2012. *മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം. വാല്യം 1*
കോട്ടയം: ഡി.സി. ബുക്സ്.

മീര കെ.ആർ. 2006. *ഓർമ്മയുടെ ഞരമ്പ്.*
തൃശൂർ കറന്റ് ബുക്സ്.

മുണ്ടൂർ സേതുമാധവൻ. 2009. *ഏകാദശി നോൽക്കുന്ന ഈ നാട്.*
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

............................ 1998. *കേട്ടുവോ ആ നിലവിളി.*
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

മുരളീധരൻ മുല്ലമറ്റം. 2003. *വയസ്സല്ല വാർദ്ധക്യം.*
കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

മുകുന്ദൻ എം. 1997. *കണ്ണാടിയുടെ കാഴ്ച.*
കോട്ടയം: ഡി.സി. ബുക്സ്.

............................ 1999. *കൈക്കുമ്പിളിലെ വെള്ളം.*

കോട്ടയം: ഡി.സി. ബുക്സ്.

............................ 1985. *തട്ടാത്തിപ്പെണ്ണിന്റെ കല്യാണം.*

കോട്ടയം: ഡി.സി. ബുക്സ്.

............................ 2004. *പാവാടയും ബിക്കിനിയും*

കോട്ടയം: ഡി.സി. ബുക്സ്

............................ 1982. *മുകുന്ദന്റെ കഥകൾ.*

കോട്ടയം: ഡി.സി. ബുക്സ്

മുഹമ്മദ് എൻ.പി. 2002. *എൻ.പി. മുഹമ്മദിന്റെ കഥകൾ.*

കോട്ടയം: ഡി.സി. ബുക്സ്.

മോഹനൻ എൻ. 1998. *നിഷധരാജ്യത്തിലെ രാജാവ്.*

ആലുവ: പെൻ ബുക്സ്.

............................ 1998. *നുണയുടെ ക്ഷണികതകൾ തേടി.*

കൊല്ലം: ഇംപ്രിന്റ് ബുക്സ്.

............................ 1991. *ശേഷപത്രം.*

തൃശൂർ: കറന്റ് ബുക്സ്.

മോഹനവർമ്മ കെ.എൽ. 1980. *അപ്പോയിന്റ്മെന്റില്ലാത്ത അതിഥി.*

കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ.

............................ 1992. *റോസ്മേരി.*

കോട്ടയം: ഡി.സി. ബുക്സ്.

രവികുമാർ കെ.എസ്. 1983. *ആദ്യകാലകഥകൾ, മൂന്നാം പ., സമാ.*

കറന്റ് ബുക്സ്.

............................ 2008. *കഥയുടെ കഥ.*

തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.

............................ 2002. *കഥയും ഭാവുകത്വപരിണാമവും.*
കോട്ടയം: കറന്റ് ബുക്സ്.

രവിവർമ്മ കെ.ടി. 2004. *മരുമക്കത്തായം ലക്ഷദ്വീപും തെക്കൻ സമ്പ്രദായങ്ങളും.*
തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

രവീന്ദ്രൻ പി.പി. 2006. *വീണ്ടെടുപ്പുകൾ: സാഹിത്യം, സംസ്കാരം,*
കോട്ടയം: ഡി.സി. ബുക്സ്.

രാജശേഖരൻ പി.കെ. 2010. *അന്ധനായ ദൈവം, നാലാം പ.*
കോട്ടയം: ഡി.സി. ബുക്സ്.

രാധാകൃഷ്ണൻ സി. 1988. *ഉണരും വരെ.*
കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ.

............................ 1986. *കുടിയൊഴിയൽ.*
കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ.

രാമൻനമ്പൂതിരി കെ.ആർ. 2008. *ചികിത്സാകൗതുകം.*
കുന്നംകുളം: പഞ്ചാംഗം പുസ്തകശാല.

............................ 2012. *ആഗോളത ചികിത്സ പുരാണേതിഹാസങ്ങളിൽ.*
കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

രാമൻപിള്ള സി.വി. 1990. *രാമരാജാബഹദൂർ.*
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

ലളിതാംബിക് അന്തർജ്ജനം. 2002. *അഗ്നിസാക്ഷി, പതിനാറാം പതിപ്പ്.*
തൃശൂർ: കറന്റ് ബുക്സ്.

............................ 2009. *ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകൾ സമ്പൂർണ്ണം.*
കോട്ടയം: ഡി.സി. ബുക്സ്.

ലാൽ എസ്.ആർ. 2007. *നര, എഡി.*
തിരുവനന്തപുരം: അടയാളം പബ്ലിക്കേഷൻസ്.

ലീലാവതി എം. 2008. *സ്ത്രീ സ്വത്വാവിഷ്കാരം ആധുനിക മലയാള സാഹിത്യത്തിൽ.*
തൃശൂർ: കേരള സാഹിത്യ അക്കാദമി.

വത്സല പി. 2011. *പി. വത്സലയുടെ കഥകൾ സമ്പൂർണ്ണം.*
കോട്ടയം: ഡി.സി. ബുക്സ്.

വർക്കി പൊൻകുന്നം. 2011. *പൊൻകുന്നം വർക്കിയുടെ കഥകൾ.*
കോട്ടയം: ഡി.സി. ബുക്സ്.

വാസുദേവൻനായർ എം.ടി. 1996. *എം.ടി.യുടെ തെരഞ്ഞെടുത്ത കഥകൾ.*
തൃശൂർ: കറന്റ് ബുക്സ്.

............................ 1998. *ഷെർലക്ക്.*
തൃശൂർ: കറന്റ് ബുക്സ്.

വിജയൻ ഒ.വി. 2007. *അരക്ഷിതാവസ്ഥ.*
കോട്ടയം: ഡി.സി. ബുക്സ്.

............................ 1992. *ഒ.വി. വിജയന്റെ കഥകൾ.*
കോട്ടയം: ഡി.സി. ബുക്സ്.

............................ 1985. *കടൽത്തീരത്ത്.*

കോട്ടയം: ഡി.സി. ബുക്സ്.

............................ 1990. *കാറ്റ് പറഞ്ഞ കഥ.*

കോട്ടയം: ഡി.സി. ബുക്സ്.

വിജയൻ കോടഞ്ചേരി 2006. *മലയാളത്തിലെ ആദ്യകാലകഥകൾ, പ്രസാ.*

കോഴിക്കോട്: ദ്രോണാചാര്യ പബ്ലിക്കേഷൻസ്.

വിജയൻ എം.എൻ. 2008. *കഥയുടെ നൂറ്റാണ്ട്, വാല്യം ഒന്ന്.* ജന. എഡി.

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

............................ 2000. *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം, 1902 –2000.* ജന. എഡി.

തൃശൂർ: കേരള സാഹിത്യ അക്കാദമി.

വിവേകാനന്ദൻ ജി. 1982. *കണ്ടെത്തിയ നിമിഷം.*

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

വെട്ടൂർ രാമൻനായർ 1982. *തെരഞ്ഞെടുത്ത കഥകൾ, ഭാഗം 2.*

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

............................ 1966. *വെട്ടൂരിന്റെ തെരഞ്ഞെടുത്ത കഥകൾ.*

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

............................ 1999. *സായാഹ്നം.*

പാലാ: സഹൃദയ ബുക്സ് പ്രിന്റിംഗ് & പബ്ലി
ഷിംഗ്.

വേണുഗോപാലൻ പി. 1997. *തകഴി വഴി, സമ്പാ.*
തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

വൈശാഖൻ 1991. *അപ്പീൽ അന്യായഭാഗം.*
കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

............................ 2005. *നൂൽപ്പാലം കടക്കുന്നവർ.*
തൃശൂർ: കറന്റ് ബുക്സ്.

............................ 1998. *യമകം.*
തൃശൂർ: കറന്റ് ബുക്സ്.

............................ 2009. *സൈലൻസർ.*
കോട്ടയം: ഡി.സി. ബുക്സ്.

ശിവരാമൻ ചെറിയനാട് 1995. *പാറപ്പുറത്ത്-ഓണാട്ടുകരയുടെ കഥാകാരൻ.*
തൃശൂർ: കേരള സാഹിത്യ അക്കാദമി.

............................ 2011. *മലയാറ്റൂർ രാമകൃഷ്ണൻ.*
തൃശൂർ: കേരള സാഹിത്യ അക്കാദമി.

ശാന്തകുമാർ എസ്. 2006. *മനസ്സും വയസ്സും.*
കോഴിക്കോട്: മാതൃഭൂമി ബുക്സ്.

............................ 2007. *യൗവ്വനമാണെനിക്കെന്നുമീ ജീവിതം.*
കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

ശ്രീകുമാർ ഏ.വി. (എഡി.) 1997. *വി.ടി. വെള്ളിത്തിരുത്തിത്താഴത്ത് രാമൻ ഭട്ട
തിരിപ്പാട്.*

| | | |
|---|---|---|
| | | മേഴത്തൂർ: വി.ടി. സെന്റിനറി സെലിബ്രേഷൻ കമ്മിറ്റി. |
| ശ്രീകുമാരി എസ്. | 2007. | *മലയാള ഭാഷയുടെ നവോത്ഥാനവും സാഹിത്യ സംഘടനകളും.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്. |
| ശ്രീരാമൻ സി.വി. | 1997. | *ശ്രീരാമന്റെ കഥകൾ.* തൃശൂർ: കറന്റ് ബുക്സ്. |
| ............................ | 2001. | *പാമ്പൻപാലത്തിനും മുമ്പ്.* തൃശൂർ: കറന്റ് ബുക്സ്. |
| ............................ | 2011. | *മലയാളത്തിന്റെ സുവർണ്ണകഥകൾ.* തൃശൂർ: ഗ്രീൻ ബുക്സ്. |
| ഷാജി ജേക്കബ് | 2014. | *സാംസ്കാരിക വിമർശവും മലയാളഭാവനയും.* സമ്പാ. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. |
| സക്കറിയ | 2002 | *സക്കറിയയുടെ കഥകൾ.* കോട്ടയം: ഡി.സി. ബുക്സ്. |
| ............................ | 2003. | *പ്രതികഥകൾ.* കോട്ടയം: ഡി.സി. ബുക്സ്. |
| ? *ബൈബിൾ* | | *സത്യവേദപുസ്തകം.* ബാംഗ്ലൂർ: ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ. |
| സാം എൻ. | 2014. | *സമകാലമലയാള സാഹിത്യം.* എഡി. |

കോട്ടയം: ഡി.സി. ബുക്സ്.

സാറാ തോമസ് 1986. *സാറാ തോമസിന്റെ കഥകൾ.*
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

സാറാ ജോസഫ് 2008. *മാറ്റാത്തി.*
തൃശൂർ: കറന്റ് ബുക്സ്.

............................ 2010. *സാറാ ജോസഫിന്റെ സമ്പൂർണ്ണ കഥകൾ, 1968-2008.*
തൃശൂർ: കറന്റ് ബുക്സ്.

സിഗ്മണ്ട് ഫ്രോയിഡ് 2003. *ലൈംഗിക മന:ശാസ്ത്രം. ജി. ജയൻ (പരി.)*
ന്യൂഡൽഹി: ഇന്ത്യൻ എതീസ്റ്റ് പബ്ലിഷേഴ്സ്.

............................ 2002. *സ്വപ്നങ്ങളുടെ അപഗ്രഥനം. ജി. ജയൻ (പരി.)*
ന്യൂഡൽഹി: ഇന്ത്യൻ എതീസ്റ്റ് പബ്ലിഷേഴ്സ്.

സുകുമാരൻ എം. 2012. *എം. സുകുമാരന്റെ കഥകൾ സമ്പൂർണ്ണം. രണ്ടാം പ.*
കോട്ടയം: കറന്റ് ബുക്സ്.

സുഗതൻ ചിറക്കര. 2011. *വൃദ്ധരുടെ പ്രായോഗിക മന:ശാസ്ത്രവും വയോജന സംരക്ഷണ നിയമവും.*
കൊച്ചി: കുരുക്ഷേത്ര പ്രകാശൻ.

സുധീഷ് വി.ആർ. 2006. *ഒറ്റക്കഥാപഠനങ്ങൾ.*
കോട്ടയം: ഡി.സി. ബുക്സ്.

സുരേന്ദ്രൻ കെ. 2001. *മായ.*

കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

സെബിൻ എസ്. കൊട്ടാരം,

ജോബിൻ എസ്. കൊട്ടാരം. 2011. *വാർദ്ധക്യജീവിതം സന്തോഷകരമാക്കാം.*

കോട്ടയം: ഡോൾഫിൻ ബുക്സ്.

സേതു. 2010. *ആദ്യാക്ഷരങ്ങൾ.*

കോട്ടയം: ഡി.സി. ബുക്സ്.

............................ 1988. *ഏതോ ഒരു വഴിപോക്കൻ.*

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

............................ 1997. *തിങ്കളാഴ്ചകളിലെ ആകാശം.*

കോട്ടയം: ഡി.സി. ബുക്സ്.

............................ 2002. *മറ്റൊരു ഡോട്ട്കോം സന്ധ്യയിൽ.*

തൃശൂർ: കറന്റ് ബുക്സ്.

............................ 1998. *മൂന്നാം ലോകത്തെ പക്ഷികൾ.*

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

............................ 1992. *യാത്രയ്ക്കിടയിൽ.*

തൃശൂർ: ഓഗസ്റ്റ് ബുക്സ്.


**ആനുകാലികങ്ങൾ**


ഈശ്വരപ്പിള്ള ആർ. 'വൃദ്ധന്മാർ (ചില ചിന്തകൾ)', *ലക്ഷ്മീഭായി*, 24, 4, 1103 (കൊ.വ.), പു. 122–27.

കുഞ്ഞിരാമമേനോൻ,

ചെങ്കുളളത്ത് 'മലയാളത്തിലെ ജന്മികൾ', *ലക്ഷ്മീവിലാസം*, 2, 7, 1082 (കൊ.വ.). പു. 238.

കുമാരൻ യു.കെ. 'പ്രിയപ്പെട്ട അരവിയേട്ടൻ', ഭാഷാപോഷിണി, 24, 3 (ഓഗസ്റ്റ് 2000), പു. 48-51.

നാരായണ ഭട്ടതിരി 'ആശ്രമധർമ്മങ്ങൾ', *ലക്ഷ്മീഭായി*, 25, 5, 1105 (കൊ.വ.), പു. 165.

നളിനി സുരേഷ്, ഡോ. 'വരട്ടെ വാർദ്ധക്യം', *മാതൃഭൂമി ആരോഗ്യമാസിക*, 12, 8 (ഒക്ടോബർ 2008), പു. 13.

ഭാരതിയമ്മ തോട്ടയ്ക്കാട്ടു. 'കുടുംബസമാജങ്ങളുടെ ആവശ്യകത', *ലക്ഷ്മീഭായി*, 26, 5, 1106 (കൊ.വ.) പു. 192.

രാജകൃഷ്ണൻ വി. 'പറവകൾ ഒഴിഞ്ഞുപോയ മരച്ചില്ലകൾ', മാതൃഭൂമി ആഴ്ചപ്പതിപ്പ്, 90, 8 (മെയ് 2012), പു. 8-18.

ശ്രീരാമൻ സി.വി. 'അനായാസേന മരണം', മാതൃഭൂമി ആഴ്ചപ്പതിപ്പ്, 53, 19, (ജൂലായ് 1975), പു. 31-37

സേതു. 'സമയം', മാതൃഭൂമി ഓണപ്പതിപ്പ്, 67, 27 (സെപ്തംബർ 1989), പു. 10-16, 71.

Cristina R. Victor 'Ageing, Health and Car', *UK: The Policy Press*, 2010.

Aravind K. Joshi. 'Older Persons in India.' New Delhi: *Serials Publications*, 2006.

Kamath A.R. Introduction. 'Education and Social Change in India.' Pune: *Somayya Publications*, 1985.

Krishnendu Sanwal. Preface. Fundamentals of Gerontology. New Delhi: *Akansha Publishing House*, 2008.

Nancy R. Hooyman, H.

Asuman Kiyak. 'Social Gerontology A Multidisciplinary Perspective.' Boston: Allyn & Bacon, 2011.

Rajkumar Pruthi.

Rameshwari Devi. 'Indian Society. Jaipur: *Mangal Deep Publications*, 2004.

Devendra Sengar. 'Senior Health.' Delhi: *Avishkar Prakashan*, 2007.

Giridhar G., etc. 'Population Aging in India. Delhi: *Cambridge University Press*, 2014.

Ganapathi Rao. G. 'Challenging of Geriatrics', *Keralal Calling* (August 2004), p. 14.

**പത്രം**

മാതൃഭൂമി (പാലക്കാട്), ഒക്ടോബർ 1, 2007,

മാതൃഭൂമി വാരാന്തപ്പതിപ്പ് (പാലക്കാട്), ഏപ്രിൽ 5, 2009, പു. 3.

മാതൃഭൂമി (പാലക്കാട്), ജൂലൈ 21, 2009

മാതൃഭൂമി, മേയ് 27, 2009

മാതൃഭൂമി ആരോഗ്യമാസിക വാർഷികപ്പതിപ്പ്, 12, 3, (മേയ് 2008), പു. 70.

മാതൃഭൂമി (തൃശൂർ), ഒക്ടോബർ 1, 2007.

മാതൃഭൂമി, സെപ്തംബർ29, 2009.

മാതൃഭൂമി, ഒക്ടോബർ 4, 2015.

## സൈറ്റുകൾ (ഇന്റർനെറ്റ്)


- മുതിർന്ന പൗരന്മാർ, http://www.swd.kerala.gov.in. 04/08/2015, 22:39.
- Anne Julia Zwierlein, Katharina Boehm, Anna Farks, Interdisciplinary Perspectives On Aging in Nineteenth-Century Culture. http://www.amazon.ca. 08/20/2015, 08.00 pm.
- Corinna Thomen. Old Women in Canadian Literature. Margaret Laurence's "The Stone Angel", Joan Barfoot's "Duet for Three" and Suzette Mayr's The Widows" Grin Verlag GMBH, 2005, http://www.amazon.com. 08/20/2015, 10:24 pm.
- Karen Chase. The Victorans and Old Age. https://global.oup.com., 07/14/2015, 08:07 pm.
- Thoma M. Faikner, Judith De Luce. Old Age in Greek and Latin Literatur. http://www.amazon.com, 07/14/2015, 08:42 pm.
- Simply Psychology, C: Users/user/Pictures Freud's Theories, 10/24/2015, 08:05 pm.
- Theories of Aging, http://www.angelfire.com, 10/24/2015, 7:53 pm.
- Vayoshreshtha Samman-A Scheme of National Award for Senior Citizens, www.swd.kerala.gov.in., 09/07/2015, 06:54 pm.